ആദർശ ഹിന്ദു ഹോട്ടൽ

ൽ

ആദാൻപ്രദാൻ

ആദർശ ഹിന്ദു ഹോട്ടൽ

ബിഭൂതിഭൂഷൺ ബന്ദ്യോപാധ്യായ

വിവർത്തനം

രവി വർമ്മ



നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-2734-0

1999 *(ശക 1921)* രണ്ടാം മുദ്രണം

1989 ഒന്നാം മുദ്രണം

രൂ. 60.00

Original Bangla Title : Aadarsh Hindu Hotel

Malayalam Title : Aadarsha Hindu Hotel

പ്രസാധനം-ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

എ-5, ഗ്രീൻപാർക്ക്, ന്യൂ ഡൽഹി-110 016

അവതാരിക

വളരെയധികം പ്രചാരമുള്ളതും അമേരിക്കയിൽ 1971-ൽ പ്രസിദ്ധപ്പെടുത്തിയതുമായ റഫറൻസ് ആനുവലിൽ സത്യജിത്റായ് സംവിധാനം ചെയ്ത 'അപു ട്രിലോജി'യിലെ സിനിമകളെ ലോകത്തിലെ ഏറ്റവും നല്ല ചലച്ചിത്രങ്ങളിൽ പെടുന്നവയായി എടുത്തു പറഞ്ഞിട്ടുണ്ട്. പക്ഷേ പ്രസ്തുത പ്രസിദ്ധീകരണം വിശ്വസാഹിത്യത്തിലെ പ്രശസ്ത വ്യക്തികളുടെ വിഭാഗത്തിൽ ബിഭൂതിഭൂഷൺ ബന്ദ്യോപാധ്യായയുടെ പേർ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും ഇന്ത്യയിലെ പ്രമുഖനായ ഒരു സംവിധായകൻ ബിഭൂതിഭൂഷണിന്റെ കഥകളെ അവലംബിച്ചു നിർമ്മിച്ച ചലച്ചിത്രങ്ങൾവഴി അദ്ദേഹത്തിന്റെ പേർ താൻ പിറന്ന ബംഗാളിനു വെളിയിലും പ്രസിദ്ധമായതിൽ അത്ഭുതപ്പെടേണ്ടതില്ല. ബംഗാളികളല്ലാത്ത വായനക്കാർക്ക് ബംഗാളിലെ ആ മഹാനായ എഴുത്തുകാരന്റെ പ്രമുഖ കൃതികൾ പരിചയപ്പെടുത്തിക്കൊടുക്കാൻ കാര്യമായ പ്രയത്നമൊന്നും നടന്നിട്ടില്ലെന്ന് ഇതിനർത്ഥമില്ല. 1953-ൽ സാഹിത്യ അക്കാദമി ബിഭൂതിഭൂഷണിന്റെ രണ്ടു നോവലുകൾ - പഥേർ പാഞ്ചാലിയും ആരണ്യകവും - അന്യഭാഷകളിലേക്കു വിവർത്തനം ചെയ്യാൻ തെരഞ്ഞെടുത്ത പുസ്തകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കൂടാതെ സാഹിത്യ അക്കാദമിയുടെ തന്നെ ശുപാർശയനുസരിച്ച് ഭാരതീയ ഭാഷകളുടെ വിവർത്തനസമാഹാരങ്ങളിൽ പഥേർ പാഞ്ചാലിയേയും യുനെസ്കോ അംഗീകരിക്കയുണ്ടായി.

എന്നാൽ ബിഭൂതിഭൂഷൺ എന്ന വ്യക്തിയേയും എഴുത്തുകാരനേയും ബംഗാളിനു പുറത്ത് വളരെ കുറച്ചു പേർ മാത്രമേ അറിയുന്നുള്ളു എന്ന പരമാർത്ഥം അവശേഷിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ ജീവചരിത്രം ചുരുക്കിയൊന്നു പറയുന്നത് അസ്ഥാനത്താവില്ലെന്നു വിചാരിക്കുന്നു.

മഹാനന്ദബാനർജിയുടെയും മൃണാളിനിയുടെയും സീമന്തപുത്രനായി ബിഭൂതിഭൂഷൺ 1894-ൽ കാഞ്ചരപാരക്കടുത്ത് മുരതിപൂർ ഗ്രാമത്തിലുള്ള മാതൃഭവനത്തിൽ പിറന്നു. ബഷീർഹാടിലെ പനിഹാരിൽനിന്നു വന്നവരായിരുന്നു അദ്ദേഹത്തിന്റെ പൂർവികർ. അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഒരു ആയുർവേദ ചികിത്സകനായിരുന്നു. അദ്ദേഹം തന്റെ തൊഴിൽസൗകര്യം നോക്കി, ബൻഗാവിന്നടുത്തുള്ള ബാരക്പൂർ ഗ്രാമത്തിൽ താമസമാക്കി. അന്നുതൊട്ട് കുടുംബക്കാർ അവിടെയാക്കി സ്ഥിരതാമസം.

മഹാനന്ദൻ അദ്ദേഹത്തിന്റെ കുലത്തൊഴിൽ ഉപേക്ഷിച്ച്, പൗരോഹിത്യം സ്വീകരിച്ചു. എന്നാൽ അദ്ദേഹത്തിനു താല്പര്യം മുഴുവൻ 'കഥകത' യോട് (പു രാണ വായന) ആയിരുന്നു. നല്ല സംസ്കൃതപണ്ഡിതനായിരുന്ന അദ്ദേഹത്തിന്റെ സ്വരം മധുരമായിരുന്നു. കവിതയും നാടകവും എഴുതാൻ വാസനയുണ്ടായിരുന്നു. എന്നാൽ അദ്ദേഹം നാടോടി സ്വഭാവക്കാരനായിരുന്നു. കഥകതയ്ക്കുവേണ്ടി ദൂരദൂരം സഞ്ചരിക്കേണ്ടിവന്നിരുന്നു. എന്നിട്ടും കുടുംബം പുലർത്താൻ വേണ്ട സമ്പാദ്യം ഉണ്ടായിരുന്നില്ല. മൃണാളിനിക്ക് ഭർത്താവിന്റെ വകയിൽപെട്ട ഒരു വിധവയോടൊപ്പം അഞ്ചു കുട്ടികളെ വളർത്തിയെടുക്കുന്നതിന് നന്നെ വിഷമിക്കേണ്ടിവന്നു.

ബിഭൂതിഭൂഷണിന്റെ പഠിപ്പ് 1900-ത്തിനോടടുത്ത് ബാരക്പൂരിലെ പാഠശാലയിൽനിന്നു തുടങ്ങി. 1908-ൽ ബൻഗാവ് ഹൈസ്ക്കൂളിൽ ചേരുംവരെ അദ്ദേഹം അമ്മയുടെ കൂടെത്തന്നെയായിരുന്നു താമസിച്ചത്. കഥകതയ്ക്കു വേണ്ടി കണ്ട നാടുകളിൽ സഞ്ചരിച്ചിരുന്ന മഹാനന്ദൻ വല്ലപ്പോഴുമേ വീട്ടിൽ വന്നിരുന്നുള്ളു. ഇങ്ങനെ വീട്ടിലുള്ള സമയമാണെങ്കിൽ അയാൾ മകനെ സംസ്കൃതവ്യാകരണം പഠിപ്പിക്കുവാനും തന്റെ യാത്രകളെപ്പറ്റി പറയാനും, ഇടയ്ക്ക് മകനെ ഒപ്പം കൂട്ടിക്കൊണ്ടുപോകാനും തുടങ്ങി.

ബിഭൂതിഭൂഷണിന്റെ ശരിയായ വിദ്യാഭ്യാസം ബൻഗാവിൽനിന്നു തുടങ്ങുന്നു-ആദ്യം വീട്ടിൽ നിന്നു പോയിവന്നും പിന്നീടു ബോർഡിങ്ങിൽ താമസിച്ചും. ഒരിക്കൽ അച്ഛൻ പരദേശത്തുനിന്നു സുഖക്കേടുമായി തിരിച്ചു വന്ന സമയം ബിഭൂതിഭൂഷൺ ബോർഡിങ്ങിലായിരുന്നു താമസം. രോഗം മരണത്തിലവസാനിച്ചു. അതോടെ കുടുംബസ്ഥിതി വളരെ പരുങ്ങലിലായി. ബൻഗാവ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ സഹായം ഇല്ലായിരുന്നുവെങ്കിൽ ബിഭൂതിഭൂഷണന് പഠിപ്പു തുടരാൻ കഴിയാതെ പോകുമായിരുന്നു. 1919-ൽ മെട്രിക്കുലേഷന് ഒന്നാം ക്ലാസിൽതന്നെ പാസായ ബിഭൂതിഭൂഷൺ അദ്ദേഹത്തെ സഹായിച്ചവരുടെ പ്രതീക്ഷ നിറവേറ്റി.

ഇതിനുശേഷം അദ്ദേഹം കൽക്കട്ടയിലെ റിപ്പൺ കോളേജിൽ ചേർന്നു. കോളേജ് ഹോസ്റ്റലിലേക്കു മാറുംവരെ അദ്ദേഹം ഒരു മെസ്സിൽ താമസിച്ചു. 1916-ൽ അദ്ദേഹം ഇൻറർ ആർട്ട്സ് ഫസ്റ്റ് ക്ലാസിൽ പാസ്സായി, രണ്ടുകൊല്ലം കഴിഞ്ഞു ബി.എ.യ്ക്ക് ഡിസ്റ്റിങ്ങ്ഷനും നേടി. ഇതിനിടയ്ക്കു തന്നെ വിവാഹം കഴിഞ്ഞിരുന്നു. അന്ന് അദ്ദേഹത്തിനു വയസ്സ് 23, പത്നിയായ ഗൗരിക്ക് 14. അതു കഴിഞ്ഞ് എം. എ.ക്കും നിയമത്തിനും ഒപ്പം പഠിച്ചുകൊണ്ടിരുന്ന കാലത്തു പെട്ടെന്ന് ഗൗരി ന്യുമോണിയ പിടിച്ചു മരിച്ചു. ഇത് അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. പഠിപ്പു നിർത്തി അദ്ദേഹം ഒരു സ്ക്കൂൾ മാസ്റ്ററായി, ആദ്യം ജുംഗിപാരയിലും പിന്നീട് ഹരിനാവിയിലും ജോലി നോക്കി. ഹരിനാവിയിൽവെച്ചായിരുന്നു നേരമ്പോക്കായി വാതുവെച്ച് ആദ്യത്തെ കഥയായ 'ഉപേക്ഷിത' എഴുതിയത്. പ്രമുഖ മാസികയായ 'പ്രബാസി'യിൽ ആ കഥ പ്രസിദ്ധപ്പെടുത്തിയപ്പോൾ സുപ്രസിദ്ധ ശാസ്ത്രജ്ഞനായ പി. സി. റായ്

അദ്ദേഹത്തെ അഭിനന്ദിച്ചു കത്തെഴുതുകയുണ്ടായി.

1922-ൽ ഹരിനാവിയിൽവെച്ച് ബിഭൂതിഭൂഷണിൻെറ അമ്മ മരിച്ചപ്പോൾ അദ്ദേഹം ജോലി രാജിവെച്ചു. ഗോസംരക്ഷണത്തിൽ ഏർപ്പെട്ടിരുന്ന ഒരു മാർവാടി സൊസൈറ്റിയിൽ അദ്ദേഹത്തിനു ജോലികിട്ടി. ഇത് അദ്ദേഹത്തിൻെറ ജീവിതത്തിൽ വ്യതിയാനം വരുത്തി. സൊസൈറ്റിയിൽ പണിയെടുത്തിരുന്ന കാലത്ത് അദ്ദേഹത്തിന് ഇന്നു ബംഗ്ളാദേശായി അറിയപ്പെടുന്ന പ്രദേശത്തിൻെറ ഉൾഭാഗങ്ങളിൽ സഞ്ചരിക്കാൻ സൗകര്യം കിട്ടി.

1923 മുതൽ 1941 വരെ അദ്ദേഹം ഖേലത്ചന്ദ്ര ഘോഷിൻെറ എസ്റ്റേറ്റിൽ പ്രൈവറ്റ് ട്യൂട്ടർ, പ്രൈവറ്റ് സെക്രട്ടറി, എസ്റ്റേറ്റു വക ബാബസാറിലെ മെമ്മോറിയൽ സ്ക്കൂളിൽ അധ്യാപകൻ എന്നിങ്ങനെ പല നിലയിലും ജോലി ചെയ്തു. ബിഹാറിലെ ഭഗൽപൂർ നഗരത്തിനടുത്ത് എസ്റ്റേറ്റിന് വിസ്തൃതമായ വനഭൂമിയുണ്ടായിരുന്നു. 1924-ൽ ബിഭൂതിഭൂഷൺ ഭഗൽപൂരിലെ ബാരാബാസ ഓഫീസിൽ നിയമിതനായി. എസ്റ്റേറ്റു വക ജംഗൽമഹലിൽ (അരണ്യനിവാസം) ക്യാമ്പുചെയ്യാത്ത സമയം മുഴുവൻ അദ്ദേഹം ഇവിടെയായിരുന്നു താമസിച്ചിരുന്നത്. ഇത് അദ്ദേഹത്തിൻെറ സാഹിത്യ ജീവിതത്തിൽ ചിരസ്മരണീയമായ ഒരു സംഭവമായിരുന്നു. ബാരാബാസയിൽവെച്ച്, അദ്ദേഹത്തിൻെറ പല കഥകൾക്കും നോവലുകൾക്കും രൂപം കൊടുത്ത ഭൂതകാലസ്മരണകളെ പുതുക്കുന്നതിനു വേണ്ട ഏകാന്തത അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിൻെറ 'ആരണ്യക്കി'നു വേണ്ട ആധികാരികമായ വസ്തുതകൾ ജംഗൽമഹലിലെ വാസക്കാലത്ത് അദ്ദേഹത്തിനു ലഭിച്ചവയത്രേ. അവസരം കിട്ടുമ്പോഴെല്ലാം അദ്ദേഹം ഭഗൽപൂരിലെ ശരച്ചന്ദ്രചാറ്റർജിയടക്കം പ്രമുഖരായ സാഹിത്യകാരന്മാരുമായി സമ്പർക്കം വെച്ചിരുന്നു. ഭഗൽപൂരിലെ ഈ സാഹിത്യസദസ്സിൻെറ നേതാവ് ഉപേന്ദ്രനാഥ ഗാംഗുലിയായിരുന്നു. ഗാംഗുലി പിന്നീട് പ്രസിദ്ധപ്പെടുത്താൻ തുടങ്ങിയ 'വിചിത്ര' മാസികയിലാണ് 1928-29 കാലത്ത് ബിഭൂതിഭൂഷണിൻെറ പഥേർ പാഞ്ചാലി പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയത്. ഭഗൽപൂരിലിരുന്ന കാലത്ത് ബിഭൂതിഭൂഷൺ ആ നോവൽ എഴുതിത്തീർന്ന ഉടൻ ഗാംഗുലിയെ വായിച്ചു കേൾപ്പിക്കുകയുണ്ടായി.

1929 അവസാനത്തിലാണ് പഥേർപാഞ്ചാലി പുസ്തകരൂപത്തിൽ പുറത്തു വന്നത്. ബിഭൂതിഭൂഷണിൻെറ അത്യുൽക്കൃഷ്ടകൃതി എന്നു പറയാവുന്ന പഥേർ പാഞ്ചാലി ഒറ്റ രാത്രികൊണ്ട് എന്നു പറയട്ടെ, അദ്ദേഹത്തെ പ്രഥിതനാക്കി. ഏതാണ്ടിതേ കാലത്ത്, അദ്ദേഹം കൽക്കത്തയിലെ മെമ്മോറിയൽ സ്ക്കൂളിലേക്കു സ്ഥലം മാറ്റപ്പെട്ടു. പിന്നീട് അദ്ദേഹം ജോലി ചെയ്തിടത്തോളം കാലം, ടീച്ചറായിത്തന്നെ പണിയെടുത്തു-1942-ൽ രണ്ടാം ലോകമഹായുദ്ധകാലത്ത് കൽക്കത്താവാസികൾ നഗരം വിട്ടോടിപ്പോയ നാളുകളിൽപോലും. 1940-ൽ അദ്ദേഹം പുനർവിവാഹം ചെയ്തു. ജീവിതത്തിലെ ഒടുവിലത്തെ പത്തുവർഷം അദ്ദേഹം ബാരക്പൂരിലും ഘാട്ശിലയിൽ

അദ്ദേഹം പുതിയതായി പണിയിച്ച ഭവനത്തിലുമായി കഴിച്ചുകൂട്ടി. ഇവിടെ വെച്ച് അദ്ദേഹം ത്രോംബോസിസ് പിടിച്ച് 1950 നവമ്പർ 1-ന് നിര്യാതനായി.

നിരാഡംബരജീവിതത്തിലും ഉന്നതാദർശങ്ങളിലും വിശ്വസിച്ചിരുന്ന ബിഭൂതിഭൂഷൺ, അധ്യയനശീലനും സാധാരണ ജീവിതം ഇഷ്ടപ്പെടുന്നവനുമായിരുന്നു. അദ്ദേഹം നാടിന്റെ ഉൾഭാഗം നടന്നു കണ്ടിട്ടുണ്ട്. മനുഷ്യരേയും പ്രകൃതിയേയും അടുത്തു പരിചയപ്പെടാൻ സദാ അദ്ദേഹം ഉത്സുകനായിരുന്നു. വിദ്യാസമ്പന്നരുമായിട്ടായിരുന്നു സഹവാസമെങ്കിലും പല തുറകളിലും പണിയെടുത്തു ജീവിക്കുന്ന, താഴെക്കിടയിലുള്ള ശുദ്ധഹൃദയരെ പരിചയപ്പെടുവാൻ, അദ്ദേഹം ഉൾനാടുകളിൽ ചുറ്റിനടക്കുന്നതിന് ഇഷ്ടപ്പെട്ടിരുന്നു. 1922-50 കാലയളവിൽ എഴുതപ്പെട്ട 70-ഓളം (സംക്ഷിപ്തങ്ങളും അവലംബിതങ്ങളുമടക്കം) കൃതികൾ ബിഭൂതിഭൂഷണിന്റേതായിട്ടുണ്ട്. ഇവയിലധികവും ചെറുകഥാസമാഹാരങ്ങളും നോവലുകളുമാകുന്നു. ബാക്കിയുള്ളവ സഞ്ചാരക്കുറിപ്പുകളും സ്മരണകളും കത്തുകളും ആത്മകഥാത്മകരചനകളും മറുനാടൻ കഥകളും വിവർത്തനങ്ങളുമാകുന്നു. ഒരു ബംഗാളിവ്യാകരണവും അദ്ദേഹം എഴുതിയിട്ടുണ്ട്.

എന്നാൽ എന്തുകൊണ്ടും അദ്ദേഹത്തിന്റെ മഹത്തരമായ കൃതി പഥേർ പാഞ്ചാലിതന്നെ. അദ്ദേഹത്തിന്റെ കൃതികളുടെ അന്തഃസത്ത, അനുഭൂതസത്യങ്ങളെ വികാരോഷ്മളതയോടെ ചിത്രീകരിക്കുന്നതിനുള്ള തൂലികാവിലാസം, ഭാഷയും ശൈലിയും, എഴുത്തുകാരനെന്ന നിലയ്ക്കുള്ള അദ്ദേഹത്തിന്റെ വിശ്വാസം, എല്ലാത്തിലുമുപരി ബംഗാളിസാഹിത്യത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം-എല്ലാം തന്നെ യഥാർത്ഥരൂപത്തിൽ ഈ മഹത്തായ കൃതിയിൽ പ്രതിഫലിതമായിരിക്കുന്നു.

ബിഭൂതിഭൂഷണിന്റെ രചനകളുടെ നാലു പ്രധാന ഘടകങ്ങൾ ഇവയാകുന്നു. ജീവിതവൈചിത്ര്യങ്ങളോടു തോന്നുന്ന ഒടുങ്ങാത്ത അദ്ഭുതം,-കുറെയൊക്കെ കവിസുലഭവും കുറെ ബാലസുലഭവും,-പ്രകൃതിയോടുള്ള ആന്തരികപ്രേമം, സാധാരണക്കാരുടെ ജീവിതത്തിന്റെ സൗന്ദര്യ-മാധുര്യബോധം, മരണാനന്തരജീവിതത്തെക്കുറിച്ചുള്ള നിതാന്തകൗതുകം.

ബിഭൂതിഭൂഷണിൽ മനുഷ്യനും കലാകാരനും സന്ധിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ വൈവിധ്യമാർന്ന അനുഭവങ്ങളിൽനിന്ന് വിജൃംഭിതങ്ങളായ വികാരങ്ങളെ വ്യക്തമാക്കുന്നതിനുള്ള കഴിവിൽനിന്ന് രൂപം കൊണ്ടതാണ്, അദ്ദേഹത്തിന്റെ യഥാതഥങ്ങളായ കഥകളും നോവലുകളും. ഈ വൈയക്തികമായ, അഥവാ ആത്മകഥാകഥനാത്മകമായ ഘടകം പഥേർ പാഞ്ചാലിയിലും മറ്റു കൃതികളിലും കാണാവുന്നതാണ്.

ലളിതവും അവക്രവുമായ ഒരു ഗദ്യശൈലിയുടെ ശില്പിയെന്ന നിലയ്ക്ക്, ബിഭൂതിഭൂഷണിന്റെ ഭാഷയും ശൈലിയും, അദ്ദേഹത്തിന്റെ സാഹിത്തികവും അല്ലാത്തതുമായ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്നു.

പഥേർ പാഞ്ചാലി, എഴുത്തുകാരനായ ബിഭൂതിഭൂഷണിന്റെ വിശ്വാസ

ത്തെ തെളിയിക്കുന്നു. അദ്ദേഹം ഒരിക്കൽ ദിലീപ്കുമാർറായിക്കയച്ച കത്തിൽ ഇതിനെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു: "ഞാൻ വലിയ സംഭവങ്ങളിൽ വിശ്വസിക്കുന്നവനല്ല. വിശ്വാസവും ആനന്ദവും തുളുമ്പിച്ചുകൊണ്ട്, മെല്ലെ, പതറാതെ ഒഴുകുന്ന ഒരു കാട്ടരുവിപോലെ, നിത്യജീവിതത്തിലെ ലഘുവായ സുഖദുഃഖങ്ങളെ കണ്ടെത്തുന്നതിലാണ് കാര്യം. കൃത്രിമങ്ങളായ കഥാവസ്തുക്കൾ കെട്ടിച്ചമയ്ക്കുകയെന്ന കമ്പക്കൂത്താട്ടക്കാർക്കു തുല്യമായ അഭ്യാസപ്രദർശനം എന്നെക്കൊണ്ടാവില്ല. എന്തിനാണ് ഒരു നോവലിനെ ഇത്രയ്ക്കൊക്കെ കൃത്രിമമാക്കുന്നത്? നിത്യനൈമിത്തികവം അമായവുമായ യാഥാർത്ഥ്യത്തെ, അസത്യങ്ങളുടെ ഒരു കൂമ്പാരം ചമക്കുന്നതിന് എന്തിന് വലിച്ചെറിയണം? കൃത്രിമത്വവുമായി എനിക്കു യാതൊരു സന്ധിയുമില്ല. ആരോഗ്യകരമാംവിധം ജാഗ്രത്തും, പുറമ്പൂച്ചിൽ മയങ്ങാത്തതും, വിവിധ മുഖങ്ങളുള്ളതുമായ മനസ്സിൻെറ അന്വേഷണകൗതുകത്തെ, ഇത്തരം കൃത്രിമവസ്തുക്കൾ ഒരിക്കലും തൃപ്തിപ്പെടുത്തില്ല.

എന്നാൽ പഥേർ പാഞ്ചാലി ബിഭൂതിഭൂഷണിൻെറ രചനകളുടെ, സമഗ്രസാഹിത്യസമുച്ചയത്തിൻെറ മൗലികങ്ങളായ സവിശേഷതകൾ ഉൾക്കൊള്ളുന്നതിനു പുറമേ, ബംഗാളിസാഹിത്യത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു വിധത്തിലും പ്രാധാന്യമർഹിക്കുന്ന ഒരു കൃതിയാകുന്നു. അത് ആധുനികങ്ങളെന്നു പറയപ്പെട്ടിരുന്ന ചായ്‌വുകളുടേയും, പാശ്ചാത്യദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട പ്രവണതകളുടെയും ചളിക്കുണ്ടിൽനിന്ന് ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള ബംഗാളിസാഹിത്യത്തെ രക്ഷിച്ചു.

ബംഗാളിലെ ഗ്രാമീണജീവിതത്തെ അതേപടി മുമ്പിൽ വെയ്ക്കുകയും, മുമ്പൊന്നുമുണ്ടാകാത്ത മാതിരി ബംഗാളിലെ സാധാരണ വായനക്കാരിൽ ഉൾത്തുടിപ്പുണ്ടാക്കുകയും ചെയ്കവഴി, പഥേർ പാഞ്ചാലി, അശ്ലീലത്താലും ഇടതുരാഷ്ട്രീയത്താലും ആക്രാന്തമായ അതിയഥാർത്ഥവാദം ചിത്രീകരിക്കുന്ന മട്ടിൽ, ഖനികളിലോ, ഫാക്ടറികളിലോ, നഗരപ്രാന്തങ്ങളിലോ അല്ല, ബംഗാളിലെ തൊണ്ണൂറുശതമാനം ജനങ്ങൾ നിവസിക്കുന്നതും അധ്വാനിക്കുന്നതും ഗ്രാമീണബംഗാളിലാണ് എന്ന യാഥാർത്ഥ്യം പരോക്ഷമായി സ്ഥാപിക്കയുണ്ടായി. ഗ്രാമീണജീവിതത്തെ ശരച്ചന്ദ്രചാറ്റർജി സാമൂഹ്യമായ അടിസ്ഥാനത്തിൽ വിമർശനാത്മകമായും, രവീന്ദ്രനാഥൻ 'ഗല്പഗുച്ഛ്ഛി'ലെ കഥകളിലൂടെ, ലഘുചിത്രങ്ങളുടെ രൂപത്തിലും നിർവർണ്ണനം ചെയ്തിട്ടുണ്ടെങ്കിലും, പഥേർ പാഞ്ചാലി ഗ്രാമീണജീവിതത്തിൻെറ ഒരു യഥാർത്ഥ 'ഡോക്കുമെൻററി'- ഗ്രാമപ്രദേശങ്ങളിലെ ജീവിതചര്യയുടെ പ്രാമാണികചിത്രീകരണം-ആകുന്നു. ഈ നോവലിൻെറ യഥാർത്ഥമായ ആകർഷണം അതിൻെറ പരിശുദ്ധിയിൽ നിലകൊള്ളുന്നുവെന്ന് രവീന്ദ്രനാഥൻ അഭിപ്രായപ്പെട്ടിട്ടുള്ളത് സത്യമാകുന്നു. ബംഗാളിജീവിതത്തിൻെറ പഴയതും പരിമിതവുമായ ഹരിതതൃണമൂലകങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട്, ബംഗാളിസാഹി

ത്യത്തിൽ ഇത് പുതിയ ഒരു ഘടകത്തെ പരിചയപ്പെടുത്തിത്തരുന്നതായി അദ്ദേഹം കാണുന്നു. ഈ എതിരറ്റ സംഭാവനയാണ് ബിഭൂതിഭൂഷണിനെ 20-ാം നൂറ്റാണ്ടിലെ വംഗസാഹിത്യത്തിൻെറ സമുന്നത ഗദ്യകാരന്മാരുടെ സർവോച്ചശ്രേണിയിൽ ബഹുമാന്യമായ ഒരു സ്ഥാനത്തു പ്രതിഷ്ഠിച്ചത്.

സ്വന്തം വൈകാരികാനുഭൂതികളെ വിദൂരമായിട്ടെങ്കിലും ആധാരമാക്കിയോ, അവയാൽ അനുപ്രേരിതനായോ ബിഭൂതിഭൂഷൺ രചിച്ചിട്ടുള്ള നോവലുകളിൽപെട്ട ഒന്നാകുന്നു ആദർശ ഹിന്ദുഹോട്ടൽ. കാഥികൻ ജീവിതത്തിൽ നേരിട്ടുകണ്ടിട്ടുള്ള അതേപേരിലുള്ള, അതേപോലെ ചിത്രീകരിക്കപ്പെട്ട ഒരുപാത്രമാകുന്നു ഇതിലെ ഹാജാരിഠാക്കൂർ. അദ്ദേഹത്തിൻെറ 'ഊർമ്മിമുഖർ' എന്ന ഡയറിക്കുറിപ്പിൽ ഈ നിരാഡംബരനും പാചകശില്പിയും സ്വന്തം കലയിൽ അഭിമാനം കൊള്ളുന്നവനുമായ വ്യക്തിയെ യാദൃശ്ചികമായി കണ്ടുമുട്ടിയതും അയാളോടു സംഭാഷണം ചെയ്തതും രേഖപ്പെടുത്തിയിട്ടുണ്ട്. ബിഭൂതിഭൂഷണിനെപ്പോലെ മെസ്സുകളും ഹോട്ടലുകളുമായി പരിചയപ്പെടാതെ ഒരുവന് ഇത്തരം നോവലെഴുതുക വിഷമമാകുന്നു.

ഈ നോവൽ 1930-40-ൽ 'മാതൃഭൂമി'യിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി. അവസാനഭാഗം പത്രത്തിൽ വന്ന ഏതാനും മാസങ്ങൾക്കകം തന്നെ, അതു പുസ്തകമായി പറത്തുവന്നു. 1953-ൽ ഇത് നാടകമാക്കി അവതരിപ്പിക്കപ്പെട്ടുവെങ്കിലും അത് ഒരു വിജയമായിരുന്നില്ല.

ഹാജാരിഠാക്കൂറിനെ, സാധാരണക്കാരനല്ലാത്ത ഒരു സാധാരണക്കാരനായി വർണ്ണിച്ചുകൊണ്ട് ഗോപാൽ ഹാൽദാർ, ബിഭൂതിഭൂഷണിൻെറ കൃതികളുടെ ആറാം ഭാഗത്തിനുള്ള അവതാരികയിൽ ഇങ്ങനെ എഴുതി: "ഇങ്ങനെയൊരാൾ ഉണ്ടാകാമെങ്കിൽ അയാളെ സാധാരണ ജനസമൂഹത്തിലെ അസാധാരണർക്കിടയിൽ മാത്രമേ കണ്ടെത്തുകയുള്ളു. ഏറ്റവും അധികം ആകർഷിക്കുന്ന സംഗതി ഈ സാധാരണക്കാരൻ പാചകകലയിൽ തനിക്കുള്ള വൈദഗ്ധ്യം കൊണ്ടും ശുദ്ധഗതികൊണ്ടും തൻേറതായ ഒരു സ്ഥാനം നേടിയെടുത്തു എന്നതാണ്. ആരോടും വിലപേശാൻ നില്ക്കാതെ, അയാൾ മത്സരം നിറഞ്ഞ ഒരു മണ്ഡലത്തിൽ സ്വന്തം കാലിൽ ഉറച്ചുനിന്നു. എന്നാൽ അയാളുടെ ബുദ്ധികൊണ്ടു നേടിയ ഒരു വിജയമായിരുന്നില്ല ഇത്. ജീവിതത്തോടുള്ള വീക്ഷണത്തിനും വന്നില്ല ഇതുകൊണ്ടൊരു മാറ്റം. അയാളോടു പത്മക്കുണ്ടായിരുന്ന ഭയങ്കര വൈരം, കാര്യം കാണാനുള്ള കൃതജ്ഞതയായി മാറിയപ്പോഴും ഹാജാരി അഹങ്കൃതനാകുന്നില്ല.അവളുടെ ഹൃദയപരിവർത്തനത്തിൽ. താനാഗ്രഹിച്ച കാര്യം സാധിതപ്രായമായിക്കണ്ട് അയാൾ കൃതാർത്ഥനാകയത്രേ ചെയ്തത്. ഹാജാരിയുടെ സൃഷ്ടിയിൽ ഗാന്ധിസം പോലെയെന്തോ ഒന്നുണ്ട്. കേൾക്കുമ്പോൾ വിചിത്രമായി തോന്നിയേക്കാമെങ്കിലും സത്യസ്ഥിതിവെച്ചുകൊണ്ടുനോക്കുമ്പോൾ, ഒരു ബാലൻെറ ആത്മാവോടുകൂടിയ ഹാജാരി എന്ന മധ്യവയസ്കൻ ബിഭൂതിഭൂഷണൻെറ ഒന്നാന്തരം സൃഷ്ടിയാണ്. അയാളുടെ ശുദ്ധഗതിയും സ്നേഹവും മൂന്നു സ്

ത്രീകളെ-അവരിലൊരുവൾ പണക്കാരിയും പരിഷ്കൃതയുമാകുന്നു-ആകർഷിക്കയും അവർ തങ്ങളുടെ സമ്പാദ്യം നിശ്ശങ്കം അയാളെ ഏല്പിക്കയും ചെയ്യുന്നു. ഹാജാരിയെ ആവിധമല്ല ചിത്രീകരിച്ചിരുന്നതെങ്കിൽ, അവരുടെ പ്രവൃത്തിക്ക് നല്ലൊരു വിശദീകരണം വേണ്ടിവരുമായിരുന്നു.''

വാസ്തവത്തിൽ ആദർശഹിന്ദുഹോട്ടലിൽ ബിഭൂതിഭൂഷൺ സ്വന്തം ആദർശത്തെയത്രേ ഉയർത്തിക്കാട്ടുന്നത്-ഒരു സാധാരണക്കാരൻെറ അസാധാരണത തന്നെ. ഒന്നു ശരിയാണ്, ഇവിടെ നാം ബിഭൂതിഭൂഷണിൻെറ ചില കൃതികളുടെ സവിശേഷതയായ കാവ്യഭാവനയോ പ്രപഞ്ചത്തിൻെറ രഹസ്യാത്മകതയോ, പ്രകൃതിപ്രേമമോ കാണുന്നില്ല, എന്നാൽ പഥേർ പാഞ്ചാലിക്കും ആരണ്യക്കിനും ശേഷം-അവ മറ്റു ഭാഷകളിൽ വന്നു കഴിഞ്ഞിട്ടുണ്ട് -ആദർശഹിന്ദുഹോട്ടലിൻെറ ഏടുകളിൽ, ഒരു കാഥികൻ എന്ന നിലയ്ക്ക് ബിഭൂതിഭൂഷണിൻെറ വിശുദ്ധവും സുന്ദരവുമായ രൂപം കാണാൻ കഴിയുന്നു.

നാഷണൽ ബുക്ക്ട്രസ്റ്റ് അവരുടെ ആദാൻ-പ്രദാൻ ഗ്രന്ഥമാലയിൽ ഈ ഒരു സാധാരണക്കാരൻെറ കഥയെ ഉൾപ്പെടുത്തിയത് ഏററവും ഉചിതമായി.

ക്ഷിതീശ് റായ്

ബസാറിലെ (റെയിൽവേസ്റ്റേഷനെ ചുറ്റിപ്പറ്റി വളർന്ന വ്യാപാരകേന്ദ്രം) ബേചു ചക്കത്തി (ചക്രവർത്തി) യുടെ ഹോട്ടൽ, റാണാഘാടിലെ ആദിമവും അകൃത്രിമവുമായ ഹിന്ദുഹോട്ടൽ ആണെന്ന് മുൻവശത്ത് വലിയ വലിയ അക്ഷരങ്ങളിൽ എഴുതിവെച്ചിട്ടുള്ളതു നോക്കാതെ തന്നെ മിക്കവർക്കും അറിയാം. കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കൊണ്ട് റാണാഘാട് റെയിൽ ബസാറിനുണ്ടായ അതിശയിപ്പിക്കുന്ന ഉന്നതിയോടൊപ്പം ഹോട്ടലിൻെറ നിലയും വളരെ മെച്ചപ്പെട്ടു. ഇക്കഴിഞ്ഞ പത്തുവർഷങ്ങൾക്കകം ഹോട്ടലിന അടച്ചുറപ്പുള്ള ഒരു കെട്ടിടം ഉണ്ടായി. നാലു പാചക ബ്രാഹ്മണർ അടുക്കളപ്പണിയിലെ തിരുതകൃതികാരണം ശ്വാസം വിടാൻപോലും ഞെരുങ്ങിക്കൊണ്ടിരുന്നു. അത്രയ്ക്കുണ്ടായിരുന്നു ഊണുകാരുടെ തിരക്ക്.

ബേചു ചക്കത്തി (പ്രായം അമ്പതിനു മേലെ; കറുത്തുമല്ല, വെളുത്തുമല്ല; തടിച്ച ദേഹം; നരയ്ക്കാൻ തുടങ്ങിയ മുടി) ഹോട്ടലിനു മുൻവശത്തെ മുറിയിൽ ഒരു ബഞ്ചിൽ മരംകൊണ്ടുള്ള പണപ്പെട്ടിയിൽ കൈമുട്ടൂന്നി ഇരിക്കുന്നു. സമയം പത്തുമണി. ബൻഗാവ് ലെയിനിൽ നിന്നുള്ള ട്രെയിൻ എത്തിയതേയുള്ളു. ചില യാത്രക്കാർ പുറത്തേയ്ക്കുള്ള ഗേറ്റുവഴി നിരത്തിലേക്കിറങ്ങിത്തുടങ്ങിയിരിക്കുന്നു.

ബേചു ചക്കത്തിയുടെ ഹോട്ടലിലെ വേലക്കാരൻ മതി നിരത്തു വക്കത്തു നിന്നുകൊണ്ടു വിളിച്ചുപറയുന്നു "ഇവിടേക്കു വരൂ, ബാബു! ചൂടുള്ള ചോറ് രസികൻ മീൻകറി, നിരാമിഷ ഭോജനം. ഹിന്ദുഹോട്ടലാണു ബാബു!"

രണ്ടുപേർ മതിയുടെ പ്രസംഗത്തിൽ ഭ്രമിച്ച്, അടുത്തുള്ള യദുബാഡുയ്യേ (ബന്ദ്യോപാധ്യായ) യുടെ ഹോട്ടൽക്കാരുടെ വിനയപൂർവമുള്ള ക്ഷണം നിരസിച്ച്, ബേചു ചക്കത്തിയുടെ ഹോട്ടലിലേക്കു കടന്നു.

"ഏയ് ! ഭാണ്ഡങ്ങൾ ഇവിടെ വെക്കാം. ലേശം ക്ഷമിക്കണേ, ബാബു. ടിക്കറ്റു വാങ്ങണം ഇവിടെനിന്ന്. ഏതു ക്ലാസ്സിലെ ഊണാണു വേണ്ടത്? ഫസ്റ്റ് ക്ലാസ്സോ സെക്കൻറ് ക്ലാസ്സോ? ഫസ്റ്റിന് അഞ്ചണ, അതിനല്ലെങ്കിൽ മൂന്നണ."

ഈ ഹോട്ടലിലെ നിയമം അതാണ്. പണം കൊടുത്ത് ബേചു ചക്കത്തിയുടെ അടുക്കൽ നിന്ന് ടിക്കറ്റ് (ഒരു കഷണം കടലാസ് - അതിൽ നമ്പറും ക്ലാസ്സും എഴുതിയിരിക്കും) വാങ്ങി അകത്തേക്കു കടക്കണം. അവിടെ ഒരു പാചക ബ്രാഹ്മണൻ ഇരിക്കുന്നുണ്ടാവും. ഊണുകാരനെ നിർദ്ദിഷ്ടസ്ഥാനത്ത് ഇരുത്തുക—അതാണയാൾക്കു പണി. ഊണിനുള്ള സ്ഥാനം മുളന്തട്ടികകൊണ്ടു രണ്ടായി പകുത്തിരിക്കുന്നു. അതിൻെറ ഒരു ഭാഗത്ത് ഒന്നാം

ക്ലാസ്സുകാർ, മറ്റേതിൽ രണ്ടാം ക്ലാസ്സുകാരും. എല്ലാവരും ഊണു കഴിഞ്ഞു പോയാൽ, അയാൾ അവരിൽ നിന്നുവാങ്ങിയ ടിക്കറ്റുകൾ ബേചു ചക്കത്തിയെ തിരിച്ചേൽപ്പിക്കും. അതെണ്ണി വരവു തിട്ടപ്പെടുത്തും. അതിൽ നിന്നുതന്നെ, ബാക്കി എത്ര കറിയും ചോറും ഉണ്ടാവും എന്നും കണക്കാക്കും. പാചകബ്രാഹ്മണർക്ക് മോഷണത്തിന് യാതൊരുപഴുതും ഇല്ല.

മതി അകത്തേക്കു കടന്നിട്ടു പറഞ്ഞു "ആകെ നാലു പേരായിരുന്നു ഊണുകാർ. രണ്ടുപേർ അവരുടെ അവടേക്കു പൊയ്ക്കളഞ്ഞു."

ബേചു ചക്കത്തി പറഞ്ഞു "പൊയ്ക്കോട്ടെ. നീ കുറേക്കൂടി അങ്ങോട്ടു നീങ്ങിച്ചെന്നു നിൽക്ക്. ശാന്തിപൂർ വരേണ്ട സമയമായി. ഈ വണ്ടിക്ക് നാലഞ്ചു 'ശാപ്പാടു'കാർ ഉണ്ടാകാതെ വരാറില്ല. അകത്തുചെന്ന് ബ്രാഹ്മണനോടു പറഞ്ഞിട്ടു പോ, ശാന്തിപൂർ വരുന്നതുവരെ വേറെ അരി അടുപ്പത്തിടേണ്ട എന്ന്. തൽക്കാലം ആ ഒരു ചെമ്പ് അരി വെച്ചതുകൊണ്ടു കഴിച്ചുകൂട്ടട്ടെ."

ഇതിനിടയ്ക്ക് ഹോട്ടൽ വേലക്കാരി പത്മ അടുക്കലേക്കു ചെന്നു പറഞ്ഞു "പൈസ വേണം, ബാബു! തൈരുവാങ്ങണം."

ബേചു ചോദിച്ചു "എന്തിനാണു തൈർ?"

പത്മ ചിരിച്ചുകൊണ്ടുപറഞ്ഞു ഒരാൾക്കു ഫസ്റ്റ് ക്ലാസ്സിൽ ഊണു വേണം. പറഞ്ഞയച്ചിരിക്കുന്നു. തൈരു വേണം. പഴം വേണം."

ബേചു ചോദിച്ചു "ആരാണു കേൾക്കട്ടെ? പണം തന്ന് ഉണ്ണുന്നവൻ തന്നെയല്ലേ?"

"ആണെന്നു തന്നെ വെച്ചോളു. പണം രൊക്കം തരും. വെറുതെ വേണ്ട. എന്റെ ആങ്ങളയുടെ മകൻ നാട്ടിൽ നിന്നു വരുന്നുണ്ട് ശാന്തിപൂർ വണ്ടിക്ക്."

"വേണ്ട, വേണ്ട. അയാൾ പണം തരേണ്ട. ചെറുപ്പക്കാരൻ. രണ്ടുദിവസം താമസിക്കുവാൻ വരുന്നു. അയാൾക്കു ചോറിനു പണം വാങ്ങുകയോ? തൈരിനു പണം കൊണ്ടു പൊയ്ക്കൊള്ളു."

ബേചു ഇങ്ങനെ ആരോടും ഒരിക്കലും പറയുക പതിവില്ല. എന്നാൽ പത്മയുടെ കാര്യം ഒന്നു വേറെ. വേലക്കാരിയാണെങ്കിലും ഈ ഹോട്ടലിൽ പത്മ പറയുന്ന പടിക്കല്ലാതെ ഒരു കാര്യവും നടക്കില്ല. അതിനെ മറുത്തു പറയാൻ ഇതുവരെ ആരും ധൈര്യപ്പെട്ടിട്ടില്ല. ഈ പ്രത്യേകത കണ്ടു ചില "കനുഷ്ഠ"ന്മാർ പല അപവാദങ്ങളും പറഞ്ഞുനടക്കുന്നുണ്ട്. എന്നാൽ അതിനൊക്കെ ചെവി കൊടുക്കാൻ നിന്നാൽ കാര്യങ്ങൾ മുമ്പോട്ടു പോവില്ല.

ശാന്തിപൂർ വണ്ടി എത്തിയതിന്റെ ലഹള കേൾക്കാൻ തുടങ്ങി.

വേലക്കാരൻ മതി, ഊണിന് ആളെ പിടിക്കാൻ പുറപ്പെടുകയായിരുന്നു. ബേചു ചക്കത്തി വിളിച്ചു പറഞ്ഞു "ധാരാളം' ശാപ്പാടുകാരെ കൊണ്ടുവരാൻ നിന്നെക്കൊണ്ടുവയ്യെങ്കിൽ നിന്നെ വച്ചു കൊണ്ടിരിക്കാൻ പ്രയാസമാണ്, പറഞ്ഞേക്കാം. നിന്റെ ശമ്പളച്ചിലവിനുള്ള വകപോലും കിട്ടുകയില്ല എന്നു

വെച്ചാൽ വേലക്കാരനെ നിയമിക്കാൻ എന്തിനു മിനക്കെടണം? കഴിഞ്ഞ ആഴ്ച വെറും ഇരുപത്തിമൂന്ന്പേരെയാണ് കൊണ്ടുവന്നത്. ഇതുകൊണ്ട് ഒരു ഹോട്ടൽ നടത്താനാകുമോ?''

വേലക്കാരി പത്മ പറഞ്ഞു ''നിങ്ങടെ ഈ 'പണം പണം' എന്നുള്ള മുറവിളികേട്ടു മടുത്തു. മൂന്നണയ്ക്കു പകരം പതിന്നാലു പൈസ (മൂന്നര അണ)യാക്കൂ. ഒന്നാം ക്ലാസ്സ് വേണ്ടെന്നു വെക്കൂ. അല്ലെങ്കിൽ തന്നെ എത്ര പേരുണ്ട് ഈ ഒന്നാം ക്ലാസ്സുകാർ. ഒന്നു കേൾക്കട്ടെ. യദുബാഡുയ്യേയുടെ ഹോട്ടലിൽ റേറ്റ് കുറച്ചുവെന്നു കേട്ടു—''

ബേചു പറഞ്ഞു ''അരുത്. അരുത്! കുറച്ചു പതുക്കെപറഞ്ഞുകൂടേ, നിനക്ക്, വല്ലവരും കേട്ടുപോയാൽ ഇപ്പോൾ തന്നെ—''

ഇതിനിടയ്ക്ക് ആറ് ഊണുകാരെ പിടികൂടിക്കൊണ്ട് മതി തിരിച്ചെത്തി.

ബേചു പറഞ്ഞു '' വരു, ബാബു, ഭാണ്ഡം ഇവിടെയിരുന്നോട്ടെ. ബാബു മാർ ഏതുക്ലാസ്സിലാണ് ഊണുകഴിക്കുക? അഞ്ചണയും മൂന്നണയും.''

ഒരാൾ പറഞ്ഞു ''നിങ്ങളുടെ ആ അരിവെപ്പുകാരൻ ബ്രാഹ്മണൻ എങ്ങും പൊയ്ക്കളഞ്ഞില്ലല്ലോ? അയാൾ പാകം ചെയ്ത ഭക്ഷണം കഴിക്കാനാണ് ഇവി ടെത്തന്നെ വന്നത്. കഴിഞ്ഞ കുറി ഇവിടെവന്ന് ഉണ്ടിട്ടുപോയതിൻെറ രുചി മറക്കാൻ കഴിയുന്നില്ല. ഇറച്ചി ഉണ്ടാവില്ലേ?''

''ഇല്ല ബാബു! ഇറച്ചി പാകം ചെയ്തിട്ടില്ല. പതിവില്ല. എങ്കിലും ആർഡർ തരികയാണെങ്കിൽ വൈകുന്നേരത്തേക്ക്—''

അയാൾ പറഞ്ഞു ''ഞങ്ങൾ കോടതിയിൽ ഒരു നമ്പർ പ്രമാണിച്ചുവന്ന വരാണ്. പരദേവതമാരുടെ കൃപാകടാക്ഷങ്ങൾകൊണ്ട് ജയിച്ചാൽ ഇന്ന് ഹോ ട്ടലിൽ തന്നെ വേണ്ടിവരും താമസം. നാളെ വക്കീലിൻെറ ഓഫീസ്സിൽ പോയിട്ടു കാര്യങ്ങളുണ്ട്. അങ്ങനെയാണെങ്കിൽ വൈകുന്നേരം മൂന്നു സേർ ഇറച്ചി ആവശ്യമായിവരും. പക്ഷേ മുമ്പു പറഞ്ഞ ആ ബ്രാഹ്മണൻതന്നെ വേണം പാകപ്പെടുത്തിത്തരുവാൻ. ഇല്ലെങ്കിൽ വേറെ വല്ലിടത്തും ഞങ്ങൾ നോക്കിക്കൊള്ളാം.''

അവർ ടിക്കറ്റു വാങ്ങി ഭക്ഷണത്തിനുള്ള മുറിയിലേക്കു പോയപ്പോൾ പത്മ പറഞ്ഞു ''ആ വർക്കത്തുകെട്ട മനുഷ്യൻ ഇതൊന്നും കേൾക്കണ്ട. എന്തു കണ്ടിട്ടാണാവോ ഇവറ്റ ആ മനുഷ്യൻെറ 'ദേഹണ്ണ'ത്തെ ഇത്രയ്ക്കൊ ക്കെ വാഴ്ത്തുന്നത്! ബഹുകേമം തന്നെ!''

ബേചു പറഞ്ഞു ''അകത്തുചെന്ന് ടിക്കറ്റുകൾ എടുത്തുകൊണ്ടുവരൂ. ഇതേവരെയുള്ള കണക്കുതീർത്തുവെക്കട്ടെ. ഇനി വണ്ടിയും ഇല്ല-ഒരുമണി ക്കുള്ള മുഡോഗാഛാ ലോക്കൽ മാത്രം.''

പത്മ പറഞ്ഞു ''എന്തേ? അസാം മെയിലില്ലേ?''

'അസാം മെയിലിന് ഹോട്ടൽ ഭക്ഷണക്കാർ അധികമുണ്ടാവില്ല. പണ്ട് എട്ടോ പത്തോ പേർ ആ മെയിലിനും ഉണ്ടാകാറുണ്ടായിരുന്നു. എന്തായി പ്പോയിട്ടാണാവോ ബജാറിന് ഇങ്ങനെയൊരു ഗതികേട്!''

പത്മ അകത്തുചെന്ന് പാചകബ്രാഹ്മണൻെറ കയ്യിൽനിന്നു ടിക്കറ്റുകൾ വാങ്ങിക്കൊണ്ടുവന്നിട്ടു പറഞ്ഞു "കേട്ടില്ലേ പറയുന്നത്? ഫസ്റ്റുക്ലാസ്സുകാർക്കുള്ള പരിപ്പുകറി മുഴുവൻ തീർന്നത്രേ. ഹാജാരി ബ്രാഹ്മണൻെറ പണി! മറുവശത്തോ? ഇപ്പോൾ വന്ന കൂട്ടർ ആ മനുഷ്യനെ സ്വർഗ്ഗംവരെയെടുത്തു പൊക്കി-നിങ്ങൾ അതുണ്ടാക്കൂ, നിങ്ങൾ ഇതുണ്ടാക്കൂ, മറ്റതു പാകം ചെയ്യൂ, മറിച്ചതു ചമച്ചു തരൂ! എന്തൊരു അശ്രീകരം പിടിച്ച ഏർപ്പാട്! കണ്ടു നിക്കവയ്യ. അതുകൊണ്ടു പറയുകയാണ്. അതല്ല, ഇനിയിപ്പോൾ പരിപ്പിന് എന്തുകാട്ടും?"

"എത്രയുണ്ട് പരിപ്പുകറി ബാക്കി. നോക്കിയില്ലേ?"

"ഒരുതുള്ളി. കഷ്ടിച്ചു തുടച്ചെടുത്താൽ മൂന്നുപേർക്കു മതിയായി എന്നു വരാം."

"എത്ര പേർക്കുള്ള പരിപ്പു കൊടുത്തിരുന്നു?"

"പത്തുപേർക്കു വേണ്ട ചെറുപയറ്റിൻ പരിപ്പ് ഒന്നാം ക്ലാസ്സുകാർക്കു 'മുഡിഘണ്ഡ' (മീന്തലക്കറി) യുണ്ടാക്കാൻ കൊടുത്തു. രണ്ടാംക്ലാസ്സിൽ മുപ്പതു പേർക്കുള്ള കറിക്ക് മലങ്കടല-വെൺകടലപ്പരിപ്പുകൾ കൂട്ടിച്ചേർത്തുകൊടുത്തു."

"ഹാജാരി ഠാക്കൂറിനെ വിളിക്കൂ." (പാചകബ്രാഹ്മണനെ ഠാക്കൂർ എന്നു വിളിക്കുന്നു)

ദാസി പത്മ ഹാജാരി ഠാക്കൂറിനെ കൂട്ടിക്കൊണ്ടുവന്നു.

ഠാക്കൂറിനു വയസ്സ് നാല്പത്തഞ്ച്, നാല്പത്താറ്. തടിക്കാത്ത ദേഹം, ആൾ ശുദ്ധനാണെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം.

ബേചു ചക്കത്തി ചോദിച്ചു "ഹാജാരി, പരിപ്പൊക്കെ എവിടെപ്പോയി."

ഹാജാരി ഠാക്കൂർ പറഞ്ഞു "അത് എങ്ങനെ പറയാൻ ആവും, ബാബു! ഊണുകാർക്ക് പതിവുപോലെയല്ലാതെ അധികം വിളമ്പിയിട്ടില്ല. കുറവു കണ്ടാൽ എന്നെക്കൊണ്ടെന്തുചെയ്യാനാവും, കേൾക്കട്ടെ."

ദാസി പത്മ അയാളെ തട്ടിക്കേറി "നിങ്ങളുടെ ഉള്ളിൽ നിറയെ തെമ്മാടിത്തമേയുള്ളു. ഠാക്കൂർ! മുമ്പ് ഉണ്ണാൻ വന്നവരുടെ മുഖസ്തുതി കേട്ടുഞെളിഞ്ഞ് നിങ്ങൾ 'മുഡിഘണ്ഡ' മുഴുവൻ കോരി വിളമ്പിയതാണ്. എനിക്കറിയാം, അസ്സലായിട്ട്. പത്തിരുപതു പൈസ ബക്ഷിഷും തന്നിട്ടുണ്ടാവും, എനിക്കുറപ്പുണ്ട്."

ഹാജാരി പറഞ്ഞു "ഈ ഹോട്ടലിൽ എത്ര 'ബക്ഷിഷ്' കിട്ടാറുണ്ടെന്ന് നിങ്ങൾ കാണാറുള്ളതാണല്ലോ പത്മയേടത്തി! ഒരു ബീഡിപോലും ആരെങ്കിലും തന്നിട്ടുണ്ടോ? ആറിച്ചില്ലാനം വർഷമായില്ലേ, ഞാനിവിടെ പണിയെടുക്കുന്നു? നിങ്ങൾ ഞാനെപ്പോഴും സമ്മാനം വാങ്ങുന്നതേ കാണാറുള്ളു."

പത്മ പറഞ്ഞു "മുഖത്തുനോക്കി എന്നോടു തർക്കുത്തരം പറയാൻ വരണ്ട; പറഞ്ഞേക്കാം. പത്മ ഉള്ളതു പറയുമ്പോൾ ആരേയും പേടിച്ചുനിൽക്കാറില്ല. ആ തരക്കാരിപ്പെണ്ണായിക്കൂട്ടണ്ട എന്നെ. ഒന്നാം ക്ലാസ്സിലെ ഊണു

കാർ ദുർഗ്ഗാപൂജക്കാലത്ത് നിങ്ങൾക്ക് ഒരു 'ഗെഞ്ജി' (കുപ്പായം) വാങ്ങിത്ത ന്നെന്ന് സമ്മതിക്കുന്നുണ്ടോ?''

''ഹൗ! വലിയൊരു 'ഗെഞ്ജി' - പഴയ ഒരു കുപ്പായം-അതിനെയാണു വാങ്ങിത്തന്നുവെന്നു പറഞ്ഞുകൊണ്ടുവരുന്നത്.''

ബേചു പറഞ്ഞു ''പോകൂ പോകൂ. വേണ്ടാത്ത ഓരോ അധികപ്രസം ഗങ്ങൾ പറയുന്നതു മതിയാക്കൂ, ഠാക്കൂർ! കൂടുതൽ ആളുകൾ ഇനി ഇന്ന് ഉണ്ണാൻ വന്നാൽ അവർക്കു വേണ്ട പരിപ്പിൻെറ വില നിങ്ങളുടെ ശമ്പളത്തിൽനിന്ന് ഈടാക്കും.''

''എന്തിന്, ബാബു! ഇതിൽ എൻെറ കുറ്റം എന്താണ്? പത്മയേടത്തി എട്ടു പേർക്കുള്ള പരിപ്പാണ് അളന്നുതന്നിരുന്നത്. അതുകൊണ്ട് പതിനൊന്നു പേർ ഊണുകഴിച്ചു.''

ദാസി പത്മ ഇതുകേട്ട് ഹാജാരി ഠാക്കൂറിൻെറ മുമ്പിൽതന്നെ ചെന്നു നിന്ന്, കണ്ണുകൾ ചുവപ്പിച്ച് ഭാവത്തിനൊത്ത കൈകളും മുഖവും ഇളക്കി ക്കൊണ്ടുപറഞ്ഞു ''എട്ടുപേർക്കുള്ളതേ തന്നിരുന്നുള്ളുവെന്നോ? നീചൻ! തെമ്മാടി! കഞ്ചാവുകുടിയൻ! പത്തുപേർക്കു പത്തിൽ പകുതി 'അഞ്ചു പോ യ' (കാൽസേറിൻെറ ഒരളവ്) പരിപ്പ് ഈ ഞാനല്ലേ മുമ്പിൽവെച്ച് അളന്നു തന്നത്?''

ഹാജാരി ഠാക്കൂറിന് ഇതിനുതക്ക മറുപടി പറയാൻ ധൈര്യം വന്നില്ല.

ദാസി പത്മ അത്ര ക്ഷണം വിട്ടുകൊടുക്കുന്നവളല്ല. എന്നാൽ ഇതിനി ടയ്ക്കു ചിലർ ഉണ്ണാൻ എത്തിയതു കണ്ട് അവൾ പറയാൻ പുറപ്പെട്ടതു വേ ണ്ടെന്നു വെച്ച് അകത്തേക്കു പോയി. ഹാജാരി ഠാക്കൂറും പിന്നെ അവിടെ നിന്നില്ല.

സമയം രണ്ടരമണി.

അസാം മെയിൽ വന്നു കടന്നു പോയിട്ടു കുറേനേരമായി.

ഹാജാരി ഠാക്കൂർ ഒറ്റയ്ക്ക് ഭക്ഷണമുറിയിൽ ഉണ്ണുവാനിരുന്നു. വലിയ ചെമ്പുപാത്രത്തിൽ രണ്ടുവറ്റുചോറ്. കടാഹത്തിൽ ലേശം പറ്റിപ്പിടിച്ചു കിടക്കുന്ന കൂട്ടാൻ. ശേഷിച്ചിരുന്ന പരിപ്പും മീനും പത്മയുടെ പാതാളം പോ ലുള്ള കിണ്ണത്തിൽ വടിച്ചു പകർന്നുകൊടുത്തു. അവൾ നിത്യവും ഒന്നരമണി യടിച്ചാൽ മടപ്പള്ളിയിൽ ബാക്കിവരുന്ന മീനും പരിപ്പും പച്ചക്കറിയും അവളുടെ വീട്ടിലേക്കുകൊണ്ടുപോകും. വെച്ചുവിളമ്പുന്നവന് വല്ലതും ബാ ക്കിയുണ്ടെങ്കിലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം.

ഇനിയുമൊരു പാചകബ്രാഹ്മണനുള്ളത് ഒറീസക്കാരൻ. അയാളുടെ പേർ രതൻ ഠാക്കൂർ. അയാൾ ഹോട്ടലിൽ ഇരുന്ന് ഉണ്ണുക പതിവില്ല. അടുത്തുതന്നെ വീട്. സ്വന്തം ഓഹരി വീട്ടിലേക്കു കൊണ്ടുപോകും.

ഹാജാരിക്ക് ഇവിടെ ആരുമില്ല. ഹോട്ടലിൽ തന്നെ താമസം. എന്നും അയാ ൾക്ക് ഇങ്ങനെ തന്നെ തലേലെഴുത്ത്. വെറും വയറോടെ രണ്ടര മണിവരെ എല്ലുമുറിയെ അധ്വാനിച്ചു കഴിഞ്ഞ് കിട്ടുന്നത് രണ്ടുവറ്റ് ഉണങ്ങിപ്പിടിച്ച ചോറ്.

ചില ദിവസം ഒരു കയിൽ പരിപ്പ് , അതില്ലാത്ത നാളുകൾതന്നെ അധികവും. ചെമ്പിൽ ചോറ് അധികം കണ്ടാൽ ദാസി പത്മ പറയും "ആരുണ്ണാനാണ് ഇത്ര വളരെചോറ്? മൂന്നുപേർക്ക് കൊറ്റിനു മതിയാവും. എന്റെ കിണ്ണത്തി ലേക്ക് രണ്ടു ചട്ടുകംകൂടി ഇട്ടുതരൂ."

ഹാജാരി ഠാക്കൂർ ഉണ്ണാനിരിക്കുമ്പോൾ വിചാരിക്കാറുണ്ട്-രണ്ടു ചട്ടുകം കൂടി ഉണ്ടായിരുന്നെങ്കിൽ, പുളി തിരുമ്മിയെങ്കിലും ഉണ്ണാമായിരുന്നു! ഈ പത്മ എന്തൊരു മര്യാദകെട്ട പെണ്ണാണെന്നു നോക്കൂ. ഒരാൾ വയറുനിറയെ ഉണ്ണുന്നതും കണ്ടുകൂടാ. യദുബാഡുയ്യേയുടെ ഹോട്ടലിലെ പാചക ബ്രാഹ്മണൻ പതിനൊന്നു മണിക്ക് ഒരു കിണ്ണം നിറയെ ചോറു ഭക്ഷിക്കും. ഇവിടെ അതിനുയോഗമുണ്ടാവുമോ എന്നെങ്കിലും? കൊള്ളാം. ഗൃഹനായകനു ചേർന്ന ഗൃഹിണി (പത്മയെ ഉള്ളാലെ ഗൃഹിണി എന്നു വിളിക്കുമ്പോൾ അയാൾക്ക് പ്രത്യേകം ഒരു സുഖം തോന്നാറുണ്ട്. വായ തുറന്നു പറയ വയ്യാത്തതു മനസ്സിൽ പറഞ്ഞാൽ കുറച്ച് ആശ്വാസം തോന്നും).

ആഹാരത്തിനു ശേഷം രണ്ടര മണിക്കൂർ മാത്രം ഇടവേള.

വീണ്ടും അഞ്ചുമണിക്ക് ചെമ്പ് അടുപ്പത്തു കയറ്റണം.

രതൻ ഠാക്കൂർ ആ സമയം വീട്ടിൽകിടന്നു കൂർക്കം വലിക്കയാവും. എന്നാൽ ഹാജാരി ഠാക്കൂർ ചൂർണി നദിയുടെ തീരത്തുള്ള ദേവാലയത്തിലോ രാധാവല്ലഭതലയിലെ കളിത്തട്ടിലോ ചെന്നിരുന്ന് സമയം കളയും.

ഒറ്റക്കിരുന്ന്, ഉറങ്ങാതെ സമയം കളഞ്ഞിരുന്നത് വെറുതെയല്ല.അയാൾക്കു മനോരാജ്യത്തിനുള്ള സമയമാണ് അത്. വിജനമായ ഒരിടത്തിരുന്നു ചിന്തിക്കുവാൻ മറ്റൊരു സമയം കിട്ടിയിരുന്നില്ല. സന്ധ്യക്ക് ഏഴുവരെ അടുക്കളപ്പണി. അതുകഴിഞ്ഞാൽ പതിനൊന്നുവരെ ഊണുകാർക്കു വിളമ്പിക്കൊടുക്കൽ. അയാളുടെ ഊണു കഴിയുമ്പോഴേക്ക് മണി പന്ത്രണ്ട്. പിന്നെ യജമാനനെ അരിയുടേയും കറിയുടേയും കണക്കു പറഞ്ഞു ബോധ്യപ്പെടുത്തൽ. ഒരു മണിക്കിപ്പുറം ഉറങ്ങാൻ നോക്കണ്ട. പിന്നെ രണ്ടു വിനാഴിക ഒരിടത്തു കുത്തിയിരുന്ന് ആകാശക്കോട്ട കെട്ടുവാൻ എവിടെ സമയം?

ചൂർണി നദിയുടെ തീരം അയാൾക്കു പിടിച്ചു.

മറുകരെ ശാന്തിപൂരിലേക്കുള്ള നിരപ്പില്ലാത്ത നിരത്ത്. വളവരയുള്ള ഒരു വഞ്ചിയിൽ ചിലർ അക്കരെക്കു പോകുന്നു. ഗ്രാമത്തിലെ മുളങ്കൂട്ടം, ശാല്മലീ വൃക്ഷം, വയൽ, വാഴത്തോപ്പുകൾ, ആവണക്കിൻ ചെടികൾ പിടിപ്പിച്ചു വേലി വളച്ചുകെട്ടിയ ഗൃഹസ്ഥഭവനങ്ങൾ.

ഹാജാരി ഠാക്കൂർ ഒരു ബീഡി കത്തിച്ചു വിചാരം തുടങ്ങി.

അഞ്ചുവർഷങ്ങൾ കഴിഞ്ഞു ബേചു ചക്കത്തിയുടെ ഹോട്ടലിൽ ചെന്നുകൂടിയിട്ട്. ആദ്യമായി റാണാഘാടിലെ ഹോട്ടലിൽ ചെന്നുകയറിയ ദിവസം അയാൾ ഇപ്പോഴും ഓർക്കുന്നു. ഗാംനാപൂരിൽ നിന്ന് റാണാഘാട്ടിൽ എത്തിയ ഉടൻ അയാൾ നേരെ ബേചു ചക്കത്തിയുടെ ഹോട്ടലിൽ ആയിരുന്നു കയറി ച്ചെന്നത് ജോലിയന്വേഷിച്ച്.

യജമാനൻ മുൻവശത്തുതന്നെ ഇരുന്നിരുന്നു. ചോദിച്ചു "എന്തുവേണം?"

ഹാജാരി പറഞ്ഞു "അതോ ബാബു! പാചകവൃത്തി ചെയ്യുന്ന ബ്രാഹ്മണനാണ്. പണിയന്വേഷിച്ചു നടക്കുന്നു. ഇവിടെ വല്ലതും ഒഴിവുണ്ടോ ആവോ."

"എന്താണു നിൻെറ പേർ?"

"അതോ, ഹാജാരി ദേവശർമ്മ. ഉപാധി ചക്രവർത്തി."

ഇങ്ങനെ വേണം പേർ പറയാൻ എന്ന് ഹാജാരിയുടെ ദേഹണ്ണക്കാരൻ അച്ഛരൻ പഠിപ്പിച്ചിട്ടാണു പോയത്.

"വീടെവിടെ?"

"ഗാംനാപൂർ സ്റ്റേഷനിൽ ഇറങ്ങി ഏഡോശോല ഗ്രാമം വരെ പോകണം."

"പാചകവിദ്യ അറിയാമോ?"

"ബാബു, ഒരു ദിവസം പണിയെടുപ്പിച്ചു നോക്കൂ. ഇറച്ചി, മീൻ ഏതു കറിയും പാകം ചെയ്യാം."

"ശരി, മൂന്നു ദിവസം വെറുതെ പാകം ചെയ്യേണ്ടിവരും. അതു കഴിഞ്ഞാൽ ഏഴുരൂപ മാസപ്പടി , ഊണു പുറമേ, സമ്മതമാണെങ്കിൽ ഇന്നുതന്നെ തുടങ്ങിക്കോളൂ."

അന്നുതൊട്ട് ഇന്നോളം അരപൈസ ശമ്പളം കൂട്ടിക്കൊടുത്തിട്ടില്ല. എന്നാലോ, ഉണ്ണാൻ ചെല്ലുന്നവർ ഒന്നടക്കം അയാളുടെ കലാവൈഭവത്തെ വാഴ്ത്തിപ്പറയുന്നു. എന്നാൽ പത്മദാസിയുടെ വായിൽനിന്ന് താൻ വെച്ച കറിയെപ്പറ്റി ഒരൊറ്റ സ്തുതിവാക്കെങ്കിലും കേൾക്കാൻ അയാൾക്കു യോഗമുണ്ടായിട്ടില്ല. നല്ല വാക്കിൻെറ കാര്യമോ പോകട്ടെ, പത്മദാസി കഴിയുമെന്നുണ്ടെങ്കിൽ അയാളെ അമ്മിയിൽ വെച്ചു മീൻതടികൊണ്ടു കുത്തിച്ചതച്ചു കളയും. ദരിദ്രൻ, ഇന്നത്തെ ഈ സാധനങ്ങളുടെ തീപിടിച്ച വിലക്കാലത്ത് ഉള്ള ജോലിയും വിട്ട് വല്ല വഴിക്കും പോകാനൊക്കുമോ? പോകട്ടെ, അതോർത്ത് അയാൾക്ക് അത്ര അസ്വാസ്ഥ്യം തോന്നുന്നില്ല. അയാളുടെ മനസ്സിൽ വലിയ ഒരു മോഹം വളർന്നു വരുന്നുണ്ട്. ഭഗവാൻ പ്രസാദിച്ചിട്ട് അത് ഏതെങ്കിലും ഒരു ദിവസം സാധിപ്പിച്ചുകൊടുത്താൽ അതോടെ സകല അഴലും തീരും.

ഹോട്ടൽ പണി അയാൾ ഒന്നാന്തരമായി പഠിച്ചുകഴിഞ്ഞിരിക്കുന്നു.

അയാൾ തൻേറതായ് ഒരു ഹോട്ടൽ തുടങ്ങും.

ഹോട്ടലിനു പുറത്ത് എഴുതിവെച്ചിരിക്കും—

ഹാജാരി ചക്രവർത്തിയുടെ ഹിന്ദുഹോട്ടൽ, റാണാഘാട്.

മാന്യന്മാർക്ക് മിതമായ ചാർജിൽ ഭക്ഷണവും വിശ്രമവും.

വരുവിൻ! കാണുവിൻ!! പരീക്ഷിച്ചുനോക്കുവിൻ!!!

തൻെറ യജമാനനെപ്പോലെ തന്നെ എല്ലാം നോക്കി ഞെളിഞ്ഞിരുന്നുകൊണ്ട് ടിക്കറ്റുകൾ വിൽക്കും. വേലക്കാരും വെയ്പ്പുകാരും ബാബുവെന്നു വിളിക്കും. താൻ തന്നെ പോകും മാർക്കറ്റിൽ മീനും പച്ചക്കറിയും വാങ്ങാൻ.

ഈ ഹോട്ടലിലെപ്പോലെ ദാസിയെ സകല ഭാരവുമേല്പിച്ച് നോക്കിയിരിക്കയില്ല. ഇടപാടുകാരെ നല്ല ആഹാരം നൽകി തൃപ്തിപ്പെടുത്തി പണം വാങ്ങും. ഇന്നോളമുള്ള അനുഭവംകൊണ്ട്, ആളുകൾക്ക് നല്ല വസ്തുക്കൾ, നല്ലവണ്ണം പാകം ചെയ്തു വിളമ്പിക്കൊടുത്താൽ അവർ രണ്ടുകാശ് ചാർജ് അധികം തരാനും മടിക്കയില്ല എന്ന് അയാൾ മനസ്സിലാക്കി വെച്ചിരിക്കുന്നു.

ഈ ഹോട്ടലിനെപ്പോലെ അയാൾ മായക്കച്ചവടം നടത്തുകയില്ല. മായം ചേർത്ത പരിപ്പു വെച്ചുവിളമ്പുകയില്ല. മാർക്കറ്റിൽനിന്ന് മുരടിച്ചു പുഴുക്കുത്തിയ വഴുതിനങ്ങയും വണ്ടിക്കുവരുന്ന ഐസിലിട്ട വിലകുറഞ്ഞ മീനും തിരഞ്ഞുപിടിച്ചു വാങ്ങിക്കൊണ്ടുവന്നു നാട്ടുകാരെ തീറ്റുകയില്ല.

ഇവിടെ ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് വിശ്രമിക്കാൻ സൗകര്യമില്ല. വിശ്രമം അത്യാവശ്യമെന്നു തോന്നുന്നവർ യജമാനനിരിക്കുന്ന ബഞ്ചിൽ ഇരുന്ന് ഒരു ബീഡി വലിക്കും. എന്നാൽ വിശ്രമിക്കുന്നതിനു തക്ക വ്യവസ്ഥയുള്ള ഹോട്ടലിൽ ധാരാളം ആളുകൾ വരുമെന്നാണ് ഹാജാരിക്കഭിപ്രായം. ഊണു കഴിഞ്ഞാൽ ഒന്നു നടുനിവർത്തണമെന്നു പലർക്കുമുണ്ടാവും മോഹം. അയാൾ ഒരു പ്രത്യേക മുറി ഏർപ്പാടുചെയ്യും, ഉണ്ണാനെത്തുന്ന ചെറുകിടക്കാർക്കുവേണ്ടി. അവിടെ മരക്കട്ടിലിൽ കാർപ്പറ്റും പുതപ്പും വിരിച്ചിടും. തലയിണയും ഉണ്ടാവും. പുകവലിക്കുവേണ്ട വിഭവങ്ങളും ഒരുക്കിയിരിക്കും. ഒന്നു മയങ്ങണം എന്നുള്ളവർക്ക് ഒരു വിഷമവും ഉണ്ടായിരിക്കയില്ല. ഉണ്ണൂ, തിന്നൂ, വിശ്രമിക്കൂ, പുകവലിക്കൂ, തന്റെ വഴിക്കു പോകൂ. റാണാഘാട്ടിലെ ഒരു ഹോട്ടലിലുമില്ല ഈവിധ വ്യവസ്ഥകൾ; യദുബാഡുയ്യേയുടെ ഹോട്ടലിൽപോലും. ഇടപാടു വേണ്ടവിധമാകണമെന്നുണ്ടെങ്കിൽ ഇതൊക്കെ അത്യാവശ്യംതന്നെ. ഇല്ലെങ്കിലോ? വണ്ടി വരുന്ന സമയം നോക്കി സ്റ്റേഷനിൽ ചെന്നു നിന്ന് 'വരുവിൻ! വരുവിൻ! ഒന്നാന്തരം ശാപ്പാട്! ഹിന്ദു ഹോട്ടൽ!' എന്നു വിളിച്ചു നിലവിളിച്ചതുമാത്രം ഫലം. ഉണ്ണാനാളെക്കിട്ടില്ല.

സുഖമായി ഒരിടത്തിരുന്നു ഭക്ഷണം കഴിക്കുക-അതാണ് 'പറ്റു'കാർക്ക് ആവശ്യം. അതു ലഭ്യമാകുന്നിടത്തെത്തും തനിയെ ഉപഭോക്താക്കൾ.

അയാൾക്കറിയാം-ഇന്ന് ഒരു ഹോട്ടലിൽ വിശ്രമഗൃഹം ഏർപ്പാടു ചെയ്താൽ മതി, നോക്കിക്കൊണ്ടുനിൽക്കെ, നാളെത്തന്നെ റാണാഘാട് ബസാറിലെ സകലമാന ഹിന്ദുഹോട്ടലുകളിലും തുറക്കും ഓരോ വിശ്രമാഗാരം-അതുകൊണ്ട് രണ്ടൂണുകാരെ അധികം കിട്ടുമെന്നുണ്ടെങ്കിൽ.

എന്നാലും ആദ്യമായി ഇതിൽ പേരെടുക്കുന്നവനുതന്നെയായിരിക്കും എന്തൊക്കെ വന്നാലും കൂടുതൽ മെച്ചം. പിന്നെയുമുണ്ടായിരുന്നു എന്തൊക്കെയോ മനോരാജ്യങ്ങൾ, ഹാജാരിയുടെ തലച്ചോറിൽ വരച്ചുവെച്ചിട്ടുള്ളവയായി. ഒരു വിശ്രമഗൃഹം മാത്രമെന്നു വെക്കേണ്ട. എത്രയോ പേരുണ്ട് കോടതിയിൽ 'നമ്പ'രിനു വരുന്നു. അവർ പകലത്തെ പൊരിഞ്ഞ അധ്വാനത്തിനു ശേഷം വന്നു കുളിച്ചു സുഖമായി ഊണുകഴിച്ച്, അല്പം ശീട്ടുകളിക്കണം

എന്ന അഭിപ്രായക്കാരായെന്നു വരാം. അതിനുമുണ്ടാവും വ്യവസ്ഥ. വെറ്റിലമുറുക്കുന്നതിന് വേറെ ചാർജ്ജുചെയ്യില്ല. തന്നെത്താനെടുത്തു മുറുക്കാം. വല്ലെങ്കിൽ വേലക്കാരെക്കൊണ്ടു ചെയ്യിക്കാം.

ചൂർണിക്കരക്കിരുന്നു ചിന്തിക്കുന്ന സമയം ഇങ്ങനെ പല പല പുതിയ പദ്ധതികളും അയാളുടെ മനസ്സിൽ രൂപംകൊള്ളും. എന്നാൽ എന്നെങ്കിലും ഇതൊക്കെ നടക്കുമോ? മനോരഥം പൂർണ്ണമാവുമോ? പ്രായം നാല്പതു നാല്പത്താറായി. ഇക്കാലമത്രയും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഏഴുരൂപ ശമ്പളത്തിന്റെ പണിക്ക് ഇനിയും ഒരറുതിവന്നു കാണുന്നില്ല. പ്രാരാബ്ധക്കാരനായ ഒരു പടു ദരിദ്രൻ. എന്തുചെയ്താലെന്തുവരും എന്നുപോലും ചിന്തിച്ചിട്ടൊരു പിടികിട്ടുന്നില്ല.

എന്നിട്ടും നിത്യവും ഈ ചൂർണിയുടെ തീരത്തിരുന്ന് അയാൾ ഇതൊക്കെ ചിന്തിക്കുന്നതെന്തിന്? ചിന്തിക്കുന്നതിൽ ഒരു സുഖം തോന്നുന്നു. അതുകൊണ്ടു ചിന്തിക്കുന്നു.

എന്നാലും പ്രായമായി എന്നുവെച്ച് വെറുതെയിരിക്കുന്ന തരക്കാരനല്ല, അയാൾ. നാല്പ്പത്താറ് അത്ര വലിയ ഒരു വയസ്സല്ല. ഇനിയും എത്രയോ കാലം അയാൾ ജീവിക്കാൻ പോകുന്നു. അതിനാൽ ഉത്സാഹത്തിന് ഒരു കുറവുമില്ല. ഒരു ഹോട്ടൽ തുറക്കാൻ തരമായാൽ എങ്ങനെയാണ് സൽപേർ സമ്പാദിക്കുക എന്നു കാട്ടിക്കൊടുക്കും. ഹോട്ടൽ തുടങ്ങിവെച്ചിട്ടു ചത്താലുമില്ല വ്യസനം...

സമയമായിരിക്കുന്നു. ഇനി ഇരുന്നാൽ പറ്റില്ല. ദാസി പത്മ ഇതിനിടയ്ക്ക് അടുപ്പിൽ തീപിടിപ്പിച്ചു കഴിഞ്ഞിരിക്കും. വൈകിച്ചെന്നാൽ അവളുടെ 'പുലഭ്യ'ങ്ങൾ കേൾക്കേണ്ടിവരും. എന്തൊരു ഏഷണിയും ഭീഷണിയും!-സഹിച്ചുകൂടാ. യജമാനനു 'കൊളുത്തി'ക്കൊടുത്തുകളഞ്ഞില്ലേ അവൾ ഞാൻ കഞ്ചാവുകുടിക്കുമെന്ന്! സത്യാവസ്ഥയോ, തൊട്ടിട്ടില്ല ഒരുകാലത്തും.

മടക്കത്തിൽ ചെറിയങ്ങാടിത്തലക്കലാണ് രാധാവല്ലഭതല. ഹാജാരി നിത്യവും ഈ സമയം ഇവിടെ വന്ന് ഭഗവാനെ ഭക്തിയോടെ പ്രണമിച്ചിട്ടു പോകും.

"ഭഗവാനേ രാധാവല്ലഭാ! സാഷ്ടാംഗം നമസ്കരിക്കുന്നു ദേവാ! എന്റെ മോഹം സാധിപ്പിച്ചുതരൂ! ദാസി പത്മയുടെ തട്ടിക്കേറ്റം പൊറുക്ക വയ്യാതായി എനിക്ക്. യജമാനന്റെ ഹോട്ടലിനടുക്കൽതന്നെ ആ പെണ്ണു നോക്കിനിൽക്കേ എനിക്കു ഹോട്ടൽ തുറക്കാൻ ഭാഗ്യമുണ്ടാക്കിത്തരൂ, തമ്പുരാനേ!"

ഹോട്ടലിൽ മടങ്ങിയെത്തിയപ്പോൾ രതൻ ഠാക്കൂർ ഇനിയും എത്തിയിട്ടില്ല എന്നു കണ്ടു. പത്മപ്പെണ്ണ് തീപിടിപ്പിച്ച് എവിടേയ്ക്കോ പോയിരിക്കുന്നു.

ബേചുചക്കത്തി പകലുറക്കം കഴിഞ്ഞ് എഴുന്നേറ്റു വീട്ടിൽനിന്നു ചെല്ലേണ്ട താമസം, ഹാജാരിയെ വിളിച്ചു.

"ഒരുകാര്യം, ഇന്ന് ചില ബാബുമാർക്കു ഭക്ഷണം പാകം ചെയ്തു കൊടുക്കണം, മാംസവും വേണം. മുൻകൂർ പണം തന്നിട്ടുപോയിരിക്കുന്നു. എല്ലാം

സമയമാവുമ്പോഴേക്കു തയ്യാറാവണം. അവർ മൂർഷിദാബാദ് വണ്ടിക്കു തിരിച്ചുപോകും. മനസ്സിരുത്തിക്കോളൂ. രതൻ ഇനിയും വന്നില്ലേ?''

ഹാജാരിക്കു സങ്കടം തോന്നി. അയാളുടെ കൈകൊണ്ടുള്ള ചമയൽ ഒന്നാന്തരമാവും, അതുകൊണ്ട് അയാൾതന്നെ വേണം മാംസം പാകം ചെയ്യാൻ എന്നു പറയാതിരുന്നത് എന്തുകൊണ്ട്? ഇക്കൂട്ടർ തൻെറ പാചകം നല്ലതാണെന്ന് ഒരിക്കലും പറയാറില്ല. എന്നാൽ ഈ കല സ്വായത്തമാക്കുന്നതിന് താൻ പെട്ട പാടിനുണ്ടോ ഒരറുതി.

എങ്ങനെയാണ് അയാൾ നളപാകത്തിൽ ഭക്ഷണം പാകം ചെയ്യാൻ പഠിച്ചത്? അതിനൊരു ചരിത്രമുണ്ട്.

ഹാജാരി നല്ലപോലെ ഓർക്കുന്നുണ്ട്-അയാളുടെ എഢോശോല ഗ്രാമത്തിൽ എന്നുതൊട്ടെന്നറിയാതെ വന്നു പാർക്കാൻ തുടങ്ങിയ ഒരു വൃദ്ധ ബ്രാഹ്മണ വിധവ ഉണ്ടായിരുന്നു. അന്നു ഹാജാരിക്കു വയസ്സ് ഒൻപതോ പത്തോ ആയിരുന്നു. വിധവയുടെ 'ദേഹണ്ണ'ത്തിനെപ്പറ്റി ആളുകൾക്കു നല്ല മതിപ്പുണ്ടായിരുന്നു. ഗ്രാമത്തിനു പുറത്തുള്ളവരും ആ വഴി അവളെ അറിഞ്ഞിരുന്നു.

ഹാജാരിയുടെ അമ്മ വിധവയോടു പറഞ്ഞു "വലിയമ്മേ, വലിയമ്മയ്ക്കു പ്രായമായിത്തുടങ്ങി. ഇനി എത്രനാളേക്ക്? വലിയമ്മയുടെ കൈപ്പുണ്യം എനിക്കു തന്നിട്ടുപോകൂ. മറക്കില്ല വലിയമ്മയെ ഒരുനാളും.''

വിധവ പറഞ്ഞു "ശരി മകളേ, നിനക്ക് ഞാൻ ഒരു 'കൂട്ടം' തരുന്നുണ്ട്, മാംസം കൂടാതെ 'ചച്ചഡി' പാകം ചെയ്യേണ്ട വിധി നിന്നെ പഠിപ്പിച്ചു തരുന്നുണ്ട് ഞാൻ.''

ആ വൃദ്ധ ഹാജാരിയുടെ അമ്മയെ അതൊന്നു മാത്രം പഠിപ്പിച്ചുകൊടുത്തു. ആ ഒരൊറ്റ ഭക്ഷ്യം പാകം ചെയ്യുന്നതിൽ കിട്ടിയ വിരുതുകൊണ്ട് ഹാജാരിയുടെ അമ്മയുടെ പേർ അയൽപക്കങ്ങളിലുള്ള എട്ടുപത്തു ഗ്രാമങ്ങൾ വരെ എത്തി. കേട്ടാൽ നിസ്സാരം, നിരാമിഷ ചച്ചഡി. എന്തുകിടക്കുന്നു ഇതിൽ? ഈ ചോദ്യത്തിന് ഉത്തരം ലഭിക്കണമെന്നുണ്ടെങ്കിൽ ഹാജാരിയുടെയമ്മ ചമച്ച ചച്ചഡി ഭക്ഷിച്ചുനോക്കുക തന്നെ വേണം.

അനുശോചിക്ക തന്നെ വേണം. അവൾ ഇന്നില്ല. കഴിഞ്ഞകൊല്ലം എല്ലാവരേയും വിട്ടുപൊയ്ക്കളഞ്ഞു.

ഹാജാരിക്ക് അമ്മയുടെ രന്ധനപ്രതിഭ പാരമ്പര്യമായി ലഭിച്ചതാകുന്നു. മാംസം, മത്സ്യം എല്ലാം ഒന്നാന്തരമായി പാകം ചെയ്യാനറിയാം. എന്നാൽ അയാളുടെ കൈകൊണ്ടുണ്ടാക്കിയ 'വെജിറ്റേറിയൻ' ചച്ചഡി തന്നെ ഏറ്റവും വിശേഷപ്പെട്ടത്. ബേചൂ ചക്കത്തിയുടെ ഹോട്ടലിൽനിന്ന് അത് ഒരു കുറി രുചിച്ചുനോക്കിയവൻ അടുത്ത തവണയും ചുറ്റിക്കറങ്ങി ആ ഹോട്ടലിൽ തന്നെ ചെന്നുകയറും. റെയിൽ ബസാറിൽ പിന്നെയുമുണ്ടല്ലോ എത്രയോ ഹോട്ടലുകൾ-അങ്ങോട്ടൊന്നും തിരിഞ്ഞുനോക്കില്ല.

ഇന്നും മാംസം പാകം ചെയ്യാനുള്ള ചുമതല അയാളെ തന്നെ ഏല്പിച്ചി

രിക്കുന്നു. അതു ഭക്ഷിക്കുനതിനിടയ്ക്ക് ബാബുമാർ അയാളുടെ പാക വൈദഗ്ദ്ധ്യത്തെ അങ്ങേയറ്റം പ്രശംസിക്കുവാൻ തുടങ്ങി. എന്നാൽ അതു കൊണ്ട് അയാൾക്ക് വ്യക്തിപരമായി യാതൊരു ഗുണവും ഉണ്ടായിരുന്നി ല്ല-ഈ സ്തുതിവചനങ്ങളൊഴികെ. ദാസി പത്മ പ്രോത്സാഹജനകമായ ഒറ്റവാക്ക് ഉച്ചരിച്ചില്ല. ബേചു ചക്കത്തിയും അങ്ങനെ തന്നെ.

രാത്രി കുറേച്ചെന്നിട്ടാണ് ഹാജാരി ഉണ്ണാനിരുന്നത്. എത്ര നിഷ്കർഷി ച്ചു സ്വന്തം കൈകൊണ്ടു ചമച്ച മാംസം! അത് അയാൾക്ക് ലേശം രുചിച്ചു നോക്കുവാൻ ബാക്കിയൊട്ട് ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നത് യജമാനൻ സ്വന്തം വീട്ടിലേക്കു കൊടുത്തയച്ചുകളഞ്ഞു. പിന്നെ വല്ലതും ശേഷിച്ചിരുന്നെങ്കിൽ അതു പത്മയും വടിച്ചുതുടച്ചുകൊണ്ടുപോയി.

ഭക്ഷണസമയത്ത് എന്നും അനുഭവപ്പെടാറുണ്ട് ഈ അവശത. അയാൾ ക്ക് ഏറെയൊന്നും ബാക്കിയുണ്ടാവുക പതിവില്ല. പലപ്പോഴും ചോറുതന്നെ കഷ്ടിപിഷ്ടിയാവും. മീനും ഇറച്ചിയും ചോദിക്കയേ വേണ്ട. പ്രായം ഇത്രയാ യെങ്കിലും ഹാജാരിക്ക് ഊണ് 'ക്ഷ'യാവാം. ഭക്ഷണം പ്രിയവുമാണ്. എന്നാൽ അധിക ദിവസവും ഉണ്ടു വിശപ്പുമാറാറില്ല.

രാത്രി മണി പന്ത്രണ്ടര. യജമാനൻ കണക്ക് ഒത്തുനോക്കി പൊയ്ക്കഴി ഞ്ഞു. ഹോട്ടലിൽ ഹാജാരിയും വേലക്കാരൻ മതിയും മാത്രമേയുള്ളു താ മസക്കാർ. പത്മ എപ്പൊഴേ വീടുപറ്റിക്കഴിഞ്ഞിരുന്നു. പത്തുമണി കഴിഞ്ഞാൽ അവൾ അവിടെ നിൽക്കയില്ല എന്തുതന്നെ വന്നാലും.

മതി പറഞ്ഞു "പോകാം. കൊച്ചുബസാറിൽ 'യാത്ര' (പൗരാണിക നാ ടകാഭിനയം) ഉണ്ട്. കാണാൻ പോകാം തിരുമേനി!"

"ഈ അസമയത്താണ് 'യാത്ര'ക്കു യാത്ര. പ്രാന്തല്ലാതെ എന്താ? പകൽ മുഴുവൻ അധ്വാനിച്ചിട്ട് ഇനിയാണു നാടകം കാണാൻ കൊതി. ഞാനില്ല. നീ വേണമെങ്കിൽ പൊയ്ക്കോ. വന്നിട്ടു കലവറ മുറിയുടെ ജനൽ മുട്ടിയാൽ വാതിൽ തുറന്നുതരാം."

വേലക്കാരൻ മതിക്കു ചെറുപ്പമാണ്. അവന് ഇതിലൊക്കെ ഭ്രമവും കലശലാണ്. അവൻ പിന്നെ അമാന്തിച്ചില്ല.

മതി പോയി കുറച്ചു കഴിഞ്ഞപ്പോൾ ആരോ പുറുത്തുനിന്നു വാതിൽക്കൽ മുട്ടി. എഴുന്നേറ്റു ചെന്നു വാതിൽ തുറന്ന ഹാജാരി അടുത്തുള്ള ഹോട്ടലി ന്റെ ഉടമസ്ഥൻ സാക്ഷാൽ യദുബാഡുയ്യേ പുറത്തു നിൽക്കുന്നതു കണ്ട് അത്ഭുതപ്പെട്ടുപോയി. യദുബാഡുയ്യേയുടെ ഹോട്ടലുമായി കിണഞ്ഞ മത്സരത്തിലാണ് ബേചുചക്കത്തിയുടെ ഹോട്ടൽ. ഇയാൾ ഈ അസമയത്ത് ഇവിടെ എന്തുദ്ദേശത്തോടെ? മുമ്പൊരിക്കലും വന്നിട്ടില്ല. ഹാജാരി ഓച്ഛാ നിച്ചുനിന്നു. യദുബാഡുയ്യേയും ഒരു ഹോട്ടലിന്റെ ഉടമസ്ഥനാകുന്നു. അതി നാൽ ഹാജാരിയുടെ ദൃഷ്ടിയിൽ അയാളും സ്വന്തം യജമാനനെപ്പോലെത ന്നെ. ഒരുവിധത്തിൽ യജമാൻതന്നെ.

യദുബാഡുയ്യേ ചോദിച്ചു "ആരൊക്കെയുണ്ട്?"

യദുവിൻെറ വരവിൻെറ ഉദ്ദേശം എന്താകാമെന്ന് പിടികിട്ടാതെ ഇതിനി ടെ പലതും തിരിച്ചും മറിച്ചും ചിന്തിക്കാൻ തുടങ്ങിയ ഹാജാരി അതിവിനയ ത്തോടെ പറഞ്ഞു "വേറെയാരുമില്ല ബാബു. ഞാൻ മാത്രം. മതി ഉണ്ടായി രുന്നു. ചെറിയ ബജാറിൽ യാത്ര-"

യദു പറഞ്ഞു "നടക്കൂ, അകത്തേക്കു പോകാം. നിങ്ങളോടു ചിലതു സംസാരിക്കാനുണ്ട്."

അകത്തു കടന്ന് യദു ബേചുചക്കത്തിയുടെ ഇരിപ്പിടത്തിൽ ഇരുപ്പുറപ്പി ച്ച് നാലുപാടും ഒന്നു കണ്ണോടിച്ചു നോക്കിക്കൊണ്ടു ചോദിച്ചു "നിങ്ങൾക്ക് ഇവിടന്നു എത്ര കിട്ടുന്നുണ്ട് ഠാക്കൂർ?"

"അത്... ഏഴു രൂപയും ഭക്ഷണവും."

"ഉടുക്കാൻ തരാറില്ലേ?"

"ഉടുക്കാൻ കൊല്ലത്തിൽ രണ്ടു തുണി."

യദു തൊണ്ട ഞെരക്കി ശബ്ദം തെളിയിച്ചുകൊണ്ടു പറഞ്ഞു "ഒരു കാര്യം പറയാം, കേട്ടോളൂ. എൻെറ ഹോട്ടലിലേക്കു വരണ്ടോ, പത്തു രൂപയും ഊണും തരാം. കൊല്ലത്തിൽ മൂന്ന് മുണ്ട്. അലക്ക്, ക്ഷൗരം, എണ്ണ, മുറുക്കാൻ. വരണോ?"

ഹാജാരി തികച്ചും അന്ധാളിച്ചുപോയി. കുറെ നിമിഷത്തേക്കു സംസാ രിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ പറഞ്ഞു "ബാബു, പെട്ടെന്നു ഒരു മറുപടി പറയാൻ വിഷമമുണ്ട്. ആലോചിച്ചു പറയാം. പോരേ?"

"ആലോചിക്കാനും തർക്കിക്കാനും എന്തിരിക്കുന്നു? ഞാൻ ഒന്നു പറഞ്ഞാൽ അതുപോലെതന്നെ കാര്യങ്ങൾ. നിങ്ങൾ നാളെത്തൊട്ടുതന്നെ ഈ ഹോട്ടൽ വിട്ടുപോരൂ. നാളെത്തന്നെ നിയമിക്കുന്നുണ്ട് നിങ്ങളെ. പക്ഷേ ഒരു കാര്യം-ബേചുചക്കത്തിയുമായി അസ്വാരസ്യത്തിലേർപ്പെടാൻ എനിക്കു മോഹമില്ല. അയാളും വ്യവസായി, ഞാനും വ്യവസായി."

ഹാജാരിക്കു തല ചുറ്റുന്നതുപോലെ തോന്നി. ആരും കാണുന്നില്ലല്ലോ? ദാസി പത്മ എവിടെയെങ്കിലും പതുങ്ങിയിരുന്നു കേൾക്കുന്നുണ്ടാവില്ലല്ലോ. അയാൾ പരിഭ്രമത്തോടെ പറഞ്ഞു "ഇപ്പോൾ ഒന്നും ഉറപ്പിച്ചു പറയാൻ സാധി ക്കയില്ല ബാബു! നാളെയാലോചിച്ചു പറയാം. നാളെ രാത്രി ഈ സമയത്തു, വന്നാൽ മതി."

യദുബാഡുയ്യേ തിരിച്ചുപോയി.

ഹാജാരി കഞ്ചാവു കുടിക്കുമെന്ന് പറഞ്ഞത് തീരെ അടിസ്ഥാനരഹി തമല്ല. എന്നാൽ രഹസ്യമായി, മാത്രയധികമാകാതെ മാത്രം. ഇന്ന് ഈ സം ഭവത്തിനുശേഷം ഒരുകടുക്ക കഞ്ചാവ് ഒരുക്കാതിരിക്കാൻ കഴിഞ്ഞില്ല. ലോ കത്തിൽ ഇന്നോളം ആരുംതന്നെ അയാളെയോ അയാളുടെ പാചക വൈദഗ്ദ്ധ്യത്തെയോ പുകഴ്ത്തിക്കൊണ്ട് അയാൾ ചമച്ചു വിളമ്പിയ ആഹാരം ഭക്ഷിച്ച് എഴുന്നേറ്റു പോവുകയല്ലാതെ, അയാളെ പുരസ്കരിക്കയുണ്ടായി ട്ടില്ല. ഉപഭോക്താക്കളുടെ വെറും വായിൽനാക്കുകേട്ടു വയറുനിറയുകയില്ല.

യദുബാബു സ്വയം തൻെറയടുക്കലേക്കല്ലേ വന്നത്? പത്തുരൂപ മാസപ്പടി പ്പണി (സകല ചിലവും പുറമേ) തരാമെന്നു പറയാൻ?

ഇന്നും ഇന്നലെയുമൊന്നുമല്ല ഈ റാണാഘാട് ബസാറിൽ വന്നത്. ഒരു ദിവസവും ആരോടും ഏറെയടുക്കാൻ പോയിട്ടില്ല, ഹാജാരി. അയാൾക്ക് അതിഷ്ടവുമല്ല. അയാളുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം കൂട്ടു കൂടിയിരുന്നു കഞ്ചാവുവലിച്ചു 'പിമ്പിരി' കൊണ്ടാൽ നടക്കാൻ പോകുന്നി ല്ല. അതിന് അധ്വാനം ആവശ്യമാണ്. ബസാറിൻെറ സ്വഭാവം മനസ്സിലാ ക്കണം. കണക്കു വെക്കാൻ പഠിക്കണം. ഒരു എണ്ണം പറഞ്ഞ ഹോട്ടൽ നടത്താൻ വേണ്ട എല്ലാ മരുങ്ങും തന്ത്രവും ആയത്തമായിരിക്കണം. ലോ കത്തിൽ ഉന്നതി വേണമെങ്കിൽ, പത്തുപേരുടെ മുമ്പിൽ മാന്യത നേടണ മെന്നുണ്ടെങ്കിൽ, മറ്റുള്ളവർ തൻെറ പേർ പറയുന്നതു കേൾക്കണമെന്നു വി ചാരമുണ്ടെങ്കിൽ അതിന് അധ്വാനിക്കണം. കഠിനമായ പ്രയത്നം. സെറ്റുകൂടി കൂത്തിയിരുന്നു കഞ്ചാവു കുടിച്ചു നടക്കുകയോ മതിയെപ്പോലെ പണപ്പിരി വു നടത്തി നടത്തപ്പെടുന്ന നാടകങ്ങൾ കണ്ടു രസിക്കുകയോ ചെയ്താൽ എന്താണുണ്ടാവുക?

രാത്രി കുറെയായിരിക്കുന്നു. തലയ്ക്കു നല്ല ചൂടു തോന്നുന്നു. ഉറക്കം വരുന്ന മട്ടില്ല.

വാതിൽക്കൽ മുട്ടുകേട്ടു. എഴുന്നേറ്റു വാതിൽ തുറന്നു. മതി അകത്തേക്കു കടന്നിട്ടു ചോദിച്ചു "അല്ലാ, ഇനിയും ഉറങ്ങിയില്ലേ? കണ്ണുംമിഴിച്ചിരിക്കുന്നു."

ഹാജാരി കഞ്ചാവുകുടുക്ക ഒളിച്ചുവെച്ചശേഷമാണ് വാതിൽ തുറന്നത്. അയാൾ പറഞ്ഞു. "ചൂടു കണ്ടില്ലേ. എങ്ങനെ ഉറങ്ങും? പകൽ മുഴുവൻ തീ പ്പൊള്ളുന്ന മട്ടിലുള്ള ചൂട്. വേഗം പോന്നതെന്തേ? യാത്ര കണ്ടില്ലേ?"

മതി പറഞ്ഞു "അരങ്ങത്തു സൂചികുത്താൻ സ്ഥലമില്ല. എന്തൊരാൾ ക്കൂട്ടം! വരൂ, നമുക്കൊരിടത്തു പോകാം ഠാക്കൂർ മശായി!"

"എവിടേക്ക്?"

"നഗരത്തിൻെറ നടുവിലേക്ക്. വരൂന്ന്. ഉറക്കം വരാത്തസ്ഥിതിക്ക് ഒന്നു കറങ്ങിയിട്ടു വരാം. നിങ്ങൾ ഒരു ദിവസവും എങ്ങും-"

ഹാജാരി പറഞ്ഞു "നിങ്ങളൊക്കെ ചെറുപ്പക്കാർ. എനിക്കു വയസ്സായി. നിൻെറ അച്ഛനാകാൻ പ്രായമുണ്ട്, എനിക്ക്, എന്നോടെന്തിനാണ് ഈവക വർത്തമാനങ്ങൾ. നീ നിൻെറ ഇഷ്ടംപോലെ എന്തുവേണമെങ്കിലും ചെയ്യ്. പോ!"

"ബാബുവിനോടൊ വേലക്കാരിയോടൊ പറഞ്ഞുകൊടുക്കരുത് ട്ടോ, തി രുമേനി! ഇതാ കാലുപിടിക്കാം, ഞാൻ."

ആശ്ചര്യം! മതിയുടെ വർത്തമാനം ഹാജാരിയുടെ മനസ്സിൽ പുതിയ തരത്തിലുള്ള ഒരു ഭാവന സൃഷ്ടിച്ചു. അയാൾക്ക് മഹത്വാകാംക്ഷയുണ്ട്. മതി യെപ്പോലെ രാത്രി ചുറ്റിയടിച്ചു താന്തോന്നിത്തം കാട്ടി നടന്നു സമയം കളഞ്ഞാൽ ദൈവം മാപ്പുകൊടുക്കയില്ല. മതി എന്തു വിചാരിച്ചിട്ടോ, പുറ

ത്തേക്കു പോയില്ല. പാത്രക്കലവറയിൽ (ഹോട്ടലിലെ പിച്ചളയും ചെമ്പും കൊണ്ടുള്ള കിണ്ണങ്ങളും കോപ്പകളും രാത്രി കഴുകിക്കഴിഞ്ഞാൽ ഒപ്പംനിന്ന് എണ്ണി പെട്ടിയിലാക്കിപ്പൂട്ടി താക്കോൽ ബേചുചക്കത്തി കൂടെ കൊണ്ടു പോകും) പോയിക്കിടന്നു. ഹാജാരിയും അവിടെത്തന്നെയാണ് ഉറങ്ങുക പതിവ്. എന്നാൽ ഇന്ന് അയാൾ പുറത്തുള്ള മുറിയിൽ നിലത്ത് അയാളുടെ പഴയ പുല്ലുപായ വിരിച്ചു കിടന്നു.

ഇല്ല, യദുബാബുവിൻെറ ഹോട്ടലിലേക്ക് പോകില്ല. ഹോട്ടലിലെ മടപ്പിള്ളിപ്പണി എല്ലായിടത്തും ഒരുപോലെതന്നെ. ഈ ഹോട്ടലിൽ പത്മ-ആരറിഞ്ഞു ആ ഹോട്ടലിൽ ഇതേ മാതിരി എത്ര പത്മമാരുണ്ടാവുമെന്ന്! അതിനും പുറമേ, ബേചു ചക്കത്തി അഞ്ചു വർഷങ്ങളായി അയാളുടെ അന്നദാതാവാണ്. ലാഭത്തിന് വശംവദനായി ഇത്രനാളത്തെ അന്നദാതാവിനെ വെടിയുന്നത് അനുചിതമായിരിക്കും.

അയാൾ സ്വയം ഒരു ഹോട്ടൽ തുടങ്ങും. അതുതന്നെയാണല്ലോ അയാളുടെ ലക്ഷ്യം. നളവൃത്തി ചെയ്യേണ്ടിവരുന്നിടത്തോളംകാലം മറ്റൊരാളെ സേവിക്കാനാവില്ല. വേറെ ഒരിടത്തേക്കുമില്ല. അതിനുശേഷം രാധാവല്ലഭൻ കനിഞ്ഞാൽ-അപ്പോൾ കാര്യം വേറെ.

പിറ്റേദിവസം നന്നെ പുലർച്ചക്കുതന്നെ ദാസി പത്മ വന്നു വിളിച്ചു "ഏയ് ഠാക്കൂർ ! വാതിൽ തുറക്കൂ! ഇനിയും എണീറ്റിട്ടില്ല? കൊള്ളാം. കുംഭകർണ്ണനെ 'തുന്നം പാടി'ച്ചുകളഞ്ഞല്ലോ നിങ്ങൾ!"

ഹാജാരി വേഗം എഴുന്നേറ്റ് കീറിയ പുല്പായ ചുരുട്ടിവെച്ചു വാതിൽ തുറന്നു കൊടുത്തു. കുറെക്കഴിഞ്ഞു ബേചു ചക്കത്തിയും എത്തി. മുറിയിലും ഇരിപ്പിടത്തിലും കാഷ്ബോക്സിലും ഗംഗാജലം തളിച്ച്, കാഷ്ബോക്സിൻെറ മൂടി ഗംഗാജലംകൊണ്ടുതന്നെ പതുക്കെയൊന്നു കഴുകിത്തുടച്ചശേഷം പത്മയോടു പറഞ്ഞു "അടുപ്പുകൂട്ടൂ. നേരം കുറെയായി. ഇന്നു ചന്തദിവസമാണ്. വ്യാപാരികളുടെ നല്ല തിരക്കുണ്ടാവും. വേഗം മടപ്പിള്ളിയിൽ ചെന്നു തീ പിടിപ്പിക്കൂ. പിന്നെ....അന്നത്തെപ്പോലെ കെട്ടമീനും തൈരും വാങ്ങിക്കൊണ്ടു വരാതിരിക്കണേ എൻെറ കുട്ടീ! അതു പേരുകെടുത്തിക്കളയും. ഒടുവിൽ സാനിട്ടറി ബാബുവിൻെറ കണ്ണിൽപ്പെടുകയും ചെയ്യും. എന്തിനുവേണ്ടാത്തതിനുപോകുന്നു."

വ്യാപാരികൾ അധികവും കുഗ്രാമങ്ങളിലെ കൃഷിക്കാരായിരിക്കും. അവർക്കു തൈർ പ്രിയമാണെന്നു കണ്ട് എല്ലാ ചന്ത ദിവസങ്ങളിലും അവർക്കായി ഏതാനും കുടം തൈർ വാങ്ങിക്കരുതുക പതിവുണ്ട്. ഈ തൈർ പത്മ അവളുടെ വീട്ടിൽതന്നെ ഉണ്ടാക്കിയിരുന്നതാണ്. അവൾ തൈരുണ്ടാക്കി ഹോട്ടലിൽ കൊടുത്ത് രണ്ടു കാശുണ്ടാക്കിയിരുന്നു. അവൾ ഒന്നാംകിട 'ചരക്ക'ല്ല വിറ്റിരുന്നതെന്ന് എടുത്തുപറയേണ്ടതില്ലല്ലോ.

പത്മ മുഖം ഒന്നു വെട്ടിച്ചിട്ടു പറഞ്ഞു "ബാബു, നിങ്ങളുടെയൊരു അശ്രീകരംപിടിച്ച വർത്തമാനങ്ങൾ! തൈരു കെട്ടതാണ്, പഴകിയതാണ്! ആരു

പറഞ്ഞു. തൈര് മോശമായിരുന്നുവെന്ന്! ആ അവലക്ഷണം പിടിച്ച ഹാജാരി ഠാക്കൂറല്ലേ പറഞ്ഞത് ; അവൻെറകള്ളത്തരം ഇന്നു ഞാൻ-''

സംഗതി പറഞ്ഞതു ഹാജാരിതന്നെ. എന്നാൽ തൈര് കെട്ടതായിരുന്നു വെന്ന് അയാൾ പറഞ്ഞില്ല. അയാൾ പറഞ്ഞത് വ്യാപാരികൾ ഊണുകഴിക്കാനിരുന്നപ്പോൾ ഈ ജാതി തൈര് വിളമ്പിയാൽ തങ്ങൾ പതിനാലു പൈസക്കുപകരം പന്ത്രണ്ടു പൈസയേ ഭക്ഷണത്തിനു നൽകുകയുള്ളു വെന്ന് പരസ്പരം പറയുന്നതു കേട്ടു എന്നതുമാത്രമാണ്.

പത്മ മടപ്പിള്ളിയുടെ വാതിൽപ്പടിയിൽ ഒരു കാൽ വെച്ചുനിന്നുകൊണ്ട് ഭയങ്കരമായി തെറ്റിയപോലുള്ള സ്വരത്തിൽ പറഞ്ഞു ''ഒന്നറിയട്ടെ, ഞാൻ. എഡോ, ഠാക്കൂർ, തൈര് കെട്ടതാണെന്ന് ആരാണു തന്നോടു പറഞ്ഞത്?''

ഹാജാരി പതുക്കെപ്പറഞ്ഞു ''ആ ബാബുമണ്ഡലും അയാളുടെ മരുമകനും നിത്യം ചന്തദിവസം ഈ ഹോട്ടലിത്തന്നെയല്ലേ ഉണ്ണാറുള്ളത്? അവർ പറഞ്ഞു.''

''പറഞ്ഞോ അങ്ങനെ? നിങ്ങളുടെ തൊണ്ടയിക്കൂടെയാണു പറഞ്ഞതെന്നു തോന്നും കേട്ടാൽ. നിങ്ങളെപ്പോലത്തെ ഒരു അസൂയക്കുടുക്ക ഇഹത്തിലും പരത്തിലുമുണ്ടാവില്ല. ഞാൻ തൈര് കൊടുക്കുന്നതുകണ്ടിട്ടു നിങ്ങൾക്കു കുനുഷ്ഠ്! ഞാനറിയില്ല ഇതൊക്കെ എന്ന ധാരണ വേണ്ട. നിങ്ങളുടെ ഇഷ്ടക്കാരി കുസുംഗോയാലിനി (ഇടച്ചി)യുടെ മടിശ്ശീലയിലല്ല അതിൻെറ പണം വീഴുന്നത്. അതല്ലേ നിങ്ങൾക്കിത്ര കണ്ണുകടി? കഞ്ചാവു കുടിയൻ, മരമുകറൻ പൂണൂക്കാരൻ!''

ഹാജാരി നാവൊന്നു കടിച്ചുകൊണ്ടു പറഞ്ഞു ''ഛീ ഛീ! പത്മയേടത്തി! നിങ്ങൾ എന്തൊക്കെയാണീ പറയുന്നത്? കുസുമത്തിൻെറ അച്ഛൻെറ വീടും എൻെറ വീടും ഒരേ ഗ്രാമത്തിലാണ്. എന്നെ അവൾ വലിയച്ഛനെന്നു വിളിക്കുന്നു. ഞാനവളെ മകളെപ്പോലെയാണു വെച്ചിട്ടുള്ളത്. അവളെപ്പറ്റി ഇങ്ങനെയൊക്കെ പറഞ്ഞാൽ പാപമുണ്ട്.''

ഇതിനുത്തരമായി പത്മ പറഞ്ഞ വാക്കുകൾ അച്ചടിച്ചു കണ്ടാൽ അറയ്ക്കും.

ഹാജാരിയുടെ കണ്ണുകൾ നിറഞ്ഞപോലെയായി. കുസുമത്തെ അയാൾ സത്യമായും മകളെപ്പോലെയാണു കൂട്ടിയിട്ടുള്ളത്. അയാളുടെ നാട്ടുകാരനായ രസികലാൽ ഘോഷിൻെറ മകൾ. റാണാഘാട്ടിലാണ് അവളുടെ ശ്വശുരഗൃഹം. ചെറുപ്പത്തിൽ തന്നെ വിധവയായി. ഇപ്പോൾ പാലും തൈരും വിറ്റു രണ്ടുകുട്ടികളെ പോറ്റിവളർത്തിവരുന്നു. ശ്വശുരഗൃഹത്തിൽ ശ്വശ്രുമാത്രമേയുള്ളു.

പെട്ടെന്നാണൊരു ദിവസം വഴിയിൽവെച്ചുകണ്ടുമുട്ടുകയുണ്ടായത്.

''ആരിത്, വലിയച്ഛനല്ലേ? ഒന്നുനില്ക്കൂ, കാൽതൊട്ടുതൊഴട്ടെ ഞാൻ. വലിയച്ഛൻ ഇവിടെയെങ്ങനെ?''

''നീയെവിടെന്നാണു കുസുമം?''

“എൻെറ ശ്വശുരഗൃഹം ഇവിടെത്തന്നെ, കൊച്ചുബസാറിലെ അമ്പലത്തിനടുത്തുതന്നെ. ഏട്ടൻെറ വീട്ടിൽനിന്ന് വരികയാവും?”

“അല്ല, മോളെ! ഞാൻ റെയിൽബജാറിലുള്ള ഒരു ഹോട്ടലിൽ പണിക്കു നിൽക്കുന്നു. അഞ്ചാറുമാസമായി ഇന്നേക്ക്.”

മറുനാട്ടിൽവെച്ച് ഒരേ നാട്ടുകാരെ കണ്ടുമുട്ടിയ രണ്ടുപേരും വളരെ സന്തോഷിച്ചു. അന്നുതൊട്ട് കുസുമം ഹാജാരി ഠാക്കൂറിൻെറ ഹോട്ടലിൽ പാലും തൈരും വില്ക്കാൻ പോയിത്തുടങ്ങി. പാവമാണെന്നു വിചാരിച്ച് ഹാജാരി പലപ്പോഴും ചോറും കറിയും അവൾക്കു പാൽപാത്രത്തിലാക്കി കൊടുക്കും. പാലും തൈരും വിറ്റു തിരിച്ചു പോകുന്ന സമയം അവൾ കുണ്ഡുമാരുടെ ചണപ്പാണ്ടികശാല നിൽക്കുന്ന തെരുവിൽക്കൂടെ കടന്നു ചെന്നു പാത്രം എടുത്തുകൊണ്ടുപോകും. ഇവർ തമ്മിലുള്ള ലോഹ്യവും അടുപ്പവും ദാസി പത്മയുടെ കണ്ണിൽനിന്നുണ്ടോ മറയ്ക്കാൻ കഴിയുന്നു. അതിനാൽ അവൾ അതൊക്കെ പറയാൻ അർഹതയുള്ള്വൾതന്നെ.

പതിവുപോലെ ഹാജാരി ചൂർണിയുടെ വക്കത്തു നടക്കാൻ പോയി. വഴിക്കുവെച്ചു കുസുമത്തെ കണ്ടു. കുസുമം പാൽപാത്രം തൂക്കിപ്പിടിച്ചുകൊണ്ടു വീട്ടിലേക്കു മടങ്ങുകയായിരുന്നു. അവൾക്കു വയസ്സ് ഇരുപത്തഞ്ച്-ഇരുപത്താറ്. നല്ല ആരോഗ്യം, കറുപ്പുനിറം, ശാന്തമായ മുഖശ്രീ.

ഹാജാരി ചോദിച്ചു “അല്ലാ, ഇത്ര വൈകിയിട്ടാണ് മടക്കം?”

കുസുമം പറഞ്ഞു “ഇന്നു കുറച്ചു വൈകിപ്പോയി വലിയച്ഛാ! സ്വന്തമായി എനിക്കു പശുക്കറവയില്ല. ‘കായേത്പാസ’ (കായസ്ഥത്തെരുവ്)യിൽ ചെന്നു പാൽ വാങ്ങിക്കൊണ്ടുവരണം, വിൽക്കണം. അതുകഴിഞ്ഞിട്ടുവേണം മടങ്ങുവാൻ. വരണോ വീട്ടിലേക്ക്?”

“ഇല്ല, ഇപ്പോഴെങ്ങനെ വരും. നീ പോയി വല്ലതും വെച്ചുണ്ണാൻനോക്കൂ.”

കുസുമം സമ്മതിച്ചില്ല “ആഹാരം എൻെറ ശ്വശ്രുവച്ച് ഒരുക്കിക്കഴിഞ്ഞിട്ടുണ്ടാവും. ഇനി ചെന്ന് ഉണ്ണുകയേ വേണ്ടു, വലിയച്ഛാ! അതിനെത്ര നേരം വേണം? വരൂ.”

ഹാജാരി നിവൃത്തിയില്ലാതെ ഒപ്പം ചെന്നു. രണ്ടു പുരകൾ. ഒന്നു കുറച്ചു വലുത്. അതിൽ കുസുമത്തിൻെറ ശ്വശ്രു താമസം. ചെറുതിൽ രണ്ടു കുട്ടികളോടൊപ്പം കുസുമം. അവളും ശ്വശ്രുവും തമ്മിൽ നല്ല സ്വരച്ചേർച്ചയില്ല.

കുസുമം അവളുടെ പുരയിൽ കൊണ്ടുപോയി ഹാജാരിയെ ഇരുത്തി. മുറിയുടെ നടുവിൽ ഒരു മരക്കട്ടിൽ. അതിന്മേൽ തടിച്ച ഒരു കോസടി. അതിൽ ഭംഗിയുള്ള തുണി വിരിച്ചിരിക്കുന്നു. കട്ടിലിനു താഴെ പൂഴിയിട്ട് അതിൽ കഴിഞ്ഞ കൊല്ലത്തെ ഉരുളക്കിഴങ്ങുകൾ. ഒരു കോണിൽ ഏതാനും കലങ്ങളും ചട്ടികളും ഒരു വലിയ ഭരണിയും. മുളകൊണ്ടുള്ള അഴയിൽ കരിമ്പടങ്ങളും പഴന്തുണികൾ ചേർത്തു നിർമ്മിച്ച വിരിപ്പുകളും. ഒരു ഇളം തിണ്ണയിൽ തേച്ചു കഴുകിത്തിളങ്ങുന്ന പിച്ചളപ്പാത്രങ്ങൾ. പുര കണ്ടിട്ട് അവൾക്കു വീടു വൃത്തിയാക്കിവെയ്ക്കാനറിയാം എന്നു ഹാജാരിക്കു തോന്നി.

കുസുമം ചോദിച്ചു "വെറ്റില മുറുക്കണ്ടേ വലിയച്ഛനു്?"

"തരൂ. എന്നിട്ട് ഉണ്ണാൻപോകൂ. നേരം കുറെയായി."

എന്നാൽ കുസുമം ഉണ്ണാൻ യാതൊരു തിരക്കും കാട്ടിയില്ല. ഹാജാരിക്ക് മുറുക്കാൻകൊടുത്ത് അവിടെത്തന്നെ നിലത്തിരുന്ന് നാട്ടുവർത്തമാനം തുടങ്ങി. ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞു. അവൾ ഇളകാനുള്ള മട്ടില്ല എന്നു കണ്ട ഹാജാരിക്കു ക്ഷമ വന്നില്ല. അയാൾ പറഞ്ഞു "മതി, ഇനി പോയി വല്ലതും ഭക്ഷിക്കൂ ഞാനും പുറപ്പെടുകയായി. നേരത്തെ ചെന്നു പണി തുടങ്ങട്ടെ."

കുസുമം പറഞ്ഞു " ദാ പോവുകയായി."

പറഞ്ഞതുമാത്രം. പിന്നെയും കഴിഞ്ഞു അരമണിക്കൂർ. എന്നിട്ടുമില്ല പോകാൻ ഭാവം. അച്ഛനുമമ്മയും മരിച്ചു. സഹോദരന്മാർ, ദരിദ്രയാണെന്നു വെച്ചിട്ടോ അവരുടെ ഭാര്യമാരുടെ സമ്മതം കിട്ടാഞ്ഞിട്ടോ എന്തോ, ആരും അവളെ കൂട്ടിക്കൊണ്ടുപോകയുണ്ടായില്ല. ഒന്നു രണ്ടു തവണ പോകാതിരുന്നില്ല. പക്ഷേ അവിടെ നില്ക്കാൻ കഴിഞ്ഞില്ല. സഹോദരപത്നിമാരുടെ പെരുമാറ്റം അത്രയ്ക്കു വഷളായിരുന്നു.

ഹാജാരിയോട് കുസുമം ഈവക കഥകൾ പറയാൻ തുടങ്ങി. കുട്ടിക്കാലത്തെ കഥകൾ എടുത്തിട്ടപ്പോഴാണ് തീരില്ല എന്നു തോന്നിയത്.

"ഇവിടെ ചീരയിലയും മറ്റും വിലകൊടുത്തുവാങ്ങണം. ഞങ്ങളുടെ ഗ്രാമത്തിലെ യുഗീപാസാപാടത്ത് ഞങ്ങൾ പയറ്റില പൊട്ടിക്കാൻ പോകാറുണ്ടായിരുന്നു, വലിയച്ഛാ! ഒരുതവണ. അന്ന് എനിക്കു വയസ്സ് ഒമ്പത്, ഞാനും സാധുകുമ്പാരൻെറ മകൾ ആദരും കൂടി പുറപ്പെട്ടു, പയറ്റിലയ്ക്ക്. അപ്പോഴുണ്ട് ഒരു മനുഷ്യൻ, എൻെറ വലിയച്ഛാ, വയലിലിരുന്ന് മൂക്കാത്ത പയർ പൊട്ടിച്ച് തിന്നുന്നു. ഞങ്ങൾ കണ്ടു കണ്ടില്ല എന്നായപ്പോഴേക്ക് അയാൾ എഴുന്നേറ്റ് വെച്ചു കൊടുത്താൻ ഒരൊറ്റ ഓട്ടം. ഞങ്ങൾ ചിരിച്ചു ചിരിച്ചു ബാക്കിയില്ല എന്നായിപ്പോയി. വയൽ ഞങ്ങടെ വകയാണെന്നു ധരിച്ചു കാണും പാവം!"

ഇതും പറഞ്ഞ് കുസുമം വായിൽ തുണിത്തുമ്പു തിരുകിച്ചിരിച്ചു ചിരിച്ചു കുഴഞ്ഞു വീണുപോയി എന്നല്ലേ പറയേണ്ടു.

ഇവളുടെ കുട്ടിക്കാലകഥകൾ കേട്ടുകൊണ്ടിരുന്നാൽ ഹോട്ടലിൽ എത്താൻ വൈകും എന്ന് ഹാജാരി കണ്ടു. പത്മയുടെ വായ്ത്താരികൊണ്ടു പൊറുതികെട്ടുപോകും.

അയാൾ എഴുന്നേൽക്കാൻ ഭാവിക്കുമ്പോഴാണ് കുസുമം തടഞ്ഞുകൊണ്ടു പറഞ്ഞു "നിൽക്കൂ വലിയച്ഛാ, ഞാനൊരു 'കൂട്ടം' വലിയച്ഛനെന്നും പറഞ്ഞ് ശരിയാക്കിവെച്ചിട്ടുണ്ട്. അതു തരാനാണ് ഞാൻ വിളിച്ചുകൊണ്ടു വന്നതുതന്നെ."

ഇതും പറഞ്ഞ് അവൾ ഒരു പൊതിയഴിച്ച് ഒരു കോസടി ഹാജാരിയുടെ മുമ്പിൽ നീർത്തിപ്പിടിച്ചുകൊണ്ടു ചോദിച്ചു "എങ്ങനെയിരിക്കുന്നു

കോസടി?''

"ആഹാ! ഒന്നാന്തരം കുട്ടീ!''

കുസുമം കോസടി മടക്കിക്കൊണ്ടു പറഞ്ഞു "വലിയച്ഛന് ഇതു നിവർത്തിയിട്ടു കിടക്കാം, രാത്രി. വലിയച്ഛൻ ഹോട്ടലിൽ വെറും പുൽപ്പായ വിരിച്ചല്ലേ കിടന്നുറങ്ങുന്നത്? ഒരു കോസടി തുന്നിത്തരണമെന്നു ഞാൻ വിചാരിക്കാൻ തുടങ്ങിയിട്ടു വളരെ നാളായി. അതുകൊണ്ടു കുറേശ്ശെക്കുറേശ്ശെയായി തുന്നി പണിതീർത്തിട്ടു നാലഞ്ചുനാളായി.''

ഹാജാരി അത്യന്തം പ്രസന്നനായി.

കുസുമത്തിൻെറ അച്ഛൻ രസികഘോഷ് അയാളുടെ സമവയസ്കനായിരുന്നു. കുസുമം സ്വന്തം മകളെപ്പോലെ. ഒരേ ഗ്രാമക്കാർ-എന്നുവച്ച് എല്ലാവരും ചെയ്യുമോ ഇങ്ങനെ? ഗ്രാമത്തിൽ എത്രയോ പേരുണ്ട്.

അയാൾ പറഞ്ഞു "ദീർഘായുസ്സായിരിക്ക് മോളേ! മോളല്ലെങ്കിൽ അച്ഛനോട് ഇത്ര സ്നേഹം കാട്ടാൻ തോന്നുമോ? ഒന്നാന്തരം കോസടി. ഇതു വിരിച്ചു കിടന്നാൽ ഞാൻ രക്ഷപ്പെട്ടു. എതിരറ്റത് മോളേ! ഭേഷ്, ഭേഷ് !''

കുസുമം പറഞ്ഞു " വലിയച്ഛാ, മകളല്ലാതെ ആരു ചെയ്യുമെന്നല്ലേ ചോദിക്കുന്നത്. ഞാൻ ചോദിക്കുന്നത് അച്ഛനല്ലാതെ മറ്റാരുണ്ട് സ്വന്തം ഭക്ഷണത്തിനുള്ള ചോറെടുത്ത് ആരുമറിയാതെ മകൾക്കു കൊടുക്കാൻ! ശ്രാവണമാസത്തിലെ തോരാത്ത മഴയത്ത്-''

കണ്ണിൽനിന്നു നിറഞ്ഞൊഴുകുവാൻ തുടങ്ങിയ കണ്ണുനീർ ചേലാഞ്ചലം കൊണ്ടു തുടച്ച് അവൾ ചുവട്ടിലേക്ക് നോക്കി നിന്നു. അല്പം കഴിഞ്ഞ് അവൾ പറഞ്ഞു " തലയ്ക്കു മുകളിലിരിക്കുന്ന ഭഗവാനറിയാം-വലിയച്ഛൻ എനിക്കുവേണ്ടി ചെയ്യുന്നതു മറ്റാർക്കും അറിയില്ല. വലിയച്ഛൻ ബ്രാഹ്മണൻ, ദേവൻ, ഞാൻ താഴ്ന്ന ജാതിയിൽപെട്ട ഒരു പെണ്ണ്-എൻെറ അവസ്ഥക്കു ചേരാത്തതു പറയുന്നതു ഭംഗിയാവില്ല, എന്നാലും ഞാൻ പറയുന്നു "എനിക്കു തരുന്ന ഓരോ പിടിച്ചോറിനും അത്രയും പൊന്ന് വലിയച്ഛന് ഭഗവാൻ തരും. ഞാനതു കണ്ടിട്ടേ മരിക്കത്തുള്ളൂ.''

ഇതും പറഞ്ഞ് അവൾ ചേലാഞ്ചലം കഴുത്തിൽ ചുറ്റി ഹാജാരിയുടെ കാൽക്കൽ കുമ്പിട്ടു നമസ്കരിച്ചു.

മഴ പൊടി പാറുന്ന ഒരു ദിവസം.

ഹോട്ടലിൻെറ മുൻവശമുള്ള മുറിയിൽ അനേകം മാന്യർ വന്നു കൂടിയിരിക്കുന്നത് ഹാജാരി കണ്ടു. സാധാരണ ഇത്രയേറെ മാന്യന്മാർ ഈ ഹോട്ടലിൽ വരിക പതിവില്ല. ഹാജാരിക്ക് അദ്ഭുതം തോന്നി.

ബേചു ചക്കത്തി വിളിച്ചു "ഹാജാരി ഠാക്കൂർ ! ഒന്നിവിടത്തോളം വരൂ. ഹാജാരി മുറിയുടെ വാതിൽക്കൽ ചെന്നു നിന്നപ്പോൾ മാന്യന്മാരിൽ ഒരാൾ ചോദിച്ചു "ഈ അരിവെപ്പുകാരനാണ്, ഹാജാരി?''

ബേചു പറഞ്ഞു "അതെ ബാബു, ഇയാൾതന്നെ.''

ബാബു പറഞ്ഞു " ഇയാളെപ്പറ്റിത്തന്നെ ഞങ്ങൾ കേട്ടിരിക്കുന്നതും.

ഠാക്കൂർ! ഇന്ന് ഈ മഴ പൊടി പാറുന്ന സമയം ഞങ്ങളെ വേണ്ടപോലെ മാംസപുലാവ് ചമച്ച് ഊട്ടി തൃപ്തിപ്പെടുത്തണം, എങ്ങനെ? നിങ്ങൾക്ക് അതിനുവേണ്ട ദേഹണ്ണക്കൂലി എന്തുവേണമെന്നാലത് ഞങ്ങൾ പ്രത്യേകം തരാം. എന്നാൽ പോരെ?"

ബേചു പറഞ്ഞു "പ്രത്യേകം കൂലി കൊടുക്കുന്നതെന്തിന് ബാബു! നിങ്ങളുടെയൊക്കെ ആശീർവാദം കൊണ്ട് എന്റെ ഹോട്ടലിന്റെ പേർ ദൂരദിക്കിലുള്ളവർക്കുപോലും അറിയാം. അയാൾ എന്റെ തന്നെ അരിവെപ്പുകാരൻ. അയാൾക്ക് ഒന്നും കൊടുക്കണ്ട. ബാബുമാർ എന്തു കല്പിക്കുന്നുവോ അതു ചെയ്തുതരും."

പിന്നെ വേലക്കാരി പത്മയെ വിളിച്ചു, ബേചു.

അവളോട് ബേചു വല്ലതും പറയുന്നതിനു മുമ്പായിത്തന്നെ ബാബുമാരിൽ ഒരാൾ പറഞ്ഞു "പെണ്ണേ, ഈ മഴയത്ത് ഞങ്ങൾക്ക് നല്ല ഒന്നാം തരം ചായ ഉണ്ടാക്കിത്തരൂ. ഇല്ലെങ്കിൽ എവിടെനിന്നെങ്കിലും വരുത്തിച്ചു തന്നാലും മതി. കേട്ടില്ലേ ചക്കത്തി മശായി! നിങ്ങളുടെ ഹോട്ടലിന്റെ ഖ്യാതി ദൂരദൂരം പരന്നിട്ടുണ്ട് എന്നുപറഞ്ഞില്ലേ നിങ്ങൾ? അതു ഇല്ലാത്തതല്ല. ഞങ്ങൾ ഇന്ന് നായാട്ടിനിറങ്ങിയപ്പോൾ എന്റെ വകയിൽപെട്ട ഒരു ഏട്ടൻ പ്രത്യേകം പറയുകയുണ്ടായി. 'റാണാഘാട്ടിലേക്ക് അല്ലേ? ഷിക്കാറിന്? തിരിച്ചുപോരുമ്പോൾ റെയിൽ ബസാറിലെ ബേചുചക്കത്തിയുടെ ഹോട്ടലിലെ ഹാജാരി ഠാക്കൂറിന്റെ കൈകൊണ്ട് ഇറച്ചി പാകം ചെയ്യിച്ച് അതിന്റെ രുചി ഒന്നറിഞ്ഞിട്ടുപോന്നോളൂ.' അതുകൊണ്ട് പകലത്രയും ചതുപ്പുനിലങ്ങളിൽ പക്ഷിനായാട്ടിനെന്നും പറഞ്ഞ് അലഞ്ഞു നടന്നു തിരിച്ചുപോന്ന സമയം വിചാരിച്ചു-മടക്കുവണ്ടി രാത്രി പത്തുമണിക്കേയുള്ളൂ. നല്ല ചൂടോടെ കുറച്ച് ഇറച്ചി തിന്നിട്ടു പോവുകതന്നെ. കൂലി വേണ്ടെന്നു വയ്ക്കുന്നതെന്തിനു ചക്കത്തി മശായീ! അയാൾ ഞങ്ങൾക്കു പാകം ചെയ്തുതരട്ടെ. ഞങ്ങൾ അയാളെ വേണ്ടപോലെ തൃപ്തിപ്പെടുത്തിയിട്ടേ പോകയുള്ളൂ. അതിനുവേണ്ടിത്തന്നെയല്ലേ ഇവിടെ കയറിയത്." ഈ വർത്തമാനം കേട്ടിട്ടുണ്ടായ സന്തോഷത്തെക്കാൾ ഏറെ ഹാജാരിയെ സന്തോഷിപ്പിച്ചത് ചക്കത്തി സ്വന്തം കാതാലെ അതൊക്കെ കേട്ടുവെന്ന് ഓർത്തിട്ടാണ്. തന്റെ ജോലിക്കയറ്റത്തിന് ഇതു വഴിവെച്ചേക്കാം. മുതലാളന്റെ കണ്ണിൽ "നല്ല പിള്ള"യായാൽ എന്തുതന്നെ സംഭവിച്ചുകൂടാ? സന്തോഷാധിക്യം കാരണം അയാൾ ഒരു കാര്യം തീരെ ശ്രദ്ധിച്ചില്ല. അയാളെ പ്രശംസിക്കുന്നത് കേട്ട് വേലക്കാരി പത്മ, മറുവശത്ത് അസൂയകൊണ്ട് കത്തിക്കരിയുകയായിരുന്നു.

ബാബുമാർ എല്ലാ ഭാരവും ഹോട്ടൽക്കാരനെ ഏല്പിച്ചു മിണ്ടാതിരുന്നില്ല. അവർ പുലാവിനു വേണ്ട സാമഗ്രികൾ സ്വയം വാങ്ങിക്കൊടുത്തു. ഹാജാരി ഠാക്കൂറിന് ഇറച്ചി പാകം ചെയ്യാൻ ഒരു പ്രത്യേക വിധി അറിയാം. മാംസത്തിൽ വെള്ളം ഒട്ടും ചേർക്കാതെ നേപ്പാളി പദ്ധതിയനുസരിച്ച് പാകം ചെയ്യാനുള്ള ഈ വിധി അയാൾ നേപ്പാളിൽ വളരെ നാൾ താമസിച്ചു തിരി

ച്ചുവന്ന ഡോക്ടർ ശിവചരൺ ഗാംഗുലിയുടെ പന്തിയിൽനിന്ന് കുറെനാൾ മുമ്പുതന്നെ വശമാക്കിവെച്ചിരുന്നതാണ്. എന്നാൽ ഹോട്ടലിലെ നിത്യമുള്ള ആഹാരവസ്തുക്കളുടെ പട്ടികയിൽ മാംസത്തിന് ഒരു ദിവസവും സ്ഥാനമുണ്ടായിരുന്നില്ല. എങ്കിലും പതിവുശാപ്പാടുകാരുടെ പ്രീതിക്കുവേണ്ടി മാസത്തിൽ ഒരു തവണ, അല്ലെങ്കിൽ രണ്ടുതവണ ഇറച്ചി കൊടുക്കുന്നുണ്ട് എന്നാണ് വെച്ചിരിക്കുന്നത്. എന്നാൽ അതു പാകം ചെയ്യുന്നതിൽ വിശേഷാൽ പാടവം പ്രദർശിപ്പിക്കുവാൻ പോയാൽ പന്തിയാവില്ല. ഹാജാരിക്ക് ഉത്സാഹവും തോന്നാറില്ല. നല്ല ശ്രോതാക്കളില്ലെങ്കിൽ നല്ല ഗായകർക്ക് നന്നായി പാടുവാൻ തോന്നാറുണ്ടോ? അതുപോലെ.

ഹാജാരി ഉറപ്പിച്ചു-വേലക്കാരി പത്മക്ക് തന്നെ കണ്ണെടുത്തു കണ്ടുകൂടാ. ഇന്ന് ഒന്നാന്തരമായി തൻെറ കൈപ്പുണ്യം ഒന്നു കാട്ടിക്കൊടുത്ത് സകല പേരിൽനിന്നും അഭിനന്ദനം നേടി വേലക്കാരിക്കു കാട്ടിക്കൊടുക്കും-താൻ അവൾ വിചാരിക്കുന്നത്ര അല്പനല്ല. താനും മനുഷ്യനാണ്. എത്രയോ വലിയ മനുഷ്യൻ.

ഒരുക്കുക്കൂട്ടിക്കൊടുക്കാൻ പറ്റിയ ഒരു സഹായി ഇല്ലെങ്കിൽ 'ദേഹണ്ണം' വേണ്ടപോലെയാവില്ല. അതു പണ്ടേ അറിയാവുന്ന കാര്യമാണ്. ഹോട്ടലിൽ മറ്റൊരു ഒറീസ്സക്കാരൻ ബ്രാഹ്മണനുണ്ട് അരിവെപ്പുകാരനായിട്ട്. അയാളോട് സഹായിക്കുവാൻ പറയുന്നതിനു നിവൃത്തിയില്ല. കാരണം അയാളാണ് ഹോട്ടലിലെ പതിവു ഭക്ഷണം പാകം ചെയ്യേണ്ടുന്നവൻ.

കുസുമത്തെ കൊണ്ടുവന്നാലോ എന്ന് ഒരിക്കൽ ആലോചിച്ചു.

അടുത്ത നിമിഷം തന്നെ അതു വേണ്ടെന്നു വെച്ചു. ആളുകൾ തോന്നിയതു പറയാൻ തുടങ്ങും. പത്മ കറിക്കത്തികൊണ്ട് അരിഞ്ഞിടും. പോട്ടെ, തന്നെക്കൊണ്ട് ആകാവുന്നവണ്ണം ചെയ്യുകതന്നെ.

സമയമായി. ഹാജാരി ബസാറിൽനിന്നു വാങ്ങിയ പച്ചക്കറികളും മാംസവും സ്വയം നുറുക്കിക്കറിക്കു പാകമാക്കി അടുപ്പത്തിട്ടു. എന്തൊരു പൊരിഞ്ഞ മഴ! ഹിമാലയം പിളർന്നെത്തിയപോലെ. വിറകു നനഞ്ഞിരിക്കുന്നു. അയാൾ ഇറച്ചി കരിയടുപ്പിലല്ല പാകം ചെയ്യാൻ ഭാവം. അയാളുടെ പ്രത്യേകതരത്തിലുള്ള മാംസപാകത്തിന് കരിയടുപ്പുപറ്റില്ല.

എല്ലാം വെച്ചു പാകപ്പെടുത്തിയെടുത്തു കഴിഞ്ഞപ്പോഴേക്ക് മണി രണ്ട്. അതിനുശേഷം ബാബുമാർ ഉണ്ണാനിരുന്നു. മാംസം വിളമ്പുന്നതിന് എത്രയോ മുമ്പുതന്നെ ആചാര്യനായ ഒരു ശില്പിയുടെ ആത്മവിശ്വാസത്തോടും ഗർവോടുമൊപ്പം ഹാജാരിക്കു സ്വയം അറിയാൻ കഴിഞ്ഞു-ഇന്നു പാകം ചെയ്തെടുത്ത മാംസഭക്ഷണം ഇവർക്ക് തൃപ്തികരമാകാതെ വരില്ല. സംഭവിച്ചതും അതുതന്നെ.

ബാബുമാർ ബേചു ചക്കത്തിയെ വിളിച്ച് മുമ്പിൽ നിറുത്തി ഹാജാരി ഠാക്കൂറിനെ പുകഴ്ത്തിപ്പറഞ്ഞ വാചകങ്ങൾ കേട്ട് ബേചു ചക്കത്തി വല്ലാതെ പരുങ്ങിയ നിലയിലായിപ്പോയി. വേലക്കാരെ താഴ്ത്തിപ്പറയുന്നതിലാ

ണ് മുതലാളന്മാർക്ക് സൗകര്യം. പൊക്കിപ്പറഞ്ഞാൽ തലയിൽക്കയറും.

പുറപ്പെട്ട സമയം ബാബുമാരിൽ ഒരാൾ ഹാജാരിയെ വേറെ വിളിച്ചു പറഞ്ഞു ''നിങ്ങൾക്ക് ഇവിടെ എന്തുകിട്ടുന്നുണ്ട് ഠാക്കൂർ?''

''ഒമ്പതു രൂപയും ചെലവും.''

''ഇതാ രണ്ടു രൂപ ഞാൻ നിങ്ങൾക്കു സമ്മാനമായി തന്നിരിക്കുന്നു. നിങ്ങളുടെ ദേഹണ്ണം അതിവിശേഷം തന്നെ. ഇനി ഈ വഴിക്കു വരുമ്പോൾ നിങ്ങൾ തന്നെവേണം ഞങ്ങൾക്കു പാകം ചെയ്തുതരാൻ.''

ഹാജാരിക്കു പരമസന്തോഷമായി. വല്ലതും സമ്മാനം കിട്ടുമെന്ന് അയാൾക്കുറപ്പുണ്ടായിരുന്നു. എന്നാൽ ഇത്ര വിചാരിച്ചിരുന്നില്ല. രണ്ടുരൂപ!

പോകുന്ന സമയം ബാബുമാർ ബേചു ചക്കത്തിയോട് ഹാജാരിയുടെ പാചകകലയെ ഒന്നുകൂടി പുകഴ്ത്തിപ്പറയാൻ വിട്ടുപോയില്ല. ഒരിക്കൽക്കൂടി അടുത്തുതന്നെ നായാട്ടിന് വരുന്നുണ്ട്. ആ സമയം ഹാജാരി ഠാക്കൂർ പാകം ചെയ്തുകൊടുക്കുന്ന മാംസം ഭക്ഷിക്കാതെ പോവില്ല. ചക്കത്തി മശായിയുടെ ഹോട്ടൽ കൊള്ളാം. ഞങ്ങൾക്കു നന്നെപിടിച്ചു.

ബേചു ചക്കത്തി അതിവിനയത്തോടെ അറിയിച്ചു ''ബാബുമാർ നല്ല അന്തസ്സുള്ളവർ, എല്ലാം കാണാൻ കഴിയുന്നവർ, എല്ലാം അറിയാൻ കഴിവുള്ളർ. ഈ റാണാഘാട് റെയിൽ ബസാറിൽ എത്രയോ ഹോട്ടലുകൾ ഉണ്ട്. എന്നാൽ നിങ്ങളെപ്പോലുള്ളവർ വരുമ്പോൾ എല്ലാവരും ഈ സാധുവിൻെറ കുടിലിനെയാണ് പാദധൂളികൊണ്ട് പവിത്രമാക്കാറുള്ളത്. അതുകൊണ്ട് എപ്പോൾവേണമെന്നു വെച്ചാലും വരൂ. നേരത്തെ ഒ.. കത്തിടുകയാണെങ്കിൽ നന്നായിരിക്കും. സകലതും നിങ്ങൾക്കുവേണ്ടി ഒരുക്കി വെച്ചിട്ടുണ്ടാവും. കൽക്കത്തയിൽ ചെല്ലുമ്പോൾ ഞങ്ങൾക്കു വേണ്ടപ്പെട്ടവരോടു ഒന്നു പറഞ്ഞു വെച്ചാൽ തരക്കേടില്ല. ഈ ദിക്കിലേക്കു വരുമ്പോൾ അവർക്കും ഇവിടെക്കയറാമല്ലോ. ബാബു-അപ്പോൾ ഞങ്ങളുടെ അരിവെപ്പുകാരനു കൊടുക്കാമെന്നു പറഞ്ഞ കൂലി...ഹേ...ഹേ. .''

''എന്തുവേണം?''

''ഒരു നേരത്തേക്ക് എട്ടണ വെച്ചുകൊടുക്കൂ ബാബു.''

ബാബുമാർ എട്ടണകൂടി ബേചുവിൻെറ കയ്യിൽ വെച്ചുകൊടുത്ത് പുറത്തേക്കിറങ്ങി.

ബേചു ഹാജാരി ഠാക്കൂറിനെ വിളിച്ചു ''ഠാക്കൂർ, ഇനി ഇന്ന് പുറത്തേക്കെങ്ങും പോകണ്ട നേരം പോയി കുറച്ചു കഴിയുമ്പോഴേക്ക് അടുപ്പിൽ തീകൂട്ടണം. പത്മ എവിടെ?''

''പത്മയേടത്തി കിണ്ണങ്ങളും പാത്രങ്ങളും എടുത്തുവെക്കുന്നു വിളിക്കണോ?''

വേലക്കാരി പത്മ ഇന്നു മുഖം വീർപ്പിച്ചുകൊണ്ടാണു നടക്കുന്നതെന്ന് ഹാജാരി മനസ്സിലാക്കിയിരിക്കുന്നു. ഇന്ന് ഹോട്ടലിൽവച്ച് ബാബുമാർ, എല്ലാവരുടേയും മുമ്പിൽ നിർത്തിക്കൊണ്ടല്ലേ തന്നെ പ്രശംസിച്ചത്. എങ്ങനെ

തോന്നും അവൾക്ക് മനസ്സിനൊരു സുഖം? പത്മയെ തൃപ്തിപ്പെടുത്തുവാൻ ഇന്ന് ഹാജാരി അവളുടെ കിണ്ണത്തിൽ പതിവിലേറെ ചോറും കറിയും ഇറച്ചിയും വിളമ്പിക്കൊടുക്കയുണ്ടായി. അതുകൊണ്ട് പത്മയുടെ മുഖത്ത് ലേശമെങ്കിലും പ്രസന്നത വന്നതായി ഹാജാരിക്കു തോന്നിയില്ല. എന്നല്ല മുഖം പഴയപടി വീർത്തുകെട്ടിത്തന്നെയിരുന്നു.

കിണ്ണം എടുത്തുകൊണ്ട് പത്മ ചോദിച്ചു "ഇറച്ചി കുറച്ചുകൂടിയുണ്ടാവില്ലേ ഠാക്കൂർ!" ചോദ്യത്തോടൊപ്പം തന്നെ അവൾ ഇറച്ചിപ്പാത്രത്തിലേക്കുനോക്കി. ഇത്ര വിശേഷപ്പെട്ട ഇറച്ചിക്കറി ലേശം കുസുമത്തിനുകൊടുക്കണം (കുസുമം വിധവയാണെങ്കിലും ബ്രാഹ്മണിയല്ലാത്തതിനാൽ മത്സ്യമാംസാദികൾ ഭക്ഷിക്കാൻ വിരോധമില്ല) എന്നു വെച്ച് ഹാജാരി പാത്രത്തിൽ കുറച്ചിറച്ചി ബാക്കി വെച്ചിട്ടുണ്ടായിരുന്നു. അതവൾ കണ്ടുപിടിച്ചു.

കണ്ടെന്നു മനസ്സിലാക്കിയ ഹാജാരി പറഞ്ഞു "ലേശമുണ്ടാവും."

"അതിനി എന്തുചെയ്യാനാണ്? എനിക്കു തന്നേക്കു. ഇന്ന് എന്റെ ഭഗിനീപതി വരും. നിങ്ങൾ മാംസം തിന്നില്ലല്ലോ."

കുസുമത്തിനു കൊടുക്കാൻ വെച്ചിരിക്കുന്ന മാംസം പത്മയ്ക്കു കൊടുക്കുക. എന്തായാലും മുഖം തെളിയാത്ത ഒരു അവലക്ഷണത്തിന്. ഹാജാരി മാംസം തിന്നാത്തവനൊന്നുമല്ല. എന്നാൽ ഹോട്ടലിൽ മാംസം പാകം ചെയ്യുന്ന ദിവസം തന്റെ പങ്കു നീക്കി വെച്ച് കുസുമത്തിന് കൊടുക്കയാണ് പതിവ്. പത്മയ്ക്ക് ഇതറിയാം. അറിഞ്ഞുകൊണ്ടുതന്നെയാണ് തന്റെ മനസ്സിൽ കുത്തിമുറിവേല്പിച്ചു പകരം വീട്ടാൻ അവൾ ഇതുപറഞ്ഞതെന്നും ഹാജാരി അറിയാത്തതല്ല.

ഹാജാരി പറഞ്ഞു "നിങ്ങൾക്കു തന്നല്ലോ പത്മയേടത്തി. പാത്രത്തിൽ ലേശം കാണും, അതുകൊണ്ടെന്താകും?"

"എന്താണാവുകയെന്ന് പറഞ്ഞതു നിങ്ങളുടെ ചെവിയോളമെത്തിയില്ലെന്നുണ്ടോ? ഭഗിനീപതി വരുമെന്ന് പറഞ്ഞതു കേട്ടില്ല? തന്നതുകൊണ്ട് എന്തുകാട്ടാനാണ്? അതുകൂടി തരൂ."

ഹാജാരി ധർമ്മസങ്കടത്തോടെ പറഞ്ഞു "ഞാൻ കുറച്ച് എടുത്തു വെച്ചതാണ്. എനിക്ക് അതുകൊണ്ട് ആവശ്യമുണ്ട്."

പത്മ പിണങ്ങിച്ചൊടിച്ചുകൊണ്ടു ഗൂഢാർത്ഥം ധ്വനിക്കുന്ന സ്വരത്തിൽ ചോദിച്ചു. "എന്താണുപോലും ആവശ്യം? നിങ്ങൾ മാംസം തിന്നില്ല. പിന്നെയാർക്കു കൊടുക്കാൻ?"

ഹാജാരി പറഞ്ഞു. "അതൊക്കെയുണ്ട്. ഒരാൾ ചോദിച്ചിട്ടുണ്ട്."

"ഏതൊരാൾ?"

"അതൊക്കെയുണ്ട്. നിങ്ങൾ അറിയില്ല."

വേലക്കാരി പത്മ കിണ്ണം താഴെ വെച്ച് കയ്യിളക്കിക്കൊണ്ടുപറഞ്ഞു "ഇല്ലില്ലാ എനിക്കറിയില്ല. അയ്യോ എങ്ങനെയറിയാനാണ്? എനിക്കത് അറിയേണ്ട ആവശ്യവുമില്ല. ഹോട്ടലിലെ സാധനങ്ങൾ നിങ്ങൾ കണ്ടവർക്കു കൊടു

ക്കാൻ പാടില്ല. ഇതു ഞാൻ നിങ്ങളോട് ഇന്നും ഇന്നലെയുമൊന്നുമല്ല പറയാൻ തുടങ്ങിയത്. ശരി, വേണ്ട, നിങ്ങൾ എനിക്കു തരണ്ട. ചക്കത്തിമരശായിയുടെ സ്യാലനും വരുന്നുണ്ട് ഇന്നു കൽക്കത്തയിൽനിന്ന്. അയാൾക്ക് മാംസം വേറെയെടുത്തുവെയ്ക്കൂ? വൈകുന്നേരം വന്നു ഭക്ഷിച്ചുകൊള്ളും. എനിക്കല്ലേ തരാൻ വയ്യാതെയുള്ളു, അയാൾ ഹോട്ടലുടമസ്ഥൻെറ സ്വന്തം ആൾ. അയാൾക്കു കൊടുക്കൂ.''

ബേചു ചക്കത്തിയുടെ ഈ സ്യാലനെ ഹാജാരി എത്രയോ തവണ കണ്ടു കഴിഞ്ഞിരിക്കുന്നു. മാസം പത്തുദിവസമെങ്കിലും സഹോദരീഭർത്താവിൻെറ വീട്ടിൽ വന്നു പാടു കിടക്കും. വീതിയുള്ള കരയൻ ദോത്തിയുടുത്ത് മുടി നടുവേ വകഞ്ഞു വെച്ച് ഹോട്ടലിൽക്കടന്നുവന്ന് വേലക്കാരെയും അരിവെപ്പുകാരെയും തട്ടിക്കേറും, അവരോടു യജമാനത്തം കാട്ടും, കണ്ണുരുട്ടും, അപമാനിക്കും. താനാണ് ഹോട്ടലുടമസ്ഥനെന്നു തോന്നും മട്ടു കണ്ടാൽ.

തൻെറ ഗ്രാമക്കാരി, ദരിദ്രയായ കുസുമം-അവൾക്ക് നിത്യവും നല്ലതായാലും ചീത്തയായാലും വല്ലതും തിന്നുവാൻ കിട്ടുക-അതുപോയിട്ട് പലപ്പോഴും പശിമാറ്റാൻ പോലും തരപ്പെടാറില്ല. അവൾക്കായി കരുതിവെച്ച വിശിഷ്ടമായ മാംസഭോജ്യം ഒടുവിൽ ധൂർത്തനും ദുരഹക്കാരിയുമായ സ്യാലനെ തീറ്റേണ്ടതായി വരിക-ഈ പ്രസ്താവം ഹാജാരിക്ക് തീരെ പിടിച്ചില്ല. എന്നാൽ അയാൾ ശുദ്ധഗതിക്കാരനായ ഒരു മനുഷ്യൻ - കൂട്ടത്തിൽ അല്പം ഭയവും. ഹോട്ടലിനുടയവൻ അവൻെറ മുതൽ അനുഭവിക്കുവാൻ ആഗ്രഹിക്കയാണെങ്കിൽ എങ്ങനെ നിഷേധിക്കുവാനാവും. നിവൃത്തിയില്ലാതെ ഹാജാരി പത്മയുടെ മുമ്പിൽ വെച്ചുതന്നെ വലിയ ചെമ്പുതളികയിലേക്ക് ചെമ്പുകലത്തിലെ മാംസം പകർന്ന് അടുക്കളയിലെ ചുവരലമാരയിൽ അടച്ചുവെച്ചു.

കുറച്ച് സമയമുണ്ട്. ഹാജാരി ആ സമയംകൊണ്ട് നദീതീരത്ത് ഒന്നു നടന്നിട്ടു വരാമെന്നു വെച്ച് പുറത്തേക്കിറങ്ങി.

ഇന്ന് അയാൾക്ക് ആത്മവിശ്വാസം അധികരിച്ച ദിവസമാണ്. രണ്ടുകാര്യം അയാൾക്കുബോധ്യമായി. ഒന്ന് നല്ല ഭക്ഷണം പാകം ചെയ്യാൻ താൻ മറന്നിട്ടില്ല. കൽക്കത്തക്കാരായ ബാബുമാർപോലും അയാളുടെ പാചകവിദ്യയെ പ്രശംസിച്ചിരിക്കുന്നു. രണ്ട്, പരൻെറ കീഴിൽ പണിയെടുക്കുന്നവനു ദയയും സഹതാപവും നിഷിദ്ധമാണ്.

ഇന്ന് ഇത്ര സ്വാദോടെ വെച്ചു വിളമ്പിയ മാംസക്കറി കുസുമത്തിനു രുചിച്ചുനോക്കുവാൻ കഴിഞ്ഞില്ല. തനിക്കു കണ്ണെടുത്തു കാണാൻ വയ്യാത്ത ഒരുവനെ അതു തീറ്റേണ്ടിവന്നു. അന്ന് കുസുമം പഴന്തുണികൾ തുന്നിത്തച്ചുണ്ടാക്കിയ പടുക്ക കൊടുത്തതുമുതൽ ഹാജാരിക്ക് അവളോട് ഒരുതരം അത്ഭുതാവഹമായ സ്നേഹം തോന്നുവാൻ തുടങ്ങിയിരുന്നു.

പ്രായംകൊണ്ടു നോക്കിയാൽ മകളുടെ പ്രായമേ അവൾക്കുള്ളു, മകൾക്കുതുല്യം പെരുമാറുകയും ചെയ്യുന്നു. ഇന്ന് ഹാജാരിയുടെ കയ്യിൽ പണമുണ്ടായിരുന്നെങ്കിൽ പിതൃസ്നേഹം എങ്ങനെയാണു പ്രദർശിപ്പി

ക്കേണ്ടതെന്ന് അയാൾ കാട്ടിക്കൊടുക്കുമായിരുന്നു. മറ്റെന്തെങ്കിലും വസ്തു കൊടുക്കുന്നതുപോയിട്ട് താൻ ദേഹണ്ണിച്ചുണ്ടാക്കിയ മാംസംപോലും കൊടുക്കാൻ കഴിഞ്ഞില്ല.

കുട്ടിക്കാലത്തെ ഒരു സംഭവം ഹാജാരി ഓർത്തു. അയാളുടെ അമ്മ ഗംഗാസാഗറിലേക്കു പോകാൻ പുറപ്പെട്ടു. അടുത്തുള്ള മറ്റനേകം വൃദ്ധകളും വിധവകളായ പ്രൗഢകളും പോകുന്ന കൂട്ടത്തിൽ. അന്ന് ഹാജാരിക്ക് എട്ടു വയസ്സ്. ഞാനുമുണ്ടെന്നു പറഞ്ഞ് അയാൾ ഭയങ്കരമായി വാശി പിടിച്ചു - താനുമുണ്ട് ഗംഗാസാഗറിലേക്ക്. (ഭാഗീരഥിനദി ബംഗാൾ ഉൾക്കടലിൽ ചേരുന്ന സ്ഥലം) അയാളുടെ ഭാരമേൽക്കാൻ ആരും തയ്യാറായില്ല. "ആരുണ്ട് നിന്നെയും നിന്റെ കുട്ടിയേയും കൂടി നോക്കാൻ പെണ്ണേ! ചെറിയൊരു ചെക്കൻ - അവിടെയാണെങ്കിലോ എന്തെല്ലാം തരത്തിലുള്ള തിരക്കും ബഹളവും - അങ്ങനെയാണെങ്കിൽ നീയും വേണ്ട" എന്നു പറഞ്ഞ് എല്ലാവരും ഒഴിഞ്ഞു.

മകനെ വിട്ടുപോകാൻ മനസ്സു വരാതിരുന്നതുകൊണ്ട് അമ്മയുടെ യാത്രയും മുടങ്ങി. പിന്നീടൊരിക്കലും ഗംഗാസാഗരയാത്രയ്ക്കുള്ള അമ്മയുടെ മോഹം സാധിക്കയുണ്ടായില്ല. എന്നാൽ മകനുവേണ്ടി അമ്മ സഹിച്ച ആത്യാഗം ഹാജാരിയുടെ മനസ്സിൽ തിളങ്ങുന്ന അക്ഷരങ്ങളിൽ കുറിച്ചുവെച്ചിരിപ്പുണ്ട്.

ഹാജാരി ചിന്തിച്ചു "പോകട്ടെ, എന്നെങ്കിലം താൻ ഒരു ഹോട്ടൽ തുടങ്ങുകയാണെങ്കിൽ ഈ റാണാഘാട് ബസാറിൽ ഇരുന്നുകൊണ്ടുതന്നെ വേലക്കാരി പത്മയെ നീയെവിടെക്കിടക്കുന്നു, ഞാനെവിടെ നിൽക്കുന്നു എന്നു കാട്ടിക്കൊടുക്കും. കയ്യിൽ പൈസ കിട്ടുകയാണെങ്കിൽ നാളത്തന്നെ തുടങ്ങും, ഹോട്ടൽ, ഇതേ റാണാഘാട്ടിൽ. എന്റെ സ്വന്തം ഹോട്ടലിൽ ഇരുത്തി കുസുമത്തിന് നിത്യം നല്ല നല്ല വസ്തുക്കൾ ഉണ്ടാക്കി വിളമ്പിക്കൊടുക്കും.

പല കാര്യങ്ങളിലും അയാൾക്ക് നല്ല പരിശീലനം ലഭിച്ചിട്ടുണ്ട്, പലതും അനുഭവംകൊണ്ടു പഠിച്ചിട്ടുണ്ട്. ഹോട്ടൽക്കാരൻ അവശ്യം അറിഞ്ഞിരിക്കേണ്ട ഒന്നാണ് ചന്തയിടപാടുകൾ. അതു മനസ്സിലാക്കാനാണ് ഏറെ വിഷമവും. ഹോട്ടലിന്റെ വിജയം അതിനെ പിടിച്ചുനിൽക്കുന്നു. കുറഞ്ഞ വിലയ്ക്ക് നല്ല വസ്തുക്കൾ വാങ്ങുക എന്നതാണതിനർത്ഥം. നല്ല വസ്തുക്കൾക്കു പകരം വില കുറഞ്ഞവ-എന്നാൽ കാഴ്ചയ്ക്ക് അവ നികൃഷ്ടമാണെന്ന് ഒട്ടു തോന്നുകയുമില്ല-തേടിപ്പിടിക്കുക. അതായത് മാർക്കറ്റിൽ 'ബാടാ' (ഒരുതരം ചെറുമീൻ) മീനിനു പ്രിയം കൂടുതലുള്ള ദിവസമാണെങ്കിൽ, സേറിന് ആറണ വിലയ്ക്കു വിൽക്കുന്നതും തീവണ്ടിക്കു വന്നിറങ്ങുതുമായ രാസ് മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങി അവയെ 'ബാട'യാണെന്നു പറഞ്ഞു വിളമ്പിക്കൊടുക്കേണ്ടിവരും. പെട്ടെന്നു തിരിച്ചറിയാൻ വലിയ വിഷമമാണ്.

അടുത്ത ദിവസം ഹാജാരി പുഴവക്കത്തു ചെന്നു വളരെനേരം ഇരുന്നു.

അയാളുടെ മനസ്സിന് ഇന്നലെത്തൊട്ടു തുടങ്ങിയതാണ് വിഷമം. വേലക്കാരി പത്മ അയാളോട് ഒരിക്കലും മര്യാദയായി പെരുമാറിയിട്ടില്ല. അയാൾ അത് ഒരിക്കലും പ്രത്യാശിച്ചിട്ടുമില്ല. എങ്കിലും ഇന്നലെ അല്പം മാംസത്തിനുവേണ്ടി അവൾ കാട്ടിയ പരാക്രമം അയാളുടെ മനസ്സിനെ വല്ലാതെ മടുപ്പിച്ചുകളഞ്ഞു. കണ്ടവരുടെ പണിക്കു നിന്നാൽ ഇതൊക്കെയാണനുഭവം. കുസുമത്തിന് മാംസം കൊടുക്കാൻ കഴിയാത്തതിൽ അയാൾക്കു കുറച്ചൊന്നുമല്ല സങ്കടം. അടുത്ത കാലത്തൊന്നും അയാൾ ഇത്ര നന്നായി ഒന്നും തന്നെ പാകം ചെയ്യുകയുണ്ടായിട്ടില്ല. അത്രയ്ക്കാശിച്ച് എടുത്തുവെച്ച മാംസം ഒരു ലേശമെങ്കിലും കുസുമത്തിനു കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഇത്ര വ്യസനം തോന്നുകയില്ലായിരുന്നു.

നല്ലപോലെ വേല ചെയ്യുന്നതിന് ജോലിക്കയറ്റം കിട്ടുന്നതോ പോകട്ടെ, രണ്ടു നല്ലവാക്കു പറയാൻ പോലുമില്ല ഇവറ്റയ്ക്ക് സന്മനസ്സ്. നേരെ മറിച്ച് തൊട്ടതിനൊക്കെ കുറ്റവും അപമാനവും. ഓരോ തവണയും തോന്നിപ്പോകുകയാണ് യദുബാബുവിൻെറ അവിടെ പണിക്കു നിന്നാലെന്തെന്ന്. എന്നാൽ അവിടെയും ഇങ്ങനെ വന്നുകൂടെന്നുള്ളതിന് എന്താണുറപ്പ്? അവിടെയും ഒരു പത്മ ആവിർഭവിക്കുവാൻ ഏറെ താമസമുണ്ടാവില്ല. എന്തു ചെയ്യും?

സമയം അതിക്രമിച്ചുതുടങ്ങി. ഇനി അധികം ഇരുന്നാൽ പറ്റില്ല. പാപം കുറെയേറെ ചെയ്തിരിക്കണം-അങ്ങനെയുള്ളവരല്ലാതെ ഹോട്ടലിൽ അരിവെപ്പുകാരായിട്ടു നിൽക്കില്ല. ഇപ്പോൾ തന്നെ ചെന്ന് അടുപ്പത്തുള്ള ചെമ്പു കയറ്റിയില്ലെങ്കിൽ പത്മ വായിൽ തോന്നിയതെല്ലാം പറയും. അടുപ്പിൽ ഇപ്പോഴേക്ക് തീ പിടിപ്പിച്ചു കഴിഞ്ഞിട്ടുണ്ടാവും. എന്നാൽ മടക്കത്തിൽ എന്തോർത്തിട്ടോ ഹാജാരി കുസുമത്തിൻെറ വീട്ടിൽ കയറി.

കുസുമം ഇരിക്കാൻ പലകയെടുത്തിട്ടിട്ടു പറഞ്ഞു "വരൂ വലിയച്ഛാ! ഈ അസമയത്ത് വലിയച്ഛൻെറപാദധൂളി ഈ കുടിലിൽ വീണല്ലോ, അഹോ ഭാഗ്യം."

ഹാജാരി പറഞ്ഞു "നോക്കൂ കുസുമം, നിന്നോട് ഒരു കാര്യത്തെപ്പറ്റി അഭിപ്രായം ചോദിക്കാൻ വന്നതാണ്."

കുസുമം കൗതുകത്തോടെ മുഖത്തേക്കു നോക്കി "എന്താണു വലിയച്ഛാ!"

"എനിക്കു നാല്പതു നാല്പത്താറു വയസ്സായി, ശരിതന്നെ. എങ്കിലും എന്നെക്കണ്ടാൽ അത്രയൊന്നും തോന്നില്ല, എന്തു പറയുന്നു? എനിക്ക് ഇപ്പോഴും നല്ലപോലെ പണിയെടുക്കാനുള്ള കരുത്തുണ്ട്. എന്താണ് നിൻെറയഭിപ്രായം കുസുമം?"

ഹാജാരിയുടെ വർത്തമാനം ഏതു വഴിക്കാണു തിരിയുന്നതെന്ന് അറിയാതെ അല്പം വിസ്മയത്തോടും കൗതുകത്തോടും ഒപ്പം അവൾ പറഞ്ഞു "പറഞ്ഞതു നേരുതന്നെ. വലിയച്ഛന് അത്രയധികം പ്രായമൊന്നുമായിട്ടില്ല, പക്ഷേ എന്താണു കാര്യം?"

കുസുമത്തിൻെറ മനസ്സിൽ ഒരു വിചാരം എത്തിനോക്കുവാൻ തുടങ്ങി- വലിയച്ഛൻ വീണ്ടും വിവാഹത്തിനോ മറ്റോ ആലോചിക്കയാവുമോ?

ഹാജാരി പറഞ്ഞു "എനിക്ക് വലിയൊരു മോഹം, കുസുമം. സ്വന്തമായി ഒരു ഹോട്ടൽ തുടങ്ങണം. കയ്യിൽ എന്തെങ്കിലും പണം ഉണ്ടായാൽ ഞാനതു നിശ്ചയമായും നടപ്പിലാക്കും, നിനക്കതുറപ്പിക്കാം. കണ്ടവൻെറ കുത്തേറ്റ് പണിയെടുക്കാൻ തീരെ ആഗ്രഹമില്ലാതായി. ഞാൻ പത്തുവർഷമായി ഹോട്ടലിൽ പണിയെടുക്കാൻ തുടങ്ങിയിട്ട്. എങ്ങനെയാണ് ഹോട്ടൽ കച്ചവടം നടത്തേണ്ടതെന്ന് ഞാൻ ഒന്നാന്തരമായി പഠിച്ചിരിക്കുന്നു. ചക്കത്തി മശായിയെക്കാൾ നന്നായി എനിക്ക് കച്ചവടം നടത്താൻ കഴിയും. മാഖൻപൂർ ചന്തയിൽ നിന്ന് എല്ലാ ചന്തദിവസവും പച്ചക്കറികൾ വാങ്ങിക്കൊണ്ടു വരികയാണെങ്കിൽ റാണാഘാട് ചന്തയിലേക്കാൾ ഉറുപ്പികക്ക് നാലണ-ആറണ ആദായമുണ്ടാവും. ചെറുകിട ഹോട്ടലിന് അത് ഒരു ചില്ലറ ലാഭമൊന്നുമല്ല. ചന്തസ്സാമാനങ്ങൾ വാങ്ങുന്നതിലാണ് ഹോട്ടൽ കച്ചവടത്തിൻെറ ലാഭത്തിൽ പകുതിയും കിടക്കുന്നതും. എനിക്ക് നല്ല ഉറച്ച വിശ്വാസമുണ്ട് കുസുമം. കയ്യിൽ എന്തെങ്കിലും പണമുണ്ടാവുകയാണെങ്കിൽ ഒരു ഹോട്ടൽ തുടങ്ങുന്നതായാൽ അത് ബസാറിലെ ഒന്നാന്തരം ഹോട്ടലാവും, നോക്കിക്കോളൂ."

കുസുമം ഹാജാരിയുടെ ഈ നീണ്ട പ്രസംഗം അദ്ഭുതത്തോടെ കേട്ടുകൊണ്ടിരുന്നു. അവൾ ഹാജാരിയെ അച്ഛനെപ്പോലെ കരുതുന്നതുകൊണ്ട് മകൾ അച്ഛനിൽക്കാണാറുള്ള എല്ലാ വിധ സാങ്കല്പികഗുണങ്ങളും അറിവും ആരോപിച്ചുവെച്ചിരിക്കയാണ്. ഹോട്ടൽ വ്യവസായത്തെപ്പറ്റി അവൾക്കു വല്ലതും അറിയാമെന്നിരിക്കട്ടെ, ഇല്ലെന്നിരിക്കട്ടെ, വലിയച്ഛൻ ബുദ്ധിമാനാണെന്ന് അവൾക്കു ഹാജാരിയുടെ പ്രസംഗം കേട്ടപ്പോൾ ബോധ്യമായി.

ഏതാനും നിമിഷങ്ങൾക്കകം എന്തോ ചിന്തിച്ചിട്ട് അവൾ പറഞ്ഞു "എനിക്ക് ഒരു ജോഡി സ്വർണ്ണവള ഉണ്ടായിരുന്നു. പോയ കൊല്ലം അതിൽ ഒന്നു വിറ്റുകളഞ്ഞു എൻെറ മകന് സുഖമില്ലാതായപ്പോൾ. വിറ്റാൽ പത്തറുപതു രൂപ കിട്ടാൻ വിഷമമുണ്ടാവില്ല. നിങ്ങൾക്കു തരട്ടെ വലിയച്ഛാ! ആ പണംകൊണ്ട് ഹോട്ടൽ തുടങ്ങാമല്ലോ."

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "പോ പ്രാന്തി! അറുപതു രൂപ കൊണ്ടോ ഒരു ഹോട്ടൽ?"

"എത്ര വേണം തുടങ്ങാൻ?"

"കുറഞ്ഞത് ഇരുനൂറ് രൂപ. അതുതന്നെ മതിയാവില്ല."

"ശരി, ഒന്നു കണക്കു കൂട്ടി നോക്കൂ വലിയച്ഛൻ."

"നോക്കാനെന്തിരിക്കുന്നു? കണക്ക് എനിക്ക് കാണാപ്പാഠം. കണക്കാക്കിക്കോളൂ - രണ്ടു വലിയ ചെമ്പുകൾ. അതിൽ ചെറുതു മൂന്ന്. ഒരു ജോഡി തളികയും പിച്ചളപ്പാത്രങ്ങളും. കയിലുകൾ, ചട്ടുകങ്ങൾ, കൊടിലുകൾ, കരണ്ടികൾ, ചായപ്പാത്രങ്ങൾ, പുറത്ത് പണപ്പെട്ടിയുമായി ഇരിക്കുന്ന മുറിയിൽ ഇടാൻ ഒരു ബഞ്ച്, ഒരു മെത്ത, തലയണ. ബൈൻറു ചെയ്ത രണ്ടു

കണക്കെഴുത്തു പുസ്തകം. തൊട്ടി, റാന്തൽ, അമ്മി, ആട്ടുകല്ല്, അമ്മിക്കുഴ - ഈവക നിത്യോപയോഗ വസ്തുക്കൾ വാങ്ങുന്നതിനുതന്നെ ഇരുനൂറു രൂപയിലധികം വേണ്ടിവരും. അഞ്ചു ദിവസത്തെ ചന്തസ്സാമാനങ്ങൾക്കു പണം കയ്യിൽ വെച്ചുകൊണ്ടുവേണം പുറപ്പെടാൻ. പണിക്കാർക്കു കൊടുക്കേണ്ട രണ്ടു മാസത്തെ ശമ്പളവും കയ്യിൽ വേണം. ആദ്യത്തെ രണ്ടു മാസം ലാഭമൊന്നുമുണ്ടായില്ലെങ്കിൽ അവരുടെ ശമ്പളത്തിനുള്ള തുക എവിടെന്നുണ്ടാവും? അതൊക്കെയിരിക്കട്ടെ - ഞാൻ എന്തിനാണ് നിൻെറ പണം വാങ്ങുന്നത്?''

കുസുമം ക്ഷോഭത്തോടെ പറഞ്ഞു ''എൻെറ കയ്യിലുണ്ടെങ്കിൽ എന്താണു വാങ്ങിയാൽ? ആ തുക ഒരു ബ്രാഹ്മണൻെറ സേവനത്തിനായി ചിലവാകയാണെങ്കിൽ അതിൽപരം അഹോഭാഗ്യം ഒന്നുമില്ല വലിയച്ഛരാ! അതിനുള്ള ഭാഗ്യം തലയിലെഴുതിയിട്ടുണ്ടെങ്കിലേ ഉണ്ടാവുള്ളൂ. എൻെറ കയ്യിൽ അത്ര വലിയ തുക ഇല്ലാത്ത സ്ഥിതിക്ക് അതേപ്പറ്റി പറഞ്ഞിട്ടെന്തു കാര്യം? എൻെറ കയ്യിലുള്ളതു വല്ലപ്പോഴും ആവശ്യമായി വരികയാണെങ്കിൽ നിങ്ങളുടെ ഈ മകളെ അറിയിക്കൂ.''

ഹാജാരി എഴുന്നേറ്റു. ഇനി ഇവിടെയിരുന്നാൽ പറ്റില്ല. അയാൾ പറഞ്ഞു ''ഇല്ല കുസുമം! അതുകൊണ്ടെന്താവാനാണ്? എന്നാൽ ഞാൻ വരട്ടെ''

കുസുമം പറഞ്ഞു ''മകളുടെ വീട്ടിൽ വന്നിട്ട് ഒന്നും കഴിക്കാതെ പോയാലോ, വലിയച്ഛരാ! ലേശംകൂടി ഇരിക്കൂ. ഇതാ വന്നുകഴിഞ്ഞു.''

കുസുമം അതിവേഗം പുറത്തേക്കു പോയതുകൊണ്ട് ഹാജാരിക്ക് മറിച്ചൊന്നു പറയാൻ ഇട കിട്ടിയില്ല. കുറച്ചുകഴിഞ്ഞ് കുസുമം മുറിയിലേക്കു വന്ന് ഒരു പലകയെടുത്തുവെച്ച് നിലം കൈ നനച്ചു തുടച്ച് വീണ്ടും പുറത്തേക്കുപോയി. വീണ്ടും വേഗം തിരിച്ചുവന്ന് ഒരു കോപ്പ പാലും ഒരു പ്ലേറ്റിൽ കുറച്ചു നുറുക്കിയ പപ്പായയും മാമ്പഴവും രണ്ടു 'സന്ദേശും' (മധുരപലഹാരം) പലകയ്ക്കു മുമ്പിൽ വെച്ചു പറഞ്ഞു ''ഇതു കഴിക്കൂ, ഇരിക്കൂ, ഞാൻ വെള്ളം കൊണ്ടുവരട്ടെ.'' ഹാജാരി പലകയിൽ ഇരുന്നു. കുസുമം തേച്ചു തിളക്കിയ ഒരു കപ്പിൽ വെള്ളം കൊണ്ടുവന്നു വെച്ച് മുമ്പിൽ നിന്നു.

ഭക്ഷിക്കുന്നതിനിടക്ക് അന്നത്തെ മാംസത്തിൻെറ കാര്യമാണ് ഹാജാരി ഓർത്തുപോയത്. മകളെപ്പോലെ അത്രയ്ക്കു സ്നേഹത്തോടും ആദരവോടും പെരുമാറുന്നു കുസുമം, അവൾക്കായി കരുതിവെച്ചിരുന്ന മാംസമല്ലേ ആ ചക്കത്തിമശായിയുടെ കഞ്ചാവുകുടിയൻ അളിയനെ ദാസിപ്പെണ്ണു പത്മ കാരണം തീറ്റേണ്ടി വന്നത്? ഇതാണു ദാസ്യത്തിനു പുറപ്പെട്ടാലത്തെ സുഖം!

ഹാജാരി പറഞ്ഞു ''നീ എനിക്കു മകളെപ്പോലെയാണു കുസുമക്കുട്ടീ!''

കുസുമം ചിരിച്ചുകൊണ്ടു പറഞ്ഞു ''മകളെപ്പോലെയാവുന്നതെങ്ങനെ വലിയച്ഛരാ! മകൾതന്നെ.''

''മകൾതന്നെ - മകളല്ലാതെ അച്ഛരനെ ഇത്രയ്ക്കു മാനിക്കുമോ?''

''ഇതാണോ മാനിക്കൽ? ഭഗവാൻ എനിക്കതിനു ഭാഗ്യം തന്നിട്ടുണ്ടെങ്കി

ലല്ലേ? ഇതൊക്കെയെന്തു നിസ്സാരം. പടുക്ക വിരിച്ചു കിടന്നോ വലിയച്ഛാ?"

"വിരിച്ചു കിടക്കാതിരിക്കുമോ മോളേ! എന്നും കിടക്കുമ്പോൾ നിന്നെ യോർക്കും. കുസുമമാണ് ഇതുതന്നതെന്ന് വിചാരിക്കാത്ത ദിവസമില്ല. കീറി പ്പൊളിഞ്ഞ പുൽപായയിൽ കിടന്നു കിടന്നു പുറം കീറി വടു കെട്ടിപ്പോയിരു ന്നു. ഇതുകിട്ടിയതോടെ രക്ഷപ്പെട്ടു."

"അയ്യോ എന്താണീപ്പറയുന്നത്?... അല്ലാ സന്ദേശ് തൊട്ടിട്ടില്ലല്ലോ. രണ്ടും തിന്നൂ. കാൽ പിടിക്കാം ഞാൻ. അതു തിന്നാതെ പറ്റില്ല."

"കുസുമം, നിനക്കായി വല്ലതും ബാക്കിവെയ്ക്കാതെ തിന്നാമോ മോളേ! ഇതു നിനക്ക്."

കുസുമം സങ്കോചം കാരണം മിണ്ടാതിരുന്നു. ഹാജാരി പലകയിൽ നിന്ന് എഴുന്നേറ്റപ്പോൾ അവൾ പറഞ്ഞു "മുറുക്കാൻ കൊണ്ടുവരാം, നിക്കൂ."

അതു കഴിഞ്ഞ് പടിക്കലോളം കൊണ്ടുചെന്നാക്കാൻ പുറപ്പെട്ട അവൾ പറഞ്ഞു "എന്റെ ആ സ്വർണ്ണവള ഞാൻ വലിയച്ഛനായിട്ട് നീക്കി വെച്ചിരിക്കുന്നു, വലിയച്ഛാ! ആവശ്യം നേരിട്ടാലപ്പോൾ മകളുടെ അടുക്കൽ നിന്ന് വാങ്ങിക്കോളൂ."

അന്നു ഹോട്ടലിൽ തിരിച്ചെത്തിയ ഹാജാരി കണ്ടു, പതിനഞ്ചിലധികം സേർ മൈദ വേലക്കാരനും ദാസി പത്മയും കൂടിയിരുന്നു കുഴയ്ക്കുന്നു.

"എന്താണു സംഗതി? ഇത്രയധികം പൂരി ആർക്കു തിന്നാൻ?"

പത്മ, വാക്കിൽ കഴിയുന്നതും നിന്ദകലർത്തിക്കൊണ്ടു പറഞ്ഞു "ഹാ ജാരി ഠാക്കൂർ, നിങ്ങളുടെ അടുക്കളപ്പണികൾ വേഗം തീർത്തോളൂ. അതു കഴിഞ്ഞ് നിങ്ങൾതന്നെ വേണം ഈ പൂരി പൊരിച്ചെടുക്കുവാൻ. ആചാര്യ പാഡയിലെ മഹാദേവ് ഘോഷിന്റെ വീട്ടിലേക്കയയ്ക്കാനുള്ളതാണ്. അവർ ആഡർതന്നിട്ടു പോയിരിക്കുന്നു. ഒമ്പതരയ്ക്കു തക്കവണ്ണം അവിടെയെത്തി ക്കണം."

ഹാജാരി അന്തം വിട്ട മട്ടിൽ പറഞ്ഞു "ഒൻപതര മണിക്ക് മുമ്പ് ഈ അര മന്നോളം വരുന്ന മൈദ പൊരിച്ചു കൊടുത്തയയ്ക്കുക, പുറമേ, ഹോട്ടലി ലെ പതിവു പണികൾ ചെയ്തു തീർക്കുക. എന്താണീ പറയുന്നത് പത്മ യേടത്തീ? ഇതെല്ലാം എങ്ങനെ സാധിക്കും? രതൻഠാക്കൂറിനോടു പറയരുതോ പൂരി പൊരിച്ചു തരാൻ? ഞാൻ ഹോട്ടലിലെ പണി നോക്കട്ടെ."

വേലക്കാരി പത്മയ്ക്ക് കണ്ണു ചുകപ്പിക്കാതെ വർത്തമാനം പറയാനറി ഞ്ഞുകൂട. അവൾ ചൊടിച്ചുകൊണ്ടു പറഞ്ഞു "നിങ്ങളുടെ ഇഷ്ടാനി ഷ്ടങ്ങൾ പോലെയല്ല ഇവിടെ കാര്യങ്ങൾ നടക്കുക. യജമാനന്റെ കല്പന. എന്നോടു പറഞ്ഞേല്പിച്ചതനുസരിച്ച് ഞാൻ പറഞ്ഞു. അയാൾ വലിയങ്ങാടി യിലേക്കു പോയിരിക്കുന്നു. വരുമ്പോൾ രാത്രിയാവും. ഇനി നിങ്ങളുടെ ഇഷ്ടം- ചെയ്താലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം."

അതായത് ചെയ്യാതെ ഗതിയില്ല. ഇവരുടെ ഈ അന്യായമോർത്ത് ഹാ ജാരിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. തികഞ്ഞ അനീതിയെന്നല്ലാതെ ഇതി

ന്നെ മറ്റെന്തു പറയും? രതൻഠാക്കൂറിനെക്കൊണ്ട് ഇവർക്ക് പതിവു വെയ്പുപണികൾ നേരത്തെ ചെയ്തുതീർക്കാമായിരുന്നു. എന്നാൽ പത്മയ്ക്ക് അതു പോര. അവൾക്കു ഹാജാരിയെന്നു പറഞ്ഞാൽ വിഷമാണ്. അയാളെ ഒന്നു വഷളാക്കാൻ കിട്ടുന്ന ഒരു തക്കവും അവൾ പാഴാക്കുകയില്ല എന്ന മട്ടായിരിക്കുന്നു.

ഭയങ്കരമായ തീയിന്റെ ചൂടിലിരുന്ന് രതൻഠാക്കൂറിനോടൊപ്പം പതിവുള്ള ഭക്ഷണം പാകം ചെയ്തുകഴിഞ്ഞപ്പോൾ തന്നെ മണി ഒൻപതടിച്ചു. അതു കഴിഞ്ഞപ്പോൾ പത്മ പൂരി പൊരിച്ചുതുടങ്ങുന്നതിന്, ഭീതിപ്പെടുത്തലോടൊപ്പം താക്കീതു നൽകാൻ തുടങ്ങി. പത്മയ്ക്ക് പണിയെടുക്കാൻ മനസ്സില്ല. അവൾ ഊണുകാരുടെ മേൽനോട്ടത്തിനെന്നു പറഞ്ഞ് പുറത്തേക്കു പോയി. ഇന്ന് ചന്തദിവസമായതിനാൽ ശാപ്പാടുകാർ അനവധി. രതൻഠാക്കൂർ അവർക്കു വിളമ്പിക്കൊടുക്കാൻ പുറപ്പെട്ടു. ഹാജാരി ഒരു 'ചിലം' പുക ഉറച്ചിരുന്നു വലിച്ചശേഷം വീണ്ടും എരിയുന്ന അടുപ്പിൻ ചൂടത്തിരുന്ന് പൂരിയുണ്ടാക്കാൻ തുടങ്ങി

അര മണിക്കൂർ കഴിഞ്ഞ് - ഇതിനിടയ്ക്ക് അഞ്ചു സേറിന്റെ പൂരിപോലും ഉണ്ടാക്കിക്കഴിഞ്ഞിരുന്നില്ല - പത്മ വന്നു പറഞ്ഞു "ഠാക്കൂർ, കഴിഞ്ഞില്ലേ? അവർ കൊണ്ടുപോകാൻ വന്നിരിക്കുന്നു."

ഹാജാരി പറഞ്ഞു "ഇല്ല, ഒന്നുമായില്ല. പത്മയേടത്തി അവരോട് ഒന്നു 'കറങ്ങി'യിട്ടു വരാൻ പറയൂ "

"കറങ്ങാൻ പറഞ്ഞാൽ പറ്റില്ല. അവർ ഒൻപതര മണിയാകുമ്പോഴേക്ക് പലഹാരം കൊടുക്കണമെന്നല്ലേ പറഞ്ഞിരുന്നത്? നിങ്ങളോടു നേരത്തെ പറഞ്ഞില്ലേ അത്?"

"പറഞ്ഞതുകൊണ്ടെന്തു കാര്യം പത്മയേടത്തി! അരമന്നു മൈദ മന്ത്രം കൊണ്ടു പൊരിച്ചെടുക്കുവാൻ കഴിയുമോ? ഒമ്പതു മണിക്കല്ലേ പൂരിക്കു പാത്രം അടുപ്പത്തു കയറ്റിയത്? മതിയോടു ചോദിച്ചുനോക്കൂ."

"എനിക്കതൊന്നും അറിയില്ല. അവർ ആർഡർ റദ്ദാക്കിയാൽ നിങ്ങൾ തന്നെ യജമാനനോടു സമാധാനം പറയേണ്ടിവരും. നിങ്ങളുടെ ശമ്പളത്തിൽ നിന്ന് അര മന്ന് മൈദയുടേയും പത്തു സേർ നെയ്യിൻേറയും വില ഒരു മാസം കൊണ്ടു പിടിച്ചാൽ തീരില്ല. ഓർത്തു കളിച്ചാൽ മതി."

വാക്കേറ്റം കൊണ്ടു കാര്യമില്ലെന്ന് ഹാജാരി കണ്ടു. അയാൾ ഒന്നും മിണ്ടാതെ പൂരിയുണ്ടാക്കിക്കൊണ്ടിരുന്നു. ഹാജാരിക്ക് കള്ളപ്പണിയറിയില്ല, പണിയെടുക്കാനിരുന്നാൽ മറ്റൊന്നിലേക്കുമില്ല നോട്ടം. അതാണയാളുടെ നിയമം. കാണാനാളുണ്ടായാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം. പൂരി നെയ്യിൽ മുക്കി വേഗം വേഗമെടുത്താൽ പണിയും അത്രയും വേഗം തീരും. പക്ഷേ അതുകൊണ്ടു പൂരി വേവില്ല. അതിനാൽ അയാൾ മെല്ലെ മെല്ലെ വേണ്ടത്ര സമയം എടുത്ത് പൂരിയുണ്ടാക്കിത്തുടങ്ങി. ഒരു തവണ പത്മ വന്നു പറഞ്ഞു "ഇത്ര പതുക്കെയായാലെങ്ങനെയാണു ഠാക്കൂർ? ഒന്നു കൂടി 'ശുറു

ക്കായിട്ടു' കയ്യോടിക്കു. ഇത്ര നേരം പൂരി നെയ്യിൽ ഇട്ടുവെച്ചുകൊണ്ടിരുന്നാൽ പൂരി കടിച്ചാൽ പൊട്ടാതാവുമല്ലോ."

വെയ്പ് പണി തനിക്ക് ദാസി പത്മയിൽ നിന്നു പഠിക്കേണ്ടതില്ല. പൂരി തിളയ്ക്കുന്ന നെയ്യിൽ കുറച്ചുനേരം ഇട്ടുകൊണ്ടിരുന്നാൽ അതിനു മാർദ്ദവമോ വരിക കാഠിന്യമോ എന്ന് തനിക്ക് ഒന്നാന്തരമായിട്ടറിയാം എന്നു പറഞ്ഞാലോ എന്ന് ഹാജാരി ആദ്യം വിചാരിച്ചു. എന്നാൽ അപ്പോൾ തന്നെ പത്മ എന്താണിങ്ങനെ പറയാൻ കാരണമെന്ന് അയാൾക്കു മനസ്സിലായി.

പത്തു സേർ നെയ്യിൽ നിന്ന് പൂരി കുടിച്ചതു കഴിച്ചു ബാക്കിയുള്ളതെല്ലാം പത്മയ്ക്കുള്ളതാണ്. അവൾ അതൊളിപ്പിച്ച് വീട്ടിലേക്ക് കടത്തും. യജമാനൻ, വേലക്കാരി പത്മയുടെ കാര്യത്തിൽ കണ്ണടച്ചുകളയും. കണ്ടാലും ഇല്ലെന്നു നടിക്കും.

ഹാജാരി വിചാരിച്ചു - ഈ ചൂതാട്ടം കാരണമാണ് ഹോട്ടലിന് ചീത്തപ്പേരുണ്ടാകുന്നത്. ആഹാരം കഴിക്കുന്നവർ പൈസ തരുന്നു. അവരെന്തിനു വേവാത്ത പൂരി കഴിക്കണം. പത്തു സേർ നെയ്യിനുള്ള വില അവരുടെ പക്കൽ നിന്ന് പറ്റിക്കഴിഞ്ഞു. പിന്നെയെന്തിന് അതിൽ നിന്നു 'ഭർഗി'ക്കുവാൻ നോക്കുന്നു. അവർക്കുണ്ടാക്കിക്കൊടുക്കുന്ന ഭക്ഷ്യങ്ങൾ നന്നാകണം. അതു മാത്രമേ നോക്കാനുള്ളു.വേലക്കാരിക്കു വീട്ടിലേക്കു കടത്തിക്കൊണ്ടുപോകാനല്ല, അവർ അതിൻെറ വില കൊടുത്തിരിക്കുന്നത്.

അടുത്ത നിമിഷംതന്നെ അയാൾ സ്വന്തം മനോരാജ്യത്തിൽ ലയിച്ചുപോയി.

ഈ റയിൽ ബസാറിൽ തന്നെ തുറക്കണം തനിക്കു ഹോട്ടൽ; തൻേറതായ സ്വന്തം ഹോട്ടൽ. വഞ്ചനക്ക് അവിടെ ഇടമുണ്ടായിരിക്കയില്ല. പറ്റുകാർ ആർഡർ തരുന്ന വസ്തുക്കളിൽ മായം കാട്ടുകയില്ല. പറ്റുകാരുടെ സംതൃപ്തിയിലാണ് വ്യവസായത്തിൻെറ നിലനില്പ്. സ്വന്തം കയ്യാലെ പാകം ചെയ്തു വിളമ്പി സകലപേരേയും പ്രസന്നരാക്കും. മായങ്ങളുടേയും മറിമായങ്ങളുടേയും കൂടെ താനില്ല.

പൂരി പൊരിക്കാനിടുന്ന നെയ്യിൻെറ കുമിളയിൽ ഹാജാരി ഠാക്കൂർ തൻെറ ഭാവിഹോട്ടലിൻെറ ചിത്രം കാണുകയായിരുന്നു. ഓരോ കുമിളയിലും. അവിടെ പത്മയെന്ന ദാസിയില്ല. ബേചു ചക്കത്തിയുടെ കള്ളു കുടിയനും കഞ്ചാവു വലിയനുമായ അളിയനും അവിടെയില്ല. പുറത്ത് കാശുപെട്ടിക്കാരൻെറ മുറിയിൽ ഒന്നാന്തരം വെളുത്ത മെത്ത വിരിച്ചിട്ടുണ്ടാവും. പറ്റുകാർ എത്ര നേരം വേണമെങ്കിലും ഇരുന്നു വിശ്രമിച്ചോട്ടെ! പുക വലിക്കണോ? വലിച്ചോട്ടെ. അതിന് ഒരു പൈസപോലും അധികം തരണ്ട. ഈരണ്ടു മീനും ആഴ്ചയിൽ മൂന്നു ദിവസം ഇറച്ചിക്കറിയും സ്ഥിരം പറ്റുപടിക്കാർക്ക്. ഇതൊന്നും ചെയ്യാതെ വെറുതെ സ്റ്റേഷനിൽ ചെന്നു നിന്ന് ഹി. ഇ. ഇ. ന്ദു ഹോട്ടൽ! ഹി 1 1 ന്ദു ഹോട്ടൽ!! എന്നു വേലക്കാരൻ മതിയെപ്പോലെ തൊള്ള തുറന്നാലുണ്ടോ ഊണുകാരെ കിട്ടുന്നു.

പത്മ വന്നു ചോദിച്ചു " ഏയ് ഠാക്കൂർ! ഒക്കെയായോ? ഒന്നിളകി പണി യെടുക്ക വയ്യ, അല്ലേ? പൂരിക്കേല്പ്പിച്ചവർ വന്നു കാത്തിരിക്കുന്നു."

ഇതും പറഞ്ഞ് അവൾ മൈദയുടെ പാത്തിയിൽ നോക്കി. പരത്തിയിട ത്തോളം മൈദ അയാൾ വേവിച്ചെടുത്തു കഴിഞ്ഞിരിക്കുന്നു. ഇനി പത്തു പന്ത്രണ്ടെണ്ണംകൂടി കഷ്ടിച്ചുകാണും. അത്രതന്നെ. മതി, പത്മയെക്കണ്ട പ്പോൾ വേഗം വേഗം പരത്താൻ തുടങ്ങി.

പത്മ പറഞ്ഞു "നിങ്ങളുടെ കൈ ഓടുന്നില്ല അല്ലേ? ഇനിയും പത്തു സേ റോളം കുഴച്ച മൈദ കിടക്കുന്നേയുള്ളല്ലോ? ഈ മട്ടിൽ പോയാൽ പൂരിയുണ്ടാ ക്കൽ എപ്പോഴവസാനിക്കാനാണു പോണത്?"

ഹാജാരി പറഞ്ഞു "പത്മയേടത്തി! രാത്രി പതിനൊന്നടിക്കും മണി, ആ മൈദമാവു മുഴുവൻ പരത്തുകയും ഒരു കൈകൊണ്ട് പൊരിക്കുകയും ചെയ്യു കയാണെന്നു വെച്ചാൽ. നിങ്ങൾ പരത്താൻ ഒരാളെ തരൂ."

പത്മ മുഖം വെട്ടിച്ചുകൊണ്ടു പറഞ്ഞു "ഉവ്വുവ്വ്! ഞാൻ നിങ്ങൾക്കു വേണ്ടി ഇപ്പോൾ ഒരാളെ കൂലിക്കു വെക്കാൻ പോകയല്ലേ? യജമാനനവർകളേ! നി ങ്ങൾക്കു പൂരിയുണ്ടാക്കണമെന്നുണ്ടോ? ഉണ്ടാക്കിക്കോളൂ. ഇല്ലെങ്കിൽ വേണ്ട വന്നവരെ വെറുതെ പറഞ്ഞയച്ചാൽ നിങ്ങളോടു ചോദിക്കാൻ യജമാനനുണ്ട്.

പത്മ പിന്നെയവിടെ നിന്നില്ല.

വേലക്കാരൻ മതി പറഞ്ഞു "ഠാക്കൂർ നിങ്ങൾക്കെങ്ങനെ പൂരി മുഴുവൻ വറുത്തെടുക്കാൻ കഴിയും? പരത്തിക്കിട്ടണ്ടേ? ഞാനൊറ്റയ്ക്ക് വിചാരിച്ചാൽ ഇതു മുഴുവൻ എപ്പോഴാണ് പരത്തിത്തീരുക."

പെട്ടെന്ന് ഹാജാരി മനസ്സിൽ ഓർത്തു - കുസുമം വിചാരിച്ചാൽ ഇതു മു ഴുവൻ പരത്തി പാകം ചെയ്തെടുക്കുന്നതിനു കഴിയുമായിരുന്നു. എന്നാൽ അവൾ ഗൃഹസ്ഥൻെറ പുത്രി, ഗൃഹസ്ഥപത്നി, അവളെ ഇവിടെ കൊണ്ടു വരിക വയ്യ - ആളെ അയച്ച് തൻെറ ആപത്ത് അറിയിച്ചാൽ അവൾ ആ നിമി ഷം പാഞ്ഞെത്തുമെന്നതിൽ ലേശവും സംശയമില്ല.

അതിനുശേഷം ഒരു മണിക്കൂറു നേരത്തേക്കു ഹാജാരി ഒന്നും ചിന്തിച്ചി ല്ല, എങ്ങോട്ടും തിരിഞ്ഞു നോക്കിയില്ല. പൂരി പൊരിയുന്ന കടാഹത്തിലേക്കു മാത്രമായി നോട്ടം, തിളച്ചുമറിയുന്ന നെയ്യ്, കുഴച്ചുവെച്ച മൈദ, നീണ്ട് കൈപ്പടം പോലെ പരന്ന 'കണ്ണാപ്പ'യിൽ കോരിയെടുക്കുന്ന നിറം പിടിച്ച പൂരികൾ - പൂരികളിൽ നിന്ന് ചുട്ട നെയ്യ് ഇറ്റിറ്റു വീഴുന്നു. സഹിച്ചുകൂടാത്ത അടുപ്പിൻ ചൂട്, ഊരയ്ക്ക് എന്തെന്നില്ലാത്ത കടച്ചിൽ. വിയർപ്പൊഴുകി ഉടു തുണിയും തോർത്തും നനഞ്ഞു. ഒന്നു പുകപിടിക്കാൻ പോലുമില്ല ഇട. പച്ചപ്പൂരിയെടുത്തു പാത്രത്തിലിടുക, പൊരിക്കുക, നെയ്യു മാറ്റി അടുത്തു വെച്ചിരിക്കുന്ന കൊട്ടയിലിടുക.

മണി പത്തടിച്ചു.

മൂർഷിദാബാദ് വണ്ടി വരേണ്ട സമയമായി.

വേലക്കാരൻ മതി പറഞ്ഞു " ഞാൻ ഒന്നു സ്റ്റേഷനോളം ചെല്ലട്ടെ,

ഠാക്കൂർ മശായി. തീവണ്ടിക്കു സമയമായി. ഊണിന് ആളുകളെ പിടിച്ചു കൊണ്ടു വന്നില്ലെങ്കിൽ നാളെ യജമാനൻ എന്നെ വകവരുത്തും. ഒരു ബീഡി വലിച്ചിട്ടു പൊയ്ക്കളയാം.''

ശരിതന്നെ. അവൻ കുറച്ചുനേരം പ്ലാറ്റുഫോമിൽ ചുറ്റിനടന്ന് ''ഹി...ി...ന്ദു ഹോട്ടൽ'' എന്നു തൊള്ള തുറക്കും. മൂർഷിദാബാദ് വണ്ടിക്ക് ഇനി പത്തു പന്ത്രണ്ടു മിനിട്ടേയുള്ളൂ.

ഹാജാരി പറഞ്ഞു ''ഞാനൊറ്റയ്ക്ക് പരത്തുകയും പൊരിക്കയും ചെയ്യണമെന്നോ? നീയെന്താണീ ചെയ്യുന്നത്, മതി! കണ്ടില്ലേ ഓരോരുത്തരുടെ പണി. രതൻ ഠാക്കൂർ തെറ്റിക്കളഞ്ഞു. പത്മയും മാറിക്കളഞ്ഞെന്നാണു തോന്നുന്നത്. ഞാനൊറ്റയ്ക്ക് എന്തെടുക്കും?''

മതി പറഞ്ഞു ''നിങ്ങളെ പത്മയേടത്തിക്ക് തീരെ കണ്ടകൂടാ. ആരോടും പറയരുത്, ട്ടോ ഠാക്കൂർ! ഇതെല്ലാം അവളുടെ കുത്തിത്തിരുപ്പാണ്. നിങ്ങളെ തോല്പിക്കാൻവേണ്ടി ചെയ്യുന്ന കടുംകൈകൾ, ഞാൻ പോകട്ടെ. ഇല്ലെങ്കിൽ എൻെറ ജോലി പോകും.''

മതി ഇറങ്ങിപ്പോയി. ഇനി അഞ്ചു സേർ മൈദയുടെ മാവ് ബാക്കി. പരത്തിവെച്ച മാവും കാണും ഒന്നര സേറോളം. ഹാജാരി കണക്കാക്കിനോക്കി - പത്തെഴുപതു പൂരി - അസാധ്യം! ഒരൊറ്റ മനുഷ്യനെക്കൊണ്ട് രാത്രി പന്ത്രണ്ടു മണിക്കു മുമ്പായി ഒരു കൈകൊണ്ടു പരത്തി മറ്റേതുകൊണ്ടു പൊരിച്ചെടുക്കുവാൻ കഴിയുമോ ഇതൊക്കെ?

മതി പോയ സമയത്തു കൊടുത്ത ബീഡി അപ്പോഴും വലിച്ചുതീർന്നു കഴിഞ്ഞിരുന്നില്ല. ആ സമയം പത്മ വന്ന് എത്തിനോക്കിപ്പറഞ്ഞു ''ഇരുന്നു മുറയ്ക്കു ബീടി വലിക്കുക - തീർന്നാൽ മറ്റൊന്നെടുക്കുക - അപ്പുറത്ത് ബാബുമാരുടെ വീട്ടിൽനിന്നു പൂരിക്കു വന്നവർ രണ്ടു വട്ടം തിരിച്ചുപോയിക്കഴിഞ്ഞിരിക്കുന്നു. അപ്പോഴെ പറഞ്ഞതായിരുന്നു ഇപ്പണി ഹാജാരി ഠാക്കൂറിനെക്കൊണ്ടു ചെയ്യിക്കാൻ നോക്കണ്ട എന്ന്. ആ ബീഡി വലിച്ചെറിഞ്ഞ് ഏല്പിച്ച പണി മുഴുവനാക്കാൻ നോക്കാനാണ് പറഞ്ഞത്. രാത്രി ഇനി എത്രയുണ്ട് ബാക്കി?''

ഹാജാരി സത്യമായും ഒന്നു പകച്ച് ബീഡി വലിച്ചെറിഞ്ഞു. പൂരി പരത്താനാളില്ലെന്ന് അയാൾക്കു പത്മയോടു പറയാൻ ധൈര്യം വന്നില്ല. അയാൾ ഒറ്റയ്ക്ക് വീണ്ടും തുടങ്ങി പണി.

പതിനൊന്നടിക്കാൻ ഇനി ഏറെയില്ല താമസം. ഇനി ഇരിക്ക വയ്യ എന്നു തോന്നി അയാൾക്ക്. ഈ സമയം രണ്ടു മുഖങ്ങളാണ് അയാളുടെ മനസ്സിലുദിച്ചത്. ഒന്ന് അയാളുടെ സ്വന്തം മകൾ ടേംപിയുടേത്. പന്ത്രണ്ടു വയസ്സ്. വീട്ടിലുണ്ട്. മറ്റേത് കുസുമത്തിൻേറത്. അന്നു വൈകുന്നേരം എത്രയും കാര്യമായി ആദരിച്ചിരുത്തിയുള്ള കുസുമത്തിൻെറ സൽക്കാരം. അവളുടെ പ്രസന്നത കൈവിടാത്ത മുഖം - ടേംപിയുടെ മുഖവും കുസുമത്തിൻെറ മുഖവും ഒന്നാവുകയാണ്. പൂരിയുടേയും നെയ്യിൻേറയും കുമിളകളിൽ ചിലപ്പോൾ ഒറ്റ മുഖ

മേ അയാൾ കാണുന്നുള്ളു. ടേംപിയും കുസുമവും ചേർന്ന് ഒറ്റ മുഖം... അവർ രണ്ടു പേരും ഇന്ന് ഇവിടെ ഉണ്ടായിരുന്നെങ്കിൽ! കുസുമം അവിടെയിരുന്ന് ചിരിച്ചു കൊണ്ട് പൂരിക്കു പരത്തും, ടേംപി ഇവിടെയിരുന്ന്...

"ഠാക്കൂർ!"

സാക്ഷാൽ ഹോട്ടലുടമസ്ഥൻ ബേച്ചുചക്കത്തി - പിറകിൽ വേലക്കാരി പത്മ. പത്മ പറഞ്ഞു "ആ കഞ്ചാവു കുടിയൻ വെയ്പു പണിക്കാരനെക്കൊണ്ട് ഇതാവില്ല എന്ന് ഞാനപ്പോഴേ പറഞ്ഞില്ലേ ബാബു! അയാൾ കഞ്ചാവു കുടിച്ചു 'ബുദ്ദാ'യിരിക്കയാണ്, കണ്ടില്ലേ? എങ്ങനെ പണി വേഗം നടക്കും?"

ഹാജാരി ഒന്നുമറിയാത്ത മട്ടിൽ ഇരുന്നു പൂരിയുണ്ടാക്കൽ തുടർന്നു. ബാബുവിൻെറ ആൾക്കാർ വന്ന് കാത്തിരിക്കുന്നുണ്ടായിരുന്നു. പത്മ യജമാനൻെറ മുമ്പിൽ വെച്ച് ഉണ്ടാക്കിക്കഴിഞ്ഞ പൂരി തൂക്കി. അഞ്ചു സേർ മൈദയുടെ പൂരി ബാക്കിയുണ്ടെങ്കിലും അവർ അതെടുത്തില്ല. ഈ അസമയത്ത് അതു കൊണ്ടുപോയിട്ട് അവർക്ക് പ്രയോജനമൊന്നുമില്ല.

ബേചുചക്കത്തി ഹാജാരിയോടു പറഞ്ഞു "ബാക്കി വന്ന മൈദയുടെയും നെയ്യിൻെറയും വില നിങ്ങളുടെ ശമ്പളത്തിൽ പിടിക്കും. കഞ്ചാവു കുടിയന്മാരെക്കൊണ്ട് എന്തു പണിയാണു നടക്കുക?"

ഹാജാരി പറഞ്ഞു "നിങ്ങളുടെ ഹോട്ടലിലെ ഏർപ്പാടുകളെല്ലാം വിപരീതമായിട്ടാണു ബാബു. പരത്തിത്തരാൻ ആരുമുണ്ടായിരുന്നില്ല, ഒരു മതിയേ ഒഴിച്ച്. അവനും വണ്ടി സമയമായപ്പോൾ ഊണുകാരെ സമ്പാദിക്കാൻ സ്റ്റേഷനിലേക്കോടി. ഞാനെന്തു കാട്ടും?"

ബേചുചക്കത്തി പറഞ്ഞു "എനിക്കിതൊന്നും കേൾക്കണ്ട. അതിൻെറ വില നിങ്ങൾ തന്നുകൊള്ളണം. ഇടപാടുകാരൻ ആർഡർ മടക്കിയെടുത്താൽ ആ മുതലിൻെറ നഷ്ടം എനിക്കെൻെറ വീട്ടുമുതലിൽ നിന്നെടുത്തു നികത്താനാവില്ല. അതും കുഴച്ചുകഴിഞ്ഞ മൈദ."

ഹാജാരി വിവരിച്ചു - ശരി, തൻെറ ശമ്പളത്തിൽ നിന്ന് മുതൽ വസൂലാക്കാനാണു ഭാവമെങ്കിൽ പൂരിയുണ്ടാക്കി ഞാനെടുക്കും. മണി പതിനൊന്നാകും മതിക്കും ഒരംശം കൊടുക്കാമെന്നു പറഞ്ഞ് അവനെക്കൊണ്ട് പൂരിക്കു പരത്തിച്ച് ഹാജാരി ബാക്കി വന്ന മൈദ മുഴുവൻ പൂരിയാക്കിയെടുത്തു. മതി അവൻെറ പങ്കു വാങ്ങി പോയി. ഇനിയും പത്തറുപതെണ്ണം ബാക്കി.

പത്മ എത്തിനോക്കിയിട്ടു പറഞ്ഞു "ഇനിയും ഇരുന്നു പൂരിയുണ്ടാക്കുകയാണല്ലേ? എനിക്കും കുറച്ചു തരൂ."

ഇതും പറഞ്ഞ് അവൾ ഒരു തോർത്ത് നിലത്തു വിരിച്ച് പത്തിരുപത്തഞ്ചു പൂരി അതിലെടുത്തുവച്ചു. ഹാജാരിക്ക് വായ തുറന്നു മറുത്തു വല്ലതും പറയാൻ ധൈര്യം വന്നില്ല.

രാത്രി,അസമയത്തു ഞെട്ടിയുണർന്നു കണ്ണു തിരുമ്മിക്കൊണ്ടു വാതിൽ തുറന്നു പുറത്തു വന്നു നോക്കിയ കുസുമം കയ്യിൽ ഒരു ഭാണ്ഡം തൂക്കിപ്പിടി

ച്ചുകൊണ്ടു നിൽക്കുന്ന ഹാജാരിയെക്കണ്ട് അത്ഭുത സ്വരത്തിൽ ചോദിച്ചു "ഇതെന്ത്? വലിയച്ഛനെന്താണ് ഈ അസമയത്തിങ്ങനെ?"

ഹാജാരി പറഞ്ഞു "ഇതിൽ പൂരിയാണ് കുസുമം! ഹോട്ടലിൽ പൂരിയുണ്ടാക്കാൻ ഒരു കൂട്ടർ കരാറു കൊടുത്തിരുന്നു. പൂരിക്കു പരത്തിത്തരാൻ ആളുണ്ടായിരുന്നില്ല. അവസാനം അഞ്ചുസേർ പൂരി കരാറുകാർ വാങ്ങാൻ കൂട്ടാക്കിയില്ല. യജമാനൻ പറയണു ഞാൻ അതിൻെറ വിലകൊടുക്കണമെന്ന്. ശരി, ഞാൻ വില കൊടുക്കണമെങ്കിൽ മുതൽ എൻേറതായി. അത് നിനക്കു തരാമെന്നു പറഞ്ഞ് കെട്ടിക്കൊണ്ടുവന്നതാണു ഞാൻ. നിനക്ക് ഞാൻ ഇതേവരെ ഒന്നും തന്നിട്ടില്ല. രാത്രി നേരം ഒരുപാടായി. ഉറങ്ങിക്കഴിഞ്ഞിരുന്നു, അല്ലേ? പിടിച്ചോളു ഭാണ്ഡം. എടുത്തുവെക്ക്."

കുസുമം ഭാണ്ഡം ഹാജാരിയുടെ കയ്യിൽ നിന്നു വാങ്ങിതാഴെവച്ചു. അവൾ ഏതാണ്ടമ്പരന്നു പോയിരുന്നു. ഇതെന്തൊരു പ്രാന്ത്! അല്ലെങ്കിൽ ഈ അസമയത്ത് - പൂരിയുടെ ഭാണ്ഡം കൊണ്ടുവരാൻ കണ്ട ഒരു സമയം!

ഹാജാരി പറഞ്ഞു "ഞാനിനി നിൽക്കുന്നില്ല മോളേ! പൂരി ചൂടാറാത്തതാണ്, ഇപ്പോൾ ചുട്ടെടുത്തത്. നീ ഇപ്പോൾതന്നെ രണ്ടുനാലെണ്ണം തിന്നോളൂ. നാളേക്ക് പഴകും. കുട്ടികൾക്കും കൊടുക്കൂ. രാത്രി അത്രക്കൊന്നുമായിട്ടില്ല. പന്ത്രണ്ടരയായിക്കാണും, അത്രതന്നെ."

ഹോട്ടലിൽ തിരിച്ചുചെന്ന ഹാജാരി ഒരു അതിസാഹസം തന്നെ കാട്ടി.

വേലക്കാരൻ മതി ഉറങ്ങിക്കഴിഞ്ഞിരുന്നു. അവനെ വിളിച്ചുണർത്തി അയാൾ പറഞ്ഞു "മതി, ഞാൻ മൂന്നുമണിവണ്ടിക്ക് വീട്ടിലേക്കുപോണു. ഈബാക്കി വരുന്നു പൂരി എന്തുചെയ്യാനാണ്? വീട്ടിൽകൊടുത്തിട്ടുവരാം. നീ ഇവിടെയുണ്ടായിരിക്കുമല്ലോ. ഞാൻ നാളെ രാവിലെ പത്തു മണിയുടെ വണ്ടിക്കു വന്ന് ഭക്ഷണം പാകം ചെയ്തുകൊള്ളാം. യജമാനനോടു പറഞ്ഞേക്കൂ."

മതി അത്ഭുതത്തോടെ പറഞ്ഞു "ഈ ഒന്നുമല്ലാത്ത സമയത്ത് പൂരിയും കൊണ്ടു വീട്ടിലേയ്ക്കു യാത്രചെയ്കയോ!"

"ഇവിടെയിരുന്നാൽ നാളെ രാവിലെ ഇവിടത്തെ കുംഭോദരന്മാർ വിഴുങ്ങും. എൻെറ സ്വന്തം മുതൽ സ്വന്തം വീട്ടിലെത്തിക്കട്ടെ. എൻെറ വീട്ടിൽ കുഞ്ഞുകുട്ടികൾ ഉണ്ട്. അവർക്ക് വയറുനിറയെ ആഹാരത്തിനു വഴിയില്ല. അവർക്കു കൊടുക്കട്ടെ. രണ്ടണതന്നെയല്ലേ ചെലവുള്ളൂ."

ഹാജാരി അതിനുശേഷം ഉറങ്ങിയില്ല. മകൾ ടേംപിയെ ഓർത്ത് അയാളുടെ മനസ്സ് എങ്ങനെയൊക്കെയോ ആയിക്കൊണ്ടിരുന്നു. കുസുമത്തെപ്പോലെതന്നെ ടേംപിയും. രണ്ടു കുട്ടികൾകൂടിയുണ്ട് അയാൾക്ക്, നന്നേ ചെറിയവർ. അവർക്കു രുചിക്കാൻ കൊടുക്കാതെ ഇവിടെ വെച്ചുകൊണ്ടിരുന്നു വേലക്കാരിയേയും യജമാനൻെറ വീട്ടുകാരേയും തീറ്റുന്നതിലെന്തർത്ഥം?

രാത്രി മൂന്നരയ്ക്ക് സാനാബൂർ സ്റ്റേഷനിൽ വണ്ടിയിറങ്ങിയ ഹാജാരി ഗ്രാമത്തിലേക്കുള്ള വഴിപിടിച്ച് മൂന്നരക്രോശം (8000 മുഴം ഒരു ക്രോശം)

നടന്നു വീട്ടിലെത്തിയപ്പോൾ പതുക്കെ നേരം വെളുത്തുതുടങ്ങിയിരുന്നു.

ഏസോശോല ഒരു കാലത്തു സമൃദ്ധമായ ഒരു ഗ്രാമമായിരുന്നു. ഇന്ന് പഴയ ശ്രീയൊന്നുമില്ലാതായി. ഗ്രാമത്തിലെ ജമീന്ദാർമാരായ കർ ബാബുമാർ കൽക്കത്തയിലേക്കു താമസം മാറ്റിയതുതൊട്ട് ഗ്രാമത്തിലെ മൈനർ സ്കൂളിൻെറ നില പരുങ്ങലിലായി. വലിയ കുളം തൂർന്നു നിരപ്പാകാൻ ഏറെ താമസമില്ല. ഭേദപ്പെട്ട തറവാട്ടുകാരിൽ മിക്കവരും റാണാഘാട്ടിലേക്കോ കൽക്കത്തക്കോ പൊയ്ക്കളഞ്ഞു. വേറെ ഗതിയില്ലാത്തവർമാത്രമായി ഗ്രാമത്തിൽ താമസം.

വയ്ക്കോൽ മേഞ്ഞ രണ്ടു മുറികളുള്ള ഒരു വീടാണ് ഹാജാരിയുടേത്. ചെറിയ മുറ്റം. ഒരു കോണിൽ ഒരു പ്ലാവ്. മറ്റൊരു വശത്തു ഒരു പേര. പിന്നെ ഒരു മുരിങ്ങ. ഈ പേര നട്ടത് ഹാജാരിയുടെ അമ്മയായിരുന്നു. ഒന്നാന്തരം വലിയ വലിയ കായ്കൾ ഉണ്ടാകും. ബനാറസ് ജനുസ്സിൽപെട്ട പേരയുടെ ബീജത്തിൽനിന്നുണ്ടായത്.

ഹാജാരി തട്ടിവിളിച്ചപ്പോൾ അയാളുടെ ഭാര്യ വാതിൽ തുറന്നു ഭർത്താവിനെക്കണ്ടിട്ടു പറഞ്ഞു "വരൂ, വരൂ എന്തിനാണു വെളുപ്പാൻകാലത്തെ വണ്ടിക്കു വന്നത്? ഈ വികടം പിടിച്ച വഴി, കറുത്തപക്ഷം ഈയിടെ ഇഴജാതികളുടെ ശല്യവും സഹിക്കവയ്യാതായിട്ടുണ്ട് ഈയിടെ രണ്ടുപേർ അതുകാരണം സിദ്ധികൂടുകയും ചെയ്തു."

"ഈ ഗ്രാമത്തിലോ!"

"ഇവിടെയല്ല, കാ ഉഡാപാഡയിൽ ഒരാൾ. പിന്നെയൊരാൾ ബാമൻപാഡയിലാണെന്നും കേട്ടു - അല്ലാ, എന്താണിത്ര വലിയ ഒരു ഭാണ്ഡം?"

ഹാജാരി പൂരിയുടെ യഥാർത്ഥചരിത്രം ഒന്നും പറഞ്ഞില്ല. ഭാര്യയുടെ ആനന്ദൗത്സുക്യങ്ങൾ നിറഞ്ഞ ചോദ്യത്തിനുത്തരമായി അയാൾ പറഞ്ഞു "ഒക്കെ കിട്ടി പെണ്ണേ! ഭഗവാൻ തന്നു. എല്ലാവരും കൂടിയിരുന്ന് നല്ല രസമായിട്ട് തിന്നിൻ! ടേംപിക്കു മതിയാകുന്നതുവരെ കൊടുക്കണം. അവൾ വയറു നിറച്ചു തിന്നുന്നത് എനിക്കു മുമ്പിലിരുന്ന് കാണണം."

അന്നു രാവിലത്തെ വണ്ടിക്ക് ഹാജാരിക്കു റാണാഘാടിലേക്കു മടങ്ങാൻ കഴിഞ്ഞില്ല.

ഉച്ചതിരിഞ്ഞ് ഹാജാരി കുസുമത്തിൻെറ അച്ഛൻെറ വീട്ടിലേക്കു നടക്കാനിറങ്ങി.

ഈ ഗ്രാമത്തിൽതന്നെ, ഗോയാൽ പാഡയിൽ (ഇടയർ പാർക്കുന്ന പ്രദേശം) കുസുമത്തിൻെറ വലിയച്ഛൻ ഹരിഘോഷിൻെറ നില ഒരു കാലത്ത് മെച്ചപ്പെട്ടതായിരുന്നു. ഇപ്പോഴുമുണ്ട് പഴയതൊഴുത്തിൽ എട്ടുപത്തു പശുക്കൾ, രണ്ടു ചെറിയ പത്തായങ്ങൾ.

ഹരി, ഹാജാരിയെ കേമമായി ബഹുമാനിച്ചു തഴപ്പായയിൽ ഇരുത്തി. അയാൾ ചോദിച്ചു "എപ്പോഴെത്തി വലിയച്ഛൻ? എല്ലാവർക്കും സൗഖ്യം തന്നെയല്ലേ?"

"നിങ്ങൾക്കു വിശേഷമൊന്നുമില്ലല്ലോ?"

"നിങ്ങളുടെ ശ്രീചരങ്ങളുടെ ആശിർവാദം കാരണം എല്ലാം ഒരുവിധം കഴി ഞ്ഞുപോകുന്നു. റാണാഘാട്ടിൽ തന്നെയല്ലേ ഇപ്പോഴും?"

"അതെ, അവിടന്നുതന്നെ വരുന്നത്."

"ഞങ്ങളുടെ കുസുമത്തിനെ കാണാറില്ലേ?"

ഹാജാരി നാട്ടുമ്പുറത്തുവളർന്ന ആൾ. ഇവിടത്തുകാരുടെ സ്വഭാവം അറി യാം. കുസുമത്തിനെ എന്നും കാണാറുണ്ടെന്നോ രണ്ടുപേരും വളരെയടു പ്പത്തിലാണെന്നോ പറഞ്ഞുകൂടാ നാട്ടുകാർ വല്ലവിധവും അറിഞ്ഞുവശാ യാൽ അവർ എന്തൊക്കെ അപവാദങ്ങളാണു പറഞ്ഞുണ്ടാക്കുകയെന്ന് ഊഹിക്കാവുന്നതേയുള്ളു. അതിനാൽ അയാൾ പറഞ്ഞു "ഉവ്വ്, ഒന്നുരണ്ടു പ്രാവശ്യം കണ്ടു. അവൾക്കു സുഖംതന്നെയാണ്."

"ഇനിക്കാണുമ്പോൾ ഒരിക്കൽ ഇവിടത്തോളം വന്നിട്ടുപോകാൻ പറയൂ. അവൾക്കു പിറന്നുവളർന്ന നാട്ടിലേക്കു വരണമെന്ന മോഹമേ ഇല്ല. പട്ടണത്തിൽ പാൽവിറ്റു നടക്കാനാണ് രസം."

ഹാജാരി വിഷയം തിരിക്കുവാൻവേണ്ടി ചോദിച്ചു "ഇക്കുറി കൃഷിയും മറ്റും എങ്ങനെ?"

"നെൽക്കൃഷി പന്ത്രണ്ടേക്കർ നിലത്തു ചെയ്തിട്ടുണ്ട്. ബാക്കിയൊക്കെ കായ്കനികൾ. ഇളവൻ രണ്ടേക്കർ, ഉരുളക്കിഴങ്ങും ഉള്ളിയും - അത് - ഇത്തവണ മഴ കഷ്ടിയാണു വലിയച്ഛാ! നിലം വിണ്ടു തുടങ്ങി, വരണ്ട്-"

കായ്കനികളുടെ കാര്യം പറഞ്ഞപ്പോൾ ഉള്ളിൽ ഒളിച്ചുവെച്ചിരുന്ന മഹത്വാകാംക്ഷ തലയുയർത്തി പച്ചക്കറികൾ സ്വന്തം ഗ്രാമത്തിൽനിന്നു വാ ങ്ങുകയാണെങ്കിൽ അതുകൊണ്ടു നല്ല മെച്ചമുണ്ടാവും. റാണാഘാടിനേക്കാൾ ലാഭം - ഇവിടന്നുതന്നെ വേണം അടുക്കളസ്സാമാനങ്ങൾ വാങ്ങാൻ.

അയാൾ ഹരിഘോഷിനോടു ചോദിച്ചു "ശരി, എത്രയുണ്ടാവും നിങ്ങളുടെ കൃഷിയിൽ ഉരുളക്കിഴങ്ങ്!"

"അതു കൃത്യമായി പറയാനൊക്കുമോ, വലിയച്ഛാ? എങ്കിലും മുപ്പതു നാല്പതു മന്ന് എങ്ങനെയായാലും ഉണ്ടാവും."

"നിങ്ങൾക്ക് അതുമുഴുവൻ എനിക്കുതരാൻ പറ്റുമോ? പണം രൊക്കം."

ഹരിഘോഷ് കൗതുകത്തോടെ ചോദിച്ചു "വലിയച്ഛൻ ഈയിടെ പച്ചക്കറിക്കച്ചവടമാണോ നടത്തുന്നത്?"

"നടത്തിത്തുടങ്ങിയില്ല. നടത്തിയാലോ എന്നാലോചിക്കയാണ്. തുടങ്ങു മ്പോൾ ഞാൻ അറിയിക്കാം."

ഗോയാൽ പാഡയിൽനിന്നു മടങ്ങുന്നവഴിക്ക് ഒരു വലിയ മുളങ്കാട്ടിൽക്കൂ ടെ കടന്നുപോകണം. ഇവിടെ ആൾതാമസമില്ല. എഡോശോല ഗ്രാമത്തി ലും ആൾപാർപ്പ് വളരെ കുറവാണ്. മുമ്പ് ധാരാളമുണ്ടായിരുന്നു. മലമ്പനി പിടിച്ച് ഒട്ടുവളരെപേർ ഒടുങ്ങി. വലിയ വലിയ പ്ലാവുകളും മാവും മുളകളുമു ള്ള കാടുകളാണ് നോക്കുന്ന ദിക്കിലൊക്കെ.

ഈ മുളങ്കാടു നിൽക്കുന്ന സ്ഥലത്തായിരുന്നു പണ്ട് പാലിത കുടുംബക്കാരുടെ തറവാടു നിന്നിരുന്നത്. ഹാജാരി കുട്ടിക്കാലത്തു കണ്ടിട്ടുള്ളതാണ്. പാലിതന്മാർ നല്ല സ്ഥിതിയിലായിരുന്നു. രാജേൻ പാലിതൻെറ വീട്ടിൽ പൂജയും വ്രതവും ഹോളിയും ജന്മാഷ്ടമിയും ഒക്കെ കേമമായികൊണ്ടാടുക പതിവായിരുന്നു. ഇപ്പോൾ അവരുടെ ഭവനത്തിൻെറ തറക്കല്ലുകൾ മാത്രമേ കാണാനുള്ളു. പകൽനേരത്തുകൂടി പുലിയോ നരിയോ പതുങ്ങിയിരിക്കുന്നുണ്ടാവും അവിടെ.

മുളങ്കാട്ടിൽനിന്ന് ഉണങ്ങിനിൽക്കുന്ന മുളകളുടെ ചടപടശബ്ദം ഉയരുന്നു. എന്തൊരു തണൽ. ഉണങ്ങിയ മുളയിലകളുടേയും കരിയിലകളുടേയും മർമ്മരം. ഫിങ്ഗക (Drongo) ശാരികപ്പക്ഷികളുടെ കളകൂജനം - ഹാജാരിക്കു തോന്നി ഇന്നു തനിക്കു ഹോട്ടൽ വേലക്കാരൻെറ ജീവിതത്തിൽ നിന്നു മുക്തി കിട്ടിയ ദിവസമാണെന്ന്. ആ ചുട്ടുപുകയുന്ന അടുപ്പിനരികിൽ നിന്നുകൊണ്ട് മോരും കറിയും പാകംചെയ്യേണ്ട ഭാരമില്ല. ദാസി പത്മയുടെ കുത്തുവാക്കുകളും മേൽക്കോയ്മത്തവും സഹിക്കേണ്ടതില്ല. ഈ മുളങ്കാടിൻെറ നിബിഡച്ഛായയിൽ എത്രനേരം കിടന്നുറങ്ങിയാലും ആരു ഒന്നും ചോദിക്കാൻ വരില്ല.

ഈ ഒരു മുക്തി അയാൾ പൂർണ്ണരൂപത്തിൽ ആസ്വദിക്കാനാഗ്രഹിച്ചിരുന്നതുകൊണ്ടു തന്നെയാണ് സ്വന്തം ഹോട്ടൽ തുറക്കാൻ സ്വപ്നം കണ്ടുകൊണ്ടിരുന്നത്.

അയാൾക്ക് വേണ്ടത്ര അനുഭവം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു; ഇനി പണമുണ്ടായാൽ റാണാഘാടിൽ ഹോട്ടൽ തുടങ്ങാൻ വിഷമമില്ല.

പണം എവിടന്നു കടംകിട്ടുമെന്ന് ഹാജാരി ചിന്തതുടങ്ങി. ഈ ഗ്രാമത്തിലെ ഗോസായി കുടുംബക്കാർ വലിയ വരാണ്. പക്ഷേ മിക്കവരും കൽക്കത്തയിലാണ്. വൃദ്ധനായ കേശവ ഗോസായി ഇവിടെത്തന്നെയാണു താമസം. എന്നാൽ ആ മനുഷ്യൻ ഭയങ്കര പിശുക്കൻ. അയാൾ ഹാജാരിയെപ്പോലുള്ള സാധാരണക്കാരനായ ഒരുവന് പണയം കൂടാതെയോ ജാമ്യം നിൽക്കാതെയോ പണം കടം കൊടുക്കുമോ?

ഹാജാരിക്ക് ആരുണ്ട് ജാമ്യം നൽക്കാൻ?

അയാളുടെ നില മഹാപരുങ്ങലിലാണ്. ഒരു വയ്ക്കോൽ മേഞ്ഞ ചെറുപുര. അടുക്കള, കഴിഞ്ഞ മഴയ്ക്ക് വീണുപോയി. പണമില്ലാത്തതുകൊണ്ട് നേരെയാക്കാൻ കഴിഞ്ഞില്ല. മുറ്റത്തുള്ള മാഞ്ചോട്ടിലാണ് അരിവെയ്പ് മഴയേതാണ്ട് അവസാനിച്ച മട്ടായി അതുകൊണ്ട് വലിയ അസൗകര്യമില്ല.

നേരം വൈകിത്തുടങ്ങി.

ഹാജാരി വീട്ടിൽ തിരിച്ചെത്തിയപ്പോൾ കണ്ടു. അയാളുടെ മകൾ ടേംപി ഉമ്മറപ്പടിയിലിരുന്ന് കമ്പിളിനെയ്യുന്നു. ടേംപി അച്ഛനെക്കണ്ടപ്പോൾ പറഞ്ഞു "അച്ഛന് ഇരിക്കാൻ ഞാൻ ഒരു മെത്ത തുന്നുകയാണ്. നാളെ ഇവിടെ താമസിക്കാമെങ്കിൽ തീർത്തുതരാം. കൂട്ടത്തിൽകൊണ്ടുപോകാം."

ഹാജാരി ഉള്ളുകൊണ്ടു ചിരിച്ചു. ബേചുചക്കത്തിയുടെ ഹോട്ടലിൽ ആ കമ്പിളിമെത്തമേൽ ഉണ്ണാനിരിക്കുക. ചിത്രം ഒന്നാന്തരംതന്നെ. പത്മ അതു കണ്ടാലെന്തഭിപ്രായമാണു പറയുക?

മകളോടു പറഞ്ഞു ''നോക്കട്ടെ മെത്ത. ഭേഷ്! ഒന്നാന്തരം. എവിടന്നു പഠിച്ചു?''

ടേംപി പറഞ്ഞു ''മുഖുയ്യേ (മുഖർജി) ഭവനത്തിലെ നീലേടത്തിയുടേയും അതസി ഏടത്തിയുടേയും അടുക്കൽനിന്ന്. ഞാൻ ദിവസവും പോകാറുണ്ട്. അവർ ഉച്ചയ്ക്ക് എന്നെ പാട്ടുപഠിപ്പിക്കും, തുന്നൽ പഠിപ്പിക്കും.''

''അവർ ഇവിടെത്തന്നെയുണ്ടോ? ഹരിചരണബാബു ഇനിയും പോയില്ലേ?''

''അവർ ഈ മാസവുംകൂടി ഇവിടെത്തന്നെയുണ്ടാവും. ഉണ്ടായാൽ എനിക്കുതന്നെയാണു ഗുണം. അവരോടു വല്ലതും പഠിക്കാം. അതസിയേടത്തി എത്ര അസ്സലായി പാടുംന്നോ! അച്ഛനു കേൾക്കണോ?''

''നീ കുറേപ്പാട്ടുകൾ പഠിച്ചോ?''

ടേംപി ലജ്ജാമധുരസ്വരത്തിൽ പറഞ്ഞു ''ഒന്നുരണ്ടെണ്ണം. അതു കൊണ്ടൊന്നുമായില്ല. അച്ഛൻ അതസിയേടത്തിയുടെ പാട്ടുകേട്ടാൽ പെട്ടിപ്പാട്ടു കേൾക്കുകയാണെന്നു പറയും. അവരുടെ വീട്ടിൽ വലിയ ഒരു പാട്ടുപെട്ടിയുമുണ്ട്. ദിവസവും സന്ധ്യക്കുപാടിക്കും. എന്തെല്ലാം ജാതി പാട്ടുകൾ! പോകാം സന്ധ്യക്ക്? അതസിയേടത്തിതന്നെയാണു പാടിക്കാൻ. ഞാനും വരാം. അച്ഛൻ വന്നിട്ടുണ്ടെന്നു ഞാൻ അതസിയേടത്തിയോടു പറയും. നല്ല നല്ല പാട്ടുകൾ തിരഞ്ഞെടുത്തു കേൾപ്പിക്കും.''

ഹാജാരി ചോദിച്ചു ''ഹരിചരണബാബുവിൻെറ അസുഖമൊക്കെ മാറിയോ, കുട്ടീ!''

''അതെനിക്കറിയില്ല. എന്നാലും ഇരുപ്പുമുറിയിൽ വന്നിരുന്ന് എന്നും എല്ലാവരോടും വർത്തമാനം പറയും. ഒരു ദിവസം ഇരുപ്പുമുറിയിൽവെച്ചു പെട്ടിപ്പാട്ടു പാടിച്ചു. എന്തു രസമായ കീർത്തനം!''

തൽക്കാലം ഹാജാരിക്കു സംഗീതകലയോടായിരുന്നില്ല താല്പര്യം. ഹരിചണബാബുവിനോടപേക്ഷിച്ച് പത്തിരുനൂറു രൂപയെങ്കിലും കടംവാങ്ങാൻ വഴിയുണ്ടോ എന്നായിരുന്നു അയാളുടെ ആലോചന.

ഹരിചരണമുഖുയ്യേ മഹാശയൻ മാത്രമായിരുന്നു ആ ഗ്രാമത്തിൽ പഠിപ്പും പണവുമുള്ള ഒരേ ഒരു മാന്യൻ. അയാളുടെ തറവാട്ടുകാരാണ് ഈ ഗ്രാമത്തിലെ ജന്മികൾ. എന്നാൽ ഗ്രാമം വിട്ടുപോയിട്ട് ഒട്ടേറെ നാളായി. കൂറ്റൻ മൂന്നു നില മാളിക. ഒന്നുരണ്ടു പ്രായംചെന്ന സ്ത്രീകൾ മാത്രമേ അവിടെ ഇതുവരെ താമസിച്ചിരുന്നുള്ളു.

നാലഞ്ചുമാസം മുമ്പ് ഹരിചരണൻെറ ഏകപുത്രൻ കൽക്കത്തയിൽവെച്ച് വസൂരിപിടിച്ചു മരിച്ചു. അതിനെ തുടർന്ന് അയാൾ കുടുംബസഹിതം കഴിഞ്ഞ രണ്ടുമൂന്നു മാസമായി സ്വന്തം തറവാട്ടിൽ വന്നു താമസിക്കാൻ തുടങ്ങി

യതെന്തിനാണെന്നും മറ്റും ഹാജാരിക്കറിഞ്ഞുകൂടായിരുന്നു. എങ്കിലും ഒന്നറിയാമായിരുന്നു. ഹരിചരണബാബു ഗ്രാമത്തിന്റെ വടക്കോട്ടു നീങ്ങിയുള്ള വെളിമ്പറമ്പിൽ ഒരു കുളം കുഴിപ്പിക്കുവാൻ ഡിസ്ട്രിക്ട് ബോർഡിന് നല്ലൊരു തുക സംഭാവന ചെയ്കയുണ്ടായിട്ടുണ്ട്. മകന്റെ പേരിൽ ഒരു ഡിസ്പെൻസറി തുടങ്ങാനും ഉദ്ദേശിക്കുന്നു. ഹരിചരണബാബു പുറത്തെങ്ങും പോകാറില്ല. സദാ ഇരുപ്പു മുറിയിൽ അങ്ങനെ കൂടും. രണ്ടു പെൺമക്കളും ഭാര്യയും ഇവിടെത്തന്നെയുണ്ട്. പിന്നെ വീട്ടുവേലക്കാരും ദാസിമാരും, രണ്ടു കാവൽക്കാരും.

സന്ധ്യക്കു ശേഷം ധൈര്യം അവലംബമാക്കി ഹാജാരി, ഹരിചരണ ബാബുവിന്റെ കാരണവന്മാരുടെ കാലം തൊട്ടേയുള്ള ഇരുപ്പുമുറിയുടെ ഉമ്മറത്തു ചെന്നു നിന്നു. ഭവനത്തിന്റെ മുൻവശത്തുതന്നെ, വലിയ തൂണുകളുള്ളതും വെള്ളപ്പളുങ്കു കെട്ടിപ്പടുത്തതുമായ വരാന്തയാണ് ഇരുപ്പുമുറി. അതിന്റെ മുൻവശം ഇടത്തരം വലിപ്പത്തിലുള്ള ഒരു മുറി. അതിനോടു തൊട്ട് ഒരു ചെറിയ മുറി. പണ്ട് നവീനബാബു എന്നു പേരുള്ള ഒരു രസികൻ കാരണവർ തനിക്കായിട്ട് പ്രത്യേകം ഒരു ഇരുപ്പുമുറി പണിയിക്കയുണ്ടായി. അയാൾ പത്തു മുപ്പതു കൊല്ലങ്ങൾക്കു മുമ്പു നിസ്സന്താനനായി മരിച്ചുപോയി. ആ മുറി ഇപ്പോൾ വിത്ത് കെട്ടി സൂക്ഷിക്കാൻ ഉപയോഗിച്ചുവരുന്നു.

ഹാജാരി ഒപ്പം ടേംപിയേയും കൂട്ടിയിട്ടുണ്ടായിരുന്നു. ടേംപി പറഞ്ഞു "അച്ഛനിവിടെയിരിക്കൂ. ഞാൻ അതസിയേടത്തിയോടു പറയട്ടെ അച്ഛൻ പെട്ടിപ്പാട്ടു കേൾക്കാൻ വന്നിട്ടുണ്ടെന്ന്."

ഇരുപ്പുമുറിയുടെ മുൻപിൽ ഹാജാരിയെ നിർത്തി ചെറിയ ഇരുപ്പുമുറി വഴി ടേംപി അകത്തേക്കു പോയി.

മുറിയിൽ നാലുകാലുള്ള എണ്ണവിളക്കു കത്തുന്നു. ഇതു പഴയ കാലം മുതൽക്കുള്ള പതിവാണ്. ഇപ്പോഴും വേണ്ടെന്നു വെച്ചിട്ടില്ല. ഹാജാരി അകത്തേക്കു കടക്കണോ വേണ്ടയോ എന്നു പിടികിട്ടാതെ നിന്നു പരുങ്ങി. ആ സമയം ഹരിചരണബാബു പുറത്തേക്കിറങ്ങി വന്നു. ഹാജാരിയെക്കണ്ട് ചോദിച്ചു "ആര്?"

ഹാജാരി വിനയപൂർവം കൈകൂപ്പി തല താഴ്ത്തി, നമസ്കരിച്ചിട്ടു പറഞ്ഞു "ഞാൻ തന്നെ ബാബു! ഹാജാരി"

"ഹാജാരിയോ? എന്തു വിശേഷം? വരൂ വരൂ! പുറത്തു നിൽക്കുന്നതെന്താണ്? അകത്തു കടന്നിരിക്കൂ. കണ്ടിട്ടു കുറെ നാളായി. നിങ്ങളുടെ മകൾ ഇവിടെ ഇടക്കിടക്കു വരാറുണ്ട്. എന്റെ മകൾ അതസിയുമായി വലിയ ഇഷ്ടത്തിലാണ്."

ഹരിചരണന് വയസ്സ് അൻപത്തഞ്ച് - അൻപത്താറായിക്കാണും. നിറം വെളുപ്പ്, നീണ്ട മുഖം. വലിയ കണ്ണുകൾ, കനത്ത, സ്വരം. ആൾ ഒരു രസികനായിരുന്നു. പ്രായം ഇത്രയൊക്കെയായിട്ടും, മകൻ അകാലചരമം പ്രാപിച്ചിട്ടും ആ പഴയ രസികത്തത്തിന്റെയും പരിഷ്ക്കാരത്തിന്റെയും

ലക്ഷണങ്ങൾ ഇപ്പോഴും വേഷവിധാനങ്ങളിൽ കാണാം.

ഹാജാരി വാസ്തവത്തിൽ പണം കടം ചോദിക്കാനായിരുന്നു വന്നത്. എന്നാൽ ഇരുപ്പുമുറിയിൽ പ്രവേശിച്ച്, ആൾവലിപ്പത്തിലുള്ള പഴയ കാലത്തെ കൂറ്റൻ കണ്ണാടിയിൽ തൻെറ നിഴൽ കണ്ട ഹാജാരിയുടെ ധൈര്യം എ. ങ്ങോ ഓടിയൊളിച്ചു.

ഹരിചരണബാബുവിൻെറ നിർദ്ദേശാനുസരണം അയാൾ ഒരു കസേരയിൽ ഇരുന്നു.

ഹരിചരൺ ചോദിച്ചു ''ചായ കുടിക്കണോ, ഹാജാരി?''

ഹാജാരി നിർത്തി നിർത്തി പറഞ്ഞു ''... പിന്നെ ... ചായ ഞാൻ ... വേണ്ട, ബുദ്ധിമുട്ടാവില്ലേ?''

ഹരിചരൺ പറഞ്ഞു ''ഏയ്! എന്തു ബുദ്ധിമുട്ട്? ഞാൻ ചായ കുടിക്കുന്ന സമയമാണ്. കൊണ്ടുവരാൻ പറയാം, ഇരിക്കൂ.''

ആ സമയം ടേംപി ഇരുപ്പുമുറിയിൽനിന്ന് അന്തഃപുരത്തിലേക്കുള്ള വാതിൽക്കൽ വന്നുനിന്നു. ഹരിചരണബാബുവിനെ ഇരുപ്പുമുറിയിൽ കണ്ടിട്ടും അവൾ ഒരു ഭാവഭേദവും കൂടാതെ പറഞ്ഞു ''അച്ഛാ, ഇരിക്കൂ, ഞാൻ അതസിയേടത്തിയോടു പറഞ്ഞിട്ടുണ്ട് പെട്ടിപ്പാട്ടു വായിപ്പിക്കാൻ. അച്ഛൻ അതു കേൾക്കാനാണു വന്നതെന്ന് ഞാൻ പറഞ്ഞു.''

ഹരിചരണബാബു പറഞ്ഞു ''പെട്ടിപ്പാട്ടു കേൾക്കാൻ വന്നതാണല്ലേ, ഹാജാരി? ഇപ്പോഴാണോ അതു പറയണത്. ഒരു വിരോധവുമില്ല. നിങ്ങളെപ്പോലുള്ള അഞ്ചാറു പേർ വന്നും പോയും കൊണ്ടിരുന്നാൽ അതുകൊണ്ട് സന്തോഷമേ തോന്നുകയുള്ളു. ഗ്രാമം ശുദ്ധ ശൂന്യമായിപ്പോകുന്നു. കുട്ടി, നിൻെറയച്ഛനും എനിക്കും ഓരോ കപ്പു ചായ തരാൻ പറയൂ, നിൻെറ അതസിയേടത്തിയോട്.''

ഹാജാരിക്ക് ടേംപിയോട് ഉള്ളിൽ ദേഷ്യം തോന്നി. ഭാഗ്യംകെട്ട പെണ്ണ് എല്ലാം തകരാറാക്കി. താൻ പെട്ടിപ്പാട്ടു കേൾക്കാനാണു വന്നതെന്ന് ആരാണു പറഞ്ഞത്. ഇതിനു ശേഷം ഇനി പണത്തിൻെറ കാര്യം എടുത്തിടുന്നത് ഭംഗിയാവുമോ? ഈ മാതിരി കുട്ടിക്കളികൊണ്ട് എങ്ങനെ ഒരു കാര്യം നടത്താനാവും. വയ്യ!

ആ സമയം ഹരിചരണബാബുവിൻെറ മകൾ അതസി രണ്ടു കപ്പു ചായയുമായി മുറിയിൽ പ്രവേശിച്ചു. ആദ്യം ഹാജാരിയുടെ മുമ്പിൽ ഒരു കപ്പു വെച്ചിട്ട് മറ്റേത് ഹരിചരണബാബുവിൻെറ കയ്യിൽ കൊടുത്തു. അതസിക്ക് പതിനെട്ടോ പത്തൊൻപതോ വയസ്സു പ്രായം. നിറം നല്ല വെളുപ്പ്. നല്ല മുഖശ്രീ, വിശാല നയനങ്ങൾ - ഒറ്റ വാക്കിൽ പറഞ്ഞാൽ അതസി സുന്ദരിയായ യുവതിയാകുന്നു. മനഃസംസ്കാരത്തെ ദ്യോതിപ്പിക്കുന്ന ആഡംബരരഹിതമായ വേഷം, കയ്യിൽ ഏതാനും സ്വർണ്ണവളകളും ഇയർ റിങ്ങും ഒഴിച്ചാൽ ആഭരണമായി മറ്റൊന്നും ഇല്ല. ഹരിചരണൻ പറഞ്ഞു ''നിൻെറ ഹാജാരിയമ്മാവൻ, നമസ്ക്കരിക്കൂ, അതസി!''

അതസി അടുക്കലേക്കു ചെന്നു കുമ്പിട്ടു നമസ്ക്കരിച്ച് കാൽപൊടി നിറുകയിൽ വെച്ചു. ഹാജാരി സങ്കോചത്തോടെ പറഞ്ഞു "മതി മതി മോളെ! എഴുന്നേൽക്കൂ. രാജറാണിയാവാൻ നിനക്കു ഭാഗ്യമുണ്ടാകട്ടെ. മംഗളം വരട്ടെ."

ഹരിചരണബാബു അതസിയോടു പറഞ്ഞു "നിൻെറ ഹാജാരിയമ്മാവനു പെട്ടിപ്പാട്ടു കേൾക്കണംന്ന്, ഗ്രാമഫോൺ എടുത്തുകൊണ്ടു വരൂ."

അതസിയും ടേംപിയും ഉറ്റ ചങ്ങാതികളായിക്കഴിഞ്ഞിരുന്നു. ടേംപിയുടെ അച്ഛനെ അതസി ആദ്യമായിട്ടാണു കാണുന്നത്. കൂട്ടുകാരിയുടെ അച്ഛൻ കണ്ടാലെങ്ങനെയെന്നു ശ്രദ്ധിച്ചുനോക്കുകയായിരുന്നു അതസി. അച്ഛൻെറ വാക്കുകൾ കേട്ട് അവൾ അകത്തേക്കു പോയി, വേലക്കാരൻെറ കൈയിൽ ഗ്രാമഫോൺ കൊടുത്തയച്ചു.

ഹരിചരണബാബു ചോദിച്ചു "ആരു വായിപ്പിക്കും. നിൻെറ ദിദിമണി വരില്ലേ?" (യജമാനപുത്രിയെ പരിചാരകവർഗം ദിദിമണി എന്നു വിളിക്കുന്നു).

"ദിദി മണി യജമാനനുണ്ടല്ലോ എന്നു പറഞ്ഞു."

"എനിക്കു കണ്ണിനു കാഴ്ച പോര. അതസിയോടു വരാൻ പറയൂ."

ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അതസിയും ടേംപിയും അയലത്തെ വേറെ മൂന്നു നാലു പെൺകുട്ടികളും അവിടേക്കു വന്നു. പെട്ടിപ്പാട്ടുവായന തുടങ്ങി. ഏതാണ്ടു രണ്ടു മണിക്കൂറോളം നീണ്ടു നിന്നു. ഇതിനിടക്ക് ഒരിക്കൽ കൂടി വന്നു ചായ. കൊണ്ടുവന്നു വച്ചതു വേലക്കാരനായിരുന്നുവെങ്കിലും അതസിയാണ് എല്ലാവർക്കും പകർന്നുകൊടുത്തത്.

എല്ലാം കഴിഞ്ഞപ്പോൾ രാത്രി മണി ഒൻപതര കഴിഞ്ഞിരുന്നു. ഹാജാരി ഇരുന്നു പിടയ്ക്കുകയായിരുന്നു. പാട്ടു കേൾക്കാനല്ല അയാൾ വന്നിരുന്നത്. അതസിയും ടേംപിയും മറ്റുള്ളവരും അകത്തേക്കു പോയപ്പോൾ ഹാജാരി എന്തും വരട്ടെ എന്നുവെച്ച് പറഞ്ഞു "ബാബു, എനിക്ക് ഒരപേക്ഷയുണ്ടായിരുന്നു."

ഹരിചരണബാബു പറഞ്ഞു "എന്താണു പറയൂ."

"എനിക്കു കുറച്ചു പണം ആവശ്യമായിരിക്കുന്നു. എനിക്കു കുറച്ചു തുക തരികയാണെങ്കിൽ എൻെറ വലിയ ഒരു മോഹം സാധിപ്പിക്കാമായിരുന്നു."

"മകളുടെ കല്യാണത്തിനോ?"

"അല്ല ബാബു, ബിസിനസ്സ് തുടങ്ങാൻ."

"എന്തു ബിസിനസ്സ്?"

"ബാബുവിനു നിശ്ചയമുണ്ടല്ലോ, ഞാൻ ഹോട്ടൽ പ്രവൃത്തിക്കാരനാണെന്ന്. ബാബുവിനോട് ഞാൻ ഒന്നും ഒളിക്കുന്നില്ല. ഒരു ഹോട്ടൽ തുടങ്ങണമെന്നുണ്ട്. അതിനാണു പണം."

"എത്ര പണം ആവശ്യമാണ്?"

"ഒരു ഇരുനൂറു രൂപ എന്നിൽ അലിവു തോന്നി തരികയാണെങ്കിൽ എ

ൻെറ തോട്ടുവക്കത്തുള്ള പ്ലാവിൻതോട്ടം പണയം തരാമായിരുന്നു, ബാബു! ഒരു വർഷം കൊണ്ടു കടം വീട്ടിക്കൊള്ളാം, ഞാൻ."

ഹരിചരണബാബു ഒന്നാലോചിച്ചശേഷം പറഞ്ഞു "തോട്ടം പണയം വാങ്ങി പണം തരാൻ തയ്യാറില്ല. തരികയാണെങ്കിൽ നിങ്ങൾക്ക് അതൊന്നും കൂടാതെ തന്നെ തരും. എന്നാൽ തൽക്കാലം എൻെറ പക്കൽ അത്ര പണം രൊക്കം എടുക്കാനില്ല."

ഇതിനു ശേഷം ഹാജാരിക്ക് ഒന്നും തന്നെ പറയാനുണ്ടായിരുന്നില്ല. വിശേഷിച്ചും ഹരിചരണ ബാബു ഉദാരഹൃദയനാണ്, സത്യവാദിയാണ് എന്ന് ഹാജാരിക്ക് അറിയാവുന്ന സ്ഥിതിക്ക്. കയ്യിൽ പണം വെച്ചുകൊണ്ട് ഇല്ല എന്നു പറയുന്ന പ്രകൃതക്കാരനല്ല ഹരിചരണൻ.

അതസി വന്നു പറഞ്ഞു: "അമ്മാവാ! കുറച്ചിരിക്കൂ. ടേംപി ആഹാരം കഴിക്കയാണ്. അമ്മ വിട്ടില്ല. പാട്ടു കേൾക്കാൻ വന്ന പെൺകുട്ടികളെ ആരേയും ഊണു കഴിക്കാതെ വിട്ടില്ല. കുറച്ചുനേരം പിടിക്കും. ഇല്ലെങ്കിൽ അമ്മാവൻ പൊയ്ക്കോളൂ, അവളെ വേലക്കാരിയുടെ കൂടെ അയക്കാം."

ഹരിചരണ ബാബു പറഞ്ഞു "നിങ്ങൾക്ക് തിരക്കൊന്നുമില്ലെങ്കിൽ ഇരിക്കൂ ഹാജാരി. കുറച്ചുനേരം സംസാരിക്കാം. ഇവിടെ അധികമാരും വരിക പതിവില്ല."

ഹാജാരി ഇരുന്നു.

"നിങ്ങൾ എവിടെ, ആരുടെ ഹോട്ടലിൽ പണിയെടുക്കുന്നു?"

"റാണാഘാടിൽ ബേചു ചക്രത്തിയുടെ ഹോട്ടലിൽ, റെയിൽ ബസാറിനു നടുവിൽ തന്നെ."

"എന്തുകിട്ടും മാസംപ്രതി?"

"അതാരോടും പറയാൻ കൊള്ളില്ല ബാബു! ഭക്ഷണവും മാസംപ്രതി ഏഴു രൂപയും. അതുകൊണ്ടാണ് ആലോചന, പരൻെറ കീഴിൽ പണിയെടുക്കാതെ കഴിച്ചാലെന്തെന്ന്. പ്രായവും കുറച്ചായി. ഇനി സ്വന്തമായി ഒരു ഹോട്ടൽ നടത്തിയാലെന്തെന്ന്."

"ഹോട്ടൽ നടത്താൻ കഴിയുമോ?"

"അത് - ബാബു, നിങ്ങളുടെയൊക്കെ ആശീർവാദംകൊണ്ട് ഈ ലെയിനിലുള്ള ഒരു മാതിരി എല്ലാക്കാര്യങ്ങളും അറിയാം. ചന്തയ്ക്കുപോക്കും പാകം ചെയ്യലും രണ്ടുമാണ് ഹോട്ടൽ ഇടപാടിൽ മുഖ്യം. രണ്ടും പഠിച്ചവനു ഹോട്ടൽ ശരിക്കും കൊണ്ടുനടത്താനാവും. ഞാൻ വളരെ നാൾ മുമ്പുതൊട്ടേ പരിശ്രമിച്ച് അതു രണ്ടും വശമാക്കി. പറ്റുകാർക്ക് എന്താണാവശ്യമെന്നും അറിയാം. വേലയെടുക്കുന്നത് അടുക്കളക്കാരൻേറതാണ്, ശരിതന്നെ ബാബു! എന്നാൽ നിങ്ങളുടെ കാരണവന്മാരുടേയും നിങ്ങളുടേയും ഒക്കെ അനുഗ്രഹം കൊണ്ട് കണ്ണും ചെവിയും തുറന്നുവെച്ചുകൊണ്ടാണ് പണിയെടുക്കുന്നത്."

" അതു, നല്ലതു തന്നെ."

പ്രോത്സാഹിതനായ ഹാജാരി അയാളുടെ വളരെ നാളായിട്ടുള്ള മനോ

രാജ്യമായ ഒരു ''ആദർശ ഹിന്ദുഹോട്ടൽ'' സ്ഥാപിക്കുന്നതിനെപ്പറ്റി പലതും പറഞ്ഞു. ചൂർണി നദീതീരത്ത് വിശ്രമവേളകളിൽ ഇരുന്നു സ്വപ്നം കാണാറുള്ള കാര്യവും അയാൾ മറച്ചുവെച്ചില്ല. അയാൾ ചമച്ച ഭക്ഷണം കഴിച്ച് കൽക്കത്തക്കാരായ ബാബുമാർ വാനോളം വാഴ്ത്തിയത്, യദുബാഡുയ്യേയുടെ ഹോട്ടലിൽ അയാളെ തെറ്റിച്ചുകൊണ്ടുപോകാനുള്ള വട്ടം - ഒന്നും വിട്ടില്ല. ഹരിചരണ ബാബു പറഞ്ഞു ''നോക്കൂ ഹാജാരി! നിങ്ങളുടെ വർത്തമാനം കേട്ടിട്ട് എനിക്ക് നിങ്ങളോട് അസൂയ തോന്നിപ്പോകുന്നു. നിങ്ങൾക്കു വയസ്സായിയെന്നു വെച്ചിട്ടെന്ത്? നിങ്ങൾക്ക് ജീവിതത്തിൽ വല്ലതും ഒന്നു ചെയ്യണമെന്ന വലുതായ ആശയുണ്ട്. ഈ ആശ തന്നെയാണു മനുഷ്യനെ ജീവിപ്പിച്ചുനിർത്തുന്നത്. എന്റെ മകൻ മരിച്ചതിനുശേഷം ജീവിതത്തിൽ എല്ലാം അവസാനിച്ചുവെന്ന് എനിക്ക് തോന്നിപ്പോകുന്നു. ഇനി ഒന്നും ചെയ്യാനില്ല. ചെയ്തിട്ടെന്ത്? ആർക്കുവേണ്ടി എന്നൊക്കെ ഓർത്തുപോകുന്നു. അതുമല്ല, ജീവിതത്തിൽ ഒരിക്കലും ഒന്നിൻേറയും ആവശ്യം നേരിടുകയുമുണ്ടായിട്ടില്ല. അച്ഛന് വേണ്ടത്ര സ്വത്തുണ്ടായിരുന്നു. പുതിയതായി വല്ലതും കെട്ടിപ്പടുക്കണമെന്ന ആഗ്രഹമേ ഉണ്ടായിട്ടില്ല. നിങ്ങൾക്കു പ്രായമായതുകൊണ്ടെന്ത്? നിങ്ങളുടെ ഈ ആശ നിങ്ങളെ ചെറുപ്പക്കാരനാക്കി നിർത്തും. എന്റെ തലയിൽ ഇത്രയൊന്നും നരച്ച രോമങ്ങൾ ഉണ്ടായിരുന്നില്ല. മകൻ മരിച്ചതോടെ ജീവിതത്തിനുള്ള ഉത്സാഹവും ആശയും ആകാംക്ഷയും മരവിച്ചു. അതോടെ മുടികളും നരച്ചു. എന്നാലും മകന്റെ പേരിൽ ഒരു സ്ക്കൂൾ തുടങ്ങാനാഗ്രഹമുണ്ട്. പിന്നെത്തോന്നും, ആരുണ്ട് സ്ക്കൂളിൽ പഠിക്കാൻ? നമ്മുടെ ഈ പ്രദേശത്ത് ആൾപാർപ്പില്ല. അതിലും ഭേദം ഒരു ചികിത്സാലയം തുടങ്ങുകയാവും. ഉത്സാഹമാണ് ജീവിതത്തിൽ സർവ്വസ്വവും. ജീവിതത്തിൽ ആശയില്ലാത്തവൻ, ചെയ്യാനൊന്നുമില്ലാത്തവൻ, വെറുതെ കഷ്ടപ്പെടുകയേ ഉള്ളൂ. എന്റെ സ്ഥിതിതന്നെ ഉദാഹരണം. മകനുണ്ടായിരുന്നെങ്കിൽ ഒരു കൽക്കരി ഖനി കോൺട്രാക്ടിന് എടുക്കണമെന്നായിരുന്നു വിചാരം. പക്ഷേ ആർക്കുവേണ്ടി എന്നു തോന്നുകയാണിപ്പോൾ? അതുകൊണ്ടാണ് നിങ്ങളെക്കണ്ടിട്ട് അസൂയ തോന്നുന്നു എന്ന് പറഞ്ഞത്. നിങ്ങൾക്ക് പ്രയത്നിക്കാൻ ഉത്സാഹമുണ്ട്, പ്രതീക്ഷകൾ ഉണ്ട്. എനിക്ക് ഇതൊന്നും തന്നെയില്ല. ഇതു നോക്കൂ. ഈ കാക്കകൂടി പറക്കാത്ത കുഗ്രാമത്തിൽ ഒറ്റയ്ക്കു കിടക്കുന്നു. ആർക്കെങ്കിലും ഇതു രസമായി തോന്നുമോ? ഇല്ല; ഒരിക്കലും ഇങ്ങിനെയുള്ള ഇടത്തു താമസിച്ചിട്ടുമില്ല. എന്നാൽ ആൾക്കൂട്ടവും ബഹളവും ഉള്ള ദിക്കുകളും പിടിക്കാതായി. ഈ മകളുണ്ട്, ഒരു പെട്ടിപ്പാട്ടുയന്ത്രം കൊണ്ടുവന്നിട്ടുണ്ട്. മകൾ അതു പാടിക്കും, ഞാൻ കേൾക്കും. അവളുടെ അമ്മയ്ക്കായി നല്ല നല്ല കീർത്തനങ്ങളും മറ്റും തിരഞ്ഞെടുത്തു പാടിക്കുന്നു. അതു കേട്ടിട്ടെങ്കിലും അവൾക്ക് അല്പം ആശ്വാസം തോന്നട്ടെ. സ്ത്രീയല്ലേ? അവളുടെ സങ്കടമാണ് അസഹ്യം.''

ഹാജാരിക്ക് ഈ നീണ്ട പ്രസംഗം മുഴുവൻ മനസ്സിലായില്ല. ഒന്നു മാത്രം

മനസ്സിലായി. പുത്രശോകം വൃദ്ധൻെറ തലയ്ക്കു ലേശം തകരാറു വരുത്തിയിരിക്കുന്നു.

അയാൾ സഹതാപസ്വരത്തിൽ ചിലതെല്ലാം പറഞ്ഞാശ്വസിപ്പിച്ചു. അധികം നേരം വല്ലതും സംസാരിക്കാൻ അയാൾക്കറിയില്ല. എങ്കിലും വൃദ്ധൻെറ പുത്രശോകത്തിൽ ദുഃഖിതനായി വളരെയേറെ ചിന്തിച്ചു സ്വരൂപിച്ചാണ് അയാൾക്ക് അത്രയെങ്കിലും പറയാൻ കഴിഞ്ഞത്.

ഹരിചരണബാബു പറഞ്ഞു "ഒരു ചായകൂടി ആവാമോ?"

"ഇനി വേണ്ട. എനിക്കു ചായകുടിക്കുന്ന ശീലം കുറവാണ്. ബാബു കുടിക്കൂ."

ഇതിനിടെ ടേംപി വന്നെത്തി. "അച്ഛാ, പോകാം."

ഹാജാരി യാത്ര പറഞ്ഞെഴുന്നേറ്റ് മകളോടൊപ്പം പുറത്തുവന്നു. നിലാവു നാലുപാടും ഒഴുകുകയായിരുന്നു. ഭഡന്മാരുടെ (ഒരു ഹിന്ദുജാതി) ഭവനത്തിൽ നിന്ന് മീൻ പൊരിക്കുന്നതിൻെറ ഗന്ധം വന്നുകൊണ്ടിരുന്നു. സിധുഭഡ് വരാന്തയിൽ ഇരുന്ന് വല നെയ്യുന്നു. അയാൾ ചോദിച്ചു "അച്ഛനും മകളും ഇത്ര നേരം എവിടെയായിരുന്നുവാവോ!"

ഹാജാരി പറഞ്ഞു "ബാബുവിൻെറ ഭവനത്തിൽ. ബാബു വിട്ടില്ല പിടിച്ചിരുത്തി ചായതന്നു. പെട്ടിപ്പാട്ടു കേൾപ്പിച്ചു. ഒടുവിൽ മകൾ ഊണു കഴിക്കാതെ പോകരുതെന്നായി, വലിയമ്മ."

ഹാജാരിക്ക് അന്നത്തെ സന്ധ്യ ഏറ്റവും രസകരമായി തോന്നി. വലിയവരുടെ ഇരുപ്പുമുറിയിലിരുന്ന് ഇങ്ങനെ മുമ്പെങ്ങും അയാൾ ചായ കുടിച്ചിട്ടില്ല. സൽക്കരിച്ചിരുത്തി ഉള്ളു തുറന്നു സംസാരിച്ചിട്ടില്ല. പിന്നെ പെട്ടിപ്പാട്ട് - അയാൾ മകളോടു ചോദിച്ചു "ടേംപി. എന്തൊക്കെ തിന്നു?"

ടേംപി ഭോജനപ്രിയയാണ്. പാവപ്പെട്ടവളായതുകൊണ്ടാണ് അതസിയുടെ അമ്മ അവളെ ഉണ്ണാൻ നിർബന്ധിച്ചത്. അവൾ പറഞ്ഞു "പൊറോട്ട, മീൻകറി, പടവലക്കറി, ഉരുളക്കിഴങ്ങുകറി."

ഹാജാരിയുടെ പത്നി അടുക്കളപ്പണിയെല്ലാം കഴിച്ച് വളരെ നേരമായി കാത്തിരിക്കുന്നു. അവൾ ചോദിച്ചു "എവിടെപ്പോയിട്ടുവരുന്നു, ഈ അസമയത്ത്? ഇപ്പോഴേ നാടുനടന്നു കാണൽ അവസാനിച്ചുള്ളു. കാത്തിരുന്നു കാത്തിരുന്ന് ഉറക്കം വരാൻ തുടങ്ങി എനിക്ക്."

ടേംപി പറഞ്ഞു "എൻെറ അത്താഴം കഴിഞ്ഞു അമ്മേ! അതസിയുടെ അമ്മ ഉണ്ണാതെ വിട്ടില്ല. എനിക്കിനി ഒന്നും വേണ്ട."

"അല്ലാ, നിൻെറ ഊണു കഴിഞ്ഞു! രാവിലത്തെ പൂരി എടുത്തുവെച്ചിരുന്നു നിനക്ക്. പൂരിയും വേണ്ടേ?"

ഇങ്ങനെ ഒരു സമൃദ്ധിയുടെ ദിവസം ആ കുടുംബം കണ്ടിട്ട് ഏറെ നാളായി. സുഭിക്ഷമായി പൂരി തിന്നാൻ കിട്ടിയ ദിവസമായിരുന്നു അത്. പരമാനന്ദകരമായ ദിവസം.

ടേംപി പറഞ്ഞു "അമ്മ തിന്നോളൂ. ഞാൻ വയറു നിറയെ ഉണ്ടു. അവിടെ പൊറോട്ട, മീൻ ഒക്കെയുണ്ടായിരുന്നു. ഇന്നത്തെ ദിവസം നല്ല രസമായി, അല്ലേ അമ്മേ! ഒന്നാന്തരം ആഹാരം പുലർച്ചതൊട്ടേ തുടങ്ങി രാത്രി വരെ."

ആഹാരം കഴിച്ച് ഹാജാരി പുറത്തിരുന്നു പുകവലിക്കാൻ തുടങ്ങി.

ഹരിചരണബാബുവിന്റെ വർത്തമാനം അയാളുടെ ഉത്സാഹം വളരെയധികം വളർത്തിയിരുന്നു.

പൂരി-ടേംപിക്ക് എത്ര പൂരിവേണമെന്നുവച്ചാൽ അത്രയും കൊടുക്കുവാനുള്ള ഏർപ്പാടുണ്ടായിരിക്കും. അയാളുടെ കൊതിയാരായ ഈ സന്താനങ്ങൾക്ക് നല്ല ആഹാരം നൽകാൻ അയാൾക്കു കഴിയുന്നില്ല. എന്നാൽ അതു കൊടുക്കുവാൻ കഴിയുന്നതിനു വേണ്ട പ്രയത്നം ചെയ്യാൻ ഒരു സന്ദർഭം അന്വേഷിക്കയാണല്ലോ ചെയ്യുന്നത്.

ഹരിചരണബാബുവിന്ന് വേണ്ടത്ര സ്വത്തുണ്ട്. എന്നാൽ ഹാജാരിയുടെ വീട്ടിലെപ്പോലെ തീറ്റക്കൊതിയാരായ കുട്ടികൾ അയാളുടെ വീട്ടിലില്ല. പിന്നെയാർക്കുവേണ്ടി അയാൾ പ്രയത്നിക്കണം?

ഇന്ന് ഹരിചരണബാബുവിന്റെ അടുക്കൽനിന്ന് അയാൾക്കു പണം കിട്ടിയില്ല, ശരിതന്നെ എന്നാൽ അതിനേക്കാൾ വിലയുള്ള ഒരു വസ്തു അയാൾക്കു കിട്ടി.

അയാളുടെ കുടുംബത്തിൽ കുട്ടികളുണ്ട്. ടേംപിയുണ്ട്. അവരുടെ മുഖത്തേക്കു നോക്കിയാൽ അയാൾക്കു കൈകാലുകൾക്കു ബലം കിട്ടും, മനസ്സിനു ധൈര്യം ലഭിക്കും. ഹരിചരണബാബുവിന്റെ ജീവിതം അവസാനിക്കാറായി. തനിക്കു നാല്പത്തിയാറുവയസ്സായെങ്കിലെന്ത്? ടേംപി ഇനിയും കുട്ടിയാണല്ലോ. അവളുടെ സുഖം മറ്റാരുടെ സുഖം? അവൾക്ക് നല്ലൊരു സാരി വാങ്ങിക്കൊടുക്കുമ്പോൾ മുഖത്തുദിക്കുന്ന ചിരി അയാളെ കർമ്മപഥത്തിൽ വളരെ ദൂരം മുന്നോട്ടു നയിക്കും.

ആഹാ! അങ്ങനെ വല്ലപ്പോഴും സംഭവിച്ചിരുന്നെങ്കിൽ!

ടേംപിക്ക് ഒരു പാട്ടുപെട്ടി വാങ്ങിക്കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! പാട്ട് അവൾക്ക് ഇത്ര പ്രിയമാണെങ്കിൽ.....

ഇതു വെറും സ്വപ്നമാവാം. എങ്കിലും ചിന്തിക്കുമ്പോൾ തന്നെ എന്തൊരു പരമാനന്ദം! എന്താണുണ്ടാവുക എന്നു നോക്കുകതന്നെ.

മുളങ്കൂട്ടിൽ 'ശൻ ശൻ' ശബ്ദം ഉയർന്നു. രാത്രി, നേരം ഏറെയായി. ഗ്രാമമാകെ നിശ്ശബ്ദം. ആ സമയത്താണ് ഹാജാരി ഭാര്യയോട് പറയുന്നത് "നോക്കൂ, എന്റെ മേൽമുണ്ട് വല്ലാതെ മുഷിഞ്ഞിരിക്കുന്നു. കുറച്ച് കാരത്തിലിട്ട് വെക്കൂ. നാളെ പുലർച്ചയ്ക്കു കഴുകാം. എനിക്കു പുലരുമ്പോൾ തന്നെ പുറപ്പെടണം റാണാഘാടിലേക്ക്."

"പുലർച്ചക്കെന്തിന്? ഇപ്പോഴെ കഴുകിയിടാം. ഈറൻ മുണ്ടും കൊണ്ടു പോകണ്ടല്ലോ. ഇപ്പോഴേ നനച്ചിട്ടാൽ വെളുക്കുമ്പോഴേക്ക് ഉണങ്ങിക്കൊള്ളും."

പിറ്റേന്നാൾ വെളുപ്പിന് ഹാജാരി റാണാഘാടിലേക്കു പുറപ്പെട്ടു.

ഹോട്ടലിൽ കടക്കുന്നതിനു മുമ്പുതുടങ്ങി, അയാൾക്കു ഭയം. യജമാനനും പത്മയും കൂടി എന്തൊക്കെയാണാവോ പറയുക. ഒരു ദിവസം പണിക്കു ചെല്ലാത്തതിനു സമാധാനം ബോധിപ്പിക്കുമ്പോഴേക്കു പ്രാണൻ പോവും.

അതു തന്നെ സംഭവിച്ചു.

കയറിച്ചെല്ലുന്നിടത്തു തന്നെ ഇരിക്കുന്നു ബേചു ചക്കത്തി. സാക്ഷാൽ ഹോട്ടലുടമ. ഹാജാരിയെ കണ്ട മാത്രയിൽ കയ്യിലുണ്ടായിരുന്ന ഹുക്ക താഴെ വെച്ച് കഠിനസ്വരത്തിൽ പറഞ്ഞു: ''ഇന്നലെ എവിടെയായിരുന്നു ഠാക്കൂർ!''

ഹാജാരി നുണ പറഞ്ഞില്ല. വീട്ടിൽ അസുഖം-മുതലായ കളവുകൾ കെട്ടിച്ചമച്ചു പറയുക അയാൾക്കു പതിവില്ല. അയാൾ പറഞ്ഞു: ''അത്-യെജമാനനെ, വളരെ നാളായി വീട്ടിൽ ഒന്നു പോയിവന്നിട്ട്. അവിടെ കുഞ്ഞുകുട്ടികൾ ഉണ്ട്. അതുകൊണ്ട് ഒരു ദിവസം...''

''ഒന്നും മിണ്ടാതെ ഈ വിധം ഓടിപ്പോകുന്നതിന്നർത്ഥം? ആരോട് ചോദിച്ചിട്ടു പോയി?''

ഇതിനു മറുപടി പറയാൻ കഴിഞ്ഞില്ല. പൂരി കൊടുക്കുവാൻ പോയതായിരുന്നുവെന്നു പറയാനും മടിതോന്നി. മിണ്ടാതെ നിന്നു.

''നിങ്ങളുടെ ഓരോ ഞരമ്പിലും തെമ്മാടിത്തമാണു ഠാക്കൂർ! പത്മ പറഞ്ഞതു ശരിയാണ്. കണ്ടാൽ പാവമായിട്ടെന്തുകാര്യം? നിങ്ങൾ ഇത്ര വലിയ ഒരു ഹോട്ടലിലെ വെയ്പും വിളമ്പും ഇട്ടെറിഞ്ഞ് ആരോടും മിണ്ടാതെ ഒളിച്ചുകളഞ്ഞില്ലേ? വല്ലതും നാവിൽനിന്നു വീണാൽ-കഞ്ചാവുകുടിയൻ! നന്ദിയില്ലാത്തവൻ!''

ബേചു ചക്കത്തി അലറുന്നതുകേട്ട് വാതിൽക്കൽ വന്ന് എത്തിനോക്കിയ പത്മ, വാതിൽക്കൽ ഹാജാരി നിൽക്കുന്നതു കണ്ട് പറഞ്ഞു ''ഇതാ എത്തിയല്ലോ! എന്തോർത്തിട്ടാണ് മൂപ്പരേ! വീണ്ടും എഴുന്നെള്ളിയത്? ഇന്നലെ ഞാൻ പറയുകയായിരുന്നു. ഇനി ആവശ്യമില്ല, ഈ ആപത്തിനെ ഒഴിച്ചുവിട്ടേക്കു യജമാനനേ! കഞ്ചാവു കുടിച്ചു ലക്കില്ലാതെ എവിടെപ്പോയിക്കിടന്നിരുന്നുവാവോ. മോന്ത കണ്ടില്ലേ?''

ഹാജാരി അല്പം ആശങ്കയോടെ ചുവരിൽ തൂക്കിയിരുന്ന ചെറുകണ്ണാടിയിൽ മുഖം നോക്കാൻ ശ്രമിച്ചു. എന്താണു വേലക്കാരി തൻെറമുഖത്തു കണ്ടത്? കഞ്ചാവുപോയിട്ട്, പുലർന്നതിൽ പിന്നെ ഒരു ബീഡിപോലും താൻ വലിച്ചിട്ടില്ല.

''പോകൂ, ഇന്നലത്തെ പണിക്ക് ഒരു 'മുട്ടുശാന്തി'ക്കാരനെവെച്ചിരുന്നു. അയാളുടെ കൂലി ഒരുറുപ്പിക. ആഹാരച്ചിലവ് നാലണ. അത് നിങ്ങളുടെ ശമ്പളത്തിൽ നിന്ന് പിടിക്കും. ഇനി ഇങ്ങനെ ചെയ്താൽ അന്നുതന്നെ പിരിച്ചു വിടും. ഓർമ്മയിരിക്കട്ടെ.'' ബേചു വിധിച്ചു.

ഹാജാരി വിളർത്ത മുഖവുമായി അടുക്കളയിൽ കടന്നു. അവിടെയും

രക്ഷയുണ്ടായിരുന്നില്ല. യജമാനന്റെ അടുക്കൽനിന്ന് എളുപ്പം മോചനം കിട്ടിയെങ്കിലും പത്മയുടെ അടുക്കൽനിന്ന് അത്രവേഗം രക്ഷപ്പെടുക സാധ്യമല്ലായിരുന്നു. പത്മ ഹാജാരിയുടെ പിറകേ അടുക്കളയിലെത്തിയിട്ടു പറഞ്ഞു "അവരാരും നിങ്ങളുടെ പണി ചെയ്യില്ല. എന്തിനാണ് ചെയ്യുന്നത്? ഒറ്റയ്ക്ക് ചെമ്പെടുത്ത് അടുപ്പത്തുവെക്കണം ഇന്ന്. തെമ്മാടികളോടു തെമ്മാടിത്തരം. ഒറ്റയ്ക്ക് വലിയ ചെമ്പു വാങ്ങിവെച്ചോളു, വാർത്തോളു, ഊണുകാർക്കു വിളമ്പിക്കൊടുത്തോളു. ഇന്നലെ രതൻ ഠാക്കൂർ ഒന്നും മിണ്ടാതെ ഒറ്റയ്ക്കാണ് ഇതൊക്കെ ചെയ്തത്. രാജകുമാരൻ കഞ്ചാവുതിന്ന് വല്ല ദിക്കിലും കമിഴ്ന്നടിച്ചു കിടക്കുക, എന്നിട്ട് ബാക്കിയുള്ളവർ പണിയത്രയും ചെയ്യുക. ഏഭ്യ ബ്രാഹ്മണൻ!"

അരിശം കാരണം, ബേചു ചക്കത്തി ഇന്നലെ പകരം അരിവെയ്പുകാരനെ വെച്ചുവെന്നും അയാളുടെ കൂലി ഹാജാരിയുടെ ശമ്പളത്തിൽ പിടിക്കുമെന്നും മറ്റും പറഞ്ഞിരുന്നത് പത്മ മറന്നേപോയി.

ഹാജാരി അന്ധാളിപ്പോടെ ചോദിച്ചു "ഒറ്റയ്ക്കെങ്ങനെ? യജമാനൻ പറഞ്ഞത് പകരത്തിന് ആളെവച്ചുവെന്നാണല്ലോ?"

പത്മ അബദ്ധം മറയ്ക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു "വച്ചിരുന്നല്ലോ. വച്ചില്ലെന്നാരു പറഞ്ഞു? യജമാനൻ നിങ്ങളോടു നുണ പറഞ്ഞെന്നാണോ വിചാരം? ആളെ കിട്ടിയിരുന്നില്ലെങ്കിൽ ഒറ്റക്കുവേണ്ടി വരുമായിരുന്നില്ലേ പണിയെല്ലാം എന്നാണ് ഞാൻ ചോദിച്ചത്. നിങ്ങളോടു തർക്കിക്കാൻ എനിക്കു സമയമില്ല. മൂർഷിദാബാദു വരേണ്ട സമയമായി. സ്റ്റേഷനിൽ ഇപ്പോൾ വന്നിറങ്ങും ഊണുകാർ. വേഗം പരിപ്പുകഴുകിയിടൂ. കറിക്കു പാത്രം അടുപ്പത്തു വെക്കൂ."

മൂർഷിദാബാദ് വണ്ടി വലിയൊരു ശബ്ദത്തോടെ സ്റ്റേഷനിൽ വന്നു നിന്നു. ഇപ്പോൾ തുടങ്ങും ശാപ്പാടുകാരുടെ വരവ്.

ഹാജാരി പരിപ്പുകഴുകുകയായിരുന്നു. അപ്പോഴുണ്ട് ബേചു ചക്കത്തിയുടെ ഉറക്കെയുറക്കെയുള്ള സംസാരം പുറം തളത്തിൽനിന്നു വരുന്നു. ആരെയാണു തട്ടിക്കേറുന്നതെന്നറിയാൻ ഹാജാരി അടുക്കള വാതിൽക്കൽ ചെറ.ുനിന്നു നോക്കി.

യതീശ്ഭട് ചാജ് (ഭട്ടാചാര്യ) യുമായിട്ടാണ് വാക്കുതർക്കം. യതിശ് ഭട്ചാജ് വളരെ നാളായി ആ ഹോട്ടലിലെ പതിവ് ഊണുകാരനാണ്. ആദ്യമാദ്യം രൊക്കം പണം കൊടുത്തായിരുന്നു ഉണ്ടിരുന്നത്. ഇപ്പോൾ അഞ്ചാറു മാസമായി മാസംതോറും ഒന്നിച്ചു പണം കൊടുക്കുന്ന പതിവു തുടങ്ങിയിട്ട്. പത്തൻപത്താറു വയസ്സായി. മലമ്പനിക്കാരന്റെ മുഖഭാവം. തലമുടി മിക്കതും നരച്ചു. നിറം മുമ്പു വെളുത്തതായിരുന്നു. ഇപ്പോൾ മങ്ങി കറുത്തിരിക്കുന്നു. മലിനമായ ദോത്തിയും പഞ്ചാബിയും. കാലിൽ നിറം കെട്ട ചെരുപ്പ്.

ബേചു ചക്കത്തി പറയുകയായിരുന്നു "ഇല്ല, നിങ്ങൾ വേറെ വല്ലയിടത്തും നോക്കിക്കോളൂ, ഭട്ചാജ് മശായി! എനിക്കാവില്ല. നേരെ പറഞ്ഞേക്കാം.

ഹോട്ടൽ തുടങ്ങിയിരിക്കുന്നത് രണ്ടു കാശിനു വേണ്ടിയാണ്. അന്നസത്രം തുറന്നിരിക്കയല്ല.''

യതീശ്ഭട്ചാജ് പറഞ്ഞു ''പണത്തിൻെറ കാര്യം കൊണ്ടു വിഷമിക്കണ്ട, ചക്കത്തിമശായി. ഒരു മാസത്തെ ബാക്കി ഒന്നിച്ചു തന്നേക്കാം ഞാൻ, പോരേ?''

''ഇല്ല മശായി! നിങ്ങൾ വേറെ വഴി നോക്കിക്കോളിൻ! പോയതുപോയി. ഇനിയും നിങ്ങളെ തീറ്റി കൂടുതൽ നഷ്ടപ്പെടുന്നതെന്തിന്?''

യതീശ്ഭട്ചാജ് മൃദുസ്വരത്തിൽ പറഞ്ഞു ''ഇല്ലില്ലാ എവിടെ പോകാനാണ്? ഓരോ പൈസയും തന്നുതീർക്കും. അല്പം ബുദ്ധിമുട്ടിലായതുകൊണ്ടാണ്. അതുകൊണ്ട് കുറെനാൾകൂടി ഇതുവരെ ചെയ്തപോലെ ഊണു കഴിക്കട്ടെ, അടുത്ത മാസം ഒന്നാന്തിയല്ലെങ്കിൽ രണ്ടാന്തി.''

''വേണ്ട മശായി! ഒന്നാന്തിയും രണ്ടാന്തിയുമാകാൻ ഇനിയും പോകണം കുറെ ദൂരം. അതൊന്നും ഇനി നടപ്പില്ല. ക്ഷമിക്കണം. വേറെ വഴി നോക്കിക്കോളൂ ''

യതീശ് ഭട്ചാജിൻെറ മുഖം നോക്കിയപ്പോൾതന്നെ അയാൾ ക്ഷുധാർത്തനാണെന്ന് ഹാജാരിക്കു മനസ്സിലായി. രാവിലെതൊട്ട് ഒന്നും കഴിച്ചിട്ടില്ല എന്നു തോന്നുന്നു. ഈ നേരത്ത് ചോറു കൊടുക്കില്ലെന്ന് പറഞ്ഞ് അയാളെ ഓടിക്കുന്നത് ഭംഗിയാണോ? ഒരു സമയം അല്പം ഞെരുക്കമുള്ള സമയമാവാം. അല്ലെങ്കിൽ രണ്ടുപിടി ചോറിന് ആരും ഈവിധം മുഖസ്തുതി പറയാൻ പുറപ്പെടുകയില്ല.

ഹാജാരിക്കു തോന്നി പറഞ്ഞാലെന്തെന്ന് - യജമാനനെ, എനിക്കിന്ന് ഊണില്ല. ഇന്നലെ നാട്ടിൽ ഒരു സദ്യക്കു ക്ഷണം ഉണ്ടായിരുന്നു. ഉണ്ടത് ഇനിയും ദഹിച്ചിട്ടില്ല. വയറിന്ന് ഒരു സുഖമില്ല. എൻെറ ചോറ് ഭട്ചാജ് ഭക്ഷിച്ചിട്ടുപോകട്ടെ. എന്നാൽ ഇതു പറഞ്ഞാൽ യജമാനനെ അപമാനിക്കയാവും. വിശേഷിച്ചും പത്മ അയാളെ വെറുതെ വിടില്ല.

യതീശ്ഭട്ചാജ് ഒടുവിൽ നിരാശനായി വിശപ്പോടെ മടങ്ങിപ്പോയി.

ഹാജാരി വിചാരിച്ചു - പാവം, പഴയ ഒരു പറ്റുകാരൻ. അയാൾക്ക് ഒരു കിണ്ണം ചോറുകൊടുത്താൽ തന്നെ എന്തു ചേതമാണുണ്ടാവുക, ഹോട്ടലിന്? ഞാൻ ഹോട്ടൽ തുടങ്ങുമ്പോൾ ആരേയും വെറുതേ പറഞ്ഞയക്കില്ല. അതുകൊണ്ട് ഹോട്ടൽ മുടിഞ്ഞാലും കൊള്ളാം പുലർന്നാലും കൊള്ളാം. ഒന്നാമത് ചോറുവിറ്റ പൈസ - അതിനും പുറമെ വിശക്കുന്ന വയറോടെ പറഞ്ഞയയ്ക്കുക.

തീവണ്ടിയിറങ്ങി വന്നവർ ഉണ്ണാനെത്തിത്തുടങ്ങി. ഭക്ഷണ മുറിയിൽ നല്ല തിരക്ക്. വേലക്കാരൻ മതി ഇന്നു പത്തുപന്ത്രണ്ടുപേരെ പിടിച്ചുകൊണ്ടുവന്നിരിക്കുന്നു. പത്മ വന്നു പറഞ്ഞു ''പത്തു കിണ്ണങ്ങളിൽ ചോറെടുക്കൂ. രണ്ടെണ്ണം നിരാമിഷം (സസ്യഭോജനം) ഉരുളക്കിഴങ്ങു കറിയും വിളമ്പൂ-''

അര മണിക്കൂർ കഴിഞ്ഞ് മൂർഷിദാബാദ് ട്രെയിനിലെ ഊണുകാർ യാ

ത്രയായപ്പോൾ, വിചാരിച്ചിരിക്കാത്തവിധം ബൻഗായ് ട്രെയിനെത്തിയപ്പോൾ, ഏതാനും പേർ ഉണ്ണാനെത്തി. സമയം ഒന്നര മണി. ഈ സമയത്ത് ഉണ്ണാൻ ആരും വരാറില്ല. പത്മ 'അഞ്ചു കിണ്ണം ചോറ്' എന്നു വിളിച്ചു പറഞ്ഞപ്പോൾ ഹാജാരി അവളെ വിളിച്ചു സ്വകാര്യത്തിൽ പറഞ്ഞു "പരിപ്പു മതിയാവില്ലല്ലോ. കഷ്ടിച്ചു രണ്ടുപേർക്ക് തികയുന്ന കാര്യം തന്നെ-"

പത്മ പാത്രത്തിലേക്കു കുനിഞ്ഞുനോക്കി അമർത്തിയ സ്വരത്തിൽ പറഞ്ഞു "എൻെറയമ്മേ, ഇതിലൊന്നും തന്നെയില്ലെന്നു വേണമല്ലോ പറയാൻ? ഇനി വന്നവർ എന്തുകൂട്ടി ഊണു കഴിക്കും? നിങ്ങളുടെ ത ന്നെയാണു കുറ്റം മുഴുവൻ. പരിപ്പു തീരാറാവുന്നത് കാണുമ്പോൾ തന്നെ പാത്രം ഒഴിയുന്നതു നോക്കി നിൽക്കാതെ കുറച്ചു കഞ്ഞിവെള്ളം ഒഴിച്ച് അടു പ്പത്തുവെച്ചു തിളപ്പിച്ചെടുത്താലെന്തായിരുന്നു? എത്ര തവണ നിങ്ങളോടു പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്? കഞ്ഞിവെള്ളം ഉണ്ടോ?"

ഹാജാരി പറഞ്ഞു "ഉണ്ട്."

"ഉണ്ടെങ്കിൽ രണ്ടുകയിൽ പരിപ്പിൽ ഒഴിച്ചു കുറച്ചുപ്പിട്ട് അടുപ്പത്തുവെച്ചു ചൂടാക്കിയെടുക്കൂ. എന്താണതു പറഞ്ഞപ്പോൾ ഇത്ര മിഴിച്ചുനോക്കുന്നത്?"

ഹാജാരി ഈ വിധം ചെയ്യുക പതിവില്ല. ചെയ്യാൻ മനസ്സു വരാറില്ല. അയാൾ യഥാർത്ഥമായും ഒരു നല്ല പാചകനായിരുന്നു. കരുതിക്കൂട്ടി നല്ലൊ രു ഭക്ഷണം ചീത്തയാക്കുവാനോ ഈവിധം ഉണ്ണാൻ വരുന്നവരെ വഞ്ചിക്കാ നോ അയാൾക്ക് മനസ്സുവരില്ല എന്നാൽ ദാസി പത്മയുടെ കല്പന അനു സരിക്കാതെയെന്താണ് നിവൃത്തി? ഗത്യന്തരമില്ലാതെ പരിപ്പിൽ കഞ്ഞി വെള്ളം പകർന്ന് ഊണുകാർക്കു വിളമ്പിക്കൊടുക്കേണ്ടിവന്നു.

അന്ന് അയാൾക്ക് ഒന്നരമണി കഴിഞ്ഞിട്ടേ അടുക്കളയിൽ നിന്ന് പുറത്തു കടക്കാൻ കഴിഞ്ഞുള്ളു.

ഒന്നു നടുനിവർത്തിക്കിടന്ന്, വെയിൽ ഒട്ടൊന്നാറിത്തുടങ്ങിയപ്പോൾ അയാൾ പതിവുപോലെ ചൂർണി നദീതീരത്തിൽ നടക്കാൻ പോയി. കുറച്ചു ദിവസമായി അയാൾ നദീതീരത്തേക്കു പോവുകയുണ്ടായില്ല. ആ ചിരപരി ചിതവും നിർജ്ജനവുമായ വേപ്പിൻ ചുവട്ടിൽ ചാരിയിരുന്ന് അക്കരെയുള്ള കടത്തുകടവിലേക്കോ ശാന്തിപുരത്തേക്കു പോകുന്ന നിരത്തിലേക്കോ നോ ക്കിയിരിക്കയുണ്ടായില്ല. അയാൾക്ക് ആ പ്രദേശം എത്ര ഇഷ്ടമാണെന്നോ!

അവിടെച്ചെന്നിരുന്നാൽ ഹാജാരിയുടെ തലയോട്ടിൽ ഹോട്ടലിനെ സം ബന്ധിച്ച പലതരം പുതിയ ആലോചനകൾ വരാൻ തുടങ്ങുകയായി. മറ്റൊ രിടത്തിരുന്നാലും ഇത്രയ്ക്കു വരാറില്ല.

ഇന്ന് അവിടെ ചെന്നിരുന്നപ്പോൾ തന്നെ ആദ്യം ഹാജാരിക്കു മനസ്സിൽ തോന്നിയത് പാചകത്തിൻെറ ഗുണംകൊണ്ടാണ് ഹോട്ടൽ നടക്കുക എന്ന ത്രേ. പണം മുടക്കി ഉണ്ണാൻ വരുന്നവർ നല്ല ഭക്ഷണം കിട്ടണമെന്നാണ് സ്വാ ഭാവികമായും ആഗ്രഹിക്കുക. കഞ്ഞിവെള്ളം കലർത്തിയ പരിപ്പുകറിക്കല്ല അവർ വരുന്നത്.

ദാസി പത്മയുടെ ദുരാചരണം കാരണം ബേചു ചക്കത്തിയുടെ ഹോട്ടൽ മുടിയും. തൻെറ സ്വന്തം ഹോട്ടൽ അതിനിടയ്ക്ക് രൂപംകൊള്ളും. തൻെറ പാചകത്തിൻെറ ഗുണംകൊണ്ട് ഹോട്ടൽ നടന്നുപോകും. പെട്ടെന്ന് ഹാജാരി കണ്ടു. ചൂർണ്ണിയുടെ കടത്തുകടവിലുണ്ട് യതീശ് ഭട്ചാജ് നിൽക്കുന്നു. അക്കരയ്ക്ക് പോകാൻ നിൽക്കയാവും.

"ഏയ് ഭട്ചാജ് മശായി! ഭട്ചാജ് മശായി!!"

യതീശ് തിരിഞ്ഞുനോക്കി ഹാജാരിയുടെ അടുക്കലേക്കു ചെന്നു.

"എവിടേക്കാണ് യാത്ര?"

"അക്കരയ്ക്ക്. അവിടെയാണ് എൻെറ വകയിലെ ഒരു സഹോദരൻ താമസിക്കുന്നത്. അയാളുടെ അടുക്കലേക്ക്. കണ്ടില്ലേ ഇന്നു ഹാജാരി, നിങ്ങളുടെ ചക്കത്തിയുടെയൊരു ദുഷ്ടത! ഞാൻ പണം കൊടുക്കില്ലെന്നു പറയുന്നുണ്ടോ? ഉച്ചനേരത്തു വിശന്നുവലഞ്ഞു ചെന്നയാൾക്കു ചോറുകൊടുക്കാതെ വേറെ വഴിനോക്കിക്കോളാൻ. ചോറുവില്പനക്കാരൻ ബ്രാഹ്മണൻ നീചനായില്ലെങ്കിൽ പിന്നെയെന്താണാവുക? ബീഡിയുണ്ടോ? എടുക്കൂ ഒരെണ്ണം."

ബീഡി വാങ്ങി കൊളുത്തിയിട്ട് അയാൾ പറഞ്ഞു "നശിച്ചുപോകട്ടെ ഈ ടൗൺ! ഇനി ഇവിടെ നിക്കില്ല. പോകയാണ്, ഫുലേ-നബ്ലഗ്രാമത്തിലേക്ക്. എൻെറ ഭാര്യയുടെ അനുജത്തിയുടെ ഭർത്താവ് പാർബ്ബത്തി ചക്കത്തി പേരെടുത്ത ഒരു ദേഹമാണ്. പാർബ്ബത്തി ചക്കത്തി ഒരിക്കൽ പറഞ്ഞിട്ടുണ്ടായിരുന്നു, അവരുടെ ജന്മിയുടെ കച്ചേരിയിൽ ഒരു ജോലി തരുവിക്കാമെന്ന്. പാൽചൗധരിയുടെ വക - കൂറ്റൻ കച്ചേരി. അവിടെക്കാണുപോകുന്നത്. എന്തെങ്കിലും ഒരു ഉപായം ഉണ്ടാവും അവിടെ ചെന്നു പറ്റിയാൽ."

ഹാജാരി പറഞ്ഞു "ഒരു കാര്യം പറയട്ടെ ഭട്ചാജ് മശായി! മറിച്ചൊന്നും വിചാരിക്കരുത്."

യതീശ് പറഞ്ഞു "എന്താണു കാര്യം? തൽക്കാലം എൻെറ പക്കൽ ഒറ്റ പൈസയില്ല, നേരത്തെ പറഞ്ഞേക്കാം. എന്നാലും കൊടുക്കാനുള്ളതു ഞാൻ കൊടുക്കുക തന്നെ ചെയ്യും. തിന്ന ചോറിൻെറ പണം കൊടുത്തിട്ട് പിന്നെയൊരുകാര്യം. അതു ചക്കത്തിമശായിയോടു പറഞ്ഞേക്കൂ."

ഹാജാരി പറഞ്ഞു "പണത്തിൻെറ കാര്യമല്ല പറഞ്ഞത്. നിങ്ങളുടെ ഊണുകഴിഞ്ഞോ എന്നറിയാനാണ് ഞാൻ ചോദിച്ചത്."

യതീശ് ഒന്നും ആലോചിക്കാതെ ക്ഷണം മറുപടി പറഞ്ഞു "ഇല്ല, എവിടുന്നുണ്ണാനാണ്? ഇത്ര വൈകിയിട്ട് ചക്കത്തിയുടെ ഹോട്ടലിൽ നിന്നു തിരിച്ചുപോന്ന എനിക്ക് ആരുണ്ട് ചോറെടുത്തുവെച്ചു കാത്തിരിക്കുന്നു?"

ഹാജാരി പെട്ടെന്ന് യതീശൻെറ വലതുകൈ കടന്നു പിടിച്ചുകൊണ്ടു പറഞ്ഞു "എൻെറയൊപ്പം വരൂ ഭട്ചാജ് മശായി! ഞാൻ നിങ്ങൾക്ക് ഇന്നു വെച്ചുവിളമ്പിത്തരുന്നുണ്ട്. വരൂ, കൂടെ."

യതീശ് ഭട്ചാജ് പറഞ്ഞു "എവിടെ? എവിടേക്ക്? വേണ്ട വേണ്ട ഹാജാരി! ഇന്നൊന്നും വേണ്ട. ഞാൻ വല്ല വെള്ളവും കുടിച്ച്.... ഇനി ഈ അസമയത്ത്"

ഹാജാരി എന്തായിട്ടും സമ്മതിച്ചില്ല. അയാളുടെ ഹോട്ടലിലെ ഒരു പഴയ പറ്റുകാരൻ ഇന്നു പണമില്ല എന്നു പറഞ്ഞ് പകലത്രയും പട്ടിണികിടന്ന് റാണാഘാടിൽനിന്ന് മടങ്ങുക. എന്തുകൊണ്ടോ, ഈ സംഭവത്തിന് താനാണ് ഉത്തരവാദിയെന്ന് ഹാജാരിക്കു തോന്നി.

"ഞാൻ ഇനി നിങ്ങളുടെ ഹോട്ടലിലേക്കു വരില്ല, ഹാജാരി ഠാക്കൂർ! ശരി, നിങ്ങൾ സമ്മതിക്കാത്ത സ്ഥിതിക്കു വല്ല വെള്ളവും വാങ്ങിത്തന്ന്-"

"ഹോട്ടലിലേക്ക് എന്തിനാണു കൂട്ടിക്കൊണ്ടുപോകുന്നത്? വരൂ, വെള്ളമാക്കുന്നതെന്തിന്, ഞാൻ ചോറുവച്ചുതരുന്നുണ്ട് നിങ്ങൾക്ക്."

"അതുവേണ്ട. അപ്പോഴെനിക്ക് ഇന്നു ഫുലേനബ്ലക്കുപോകാൻ തരപ്പെടുകയില്ല. ഇന്നുതന്നെ അവിടെയെത്തണം."

അടുത്തുതന്നെയാണ് കുസുമത്തിൻെറ ഭവനം. ഭട്ചാജിയെ അവിടെ കൂട്ടിക്കൊണ്ടുപോകാനായിരുന്നു ആലോചന. വേറെയെവിടെയിരുത്തിയാണ് അയാൾക്കു ചോറുകൊടുക്കുക?

കുസുമത്തിൻെറ വാതിൽക്കൽ മുട്ടിയ ഉടനെ അവൾ വാതിൽ തുറന്ന് ഹാജാരിയെക്കണ്ടു ചിരിച്ചുകൊണ്ട് എന്തോ പറയാൻ ഭാവിക്കുമ്പോഴേക്ക് പിറകിൽ നിന്നിരുന്ന യതീശ് ഭട്ചാജിൻെറ മേൽ ദൃഷ്ടി പതിഞ്ഞു. അപ്പോൾ അവൾ ലജ്ജയോടെ തലകുനിച്ചു പറഞ്ഞു "വലിയച്ഛാ, എന്താണീ സമയത്ത്? പിറകിലാരാണ്?"

"അയാൾക്കുവേണ്ടിത്തന്നെയാണു വന്നിരിക്കുന്നത്. ഒരു ബ്രാഹ്മണനാണ് ആൾ. എൻെറ പരിചയക്കാരൻ, ·എൻെറ ഹോട്ടലിലെ ഒരു പതിവുകാരൻ. പണമില്ല എന്നു പറഞ്ഞ് യജമാനനൻ ഭക്ഷണം കൊടുത്തില്ല. ഉണ്ണാതെ ശാന്തിപുരത്തേക്കു പോകയായിരുന്നു. ഞാൻ പിടിച്ചുകൊണ്ടുവന്നു. വല്ലതും കൊടുക്കാതെ പറഞ്ഞയച്ചുകൂട. പുറത്തേ മുറി തുറക്കൂ."

കുസുമം പുറത്തെ മുറി തുറന്നു കൊടുത്തപ്പോൾ കുറച്ചുദൂരെ നിന്നിരുന്ന യതീശനെ വിളിച്ച് ഹാജാരി അവിടെയെത്തി. അതിനുശേഷം അകത്തേക്കു ചെന്നപ്പോൾ കുസുമം ഉദ്വേഗസ്വരത്തിൽ പറഞ്ഞു "എന്താണു വലിയച്ഛനു ഭാവം? അരിവെക്കുവാനോ? ഞാൻ ഒക്കെ ഒരുക്കിത്തരാം. അപ്പോഴേക്ക് ഇവിടെയന്താണുള്ളതെന്നു വെച്ചാൽ അതു കൊടുക്കാം. എന്തു പറയണു?"

ഹാജാരി പറഞ്ഞു "പാകം ചെയ്തുകൊടുക്കാൻ പറ്റില്ല കുസുമം! അയാൾക്ക് ഇരിക്കാൻ സമയമില്ല. ഫുലേ-നബ്ലക്കു പോണം. ഞാൻ ബസാറിൽ ചെന്ന് വല്ലതും വാങ്ങിക്കൊണ്ടുവരാം. ഇവിടെ കുറച്ചുനേരം ഇരിക്കാൻ കൂട്ടികൊണ്ട് വന്നതാണ്."

കുസുമം ചിരിച്ചുകൊണ്ട് പറഞ്ഞു "വലിയച്ഛൻ വെറുതെ വിഷമിക്കണ്ട. വേണ്ടതൊക്കെ ഞാൻ ഒരുക്കിത്തരാം. ഇവിടെയുള്ളപ്പോൾ വെറുതെ ബസാറിൽനിന്ന് വാങ്ങിക്കൊണ്ടുവരുന്നതെന്തിന്? എൻെറ വീട്ടിൽ ബ്രാഹ്മണൻ എഴുന്നെള്ളിയിരിക്കെ, ഇവിടെയുള്ള വിഭവങ്ങൾകൊണ്ടു സൽക്കരിക്കയല്ലേ മര്യാദ? എന്നാൽ വലിയച്ഛ, അതോടൊപ്പം വലിയച്ഛനും

- അതു മറക്കണ്ട.'' ഹാജാരി വിരോധം പറയുന്നതിനു മുമ്പായിത്തന്നെ അവൾ അകത്തേക്കുപോയി. നിവൃത്തിയില്ലാതെ, ഹാജാരി യതീശ്ഭട്ചാജിന്റെ അടുക്കലേക്കു തിരിച്ചുചെന്നു.

യതീശ് ചോദിച്ചു ''നിങ്ങളുടെ വല്ല സ്വന്തക്കാരുടേയും വീടായിരിക്കും അല്ലേ?''

''അല്ല, സ്വന്തക്കാരല്ല, ഇവർ ഘോഷ് — ഗോയാല (ഇടയൻ) ക്കാരാണ്. ഇവിടെയാണ് ഞാൻ മകളെപ്പോലെ കരുതുന്ന ഒരു കുട്ടിയെ വിവാഹം ചെയ്തു കൊണ്ടുവന്നു താമസിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ വാതിൽ തുറന്നു തന്നില്ലേ, അവൾതന്നെ.''

ഏതാണ്ട് പതിനഞ്ചുമിനിട്ടു കഴിഞ്ഞ് വാതിൽക്കൽ ശബ്ദം കേട്ട ഹാജാരി പുറത്തേ മുറിയുടെ വരാന്തയിലേക്കു നോക്കിയപ്പോൾ അത്ഭുതപ്പെട്ടു പോയി. അവിടെ രണ്ടു പലകയിട്ട് അതിന്റെ മുമ്പിൽ ആവി പറക്കുന്ന രണ്ടു കപ്പു പാലും നുറുക്കിവെച്ച പഴങ്ങൾ, ബാതാസ (മധുരപലഹാരം) മുതലായവ നിറച്ച രണ്ടു കിണ്ണങ്ങളും രണ്ട് ഇളനീരും വെച്ചിരിക്കുന്നു. തേച്ചു മിനുപ്പിച്ച രണ്ടു ഓട്ടുഗ്ലാസ്സിൽ വെള്ളവും.

കുസുമം ചിരിച്ചുകൊണ്ടു പറഞ്ഞു ''അദ്ദേഹത്തേയും വിളിക്കൂ. സേവനത്തിന് എനിക്കും ഒരവസരം കിട്ടട്ടെ. ഉള്ളതു കഴിച്ച് രണ്ടുപേരും തൃപ്തിപ്പെടണമെന്നാണപേക്ഷ.''

''അതിനെന്താണു പ്രയാസം കുസുമം? പക്ഷേ ഞാനെന്തിനാണ്-''

''മകളുടെ വീട് - വല്ലതും കഴിക്കാതെ പോകാമോ? വിളിക്കൂ, അദ്ദേഹത്തെ.''

യതീശ് ഭട്ചാജ് ഇരുന്നു ഭക്ഷിക്കുന്ന മട്ടുകണ്ടിട്ട് പാവത്തിന് വല്ലാത്ത വിശപ്പുണ്ടായിരുന്നുവെന്ന് വ്യക്തമായി. അയാളുടെ കിണ്ണത്തിൽ യാതൊന്നും ശേഷിച്ചിരുന്നില്ല. ഊണുകഴിച്ച് അവർ പുറത്തുചെന്നിരുന്നപ്പോൾ കുസുമം അവർക്കു മുറുക്കാൻ കൊണ്ടുപോയി കൊടുത്തു. യതീശ് ഭട്ചാജ് യാത്രയായപ്പോൾ പറഞ്ഞു ''നിങ്ങളുടെ മകളെ ഒന്നു വിളിക്കു, ഹാജാരി. ആശീർവദിച്ചിട്ടുപോകട്ടെ.''

കുസുമം വന്ന് രണ്ടുപേരേയും നമസ്ക്കരിച്ചു. യതീശൻ പറഞ്ഞു ''കേൾക്കൂ, മോളെ? ഇന്നു പകലത്രയും പട്ടിണിയായിരുന്നു വാസ്തവത്തിൽ. നിന്റെ ഭക്ഷണം എന്നെ അത്യന്തം തൃപ്തിപ്പെടുത്തിയിരിക്കുന്നു. നീ നല്ല കുട്ടിയാണ്. കുട്ടികളോടൊപ്പം സുഖമായിരിക്കൂ; ഞാനാശീർവദിക്കുന്നു.''

ഹാജാരി യതീശനോടൊപ്പം പുറപ്പെട്ടു.

വഴിക്കിറങ്ങിയപ്പോൾ പറഞ്ഞു ''ഭട്ചാജ് മശായി! ഒരു ഹോട്ടൽ തുടങ്ങണമെന്ന് കുറെ നാളായി ആലോചന. എന്താണിഭിപ്രായം.''

''ഒരു പ്രയാസവും കൂടാതെ തുടങ്ങാമല്ലോ. നല്ല ആദായമുള്ള ബിസിനസ്സ്. നിങ്ങളെക്കൊണ്ട് അതിനു കഴിയും. നിങ്ങളുടെ മനസ്സ് നല്ലതാണ്. പക്ഷേ പണമെവിടന്നുണ്ടാവും?''

"അതാണല്ലോ വിഷമം. ഇപ്പോൾ ഇതിനു മുമ്പേ കഴിയില്ലേ ഹോട്ടൽ തുടങ്ങുക? നോക്കട്ടെ, പ്രയത്നിച്ചുകൊണ്ടിരിക്കയാണു ഞാൻ. വിടില്ല. അവിടെ ഇപ്പോൾ തന്നെ കണ്ടില്ലേ [illegible] കുസുമത്തിനെ? അയാൾ എനിക്ക് ഒരിക്കൽ പണം തരാമെന്നു പറഞ്ഞതാണ്. പക്ഷേ അതു വാങ്ങുന്നതു ശരിയാണോ? പാവപ്പെട്ട ഒരു വിധവയുടെ മകനാണവൻ, എനിക്കാണ് അവളുടെ [illegible] വാങ്ങാൻ [illegible] വാങ്ങാൻ തയ്യാറാ[illegible] അയാൾ ഇപ്പോഴു [illegible] പക്ഷേ [illegible] അധികമൊന്നുമില്ല. അതുകൊണ്ട് ഒരു ഹോട്ടൽ തുടങ്ങാനാവില്ല." യതീശ് [illegible] കടയിൽ എത്തിയപ്പോൾ പറഞ്ഞു "ശരി. ഞാൻ നടക്കട്ടെ ഹാജാരി. നിങ്ങൾ ഹോട്ടൽ തുടങ്ങിയാൽ ഞാൻ അവിടെ പതിവുകാരനാവും. അതു നിങ്ങൾക്കുറപ്പിക്കാം. [illegible] പോരില്ല. നിങ്ങളെപ്പോലെ എത്ര പേരുണ്ട്, നല്ലപോലെ ഭക്ഷണം പാകം ചെയ്യാൻ? വേചു ചക്രവർത്തിയുടെ ഹോട്ടലിൽ ഞാൻ എന്നും ഉണ്ണാൻ പോയിരുന്നെങ്കിൽ അതിനു കാരണം നിങ്ങളുടെ [illegible] ഭക്ഷണം കഴിക്കാനുള്ള കൊതിയായിരുന്നു. നിങ്ങളുടെ ഹോട്ടൽ നന്നായി നടക്കും. ഈ ദിക്കിലൊന്നും നിങ്ങളെപ്പോലെ ഒരു നളപാകക്കാരനെ കണ്ടിട്ടില്ല [illegible] [illegible]ല്ലോ."

യതീശ് [illegible] പോയി. എന്നാൽ അയാൾ ഒടുവിൽ പറഞ്ഞ വാക്കുകൾ അയാൾക്കു കുറച്ചൊക്കെ [illegible] ഉണ്ടാക്കി.

തന്റെ ഭക്ഷണം [illegible] ഹാജാരിക്കു തന്നെയറിയാം. [illegible] ഉണ്ട് [illegible] [illegible]ള്ളൂ. [illegible] എന്നാൽ ഹാജാരിയുടെ [illegible] ഉത്സാഹവും നോക്കുമ്പോൾ [illegible] കൊടുത്തിട്ട് [illegible] അതിനെക്കാൾ എത്രയോ വില [illegible] അർത്ഥവത്തുമായ പതിവാണ്.

ഹാജാരി ഹോട്ടലിൽ എത്തിയപ്പോൾ നേരം ഏറെയൊന്നുമായിട്ടുണ്ടായിരുന്നില്ല. രതൻ ഠാക്കൂർ [illegible] പതിവും അടുപ്പത്തിട്ടു കഴിഞ്ഞിരുന്നു. മതിയും പത്മയും അവിടെയെങ്ങുമില്ല. ഇരിപ്പുമുറിയിൽ ഇരുന്ന് ബേചു ചക്രവർത്തി ആരോടോ സംസാരിക്കുന്നു.

ഹോട്ടലിലെ അടുക്കളപ്പുരയിൽ കടന്നാൽ ഹാജാരിക്കു പുതിയൊരുത്സാഹമാണു തോന്നുക പതിവ്. അവിടന്നു പുറത്തു കടക്കുമ്പോഴാണ് വേണ്ടാത്ത ദുശ്ചിന്തകൾ അലട്ടുവാൻ തുടങ്ങുന്നത്. വലിയ അടുപ്പിൽ വെച്ചിരിക്കുന്ന തിളയ്ക്കുന്ന ചരുവിനു മുമ്പിൽ ഇരിക്കുമ്പോൾ താൻ വിജയിയായ ഒരു വീരനാണെന്നു ഹാജാരി സങ്കല്പിക്കാറുണ്ട്. അപ്പോൾ കുസുമത്തിനെ ഓർക്കാറില്ല. [illegible]യെപ്പറ്റിയും ചിന്തിക്കാറില്ല. [illegible] തോന്നുക. പണിയൊന്നുമില്ലാത്ത സമയത്ത് ഇത് ഹാജാരിക്കു ശരിക്കും കാണാൻ കഴിയാറുണ്ട്.

ഇതിനിടക്കു രതൻ ഠാക്കൂർ അടുക്കളയിലേക്കു വന്നു. അയാൾ ഹാജാ

രിയുടെ അടുക്കൽ ചെന്നു പതുക്കെ പറഞ്ഞു. "ഒരു കാര്യം പറയാനുണ്ട്. എൻെറ നാട്ടിൽ നിന്ന് ഒരു മനുഷ്യൻ വന്നിട്ടുണ്ട്. എൻെറയടുക്കൽ താമസിച്ച് പണി അന്വേഷിക്കണം. മഹാപാവം. അയാളെ ടിക്കറ്റു കൂടാതെ ഉണ്ണാൻ സമ്മതിക്കണം. സമ്മതമാണെങ്കിൽ ചെന്നു വിളിച്ചുകൊണ്ടുവരാം."

ഹാജാരി പറഞ്ഞു "വിളിച്ചുകൊണ്ടു വരു. അതിനെന്താ? ഒരു പാവം വന്ന് ഉണ്ണട്ടെ. അതിലെനിക്കെന്താണു വിരോധം തോന്നാൻ?"

രതനിന്ന് അത്യന്തം സന്തോഷമായി. രാത്രി ഓരോരുത്തരായി ഉണ്ണാൻ വന്നപ്പോൾ രതൻ അയാളുടെ നാട്ടുകാരനെ ഹാജാരിക്ക് ആംഗ്യംകൊണ്ടു കാട്ടിക്കൊടുത്തു. ഹാജാരി അയാൾക്ക് വയറുനിറയെ ഭക്ഷണം കൊടുത്തു.

വേലക്കാരി പത്മയുടെ സൂക്ഷ്മദൃഷ്ടികളിൽപോലും പെടാതെ അയാൾ ടിക്കറ്റു കൂടാതെ ഊണുകഴിച്ച് ഇറങ്ങിപ്പോയി. ആർക്കും ഒരു സംശയവും തോന്നിയില്ല.

ഇങ്ങനെ ഒന്നു രണ്ടു ദിവസമല്ല, തുടർച്ചയായി പത്തുദിവസം നടന്നു. ഒരു ദിവസം അയാളുടെ മറ്റൊരു കൂട്ടുകാരനെകൂടി പിടിച്ചുകൊണ്ടുവന്നു. അയാൾക്കും കൊടുത്തു ചോറ്.

സംഭവം സാധാരണമായിട്ടുള്ള ഒന്ന് - എന്നാൽ ഹാജാരി ഇതിൽ നിന്ന് വലിയൊരു പാഠം പഠിച്ചു. ഇത്ര നിഷ്കർഷപാലിച്ചിട്ടും കളവ് ധാരാളം നടക്കുന്നു. ബേചു ചക്കത്തിയുടെ ടിക്കറ്റുകളും പണവും തമ്മിൽ പൊരുത്തക്കേടൊന്നുമില്ല, കണക്ക് ദിവസവും ഒത്തുപോകാറുണ്ട്. അതിനാൽ അയാൾക്കു സംശയത്തിനു വഴിയില്ല. പക്ഷേ ദാസി പത്മക്കുപോലും ഈ വിവരം അല്പവും പിടികിട്ടിയില്ല. ചോറും കറികളും കുറവുണ്ടോ എന്നറിയാൻ അളക്കാൻ പറ്റില്ലല്ലോ. അതിനാൽ ആരുണ്ടു പിടികൂടാൻ? എന്തിന്? ഈവിധമുള്ള കളവുകൾ പിടികൂടാൻ ഉപായമൊന്നുമില്ലേ?

കുറെ നാളായി ഹാജാരി ചൂർണിയുടെ തീരത്തിരുന്ന് ഇതുതന്നെയാണു ചിന്തിച്ചിരുന്നത്. അരിവെപ്പുകാർ തമ്മിൽ ഗൂഢാലോചന നടത്തി പുറത്തുള്ളവനെ ഉണ്ണാൻ കടത്തിവിട്ടാൽ അതു കണ്ടുപിടിക്കാൻ എന്താണു മാർഗ്ഗം? അനേകം ദിവസം ചിന്തിച്ചതിൻെറ ഫലമായി ഒരു ദിവസം സന്ധ്യക്ക് അയാൾക്ക് ഒരുപായം തലയോട്ടിലുദിച്ചു. പ്ലേറ്റുകൾക്കു നമ്പർ കൊടുക്കുക, ടിക്കറ്റുകളുടെ നമ്പറുമായി ഒത്തുനോക്കുക. അപ്പോഴറിയാറാവും ഇന്ന പ്ലേറ്റുകാരൻ ടിക്കറ്റു വാങ്ങിയുണ്ടവനോ അല്ലയൊ എന്ന്.

ഇടയ്ക്കിടക്കു പരിശോധിച്ചുകൊണ്ടിരുന്നാൽ പിടിക്കാം. അതിനു പുറമെ പ്ലേറ്റു കഴുകുന്ന സമയം വേലക്കാരിയോട് എച്ചിൽ പ്ലേറ്റിൻെറ നമ്പർ ചോദിച്ചറിയുകയും വേണം.

ഹാജാരിക്കു വളരെ സന്തോഷം തോന്നി. നല്ലൊരു സൂത്രം കണ്ടുപിടിച്ചു. പക്ഷേ ഒരു പഴുതുണ്ട്, അതും അയാൾക്ക് അറിയായ്കയില്ല. വാഴയിലയിലാണ് ഊണെങ്കിലോ? നമ്പറില്ലാത്ത കിണ്ണം ഉണ്ണുന്നവൻ പുറത്തുനിന്നു കൊണ്ടുവന്നാലോ? അപ്പോൾ രക്ഷയെന്ത്? അതു വേലക്കാർക്കു കണ്ടുപി

ടിക്കാൻ കഴിയുമല്ലോ, അല്ലേ? ഹോട്ടലിൽ നമ്പരില്ലാത്ത കിണ്ണത്തിലു ണ്ണുന്നവന് സ്വയം എച്ചിൽ കിണ്ണം കഴുകാതിരിക്കാനാവില്ലല്ലോ. വാഴയി ലയിൽ ചോറുവിളമ്പിയാൽ വേലക്കാരുടെ കണ്ണിൽ വേഗം പെടുമെന്നുള്ളതു കൊണ്ട് ആരും ഇലയിൽ ചോറു വിളമ്പുവാൻ ധൈര്യപ്പെടുകയില്ല.

ഇരുനൂറ്-ഇരുന്നൂറ്റിയമ്പതു രൂപ എവിടെനിന്നെങ്കിലും സമ്പാദിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ റെയിൽബസാറിൽതന്നെ തുറക്കാമായിരുന്നു, ഹോട്ടൽ. ആരുതരും പണം?

യതീശൻെറ വാക്കുകൾ അയാളോർത്തു.

പാവം തന്നെ കഷ്ടത്തിലാണ്. അവസാനം അളിയൻെറടുക്കൽ ചെ ല്ലേണ്ടിവന്നു സഹായത്തിന്. ആളുകൾ അത്രയേറെ കഷ്ടത്തിലായാൽ മാ ത്രമേ കുടുംബക്കാരുടെ മുമ്പിൽ സഹായത്തിനു കൈനീട്ടൂ.

അയാൾ ഹോട്ടൽ തുടങ്ങിയാൽ യതീശ് ഭട്ചാജിയെ കൊണ്ടുവന്നു താമസിപ്പിക്കും. വൃദ്ധനായ ബ്രാഹ്മണൻ - രണ്ടു നേരം ഉണ്ണാറാവും, കൈച്ചി ലവിന്ന് വല്ലതും കിട്ടുകയും ചെയ്യും ഇതിലേറെ അയാൾക്ക് എന്താണ് വേണ്ടത്?

പതിവുപോലെ അന്നും വെയിൽ ചാഞ്ഞു. കഴിഞ്ഞ രണ്ടു വത്സരങ്ങളി ലെപ്പോലെതന്നെ. അതേ വേപ്പിൻമരം, ചൂർണ്ണിയുടെ അതേ കടവ്, പാൽ കുടുംബക്കാരുടെ കൽക്കരി ഡെപ്പോവിൽ വേലക്കാരും മാനേജരും തമ്മിലു ള്ള വഴക്കടി-എല്ലാം പതിവുപോലെ തന്നെ.

ദിവസങ്ങൾ കടന്നു പോയി. എന്നാൽ അയാളുടെ മോഹം സഫലമാ കുന്ന യാതൊരു ലക്ഷണവുമില്ല, എന്നല്ല സ്ഥിതിഗതികൾ കൂടുതൽ വഷളാ വുകയാണ് ചെയ്യുന്നത്.

ഹോട്ടലിലെ ശമ്പളം പേരിനുമാത്രം - എന്താവും അതുകൊണ്ട്? വീട്ടിൽ ടേംപിക്ക് അവളുടെ മോഹംപോലത്തെ ഒരു സാരി വാങ്ങിക്കൊടുക്കാൻ കഴി യുന്നില്ല. വയറുനിറയെ ആഹാരം കൊടുക്കാൻ ഗതിയില്ല.

ടേംപിയുടെ അമ്മ ദരിദ്രകുടുംബത്തിലെ സന്താനമാണ്. അച്ഛൻെറയടു ക്കലെന്നപോലെത്തന്നെ ഭർത്താവിൻെറ വീട്ടിൽ വന്നിട്ടും. സുഖമെന്തെന്നറി യാൻ അവൾക്കു സാധിച്ചിട്ടില്ല. കഠിനമായി അധ്വാനിച്ചാണ് അവൾ കുട്ടിക ളെ പോറ്റിക്കൊണ്ടുപോരുന്നത്. വായതുറന്ന് സ്വാമിയുടെ മുമ്പിൽ ഒരിക്കലും ഒരാവലാതിയും പറഞ്ഞിട്ടില്ല. കീറത്തുണി തുന്നിക്കുത്തിയാണ് ഉടുക്കുന്നത്. പകുതി വയർ ഭക്ഷിച്ച് കുട്ടികൾക്കായിട്ട് രണ്ടുപിടി ചോറ് വെള്ളത്തിലിട്ടു വെക്കും - നേരം പുലർന്നാൽ ഭക്ഷിക്കുന്നതിന്. ഒരിക്കലും ഇതിന് അവൾ പരിഭവം ഭാവിച്ചിട്ടില്ല. വിധിയെ കുറ്റപ്പെടുത്തിയിട്ടില്ല.

ഹാജാരിക്ക് എല്ലാം അറിയാം.

അതുകൊണ്ട് തന്നെയാണ് കുടുംബസ്ഥിതി നന്നാക്കാൻ എന്താണു പായം എന്ന് സദാ ഒരേ വിചാരത്തിൽ മുഴുകിയിരിക്കുന്നത്. ചക്കത്തിയുടെ ഹോട്ടലിൽ പാചകവൃത്തി ചെയ്തുകൊണ്ടിരുന്നാൽ അയാൾക്ക് ഒരിക്കലും

ഉയരുവാനാകയില്ല. പത്മയുടെ തട്ടിക്കേറ്റങ്ങൾ സഹിച്ചുകൊണ്ട് ഇവിടെത്തന്നെയിരുന്നാൽ തനിക്ക് ഒരു കാലത്തും സുഖം കിട്ടാൻ പോകുന്നില്ല.

ഭഗവാൻ അനുഗ്രഹിച്ചാൽ അയാളുടെ ജീവിതത്തിലെ ഒരേയൊരാഗ്രഹം സാധിക്കാതിരിക്കില്ല. ഒരു ഹോട്ടൽ തുടങ്ങുക തന്നെ ചെയ്യും.

കുസുമവുമായിട്ടുള്ള അടുപ്പം അയാളുടെ ഏറ്റവും വലിയ ഭാഗ്യമായി കരുതി. കുസുമം എത്ര നല്ലൊരു പെൺകുട്ടി! നാടുവിട്ടു പാർക്കുന്ന കാലത്ത് അവളുടെ സത്കാരം, അവളുടെ മധുരമായ പെരുമാറ്റം - അവൾ വെറും ഒരിടയപ്പെണ്ണായിക്കൊള്ളട്ടെ. അവൾ വളരെ നല്ലവളാണ്. കുസുമത്തെപ്പോലെ അത്രക്ക് ആത്മാർത്ഥമായി തന്നെ സ്നേഹിക്കുന്ന പുത്രീതുല്യയായ മറ്റൊരുത്തി അയാളുമായി അടുത്തിട്ടില്ല എന്നതു കാരണം അവൾ ഒന്നുകൂടി അയാൾക്കു നല്ലവളായിത്തോന്നി.

കുസുമത്തെ വളരെയധികം വിശ്വസിക്കാം. എല്ലാകാര്യങ്ങളിലും വിശ്വസിക്കാം. ഒരു കാര്യം അവളെ ഏൽപിക്കയാണെങ്കിൽ വളരെയധികം നിശ്ചിന്തനാകാൻ തനിക്കു കഴിയുമെന്ന് അയാൾക്കു തോന്നി. അവൾ വഞ്ചിക്കയില്ലെന്നു തന്നെയല്ല, സ്വന്തം ആളുകളെപ്പോലെ തന്നെ മനക്കെട്ടു പണിയെടുത്തു കാര്യം കൊണ്ടു നടക്കാൻ ശ്രമിക്കും, സംശയം വേണ്ട.

ഹാജാരിക്ക് തന്റെ ജീവിതത്തിൽ പരിവർത്തനം വരുത്താൻ കഴിയുകയാണെങ്കിൽ കുസുമത്തെ ഇതേപടി ജീവിക്കാൻ സമ്മതിക്കയുമുണ്ടാവില്ല.

ടേംപിയും അയാളുടെ പുത്രി തന്നെ എന്നാം അവൾ ബൊലികയാണ്, കുസുമം ബുദ്ധിമതി. അവൾ അച്ഛന്റെ സ്വന്തം മകളെപ്പോലെയാണ്. അവൾ അച്ഛന്റെ കഷ്ടപ്പാടുകൾ അറിയുന്നു. അറിഞ്ഞ് അതൊക്കെയകറ്റുവാൻ ശ്രമിക്കുന്നു. ആത്മാർത്ഥമായി പരിശ്രമിക്കുന്നു. മകളുമാണ്, സുഹൃത്തുമാണ്, അവൾ.

അന്ന് രാവിലെ രതൻ ഠാക്കൂർ വന്നില്ല.

പത്മ വന്നുപറഞ്ഞു "മറ്റേ അരിവെയ്പുകാരൻ ഇനി ഇന്നു വരികയുണ്ടാവില്ല. ഇന്നലെ പറഞ്ഞിട്ടുണ്ടായിരുന്നു. നിങ്ങൾ തന്നെ കറിക്കടുപ്പത്തിട്ടു. ഞാൻ തീപിടിപ്പിച്ചുതരാം."

ഹാജാരിക്കു പരിഭ്രമമായി ഇന്നു ചന്തദിവസമാണ് നൂറുനൂറ്റമ്പതു പേർ ഉണ്ണാനുണ്ടാവും. ഒറ്റയ്ക്ക് പാകം ചെയ്യലും വിളമ്പിക്കൊടുക്കലും കൂടി എങ്ങനെ സാധ്യമാവും?

പത്മ പറഞ്ഞതനുസരിച്ച് അയാൾ പാത്രം അടുപ്പത്തുവെച്ച് പച്ചക്കറികൾ നുറുക്കാൻ തുടങ്ങി. എട്ടരമണിയോടെ പരിപ്പും ചോറും അടുപ്പത്തുനിന്നിറക്കിവെച്ചു. ഈ സമയം ഒരാൾ ടിക്കറ്റു വാങ്ങി ഉണ്ണാനെത്തി.

ഹാജാരി പറഞ്ഞു "അല്ലാ ബാബു! ഇപ്പോഴാണ് പരിപ്പും ചോറും ഇറക്കിവച്ചത്. എന്നുകൂട്ടി ഊണു കഴിക്കും."

വന്ന മനുഷ്യൻ ശുണ്ഠികടിച്ചു "മണി ഒൻപതായി ഇനിയും വെറും പരിപ്പും ചോറും മാത്രം. എന്തൊരരിവെപ്പുകാരനാണു നിങ്ങൾ? യദുബാഡു

യ്യേയുടെ ഹോട്ടലിൽ ഇപ്പോൾ മൂന്നു കറികൾ റെഡിയായിക്കാണുമല്ലോ ഇങ്ങനെ തുടങ്ങിയാൽ നിങ്ങളുടെ ഹോട്ടൽ കുറെയേറെക്കാലം നടന്നതു തന്നെ ''

ഹജാരി പറഞ്ഞു ''ഒൻപതടിച്ചില്ല ബാബു എട്ടരയായേയുള്ളൂ.''

വന്നയാളുടെ സ്വഭാവം വേഗം ചൂടുപിടിക്കുന്ന മട്ടിലുള്ളതായിരുന്നു ''ഞാൻ പറയണു ഒൻപതായെന്ന്. നിങ്ങൾ എട്ടരയെന്ന്. നേരെ നോക്കി തർക്കിക്കാനാണു ഭാവം. എനിക്കൊന്നാ, മണിനോക്കാനറിയില്ലെന്നാ വിചാരം.''

''അതു ഞാൻ പറഞ്ഞില്ലല്ലോ ബാബു' മണി നോക്കാനറിയാതെ വരുമോ? നിങ്ങളൊക്കെ എത്രയോ വലിയവർ. എന്നാൽ ഒൻപതടിച്ചാൽ കേഷ്ടനഗർ വണ്ടി വരേണ്ടതാണ് ഇനിയും എത്തിയിട്ടില്ല ''

''പിന്നെയും തർക്കുത്തരം. ചെകിട്ടത്ത് ഒന്നു വെച്ചുതരും ഞാൻ ''

അയാൾ കൈവെക്കുമായിരുന്നുവെന്നു തന്നെയാണു തോന്നുന്നത്. പക്ഷേ ശരിക്ക് അതേസമയം കശപിശ കേട്ട് പത്മ സ്ഥലത്തെത്തി ''എന്താണിവിടെ ബഹളം''

ആ മനുഷ്യൻ പത്മയുടെ നേരെ തിരിഞ്ഞു പറഞ്ഞു ''നിങ്ങളുടെ ഈ മര്യാദകെട്ട അരിവെയ്പുകാരൻ എന്റെ മുഖത്തുനോക്കി അനാവശ്യം പറയണു എന്തൊരു കാടൻ ഹോട്ടലിൽ അരിവെയ്പുകാർക്ക് ഇത്ര വലിയ നാക്കോ? ഞാനൊന്നു വെച്ചുകൊടുക്കുമായിരുന്നു. അറിഞ്ഞിട്ടില്ല എന്റെ കൈയ്യിന്റെ രുചി''

പത്മ പറഞ്ഞു ''പോട്ടെ ബാബു. മൂപ്പർക്കു അയാളു പറയുന്നതിനു ചെവി കൊടുക്കാൻ പോയാൽ പറ്റുമോ? വരൂ. നിങ്ങൾക്കുണ്ണേണ്ടേ?''

''എന്തുവാരി തിന്നും? നിങ്ങളുടെ അരിവെപ്പുകാരൻ പറയണു ഇവിടെ ഒന്നും കാലമായിട്ടില്ലെന്ന് എന്നിട്ടേ നാട്ടു വക്കാണിക്കാൻ വന്നിരിക്കുന്നു ഭക്ഷണം ഉണ്ടാക്കിക്കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ എന്തിനു ടിക്കറ്റു വിറ്റു? ഇതിനൊക്കെ ഞാൻ കാട്ടിത്തരാം. എന്തൊരു ജാതി തെമ്മാടികൾ ''

പത്മ ഹജാരിയെ തട്ടിക്കേറി ''ഠാക്കൂർ, നിങ്ങളെന്തു മനുഷ്യൻ? ബാബുവിനോട് നിങ്ങൾക്കു തർക്കിക്കാൻ നിൽക്കേണ്ട കാര്യമെന്തുണ്ടായിരുന്നു? ഭക്ഷണം പാകമാകാതിരുന്നതെന്തുകൊണ്ട്? ആയതു വിളമ്പിക്കൊടുക്കു. മീൻ വറുത്തുവിളമ്പൂ. ചെല്ലു ബാബു, ചെന്ന് അവിടെയിരിക്കു.''

കുറച്ചു കഴിഞ്ഞ് ഊണു വലിച്ചെറിഞ്ഞിട്ടു ബാബു പറഞ്ഞു ''മീൻ അങ്ങനെ തന്നെ ചീഞ്ഞത്. രാമ, രാമ! എന്തിനാണാവോ ഈ ഹോട്ടലുതന്നെ തിരഞ്ഞെടുത്തു പോന്നത് ഇങ്ങനെ മരിക്കാൻ. ഏയ്, ഠാക്കൂർ, ഇവിടെ വരൂ''

പത്മ ഓടിയങ്ങോട്ടു ചെന്നു ''എന്താണു ബാബു എന്താണ്?''

''എന്താണു പോലും! എന്തൊരു തട്ടിപ്പ്' മീൻ അങ്ങനെ തന്നെ ചീഞ്ഞളിഞ്ഞത് മനുഷ്യരെക്കൊല്ലാനാണ് നിങ്ങൾ ചോറ്റു കച്ചവടം നടത്തുന്നത്. അല്ലേ? ഇന്നുതന്നെ റിപ്പോർട്ടു ചെയ്തേക്കാം നിങ്ങളുടെയെല്ലാ

വരുടേയും പേരിൽ.''

റിപ്പോർട്ടെന്നു കേട്ടപ്പോൾ വേലക്കാരി പത്മയുടെ മുഖമാകെ വിയർത്തു പോയി. അവൾ ഉടൻ പറഞ്ഞു ''ബാബു, കാലുപിടിക്കാം. ഇരിക്കൂ, ഉണ്ണാതെ ഇവിടന്നു പോകരുത്. ഞാൻ തൈരു കൊണ്ടുവന്നു തരാം. ഒരു തവണ ഇങ്ങിനെയൊക്കെ അബദ്ധം പറ്റിപ്പോവുമെന്നു കരുതി, മാപ്പുതരണം.''

അവൾ വേഗം തൈരും 'ബാതാസ'യും കൊണ്ടുവന്നു മുമ്പിൽ വെച്ചു അയാൾ ഊണുകഴിഞ്ഞു പോകാൻ തുടങ്ങിയപ്പോൾ ബേചുചക്കത്തി അതിവിനയഭാവത്തോടെ പഞ്ചപുച്ഛമടക്കിനിന്നു പറഞ്ഞു ''ബാബു, ഒരു കാര്യം അറിയിക്കാനുണ്ടായിരുന്നു. ബാബുവിൻെറ ടിക്കറ്റിൻെറ പണം എടുക്കാൻ വിഷമം തോന്നുന്നുണ്ട്. ബാബു ഉണ്ടുതന്നെയില്ലല്ലോ. പണം തിരിച്ചു സ്വീകരിക്കണം.''

അയാൾ പറഞ്ഞു ''വേണ്ട വേണ്ട, ഇരിക്കട്ടെ. പണം തിരിച്ചു തരേണ്ട കാര്യമില്ല. പക്ഷേ ഇനിമേലാൽ ഇങ്ങനെ ചെയ്യരുത്.''

ബേചു അയാളെ നിർബന്ധിച്ചു പണം പിടിപ്പിച്ചുവിട്ടു.

അല്പം കഴിഞ്ഞ് ഹാജാരിക്ക് ബേചുചക്കത്തിയുടെ മുമ്പിൽ ഹാജരാകേണ്ടി വന്നു. ഹാജാരി ചെന്നപ്പോൾ അവിടെ പത്മയും ഹാജരുണ്ടെന്ന് കണ്ടു.

ബേചു ചോദിച്ചു ''ഠാക്കൂർ, ഊണുകാരോടു വഴക്കിടാൻ എന്നാണു പഠിച്ചത്?''

ഹാജാരി വിനയത്തോടെ പറഞ്ഞു ''വഴക്കോ! ആരോടു വഴക്കിട്ടു വെന്നാണ് പറയുന്നത്?''

പത്മ പറഞ്ഞു ''നിങ്ങൾ വഴക്കിട്ടില്ലെന്നോ? ഇപ്പോൾ ഇവിടന്നിറങ്ങിപ്പോയ ബാബുവിനോട്? അയാളോട് തർക്കിക്കാൻ ചെന്നില്ലേ? ബാബു നല്ല സമ്മാനം തരാതെ വിടുമോ? ഞാൻ സമയത്ത് എത്തിയില്ലായിരുന്നെങ്കിൽ അടിച്ചു കരണം പുകച്ചുവിട്ടേനെ. അതിനുമുമ്പ് എന്തൊക്കെ പറഞ്ഞു പറഞ്ഞില്ല എന്നൊന്നും ഞാനറിയില്ല. ഞാൻ ചെന്നു നോക്കുമ്പോഴുണ്ട് ബാബു കണ്ണു ചുകപ്പിച്ചു നിൽക്കുന്നു. വല്ല ബോധവും വേണ്ടേ ഇക്കൂട്ടർക്ക്? അപ്പോഴും മുറയ്ക്കു വഴക്കുതന്നെ. എൻെറ മുമ്പിൽ നിന്നുകൊണ്ടും-''

ബേചുചക്കത്തി പറഞ്ഞു ''ഊണുകഴിക്കുവാൻ വരുന്നവർ എന്തും പറഞ്ഞോട്ടെ, കേൾക്കാതെ പറ്റില്ല. നിങ്ങൾ വാർധക്യം വന്നു ചാകാറായി, ഇനിയും പഠിച്ചില്ല ഈവക മര്യാദ, അല്ലേ?''

''ബാബു, മുഴുവൻ കേട്ടിട്ട് വിധിപറയൂ. ഞാനല്ല വഴക്കിട്ടത്. അയാൾ പറഞ്ഞു മണി ഒൻപതായെന്ന്. ഞാൻ പറഞ്ഞു, ഇല്ല എട്ടരയേ ആയുള്ളു വെന്ന്. എനിക്കു മണിനോക്കാനറിയില്ലേ എന്നായി അപ്പോൾ അയാൾ.''

പത്മ പറഞ്ഞു ''നിങ്ങൾ ശുദ്ധ കളവാണു പറയുന്നതെല്ലാം, ഠാക്കൂർ! അതു പറഞ്ഞതുകൊണ്ടൊന്നും ആരും കോപിക്കില്ല. നിങ്ങൾ മര്യാദകെട്ട വല്ലതും പറഞ്ഞിട്ടുണ്ടാവും, അതാവും ഇത്രയേറെ ബാബുവിനു ചൂടുകയറി

യത്. ഞാൻ എന്റെ സ്വന്തം ചെവിയാലെ കേട്ടതല്ലേ നിങ്ങൾ അതുമിതുമൊക്കെ പറയുന്നത്.''

നിശ്ചയമായും ഇവിടെ പത്മയുടെ വാക്കിലെ സത്യസ്ഥിതിയെപ്പറ്റി ചോദ്യം ചെയ്ക വയ്യ എന്ന് ഹാജാരിക്ക് നന്നായിട്ടറിയാം. ബേചുചക്കത്തിമശായി മറ്റാരുപറയുന്നതും കേൾക്കില്ല. പത്മ പറയുന്നതു തന്നെയാണ് നിത്യസത്യമെന്നു കരുതും. അതിനാൽ ഹാജാരി മിണ്ടാതെ നിന്നു.

ബേചുചക്കത്തി ചോദിച്ചു ''ആരാണു ചീഞ്ഞമീൻ കൊണ്ടുവന്നു തന്നത്?''

ഹാജാരി ഉത്തരം പറയും മുമ്പായി പത്മ കയറിപ്പറഞ്ഞു. ''അയാൾ തന്നെ പോയി അങ്ങാടിയിൽനിന്നു വാങ്ങിക്കൊണ്ടുവന്നത്.''

ഹാജാരി വിസ്മയംകൊണ്ട്, അനങ്ങാനരുതാതെ നിന്നുപോയി. എത്ര സർവവിനാശകരമായ കളവ്! പത്മക്ക് ഒന്നാന്തരമായിട്ടറിയാം - ഇന്നലെ രാത്രി ഏതാണ്ട് ഒരു സേറോളം മീൻ ബാക്കിവന്നത് അടച്ചു സൂക്ഷിക്കാൻ പത്മ തന്നെയാണ് ഹാജാരിയെ ഏല്പിച്ചത് - പിറ്റേന്നാൾ വറ്റിച്ചു പുരട്ടി വിളമ്പാമെന്നു പറഞ്ഞത്. അങ്ങനെ ചെയ്താൽ ഉണ്ണുന്നവർക്കറിയാൻ കഴിയില്ല, മീൻ തലേന്നാളത്തേതാണെന്ന്.

എന്നാൽ ഇതൊക്കെ ബേചുചക്കത്തിയോടു പറഞ്ഞിട്ടു ഫലമില്ല.

ബേചു പറഞ്ഞു ''നിങ്ങൾക്ക് എട്ടണ പിഴ. ശമ്പളത്തിൽനിന്നു പിടിക്കും. പൊയ്ക്കോളൂ.''

ഹാജാരി അടുക്കളയിൽ തിരിച്ചു ചെന്നു. അയാളുടെ കണ്ണിൽ നിന്നു വെള്ളം പൊട്ടാൻ തുടങ്ങുകയായിരുന്നു. എത്ര അസഹ്യമായ അതിക്രമം! അയാൾ ബസാറിൽ പോയതു സത്യമാണ്, മീൻ വാങ്ങിയതും സത്യം. എന്നാൽ അതു ചീഞ്ഞതാണെന്നു പറഞ്ഞതസത്യം. അയാൾ വാങ്ങിയ മീൻ ഇതേവരെ ഇലയിൽ വിളമ്പിയിട്ടുതന്നെയില്ല. എന്നിട്ടും പത്മ അപരാധം മുഴുവൻ അയാളുടെ തലക്കുവെച്ചുകെട്ടി, അതിന് പിഴയും കൊടുക്കേണ്ടി വന്നിരിക്കുന്നു.

ദാസി പത്മ എന്തിനാണ് ഇങ്ങനെ അയാളുടെ പിറകേ കൂടിയിരിക്കുന്നത്? അയാൾ അവൾക്കെന്തു പിഴച്ചു?

ഇന്നു രതൻ ഠാക്കൂർ ഇല്ല. ഇന്നത്തെ അധ്വാനം മുഴുവൻ ഒറ്റയ്ക്കുവേണം. ഇതിനിടക്ക് എട്ടുപത്തുപേർ ടിക്കറ്റുവാങ്ങി ഊട്ടുപുരയിൽ വന്നിരുന്നു കഴിഞ്ഞിരുന്നു. ഹാജാരി വേഗം ഉരുളക്കിഴങ്ങു പുരട്ടി അവർക്കു ചോറു വിളമ്പി. അവർ കശപിശ തുടങ്ങി. വെറും ചോറും ഉരുളക്കിഴങ്ങും കൊണ്ടെങ്ങനെ മനുഷ്യർ ഊണുകഴിക്കും? അവരെല്ലാവരും റെയിൽ യാത്രക്കാരായിരുന്നു. സ്റ്റേഷനിൽ വെച്ച് അവരോട് ഈ ഹോട്ടലിലെ വേലക്കാരൻ പറഞ്ഞത്രേ, ഇത്ര നേരത്തേ ഈ ഹോട്ടലിൽ മാത്രമേ ചോറും മറ്റും തയ്യാറാവുള്ളുവെന്ന് - മീൻകറിയും പുളിങ്കറിയും ഒക്കെ. വരുമ്പോഴല്ലേ കാണുന്നത് ചോറും ഉരുളക്കിഴങ്ങു പുരട്ടിയതും മാത്രം. എന്തൊരനീതി-എന്തൊക്കെ.

പത്മ വാതിൽക്കലേക്കു കഴുത്തു നീട്ടിക്കൊണ്ട് പറഞ്ഞു "ഏയ് ഠാക്കൂർ, മീൻ വറക്കരുതോ? ബാബുമാർ പറയുന്നത് കേട്ടുകൂടേ? അവർ എന്തു കൂട്ടി ഊണുകഴിക്കും?"

അതായത് ആ കെട്ട മീൻ ഇനിയും വിളമ്പിക്കോളൂ എന്ന്. ഇന്നത്തെ മീനിന് ഇനിയും കറിക്കൂട്ടു ചേർത്തുകഴിഞ്ഞിട്ടില്ല എന്ന് പത്മയ്ക്കും അറിയാം.

എന്നാൽ ഇനി തലേന്നാളത്തെ മീൻ വിളമ്പാൻ ഹാജാരി ഒരുക്കമല്ല. അയാൾ പറഞ്ഞു "വറുത്തെടുത്ത മീനില്ല. ഉള്ളതു തീർന്നുപോയി."

പത്മ പറഞ്ഞു "എന്നാൽ ലേശം ഇരിക്കിൻ ബാബുമാരേ! ഒരു പച്ചക്കറി ശരിപ്പെടുത്തിത്തരാം. ഇരിക്കിൻ! എഴുന്നേൽക്കല്ലേ!"

പഠിപ്പിച്ചുവെച്ചിരിക്കുന്നതിന് ലേശവും പിഴവരുത്താതെ വേലക്കാരൻ മതി കൃത്യസമയത്തിനു വന്നു പറഞ്ഞു. "ഠാക്കൂർ, ബൻഗാവിലേക്കുള്ള വണ്ടിക്കു സമയമായി. ഇനിയും ഭക്ഷണമെല്ലാം പാകം ചെയ്തുകഴിഞ്ഞില്ലന്നോ. മണിയടിച്ചല്ലോ."

ഉണ്ണാനിരുന്നിരുന്നവർ പിടഞ്ഞെഴുന്നേറ്റു. ഇക്കൂട്ടരും അതേ വണ്ടിക്കു കൃഷ്ണനഗരിലേക്കു പോകേണ്ടവരാണ് ഒരുത്തൻ ചോദിച്ചു "മണിയടിച്ചോ?"

വേലക്കാരൻ മതി പറഞ്ഞു "ഉവ്വ് ബാബു. കുറച്ചുനേരമായി. വണ്ടി ഗാംനാപൂർ വിട്ടു. ഇപ്പോഴെത്തും."

"മീൻ പൊരിച്ചത് നിങ്ങൾ തലയിലിടിൻ!" അവർക്ക് അവിടന്നെഴുന്നേറ്റു പോയാൽ മതിയെന്നായി, വണ്ടി തെറ്റിയാൽ പിന്നെ വളരെ നേരത്തേക്കു വണ്ടി വേറെയില്ല.

പത്മ പറഞ്ഞു "അയ്യോ എഴുന്നേൽക്കരുത് ബാബുമാരേ! ക്ഷണം ശരിയാക്കിത്തരാം. ഇരിക്കിൻ!"

ഉണ്ണാനിരുന്നവർ എഴുന്നേറ്റു. സമാധാനമായിട്ടിരുന്ന് വല്ലതും കഴിക്കാൻ അവർക്കെങ്ങിനെ കഴിയും? അവർ പോയിക്കഴിഞ്ഞപ്പോൾ പത്മ പറഞ്ഞു "കടന്നു പോട്ടെ. ഇനി മീനിൽ മസാലകൂട്ടാം. ഇത്ര നേരത്തെ ഏതു ഹോട്ടലിൽ ഊണാവും. അത്രയും മീൻകറി ലാഭം."

ഈ നെറിവുകേട് ഹാജാരിക്കു പിടിക്കില്ല. ഇവിടെ മാത്രമല്ല. റെയിൽ ബസാറിലെ എല്ലാ ഹോട്ടലുകളിലും അയാൾ ഈ വിദ്യ കണ്ടിരിക്കുന്നു. ആളുകളെ ഊണിനു വിളിച്ചിരുത്തിയിട്ടു പറയുക "ബാബു, വണ്ടിക്കു മണിയടിച്ചു" ഊണുകാർ അരവയറോടെ എഴുന്നേറ്റ് ഓടും - ബാക്കി ലാഭം.

ഛി! ന്യായമായി പൈസ എണ്ണി വാങ്ങിയിട്ട് കള്ളപ്പണി

ഹാജാരി ഇത്ര നാളായി ഇവിടെ പണിയെടുക്കുന്നു. ഒരിക്കലും വണ്ടിക്കു സമയമായെന്നു വായ തുറന്നു പറഞ്ഞിട്ടില്ല

പലപ്പോഴും ട്രെയിനിന്റെ സമയം ആകുന്നതിനു മുമ്പുതന്നെ നുണപറഞ്ഞു പരത്തും. പറ്റുകാർ അതുകേട്ടു പരിഭ്രമിക്കും. ഏറിയപേരും

കുഗ്രാമത്തിൽ നിന്നു വരുന്നവർ. അവർ തീവണ്ടിയുടെ ടൈംടേബിൾ കാണാതെ പഠിച്ചിട്ടുള്ളവരല്ല. അവരെ പറ്റിക്കാൻ ഞെരുക്കമില്ല.

വേലക്കാരൻ മതിയെ പഠിപ്പിച്ചുവെച്ചിരിക്കയാണ് അയാൾ സമയം അറിഞ്ഞുവന്ന് റെയിൽവണ്ടി വന്നെന്നു പറഞ്ഞു പിടിപ്പിക്കും. നാലഞ്ചു വർഷമായി അയാൾ ഈ അടവു കണ്ടുവരുന്നു.

സ്വന്തം ഹോട്ടൽ നടത്തുന്ന കാലത്ത് ലാഭത്തിനുവേണ്ടി ഇത്തരം ഹീനവും നിചവുമായ കൗശലം അയാൾ അവലംബിക്കാറില്ല. ന്യായമായ ചാർജ്ജ് വാങ്ങും, ന്യായമായ ഭക്ഷണം കൊടുക്കും. പച്ചപ്പാവങ്ങളായ ഗ്രാമീണയാത്രക്കാരെ വഞ്ചിച്ചു പൈസ നേടാതെ, തന്റെ ഹോട്ടൽ നടക്കില്ല എന്നുണ്ടെങ്കിൽ, ശരി, വേണ്ട, അതു നടക്കണ്ട. വഞ്ചിക്കാൻ വയ്യ, നാടന്മാരായ പറ്റുകാരെ

ഇന്ന് മദനപുരച്ചന്തയാണ്. ഇവിടത്തുകാരുടേയും ചന്ത. ഗ്രാമങ്ങളിൽ നിന്നു പാലും പച്ചക്കറികളുമായി ഒട്ടേറെപ്പേർ വന്നെത്തും. അവരിൽ പലരും ഇവിടെ സ്ഥിരം ഊണുകാരാണ്. പല തവണ ചതി പറ്റിയപ്പോൾ അവരും സൂത്രക്കാരായിരിക്കയാണ് ഇപ്പോൾ. വേലക്കാരൻ മതി ഒന്നു രണ്ടു തവണ അയാളുടെ തന്ത്രപ്രയോഗം അവരിൽ നടത്തി വിഡ്ഢിയാകയുണ്ടായി

അവർ പറയും "വരട്ടെ, വരട്ടെ; വന്നോട്ടെ, വണ്ടി. ഈ വണ്ടിക്കു തരമായില്ലെങ്കിൽ ഇനിയത്തേതിന് അതു വിചാരിച്ച്, പകലത്രയും ആധാനിച്ചിട്ട് ചോറിട്ടെറിഞ്ഞ് വണ്ടിയുടെ പിറകെ ഓടാനാരുണ്ട്? അല്ലാ, എടുത്തു കൊണ്ടു വരൂ, പരിപ്പു രണ്ടു കയിൽകൂടെ, ഏയ് ഠാക്കൂർ"

പറ്റുകാർ ഉണ്ണാൻ വരവു തുടങ്ങി മണി ഒന്ന്

ഇക്കൂട്ടർക്കുള്ള ഏർപ്പാടുകൾ ഒക്കെ വേറെ. കൃഷിക്കാരാണ്. 'ക്ഷ' ചെലുത്തണം. എന്നല്ലാതെ നല്ല സുഖമായ ഭക്ഷണം വേണമെന്ന് അവർക്ക് നിർബന്ധമില്ല. വയർ നിറയണം, അതില്ലാതെ പറ്റില്ല

സാധാരണ ബാബുമാരായ പറ്റുകാർക്കു ചമയ്ക്കുന്ന അരിയും കറിയുമല്ല ഇവർക്കുള്ളത്. മുഴുത്ത് മിനുസപ്പെടാത്ത 'നാഗര' അരി പ്രത്യേകം ഇവർക്കായി വരുത്തും. കഞ്ഞിവെള്ളം കലക്കിയ പരിപ്പും 'ചച്ചഡി'യും. ഇവർക്കു സാധാരണ കൊടുക്കുന്നത് 'ചിംഡി' അല്ലെങ്കിൽ 'കുച' മീനാണ്. 'പോന' മത്സ്യം ഇവർക്കു കൊടുത്താൽ മുതലാവില്ല. (ചിംഡി, കുച മുതലായവ ചെറുജാതി മത്സ്യങ്ങൾ – ചെമ്മീനിന്റെ വകഭേദങ്ങൾ. പോനാമാച്ഛ് എന്നു പറഞ്ഞാൽ ബംഗാളിലെ പ്രസിദ്ധപ്പെട്ട കട്‌ല മുതലായ വലിയ മത്സ്യങ്ങളും, 'പോന' എന്നു മാത്രം പറഞ്ഞാൽ അവയുടെ കുഞ്ഞുങ്ങളും) കുചോ ചിംഡി കുറച്ചധികം വിളമ്പിയാലും മേൽത്തട്ടില്ല. ഇവർ പലരും ഹാജാരിയുടെ സ്വന്തം ഗ്രാമക്കാരായിരിക്കും. അവരോട് വീട്ടുവർത്തമാനങ്ങൾ ചോദിച്ചറിയാം. പക്ഷേ ഈയിടെയായി സ്വഗ്രാമക്കാർ വരാതായിരിക്കുന്നു

രതൻ ഠാക്കൂർ ഇല്ല. തുണക്കാരുമില്ലാതെ ഇത്രയേറെ ജനങ്ങൾക്കു വെച്ചു വിളമ്പി, തളർന്ന ദേഹവുമായി ഹാജാരി ഭക്ഷണത്തിനിരുന്നപ്പോൾ മണി

മൂന്ന്. വേലക്കാരി എത്രയോ മുമ്പ് കിണ്ണത്തിൽ ചോറു വിളമ്പിയെടുത്ത് സ്ഥലം വിട്ടുകഴിഞ്ഞിരുന്നു. ബേചു പണപ്പെട്ടിക്കു മുമ്പിലിരുന്ന് അന്നത്തെ പിരിവുനോക്കുന്നു. ആ സമയം അടുത്ത ഹോട്ടലിലെ ബംശീധർ ഠാക്കൂർ വന്നു പറഞ്ഞു "അല്ലാ ചങ്ങാതി! രണ്ടുപിടി ചോറുണ്ടാവുമോ?"

ബംശീധർ മേദിനീപുരത്തുകാരൻ. എങ്കിലും വളരെക്കാലമായി റാണാഘാടിലായിട്ട്. അതിനാൽ സംഭാഷണത്തിൽ നാടൻ മട്ടില്ല. അയാൾ പറഞ്ഞു. "എന്റെ മരുമകൻ കുട്ടി ഈ മൂന്നുമണിവണ്ടിക്ക് ഇവിടെ ചാടിവീണിരിക്കുന്നു. ഇന്നു ചന്തദിവസം. ചന്തക്കാർ വന്ന് എല്ലാം തിന്നുകൊണ്ടുപൊയ്ക്കളഞ്ഞു. എന്റെ ഊണും കഴിഞ്ഞു. അതാണ് ഇവിടെ ഒന്നു നോക്കിയിട്ടു വരാമെന്ന് പറഞ്ഞ്-"

ഹാജാരി പറഞ്ഞു "ഓഹോ, അതിനെന്താണ്? ഇങ്ങോട്ടയക്കൂ. ഉള്ള ചോറു രണ്ടുപേർക്കും ധാരാളമാവും."

ബംശീധരന്റെ ഭാഗിനേയൻ വന്നു. ചന്തമുള്ള മുഖം. വയസ്സ് പതിനെട്ട്-ഇരുപത്. അയാളെ ഇരുത്തി ചോറ് എടുക്കാൻ വെയ്പു പാത്രത്തിലേക്ക് കുനിഞ്ഞപ്പോഴാണ് അറിയുന്നത്, അതിലവശേഷിക്കുന്ന ചോറ് രണ്ടു പേർക്കു മതിയാവില്ല. ഭാഗിനേയൻ നാട്ടിൻ പുറത്തുകാരനും നല്ല ആരോഗ്യമുള്ളവനുമായ ഒരു തരുണൻ. നിശ്ചയമായും രണ്ടുപിടിച്ചോറ് കൂടുതൽ വേണ്ടിവരും. അയാൾക്കു വയറു നിറയാൻ മതിയാവുമോ എന്നു തന്നെ സംശയം.

ഹാജാരി അയാളുടെ കിണ്ണത്തിൽ തന്നെ ഉള്ള ചോറും പരിപ്പും കറിയും വിളമ്പിക്കൊടുത്തു. അയാൾ തീറ്റയ്ക്കിടക്കു ചോദിച്ചു "മീനില്ലേ?"

"ഇല്ല, മോനേ, ഒക്കെ തീർന്നുപോയി. ഇന്ന് ഇവിടെ ചന്തക്കാരുടെ തിരക്കാണ്. മീനിനും പരിപ്പിനും പച്ചക്കറികൾക്കും ഒക്കെ വലിയ പ്രിയം. നിനക്ക് ഉണ്ണാൻ വളരെ വിഷമം തോന്നുന്നുണ്ടാവും. ഇരിക്കൂ, ഞാൻ ചെന്ന് രണ്ടു പൈസയ്ക്ക് തൈര് വാങ്ങിക്കൊണ്ടു വരാം."

"വേണ്ട, ഇരിക്കട്ടെ. വിഷമിക്കണ്ട നിങ്ങൾ."

"അതല്ല, ഇരിക്കൂ, ബംശീധരന്റെ മരുമകൻ എനിക്കും മരുമകൻ തന്നെ. തൊട്ടടുത്ത ഹോട്ടലുകളിലാണ് ഞങ്ങൾ ഇത്രയേറെ നാളായിട്ട് പണിയെടുത്തു വരുന്നത്."

ഹാജാരി തന്നെ പോയി, തൈര് കൊണ്ടുവരാൻ. യുവാവു ചോദിച്ചു "അതല്ല അമ്മാവാ, ഇവിടെ വല്ല ജോലിയും ഒഴിവുണ്ടോ?"

"എന്തുജോലി?"

"ഹോട്ടലിൽ വെയ്പു പണിയോ അങ്ങനെ വല്ലതും? പണിയന്വേഷിച്ചു നടക്കയാണ്. ഇവിടെ വല്ലതും കിട്ടുമോ, അമ്മാവാ?"

അമ്മാവനെന്ന വിളി ഹാജാരിയുടെ ഹൃദയത്തിൽ വാത്സല്യമുണർത്തി. അയാൾ ഒന്നാലോചിച്ചിട്ടു പറഞ്ഞു "ഇല്ല മോനെ, എന്റെയറിവിൽ ഒന്നുമില്ല. എന്നാൽ ഒരു കാര്യം പറയട്ടെ ഞാൻ നിന്നോട്? നീയെന്തിനാണ്

ഹോട്ടലിൽ അരിവെയ്ക്കാൻ പോകുന്നത്? നല്ലോരോമനക്കുട്ടൻ! ഈ ലയ്നിൽ ഇല്ലാത്ത കഷ്ടതകളില്ല. ഇതു നിനക്കുള്ളതല്ല. എത്രത്തോളം പഠിച്ചു?''

യുവാവ് സങ്കോചത്തോടെ പറഞ്ഞു ''ഇല്ലാമ്മാവാ! അധികമൊന്നുമില്ല. എന്റെ ഗ്രാമത്തിലെ സ്കോളർഷിപ്പു സ്കൂളിൽ ഫോർത്ത് ക്ലാസ്സുവരെ. അപ്പോഴേക്ക് അച്ഛൻ മരിച്ചു. പിന്നീട് പഠിപ്പുനിർത്തി.''

''പേരെന്താണ്?''

''ശ്രീനരേന്ദ്രനാഥ മുഖോപാധ്യായ.''

പെട്ടെന്ന് ഒരാലോചന മിന്നൽപോലെ ഹാജാരിയുടെ ഉള്ളിൽ പാഞ്ഞു. നല്ലൊരു പയ്യൻ. നമ്മുടെ ടേംപിയെ ഇവനു വേളികഴിച്ചുകൊടുക്കുകയാണെങ്കിൽ എത്ര നന്നായിരിക്കും.

അതിനു യോഗമുണ്ടാവുമോ? ഇത്ര നല്ലൊരുവരനെ അവൾക്കു കിട്ടുമോ?

''ഇനി ഞാൻ ഉണ്ണാനിരിക്കട്ടെ, മോനേ! ഇങ്ങിനെയൊക്കെയാണ് ഞങ്ങളുടെ ഊണ്. മൂന്നുമണിക്കിപ്പുറത്തല്ലാതെ നടു നിവർത്താൻ സമയം കിട്ടില്ല. അതുകൊണ്ടുതന്നെയാണ് പറയുന്നത് മോനേ, ഈ ലയിൻ വർക്കത്തില്ലാത്തതാണ്. നിന്നെപ്പോലുള്ളവർക്ക് പറ്റില്ല. അടുക്കളപ്പണിയെന്നു വെച്ചാൽ നൂറു 'കുന്ത്രഷ്ഠാതി'കളാണ്.''

യുവാവ് ഏതാണ്ടു ഹതാശാസ്വരത്തിൽ പറഞ്ഞു ''എന്നാൽ ഏതു ലയിൻ പിടിക്കണമെന്നാണമ്മാവൻ പറയുന്നത്? എത്രയോ സ്ഥലങ്ങളിൽ ചുറ്റിനടന്നുനോക്കി. ആറുമാസമായി നടപ്പുതന്നെയാണ്, ഒരിടത്തും കിട്ടിയില്ല ഒന്നും. അമ്മാവൻ കുക്കിന്റെ കാര്യം പറഞ്ഞുവല്ലോ-കൽക്കത്തയിലെ ഒരു ഹോട്ടലിന്നു പുറത്ത് എഴുതിവെച്ചിരുന്നു - രണ്ട് വേലക്കാരെ വേണം. ഞാൻ മാനേജരെ ചെന്നു കണ്ടു. ഞാൻ പറഞ്ഞു - വേലക്കാരെ ആവശ്യമുണ്ടെന്നു കേട്ടു വന്നതാണെന്ന്. അയാൾ പറഞ്ഞതെന്താണെന്നോ? 'നിങ്ങൾ മാന്യകുടുംബത്തിൽപെട്ടയാൾ. ഈ പണി നിങ്ങൾക്കു പറ്റില്ല.' എത്ര പറഞ്ഞു നോക്കി! തന്നില്ല?''

ഹാജാരി എല്ലാം ഒന്നും മിണ്ടാതെയിരുന്നു കേൾക്കയായിരുന്നു. അയാൾ ചോദിച്ചു ''എന്താ ഈ പറയുന്നത്?''

''പിന്നത്തെക്കഥ കേൾക്കൂ. എങ്ങും കിട്ടിയില്ല, പണി. കൽക്കത്തയിൽ താമസിച്ചാൽ പട്ടിണി കിടക്കേണ്ടിവരും എന്നദിക്കായി. ഒന്നു രണ്ടു ദിവസം 'ശുദ്ധോപവാസം' ആയിട്ടുതന്നെ കഴിഞ്ഞു. പിന്നീടാണ് ഓർത്തത് എന്റെ ഒരമ്മാവൻ റാണാഘാടിലുണ്ടല്ലോ - ഹോട്ടലിൽ പണിയെടുക്കുന്നു. അവിടേക്കു ചെന്നു നോക്കുകതന്നെ. അങ്ങനെ ഇന്ന് ഇവിടെയെത്തി. അദ്ദേഹം എന്റെ സ്വന്തം അമ്മാവനല്ല. അമ്മാവന്റെ ഗോത്രക്കാരനാണ്. ആ വഴിക്കമ്മാവൻ. ഇവിടെയെത്തിയപ്പോൾ നിങ്ങളും പറയണു ഇതു നിങ്ങളുടെ ലയിനല്ല എന്ന്. പിന്നയേതാണാവോ എന്റെ ലയിൻ!''

ചെക്കന്റെ നിരാശാസ്വരവും, ദുഃഖവും ദൈന്യവും തികഞ്ഞ കഥയും ഹാ

ജാരിയുടെ മനസ്സിൽ തറച്ചു. അയാൾ വിചാരിച്ചു ആഹാ, കുട്ടിപ്രായം വിടാത്തവൻ! എന്റെ മൂത്ത മകൻ സന്തു ഇന്നുണ്ടായിരുന്നെങ്കിൽ ഇവന്റെയൊപ്പമെത്തിയിരിക്കും. ടേംപിക്കു വളരെ യോജിക്കും. അരുമക്കുട്ടപ്പൻ. അവൾക്കതിനു ഭാഗ്യമുണ്ടോ? ഇവനു ജോലി കിട്ടില്ലെങ്കിലെന്ത്? പോയി ടേംപിയെ വിവാഹം ചെയ്ത് ഗ്രാമത്തിലെ മൺപുരയെങ്കിൽ മൺപുര ഭരിച്ചു കൊണ്ടിരിക്കട്ടെ. യാതൊന്നിനും ബുദ്ധിമുട്ടേണ്ടിവരില്ല. ഞാൻ പ്രയത്നിച്ചു സമ്പാദിച്ചു കൊണ്ടുചെന്നു കൊടുക്കും. കുറച്ചു നിക്ഷേപവുമുണ്ടല്ലോ.

ബംശീധരന്റെ മരുമകൻ ഊണുകഴിച്ചുപോയിട്ടും ഹാജാരിയുടെ മനസ്സിൽ എന്തെന്നില്ലാത്ത ഒരു പുതിയ സ്വരത്തിന്റെ ലയം ഉണർന്നുനിന്നു. ചെറുപ്പം തോന്നിക്കുന്ന മുഖഭംഗി, നോട്ടം. ഇതിൽനിന്നായിരിക്കുമോ ഈ ലയം രൂപം കൊണ്ടത്? ജീവിതത്തിൽ ഇതെല്ലാം പുതിയ അനുഭവങ്ങളായിരുന്നു, ഹാജാരിക്ക്.

വൈകിയിട്ട് പൂർണ്ണിമയുടെ [illegible] വേപ്പിൻചോട്ടിലിരുന്ന് അയാൾ കണ്ട സ്വപ്നങ്ങൾക്കു കണക്കില്ല. എല്ലാം പുതിയ സ്വപ്നങ്ങൾ. ബംശീധരന്റെ മരുമകൻ ടേംപിയെ വിവാഹം ചെയ്യുന്നു. ഒരു [illegible] സന്തുഷ്ടവും സമ്മതമായ കുടുംബം.

ടേംപിയുടെ മെലിഞ്ഞു കോമളമായ കൈ സന്തോഷത്തോടെ [illegible] കയ്യിൽവെച്ചു രണ്ടുകയ്യും ഒന്നിച്ചു ചേർത്ത്, ഹാജാരി, മകൾക്കും ജാമാതാവിനും ആശീർവാദം നൽകുന്നു. ടേംപിയുടെ അമ്മയുടെ കണ്ണുകളിൽനിന്ന് ആനന്ദാശ്രുക്കൾ വീഴുന്നു - എത്ര സുന്ദരനും [illegible] ഉള്ളവനുമായ ജാമാതാവ്.

അയാൾ എന്തിനാണ് ചെറുപ്രായത്തിൽ [illegible] ഹാജാരിയുടെ [illegible] ഹോട്ടലിൽ ജാമാതാവിനെ [illegible] ഹോട്ടലിൽ [illegible] കണക്കെഴുതിക്കൊ[illegible]

ഹാജാരിക്ക് പണിയെടുക്കാനാണ് [illegible] ജാമാതാവ്. ഇത്രയ്ക്കു [illegible] സുന്ദരനായ [illegible] ടേംപിയുടെ എല്ലാ ആനന്ദത്തിനും [illegible] മുഖം കണ്ടുകൊണ്ട് അയാൾ [illegible] മാസം കൊണ്ട് ഹോട്ടലിന് സ്വന്തമായി [illegible]

നേരംപോയി. പൂർണിമയുടെ [illegible] അന്നു. ടൗണിൽ [illegible] മടങ്ങിപ്പോകുന്നത്

കുസുമത്തിനെ ഒന്നു കണ്ടിട്ടു വന്ന [illegible] ചോട്ടിലിരുന്ന് ആകാശകുസുമം [illegible] സമയം [illegible] ഈ [illegible] വരും ഇപ്പോഴും

എന്നാൽ, സത്യമായും ഇത് [illegible]?
തനിക്കു ഹോട്ടൽ തുടങ്ങാൻ പറ്റില്ലേ [illegible] -

ഹോട്ടൽ, അർത്ഥമില്ലാത്തതിനെപ്പറ്റി [illegible]
വൈകിത്തുടങ്ങി.

[illegible] ഇത് [illegible] ഒരു [illegible] -
[illegible] ഇല്ലല്ലോ-"

[illegible]

കയ്യുതഴമ്പിച്ചു - മീനിൻെറ മുള്ളും കൊമ്പും ഒന്നും എനിക്കറിയില്ല, അല്ലേ? ഇത്ര വലിയ ഒരു കഷണം - നാലണയിൽ കുറച്ചു വിറ്റിട്ടുണ്ടാവില്ല. കെട്ടി വെക്ക് ആ പണം പെട്ടിപ്പുറത്ത് ഇല്ലെങ്കിൽ വൈകുന്നേരം യജമാനൻെറ മുമ്പിൽ വെച്ച് ഞാൻ നിങ്ങൾക്കു വരുത്തിവെക്കാൻ പോണ ഗതികേട് ഞാനിപ്പോഴൊന്നും പറയുന്നില്ല.''

''ശരി, എടുത്തോളൂ നാലണയുടെ കാശ്. ഒരു കഷണം തിന്നുപോയതിന്ന് വില വേണമെങ്കിൽ അതും തരാം.''

പത്മ ഒന്നു ശാന്തയായിട്ടു പറഞ്ഞു ''എന്നാൽ രക്ഷപ്പെട്ടു എന്നായിരിക്കും വിചാരം.''

''അതല്ല, പത്മയേടത്തി!''

''എന്നാൽ അതെന്തുചെയ്തു പറയൂ.''

''നിങ്ങൾക്കു പൈസ കിട്ടുകയല്ലേ വേണ്ടൂ? അതൊക്കെയന്വേഷിച്ചിട്ടെന്താവശ്യം?''

''ആവശ്യമുണ്ട്, അതുകൊണ്ടുതന്നെ. എവിടെപോയി മീൻ? പറയൂ, ഇല്ലെങ്കിൽ യജമാനൻെറ മുമ്പിൽ നിർത്തി നിങ്ങളെ ഞാൻ മുഖത്തു കരി തേച്ചു വിടും. ഇനിയെങ്കിലും പറഞ്ഞോളൂ!''

''ഞാൻ തിന്നു.''

''പിന്നെയും? എന്നോടു നിങ്ങളുടെ സൂത്രം ഫലിക്കുമെന്നു വിചാരിക്കുന്നുണ്ടോ, ഠാക്കൂർ? എനിക്കിപ്പോൾ മനസ്സിലായി മീനെവിടെപ്പോയെന്ന്. നിങ്ങളുടെ അവൾ ഇല്ലേ-''

പത്മ എന്താണു പറയാൻ ഭാവിക്കുന്നതെന്ന് ഹാജാരിക്കു മനസ്സിലായി. അയാൾ പത്മയുടെ നാവിനൊരു വിരാമമിടാൻ പറഞ്ഞു ''പത്മയേടത്തി! നിങ്ങളുടെ 'കല്ലു ചോറും' തിന്നു കഴിഞ്ഞു കൂടുന്ന ഒരു മഹാദരിദ്രനാണീയുള്ളവൻ. എന്തിനാണ് ഈ നിസ്സാരവസ്തുവിൻെറ പേരിൽ ഈ വിധം ദുഷിക്കുന്നത്?''

ഈ വാക്കുകൾ പത്മയുടെ ചൂടു കുറയ്ക്കുന്നതിനു പകരം ഉഗ്രമാക്കുകയത്രേ ചെയ്തത്. അവൾ പറഞ്ഞു ''നിങ്ങൾ തന്നെ തിന്നുകയാണെങ്കിൽ ഞാനൊന്നും പറയുകയില്ലായിരുന്നു, ഠാക്കൂർ! എന്നാൽ ഹോട്ടലിലെ മുതൽ കണ്ടവനെ തീറ്റുന്നത് എനിക്കു സഹിക്കില്ല. ഞാൻ ഇതിനൊരു പ്രതിവിധി കണ്ടില്ലെങ്കിൽ എൻെറ പേർ പട്ടിക്കിട്ടോളൂ. പറഞ്ഞുവെച്ചേക്കാം, നേരെ ചൊവ്വേ!''

ഹാജാരി ഭയംകൊണ്ടും ഉദ്വേഗംകൊണ്ടും അനക്കമറ്റുപോയി - തന്നെയോർത്തിട്ടല്ല, കുസുമത്തെയോർത്ത്. ദാസി പത്മക്ക് അസാധ്യമായി ഒന്നും തന്നെയില്ല. അവൾ എന്തൊക്കെ ചെയ്യുമോ? കുസുമത്തിൻെറ ശ്വശ്രുവിൻെറ ചെവിയിൽ ഒരു പക്ഷേ വേണ്ടാത്ത പലതും ഓതിക്കൊടുത്തേക്കും. അതിലുമുപരി ആ വാർത്തകൾ അവളുടെ അച്ഛൻെറ വീട്ടിൽ, അതായത് സ്വഗ്രാമത്തിൽ ചെന്നെത്തിയാൽ രണ്ടു പേർക്കും നാട്ടിൽ തലപൊക്കി നടക്കാൻ

വയ്യാതാവും. എന്നാൽ കുസുമമോ, നിരപരാധിനി!

പത്മ ഇറങ്ങിപ്പോയി.

ഹാജാരി വളരെയേറെയാലോചിച്ചശേഷം രതൻ ഠാക്കൂറിനെ ശരണം പ്രാപിച്ചു. അയാളുടെ സ്വന്തക്കാരനെ പൈസ കൂടാതെ ഭക്ഷണം കൊടുത്തു സഹായിച്ച ഗൂഢാലോചനയിൽ ഹാജാരിയും ഉണ്ടായിരുന്നുവല്ലോ. അതാണ് രതൻ ഠാക്കൂറിനു നേരെ തിരിഞ്ഞത്. രതൻ പറഞ്ഞു - ഒട്ടും വിചാരപ്പെടേണ്ട ഹാജാരിയേട്ടാ! പത്മയേടത്തിയെ ഞാൻ പറഞ്ഞു ശരിയാക്കാം. മീൻ പുറത്തേക്കു കൊണ്ടുപോകും മുമ്പ് എന്നോട് ഒന്നു പറയാമായിരുന്നല്ലോ നിങ്ങൾക്ക്? നിങ്ങളോട് എത്ര പറയാം?''

കുറെക്കഴിഞ്ഞ് സന്ധ്യയായതോടെ ബേചുചക്കത്തി എത്തി. ഭൃത്യൻ ഹുക്കയിലെ വെള്ളം കളഞ്ഞ് പുകയില നിറച്ചുവെച്ചു. ഹുക്ക കയ്യിലെടുത്ത് ബേചുചക്കത്തി പറഞ്ഞു ''ആദ്യംതന്നെ ഗംഗാജലം തളിക്ക് ഇവിടെയൊക്കെ, എന്നിട്ട് പത്മയോട് അങ്ങാടിസ്സാമാനങ്ങളുടെ ലിസ്റ്റ് കൊണ്ടുവരാൻ പറയ്.''

കരിക്കച്ചവടക്കാരൻ മഹാവീരപ്രസാദ് ബാക്കി കിട്ടുമെന്ന് പ്രത്യാശിച്ച് കാത്തിരിക്കയായിരുന്നു. അയാളോട് പറഞ്ഞു ''ഇതെന്താണിത്, ഈ നിറഞ്ഞ സന്ധ്യക്കു പിന്നെയും? രാവിലെ പന്ത്രണ്ടരയണ തന്നതല്ലേ? പിന്നെ ഇനി ഇപ്പോഴും തരാൻ കഴിയുമോ? നാളെ വരൂ. നിങ്ങൾക്കെന്താ വേണ്ടത്?''

ചടച്ച്, ഒരു രോഗിയെപ്പോലിരിക്കുന്ന മനുഷ്യൻ കൈകൂപ്പി നമസ്കരിച്ചുകൊണ്ടു പറഞ്ഞു ''ബാബു, അന്നു കുമ്പളങ്ങ തന്നിരുന്നല്ലോ, അതിൻെറ പൈസ.''

''കുമ്പളങ്ങ? ആരുവാങ്ങി നിൻെറ കുമ്പളം?''

''അതോ ബാബു, ബാബുവിൻെറ ഹോട്ടലിൽ തന്നിട്ടുപോയി, ആറണ കിട്ടണമെന്നു ഞാൻ പറഞ്ഞു. ഇല്ല രണ്ടണ എന്നു വാങ്ങിയ ആൾ. ഞാൻ പറഞ്ഞു - ഭേദപ്പെട്ട ഒരാൾ പറഞ്ഞതല്ലേ, ശരി, മടക്കിക്കൊണ്ടുപോകുന്നില്ല. രണ്ടണ തരൂ. അപ്പോൾ അയാൾ പറഞ്ഞു 'ഇന്നില്ല, ബുധനാഴ്ച വരൂ.' അതാണിന്നു വന്നത്.''

''ആരു വാങ്ങി ആറണക്കു നിൻെറ കുമ്പളങ്ങാ? വാങ്ങിയാൽ അങ്ങാടിസ്സാമാനങ്ങളുടെ ലിസ്റ്റിൽ കാണേണ്ടതല്ലേ? ഇതൊരത്ഭുതമാണല്ലോ ഇഷ്ടാ! ഞാൻ സാമാനങ്ങൾ വായ്പ വാങ്ങാറില്ല - വില റൊക്കം. പിന്നെയാരുവാങ്ങി, നിന്നോട്? നിൽക്കൂ, നോക്കട്ടെ-''

മതി, രതൻ, ഹാജാരി മുതൽപേരെ വിളിച്ചു ചോദിച്ചു. അവർ കുമ്പളങ്ങ വാങ്ങുന്നതുപോയിട്ട് കഴിഞ്ഞ നാലഞ്ചുദിവസം കുമ്പളങ്ങക്കറിതന്നെ വെച്ചിട്ടില്ല എന്നു പറഞ്ഞു. കുമ്പളങ്ങ കണ്ണുകൊണ്ടു കണ്ടിട്ടുതന്നെയില്ല.

ഇതു പറഞ്ഞുകൊണ്ടിരിക്കെ പത്മ അങ്ങാടിസ്സാമാനങ്ങളുടെ ലിസ്റ്റുംകൊണ്ടു വന്നു കയറി. കുമ്പളങ്ങക്കാരൻ വിളിച്ചു പറഞ്ഞു ''അതാ! ഈയമ്മയാണ് വാങ്ങിയത്, അന്നത്തെ കുമ്പളങ്ങാ. അടുക്കളക്കാരിയമ്മേ!

ബുധനാഴ്ച വരാൻ പറഞ്ഞിരുന്നില്ലേ? അതുകൊണ്ട് വന്നതാണ്. ഞാനു ചോദിക്കയായിരുന്നു ആരാണ് വാങ്ങിയതെന്ന് ”

[illegible] പാത്രം പെട്ടെന്നൊന്ന് ചകച്ചുപോയി. അവൾ പറഞ്ഞു: “ഇവി [illegible] വാങ്ങി. എന്നാലെന്താ? വാങ്ങിയതുകൊണ്ട് ആരും [illegible] [illegible] ല്ല. അങ്ങോട്ടുകൊടുത്തേക്കൂ ചോലു, അവന്റെ കൈയ്യിൽ [illegible] [illegible]”

[illegible] [illegible] [illegible] വാക്കു പറയാൻ നിൽക്കാതെ [illegible] അവൻ അതു വാങ്ങിക്കൊണ്ടു പോയി.

[illegible] [illegible] [illegible] പിടിച്ചുകൊണ്ടുപോയി [illegible] പറഞ്ഞു: “[illegible] പിടികൂടി, [illegible] [illegible] യജമാനന്റെ ഒരെണ്ണ [illegible] [illegible]”

“[illegible] [illegible] ഉണ്ടാവുന്നതല്ലേ? ഞങ്ങളാരെങ്കിലും [illegible] [illegible] ഇന്ന് എന്നൊക്കെ [illegible] [illegible] [illegible] [illegible] കുളിക്കൊടുകയും ചെയ് [illegible] ഇവ [illegible] [illegible] [illegible] പോയി. പറയുവാൻ ഇവ [illegible] എല്ലാം [illegible] കാര്യം [illegible] അവ [illegible] [illegible] ഇപ്പോൾ കൊളുത്തിക്കൊടുക്കു. യജമാനൻ.”

[illegible] [illegible] പറഞ്ഞു: “അല്ല, [illegible], [illegible] [illegible] [illegible] അയാളെ ഇങ്ങനെ [illegible] - ഇത [illegible] ഇവിടെ കൊള്ളിയുണ്ടു. ഇങ്ങനെയൊക്കെ [illegible] [illegible] എല്ലാവരും എടുക്കും. ഞാനില്ലേ, നിങ്ങളില്ലേ? ആരാണു കിട്ടി [illegible] [illegible] [illegible] [illegible] [illegible]?”

[illegible] പറഞ്ഞു: “അയാളുടെ [illegible] അയാൾ [illegible] ഇവിടന്നു പുറത്തേക്കു കൊണ്ടുപോയി അയാളുടെ [illegible] [illegible]. ഞാൻ കൊച്ചുകുട്ടിയൊന്നുമല്ല [illegible] [illegible] അറിഞ്ഞുകൂടാ, അല്ലേ? കാശി [illegible] [illegible]”

[illegible] ചിരിച്ചുകൊണ്ടു പറഞ്ഞു: “അയാൾക്കു തോന്നിയപോലെ ചെയ്യട്ടെ, [illegible] എനിക്കെന്ത്, നിങ്ങൾക്കെന്ത്? അയാൾ [illegible] [illegible] തിന്നട്ടെ, കണ്ടവർക്കു കൊടുക്കട്ടെ. നമുക്കതറിഞ്ഞിട്ടെന്തുകാര്യം? നിങ്ങൾ ഇനി അയാളെ ഒന്നും പറയാതിരിക്കു.”

പത്മ കുമ്പളങ്ങയുടെ ഇടപാടിൽ [illegible] [illegible] ഉണ്ടായി രുന്നു. ഇല്ലെങ്കിൽ അവൾ [illegible] [illegible] [illegible] അനുസരിക്കയില്ലായിരുന്നു. അവൾ പറഞ്ഞു: ‘എന്നാൽ അയാളെ [illegible], നിങ്ങൾ മേലിൽ ഇങ്ങനെ [illegible] ഞാൻ [illegible] വിടില്ല. [illegible] [illegible] കേൾക്കില്ല

പറഞ്ഞോക്കാം."

അന്നു രാത്രി ഹോട്ടൽ പണിയെല്ലാം കഴിച്ച് റോജാരി ചുർണ്ണി-മാവേലം നടക്കാൻപോയി, ഒന്നാന്തരം നിലാവുള്ള രാത്രി. സമയം ഏതാണ്ട് പന്ത്രണ്ടരമണി.

ഇന്നു വിശേഷപ്പെട്ട [illegible] റോജാരിക്കു [illegible] കുന്നുംമേൽ ഓർത്തിട്ടാണ് [illegible] കുന്നത്തിൽ [illegible] [illegible]

[illegible]

രാത്രി ഏതാണ്ട് [illegible] ചുർണ്ണിക്കരയിലുള്ള [illegible] കൊട്ടിക്കൊണ്ട് [illegible] [illegible] ഒരോന്നും വരുന്നില്ല [illegible] വിശേഷം [illegible] വണ്ടികളുടെ പോക്കുവരവ്.

ഹോട്ടൽവാതിൽ അടച്ചിരിക്കുന്നു. മതിലു ചാടിക്കടന്ന് ഉണർത്താതെ [illegible] മതിയല്ലോ [illegible] കിടക്കാം. ഇന്ന് ഉറക്കം തീരെ വരുന്നില്ല.

പുലർച്ചയ്ക്കെഴുന്നേറ്റ് ഹോട്ടലിന്റെ മുന്നിൽ ചെന്നപ്പോഴും വാതിൽ അടച്ചുതന്നെയാണ് ഇരിക്കുന്നത് [illegible] വേലക്കാരൻ മതി [illegible] വാതിൽ തുറക്കാനുണ്ട് [illegible] റോജാരി [illegible] ഇത്ര വെളുപ്പിച്ചു!

മറുവശത്തുകൂടെ ചെന്നു നോക്കി-പാത്രപ്പുര മലർക്കെ തുറന്നുകിടക്കുന്നുണ്ട്. അകത്ത് 'ഇച്ച-പിച്ച' പോലുമില്ല.

വേലക്കാരൻ മതിയുടെ [illegible] ഇങ്ങനെ പതിവില്ലല്ലോ.

ആ സമയം [illegible] ഹോട്ടൽ വേലക്കാരൻ [illegible]

ഇടയത്തെരുവിൽ നിന്ന് ചായക്കുള്ള പാൽ വാങ്ങിക്കൊണ്ടുപോകുകയായിരുന്നു. യദുബാഡുയ്യേയുടെ ഹോട്ടലിൽ ഒരു ടീ സ്റ്റാളുണ്ട്-പുലരും മുമ്പു തുടങ്ങും ചായക്കച്ചവടം.

ഹാജാരി നിമായിയെ വിളിച്ചു രണ്ടുപേരും ചേർന്ന് മുറിയിലേക്ക് എത്തിനോക്കി-മതിയുണ്ട് അടുക്കളയിൽ ചുരുണ്ടുകൂടിക്കിടന്നു കുംഭകർണ്ണസേവ നടത്തുന്നു. രണ്ടുപേരുടേയും വിളികേട്ട് മതി പിടച്ചെഴുന്നേറ്റു.

ഹാജാരി ചോദിച്ചു "മതീ, വാതിലെന്താണു തുറന്നുകിടക്കുന്നത്?"

മതി പറഞ്ഞു "അതൊന്നും ഞാനറിയില്ല. നിങ്ങൾ രാത്രി എവിടെയായിരുന്നു? ആരു തുറന്നു വാതിൽ?"

മൂന്നുപേരും മുറിയിൽ കടന്നു നാലുപാടും നോക്കി. മതി പെട്ടെന്ന് പറഞ്ഞുപോയി "ഹാജാരിയേട്ടാ! എല്ലാം തുലഞ്ഞു. കിണ്ണങ്ങളും പാത്രങ്ങളും ഒന്നും തന്നെയില്ല. എല്ലാം എവിടെപ്പോയി?"

"എന്ത്?"

മൂന്നുപേരും ഓരോ ദിക്കിലും അരിച്ചുനോക്കി-ഒരിടത്തുമില്ല പാത്രങ്ങൾ. നിമായി പറഞ്ഞു "ഞാൻ ചായയ്ക്കുള്ള പാൽ കൊടുത്തിട്ടുവരട്ടെ ഹാജാരിയേട്ടാ! ആർക്കാണീ പാത്രങ്ങളെല്ലാം 'ചക്ഷുർദാനം' ചെയ്തത്? വേഗം നിങ്ങളുടെ യജമാനനെ വിളിച്ചുകൊണ്ടുവരൂ."

ഇതിനിടയ്ക്ക് രതൻ ഠാക്കൂറും എത്തി. അയാൾ പോയി ബേചുചക്കത്തിയെ വിളിച്ചുകൊണ്ടുവന്നു. പത്മയും എത്തി. വാർത്തകേട്ട് അടുത്ത ഹോട്ടലിലെ യദുബാഡുയ്യേയെത്തി. പിന്നെ നഗരത്തിലെ പലരും എത്തി. സ്റ്റേഷനിൽ ആൾ ചെന്നു പറയേണ്ട താമസം. എ. എസ്. ഐ. നേപാൾ ബാബുവും രണ്ടു കോൺസ്റ്റബിൾമാരും അന്വേഷണത്തിനു വന്നു. ഒച്ചപ്പാടായി. ബേചു ചക്കത്തി തലയ്ക്കു കൈകൊടുത്ത് അവിടെത്തന്നെ ഇരുന്നുപോയി. ഏതാണ്ട് അറുപത് എഴുപതു രൂപയുടെ പാത്രങ്ങൾ കാണാതായിരിക്കുന്നു.

ബേചുചക്കത്തി ചോദിച്ചു "ഹാജാരി, രാത്രി എവിടെയായിരുന്നു?"

"സ്റ്റേഷൻ പ്ലാറ്റ് ഫാമിൽ ബാബു! നല്ല ഉഷ്ണമുണ്ടായിരുന്നു. അതിനാൽ പുഴവക്കത്തുനിന്നു തിരിച്ചുവന്ന് ബാക്കി സമയം അവിടെ കഴിച്ചുകൂട്ടി."

നേപാൾ ബാബു ചോദിച്ചു "രാത്രി എപ്പോഴാണ് പ്ലാറ്റ്ഫാമിൽ ഉണ്ടായിരുന്നത്? ഏതു പ്ലാറ്റ്ഫോമിൽ?"

"അതോ ബാബു, ബൻഗാമിൽ നിന്നു വരുന്ന വണ്ടിയുടെ പ്ലാറ്റ്ഫാറത്തിൽ ഉള്ള ബഞ്ചിൽ."

"നിങ്ങളെ അവിടെ കണ്ടവരുണ്ടോ?"

"ഇല്ല ബാബു, ആ സമയം രാത്രി കുറേയേറെ ചെന്നിരുന്നു."

"എത്ര?"

"ഒന്നരമണിയിലധികം"

''അതുവരെ എവിടെയായിരുന്നു?''

''നിത്യവും ഊണുകഴിഞ്ഞാൽ ഞാൻ രണ്ടു നേരവും ചൂർണ്ണിയുടെ കടവിൽ ചെന്നിരിക്കും. ഇന്നലെയും അവിടെയായിരുന്നു.''

''വേറെ വല്ല ദിവസവും ഹോട്ടൽ വിട്ട് പ്ലാറ്റ് ഫാമിൽ ഉറങ്ങിയിട്ടുണ്ടോ?''

''ഇടയ്ക്കു പതിവുണ്ട്. എന്നാലും വളരെ ചുരുക്കം.''

ആ സമയം ബേചുചക്കത്തിയോടു പത്മ എന്തോ സ്വകാര്യം പറഞ്ഞു. ബേചു അപ്പോൾ നേപ്പാൾ ബാബുവിനോടു പറഞ്ഞു ''ഇൻസ്പെക്ടർ സാറേ, അകത്തേക്കു വന്ന് ഒരു കാര്യം കേട്ടിട്ടുപോകൂ, ദയചെയ്ത്.''

അകത്തുനിന്ന് കാര്യം കേട്ടിട്ടു വന്ന നേപാൾ ബാബു പറഞ്ഞു ''ഹാജാരി ഠാക്കൂർ, നിങ്ങൾ കുസുമത്തെ അറിയുമോ?''

ഹാജാരിയുടെ മുഖം വാടി. ഇക്കൂട്ടർ ഇതിനിടയ്ക്ക് കുസുമത്തിൻെറ പേർ വലിച്ചിഴക്കുന്നതെന്തിന്? കുസുമത്തിന് ഇതുമായി എന്തുബന്ധം?

ഹാജാരിയുടെ മുഖഭാവം എ. എസ്. ഐ. ശ്രദ്ധിച്ചു

മറുപടിക്ക് അമാന്തിക്കുന്നത് കണ്ട് അയാൾ തട്ടിക്കേറി ''ചോദ്യത്തിനുത്തരം പറയ്!''

ഹാജാരി അന്തംവിട്ട മട്ടിൽ പറഞ്ഞു ''ഉവ്വ്, അറിയും.''

ദാസി പത്മ വാതിലിന്നരികിൽ വായ ചേലത്തുമ്പുകൊണ്ടു മറച്ചുനില്ക്കുന്നതു കണ്ടപ്പോൾ ഹാജാരിക്ക് മനസ്സിലായി-കുസുമത്തിനെപ്പറ്റി അവൾതന്നെയാണ് യജമാനനോട് പറഞ്ഞത്. ഇല്ലെങ്കിൽ അയാൾക്ക് ഈ വക കാര്യങ്ങൾ അറിയില്ല. അന്വേഷിക്കാറുമില്ല. യജമാനനോട് പത്മ പറഞ്ഞതനുസരിച്ച് യജമാനൻ എ. എസ്. ഐയോടും പറഞ്ഞിട്ടുണ്ടാവും-പത്മയുടെ ദുഷ്പ്രേരണകൊണ്ട്.

''കുസുമം എവിടെ പാർക്കുന്നു?''

''ഇടയത്തെരുവിൽ. വലിയങ്ങാടിയുടെ അപ്പുറം.''

''അവൾ എന്തു ചെയ്യുന്നു?''

''പാലും മോരും വിൽക്കുന്നു.''

''പ്രായം?''

''ഏതാണ്ട് ഇരുപത്തിനാല്-ഇരുപത്തഞ്ച്.''

ഉത്തരം കേട്ട് ദാസി പത്മയുടെ മുഖത്ത് ഒരു ചെറിയ ചിരിവന്നത് ഹാജാരിയുടെ കണ്ണിൽപെട്ടു. സബ് ഇൻസ്പെക്ടറുടെ ചോദ്യത്തിൻെറ പോക്ക് എങ്ങോട്ടാണെന്ന് അപ്പോഴും അയാൾക്കു മനസ്സിലായില്ല. എന്നാൽ പത്മയുടെ ചിരി കണ്ടപ്പോഴാണ് എന്തിനാണ് ഇക്കൂട്ടർ കുസുമത്തിൻെറ കാര്യം ഇത്ര താല്പര്യത്തോടെ എടുത്തെടുത്തു ചോദിക്കുന്നതെന്ന് പിടികിട്ടിയത്.

''കുസുമവുമായി നിങ്ങൾക്ക് എത്രനാളത്തെ പരിചയമുണ്ട്?''

''അവൾ എൻെറ ഗ്രാമക്കാരിയാണ്. അവളെ കുട്ടിക്കാലംതൊട്ടേ എനിക്കറിയാം. അവളുടെ അച്ഛൻ എൻെറ ചങ്ങാതി. തൊട്ടടുത്ത തെരു

വിൽതന്നെ-"

"കുസുമത്തിനെ നിങ്ങൾ സാധാരണ കാണാറുണ്ട്, ഇല്ലേ?"

"ഇടയ്ക്കിടക്കു കാണാറുണ്ട്. എന്റെ ഗായകാരി-അവളുടെ [illegible] ആരാധ്യയാണ്."

"നിങ്ങൾ പറയുമ്പോഴും ആരാധ്യ തന്നെ." [illegible] പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇവിടെയാണോ അവളുടെ [illegible]?"

"അതെ."

"ഭർത്താവുണ്ടോ?"

"ഇല്ല. നാലഞ്ചുവർഷമായി, മരിച്ചിട്ട്. ഭർത്താവിന്റെ അമ്മയുണ്ട്, വീട്ടിൽ. [illegible]"

[illegible]

"ഇല്ല, ചേച്ചി."

"ഇന്നു വരുമല്ലോ?"

"ഇല്ല ചേച്ചി, വെളുപ്പിനു [illegible]"

"ഉം."

സബ് ഇൻസ്പെക്ടർ മറ്റുള്ളവരുടെയും മൊഴി വാങ്ങി അവരെയൊക്കെ വിട്ടു. വേലക്കാരൻ മതിയോടും ഹാജാരിയോടും മാത്രം പറഞ്ഞു "നിങ്ങൾ രണ്ടുപേരും ഞങ്ങളുടെ കൂടെ സ്റ്റേഷനിലേയ്ക്കു വരണം." കോൺസ്റ്റബിൾമാരോടു പറഞ്ഞു "ഇവരെ രണ്ടുപേരെയും പിടിച്ചുകൊണ്ടു പോകൂ."

മതി [illegible] തുടങ്ങി. [illegible] സബ് ഇൻസ്പെക്ടറുടെയും കാൽതൊട്ടുതൊഴുതു [illegible] കിടന്ന് [illegible] സ്റ്റേഷനിലേക്കു കൊണ്ടുപോകുന്നത് എന്തുകൊണ്ടാണ്?" - [illegible]

സ്റ്റേഷനിലേക്കു കൊണ്ടുപോകുമെന്നു കേട്ടപ്പോൾ [illegible] ഇപ്പോൾ [illegible]

[illegible] കാര്യങ്ങൾ [illegible]

[illegible]

[illegible]

[illegible]

[illegible]

ഇൻസ്പെക്ടർ സ്റ്റേഷനിൽ ഉണ്ടായിരുന്നില്ല. ഒന്നരമണിയോടെ അയാൾ എത്തി. കളവിനെ സംബന്ധിച്ച് റിപ്പോർട്ടു കേട്ട് പ്രതികളെ ഹാജാരാക്കാൻ കല്പനയായി. ഹാജാരി കൈകൂപ്പി മുമ്പിൽനിന്നു. ഇൻസ്പെക്ടർ ചോദിച്ചു "എത്രനാളായി ഹോട്ടൽപണി തുടങ്ങിയിട്ട്?"

"അതോ ബാബു, അഞ്ചാറുവർഷങ്ങളായി."

"പാത്രങ്ങൾ മോഷ്ടിച്ച് എവിടെവെച്ചരിക്കുന്നു?"

"രക്ഷിക്കണം ബാബു, എനിക്ക് വയസ്സ് നാല്പത്തിയാറായി. ഇതു വരെ ഒരു ബീഡിപോലും ആരുടേയും മോട്ടിച്ചിട്ടില്ല."

ഇൻസ്പെക്ടർ ഭീഷണിസ്വരത്തിൽ പറഞ്ഞു "ആ വക തട്ടിപ്പുകളെല്ലാം അങ്ങുവെച്ചേക്കു. നീയും ആ വേലക്കാരനും ചേർന്ന് ഗൂഢാലോചന നടത്തി കട്ടു. സമ്മതിച്ചോളിൻ?"

"ബാബു, എനിക്കിതെപ്പറ്റി യാതൊന്നും അറിയില്ല. ഞാൻ രാത്രി ഹോട്ടലിൽ ഉണ്ടായിരുന്നില്ല."

"എവിടെയായിരുന്നു."

"സ്റ്റേഷൻ പ്ലാറ്റ്ഫാറത്തിലായിരുന്നു പുലരുംവരെ കിടന്നത്."

"എന്തിന്?"

"ബാബു, ഞാൻ അത്താഴം കഴിഞ്ഞ് എന്നും ചൂർണ്ണിക്കരയിൽ നടക്കാൻ പോകാറുണ്ട്. നല്ല ഉഷ്ണമുണ്ടായിരുന്നതുകൊണ്ട് ഇന്നലെ കുറച്ചധികം നേരം അവിടെത്തന്നെയിരുന്നു. തിരിച്ചുവന്നപ്പോൾ വാതിലടച്ചു കണ്ടു. അപ്പോൾ സ്റ്റേഷനിൽ."

ഈ സമയം നേപാൾ ബാബു ഇംഗ്ലീഷിൽ ഇൻസ്പെക്ടറോട് എന്തോ പറഞ്ഞു. ഇൻസ്പെക്ടർ തലയാട്ടികൊണ്ടു പറഞ്ഞു "ഓ! ശരി, നീ കുസുമം എന്നൊരുത്തിയുടെ വീട്ടിൽ പോക്കുവരത്തുണ്ടോ?"

"ബാബു, കുസുമം എന്റെ ഗ്രാമത്തിലെ സ്ത്രീ. പാവപ്പെട്ട വിധവ. അവളെ ഞാൻ മകളെപ്പോലെ വിചാരിക്കുന്നു. അവളും എന്നെ അച്ഛനായിട്ടാണു വിചാരിക്കുന്നത്. അച്ഛനോടെന്നപോലെ എന്നോടു പെരുമാറുന്നു. അവിടെ ഞാൻ പോകുന്നുണ്ടെങ്കിൽ അതിലെന്താണു കുറ്റം, ബാബു, ഇവിടന്നു തന്നെ പറയണം. ഈ വാർത്ത പടച്ചുണ്ടാക്കിയത് ഞങ്ങളുടെ ഹോട്ടലിലെ വേലക്കാരി പത്മയാണ് - അവൾക്ക് എന്നെ കണ്ണെടുത്തു കണ്ടുകൂടാ - കുസുമത്തെയുമില്ല. ഞങ്ങൾക്കെതിരെ പല ജാതി അശ്ലീകരം പിടിച്ച അപവാദങ്ങൾ അവൾ തന്നെയാണ് പരത്തിവിടുന്നത്. ഇവിടന്നാണ് ഞങ്ങൾക്കുടയവൻ-ദൈവം. തലയ്ക്കുമുകളിൽ ചന്ദ്രസൂര്യന്മാരുണ്ട്. എനിക്ക് വയസ്സ് അൻപതിനോടടുക്കാറായി. എനിക്ക് ഇന്നോളം ആ വശത്തേക്കു ബുദ്ധി തിരിഞ്ഞിട്ടില്ല! ഞാനവളെ മകളെപ്പോലെ വിചാരിക്കുന്നു. അവളെ ഇതിനിടയിലേക്കു പിടിച്ചുവലിക്കാതിരിക്കൂ - അവൾ കുടുംബം നോക്കുന്ന ഒരാകുല വധുവാണ് - അവൾ ഇതു പൊറുക്കാനരുതാതെ അത്മഹത്യ ചെയ്തുകളയും."

ഇൻസ്പെക്ടർ ബുദ്ധിമാനും അനുഭവസമ്പന്നനുമായിരുന്നു. ഹാജാരിയുടെ മുഖഭാവം കണ്ട് അയാൾ കളവല്ല പറയുന്നതെന്നു ബോദ്ധ്യമായി.

ഇൻസ്പെക്ടർ മതിയെ വളരെ നേരം ക്രോസ് ചെയ്തുനോക്കി. അതുകൊണ്ടും വിശേഷിച്ച് ഒരു തെളിവും കിട്ടിയില്ല. അവൻ പറഞ്ഞതുതന്നെ പറഞ്ഞുകൊണ്ടിരുന്നു - ഹോട്ടലിൽ താൻ അന്തംവിട്ട് ഉറങ്ങുകയായിരുന്നു. തനിക്കു യാതൊന്നും അറിയില്ല.

ഇൻസ്പെക്ടർ പറഞ്ഞു "ഇവർ രണ്ടുപേരെയും ലോക്കപ്പിലാക്കൂ. ഇങ്ങനെയായാൽ ഇവർ ഒന്നും പറയുന്ന മട്ടില്ല. ഇവരോടു കടുപ്പം കാണിച്ചാലേ നടപ്പുള്ളൂ."

ഈ 'കടുപ്പ'മെന്നു പറഞ്ഞതിന്റെ അർത്ഥമെന്തെന്ന് ഹാജാരിക്ക് മനസ്സിലാവും. ഇന്നു കുറെയധികം ദുഃഖം സഹിക്കേണ്ടിവരുമെന്നു തോന്നുന്നു. എല്ലാം സഹിക്കാമായിരുന്നു-കുസുമത്തിന്റെ പേർ മാത്രം ഇതിനിടക്ക് ഇനി പറയാതിരുന്നെങ്കിൽ!

ഏതാണ്ടു രണ്ടുമണിക്ക് ഒരു കോൺസ്റ്റബിൾ വന്ന് കുറച്ചു അരിയും പയറും മറ്റും വറുത്തത് കൊണ്ടുചെന്നു കൊടുത്തു. രാവിലെ തൊട്ട് ഹാജാരി ഒന്നും തിന്നിട്ടുണ്ടായിരുന്നില്ല. ആർത്തിയോടെ ഒക്കെത്തിന്നു.

നാലുമണിക്കു രതൻ ഠാക്കൂർ ഹോട്ടലിൽ നിന്ന് ഹാജാരിക്ക് ഭക്ഷണം കൊണ്ടുവന്നു.

അയാൾ പറഞ്ഞു "വേറെ എടുത്തുവെച്ചിരുന്നതാണ്. ആരും കാണാതെയാണു കൊണ്ടുവന്നത് ഹാജാരിയേട്ടാ! നിങ്ങൾക്കു ചോറുകൊണ്ടു വന്നത് ആരും അറിഞ്ഞിട്ടില്ല."

ഇൻസ്പെക്ടറുടെ അനുവാദം വാങ്ങിയാണ് രതൻ ഠാക്കൂർ ലോക്കപ്പിൽ ചോറുകൊണ്ടുചെന്നത്. എന്നാൽ അയാൾ മതിക്കു ചോറുകൊണ്ടുവരാൻ മറന്നു. ഹാജാരി പറഞ്ഞു "ഈ ചോറു രണ്ടുപേരും കൂടി കഴിച്ചോളാം."

രതൻ പറഞ്ഞു "ഹോട്ടലിൽ വലിയ 'പ്രപഞ്ചം' തന്നെ. ഒരു പകരക്കാരനെ അടുക്കളപ്പണിക്കുകൊണ്ടുവന്നിരുന്നു. അയാൾ ഇട്ടെറിഞ്ഞ് ഉച്ചക്കുതന്നെ പൊയ്ക്കളഞ്ഞു, അധ്വാനഭാരം സഹിക്കാനാകാതെ. അനേകം ശാപ്പാടുകാർ മടങ്ങിപ്പോയി. പത്മ പറയണു നിങ്ങളും മതിയും കൂടിയാണ് പാത്രങ്ങൾ മോഷ്ടിച്ചതെന്ന്? കുസുമത്തിന്റെ വീടു പരിശോധിപ്പിക്കാതെ അവൾ വിടില്ലത്രേ. അവിടെയാണത്രെ പാത്രങ്ങൾ ഒളിപ്പിച്ചിരിക്കുന്നത്. യജമാനനും അതുതന്നെയാണു പറയുന്നത്. നിങ്ങൾ ഒട്ടും വിചാരപ്പെടേണ്ട ഹാജാരിയേട്ടാ!കേസ്സെടുക്കുകയാണെങ്കിൽ ഞങ്ങൾ നിങ്ങൾക്കുവേണ്ടി വക്കീലിനെ ഏർപ്പാടുചെയ്തു തരും. അതിനുവേണ്ട പണം ഞങ്ങൾ തരും. നിങ്ങളല്ല ഇതു ചെയ്തതെന്ന് എനിക്കറിയാം. മറ്റാരും അറിഞ്ഞില്ലെങ്കിൽ വേണ്ട നിങ്ങൾ ഏതുതരത്തിലുള്ള ആളാണെന്ന് എനിക്ക് നന്നായിട്ടറിയാം."

ഹാജാരി രതനിന്റെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു "സഹോദരാ, മറ്റെന്തുമാകട്ടെ, കുസുമത്തിന്റെ വീടു പരിശോധിക്കുവാൻ ചെല്ലുന്നതു

കൂടാതെ കഴിക്കാൻ ഏതുവിധവും നിങ്ങൾ ശ്രമിക്കണം. ഏതെങ്കിലും വക്കീലിനെ വേണമെങ്കിൽ ഏർപ്പാടു ചെയ്യൂ. എനിക്കു രണ്ടുമാസത്തെ ശമ്പളം കിട്ടാനുണ്ട് അതു ഞാൻ നിങ്ങൾക്കു തരാം."

രതൻ ചിരിച്ചുകൊണ്ട് പറഞ്ഞു "നിങ്ങളുടെ ആ പണം യജമാനൻ ഇനി നിങ്ങൾക്കു തരുമെന്നു വിചാരിക്കുന്നുണ്ടോ? നിങ്ങൾ അതു തന്നാലും തരാതിരുന്നാലും ഞങ്ങൾ വക്കീലിനെ ഏർപ്പാടുചെയ്യും. ഒട്ടും വിചാരപ്പെടേണ്ട. എത്ര പൈസ കിട്ടി ഇന്നോളം പണിയെടുത്തിട്ട്? വല്ലതും ബാക്കിയുണ്ടോ? നല്ക്കാര്യത്തിനായി രണ്ടു കാശു ചിലവാകട്ടെ."

ഹാജാരി പറഞ്ഞു "ഇനി മതിക്കു ചോറു കൊടുത്തിട്ടുവരൂ. അവൻ വേറെ ഏതോ മുറിയിലാണ്."

രതൻ പറഞ്ഞു "എനിക്കു മതിയെ സംശയമുണ്ട്."

"ഇല്ലെന്നാണു തോന്നുന്നത്. അവനാണു മോഷ്ടിച്ചതെങ്കിൽ അതിനു ശേഷം ഇത്ര നിർഭയനായി അവനവിടങ്ങനെ കഴിയുമായിരുന്നോ? അവൻ അത്തരക്കാരനല്ല എന്നാണു തോന്നുന്നത്."

രതൻ ചോറെടുത്തുകൊണ്ടു പുറത്തേക്കുപോയി.

നാലഞ്ചുദിവസം ഹാജാരിയും മതിയും ജയിലിൽ കിടന്നു. പോലീസ് എത്ര പരിശ്രമിച്ചിട്ടും ഇവർക്കെതിരായി തെളിവു സമ്പാദിക്കാനായില്ല. അതിനാൽ മോഷണത്തിന്റെ ചാർജ്ജ്ഷീറ്റ് കൊടുക്കാനവർക്കു കഴിഞ്ഞില്ല.

ആറാംദിവസം അവരെ വിട്ടു.

മതി പറഞ്ഞു "ഹാജാരി ദാദാ, ഇനിയെവിടേയ്ക്കു പോകണം? നമ്മളെ ഇനി ഹോട്ടലിൽ എടുക്കുമോ?"

ഹോട്ടലിലെ പണിപോയതുതന്നെയെന്ന് ഹാജാരിക്കും അറിയാമായിരുന്നു. എന്നാൽ രണ്ടു മാസത്തെ ശമ്പളം ബാക്കിയുണ്ട്, കിട്ടാൻ. ബേചു ചക്കത്തിയുടെ അടുക്കലെ ചെന്ന് അതു ചോദിച്ചുവാങ്ങണം.

സമയം മൂന്നു മണി. ഈ സമയത്ത് യജമാനൻ ഹോട്ടലിലുണ്ടാവില്ല. അതിനാൽ സന്ധ്യക്കു ഹോട്ടലിൽ പോയാൽ മതി എന്നു തീരുമാനിച്ചു. വളരെ നാളായല്ലോ ചൂർണ്ണിക്കരയിൽ പോയിട്ട്. രാധാവല്ലഭനടുക്കൽ ചെന്നു നമസ്കരിച്ച്, അയാൾ തന്നിൽ തന്നെ ലയിച്ച് പുഴക്കരയിൽ ചെന്നിരുന്നു.

അവിടെയിരുന്നു കുറെക്കഴിഞ്ഞപ്പോഴാണ് താൻ അന്ന് ഉണ്ടിട്ടില്ല എന്ന് ഹാജാരി ഓർത്തത്. രതൻ ദിവസവും ലോക്കപ്പിൽ ചോറുകൊണ്ടുപോയി കൊടുക്കാറുണ്ടായിരുന്നു. രണ്ടുദിവസമായിട്ട് എന്തുകൊണ്ടോ അയാളെ കണ്ടില്ല. ഒരുസമയം പത്മ അറിഞ്ഞുവശായി അരുതെന്നു വിലക്കിക്കാണും. അതോ തനിക്കു ചോറുകൊണ്ടുവന്നു തന്നവകയ്ക്ക് അയാളുടെ പണിയും പോയോ?

ഒറ്റ പൈസയില്ല കൈവശം, വല്ലതും തിന്നാൻ വാങ്ങണമെന്നുവെച്ചാൽ. ലോക്കപ്പിൽ കിട്ടിയിരുന്ന ഭക്ഷണം ഹാജാരി ഒരുനേരവും ഭക്ഷിക്കയുണ്ടാ

യില്ല. ഇന്നും ഒരു കോൺസ്റ്റബിൾ ചോറുകൊണ്ടുവരികയുണ്ടായി. ഹാജാരി പറഞ്ഞു "തിവാരിസാർ, എനിക്കു കുറച്ചു അവിൽ കൊണ്ടുവന്നു തന്നാൽ നന്നായിരുന്നു. എനിക്കു സുഖമില്ല. ചോറു കഴിക്കില്ല."

പന്ത്രണ്ടു മണിക്ക് രണ്ടുതരി അവിലെത്തിയതാണ്. അതിനുശേഷം ഒന്നും അകത്തേക്കു പോയിട്ടില്ല. ഇനി സന്ധ്യ കഴിഞ്ഞ് ഹോട്ടലിൽ നിന്ന് വല്ലതും കഴിക്കാം.

പാത്രങ്ങൾ മോഷ്ടിച്ചത് മറ്റാരുമല്ല, [illegible] ആണെന്നായിരുന്നു ഹാജാരിയുടെ വിശ്വാസം. [illegible] ഇരുന്ന് ചിന്തിക്കുമ്പോഴും അയാൾക്ക് ഈ വിശ്വാസത്തിന് ഉറപ്പു കൂടിവരുകയുണ്ടായി. [illegible] അവളുടെ സ്വഭാവം അതിക്രൂരമാണ്. [illegible] കഴിഞ്ഞകൊല്ലം ഉണ്ണാൻ [illegible] ഒരു [illegible] കാണാതാവുകയുണ്ടായി. [illegible] എന്ന് [illegible] ഹാജാരിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു.

[illegible] കൊണ്ടുണ്ടായ [illegible] കഴിഞ്ഞ [illegible] അയാൾ [illegible] കിട്ടിയിരുന്നില്ല. [illegible] ഇപ്പോൾ [illegible] നിർത്തിവെച്ചു [illegible] തെളിഞ്ഞുവരാൻ തുടങ്ങിയിരിക്കുന്നു.

[illegible] കൈകളിലാണ് [illegible] കണ്ടിട്ടും കണ്ടില്ലെന്നു [illegible] അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നു [illegible] ഹോട്ടലിൽ [illegible] അയാൾക്ക് [illegible]

[illegible] ചോറുകൊണ്ടു [illegible] പറയുകയുണ്ടായി "ഹാജാരി [illegible] ഹോട്ടലിലെ [illegible] ഇവിടെയായിട്ട് [illegible] തുടങ്ങിയിരിക്കുന്നു. [illegible] കണ്ടില്ല [illegible] ഹോട്ടൽ [illegible] എന്തുകൊണ്ടാണ് [illegible] എനിക്കറിയാം. എന്നാലും പറയുന്നില്ല. [illegible] ഇതു കഷ്ടകാലമാണ് [illegible]"

[illegible] ഹാജാരി [illegible] ഹോട്ടലിൽ കടന്നു. [illegible] എന്നാൽ അതിനുശേഷം ഒരു [illegible] കണ്ട് [illegible] നിന്ന് [illegible] വിളിച്ചു [illegible] "ആരാണ് ഇറങ്ങിപ്പോകുന്നത്?"

ഹാജാരി തിരിഞ്ഞുനിന്നു പറഞ്ഞു "ഞാൻ തന്നെ [illegible]"

പത്മ വേഗം മുറിയിൽ നിന്നു പുറത്തേക്കു വന്നു "ഞാനോ? ഞാനെന്നു വെച്ചാൽ? ഓ, ഹാജാരി ഠാക്കൂർ? എന്താണിങ്ങോട്ടിറങ്ങിയത്? എന്താണിത്ര വേഗം ഇറങ്ങിപ്പോയ്ക്കളഞ്ഞത്? വന്നതെന്തിന്, വന്നാലോ പോയതെന്തിന്?"

"ഇന്നാണ് ലോക്കപ്പിൽ നിന്ന് വിട്ടത് പത്മയേടത്തി. വേറെയെവിടേക്കു പോകും? പോകാനൊരിടവും എനിക്കില്ല. ഹോട്ടലിലേക്കായിട്ടുതന്നെ വന്നതാണ്. വല്ലാതെ വിശക്കുന്നു. രണ്ടുവറ്റു തിന്നാമെന്നോർത്തു. അടുക്കളയിൽ കടന്നു നോക്കിയപ്പോൾ രതൻ ഠാക്കൂർ ഇല്ല. അതുകൊണ്ട് മുൻവശത്തുകൂടി ഇരിപ്പുമുറിയിലേക്കു പോകാൻ..."

"എന്നാൽ പൊയ്ക്കോളൂ ഇരുപ്പുമുറിയിലേക്ക്-ഈ ഭക്ഷണമുറിയിൽ കൂടെത്തന്നെയാകട്ടെ."

ഹാജാരി സങ്കോചത്തോടെ ഭക്ഷണമുറിയിലൂടെ ബേചുചക്കത്തിയിരിക്കുന്ന മുറിയിലേക്കു ചെന്നു. പുറകെ, പുറകെ പത്മയും.

ബേചുചക്കത്തി പറഞ്ഞു "അല്ലാ, ഹാജാരിയല്ലേ ഇത്! എന്താണു പോന്നത്?"

ഹാജാരി പറഞ്ഞു "അതെ യജമാനനെ! പോലീസ് ഇന്നുവിട്ടു. അതാണ് പോന്നത്. അല്ലാതെവിടെക്കു പോകും? ഇവിടത്തെ വാതിൽക്കൽ തന്നെ രണ്ടുവറ്റു വാരിത്തിന്നുകൊണ്ടു കിടന്നോട്ടെ! അല്ലാതെനിക്ക് എന്തു ഗതി, അന്നദാതാവേ!"

ബേചുചക്കത്തി വല്ലതും പറയുന്നതിനുമുമ്പായിത്തന്നെ പത്മ മുമ്പിലേക്കു കടന്നുനിന്നു പറഞ്ഞു "ഇയാളെ ഇനി ഒരു വിനാഴിക ഇവിടെ നിർത്തരുത് ബാബു! ഈ നിമിഷം പറഞ്ഞയച്ചേക്കൂ. തികഞ്ഞ തിരുടൻ. പോലീസുകാർക്കും പിടികിട്ടാത്തവൻ!"

ഹാജാരിക്കു ദേഷ്യ വന്നു. പത്മയോട് ഈ സ്വരത്തിൽ അയാൾ മുമ്പൊരിക്കലും സംസാരിച്ചിട്ടില്ല, അയാൾ പറഞ്ഞു "നിങ്ങൾ ഞാൻ പാത്രം എടുക്കുന്നതു കണ്ടോ, പത്മയേടത്തി!"

പത്മ പറഞ്ഞു "നിങ്ങൾ കണ്ണു ചുവപ്പിച്ചാൽ കുലുങ്ങുന്നവളല്ല പത്മ, ധരിച്ചോളിൻ! എന്നോട് ഇത്തരം വർത്തമാനങ്ങൾ പറയാൻ വരണ്ട. പാത്രങ്ങൾ എടുക്കുന്നതു ഞാൻ കണ്ടിരുന്നെങ്കിൽ അപ്പോൾ വീഴുമായിരുന്നല്ലോകൈകളിൽ വിലങ്ങ്."

ഹാജാരി സ്വയം നിയന്ത്രിച്ചുകഴിഞ്ഞിരുന്നു ഇതിനിടക്ക്. കീഴ്പെട്ടിട്ടേ അയാൾക്കു ശീലമുള്ളു. വലിയവരുടെ മുമ്പിൽ എളിയ നിലപാടേ അഭ്യസിക്കയുണ്ടായിട്ടുള്ളു. പിന്നെയെവിടന്നാണുണ്ടാവുക, കടുത്ത സ്വരത്തിൽ സംസാരിക്കാൻ വേണ്ട വീര്യം?

അയാൾ ശാന്തനായി പറഞ്ഞു "ഇല്ലില്ല, എന്തിനാണു ദേഷ്യം പത്മയേടത്തി? ഞാൻ പറഞ്ഞെന്നേയുള്ളു. പാത്രമെടുക്കുന്നത് കണ്ടിട്ടില്ലാത്ത സ്ഥിതിക്ക്-ഞാൻ ഒരു ദരിദ്രബ്രാഹ്മണൻ, നിങ്ങളുടെ പടിക്കൽ കിടന്നു പട്ടിണിപോക്കുന്നു-അങ്ങിനെയുള്ള എന്നെ എന്തിനു..."

ഇത്രയുമായപ്പോൾ ബേചുചക്കത്തി ഇടപെട്ടു. അയാൾ അല്പം മയപ്പെടുത്തിയ സ്വരത്തിൽ പറഞ്ഞു "പോട്ടെ, പോട്ടെ, വാദപ്രതിവാദംകൊണ്ടു കാര്യമില്ല. എന്റെ പാത്രങ്ങൾ അതുകൊണ്ടു തിരിച്ചു കിട്ടില്ല. രണ്ടുപേരും മതിയാക്കിൻ! എന്നിട്ട്-നിങ്ങൾ എന്തു പറയണു ഹാജാരി?"

"എനിക്ക് ഇതുവരെ ആശ്രയം തന്നപോലെ ഇനിയും അനുഗ്രഹിച്ചു തരണമെന്നാണ് അപേക്ഷ, ബാബു; ഞാൻ കള്ളനല്ല, ബാബു! ഞാനാണു കട്ടതെങ്കിൽ എനിക്കു ബാബുവിന്റെ മുമ്പിൽവന്നു നിൽക്കാൻ കഴിയുമായിരുന്നില്ല."

പത്മ പറഞ്ഞു "കട്ടോ ഇല്ലയോ എന്ന് തെളിയിക്കേണ്ട ആവശ്യമൊന്നുമില്ല. നിങ്ങൾക്ക് ഇനിയിവിടെ സ്ഥാനമില്ല. നിങ്ങളെ ഇനി ഇവിടെവെച്ചുകൊണ്ടിരുന്നാൽ ഊണുകാർ പൊയ്ക്കളയും."

ബേചുചക്കത്തി പറഞ്ഞു "അതു ശരിയാണ്. ഊണുകാർ പൊയ്ക്കളഞ്ഞാൽ ഞാൻ ഹോട്ടൽ നടത്തുന്നത് ആർക്കുവേണ്ടി?"

ഹാജാരിക്ക് ഈ യുക്തിയുടെ പൊരുൾ പിടിയിൽ വന്നില്ല. ഹോട്ടൽ പണിക്കാരൻ മോഷ്ടാവാണെങ്കിൽ ഹോട്ടലിലെ വസ്തുക്കൾ തട്ടിക്കൊണ്ടു പോയെന്നു വരാം. ശാപ്പാടിനുവരുന്നവരുടെമേൽനിന്ന് ഉത്തരീയം വലിച്ചെടുക്കയോ അവരുടെ കീശയറുക്കുകയോ ചെയ്കയില്ലല്ലോ. പിന്നെ ശാപ്പാടുകാർക്കു വരാനെന്താണു തടസ്സം?

എന്നാൽ ഹാജാരിക്ക് ആ ചോദ്യം ഉന്നയിക്കുവാൻ കഴിഞ്ഞില്ല. അയാളെ പിരിച്ചുവിട്ടിരിക്കുന്നു. അയാൾ വല്ലതും ഭക്ഷിച്ചോ എന്നുപോലും ചോദിക്കാനാളുണ്ടായില്ല.

അവസാനം അയാൾ പറഞ്ഞു "എന്നാൽ എന്റെ ശമ്പളം തന്നേക്കു ബാബു! രണ്ടുമാസത്തേതുണ്ട് ബാക്കി. മുൻകൂർ വാങ്ങിയിട്ടില്ല, കണക്കു നോക്കൂ."

ബേചുചക്കത്തി പറഞ്ഞു "അതിപ്പോൾ പറ്റില്ല, പിന്നെ വരൂ."

പത്മ ഒന്നുകൂടി തെളിച്ചുതന്നെ പറഞ്ഞു "ആ മോഹം വിട്ടേക്കൂ ശമ്പളം കിട്ടുകയില്ല."

"എന്തുകൊണ്ടു കിട്ടില്ല?"

പത്മ ചൊടിച്ചുകൊണ്ടു പറഞ്ഞു "എനിക്കിപ്പോ ഇതേപ്പറ്റി നിങ്ങളോട് തർക്കിക്കാൻ മനസ്സില്ല. കിട്ടില്ല, അത്രതന്നെ-പോയി അന്യായം കൊടുക്കൂ. കോടതി തുറന്നുവെച്ചിട്ടുണ്ടല്ലോ."

ഹാജാരിയുടെ കൺമുമ്പിൽ ഇരുട്ടു പരന്നു.

ബേചുചക്കത്തിയുടെ നേരെ നോക്കി സവിനയം അറിയിച്ചു "യജമാനനേ! ഇന്നേക്ക് ആറുകൊല്ലമായി ഇവിടത്തെ ദാസ്യം ചെയ്യുന്നു. എന്റെ വശം ഒരു പൈസപോലുമില്ല. വീട്ടിലേക്ക് പണമയച്ചിട്ടില്ല. വീട്ടിലേക്കു പോകാനുള്ള വണ്ടിക്കൂലിപോലുമില്ല, എനിക്കൊന്നും തന്നില്ലെങ്കിൽ പട്ടിണികിടന്നു ചത്തുപോകും."

ബെഞ്ചു് [illegible] കാഷ്ബോക്സ് തുറന്ന് എടുത്തെണ്ണ[illegible] പറഞ്ഞു: "ഇതുംകൊണ്ടു പോകു. ഇനി ഇവിടെ നിന്നു [illegible] പെട്ടെന്നു കടന്നുപോ."

ഹാജാരി അങ്ങ [illegible] ചുണ്ടുകൾ [illegible] കെട്ടി, കൈകൂപ്പി [illegible] പിന്നെ [illegible] നിന്നു ചോദിച്ചു: "അ[illegible]"

"ഹും, ഇനിയെന്തെങ്കിലും [illegible]"

ഇതു കഴിയില്ലാത്ത [illegible] താനുമുണ്ടായില്ല. പത്മ [illegible] ശമ്പളം. അവൾ [illegible] ക്കുകയില്ല. [illegible] കഴിപ്പിച്ചുള്ള ഒരു [illegible] അവ[illegible] [illegible] ക്കുകളുടെ [illegible] കുറച്ചു കഴിഞ്ഞു [illegible] പത്മ അവിടെ വന്നപ്പോൾ അയാൾ [illegible] പറഞ്ഞു: "[illegible] യു ബ്രാഹ്മണൻ ഇത്ര കാലം [illegible] ഒരു [illegible] മോഷ്ടിച്ചിട്ടില്ല. ഞാൻ എത്ര [illegible] പറഞ്ഞ് എന്റെ ശമ്പളം [illegible] കുഞ്ഞുകുട്ടികൾ പട്ടിണികിടന്നു ചത്തുപോകും. ഈ [illegible] മായകൾ പിടിച്ചു [illegible] ഇതുംകൊണ്ട് [illegible] എങ്ങനെ [illegible] കൊണ്ടു പോകും?"

"ഞാനാരാണ് നിങ്ങൾക്കു ശമ്പളം [illegible] പറയുന്നതിനെപ്പറ്റി. എന്നെക്കൊണ്ടു വല്ലതുമാവുമോ?"

"ദയവുചെയ്ത് അങ്ങയോട് ഒന്നു പറയു[illegible] പട്ടിണികിടന്നു ചത്തുപോകും കുട്ടികൾ."

"എന്നോ? നിങ്ങളുടെ ഇഷ്ടംപോലെ [illegible] യെടുത്തി?"

ഇനി ഒരു നിമിഷംപോലും ഇവിടെ നില്ക്കരുതെന്നു ഹാജാരിക്കു തോന്നി. ഇങ്ങനെയുള്ള ഇടങ്ങളിൽവെച്ചു കണ്ടവനൊന്നുംകൊണ്ടു കുമ്പ[illegible] മത്തിന്റെ പേർ ഉച്ചരിക്കുന്നതു-വിശേഷിച്ചും പത്മയുടെ-കേൾക്കുവാൻ അയാൾ തീരെ ആഗ്രഹിച്ചില്ല. പത്മ മടപ്പിള്ളിയിൽനിന്നു പോയി.

കുറച്ചുനേരം കൂടിനിന്നു പോകാൻ ഭാവിക്കുമ്പോൾ പത്മ വീണ്ടും പ്രവേശിച്ചു ചോദിച്ചു: "അല്ലാ, പോകയാണ്? നിങ്ങളുടെ ഊണു കഴിഞ്ഞോ?"

ഹാജാരി അന്തംവിട്ടും പത്മയുടെ മുഖത്തേക്കു നോക്കിപ്പോയി. ഈ വിധത്തിലുള്ള വർത്തമാനം അയാൾ അവളിൽനിന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. അയാൾ പതുക്കെപ്പതുക്കെ പറഞ്ഞു: "ഇല്ല-ഊണ്-ഇന്ന്-ഇല്ല-

ഇല്ല എന്നു തന്നെ വെച്ചോളൂ."

"എന്നാൽ ഇരിക്കൂ. ഇനിയും മീൻ തയ്യാറായിട്ടില്ല. തയ്യാറായിട്ട് ഊണു കഴിച്ചുപോകാം. എന്താണു നിൽക്കുന്നത്? ഇരിക്കൂ ഒരു പലകയെടുത്തിട്ട്."

രാജൻ ഒരു പലക [illegible] അവിടെയിരുന്നു. [illegible] തെച്ചുട്ടത്തിലിരുന്നു [illegible] എന്റെ [illegible] ഒരിക്കലും [illegible]

മീൻ അടുപ്പത്തുനിന്നിറക്കി പുതിയ തെങ്ങുകാരൻ രാജനോടു ചോദ്യം [illegible] വിളമ്പി [illegible] അവിടെയെത്തു. കാണുകയുണ്ടായില്ല. [illegible] [illegible] പുതിയ തെയ്യുകാരൻ രാജനോടു [illegible] അവിടെ നടന്ന വർത്തമാനങ്ങളിൽനിന്നു [illegible] ജോലിയിൽ [illegible] അതിനാൽ അയാൾ രാജനോടു വള രെ കാര്യമായിത്തന്നെ ഇരുത്തിയത്.

[illegible] രാജനെ വിളിച്ചുപറഞ്ഞു "[illegible], ഞാൻ പോട്ടെ, മനുഷ്യൻ ഒന്നു [illegible]"

[illegible] പറഞ്ഞു "[illegible] [illegible] തന്നതാണ് [illegible] [illegible] ജോലി കിട്ടില്ല എന്നു പറഞ്ഞൊക്കാൻ എന്തെ [illegible] ച്ചിരിക്കുന്ന [illegible]"

[illegible] അയാളുടെ [illegible] [illegible] അന്വേഷിച്ചു [illegible] അന്വേഷിച്ചു

"[illegible] പുറപ്പെട്ടേ"

"[illegible] ഉണ്ണ [illegible] പോരി"

[illegible] പുറകിൽ [illegible] പോകും ഇവ [illegible] കുളിച്ച്

വീട്ടിലേക്കു പോയിട്ടു ചെയ്യും? ജോലി അന്വേഷിക്കാതെ പറ്റില്ല. വീട്ടിൽ [illegible] കാര്യം [illegible] ജോലി പോകും എന്ന് അയാൾ ഓർത്തിരുന്നില്ല. അന്വേഷണം ജോലിപോകാതെ ചെയ്തു.

രണ്ടാഴ്ചയിലെ ഒരു ഹോട്ടലിലും ഇനി തനിക്കു ജോലി കിട്ടാൻ പോകുന്നില്ലെന്ന് അയാൾക്കറിയാം. യദുബാലുവേട്ടൻ ഒരിക്കൽ തന്നെ പണിക്കുവെക്കാൻ തയ്യാറായിരുന്നു. എന്നാൽ ഇപ്പോൾ ഭക്ഷണത്തിന്റെ അപരാധത്തിനു ലോക്കപ്പിൽ കിടന്നിട്ടുവരികയാണ്. ആരും തന്നെ ജോലിക്കു വെക്കില്ല.

താനറിയാതെതന്നെ ചുർണ്ണിയുടെ തീരത്തിലെത്തിയിരിക്കുന്നതായി രാജൻ കണ്ടു. അയാളുടെ ആ പ്രിയപ്പെട്ട മരത്തിന്റെ ചുവട്ടിൽ ചെന്നിരിക്കും. ഇരുന്നു ചിന്തിക്കും. ചിന്തിക്കാൻ ഒട്ടേറെ സംഗ

തികൾ ഉണ്ട്.

എന്നാൽ ഏതാണ്ടു രണ്ടു മണിക്കൂർ നദീതീരത്തിരുന്നു ചിന്തിച്ചിട്ടും ഒരു കാര്യത്തിനും ഉണ്ടായില്ല ഒരു തീരുമാനം. ഇന്നു രാത്രി സ്റ്റേഷൻ പ്ലാറ്റ്ഫാമിൽ കിടന്നു കഴിച്ചുകൂട്ടാം. പക്ഷേ നാളെയെന്തു ഗതി?

രണ്ടര രൂപയിൽനിന്നു രണ്ടു രൂപ വീട്ടിലേക്കയക്കണം. ടേംപി—പാവം ടേംപിയുടെ പശിയടക്കാൻ കഴിയാറില്ല അവളുടെയമ്മക്ക്.

അയാൾക്ക് ഇതു ചിന്തിക്കുമ്പോൾതന്നെ അസഹ്യമായി തോന്നുന്നു. ഇല്ല, നാളെത്തന്നെ തപാലിൽ രൂപ അയക്കണം. തപാൽ ചിലവു എട്ടണയിൽനിന്ന് എടുക്കണം. രണ്ടു രൂപ തികച്ചും വീട്ടിലെത്തണം.

സ്റ്റേഷൻ പ്ലാറ്റ് ഫാമിൽ രാത്രിയുടെ അന്തിമയാമത്തിലാണു ഹാജാരിയുടെ കണ്ണൊന്നടഞ്ഞത്. ഫരീദ്പൂർ ലോക്കലിന്റെ ഒച്ചകേട്ടു പുലർച്ചക്കു മുമ്പായിത്തന്നെ ഞെട്ടിയുണർന്നു. എന്നിട്ടും എഴുന്നേറ്റില്ല. ഇന്നു വലിയ അടുപ്പിൽ കൂറ്റൻ പാത്രങ്ങൾ കയറ്റിവെക്കുവാൻ ബദ്ധപ്പെട്ടെഴുന്നേൽക്കേണ്ടതായിട്ടില്ലല്ലോ. എഴുന്നേറ്റിട്ടെന്തു ചെയ്യാൻ?

വളരെ നേരം അയാൾ അതേപടി കിടന്നു. ഡൗൺഡാർജിലിങ്ങ് മെയിൽ വന്നു, പോയി. ബൻഗാവ് ലൈൻ ട്രെയിനും വിട്ടു. വെയിൽ വീശി, പ്ലാറ്റ്ഫാം വൃത്തിയാക്കാൻ തൂപ്പുകാർ എത്തി. മറ്റൊരു വണ്ടിക്കു കൈകൊടുത്തു-മൂർഷീദാബാദ്-ലാൽഗോല പാസെഞ്ചർ.

"ഏയ്, ആരാണിവിടെക്കിടന്നു തൂങ്ങുന്നത്? എണീറ്റു മാറൂ." തൂപ്പുകാരൻ ശാസിച്ചു. ഹാജാരിയെഴുന്നേറ്റു മൂരി നിവർന്നു പൈപ്പിന്നരികിൽ ചെന്നു മുഖം കഴുകി.

ഇനി എവിടേക്ക്? - എന്തുചെയ്യണം? കഴിഞ്ഞ ആറേഴുകൊല്ലമായി അയാൾ ഈവിധം ഒന്നും ചെയ്യാതെ കഴിച്ചുകൂട്ടിയ ദിവസം ഒന്നുംതന്നെയില്ല. പണി-പണി! എരിയുന്ന അടുപ്പത്തു പാത്രങ്ങൾ കയറ്റിവെക്കുക-അവിടന്നിറക്കുക, യജമാനനു ചായയ്ക്കു വെള്ളം തിളപ്പിക്കുക-ഇന്നാർക്കാണ് മാർക്കറ്റിൽപോകേണ്ട ഊഴമെന്നു നോക്കുക-കൂകലും വിളിയും, ശാസനയും തട്ടിക്കയറ്റവും, പത്മയേടത്തിയുടെ കലശലുകൂട്ടൽ-

നന്നായിരുന്നു. പത്മയേടത്തിയുടെ തോന്നിവാസം പറയലും ഇപ്പോൾ രസമായിത്തോന്നുന്നു. പത്മ ചീത്തയല്ല, ഇന്നലെ ഭക്ഷണം തന്നില്ലേ? പണം തന്നില്ലേ? രതൻ ഠാക്കൂറും നല്ലവനാണ്. അയാളുടെ ഭാഗിനേയനും കൊള്ളാം. എല്ലാവരും നല്ലവർ തന്നെ. രതനിന്റെ ആ ഭാഗിനേയൻ ടേംപിക്കു ചേർന്ന വരൻ രണ്ടുപേർക്കും നല്ല ചേർച്ച. ചെക്കനെ ഇഷ്ടമായി. ആകാശകുസുമം -നടക്കാത്ത മോഹം. ടേംപിക്കു ഭക്ഷണം കഴിച്ചു ജീവിക്കുവാൻ പറ്റിയ പരിത സ്ഥിതി ഉണ്ടായതിൽ പിന്നെയല്ലേ വിവാഹം?

കഴിഞ്ഞ ആറുവർഷമായി ഹാജാരിക്കു തുടങ്ങിയതാണ് ഒരു ദുശ്ശീലം. രാവിലെയും വൈകിയിട്ടും ചായ കുടിക്കണം. ഇന്നു ചായകുടിക്കണമെങ്കിൽ സ്വന്തം പണം ചിലവാക്കേണ്ടിവരും. അതുകൊണ്ട് ആ മോഹം അടക്കി.

പെട്ടെന്നാണ് കുസുമത്തിനെ ഒന്നു കണ്ടിട്ടുവേണം പോകാനെന്ന വിചാരം ഉണ്ടായത്. ആറേഴുനാളായല്ലോ അവളെ കണ്ടിട്ട്. മോഷണത്തിനു ജയിലിൽപോയ വിവരം ഒരുപക്ഷേ അവൾക്കു കിട്ടിക്കാണില്ല. ആരുണ്ടു പറയാൻ? ചായ അവിടന്നു കുടിക്കാൻ തരപ്പെട്ടേക്കും. കുസുമവുമായിട്ടു ഒന്നാലോചിക്കയും ചെയ്യാം-അയാൾക്ക് ഒന്നും തന്നെ പിടികിട്ടുന്നില്ല.

വാതിൽക്കൽ മുട്ടുകേട്ടു പുറത്തുവന്ന കുസുമം ഹാജാരിയെക്കണ്ടു അത്ഭുതപ്പെട്ടു "അല്ലാ, വലിയച്ഛൻ അല്ലേ? എന്താണീ സമയത്ത്? ഇത്രനാളും കണ്ടില്ല."

"വരൂ, അകത്തുചെന്നിരിക്കാം. ഒരുപാടു സംഗതികൾ പറയാനുണ്ട്."

കുസുമം നിലത്തു പായവിരിച്ചുകൊടുത്തു. ഹാജാരി അതിലിരുന്നിട്ടു പറഞ്ഞു "മോളേ, ചായ വേണം."

"ഇപ്പോഴുണ്ടാക്കിത്തരാം വലിയച്ഛാ, കുറച്ചിരിക്കൂ."

ചായമാത്രമല്ല, കൂട്ടത്തിൽ കുറച്ചു ഹൽവ ഒരു പ്ലേറ്റിൽ. ചായകുടിക്കുന്നതിനിടയ്ക്കു ഹാജാരി പറഞ്ഞു "മോളേ, എന്റെ പണിപോയി."

കുസുമം വിസ്മയത്തോടെ ചോദിച്ചു "എങ്ങനെ?"

"മോട്ടിച്ചുവെന്നും പറഞ്ഞ്."

"മോട്ടിച്ചു?"

"എന്നാണ് അവർ പറയുന്നത്. നാലഞ്ചുദിവസം സ്റ്റേഷനിലും കിടന്നു."

"സ്റ്റേഷനിൽ കിടന്നു? ശുദ്ധകളവ്!"

കുസുമം നിൽക്കുകയായിരുന്നു. അവൾ ഹാജാരിയുടെ മുമ്പിൽ അങ്ങനെ തന്നെ ഇരുന്നു. കൗതുകത്തോടും അവിശ്വാസത്തോടുമൊപ്പം അയാളുടെ മുഖത്തേക്കു നോക്കി.

"അല്ല കുസുമം, സത്യമായും ലോക്കപ്പിലായിരുന്നു. കളവല്ല, മോഷ്ടിച്ചുവെന്ന കുറ്റം ചുമത്തി-"

"ലോക്കപ്പിൽ കിടന്നിട്ടുണ്ടാവും വലിയച്ഛൻ. എന്നാൽ വലിയച്ഛൻ മോഷ്ടിച്ചിട്ടില്ല, ഒരിക്കലും മോഷ്ടിക്കയില്ല. മോഷ്ടിച്ചുവെന്നു പറയുന്നതാണ് കളവെന്നു ഞാൻ പറഞ്ഞത്."

"ഞാൻ മോഷ്ടിക്കയില്ലെന്നോ?"

"ഒരിക്കലുമില്ല, വലിയച്ഛാ! ഞാനറിയാത്ത ആളല്ലല്ലൊ, കാണാത്ത ആളല്ലല്ലോ വലിയച്ഛൻ."

"മോളേ, നിനക്കെന്നെ ഇത്ര വിശ്വാസമോ?"

കുസുമം മറ്റൊരിടത്തേക്കു മുഖം തിരിച്ചു മിണ്ടാതിരുന്നു. അവൾ കരച്ചിലടക്കുവാനുള്ള ശ്രമത്തിലാണെന്നു തോന്നി.

ഹാജാരി രക്ഷപ്പെട്ടു. കുസുമം ശരിക്കും തന്റെ പുത്രിതന്നെ. കുസുമം സംഭവം ഏതുനിലയിലാണ് ശ്രവിക്കുക എന്ന് അയാൾക്കു വലിയ ഭയമുണ്ടായിരുന്നു. താൻ കള്ളനാണെന്നു വിശ്വസിച്ചുപോയെങ്കിലോ? ലോ

കത്തിലെ ഏറ്റവും വലിയ ഒരവലംബം അവർക്കു നഷ്ടപ്പെട്ടുപോകും.

"വലിയച്ഛൻ ഇപ്പോൾ എവിടെനിന്നു വരുന്നു?"

"ഇന്നലെ രാത്രി സ്റ്റേഷനിൽ കിടന്നുറങ്ങി. നേരെ എവിടെപ്പോകാൻ? എണീറ്റു നേരെയിങ്ങോട്ടുപോന്നു. നിന്നെ ഒന്നു കാണണമെന്നു തോന്നി. ഒരു പക്ഷെ ഇനി എന്നൊരുനാൾ-"

"എങ്ങോട്ട് എവിടെപ്പോകാൻ പോണു?"

"എവിടെയെങ്കിലും ഒരാശ്രയം തേടണമല്ലോ. അല്ലാതെ പറ്റില്ലെന്നു നിനക്കും അറിയാവുന്നതുതന്നെ. നോക്കട്ടെ എന്താവുന്നുണ്ടാവുകയെന്ന്."

"ഇവിടെത്തന്നെ കൂടെ വല്ല കോട്ടയിലും-"

"മോഹനനത്തിന്റെ അവസാനത്തെ സ്ഥിതിക്കു ഇവിടെ ഒരു കൊട്ടാരമുണ്ടാ[illegible] തിരുത്തുകില്ല. നോക്കട്ടെ. ഒന്നു രണ്ടു സ്ഥലങ്ങൾ [illegible] എന്താണാലോചന. അവിടെ [illegible] കൊട്ടാരങ്ങൾ ഉണ്ട്. [illegible] നോക്കട്ടെ."

കുസുമം ഏതാനും നിമിഷം [illegible] പറഞ്ഞു: "ശരി. അതൊക്കെ പിന്നീടു നോക്കാം. ഇപ്പോൾ പോയി കുളിച്ചിട്ടുവാ എണ്ണയും [illegible]. അതിനു [illegible] ഇവിടെത്തന്നെ [illegible] വെച്ചു ആഹാരം കഴിക്കാം."

"വേണ്ട. [illegible] എന്തിനാ [illegible] എന്തിനാണ് [illegible] ഞാൻ ഇവിടെയിരുന്നു [illegible] കുറച്ചു [illegible] നിന്നോട് [illegible] അതിനാണു വന്നത്. എന്താണുവേണ്ടതെന്ന് [illegible] ച്ചിട്ട് ഒന്നും [illegible] പോരെങ്കിൽ [illegible]"

"ആലോചനകളൊക്കെ പിന്നെ. ഇവിടെനിന്നു ഒന്നും [illegible] ഞാനും ഇന്നു [illegible] പട്ടിണി-അതു [illegible] കുളി [illegible] എന്നിട്ട് അരി കഴുകിയിട്ടു. എനിക്കും [illegible] മക്കളുടെ വീട്ടിൽ [illegible]. അവർ [illegible] ഞങ്ങളെ [illegible] പറഞ്ഞയക്കുമെന്നു വിചാരിച്ചോ? മക്കളോട് [illegible] വാത്സല്യം?"

[illegible] ഇല്ലാതെ [illegible] കുളിക്കാൻപോയി - [illegible] വന്നപ്പോൾ കണ്ടു - [illegible] കെട്ടുന്ന [illegible] ഇരുന്നു [illegible] കൊണ്ട് അടുപ്പുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു [illegible]

"ഒരു [illegible] [illegible] വേണോ വലിയച്ഛാ?"

"ഒന്നും വേണ്ടാ, ഇന്ദുമതി."

അയൽവാർക്കുന്നതിനുമുമ്പ് ഒരു കുട്ടി. [illegible] വാതിൽക്കൽ [illegible] ആശ്ചര്യംകൊണ്ടു [illegible] വിളിച്ചു. അവന്റെ ഒരു കയ്യിൽ [illegible] എന്തോ

ക്കെയോ അങ്ങാടിസ്സാമാനങ്ങൾ. മറ്റേതിൽ ഒരു 'ഇലീശ്' മത്സ്യം തൂങ്ങിക്കിടക്കുന്നു.

"ലേശം നിൽക്കൂ വലിയച്ഛാ, മത്സ്യം നേരെയാക്കിക്കൊണ്ടു വരട്ടെ."

കുസുമത്തിന്റെ 'കുസൃതി'കൾ കണ്ടു ഹാജാരിക്കു സങ്കോചവും അപരാ ധബോധവും ഉണ്ടായി. അയലത്തെ ചെക്കനെ വിളിച്ചു കുസുമം എപ്പോഴാണ് ചന്തക്കോടിച്ചത്-ഓടിച്ചതോ ഓടിച്ചു-കുസുമം അതിദരിദ്രയാണ്. അവളെന്തിനാണ് ഇത്ര വലിയ മത്സ്യം വാങ്ങിപ്പിച്ചത്? കുട്ടിത്തം വിട്ടിട്ടില്ല. എന്നാണിനി കാര്യവിവരം ഉണ്ടാവുകയാവോ?

കുസുമം ഹാജാരിയുടെ പരിഭവം പറച്ചിൽ കണക്കിലെടുത്തില്ല. അവൾ പതുക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു "വലിയച്ഛൻ പാകം ചെയ്ത ഇലിശ് മീന്തിന്നാൻ എനിക്ക് ഒരുദിവസം കൊതി തോന്നിപ്പോയെങ്കിൽ അതിനിത്രയൊക്കെ ദേഷ്യപ്പെടാനുണ്ടോ, വലിയച്ഛാ!"

ഹാജാരി അപ്രസന്നതയോടെ പറഞ്ഞു "ഒക്കെ ശുദ്ധമേ കുട്ടികൾക്കു ചേർന്ന 'കാട്ടായ'ങ്ങൾ?"

ആഹാരാദികൾക്കുശേഷം ഹാജാരിക്കു വിശ്രമിക്കുവാനുള്ള ഏർപ്പാടു ചെയ്ത് കുസുമം അകത്തേക്കുപോയി. തലേന്നാൾ ഉറക്കം തീരെ സുഖമായിട്ടുണ്ടായിരുന്നില്ല. കിടന്ന ഉടൻ ഹാജാരി ഉറങ്ങി. ഉണർന്നപ്പോൾ നേരം അസ്തമിക്കാറായിക്കഴിഞ്ഞിരുന്നു.

കുസുമം മുറിയിലേക്കു കടന്നിട്ടു പറഞ്ഞു "ഇന്നലെ സ്റ്റേഷനിലെ ബഞ്ചിൽക്കിടന്നിട്ട് ഉറക്കം തീരെ ശരിയായില്ലെന്നു പറയാതെ അറിയാം. സുഖമായി ഉറങ്ങിയില്ലേ? ചായകൊണ്ടുവരാം. എഴുന്നേറ്റു മുഖംകഴുകിക്കോളൂ."

ചായയോടൊപ്പം എവിടെനിന്നെന്നറിഞ്ഞില്ല, കുസുമം ചൂടുള്ള ജിലേബിയും മുമ്പിൽകൊണ്ടുചെന്നുവെച്ചു. എത്ര പറഞ്ഞിട്ടും കൂട്ടാക്കിയില്ല. അവൾ പറഞ്ഞു "ആ വഴിത്തിരിവിലുള്ള ഹാരാൻ മയദയുടെ കടയിൽ ഈ സമയം നല്ല ചൂടോടെ ജിലേബി കിട്ടാറുണ്ട്. ചായയുടെ കൂടെ ചേരും. വെറും ചായ കുടിക്കയോ?"

ഇവളോട് ഈ അതിക്രമം തുടരുന്നതു യുക്തമല്ല. ഇന്നുതന്നെ ഇവിടന്നു മാറിക്കളയണം. ചായകുടി കഴിഞ്ഞു വെയിൽ ഒന്നുകൂടി ആറിയാൽ സ്ഥലം വിടാൻതന്നെ ഹാജാരി ഉറച്ചു.

കുസുമം വെറ്റില തെറുത്തുകൊണ്ടുവന്നു മുമ്പിൽ വെച്ചു അവിടെ നിലത്തിരുന്നു "ഇനിയോ? എന്താണു ഭാവം?"

"ഗോയാന്ധിയിൽ ചെന്നു ജോലിക്കു ശ്രമിക്കണം. പറഞ്ഞില്ലേ നേരത്തേ?"

"അവിടെ തരപ്പെട്ടില്ലെങ്കിലോ?"

"അപ്പോൾ കൽക്കട്ടയ്ക്കു കടക്കും. എന്നാലും നാട്ടുമ്പുറക്കാരനാണ്. നഗരങ്ങളിൽ നടന്നു ശീലമില്ല. എത്ര വലിയ നഗരം! താമസിച്ചിട്ടില്ലാത്തതുകൊണ്ടു പേടി തോന്നുന്നു."

"ഞാൻ പറയുന്നതു കേൾക്കാമോ വലിയച്ഛൻ."

"എന്താണു കേൾക്കട്ടെ."

"കേൾക്കാമെങ്കിലേ പറയുള്ളു."

"എന്റെ ആ പണ്ടം പണയംവെച്ചോ വിറ്റോ ഇരുനൂറുരൂപ കൊണ്ടുവന്നു തരാം. ആ തുകകൊണ്ടു ഹോട്ടൽ തുടങ്ങൂ. വലിയച്ഛന്റെ പാചകസാമർത്ഥ്യം നാടാകെ പ്രസിദ്ധമാണ്. ഹോട്ടൽ തുറന്നാൽ കാണാം എത്ര വേഗമാണ് വളരുന്നതെന്ന്. ഈ റാണാഘാടിൽതന്നെ തുടങ്ങണം, ആ ചക്കത്തിയുടെ ഹോട്ടലിന്റെ മുമ്പിൽ തന്നെ. പത്മ കണ്ണു കടിച്ചുകടിച്ചു ചാകട്ടെ. മോൾ പറയുന്നതു കേൾക്കൂ, വലിയച്ഛാ. മേൽഗതിയുണ്ടാകും. ഈ പ്രായത്തിൽ കണ്ടവന്റെ കീഴിൽ 'കടക്കൊള്ളിതള്ളാൻ' എന്തിനു നടക്കുന്നു?"

ഹാജാരിയുടെ കണ്ണിൽ ഇപ്പോൾ വെള്ളം പൊട്ടുമെന്ന ദിക്കായി. ഈ കുസുമമെന്ന യുവതിയുടെ സ്വഭാവം എത്ര അത്ഭുതകരം! സ്വന്തം മകൾതന്നെ! എന്നാൽ അവളുടെ ആഗ്രഹം നടക്കുവാൻ വിഷമം-പല കാരണങ്ങളാലും. കുസുമത്തിന്റെ പണംകൊണ്ടു റാണാഘാടിൽ ഹോട്ടൽ തുടങ്ങിയാൽ പലരും പല ചീത്തപ്പേരുകളും പറഞ്ഞു പരത്തും-രണ്ടുപേരെപ്പറ്റിയും. തനിക്കുപകാരം ചെയ്യാൻ പുറപ്പെട്ടിട്ടു നിരപരാധിനിയായ കുസുമം എന്തിനു ചീത്തപ്പേർ സമ്പാദിക്കണം? ആ'കുശുമ്പും കുനിഷ്ഠും' നിറഞ്ഞ ദാസി പത്മതന്നെയുണ്ടല്ലോ നൂറുകൂട്ടം നുണകൾ പറഞ്ഞു നടക്കാൻ?

അതുമല്ല, നഷ്ടംവന്നുവെന്നു വിചാരിക്കുക-(നഷ്ടം വരികയില്ലെന്നു ഹാജാരിക്ക് ഉറച്ചവിശ്വാസമുണ്ട്) അപ്പോൾ കുസുമത്തിന്റെ പണം പൊയ്പോകും. ഇല്ല, അതിന്റെയാവശ്യമില്ല.

"മോളേ കുസുമം, നിന്റെ പണം സ്വീകരിക്കവയ്യെന്ന് ഒരിക്കൽ പറഞ്ഞു കഴിഞ്ഞല്ലോ. വീണ്ടും എന്തിനതു പറയുന്നു? എനിക്ക് ഈ വണ്ടിക്കു തന്നെ ഗോയാഡിക്കു പോകണം. പുറപ്പെടട്ടെ."

കുസുമം തലനിലത്തു മുട്ടിച്ചു നമസ്കരിച്ചുകൊണ്ടു പറഞ്ഞു "ശരി, എന്നാൽ വാക്കു തന്നിട്ടുപോകൂ. ഗോയാഡിയിൽ ജോലി കിട്ടിയില്ലെങ്കിൽ വീണ്ടും തിരിച്ച് എന്റെയടുക്കൽതന്നെ വരാമെന്ന്."

"നിന്റെയടുക്കലോ മോളേ? എന്തിന്?"

"വന്ന് എന്റെ പണം വാങ്ങണം. ഹോട്ടൽ തുടങ്ങണം. ആ തുക വലിയച്ഛന്റെ ഹോട്ടലിനായി നീക്കിവെച്ചിരിക്കുന്നു. ഇതു പറയുന്നതു വലിയച്ഛന്റെ മാത്രം നന്മയക്കുവേണ്ടിയാണെന്നു ധരിക്കണ്ട. എനിക്കുമുണ്ട് ഇതിൽ സ്വാർത്ഥം. എന്റെ പണം വലിയച്ഛന്റെ കയ്യിലിരിക്കയാണെങ്കിൽ എനിക്കും കിട്ടും രണ്ടുകാശ്. പാവപ്പെട്ട ഒരു പെണ്ണിന് ഉപകാരമാവില്ലേ, അത്?"

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "ശരി, വാക്കുതരുന്നു, എന്നാൽ ഞാനിപ്പോൾ വരട്ടെ മോളേ! നിനക്കു മംഗളമുണ്ടാകട്ടെ!"

"മകളെ മറക്കാതിരിക്കൂ."

"നീയും വൃദ്ധനായ വലിയച്ഛനെ മറക്കല്ലെ."

"അയ്യേ, എന്റെ വലിയച്ഛനോ വൃദ്ധൻ?"

"അല്ലേ, പത്തു നാല്പത്താറുവയസ്സായിട്ടു കിഴവനായില്ല?"

"കണ്ടാൽ തോന്നില്ലല്ലോ, വയസ്സായാൽ മതിയോ? ശരി ഇനിപോയിട്ടു വരൂ."

"ശരി, മോളേ!"

ഹാജാരി ഭാണ്ഡമെടുത്തു പുറപ്പെട്ടു. കുസുമം അയാളെ പൊതുനിരത്തു വരെ അനുഗമിച്ചു.

റാണാഘാടിൽനിന്നു പുറത്തുകടന്ന് ഹാജാരി കാൽനടയായി ചാക്ദയെ ലക്ഷ്യമാക്കി പുറപ്പെട്ടു. ആദ്യം തന്നെ തപാലാപ്പീസിൽ ചെന്നു രണ്ടു രൂപ വീട്ടിലേക്കു മണിയാർഡർ ചെയ്യാനായിരുന്നു വിചാരം. എന്നാൽ അവിടെ ചെന്നപ്പോൾ മണിയാർഡർ എടുക്കുന്ന സമയം കഴിഞ്ഞുപോയിരുന്നു.

മണിയാർഡർ അയക്കാൻ തരപ്പെടാതെ പോയതിൽ പിന്നീട് അയാൾ ഭഗവാനോടു നന്ദി പറഞ്ഞു. ചാക്ദക്കു പോകുന്ന വഴിക്കുള്ള തേക്കിൻ കാട്ടിലെത്തിയപ്പോഴേക്കു സന്ധ്യയായി. ഒരു തേക്കിൻ ചോട്ടിൽ രണ്ടു കാളവണ്ടികൾ നിന്നിരുന്നു. ചിലർ വണ്ടിയിൽ നിന്നിറങ്ങി ഭക്ഷണം പാകം ചെയ്യാനുള്ള ഒരുക്കങ്ങൾ. വരുന്ന വെളുത്തവാവിനു ഗംഗാസ്നാനം പ്രമാണിച്ചുകൂടുന്ന മേളയിൽ കച്ചവടം നടത്താൻ പോകുന്ന കൂട്ടരാണെന്നു അന്വേഷണത്തിൽനിന്നും ഹാജാരിക്കു മനസ്സിലായി. ഹാജാരി അവരുടെ കൂടെക്കൂടി.

രാത്രി ആഹാരാദികൾ കഴിഞ്ഞു എല്ലാവരും അവിടെത്തന്നെ കിടന്നുറങ്ങി. പീടികക്കാരന്റെ പേർ പ്രിയനാഥ് ധർ. ജാതിയിൽ സുവർണ വണിക്ക്. മേളകളിൽ ചെന്നു കൗതുകവസ്തുക്കൾ വിൽക്കുകയാണ് തൊഴിൽ. ഹാജാരി ആരാണെന്നു ചോദിച്ചറിഞ്ഞ ധർ ഒരു നിർദ്ദേശം കൊണ്ടു വന്നു. മേള നടക്കുന്ന സമയം തങ്ങൾക്കു വളരെയധികം പണിത്തിരക്കുണ്ടാവും. അതുകൊണ്ടു ഹാജാരി തങ്ങൾക്കു മേളക്കാലത്തു ഭക്ഷണം പാകം ചെയ്തുതരികയാണെങ്കിൽ ആ നാളുകളിലെ ആഹാരവും പോരാറാവുമ്പോൾ രണ്ടുരൂപയും നൽകാം.

പ്രിയനാഥ് ധരിന്നു മൂന്നാണു കടകൾ. ഒന്ന് അയാൾ നേരിട്ടു നടത്തുന്നത്. മറ്റൊന്ന് ജാമാതാവ് നടത്തുന്നു. മൂന്നാമത്തേത് ഭ്രാതൃപുത്രനും. കുറഞ്ഞശമ്പളത്തിന് ഒന്നാന്തരം ഒരു പാചകാചാര്യനെത്തന്നെയാണു തങ്ങൾക്കു കിട്ടിയതെന്ന് ഹാജാരിയുടെ ആദ്യത്തെ ദിവസത്തെ രന്ധനം കൊണ്ടു തെളിവുസഹിതം ബോധ്യമായി.

എന്നാൽ ഉത്സവസ്ഥലത്തെത്തിയപ്പോൾ ഭക്ഷണം പാകം ചെയ്യുന്നതിനെക്കാൾ ആദായകരമായ മറ്റൊന്നു തന്നെ പ്രതീക്ഷിച്ച് അവിടെ നിൽക്കുന്നതായി ഹാജാരി കണ്ടു. അയാൾ മൈദയും ആട്ടയും മറ്റും വാങ്ങി

ക്കൊണ്ടുവന്നു വെളിച്ചെണ്ണപ്പലഹാരങ്ങൾ ഉണ്ടാക്കി ധറിന്റെ കടയുടെ അടുക്കൽ തന്നെയിരുന്നു വില്പന തുടങ്ങി. പണച്ചിലവില്ലാതെ 'കചുരി' (ഒരു ജാതി പരിപ്പുവട) തിന്നാമല്ലോ എന്ന 'ലാക്കു' കണ്ടിട്ട് ധർ വിരോധം പറഞ്ഞില്ല.

കുറെനാൾ കച്ചവടം ഒന്നാന്തരമായി നടന്നു. മൂലധനം മുമ്പിലത്തെ ആ രണ്ടുരൂപ. പിന്നീട് ഉപഭോക്താക്കൾ വർദ്ധിച്ചതുകാരണം ഹാജാരി ധറിനോടു കുറച്ചു പണം മുൻകൂർ വാങ്ങി.

മേള അവസാനിച്ച ദിവസം സന്ധ്യക്കു പീടികക്കാർ കെട്ടുകെട്ടാൻ തുടങ്ങി. മുൻകൂർ വാങ്ങിയ പണം തിരിച്ചുകൊടുത്തശേഷവും തന്റെ പക്കൽ പതിമൂന്നര രൂപ നീക്കിയിരിപ്പുണ്ടെന്നു ഹാജാരി കണ്ടു. പുറമേ ധർ കൊടുക്കാമെന്നേറ്റിരുന്ന രണ്ടു രൂപ കൂടിയായപ്പോൾ പതിനഞ്ചര.

പ്രിയനാഥ് ധർ പറഞ്ഞു "ഠാക്കൂർ മശായി, നിങ്ങളുടെ പാചക വൈദഗ്ദ്ധ്യം അന്നു മരച്ചോട്ടിൽവെച്ച് ആദ്യമായിക്കണ്ടപ്പോൾ ഇത്ര കേമമാണെന്ന് ധരിച്ചില്ല. ഞാൻ അത്ര വലിയ ആളൊന്നുമല്ല. വീട്ടിൽ സ്ത്രീകൾ തന്നെയാണ് അടുക്കളപ്പണിക്ക്. ഇല്ലെങ്കിൽ വിടുകയില്ലായിരുന്നു."

വീട്ടിലേക്ക് പത്തുരൂപ മണിയാർഡർ ചെയ്ത ശേഷമേ ഹാജാരിക്ക് ആശ്വാസമായുള്ളു. ഇനി കുടുംബകാര്യങ്ങളെ ചിന്തിച്ച് കുറെ നാളേക്കു വിഷമിക്കാനില്ല. അതിനിടക്ക് എന്തെങ്കിലും ഒരു വഴിയാവും, ഇല്ലാതെ വരില്ല.

കാളിഗഞ്ജിൽനിന്ന് യശോരിലേക്കുള്ള നിരത്തിൽക്കൂടെ അയാൾ നടത്തം തുടങ്ങി. ഈ നിരത്തിനിരുവശവും കാടും പടലുമാണ് അധികവും. മുമ്പ് ഇവിടെ ഗ്രാമങ്ങളുണ്ടായിരുന്നു. മലേറിയ വരുത്തിവെച്ച കൊടും കെടുതികാരണം എല്ലാം ജനശൂന്യമായി. പാടശേഖരങ്ങളും പുരയിടങ്ങളും ക്രമേണ കാടുകയറി നശിച്ചു.

രാവിലെ കാളിഗഞ്ജിൽനിന്നു പുറപ്പെട്ട ഹാജാരി ഉച്ചയായതോടെ ഒരു പഴയ പുളിമരത്തിന്റെ ചോട്ടിലെത്തി വിശ്രമിച്ചു. കുറച്ചകലെ ഒരു ചെറിയ കർഷകഗ്രാമം. ഒരു ചെറിയ കുട്ടി പശുവിനെ ഓടിച്ചുകൊണ്ടുപോകുന്നു. അവനോടു ചോദിച്ചപ്പോൾ ഗ്രാമത്തിന്റെ പേർ നരുൻ പാഡ എന്നാണെന്നു മനസ്സിലായി. ഇടയന്മാരാണ് ഗ്രാമവാസികളിൽ അധികവും.

ഹാജാരി ഗ്രാമത്തിൽ കടന്നു ആദ്യംകണ്ട വയ്ക്കോൽ മേഞ്ഞ പുരയുടെ മുറ്റത്തു ചെന്നുനിന്നു. വീട്ടുകാരെയാരെയും കാണാനില്ല. ഒരുവശത്തു വലിയ പശുപ്പുര. അനേകം കാളകളും പശുക്കളും അരിഞ്ഞിട്ട വയ്ക്കോൽ തിന്നുന്നു.

ഒരു പെൺകുട്ടി പുറത്തേക്കുവന്നു. ഹാജാരി അവളെ വിളിച്ചുപറഞ്ഞു: "കുട്ടി, വീട്ടിനകത്ത് ആരുണ്ട്?"

കുട്ടി പേടിച്ച് അകത്തേക്ക് ഒറ്റ ഓട്ടം കൊടുത്തു.

ഏതാണ്ട് അരമണിക്കൂർ നേരത്തെ കാത്തുനില്പിനുശേഷം ഗൃഹനാഥൻ പുറത്തേക്കു വരുന്നതു കാണാറായി. പേർ ശ്രീചരൺ ഘോഷ്. അയാൾ

ഹാജാരിയെ കേമമായി സൽക്കരിച്ചിരുത്തി. ഉച്ചസമയമായിക്കഴിഞ്ഞിരുന്നു അതിനാൽ ഉണ്ണാൻ ക്ഷണിച്ചു. പുരയ്ക്കകത്തുനിന്ന് ഒരു ചെറിയ പീഠവും തൊട്ടിയിൽ വെള്ളവും കൊണ്ടുവന്നുവെച്ചു.

അവരും പശുപ്പുരയുടെ ഒരു അറ്റത്താണ് ഭക്ഷണം പാകം ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുത്തത്. അവിടെയിരുന്നു ഭക്ഷണം പാകം ചെയ്യവേ അയാൾക്കു പെട്ടെന്നു മനസ്സിൽ കുസുമം തെളിഞ്ഞുവന്നു. കുസുമവും അന്നു പശുപ്പുരയിൽതന്നെയാണ് ആഹാരം പാകം ചെയ്യാനൊരുക്കുകൂട്ടിക്കൊടുത്തത് അവളും ഇടയപ്പെണ്ണാകുന്നു.

അതേ കാരണത്താൽ തന്നെയാവണം-ഇക്കൂട്ടർ ഇടയരാണെന്ന് അറിഞ്ഞതുകൊണ്ടു തന്നെയാവണം-ഹാജാരി ഇവരുടെ വീട്ടിലേക്കു വന്നത്. മനസ്സിനുള്ളിലിരിക്കുന്ന നിഗൂഢമായ ഏതോ ഒരാകർഷണമാവണം അയാളെ ഇവിടെയെത്തിച്ചത്. പെട്ടെന്ന് അയാൾ ആശ്ചര്യത്തോടെ പശുപ്പുരയുടെ വാതിൽക്കലേക്കു നോക്കി.

ഏറെ പ്രായമില്ലാത്ത ഒരു പെൺകുട്ടി മുഖം പകുതി മൂടിയമട്ടിൽ ചേലത്തുമ്പു തലവഴിയിട്ട്, പശുപ്പുരയിലേക്കു കടന്നു നിന്നു പരുങ്ങിത്തുടങ്ങി. അവളുടെ കയ്യിൽ പച്ചക്കറികൾ ഉണ്ടായിരുന്നു. അതിപ്പോൾ നുറുക്കിക്കഴുകി കൊണ്ടു വരികയാണെന്ന് അതു പൊതിഞ്ഞിരുന്ന ഇലയിൽനിന്നു വീണിരുന്ന വെള്ളത്തുള്ളികൾ വ്യക്തമാക്കി. ഹാജാരി എത്രയും കാര്യമായി പറഞ്ഞു "വരൂ മോളെ, വരൂ എന്താണ് ഇലയിൽ."

പെൺകുട്ടി ലജ്ജയാൽ തലകുനിച്ചു ചിരിച്ചുകൊണ്ടു പറഞ്ഞു "പച്ചക്കറികൾ. ഇവിടെ വയ്ക്കട്ടെ?"

പെൺകുട്ടിക്കു കുസുമത്തിനേക്കാൾ പ്രായം കുറവാണ്. പെട്ടെന്ന് അകാരണമായ സ്നേഹത്താൽ ഹൃദയം നിറഞ്ഞു. അയാൾ പറഞ്ഞു "വെക്കൂ മോളേ, അവിടെ വെക്കൂ."

കുറച്ചു കഴിഞ്ഞു പെൺകുട്ടി വീണ്ടും മുറിയിലേക്ക് ഏതാനും ചക്കക്കുരുവുമായി പ്രവേശിച്ചു. ഇത്തവണ അവളുടെ സങ്കോചം വളരെയധികം വിട്ടുമാറിയിരുന്നു, അച്ഛൻെറ പ്രായംവരുന്ന ശാന്തനും പ്രൗഢനുമായ ഈ ബ്രാഹ്മണൻെറ മുമ്പിൽ സങ്കോചം ഭാവിക്കേണ്ടതില്ലെന്ന് അവൾക്കു തോന്നിയിരിക്കണം.

അവൾ പറഞ്ഞു "ചക്കക്കുരു ഇഷ്ടമാണോ?"

"ഇഷ്ടമാണ് കുട്ടി! പക്ഷേ ഒന്നു ചതച്ചുതരണം. ഞാൻ പരിപ്പുവേവിച്ചെടുക്കുകയാണ്. എപ്പോഴാണ് ഒന്നു ചതച്ചെടുക്കുക?"

പെൺകുട്ടി ഒരു കൽചട്ടിയിലാണ് ചക്കക്കുരു കൊണ്ടുവന്നത്. അവൾ അതു താഴെവെച്ചു ഓടിപ്പോയി ഒരു അമ്മിപ്പിള്ള എടുത്തുകൊണ്ടുവന്നു ചക്കക്കുരു ചതക്കുവാൻ തുടങ്ങി. ഹാജാരിയുടെ മനസ്സ് സ്നേഹാർദ്രമായി. ഇവരെല്ലാവരും സ്വന്തം മക്കളെപ്പോലെതന്നെ. എല്ലാവരും സ്നേഹിക്കുന്നു. ശുശ്രൂഷിക്കുന്നു, ഹൃദയവേദന അറിയുന്നു.

ഹാജാരി വല്ലതും പറയുന്നതിനു മുമ്പായി അവൾ പറഞ്ഞു "നിങ്ങളുടെ ഗ്രാമത്തിൽ ഞാൻ എത്രയോ തവണ പോയിരിക്കുന്നു."

ഹാജാരി അത്യാശ്ചര്യത്തോടെ ചോദിച്ചു "എൻെറ ഗ്രാമം എവിടെയാണെന്നു നീയെങ്ങനെയറിഞ്ഞു? നീയവിടെയെന്തിനുപോയി?"

"ഗംഗാധർഘോഷ് ഞങ്ങളുടെ ചിറ്റപ്പനാണ്."

"അല്ലാ! നീ ജീവനൻെറ സഹോദരീപുത്രിയാണല്ലേ? അപ്പോൾ നീ കുസുമത്തിനെ അറിയും?"

"കസുമച്ചേച്ചിയെ അവരുടെ വിവാഹത്തിനുമുമ്പു പലതവണ കണ്ടിട്ടുണ്ട്. അതിനുശേഷം പിന്നെ കണ്ടിട്ടില്ല. അവർ ഈയിടെ എവിടെയാണെന്നറി യാമോ?"

"അവൾ റാണാഘാടിൽ ശ്വശുരഗൃഹത്തിൽ താമസിക്കുന്നു. അതാണ് എനിക്കു നിന്നോടു മകളോടെന്നപോലെ സ്നേഹം. കസുമം എൻെറ മകൾ തന്നെ."

പെൺകുട്ടി ചക്കക്കുരു ചതക്കൽനിർത്തി സാരിത്തുമ്പു കഴുത്തിൽ ചുറ്റി നമസ്കരിച്ചു.

"വരൂ മോളേ, ചിരഞ്ജീവിയാകൂ, സാവിത്രീതുല്യയാകൂ."

പെൺകുട്ടി ചിരിച്ചുകൊണ്ടു പറഞ്ഞു-"നിങ്ങൾ മുറ്റത്തു വന്നുനിന്നപ്പോൾതന്നെ, കണ്ട ഉടൻ എനിക്ക് ആളെ മനസ്സിലായി. ഞാൻ ശ്വശ്രുവിനോടു ചെന്നു പറഞ്ഞു. എൻെറ ചിറ്റമ്മയുടെ നാട്ടുകാരനാണു വന്നിരിക്കുന്നതെന്ന്. അപ്പോൾ അവർ ശ്വശുരനെ കാര്യം ധരിപ്പിച്ചു."

"നന്നായി മോളേ, നന്നായി, വരാം ഞാൻ. ഇടക്കു വരാം. എനിക്ക് ഒരു മകളും കൂടിയായി. അവളെയും ഇടക്കുവന്നു കണ്ടിട്ടുപോകാറായി. നന്നായി."

പെൺകുട്ടി സലജ്ജം പറഞ്ഞു "പക്ഷേ ഇന്നു ഞാൻ പോകാൻ സമ്മതിക്കില്ല. ഇന്നിവിടെ താമസിക്കണം."

"ഇല്ല മോളേ, അതു സാധ്യമല്ല."

"അതു പറ്റില്ല. പോകൂ, കാണട്ടെ, പോകുന്നത്. എനിക്കു ബലം പ്രയോഗിക്കാൻ പറ്റില്ലെന്നു വിചാരിക്കുന്നുണ്ടോ?"

"നിശ്ചയമായും നിനക്കു കഴിയും മോളേ! പക്ഷേ എൻെറ മനസ്സിനു സമാധാനമില്ല. സ്വസ്ഥതവന്നാൽ ഒരു ദിവസം വന്നു രണ്ടുനാൾ താമസിച്ചിട്ടു പോകാം. പോരേ?"

പെൺകുട്ടി ഹാജാരിയുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി ചോദിച്ചു "എന്തേ, എന്തുപറ്റി വലിയച്ഛന്?"

ഹാജാരിയുടെ സ്വതേ ദുർബലമായ ഹൃദയം സഹതാപഗന്ധം വീശിയപ്പോൾ തന്നെ അലിഞ്ഞുപോയി. അയാൾ തൻെറ ജോലി പൊയ്പോയതിൻെറ ചരിത്രം വിവരിച്ചു കേൾപ്പിച്ചു. പരിപ്പിറക്കിവെച്ച് 'ചച്ചഡി' പാകം ചെയ്യാനുള്ള ഒരുക്കവും ഇതിനിടയ്ക്കു ചെയ്തു. തൻെറ കഴിവിൽ തോന്നിയ അഭിമാനം അയാൾക്കു മറച്ചുവെക്കാൻ കഴിഞ്ഞില്ല.

"ഞാൻ പാകം ചെയ്യുന്നതിനു തുല്യം, എന്റെ മോളേ, ഞാൻ ഇരട്ടിച്ചു പറയുകയാണെന്നു ധരിക്കരുത്-റാണാഘാടിലെ ഒരു ഹോട്ടലിലെയും ഒരൊറ്റ പാചക ബ്രാഹ്മണനും പാകം ചെയ്യാനാവില്ല. ഇപ്പോൾ തന്നെ മോളേ, ഞാനുണ്ടാക്കുന്ന ഈ 'ചച്ചഡി' നിങ്ങൾക്കും രുചിക്കാൻ തരുന്നുണ്ട്. ഞാനുറപ്പിച്ചു പറയാം, ഇങ്ങനെയൊന്നു രുചിച്ചിട്ടുണ്ടാവില്ല, ഇനിയുണ്ടാവുകയുമില്ല"

പെൺകുട്ടി വിസ്മയത്തോടും ബഹുമാനത്തോടും മുഗ്ദ്ധദൃഷ്ടികൾ ഉയർത്തി ഹാജാരിയെ നോക്കി, അയാൾ പറയുന്നതു കേൾക്കയായിരുന്നു. അവൾ പറഞ്ഞു "എന്നാൽ എന്നെയും പഠിപ്പിക്കണം, വലിയച്ഛാ!"

"ഒരുദിവസംകൊണ്ടു ചെയ്യാവുന്നതല്ല, അത്. പഠിപ്പിച്ചാലും പഠിക്കാൻ വിഷമമുണ്ടാവും. നിന്നെ പറ്റിക്കണമെന്ന് എനിക്കു തീരെ മോഹമില്ല, മോളേ! ഒന്നു രണ്ടു ദിവസം കൊണ്ടു പഠിക്കാൻ കഴിയുമോ, ഇതൊക്കെ?"

"ഇത്ര കേമമാണു വലിയച്ഛന്റെ 'ചമയ'മെങ്കിൽ വലിയച്ഛനു ജോലിയെപ്പറ്റി ആധിയെന്തിന്? നല്ല ശമ്പളം തന്നു പണിക്കുവെക്കുവാൻ എത്രയോ പണക്കാരുടെ കുടുംബങ്ങൾ മുന്നോട്ടുവരുമല്ലോ."

"അദൃഷ്ടം മോശമാവുന്ന സമയത്ത് എത്ര ശ്രമിച്ചാലെന്താണു മോളേ! കയ്യിൽ പണമുണ്ടായിരുന്നെങ്കിൽ വല്ല ദിക്കിലും നടന്നു ശ്രമിച്ചുനോക്കാം എങ്ങനെയതിനു കഴിയും? കയ്യിലുള്ള ചില്ലാനം തീർന്നുവരുകയല്ലേ?"

"എത്ര പണം വേണ്ടി വരും?"

"എന്തിന്? നീ തരാൻ ഭാവമുണ്ടോ?"

"തന്നാൽ?"

"തന്നാൽ വാങ്ങാൻ വിഷമമുണ്ട്. കുസുമം തരാൻ ഭാവിച്ചതായിരുന്നു. വാങ്ങിയില്ല. നിങ്ങൾ പെൺകുട്ടികൾ. നാലണ, എട്ടണയായി ശേഖരിച്ചു സൂക്ഷിക്കുന്ന കൈമുതൽ-അതിൽനിന്നു വല്ലതും വാങ്ങി ചേതം വരുത്താൻ എനിക്കു തീരെയില്ല മോഹം."

"ശരി, പണം കടം തരാമെന്നുവെച്ചാലോ? വലിയച്ഛനോടു ഞാൻ ഉള്ളതു പറയാമല്ലോ. അമ്മതന്ന കുറച്ചു പണം ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഇവിടെ സൂക്ഷിക്കാൻ നിവൃത്തിയില്ല. ഒരുകാര്യം പറയട്ടേ?"

അവിടെയും ഇവിടെയും നോക്കി സ്വരം താഴ്ത്തി പറഞ്ഞു "എന്റെ ഭർത്തൃസഹോദരിയും ദേവരഭാര്യയും നല്ല കൂട്ടത്തിലല്ല. അറിയേണ്ട താമസം, വാങ്ങിക്കൊണ്ടുപോകും. ഞാൻ പണം കടം തരാം. എന്തു പലിശതരും കേൾക്കട്ടെ."

ഈ പലിശക്കൊതിച്ചിയും ശുദ്ധഗതിക്കാരിയുമായ യുവതിയുടെ നേരേ ഹാജാരിയുടെ പ്രൗഢഹൃദയത്തിൽ എന്തെന്നില്ലാത്ത കരുണയും മമതയും ഉദിച്ചു. അയാൾ ഈ രസമുള്ള രംഗം നീട്ടിക്കൊണ്ടുപോകാൻ വേണ്ടി പറഞ്ഞു "പണം വെറുതെയങ്ങു തരികയോ, മോളേ? എന്നെ എങ്ങനെ വിശ്വസിക്കും?"

"വിശ്വസിച്ചില്ലെങ്കിൽ ഇത്തരം ഇടപാടു നടത്താനാവുമോ? പോരെങ്കിൽ

വലിയച്ഛൻ എനിക്കറിയാവുന്ന ആളല്ലേ? വലിയച്ഛൻെറ നാടറിയാം; വീടറിയാം."

"അറിഞ്ഞാൽ മതി? വല്ലതും എഴുതി വാങ്ങുകയും ഒന്നും വേണ്ടേ? എത്ര തരാമെന്നുണ്ട്?"

"എൻെറ പക്കൽ എൺപതു രൂപയുണ്ട്. എല്ലാം തരാമെന്നുണ്ട്. എത്രതരും പലിശ?"

"എത്ര വേണം?"

"തരുന്നതെന്തും. ഉറുപ്പികയ്ക്കു രണ്ട് പൈസ റേററ്. വലിയച്ഛൻ ഒന്നു തന്നാൽ മതി. എങ്ങനെ? ഞാൻ കാലുപിടിക്കാം. വലിയച്ഛാ! പണം ഞാൻ എൻെറ ട്രങ്കിൽ വേറെയെടുത്തുവെച്ചിരിക്കയാണ്. ആർക്കും അറിയില്ല. കൊണ്ടുവന്നു തരാം. എൻെറ പണം രക്ഷിച്ചുതരൂ. ആരെ വിശ്വസിച്ചു കൊടുക്കും? വാങ്ങിയാൽ തരാതിരുന്നാലോ?"

"എഴുതിത്തരുന്ന കാര്യമെന്താണു പറയാത്തത്?"

"എനിക്കു എഴുത്തും വായനയും അറിയില്ല, എന്തെഴുതി വാങ്ങും? വലിയച്ഛനുവേണമെങ്കിൽ വല്ലതും എഴുതിത്തന്നേക്കൂ. പക്ഷേ, അതുകൊണ്ട് ആളുകൾ അറിഞ്ഞുവശാവും. അതൊന്നും വേണ്ട. വലിയച്ഛൻ കൊണ്ടുപോകൂ ഞാൻ തരുന്നു. അതോടെ തീർന്നു കാര്യം. അതിലും വലിയതായി എന്തെഴുതിത്തരൽ?"

ഇതിനിടയ്ക്ക് ആഹാരം എല്ലാം തയ്യാറായിക്കഴിഞ്ഞിരുന്നു. പെൺകുട്ടി ഒരു പാത്രത്തിൽ പാൽകൊണ്ടുവന്നുവെച്ചിട്ടു പറഞ്ഞു "തീയൊന്നു കത്തിച്ചു പാൽ ചൂടാക്കിയിട്ട് ഉണ്ണാനിരിക്കൂ, നേരം എത്രയായെന്നാണു വിചാരം?"

ഊണുകഴിഞ്ഞു. ഹാജാരി പറഞ്ഞതു കളവായിരുന്നില്ല. ഇടയകുടുംബത്തിലെ സകലപേരും ഒരേ സ്വരത്തിൽ പറഞ്ഞു "ഇത്ര ഒന്നാന്തരം വിഭവങ്ങൾ രുചിക്കാൻ കിട്ടുന്ന കാര്യം പോകട്ടെ, വെറും നിസ്സാരവസ്തുക്കൾകൊണ്ട് ഈ വിധം രുചികരമായ ഭക്ഷണം പാകം ചെയ്യുമെന്നു കേട്ടിട്ടു പോലുമില്ല."

കുറച്ചുനേരം വിശ്രമിച്ച് ഹാജാരി വെയിലാറാറായപ്പോൾ പോകാനൊരുങ്ങി. ഒരിക്കൽക്കൂടി പെൺകുട്ടിയെ കാണണമെന്ന് അയാൾക്കുണ്ടായിരുന്നു. നാട്ടിൻപുറങ്ങളിൽ പെൺകുട്ടികൾക്കു കർശനമായ പർദ സമ്പ്രദായം ഇല്ലെന്ന് അയാൾക്കറിയാം. വിശേഷിച്ചും ബ്രാഹ്മണ-കായസ്ഥകുടുംബങ്ങളൊഴിച്ച്, മറ്റു കുടുംബങ്ങളിൽ. അവളെ അയാൾക്കു വളരെയധികം ഇഷ്ടമായി വിശേഷിച്ചും പണത്തിനെപ്പറ്റി അവളോട് ഒരിക്കൽക്കൂടി സാസാരിക്കണമെന്ന് അയാൾക്കു തോന്നി. ഇതിനിടെ അയാളുടെ മസ്തിഷ്ക്കത്തിൽ എന്തോ ഒരു വിചാരം സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു. കുസുമവും ഈ പെൺകുട്ടിയും അയാൾക്കു പണം കൊടുക്കുകയാണെങ്കിൽ വളരെനാളായുള്ള തൻെറ സ്വപ്നം സഫലമാക്കാൻ കഴിയും. ഇവരുടെ പണം അയാൾ നഷ്ടപ്പെടുത്തുകയില്ല. എന്നല്ല വളരെയേറെ വർദ്ധിപ്പിച്ച് അവർ

ക്കു തിരിച്ചുകൊടുക്കും. ഉണ്ണാനിരുന്ന സമയം ഇതൊക്കെയായിരുന്നു അയാൾക്കുണ്ടായ ആലോചന.

അവരുടെ വീട്ടിൽനിന്ന് പൊതുനിരത്തിലെത്തണമെങ്കിൽ ഒരു കുളത്തിന്റെ വക്കിൽകൂടെ നടക്കണം. അവിടെ ഒരു കൂറ്റൻ പുളി, അതിന്റെ ചുവട്ടിൽ വളർന്നു തഴച്ച പലജാതി പാഴ്ചെടികളുടെ പൊന്തക്കാട്, കടന്നു പോകുമ്പോൾ ആരെങ്കിലും പതുങ്ങിയിരിപ്പുണ്ടെങ്കിൽ അറിയാൻ പ്രയാസം. കുളക്കടവു കടന്നു നടന്നു തുടങ്ങിയപ്പോൾ പെട്ടെന്ന് പുളിച്ചോട്ടിൽ പെൺകുട്ടി നിൽക്കുന്നതു കണ്ടു.

''പോവുകയായോ വലിയച്ഛൻ?''

''ഉവ്വ്. നീയെന്താണിവിടെ കാട്ടണത്?''

''വലിയച്ഛൻ ഈ വഴിക്കു പോകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ. ചിലതു പറയാനുണ്ട്. വലിയച്ഛനുണ്ടാക്കിയ ചച്ചഡി വളരെ പിടിച്ചു. ഞങ്ങളും ഭക്ഷണം പാകംചെയ്യാറുണ്ട്. ഗുണദോഷങ്ങളറിയാം. ഒരു സാധനം ഭക്ഷിച്ചുനോക്കിയാൽ. ഇങ്ങനെയൊരു ഭക്ഷണം മുമ്പു സ്വാദു നോക്കിയിട്ടില്ല. പിന്നെയൊന്നു പറയാനുള്ളത് എന്റെ പണത്തിന്റെ കാര്യം. അതേപ്പറ്റി എന്തു തീരുമാനിച്ചു? പെൺകുട്ടികൾ ശ്വശുരഗൃഹക്കാരേക്കാൾ ഏറെ വിശ്വസിക്കുക അച്ഛന്റെ ഗ്രാമക്കാരെയാണെന്ന് അറിയാവുന്നതാണല്ലോ, ഇക്കൂട്ടർ ആ പണം കയ്യിൽ കിട്ടിയാൽ രണ്ടുദിവസം കൊണ്ടു തിന്നുമുടിക്കും.''

''പണം എനിക്ക് ഇപ്പോൾ വാങ്ങാൻ നിവൃത്തിയില്ല മോളേ! എന്നാൽ ഞാൻ ഇനിയും വരും ഈ വഴിക്ക്. വീണ്ടും നിന്നെ വന്നു കാണും. അന്നു പണത്തിനാവശ്യമുണ്ടാവും. അന്നു വാങ്ങിക്കോളാം.''

''എത്രനാളുകൾക്കുള്ളിൽ വരും?''

''അതിപ്പോൾ പറയാൻ വിഷമം. രണ്ടുമാസം എന്നു കൂട്ടിക്കോളൂ. പൂജ കഴിഞ്ഞ് (ദുർഗ്ഗാപൂജ) കാർത്തിക ആഗ്രഹായണമാസത്തോടേതാണ്ടുടുപ്പിച്ച് നിന്നെക്കാണാമെന്നു വിചാരിക്കുന്നു.''

''തീർച്ചയല്ലേ?''

''തീർച്ച! ഇനി പൊക്കോളൂ, എന്റെ ഓമനക്കൊച്ചു മോൾ! സാവിത്രീസമമാവും നീ. നിനക്ക് എന്നും എന്നും നല്ലതും വരട്ടെയെന്ന് ഞാൻ ആശീർവദിക്കുന്നു.''

നേരംപോയിത്തുടങ്ങി. ഹാജാരി വഴിയിലിറങ്ങി നടന്നു. ഇടയഭവനത്തിലെ എല്ലാവരും തന്നെ ഇന്നത്തെക്കഴിഞ്ഞുപോയാൽ മതിയെന്ന് പറഞ്ഞതായിരുന്നു. വിശേഷിച്ചും പെൺകുട്ടി. പക്ഷേ തങ്ങാൻ തരമില്ല. എന്തെങ്കിലും ഒരു വഴിയാകുംവരെ മനസ്സിനു സ്വസ്ഥതയുണ്ടാവില്ല.

പെൺകുട്ടിയുടെ സ്വഭാവം ആശ്ചര്യകരംതന്നെ. ഒന്നുമറിഞ്ഞുകൂടാത്തവളാണ്, കുസുമത്തിനെപ്പോലെ ബുദ്ധിമതിയല്ല. എന്നാലും നല്ലകുട്ടി.

നിരത്തിനിരുവശത്തും ക്രമേണ കാടും പടലും കൂടിക്കൂടിവന്നു. വഴി

നദീയാ ഡിസ്ട്രിക്ടിൽനിന്ന് യശോറിനോടടുക്കുംതോറും കാടു വർധിച്ചു കൊണ്ടേവന്നു. പല സ്ഥലങ്ങളിലും എത്തിയപ്പോൾ പകൽ നേരം തന്നെ നരിയുടെ വായിൽ പെടേണ്ടിവരുമോ എന്നു ഹാജാരിക്കു ഭയമായി. അത്ര ഇടതൂർന്ന കാടായിരുന്നു അവിടെയൊക്കെ.

സന്ധ്യക്കു മുമ്പായി തന്നെയെത്തി, ബേലേബസാറിൽ. മുമ്പ്, റെയിൽ ലയിൻ വരും മുമ്പ്, ബേലേബസാർ, വലിയ ഒന്നുതന്നെയായിരുന്നു. ഹാജാരി അയാളുടെ നാട്ടിലെ പ്രായം ചെന്നവർ പറയുന്നതു കേട്ടിട്ടുള്ളതാണ്. ഇപ്പോഴും കിഴക്കൻ ദിക്കുകളിൽനിന്ന് ചാക്ദഹ് ഭാഗത്തുകൂടി ഒഴുകുന്ന ഗംഗയുടെ തീരത്ത് ശവം സംസ്കരിക്കാൻ വളരെപ്പേർ വരുന്നുണ്ട്. അവരെക്കൊണ്ടാണ്. ഇന്ന് ഈ ബസാർ നിലനൽക്കുന്നത്.

ഹാജാരിക്കു ബേലേബസാറുകണ്ടപ്പോൾ ആശ്വാസമായി. അയാൾ കൗതുകത്തോടെ നാലുപാടും നോക്കിത്തുടങ്ങി. കുട്ടിക്കാലം തൊട്ടേ കേൾക്കാൻ തുടങ്ങിയ സ്ഥലം, ഇപ്പോഴെ കാണാൻ കഴിഞ്ഞിട്ടുള്ളു. ഒന്നാന്തരം സ്ഥലം. അപ്പോൾ ഇതാണ് ബേലേ! ഹാജാരിയുടെ ഒരു അമ്മാവൻെറ മകൻ വിവാഹം കഴിച്ചത് യശോറിൽ നിന്നായിരുന്നു. അയാളുടെ വൃദ്ധശ്വശ്രൂ മരിച്ചപ്പോൾ ശവവുംകൊണ്ട് ചാക്ദഹിലേക്കു പോകും വഴി ഇവിടെയെത്തിയപ്പോൾ പ്രേതബാധയുണ്ടായത്രേ. ഇത് അമ്മാവൻെറ മകൻ തന്നെ പറഞ്ഞിട്ടുള്ള കഥയാണ് പലവട്ടം.

ഹാജാരി കടകൾ നോക്കിക്കൊണ്ടു ചുറ്റിനടന്നു. എല്ലാംകൂടി ഒൻപതു കടകൾ. അരിയും ഉപ്പും മറ്റു സാമാനങ്ങളും തുണിയും ഒക്കെ എല്ലാ കടകളിലും കിട്ടും. അയാൾ ഒരു കടക്കാരനോടു പറഞ്ഞു ''ഒന്നു പുകവലിക്കാൻ തരുമോ മശായി!''

''നിങ്ങൾ?''

''ബ്രാഹ്മണൻ.''

''നമസ്ക്കാരം, ഠാക്കൂർ മശായി! എവിടെക്കാണാവോ യാത്ര? വരൂ, ഇരിക്കൂ. ആരവിടെ? ബ്രാഹ്മണന് പുകക്കുഴലിലെ വെള്ളം കളഞ്ഞ് വേറെ വെള്ളമൊഴിച്ചുകൊണ്ടുവന്നു കൊടുക്കൂ.''

പീടിക ആരുടേതാണെന്ന് ഹാജാരിക്കറിയാൻ കഴിഞ്ഞില്ല. ഒരു ഭാഗത്ത് അലിഞ്ഞ ശർക്കരയുടെ ടിന്നുകൾ തൊട്ട് അരിവരെയുള്ള പല സാധനങ്ങളും ചേർത്തു ചേർത്തു വെച്ചിരിക്കുന്നു. മറ്റൊരിടത്ത് വലിയ വലിയ കെട്ടുകൾ. പീടികക്കാരൻ വൃദ്ധൻ. പ്രായം അറുപത്തഞ്ചിനും എഴുപതിനും ഇടക്ക്. മെലിഞ്ഞു രോഗം പിടിച്ച മട്ടിലുള്ള ദേഹം കഴുത്തിൽ മാല.

''എടുക്കൂ, ഠാക്കൂർ മശായി! ഇഷ്ടപോലെയിരുന്നു വലിക്കൂ. എവിടെക്കാണു യാത്രയാവോ?''

''പണിയന്വേഷിച്ചുപുറപ്പെട്ടതാണ്.'' റാണാഘാടിലെ ഒരു ഹോട്ടലിൽ ഏഴുകൊല്ലം നിന്നു, ബേചുചക്കത്തിയുടെ ഹോട്ടലിൽ. പേർ കേട്ടിരിക്കുമെന്നു വിചാരിക്കുന്നു. നല്ല ഊണിനു പേർ കേട്ടത്. പക്ഷേ പണി പോയി.

പണിയന്വേഷിച്ചു പുറപ്പെട്ടതാണ് ഈ വഴിക്ക്. വല്ലതും കിട്ടിയാൽ ആയല്ലോ.''

കടക്കാരൻ മുമ്പത്തേക്കാൾ ആദരവോടെ ഇപ്പോൾ ഹാജാരിയെ നോക്കാൻ തുടങ്ങി. വെറും നാട്ടിൻപുറക്കാരൻ, പൂജക്കാരൻ ബ്രാഹ്മണനല്ല റാണാഘാട് പോലുള്ള റെയിൽ ബസാറിൽ വലിയൊരു ഹോട്ടലിൽ ആറേഴു കൊല്ലം പണിയെടുത്ത ആളാണ്. അതും നല്ല പേരോടെ പാചകവൃത്തി-എന്നെല്ലാം കണ്ടു, കേട്ടു, എന്തെല്ലാം വലിയ വലിയ ആളുകളുമായി കൂടിക്കലർന്നു. ഇല്ല-ഇയാൾ താൻ വിചാരിച്ചിരുന്നമട്ടിൽ ചില്ലറക്കാരനല്ല.

ഹാജാരി പറഞ്ഞു ''ഇരുട്ടിത്തുടങ്ങി. രാത്രി കഴിച്ചുകൂട്ടാൻ ഒരിടം പറഞ്ഞു തരുമോ?''

പീടികക്കാരൻ അതിസന്തോഷത്തോടെ പറഞ്ഞു ''അതിനെന്ത്? ഇവിടെത്തന്നെയാകാമല്ലോ. ഇതിന്റെ പിറകിൽ നല്ലൊരു പുരയുണ്ട്, അവിടെ ഒരു മരക്കട്ടിലുണ്ട്. പുരയിൽ ഭക്ഷണം പാകംചെയ്തു കട്ടിലിൽ കിടന്നു സുഖമായുറങ്ങാം.''

സംഭാഷണത്തിനിടക്കു ഹാജാരി ചോദിച്ചു ''ശരി, ഇവിടെ ഒരു ദിവസം എത്രപേർ വരും ഗംഗയാത്രക്കാർ?''

''ബേലേബസാറിന്റെ ആ നാളൊക്കെ പോയി. പണ്ട് എട്ടുപത്തു സംഘക്കാർ-ഓരോ സംഘത്തിലും എട്ടുപത്തുപേർ-ഒരുദിവസം വന്നിരുന്നു. ഇപ്പോൾ മിക്ക ദിവസവും ആരുമില്ല, ചില ദിവസം മൂന്ന്. കൂടിയാൽ നാലും കഴിഞ്ഞു. പണ്ട് ആളുകളുടെ കയ്യിൽ പണമുണ്ടായിരുന്നു. ശവം സംസ്കരിക്കാൻ ഗംഗയിലേക്കുകൊണ്ടുവന്നിരുന്നു. ഇന്നു കാശില്ല ആരുടെ കയ്യിലും. പുഴവക്കത്തോ, തോട്ടുവക്കത്തോ, ചാലിന്റെ വക്കത്തോ കഴിച്ചുകൂട്ടും ശവശംസ്കാരം.''

ബേലേബസാറിൽ ഒരു ചെറുഹോട്ടൽ തുടങ്ങിയാലോ എന്നായിരുന്നു ഹാജാരിക്കാലോചന. മൂന്നു സംഘം ഗംഗായാത്രക്കാരിൽ ആകെ മുപ്പതു പേരുണ്ടാവുമെങ്കിൽ ഉണ്ണാൻ മുപ്പതുപേരായി. നിത്യം മുപ്പതുപേർ വീതം ഊണിനുണ്ടായാൽ മാസാമാസം ചിലവെല്ലാം കഴിച്ചും അമ്പതറുപതു രൂപ ലാഭിക്കാം. ഇനി ആളുകൾ ഇരുപതോ പതിനഞ്ചോ പത്തുതന്നെയോ ആയാലും കണ്ടവന്റെ ദാസ്യത്തെക്കാൾ ഭേദം. പരന്റെയടിമത്തം കൊണ്ടു നേടിയിരുന്നതെന്ത്? മാസംതോറും ഏഴുരൂപയും നിത്യവും ശകാരത്തിൽ കുളിയും. പിന്നെ ഏതു നേരവും പണി പോയേക്കുമോ എന്ന പേടിയും. പത്തു പേരെങ്കിലും നിത്യവും ഉണ്ണാനുള്ള ഒരു ഹോട്ടലായാൽ മാസത്തിൽ പന്ത്രണ്ടോ പതിമൂന്നോ രൂപയെങ്കിലും ലാഭമുണ്ടാകാതെ വരില്ല.

പിറ്റേദിവസം എഴുന്നേറ്റു ഹാജാരി ഗോപാൽനഗരം നോക്കി തിരിച്ചു. കയ്യിൽ പണം വേണ്ടുവോളം. അഞ്ചുരൂപ-ചിന്തയ്ക്കിടമില്ല. തലേന്നാൾ പീടികക്കാരൻ ഭക്ഷണം പാകംചെയ്യാനുള്ള ഏർപ്പാടുചെയ്തുകൊടുക്കാൻ പുറപ്പെട്ടതായിരുന്നു. ഹാജാരി സമ്മതിച്ചില്ല. അയാൾതന്നെ പണം കയ്യിൽ നി

ന്നെടുത്തു.

ഉച്ചവെയിൽ മൂത്തുവരികയാണ് നിർജനമായ മാർഗ്ഗം. ഇടയ്ക്കിടക്ക് ഇരു വശത്തും വൻകാടുകൾ, ഇടയ്ക്ക് ഒഴിഞ്ഞ വെളിമ്പറമ്പുകൾ. ആൾപാർപ്പു ള്ള ഇടങ്ങൾ കാണ്മാനേയില്ല, ഇടയ്ക്ക് ഒന്നു രണ്ടു കൃഷകഗ്രാമങ്ങളൊഴി കെ. രണ്ടുമണിക്കൂർ തുടർച്ചയായി നടന്നപ്പോൾ ദാഹം തുടങ്ങി. കുറച്ചക ലെ ഒരു കുളം കണ്ട് അതിൻെറ വക്കിൽ ഇരിക്കാൻ പുറപ്പെട്ടപ്പോഴേക്ക് ഒരു കാളവണ്ടി കുളക്കരയിലുള്ള മൺനിരത്തിൽകൂടെ വരുന്നതു കണ്ടു. അയാൾ വണ്ടിക്കാരനെ വിളിച്ചു ചോദിച്ചു "അടുത്തെങ്ങാനും വല്ല ഗ്രാമവുമുണ്ടോ മൂപ്പരേ! കുറച്ചു വെള്ളം കുടിക്കണമെന്നുണ്ട്. ബ്രാഹ്മണൻ."

വണ്ടിക്കാരൻ പറഞ്ഞു "എൻെറ കൂടെ വരൂ, ഠാക്കൂർ മശായി! അടുത്തു തന്നെയാണു ഛീനഗർ (ശ്രീനഗർ) സിംലേ. ഞാൻ ഒരു ബ്രാഹ്മണകുടും ബത്തിലേക്കാണു പോകുന്നത്. അവരുടെ വണ്ടി. വണ്ടിയിൽ കയറിക്കോളൂ."

ഹാജാരി ശ്രീനഗർസിംലേഗ്രാമത്തിൻെറ പേർ കേട്ടിട്ടുണ്ട്. വണ്ടി ഗ്രാമത്തി ലേക്കു കടന്നപ്പോൾ, അതു ഗ്രാമവും മറ്റുമല്ല, വെറും കാടാണെന്ന് അയാൾ കണ്ടു. നേരം ഇത്രയൊക്കെയായിട്ടും ഗ്രാമത്തിലേക്കു സൂര്യപ്രകാശം കടന്നി ട്ടില്ല. മാവും പ്ലാവും ഉള്ള പഴയ തോട്ടം. ഇല്ലിക്കൂട്ടം, മുൾച്ചെടിക്കാട്.

ഒരു ഗൃഹസ്ഥഭവനത്തിൻെറ ഉമ്മറത്തു കാളവണ്ടിനിന്നു. വണ്ടിക്കാര ൻെറ വിളികേട്ടു വീട്ടുകാരൻ പുറത്തേക്കുവന്നു. മലമ്പനി പിടിച്ചു ശീർണ്ണമാ യ മുഖം, തലയിൽനിന്നു മുടി മിക്കതും കൊഴിഞ്ഞു-വയസ്സു മുപ്പതുമാവാം, അമ്പതുമാവാം. അയാൾ വണ്ടിക്കാരൻെറയടുത്തു ഹാജാരി നിൽക്കുന്നതു കണ്ട് ചോദിച്ചു "ആരാണു കൂടെ?"

അവൻ പറഞ്ഞു "അതോ, ഇങ്ങോരു മുദിയുടെ കുളക്കരയിൽ ഇരിക്കയാ യിരുന്നു. വെള്ളം കുടിക്കണമെന്നു പറഞ്ഞു. അപ്പോൾ എൻെറ കൂടെ പോ രാൻ ഞാനും പറഞ്ഞു. എൻെറ യജമാനനും ബ്രാഹ്മണനാണ്. അവിടന്നു വെള്ളം കുടിക്കാമെന്നുവെച്ചു കൂടെ കൊണ്ടുവന്നു."

ഗൃഹനാഥൻ മുന്നോട്ടുവന്നു ഹാജാരിയെ നമസ്കരിച്ചിട്ടു പറഞ്ഞു "വരൂ, വരൂ, ഇരുന്നു കുറച്ചു വിശ്രമിക്കൂ. ആരാവിടെ? ചണ്ഡീമണ്ഡപത്തിലെ (ദുർ ഗ്ഗയെ വെച്ചു പൂജിക്കുന്ന ഇടം) മരക്കട്ടിലിൽ ഒരു പായ വിരിക്കൂ! വരൂ!

ഈ മാതിരിയുള്ള കുഗ്രാമങ്ങളിൽ ആതിഥ്യത്തിനു യാതൊരു കുറവും ഉണ്ടാവില്ല. അരമണിക്കൂർ കഴിഞ്ഞപ്പോഴേക്ക് ഹാജാരി കൈകാൽ കഴുകിയി രുന്നു അപ്പോൾമാത്രം തെങ്ങിൽനിന്നു പൊട്ടിച്ചെടുത്ത ഇളനീർ കുടിച്ചു തളർച്ച തീർത്തു പ്രസന്നതയോടെ പുകവലിക്കാൻ തുടങ്ങി.

ഗൃഹനാഥൻെറ പേർ ബിഹാരിലാൽബാഡുയ്യേ. ജീവിതത്തിൽ പണി ഒരിക്കലും എടുത്തിട്ടില്ല. വേണ്ടത്ര നെല്ല്, പശുക്കളുണ്ട്, കുളത്തിൽ മീനുണ്ട്, മാന്തോട്ടവും പ്ലാവിൻ തോട്ടവുമുണ്ട്. സംഭാഷണത്തിനിടയ്ക്ക് ഇതൊക്കെ ഗൃഹനാഥൻതന്നെ പറഞ്ഞു, ഹാജാരിയോട്.

ബിഹാരിബാഡുയ്യേ അയാളോട് പറയുകയുണ്ടായി "ശ്രീനഗർ സിംലേ

വലിയ ഗ്രാമമായിരുന്നു. കേഷ്ടനഗർ രാജാക്കന്മാരുടെ പൂർവികരുടെ രാജധാനി. കാട്ടിനു നടുക്ക് രാജാക്കന്മാരുടെ കോട്ട കാണാം. പഴയ ഇഷ്ടികകൾകൊണ്ടുള്ള മതിൽകെട്ടുണ്ട്. ഒക്കെ കാട്ടിത്തരാം വൈകുന്നേരം. അതു വയ്യ, ഇന്നുതന്നെ പോകയോ? രണ്ടുദിവസം താമസിക്കൂ. എനിക്കു നിങ്ങളുടെ കാരണവന്മാരുടെയൊക്കെ ആശീർവാദം കൊണ്ട് ഒന്നിനും കുറവില്ല. പക്ഷേ മനുഷ്യരുടെ മുഖം കാണാൻ മാത്രമില്ല, യോഗം, അതാണു മഹാകഷ്ടം. കുട്ടിക്കാലത്തു കണ്ടതായി നല്ല ഓർമ്മയുണ്ട്-പത്തുമുപ്പതു ബ്രാഹ്മണകുടുംബങ്ങളുണ്ടായിരുന്നു. ഇപ്പോൾ ആകെ ഏഴു വീടുകൾ-അതിൽ തന്നെ രണ്ടു കൂട്ടർ പന്ത്രണ്ടുമാസവും വിദേശത്ത്. നിങ്ങളുടെ താമസം എവിടെയാണെന്നു പറഞ്ഞു?"

"അതോ? ഏസോശോലയിൽ, ഗാംനാപൂരിലിറങ്ങി കറച്ചുനടക്കണം."

"അപ്പോൾ നിങ്ങൾ ഞങ്ങടെ നാട്ടുകാരൻതന്നെ എന്നു പറയൂ. ഇങ്ങോട്ടു പോരൂന്ന് താമസിക്കാൻ. ഭൂമിതരാം പുരവെക്കാൻ, പാടംതരാം കൃഷിക്ക് ഇവിടെനിന്നെങ്ങും പോകണ്ട."

ഹാജാരി ഞെട്ടിവിറച്ചുപോയി തുലഞ്ഞു! ഈ കൊടുംകാട്ടിൽ താൻ താമസിക്കാൻ വരികയോ? ഇനി അതിനും എഴുതിയിട്ടുണ്ടോ തലയിൽ? അതും കൂടിയേവേണ്ടു! എന്നാൽ, നഗരത്തിൽ താമസിച്ചിരുന്ന ഹാജാരി നഗരത്തിലെ കളകോലാഹലങ്ങളും പണിത്തിരക്കുമാണ് ഇഷ്ടപ്പെട്ടിരുന്നത്. ഇക്കാട്ടിൽ വന്നു സമാധിയടയുകയോ? അതു വൃദ്ധനാകുമ്പോൾ ആലോചിക്കാം. നാല്പത്തിയാറു വയസ്സായി തനിക്ക്. എന്നാലും തന്റെ നാളുകൾ എണ്ണപ്പെടാറായിട്ടില്ല. ഇനിയുമുണ്ട് നല്ല താങ്ങുംതടിയും. അതിനും പുറമേ ഹോട്ടൽ പണിയറിയാം. ഒരു ഹോട്ടൽ തുറക്കാൻ സാധിച്ചാൽ തനിക്കു പത്തു വയസ്സെങ്കിലും കുറയും. ചെറുപ്പക്കാരനാവും. കൃഷിയെപ്പറ്റി തനിക്കെന്തറിയാം?

ഹോട്ടൽകാര്യം ഹാജാരി ഇവിടെ പറഞ്ഞില്ല. അയാൾക്കറിയാം-ഹോട്ടൽക്കാരൻ ബ്രാഹ്മണനാണെന്നു പറഞ്ഞാൽ പലരും പുച്ഛരത്തോടെയാണു നോക്കുക. വിശേഷിച്ചും, ഇത്രയും പരിഷ്കാരമില്ലാത്ത ഈ നാട്ടിൻപുറങ്ങളിൽ.

ശ്രീനഗരിൽ ഹാജാരിക്കു തീരെ രസം തോന്നിയില്ല. ഈ പടുകാടിൻേറയും ശുദ്ധശൂന്യതയുടേയും നടുക്ക് അയാൾക്കു ശ്വാസം മുട്ടി. അതിനാൽ വെയിൽ താഴാൻ തുടങ്ങിയപ്പോൾതന്നെ അയാൾ ഗ്രാമത്തിനു വെളിയിലെത്തി രക്ഷപ്പെട്ടെന്ന ഭാവത്തോടെ നെടുവീർപ്പിട്ടു. ഇരുപതേക്കർ നിലം കൃഷിക്കു തരാമെന്നു പറഞ്ഞാലും ഈ ഗ്രാമത്തിലേക്കു ഞാനില്ലപ്പോ! മനുഷ്യരാരെങ്കിലും പാർക്കുമോ ഇവിടെ? മനുഷ്യരെപ്പോലുള്ള നാലുപേരുടെ മുഖം കാണാൻ കൊതിക്കേണ്ടി വരുമല്ലോ ഇവിടെ? പണിയില്ല, തൊഴിലില്ല. കുഴിമടിയനെപ്പോലെ കുത്തിയിരുന്നുകൊള്ളുക, പത്തായത്തിലെ നെല്ലെടുത്തു കുത്തി തിന്നുക-നശിക്കാൻ വേറെ വല്ലതും വേണോ? ഇതെന്തൊരു കാടെൻറപ്പോ!

വഴിവക്കിൽ ഒരാൾനിന്നു വിറകുകീറുന്നു. ഹാജാരി ചോദിച്ചു "ഈ വഴി ചെന്നാൽ ഏതു ബസാറിലാണെത്തുക, മൂപ്പരേ!"

ആ മനുഷ്യൻ ഒരിക്കൽ അയാളുടെ നേരെ തലപൊക്കി നോക്കി-പിന്നെ പറഞ്ഞു "നിങ്ങൾ സിംലേ നിന്നായിരിക്കും?"

"അതെ."

"അവിടെ നിങ്ങൾക്കു ബന്ധുക്കളുണ്ടെന്നു തോന്നുന്നു, നിങ്ങൾ?"

"ബ്രാഹ്മണൻ."

"നമസ്കാരം! എവിടെക്കാണു പോകേണ്ടത്?"

ഹാജാരിക്കറിവുള്ളതാണ്. ഈ ജാതി കുഗ്രാമങ്ങളിലെ ആളുകൾ വേണ്ടാത്ത ഓരോന്നു ചോദ്യം ചെയ്തു ശല്യപ്പെടുത്തുക പതിവാണ്, അതവരുടെ സ്വഭാവമാണ്. ഹാജാരിയും പണ്ട് ഇങ്ങിനെയായിരുന്നു. എന്നാൽ റാണാഘാടിൽ ഇത്രകാലം പണിയെടുത്തു താമസിച്ചതിൻെറ ഫലമായി അയാൾ ഒരു കാര്യം മനസ്സിലാക്കി. അപരിചിതരോട് ഇത്തരം ചോദ്യങ്ങൾ അരുത്, എന്നല്ല ചോദിച്ചാൽ അവർ ചൊടിക്കയും ചെയ്യും. ഹാജാരി ഇപ്പോഴത്തെ ചോദ്യകർത്താവിൽനിന്നു പിടിവിടുവിക്കുവാൻ ഒന്നു രണ്ടു ചോദ്യങ്ങൾക്കു ചുരുക്കത്തിൽ ഉത്തരം പറഞ്ഞശേഷം ചോദിച്ചു "ഇനി വരുന്ന ബസാർ ഏതാണു, മൂപ്പരേ!"

"നേരെ നടന്നാൽ ഗോപാലനഗരത്തെ വലിയങ്ങാടിയായി. ഒന്നു രണ്ടു ക്രോശം (ക്രോശം = 8000 മുഴം) കൂടി നടക്കണം."

ഗോപാലനഗരത്തിൻെറ പേർ ഹാജാരിക്കു സുപരിചിതമാണ്. ആ പ്രദേശങ്ങളിലെ ഏറ്റവും വലിയ ഗഞ്ജ് (വ്യാപാരകേന്ദ്രം) ആകുന്നു അത്.

ഉച്ചഭക്ഷണം കുറച്ചധികമായിപ്പോയിരുന്നു. ഇനി രാത്രി ഉണ്ടില്ലെങ്കിലും വിരോധമില്ല. കിടക്കാനിടമേ വേണ്ടു. അതിനാൽ ഹാജാരിയുടെ മനസ്സ് പൂർണ്ണമായും നിശ്ചിന്തമായിരുന്നു. കഴിഞ്ഞ ഏതാനും നാളുകളായി അയാൾ പുതിയ ഒരു ജീവിതമാണു നയിച്ചുവരുന്നത്. രാവിലേ എഴുന്നേൽക്കേണ്ട തിരക്കില്ല. പത്മയുടെ പുലഭ്യമില്ല. ബേചു ചക്കത്തിയുടെ മുമ്പിൽ ചെന്നുനിന്ന് അങ്ങാടിക്കണക്കു ബോധിപ്പിക്കേണ്ട. പത്തുസേർ കൽക്കരി കത്തുന്ന അടുപ്പിൻെറ കൊടും ചൂടിലിരുന്നു പുലർച്ച തൊട്ടുച്ചവരെയും, സന്ധ്യതൊട്ട് അർധരാത്രി വരെയും അത്യധ്വാനം ചെയ്യേണ്ട.

വഴിവക്കിൽ ഒരു മരച്ചുവട്ടിൽ പഴുത്ത വില്വഫലം കിടക്കുന്നതുകണ്ടു ഹാജാരി അതു കയ്യിലെടുത്തു; അടുത്ത ദിവസം രാവിലെ തിന്നാം.

എല്ലാം നല്ലതുതന്നെ. എന്നാലും ഹാജാരിക്ക് ഈ തെണ്ടി നടത്തം ഇഷ്ടമല്ല. എന്താണീ ചുറ്റിതിരിയലിന്നർത്ഥം? ജോലി കിട്ടിയാൽ നന്നായിരുന്നു. ഇല്ലെങ്കിൽ ഈവിധം എത്രനാൾ കഴിഞ്ഞുകൂടും? ഒരു മാസം പോലും ഇല്ല. അയാൾക്ക് വേണ്ടതു പണിയാണ്. പണിയെടുക്കാൻ അയാൾക്ക് മടുപ്പില്ല. അയാൾ ആഗ്രഹിക്കുന്നതു കർമ്മനിരതതയാണ്, രണ്ടു പൈസ ഉപാർജിക്കണം, പേരു വേണം, ഉന്നതി വേണം.

ഗോപാല നഗരത്തിലെത്തിയപ്പോഴേക്കു നേരം പോയി, വലിയ അങ്ങാടി. അനേകം ചെറുതും വലുതുമായ കടകൾ. നല്ലൊരു വ്യവസായകേന്ദ്രം തന്നെ. ഹാജാരി ഒരു വലിയ തുണിക്കടയുടെ മുമ്പിലുള്ള കുഴൽക്കിണറിൽ നിന്നു മുഖവും കാലും കഴുകി. അടുത്തുതന്നെ ഒരു കാളീക്ഷേത്രം. അമ്പലനടയിലിരുന്നു ഹുക്ക വലിക്കുന്നത് അവിടത്തെ പുരോഹിതനാവും. ഒന്നു തനിക്കും വലിക്കാമെന്ന മോഹത്തോടെ ഹാജാരി അടുക്കൽ ചെന്നു നിന്നു പറഞ്ഞു''ഒന്നു വലിച്ചാൽ കൊള്ളാമെന്നുണ്ട്.''

''നിങ്ങൾ?''

''ബ്രാഹ്മണൻ.''

''വരൂ, ദാ, പിടിച്ചോളൂ.''

''നിങ്ങൾ അമ്പലത്തിലെ ശാന്തിക്കാരനായിരിക്കും?''

''അതെ. നിങ്ങൾ എവിടന്നാണ്?''

''എന്റെ വീട് ഗാംനാപുറിന്നടുത്ത് എഡോശോലയിൽ. ദേഹണ്ണപ്പണി അറിയാം. ജോലിതിരക്കി നടക്കുന്നു. ഇവിടെ ആർക്കെങ്കിലും അരിവെയ്പുകാരനെ ആവശ്യമുണ്ടാവുമോ?''

''ആ വലിയ തുണിക്കടയിൽ ഒന്നന്വേഷിച്ചുനോക്കൂ. അവർ വലിയ ആളുകളാണ്. അവരുടെ വീട്ടിൽ അരിവെയ്പുകാരുണ്ടാവും. ബാബുവിന്റെ അനുജന്റെ കല്യാണം വരുന്നുണ്ട്. അവർക്കു കൂടുതൽ പണിക്കാരെ വേണ്ടിവന്നേക്കും. അവർ 'തേലി' ജാതിക്കാരണ്. ഈ മാർക്കറ്റിലെ ഏറ്റവും വലിയ കച്ചവടക്കാർ, പണം വേണ്ടത്ര ''

ഹാജാരി കടയിൽ കയറിയപ്പോൾ കറുത്തു ചീർത്ത മുഖമുള്ള ഒരു വിദ്വാനുണ്ട് പണപ്പെട്ടിക്കു മുമ്പിലിരിക്കുന്നു. പീടികയുടമ അയാൾ തന്നെയെന്ന് ഇനി ഒരാൾ പറയേണ്ട ആവശ്യമില്ല. ഹാജാരി കടന്നു ചെല്ലുന്നതു കണ്ട് അയാൾ പറഞ്ഞു ''വരൂ, വരൂ, എന്താണു വേണ്ടത്? അപ്പുറത്തേയ്ക്ക് ചെല്ലൂ. ഏയ്! ഇയാൾക്കെന്താണു വേണ്ടതെന്നു നോക്കൂ.''

ഇതും പറഞ്ഞ് അയാൾ പീടികയുടെ അപ്പുറത്തു വളരെപ്പേർ തിരക്കിട്ട പണിയെടുക്കയും ''കൊള്ളകൊടുക്ക'' നടത്തുകയും ചെയ്യുന്ന ഭാഗത്തേക്ക് ചൂണ്ടിക്കാട്ടി.

ഹാജാരി പറഞ്ഞു ''ബാബൂ, ആവശ്യം നിങ്ങളെക്കൊണ്ടായിരുന്നു. ഞാൻ അരിവെയ്പുകാരനാണ്-ബ്രാഹ്മണൻ. ബാബുവിനു വേലക്കാരെ ആവശ്യമുണ്ടെന്നു കേട്ടു അതാണ്.''

''ഓഹോ, അരിവെയ്പുകാരനാണല്ലേ? നല്ല ഒന്നാം തരമായിട്ടറിയില്ലേ ദേഹണ്ണം? എവിടെയായിരുന്നു ഇതിനുമുമ്പ്.''

''റാണാഘാട് ഹോട്ടലിൽ ഏഴുവർഷം പണിയെടുത്തിട്ടുണ്ട്.''

''ഹോട്ടലിൽ? ഹോട്ടൽ പണിയും വീട്ടുപണിയും ഒരുപോലെയല്ല. ഒന്നാന്തരം അരിവെയ്പുകാരനെയാണ് എനിക്കാവശ്യം. നിങ്ങളെ കൊണ്ടതിനു കഴിയുമോ? കൽക്കത്തായിൽനിന്നു ബന്ധുക്കൾ പലപ്പോഴും''

ഹാജാരി ചിരിച്ചുകൊണ്ടു വിചാരിച്ചു 'നീയുണ്ടോ നന്നായിച്ചമച്ച വല്ല ഭക്ഷണവും കഴിച്ചിരിക്കുന്നു? ജീവിതമത്രയും തുണി വിറ്റു നടന്നിട്ടല്ലേയുള്ളു? നല്ല ഭക്ഷണം കണ്ണാലേകണ്ടിട്ടു തന്നെയുണ്ടാവില്ലല്ലോ.' അയാൾ പറഞ്ഞു''ബാബു, ഏതായാലും, ഒരു ദിവസത്തേക്കൊന്നു വെച്ചുനോക്കൂ. നന്നായില്ലെങ്കിൽ ഇറങ്ങിപ്പൊയ്ക്കോളാം. ഒന്നും തരണ്ട.''

പീടികക്കാരൻ ഒന്നാന്തരം ബിസിനസ്സുകാരനായിരുന്നു. ആളുകളെ തിരിച്ചറിയാം. ഹാജാരിയുടെ വർത്തമാനത്തിൻെറ മട്ടു കണ്ടിട്ട് നുണയല്ല പറയുന്നതെന്നു മനസ്സിലായി. അയാൾ പറഞ്ഞു ''ശരി, നിങ്ങൾ വീട്ടിലേക്കു ചെല്ലൂ. മുമ്പിൽ കാണുന്ന ഈ വഴി ചെന്നാൽ ഇടതുഭാഗത്ത് ഒരു വലിയ വീടു കാണാം-എടോ, നിതായി! ഒന്നു ചെല്ലൂ കൂട്ടത്തിൽ ഠാക്കൂർ മശായിയെ വീട്ടിൽ ശശിധരനെ കൂട്ടിയേല്പിച്ചിട്ടുവരൂ. പറഞ്ഞേക്കൂ, ഇന്നു തൊട്ട് ഇദ്ദേഹം അടുക്കളപ്പണി നോക്കിക്കോളും. മനസ്സിലായില്ലേ? ചെല്ലൂ. ശമ്പളത്തിൻെറയും മറ്റും കാര്യം പിന്നീടു പണി നോക്കിയിട്ടു തീരുമാനിക്കാം, ഠാക്കൂർ മശായി - രണ്ടുനാലു ദിവസം കഴിഞ്ഞിട്ട്. കൂട്ടിക്കൊണ്ടുപോകൂ.''

ആദ്യത്തെ ദിവസം തന്നെ ഹാജാരി നല്ല പേർ സമ്പാദിച്ചു വീട്ടുകാരൻ പത്തുരൂപ ശമ്പളം നിശ്ചയിച്ചു. അയാളുടെ വീട്ടുകാരി രോഗിയാണ്, പന്ത്രണ്ടു മാസവുമെന്നു പറയാം എഴുന്നേറ്റു നടക്കാമെന്നുണ്ടെങ്കിലും വീട്ടുകാര്യങ്ങൾ നോക്കാറില്ല രണ്ടു പെണ്മക്കളുടെ കല്യാണം കഴിഞ്ഞു അവർ ഭർതൃഗൃഹത്തിൽ തന്നെ. പതിനാറു വയസ്സുള്ള ഒരുമകൻ പഠിക്കുന്നു എട്ടുവയസ്സായി ഇളയമകൾക്ക്.

വീട്ടുകാരെല്ലാവരും നല്ല കൂട്ടർ. ഇത്ര നാളും പണിയെടുത്ത് പരൻെറ പണിയോടു തോന്നിയിരുന്ന മോശമായ അഭിപ്രായം തീരെ മാറി. ഇവർ ജാതിയിൽ ''ഗന്ധവണിക്കു''കൾ. എല്ലാവർക്കും ബ്രാഹ്മണരെ ബഹുമാനമാണ്. ഹാജാരിയുടെ ശാന്തസ്വഭാവം കാരണം എല്ലാവരുടേയും പ്രിയപാത്രമായി തീർന്നു അയാൾ.

മൂന്നുനാലു മാസം പണിയെടുത്തശേഷം ആദ്യമായി ഒരു മാസത്തെ ശമ്പളം കിട്ടിയപ്പോൾ, ഹാജാരി വീട്ടിൽ പോയിവരാൻ അവധി കിട്ടിയാൽ കൊള്ളാമെന്നപേക്ഷിച്ചു. വീട്ടിൽ പോയിട്ടെത്ര നാളായി! ടേംപിയെ കാണാൻ കൊതിയായിത്തുടങ്ങി. ഗൃഹനാഥൻ പൊയ്ക്കൊള്ളാൻ അനുവദിച്ചു.

ഗോപാലനഗരം റെയിൽവേ സ്റ്റേഷനിൽനിന്നു വണ്ടി കയറിയാൽ വീട്ടിലെത്തുവാൻഏതാണ്ടു മൂന്നണ ചിലവ്. വെറുതെ മൂന്നണയെന്തിനു ചിലവാക്കണം? നടക്കാമെന്നു വെച്ചാൽ ഏഴോ എട്ടോ ക്രോശം മാത്രം ദൂരം-നടന്നു പോകുന്നതുതന്നെ നല്ലത്.

വീട്ടിലെത്തിയപ്പോൾ സന്ധ്യയായി.

ടേംപി ഓടിയെത്തി പറഞ്ഞു ''അച്ഛാ! വരൂ. വരൂ! എവിടന്നാണു വന്നത് ഈ സമയത്ത്?''

ഇതിനുശേഷം അവൾ വീട്ടിനകത്തുനിന്നു വിശറിയെടുത്തുകൊണ്ടു

വന്നു വീശിത്തുടങ്ങി. ടേംപിയുടെ കൈകൊണ്ടുള്ള ശീതോപചാരത്താൽ ദേഹവും മനസ്സും ഒരുപോലെ തണുത്തതായി അയാൾക്കുതോന്നി. ടേംപിയുടെ സുഖത്തിനു വേണ്ടി അയാൾക്ക് എന്തെല്ലാം ദുരിതങ്ങളും ദുഃഖങ്ങളുമാണ് അനുഭവിക്കേണ്ടി വന്നത്! അതെല്ലാം അയാൾക്കു സഹ്യമാണ്. വേണ്ടി വന്നാൽ ഇനിയും അനുഭവിക്കുന്നതാണ്.

വംശീധർ ഠാക്കൂറിന്റെ ഭാഗിനേയന്നു ടേംപിയെ വിവാഹം ചെയ്തു പോകട്ടെ അതൊക്കെ.

ടേംപി പറഞ്ഞു "അച്ഛരാ, അതസി ചേച്ചി ഒരു ദിവസം അച്ഛരനെപ്പറ്റി പറഞ്ഞു."

"എന്നെപ്പറ്റി? ഹരിചരൺ ബാബുവിന്റെ മകൾ?"

"അതെ, അച്ഛരാ! വളരെ ദിവസങ്ങളായല്ലോ കണ്ടിട്ട് എന്നു പറഞ്ഞു. വരൂ, പോകാം, അവിടേക്ക്. അവിടെ ചെന്നു ചായ കുടിക്കാം. പെട്ടിപ്പാട്ടു കേൾക്കാം."

ആ സമയം ടേംപിയുടെയമ്മ കുളികഴിഞ്ഞ് എത്തി. ചിരിച്ചുകൊണ്ട് ചോദിച്ചു "എപ്പോഴെത്തി?"

ഹാജാരി പറഞ്ഞു "ഇപ്പോഴെത്തിയതേയുള്ളു. എല്ലാവർക്കും സുഖം തന്നെയല്ലേ? പണം കിട്ടിയില്ലേ?"

"ഉവ്വ്, നന്നായി. ആ വീട്ടിലെ സതീശൻ പറഞ്ഞു പണം റാണാഘാടിൽ നിന്നല്ല അയച്ചതെന്ന്. നിങ്ങൾ ഇതിനിടക്ക് വല്ലേടവും പോയിരുന്നോ?"

"റാണാഘാടിലല്ല പണിയെടുക്കുന്നത്. ഇപ്പോൾ ഗോപാല നഗരത്തിലാണ്. നല്ല ഒരിടത്താണ്. മനസ്സിലായോ? ഗന്ധവണികരുടെ വീട്. ബ്രാഹ്മണനായതുകൊണ്ട് ഭക്തിയും ബഹുമാനവും കലശലാണ് എന്നോടവർക്ക്. ഒന്നാന്തരം പണക്കാർ. കൂറ്റൻ തുണിക്കട. രണ്ടുനേരവും സുഭിക്ഷമായ ഭോജനം."

ടേംപി ചോദിച്ചു "എന്തൊക്കെ പലഹാരങ്ങളാണ് അവിടെ കാപ്പിക്ക്?"

"ചില ദിവസം അവിലും നാളികേരവുമാണെങ്കിൽ ചില ദിവസം അലുവ."

ടേംപിയുടെ അമ്മ പറഞ്ഞു "ഇരിക്കൂ. ക്ഷീണം തീർക്കൂ. ചായപ്പൊടിയില്ല, ചായവെള്ളം തരാമെന്നു വെച്ചാൽ. ടേംപി, ചെല്ലു മോളേ! സതീശന്റെ വീട്ടിൽ ചായ ഉണ്ടാവും. (ഇതു പറയുമ്പോൾ ശുദ്ധഗതിക്കാരായ സ്ത്രീകളെപ്പോലെ പുരികം രണ്ടും ഉയർത്തി എന്തോ ഭാവം കാട്ടി) "രണ്ടുതരി വാങ്ങി കൊണ്ടുവരൂ."

"എന്താണാവശ്യം അമ്മേ! ഞാൻ അച്ഛരനെ അതസി ചേച്ചിയുടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകാൻ പോകയാണ്. അവിടന്നു കുടിക്കാം ചായ. പലഹാരവും തിന്നാം."

രണ്ടു തവണയായി ടേംപി അതസിയുടെ കാര്യം പറയുന്നു. അതിനാൽ മകളുടെ അഭിപ്രായത്തോടു യോജിക്കാതെ നിവൃത്തിയില്ല എന്നായി. ടേംപിയുടെ ആഗ്രഹം അയാൾക്ക് പലരുടേയും കല്പനകളെക്കാൾ

ശക്തമാണ്.

ഹരിചരണ ബാബു സിറ്റിങ്ങ് റൂമിൽ തന്നെയുണ്ടായിരുന്നു. അയാൾ ഹാജാരിയെ കാര്യമായി സ്വീകരിച്ചു കസേരയിൽ ഇരുത്തി.

"വരൂ, വരൂ, ഹാജാരി! എന്നുവന്നു? ടേംപി, അകത്തുചെന്നു നിൻെറ അതസി ചേച്ചിയോടു ചായകൊണ്ടുവരാൻ പറയൂ. ഞാനും ചായ കുടിച്ചിട്ടില്ല."

"ബാബുവിനു വിശേഷമൊന്നുമില്ലല്ലോ?"

"ഒരുവിധം സുഖം തന്നെ. നിങ്ങൾക്കും സൗഖ്യം തന്നെയായിരുന്നല്ലോ. എന്തായി ഹോട്ടൽ തുടങ്ങുന്ന കാര്യം? റാണാഘാടിൽ തന്നെയല്ലേ?"

ഹാജാരി ചുരുക്കത്തിൽ റാണാഘാടിലെ ജോലി പോയതു തൊട്ടു ഗോപാലനഗരത്തിൽ പണിക്കു ചേർന്നതുവരെയുള്ള കഥകൾ പറഞ്ഞു കേൾപ്പിച്ചു.

ഇതിനിടെ അതസിയും ടേംപിയും അവരുടെ മുമ്പിലുണ്ടായിരുന്ന ചെറുവട്ടമേശപ്പുറത്തു ചായയും പലഹാരവും കൊണ്ടുവന്നു വെച്ചു. പലഹാരം ഒരു ഡിഷ്-ഹാജാരിക്കുമാത്രം. ഹരിചരണബാബു ഈ സമയം പലഹാരം തിന്നാറില്ല.

ഹാജാരി ചോദിച്ചു "ബാബുവിനു പലഹാരം-?"

"നിങ്ങൾ എടുക്കൂ, എനിക്കിപ്പോൾ പലഹാരം തിന്നാൽ വയറു തകരാറാവും. വെറും ചായയേ പതിവുള്ളു."

ഹാജാരി വിചാരിച്ചു. എത്ര വലിയ പണക്കാർ, തിന്നാൻ അത്യുത്തമങ്ങളായ വസ്തുക്കൾ പുരക്കകത്ത് ഇഷ്ടംപോലെ. പക്ഷേ ഭക്ഷിച്ചാൽ അജീർണ്ണം ബാധിക്കും. ഇതിൽപരം എന്തുണ്ടൊരു ദുർഭാഗ്യം? തനിക്കു വയസ്സ് പത്തു നാല്പത്താറായാലെന്തുവേണ്ടു. അജീർണ്ണം എന്നെന്തിനെയാണു പറയുക എന്നറിഞ്ഞിട്ടില്ല. ഭൂതത്താന്മാരെപ്പോലെ പണിയെടുക്കുന്നവനെയുണ്ടോ അജീർണ്ണവും അർശസും ബാധിക്കുന്നു? അവർക്കു തിന്നാൻ വേണ്ടത്ര കിട്ടാത്ത കുറവേയുള്ളു.

എന്നാൽ അതസി സാമാന്യം വലിയ ഒരു തളികയാണ് നിറച്ചുകൊണ്ടു വന്നിരിക്കുന്നത്-നെയ്യിൽ വറുത്ത അവൽ, ചിരകിയ നാളികേരം, വീട്ടിൽ തന്നെ ഉണ്ടാക്കിയ രണ്ടു പരിപ്പുവട, കുറച്ച് അലുവ. വലിയ ഒരുകപ്പു ചായ. അതസിക്കറിയാം, ടേംപിയുടെ പിതാവു തൻെറ പിതാവിനെപ്പോലെ അല്പാഹാരക്കാരനായ ജീവിയല്ല; തിന്നാൻ കഴിവുള്ളവനാണ്. തീറ്റ ഇഷ്ടവുമാണ്. അയാളുടെ ഗൃഹസ്ഥിതിയും വളരെ പരുങ്ങലിലാണ്. അതിനാൽ ടേംപിയുടെ അച്ഛനു നല്ല പദാർത്ഥങ്ങൾ തന്നെ വേണം കൊടുക്കാൻ.

ഹരിചരണബാബു പറഞ്ഞു "നിൻെറ ഹാജാരിയമ്മാവനെ നമസ്കരിക്കൂ, അതസി?"

ഹാജാരിക്കു പരിഭ്രമവും സങ്കോചവും തോന്നി. അതസി അയാളുടെ കാൽതൊട്ടു നമസ്കരിച്ചപ്പോൾ, അവൽ ചവച്ചുകൊണ്ടു താനെന്താണു പറഞ്ഞതെന്ന് അയാൾക്കുതന്നെ നല്ല പിടികിട്ടിയില്ല. അതസി അവിടന്നു

പൊയ്ക്കളഞ്ഞില്ല. അവൾ കുറച്ചു വിട്ടുനിന്നു ഹാജാരിയെ സൂക്ഷിച്ചുനോക്കാൻ തുടങ്ങി. തൻെറയച്ഛൻ എണ്ണം പറഞ്ഞ ഒരു ദേഹണ്ണക്കാരനാണെന്നു ടേംപി അതസിയോടു പറഞ്ഞിട്ടുണ്ട്. ഈ കൗതുകത്തിന് അതായിരുന്നു കാരണം.

ഹരിചരണബാബു ചോദിച്ചു "എത്ര ദിവസത്തെ താമസമുണ്ട്?"

"മറ്റെന്നാൾ പോകണം. അന്യൻെറ കീഴിൽപണി താമസിച്ചാൽ പറ്റില്ലല്ലോ."

"നിങ്ങളുടെ ഹോട്ടലിൻെറ കാര്യം എന്തായി?"

"ഇനിയും ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല, ബാബു. പണത്തിൻെറ കാര്യം ശരിയാകാതെ-ഇവിടെക്കറിയാമല്ലോ."

"അപ്പോൾ തുടങ്ങണമെന്നുതന്നെയാണ് ആഗ്രഹം?"

"അതെ, മഞ്ഞുകാലം കഴിയുംമുമ്പ് വല്ലതും ചെയ്യാമോ എന്നു നോക്കണം."

അതസി ചോദിച്ചു "അമ്മാവനു പാട്ടുകേൾക്കണ്ടേ?"

ഹരിചരണബാബു പരിഭ്രമത്തോടെ പറഞ്ഞു "അല്ലാ, ഞാൻ മറന്നേ പോയി തീരെ. കേൾക്കേണ്ടതാണു ഹാജാരി! പുതിയ ഒന്നാന്തരം റിക്കാർഡുകൾ വന്നിട്ടുണ്ട്. എടുത്തുകൊണ്ടുവരൂ, അതസി! നിൻെറ ഹാജാരിയമ്മാവനെ എല്ലാം വെച്ചു കേൾപ്പിക്കൂ."

ഹാജാരി വിചാരിച്ചു-തരക്കേടില്ല ഇക്കൂട്ടർ. തന്നെപ്പോലെ അധ്വാനിച്ചു കഴിയണ്ട ഇവർക്ക്. പാട്ടും തീറ്റയും കുടിയും മാത്രം. സന്ധ്യയായിക്കഴിഞ്ഞു. ഈ നേരത്ത് അടുപ്പിൽ തീക്കൂട്ടി പുകയുടെ നടുവിൽ ചെറിയ അടുക്കളയിൽ ഇരുന്ന് ഗൃഹനാഥൻെറയും വീട്ടമ്മയുടെയും നിർദ്ദേശമനുസരിച്ചു മറ്റു ദിവസങ്ങളിൽ കറികൾ ഉണ്ടാക്കുകയാവും. പന്ത്രണ്ടുമാസവും ഇതുതന്നെയാണു പണി. എന്നും വീട്ടിൽ അടച്ചിട്ട മട്ടിൽ കഴിഞ്ഞുകൂടേണ്ടി വരുന്നുവെന്നതുകൊണ്ടാണു വഴിയിലേക്കിറങ്ങുമ്പോൾ തനിക്ക് ഇത്ര ആനന്ദം. അതുപോലുള്ള ഒരാനന്ദം അയാൾക്കിപ്പോഴും തോന്നുന്നുണ്ട്. ഈവിധം ഭംഗിയായി മോടി പിടിപ്പിച്ച ഇരിപ്പുമുറി, വലിയ കണ്ണാടികൾ. ചൂരൽ മടഞ്ഞ കസേരയിലിരുന്നുള്ള ചായകുടി, അരികിൽ ടേംപി. ടേംപിയുടെ ചങ്ങാതിയായ പെൺകുട്ടി, പെട്ടിപ്പാട്ട്-എല്ലാം ഒരു കിനാവുപോലെ.

വളരെനാളായി കസുമത്തിനെക്കണ്ടിട്ട്. റാണാഘാട് വിട്ടിട്ടു നാലു മാസത്തോളമായി. ഇതിനിടക്ക് അവളെക്കാണാൻ കഴിഞ്ഞിട്ടില്ല. ടേംപിയും സ്വന്തം മകൾ; കുസുമവും അതുപോലെതന്നെ.

പിന്നെ അന്നു നരൂൻപാഡയിൽവെച്ചു കണ്ട ആ പെൺകുട്ടിയും. അവൾ മറ്റൊരു മകൾ. ഇന്നു പെട്ടിപ്പാട്ടിൻെറ സുമധുരസ്വരത്തിൻെറ ഭാവുകതയിൽ അയാളുടെ മനസ്സ് സകലരോടും സഹതാപവും സ്നേഹവും കൊണ്ടു പരിപൂരിതമായി.

പെട്ടി വളരെനേരം പാടിക്കൊണ്ടിരുന്നു. ഹരിചരണബാബു ഇടയ്ക്ക്

എന്തി നോ അകത്തേക്ക് എഴുന്നേറ്റുപോയപ്പോൾ മുറിയിൽ അതസിയും ടേം പിയും മാത്രമായി. അച്ഛന്റെ മുമ്പിൽവെച്ചു പറയാൻ ധൈര്യം വന്നില്ലെന്നു തോന്നുന്നു, അച്ഛൻ എഴുന്നേറ്റുപോയ ഉടൻ അതസി ചോദിച്ചു, "അമ്മാവാ, എന്നെ പാചകം പഠിപ്പിക്കുമോ?"

ഹാജാരി ഒന്നു പകച്ചുകൊണ്ടു പറഞ്ഞു "എന്താണതിനു വിരോധം? കുട്ടിക്കു നിശ്ചയമായും പാകം ചെയ്യാൻ വശമുണ്ടാവും. എന്തൊക്കെയാകാം?"

അതസി ബുദ്ധിമതിയാണ്. തന്നോടു സംഭാഷണം ചെയ്യുന്നതു ഭക്ഷ്യ പാകവിധി ഒരു കലയാക്കിയ ഒരാചാര്യനാണ് എന്ന് അവൾക്കറിയാം. സം ഗീതം പഠിക്കുന്ന യുവതി പേരെടുത്ത തന്റെ സംഗീതാചാര്യനോടു രാഗരാ ഗിണികളെപ്പറ്റി ചർച്ച ചെയ്യുമ്പോഴെന്നപോലെ അവൾ സസങ്കോചം പറഞ്ഞു "എല്ലാം പാകംചെയ്യാനറിയാം. ശുക്തനി, (കയ്പുള്ള ഒരു കറി) ചച്ചഡി, പരിപ്പുകറി, മീൻകറി. അമ്മയ്ക്ക് അടുക്കളയിൽ അധികം പെരുമാറാൻ പാടില്ല. ഹൃദയത്തിനു സുഖമില്ല. ഞാൻ തന്നെയാണ് അടു ക്കളക്കാര്യങ്ങൾ നോക്കാൻ. ടേംപി പറഞ്ഞു അമ്മാവന് ഒന്നാന്തരമായിട്ടു സസ്യഭോജ്യങ്ങൾ ഉണ്ടാക്കാനറിയാമെന്ന്. പഠിപ്പിക്കുമോ എന്നെയും?"

"ടേംപി ഇതൊക്കെയാണ് കുട്ടിയെ പറഞ്ഞു ധരിപ്പിച്ചിരിക്കുന്നത്, അല്ലേ? പ്രാന്തിപെണ്ണ്-അവളു പറയുന്നതൊന്നും കണക്കാക്കണ്ട."

"അല്ല അമ്മാവാ, ഞാൻ വേറെ പലരും പറയുന്നതു കേട്ടിട്ടുണ്ട്. എല്ലാ ദിക്കിലും നല്ല പേര്. എല്ലാവരും പറയുന്നു."

പിന്നീട് അനുനയിപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു "എന്നെ പഠിപ്പിക്കാ തെ പറ്റില്ല. വിടൂല്ല ഞാൻ. ടേംപിയോടു ഞാൻ എപ്പോഴും ചോദിക്കാറുണ്ട് അമ്മാവൻ എപ്പോഴാണു വരുന്നതെന്ന്. അവൾ പറഞ്ഞില്ലേ? അല്ല അമ്മാ വാ, എന്നെ പഠിപ്പിച്ചുതരൂ. എനിക്കു നല്ല മോഹമുണ്ട്. ഒരു നല്ല പാചകക്കാരി യാകുവാൻ."

ഹാജാരി പറഞ്ഞു "നല്ല പാചകം ഒറ്റദിവസംകൊണ്ടു പഠിക്കാനാവില്ല മോളേ. രണ്ടോ മൂന്നോ മാസം കുട്ടിയുടെ കൂടെത്തന്നെ എനിക്കു നിൽ ക്കേണ്ടിവരും. കൈപിടിച്ചു കാട്ടിത്തരേണ്ടിവരും. കുട്ടി പാകംചെയ്തുകൊണ്ടി രിക്കുക, ഞാൻ അടുത്തുനിന്നുകൊണ്ടു തെറ്റു തിരുത്തിത്തരുക. അതില്ലാ തെ പഠിപ്പു പൂർണ്ണമാവില്ല. കുട്ടി എനിക്കു ടേംപിയെപ്പോലെതന്നെ. കുട്ടി യോടു മയക്കു വാക്കുകൾ പറഞ്ഞു പറ്റിക്കില്ല ഞാൻ. ചെറുപ്രായം. പഠിക്കാൻ മോഹം. പഠിപ്പിക്കാനുമില്ല എനിക്ക് ആഗ്രഹക്കുറവ്. പക്ഷേ സമയം എവി ടന്നുകിട്ടും, കുട്ടീ എനിക്ക്?"

അതസി സപ്രശംസദൃഷ്ടികളോടെ ഹാജാരിയുടെ വാക്കുകൾ ശ്രദ്ധി ക്കയായിരുന്നു. വിശേഷജ്ഞനായ ഒരാചാര്യനു ചേർന്ന വാക്കുകൾതന്നെ- മതിപ്പുതോന്നിക്കുന്നവ. മയക്കാനുള്ള വാക്കുകളല്ല. അനഭിജ്ഞനും സംസ്കാരശൂന്യനുമായ ഒരുവൻ പറയുന്നതുപോലെയല്ല. അവളുടെ ദൃഷ്ടി യിൽ ഹാജാരി ദരിദ്രനും അടുക്കളവേലക്കാരനുമായ ഒരു ബ്രാഹ്മണനല്ല.

താനംഗീകരിച്ചിരിക്കുന്ന വ്യവസായത്തിൽ വിശേഷജ്ഞൻ, ആചാര്യൻ, കലാകാരൻ, അവളുടെ ഹൃദയത്തിൽ ഹാജാരിയോടു തോന്നിയ ബഹുമാനത്തിന് അതിരില്ല.

പിറ്റേന്നാൾ ഹാജാരി ഉറക്കമുണർന്നു പുകവലിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അതസി കടന്നുവരുന്നതു കണ്ട് സത്യമായും അത്ഭുതപ്പെട്ടുപോയി. വലിയ ഒരാളുടെ പുത്രി അതസി-എന്തുദ്ദേശത്തോടെയാവാം അവൾ തൻെറ ചെറ്റക്കുടിലിലേക്കു വന്നിരിക്കുന്നത്?

ടേംപി വീട്ടിലില്ല അവളുടെ അമ്മ അതസിയെക്കണ്ട് അമ്പരന്നു പോയി. ഓടിച്ചെന്ന് അവളുടെ അപടുവായ ഭാഷകൊണ്ടാവുംവിധം അതസിയെ സൽക്കരിച്ചു.

അതസി ചോദിച്ചു "അമ്മാവൻ ഇവിടെത്തന്നെയില്ലേ അമ്മായി!"

"ഉവ്വ് മോളേ, വരൂ; ആ മൂലയിലുള്ള തിണ്ണമേലിരുന്നു പുകവലിക്കുന്നു."

"ടേംപി എവിടെ?"

"അവൾ മുള്ളങ്കിക്കിഴങ്ങു കൊണ്ടുവരാൻ പോയിരിക്കയാണ്, സദ്ഗോപ (ഒരു ഹിന്ദുജാതി) ഗൃഹത്തിലേക്ക്. ഇപ്പൊ വരും, വരൂ മോളേ, വരൂ! ഇരിക്കൂ; വരട്ടെ ഞാൻ പീഠംകൊണ്ടുവരാം."

അതസി ടേംപിയുടെ മാതാവിൻെറ കയ്യിൽനിന്ന് വേഗം ഒരു സവിശേഷഭാവത്തോടെ പീഠം തട്ടിപ്പറിച്ച് ആകർഷകമായ ഒരു ചിരിയോടെ പറഞ്ഞു "അവിടെ വെച്ചേക്കൂ അമ്മേ പീഠം! വലിയ ഒരാചാര്യൻ വന്നിരിക്കയല്ലേ ബഹുമാനപൂർവം പീഠമിട്ടുകൊടുക്കാൻ."

ആ ചിരിയും ഭാവവും അതസിയുടെ സൗന്ദര്യത്തിന് എന്തെന്നില്ലാത്ത മാറ്റുകൂട്ടി. ടേംപിയുടെ അമ്മ മുഗ്ദ്ധദൃഷ്ടികളോടെ, അവളെ നോക്കി നിന്നുപോയി. ഇതിനിടെ ഹാജാരി അവിടേക്കു വന്നു ചോദിച്ചു "എന്താണ് ഇത്ര നേരത്തേ പുറപ്പെട്ടത്, എൻെറ ഓമന മകൾ!"

അതസി ഹാജാരിയുടെ അടുക്കലേക്കു ചെന്നിട്ടു പറഞ്ഞു "അമ്മാവനോട് ഒരു കാര്യം പറയാനുണ്ടായിരുന്നു."

"എന്തുകാര്യം മോളേ!"

"വരൂ, അപ്പുറത്തേക്ക് ഒന്നു നീങ്ങിനിന്നിട്ടു പറയാം."

ഇതെന്തു രഹസ്യമാണ് ഈ കുട്ടിക്ക് ഇത്രക്കു നേരത്തേ വന്നു തന്നോടു പറയാനുള്ളതെന്ന് എത്രയാലോചിച്ചിട്ടും ഹാജാരിക്കു മനസ്സിലായില്ല. പുറത്തിറങ്ങിനിന്നിട്ടു ചോദിച്ചു "എന്താണു മോളേ!"

അതസി പറഞ്ഞു "അമ്മാവൻ ആരോടും പറയരുത്. എന്നാലേ പറയുള്ളൂ."

ഹാജാരി വിസ്മയഭാവത്തോടെ പറഞ്ഞു "പറയില്ല കുട്ടി, പറഞ്ഞോളൂ."

"അമ്മാവൻ ഹോട്ടൽ തുടങ്ങുവാൻ അച്ഛനോടു പണം കടം ചോദിച്ചുവെന്നു കേട്ടു."

"ഉവ്വ്, പക്ഷേ അത് ഇത്തവണയല്ല, കഴിഞ്ഞ തവണ ഞാൻ വന്നി

രുന്നില്ലേ, അപ്പോൾ. കുട്ടിയോട് ആരാണിതു പറഞ്ഞത്?''

''അതുമാത്രം ചോദിക്കണ്ട. അമ്മാവൻ ഹോട്ടൽ തുടങ്ങിക്കോളൂ. പണം ഞാൻ തരാം.''

''കുട്ടിക്കു പണമെവിടന്നാണ്?''

അതസി ചിരിച്ചുകൊണ്ടു പറഞ്ഞു ''എൻെറ കയ്യിലുണ്ട്. ഇരുന്നൂറു രൂപ വരെ തരാം. ഞാൻ കുറേശ്ശെ കുറേശ്ശെ ശേഖരിച്ചുവെച്ചത്-ആരെയും അറിയിക്കാതെയേ തരാൻ പറ്റൂ. അച്ഛൻ അറിയരുത്. ആരും തന്നെ അറിയണ്ട.''

ഹാജാരിയുടെ കണ്ണുകൾ നിറഞ്ഞു.

ഇതുവരെയായി മൂന്നു പെൺകുട്ടികളാണ് അയാളുടെ ജീവിതത്തിലേക്കു കടന്നുവന്നിട്ടുള്ളത്. മൂന്നുപേരും എത്രയും നിസ്വാർത്ഥമായ ഭാവത്തിൽ അയാളെ, അയാളുടെ ഉയരാനുള്ള ആഗ്രഹത്തിൻേറതായ മാർഗ്ഗത്തിലേക്കു ഉന്തിത്തള്ളികൊണ്ടുപോകയാണ്. മൂന്നുപേരും ഒരേപോലെ മായമെന്തെന്നറിയാത്തവർ, മൂന്നുപേരും താനുമായി ബന്ധമൊന്നുമില്ലാത്തവർ. എന്നാലും അതസി ജന്മികുടുംബത്തിൽ പിറന്നവൾ, പഠിപ്പുള്ള കുട്ടി. അവൾ ഈവിധം തനിക്കു പ്രേരണ നൽകുക എന്നതു തീരെ അപ്രത്യാശിതമായ ഒരത്ഭുതമാകുന്നു.

ഹാജാരി പറഞ്ഞു ''പക്ഷേ കുട്ടി ഇതാരു പറഞ്ഞിട്ടാണ് അറിഞ്ഞത് എന്ന് എന്നോടു പറയൂ.''

അതസി ചിരിച്ചുകൊണ്ടുപറഞ്ഞു ''അതു പറയില്ലെന്നു പറഞ്ഞില്ലേ?''

''എന്നാൽ പണം എനിക്കു വേണ്ട. ആദ്യം ആരാണു പറഞ്ഞതെന്നു കേൾക്കട്ടെ.''

''പേരുപറഞ്ഞാൽ അയാളെ ഒന്നും ചെയ്യില്ലല്ലോ?''

''എന്തിനാണ് വല്ലതും ചെയ്യുന്നത്? അതിനുമാത്രം ഇതിൽ എന്തിരിക്കുന്നു? കുട്ടി പറഞ്ഞോളൂ.''

''ടേംപി പറഞ്ഞതായിരുന്നു. അച്ഛനു ഹോട്ടൽ തുടങ്ങാൻ വളരെയുണ്ടു മോഹം-അതിന് അതസിചേച്ചിയുടെ അച്ഛനോടു പണം കടം ചോദിച്ചിരുന്നു. അച്ഛനു കൊടുക്കാൻ കഴിഞ്ഞില്ല-എന്നൊക്കെ. നോക്കൂ അമ്മാവാ! ഏട്ടൻ ഈ ലോകത്തിൽനിന്നു യാത്രയായതിൽ പിന്നെ അച്ഛന് മനസ്സിനു തീരെയില്ല സുഖം. അച്ഛനോടു പറയുന്നതും പറയാത്തതും ഒരുപോലെ. ഞാൻ വിചാരിച്ചു എൻെറ കയ്യിൽ പണമുള്ള സ്ഥിതിക്ക് അമ്മാവനു കൊടുക്കുക-അമ്മാവനുപകാരമാവട്ടെ. എൻെറ കയ്യിൽ വെറുതെ കിടക്കുന്ന പണം. അമ്മാവൻെറ ഹോട്ടൽ ഒന്നാന്തരമാവും. അമ്മാവനും കുടുംബത്തിനും നല്ല നിലയിലാവാം. ടേംപിയെ എനിക്കു വളരെ ഇഷ്ടമാണ്. അവൾക്കു സന്തോഷമായാൽ എനിക്കും അതുകൊണ്ടു സംതൃപ്തിയാവും. പണം പെട്ടിയിൽ പൂഴ്ത്തി വെച്ചിട്ടെന്തു കിട്ടാനാണ്?''

''മോളെ, മോളുടെ പണം അച്ഛനെ അറിയിക്കാതെ സ്വീകരിക്കാൻ എനിക്കു നിവൃത്തിയില്ല.''

അതസിക്കു വളരെ വിഷമം തോന്നി. അച്ഛനെ അറിയിച്ചില്ലെങ്കിൽ എന്താണു തരക്കേടെന്ന് അവൾ ബാലികാസഹജമായ യുക്തികൾകൊണ്ടു തർക്കിച്ചു നോക്കി.

ഒടുവിൽ പറഞ്ഞു "ഞാൻ ടേംപിക്കു കൊടുക്കാം പണം."

"അങ്ങിനെ ചെയ്തുകൂട. മോളു കുട്ടിയാണ്. പണംകൊടുക്കാനധികാരമില്ല. മോളു പഠിപ്പുള്ളവളാണല്ലോ. ആലോചിച്ചു നോക്കൂ."

"ശരി, എന്നാൽ ലാഭത്തിലൊരംശം എനിക്കു തന്നാൽ മതി"

ഹാജാരിക്കു ചിരി വന്നു. കുസുമവും ഇടയകുടുംബത്തിലെ ആ പെൺകുട്ടിയും അതസിയും ഒരുപോലെ പറയുന്നു. ഇവരെല്ലാവരും തന്നെ ഉത്തരം മുട്ടിക്കുവാൻ ഉത്തമർണ്ണത ചമഞ്ഞ് പണം കടമായി സ്വീകരിക്കാൻ നിർബന്ധിക്കുന്നു. എന്തൊരത്ഭുതം!

"ഇല്ല കുട്ടി, അതു പറ്റില്ല കുട്ടി വലിയതായി ശ്വശുരഗൃഹത്തിൽ റാണിയെപ്പോലെ വാഴുമാറാകട്ടെ എന്നു ഞാൻ ആശീർവദിക്കുന്നു അന്നു കുട്ടിയുടെ ഈ വൃദ്ധനായ അമ്മാവന് ഇഷ്ടമുള്ള എന്തും തരൂ, സ്വീകരിക്കാം ഇപ്പോഴില്ല"

അതസി ദുഃഖിതയായി തിരിച്ചുപോയി.

ടേംപിയെ വിളിച്ച് ഒന്നു ശകാരിച്ചാലെന്തെന്നു ഹാജാരിക്കു തോന്നി. ഈവക കാര്യങ്ങൾ അതസിയോടു പറയേണ്ട ഒരു കാര്യവുമുണ്ടായിരുന്നില്ല, അവൾക്ക്. എന്നാൽ അതസിക്കു വാക്കുകൊടുത്തുകഴിഞ്ഞിരിക്കുന്നു. വല്ലതും പറഞ്ഞാൽ അതസിയുടെ ചെവിയിൽ പെടുകയാണെങ്കിൽ-അതോർത്ത് അയാൾ മിണ്ടാതിരുന്നു.

അന്നു വൈകുന്നേരം ഇടയച്ചേരിയിൽ നടക്കാനിറങ്ങിയ ഹാജാരിക്ക് കസുമത്തിനു തീരെ സുഖമുണ്ടായിരുന്നില്ലെന്ന് അവളുടെ അച്ഛൻെറ വീട്ടിൽ നിന്ന് അറിയാൻ കഴിഞ്ഞു. ഒരുവിധം രോഗത്തിൽനിന്നു രക്ഷപ്പെടുകയാണത്രേ ഉണ്ടായത്. അയാൾ കസുമത്തിനെപ്പറ്റി ഒന്നുംതന്നെ ചോദിക്കയുണ്ടായില്ല. വെറുതെ കസുമത്തിൻെറ അമ്മാവൻ ഘനശ്യാമിനോടു വർത്തമാനം പറയാൻ പടിക്കൽ നിന്നതായിരുന്നു. നാട്ടുവർത്തമാനങ്ങൾക്കിടക്ക് അയാൾ പറഞ്ഞു "ഈയിടെ ഞാൻ പത്തുപതിനഞ്ചുദിവസം റാണാഘാടിലായിരുന്നു ഠാക്കൂർ മശായി! പാൽക്കട്ടിക്കച്ചവടം ഈ മാസം നന്നെ മോശം."

ഹാജാരി പറഞ്ഞു "പത്തുപതിനഞ്ചുദിവസമോ? എന്താണു പെട്ടെന്ന് ഇങ്ങനെ?"

ഇതിനുശേഷമാണ് കുസുമത്തിൻെറ കാര്യം എടുത്തുപറഞ്ഞത്.

കേട്ട ഉടൻ ഹാജാരിയുടെ മനസ്സിൽ ആകെ ഉണ്ടായ ഒരേ വിചാരം കുസുമത്തിനെക്കണ്ടിട്ട് കുറെയേറെ നാളായല്ലോ എന്നായിരുന്നു. അവളെ ഒന്നു കണ്ടിട്ടുവന്നാലോ? അവളുടെ സുഖക്കേടിനെപ്പറ്റി അറിഞ്ഞപ്പോൾ മനസ്സിന് ഒരു ഇളക്കം തട്ടി. ജീവിതത്തിൽ ഇങ്ങനെ ഒരുവളോട് അയാൾക്കു തോന്നി

യിട്ടുള്ള സ്നേഹത്തിനും വാത്സല്യത്തിനും എതിരില്ല.

കസുമത്തെപ്പറ്റി ഘനശ്യാമിനോടു പലതും ചോദിക്കണമെന്ന് അയാൾക്കുണ്ടായിരുന്നു. പക്ഷേ അതുവയ്യ. മനസ്സിലുണ്ടായ ആകുലമായ ആ ആഗ്രഹം മനസ്സിൽത്തന്നെ പൂഴ്ത്തി ഒരു താല്പര്യവുമില്ലാത്തവനെപ്പോലെ ചോദിച്ചു "ഇപ്പോൾ അവൾക്കെങ്ങിനെയിരിക്കുന്നു?"

"അത്-നിങ്ങളുടെ കാരണവന്മാരുടെ അനുഗ്രഹംകൊണ്ട് ഒക്കെ മാറി; എന്നാലും കുടുംബം വളരെ കഷ്ടത്തിലാണ്. പാലും മോരും വിറ്റിട്ടുവേണമല്ലോ കഴിഞ്ഞുകൂടാൻ. ഒരു മാസമായി കിടപ്പിലുമായി. ഇപ്പുറത്ത് എൻെറ കുടുംബസ്ഥിതി കാണുന്നുണ്ടല്ലോ നിങ്ങൾ. എൻെറ ഠാക്കൂർമശായി. എവിടന്ന്, ഏതുവിധം-"

ഹാജാരി അതെസംബന്ധിച്ചു പിന്നീടൊന്നും ചോദിച്ചില്ല, കസുമത്തെപ്പറ്റി ഇതിലേറെ തനിക്കൊന്നും അറിയാനില്ല എന്ന മട്ടിൽ.

വീട്ടിലേക്കു തിരിച്ചസമയം കുസുമത്തിൻെറ അടുക്കൽ ഒന്നു പോകതന്നെ വേണമെന്ന് അയാൾ ഉറപ്പിച്ചു. അവളുടെ അസുഖത്തെപ്പറ്റി കേട്ടിട്ടു മിണ്ടാതിരിക്കാൻ മനസ്സനുവദിക്കുന്നില്ല. നാളെത്തന്നെ പോകണം റാണാഘാടിലേക്ക്. വഴിക്ക് അതസിയുടെ അച്ഛൻ ഹരിബാബുവിനെ കണ്ടുമുട്ടി. അയാൾ തടിച്ച ഒരു വടി കുത്തിപ്പിടിച്ചു നടക്കാൻ പുറപ്പെട്ടിരിക്കയാണ്. ഹാജാരിയെ കണ്ടപ്പോൾ പറഞ്ഞു "അല്ല, ഇതു ഹാജാരിയല്ലേ! എവിടന്നു വരുന്നു. വരൂ എൻെറ വീട്ടിലേക്ക്. ചായകുടിച്ചുപോകാം. നടക്കൂ."

ഹാജാരിയെ കസാലയിൽ ഇരുത്തിയിട്ടു പറഞ്ഞു "ഇരിക്കൂ, ഞാനൊന്നകത്തുപോയിട്ടു വരാം. ഇവിടെ ഉള്ളിടത്തോളം ദിവസം എന്നും ഇങ്ങോട്ടു പോന്നോളൂ. ഒറ്റയ്ക്കിരുന്നിട്ടു സമയം നീങ്ങുന്നില്ല. നിൽക്കൂ, ദാ, വന്നു കഴിഞ്ഞു-"

ഹരിബാബു അകത്തേക്കു പോയി ഏതാനും നിമിഷം കഴിഞ്ഞപ്പോൾ അതസി ഒരു പ്ലേറ്റിൽ ഏതാനും പൂരിയും, വഴുതിനഭജിയും അല്പം ശർക്കരയും എടുത്തുകൊണ്ടുവന്നു. അവൾ അതു ഹാജാരിയുടെ മുൻവശത്തുള്ള മേശമേൽ വെച്ചിട്ടു പറഞ്ഞു "അമ്മാവൻ തുടങ്ങിക്കോളൂ, ഞാൻ ചായ കൊണ്ടുവരട്ടെ-"

ഹാജാരി പറഞ്ഞു "ബാബു വരട്ടെ."

"അച്ഛൻ പലഹാരം തിന്നില്ല. ചായമാത്രമെ കുടിക്കയുള്ളു. അമ്മാവൻ അപ്പോഴേക്കു പലഹാരം തിന്നൂ. ചായ ഒന്നിച്ചാകാം."

അതസി പോയില്ല. അരികിൽതന്നെ നിന്നു. ഹാജാരിയ്ക്കു വല്ലായ്മ പോലെ തോന്നി. ആലോചിച്ചിട്ടു പറയാനൊന്നും കിട്ടിയില്ല. അതുകൊണ്ടു ചോദിച്ചു "ഇന്നു ടേംപി വന്നില്ലേ കുട്ടി?"

"ഇല്ല, വൈകിയിട്ടു വന്നില്ല."

ഹാജാരി പിന്നെയെന്തെങ്കിലും പറയാൻ കാണാതെ മിണ്ടാതിരുന്നു പലഹാരം തിന്നാൻ തുടങ്ങി. തിന്നുന്നതിന്നിടയ്ക്ക് ഒരിക്കൽ തലപൊക്കി

നോക്കി. അതസി തന്നെത്തന്നെ നോക്കി നിൽക്കയാണ്. അതസി സുന്ദരിയായ പെൺകുട്ടി. ടേംപിയുടെ ചങ്ങാതിയാണെങ്കിലും പ്രായം നാലഞ്ചു വയസ്സ് ഏറും. ഈവിധമുള്ള ഒരു പെൺകുട്ടിയോട് മറ്റാരുമില്ലാത്തിടത്തു വെച്ചു സംസാരിച്ചു ശീലവും അയാൾക്കില്ല. അയാൾക്ക് എന്തെന്നില്ലാത്തൊരു വിമ്മിഷ്ടം തോന്നി.

പെട്ടെന്ന് അതസി പറഞ്ഞു ''അമ്മാവൻ എന്നോട് ദേഷ്യപ്പെട്ടിരിക്കയാണോ?''

ഹാജാരി പരിഭ്രമത്തോടെ ചോദിച്ചു ''ദേഷ്യപ്പെടുകയോ? എന്തിനു മോളേ?''

''രാവിലത്തെ കാര്യംകൊണ്ട്?''

''അതിൽ എനിക്കു ദേഷ്യപ്പെടാനൊന്നുമില്ല. നേരെമറിച്ച് ദേഷ്യം തോന്നേണ്ടതു നിനക്കാണ്.''

''അതല്ല, കേൾക്കു അമ്മാവാ! ഞാൻ അതിനുശേഷം ആലോചിച്ചു നോക്കി. അമ്മാവൻ എൻെറ പണം വാങ്ങിയിരുന്നെങ്കിൽ നന്നായേനെ. അറിയാമോ? എൻെറ ഏട്ടൻ മരിച്ചതിനുശേഷം ഞാൻ ആലോചിക്കയായിരുന്നു -ഏട്ടൻ ഉണ്ടായിരുന്നെങ്കിൽ അച്ഛൻെറ സ്വത്തുക്കൾ എനിക്കു കിട്ടുമായിരുന്നില്ല, ഇനി അതെനിക്കാണു കിട്ടുക. എന്നാൽ ഈശ്വരനറിയാം അമ്മാവാ! ഞാൻ യാതൊരു സ്വത്തും ആഗ്രഹിക്കുന്നില്ല. ഏട്ടൻ സ്വത്ത് അനുഭവിക്കുമായിരുന്നെങ്കിൽ അനുഭവിക്കട്ടെ എന്നുവെക്കുമായിരുന്നു. ഇനി അച്ഛൻ സ്വത്ത് എന്താണിഷ്ടമെന്നുവെച്ചാൽ ചെയ്തോട്ടെ, ധൂർത്തടിച്ചു കളയട്ടെ, ചുട്ടെരിക്കട്ടെ, ദാനം ചെയ്യട്ടെ. ഏട്ടനുണ്ടായിരുന്നെങ്കിൽ ഈ സ്വത്തെല്ലാം ഏട്ടനു പോകുമായിരുന്നു. എനിക്കു കിട്ടുമായിരുന്നില്ല, എന്ന വിചാരം എനിക്ക് തോന്നാതിരിക്കട്ടെ. സ്വത്തിനു മോഹിച്ച് ഏട്ടൻെറ പേരിൽ ഒരോദിവസവും-എൻെറ കയ്യിലുള്ളതു കൂടി ഞാൻ പരർക്കുവേണ്ടി ചിലവാക്കും.''

അതസിയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞൊഴുകി. അവൾ മിണ്ടാതെ നിന്നു.

ഹാജാരി സാന്ത്വനിപ്പിക്കുന്ന സ്വരത്തിൽ പറഞ്ഞു ''അരുത് മോളേ, അതൊന്നും വിചാരിക്കരുത്. അച്ഛനമ്മമാരെ കുട്ടിതന്നെ വേണം നോക്കാൻ. അവരെ ഈ ലോകവുമായി ബന്ധിപ്പിക്കുന്നത് മോളുമാത്രമാണ്. മോളിങ്ങനെ തുടങ്ങിയാലെങ്ങനെ? ഛീ, മോളേ!''

ഹാജാരിക്കു വാസ്തവത്തിൽ വലിയ അത്ഭുതം തോന്നി. ഇത്രയേയായിട്ടുള്ളു പ്രായം. എത്ര ഉയർന്ന ചിന്താഗതിയെന്നു കണ്ടില്ലേ? ഉന്നതകുലം എന്ന് ഇതിനെയല്ലാതെ മറ്റെന്തിനെയാണ് പറയേണ്ടത്? ഇതു ബേചുബാബുവിൻെറ ഹോട്ടലിലെ വേലക്കാരി പത്മയല്ല.

ഹാജാരി പറഞ്ഞു ''മോളെ, എനിക്കു പണം തരണമെന്നു മോൾക്ക് തോന്നിയതെന്തുകൊണ്ടാണ് കേൾക്കട്ടെ. നിങ്ങൾ സ്ത്രീകൾ നന്നായാൽ

അങ്ങേയറ്റത്തെ നല്ലവർ, ചീത്തയായാൽ മഹാചീത്ത. എന്നെ മോൾക്ക് അത്ര വിശ്വാസമുണ്ടോ?''

''അമ്മാവൻ ആലോചിച്ചു നോക്കൂ. ഞാൻ തന്നില്ലെങ്കിൽ വേറെയാരുണ്ടു തരാൻ?''

''അച്ഛനെ അറിയിക്കാതെയോ?''

''അച്ഛനറിഞ്ഞാൽ സമ്മതിക്കില്ല. എൻെറ കൈവശം പണം വെറുതെകെട്ടിക്കിടക്കും. അമ്മാവനു കിട്ടിയാൽ ഉപകാരമാവുകയും ചെയ്യും. എനിക്കറിയാം അമ്മാവൻെറ കുടുംബത്തിലെ കഷ്ടപ്പാടുകൾ. ടേംപിയെ കല്യാണം കഴിച്ചുകൊടുക്കണം. എവിടന്നുണ്ടാവും പണം, എവിടന്നെന്തുണ്ടാവും? അമ്മാവൻെറ പാചകവിദ്യക്കുള്ള പ്രശസ്തി നോക്കിയാൽ അമ്മാവൻ തുടങ്ങുന്ന ഹോട്ടൽ കേമമായി നടക്കുമെന്നുറപ്പുണ്ട്. അഞ്ചാറുകൊല്ലം കഴിഞ്ഞ്എൻെറ പണം മടക്കിത്തന്നോളൂ.''

അതസിയുടെ ഉള്ളറിഞ്ഞ ഹാജാരി മുഗ്ദ്ധനായിപ്പോയി. അയാൾ പറഞ്ഞു: ''ശരി, കുട്ടി എനിക്കു പണം തന്നേക്കൂ, ഞാൻ വാങ്ങാം. ഹോട്ടൽ ഞാൻ ഈ മാസം തന്നെ തുടങ്ങാൻ വിചാരിക്കുന്നു. നിന്നിലൂടെ ഭഗവാൻതന്നെയാണ് ഇത് പറയിച്ചത്. നിങ്ങളൊക്കെ പാപമെന്തെന്നറിയാത്ത കുട്ടികൾ -നിങ്ങളിലൂടെയാണു ഭഗവാൻ സംസാരിക്കുന്നത്.''

അതസി ചിരിച്ചുകൊണ്ടു ചോദിച്ചു ''അപ്പോൾ എൻെറ പണം വാങ്ങും?''

''സത്യമാണു പറയുന്നത്. ഇത്തവണ ചെന്നു സ്ഥലം നോക്കിയിട്ടു വരട്ടെ. നാളെ രാവിലെതന്നെ പോകുന്നു റാണാഘാടിലേക്ക്. പറ്റിയാൽ അവിടെത്തന്നെ, ഇല്ലെങ്കിൽ ഗോയാഡിബസാറിൽ ഹോട്ടൽ തുടങ്ങും. വിവരം കുട്ടിയെ അറിയിക്കാം. രണ്ടു നാലു ദിവസങ്ങൾക്കകം ചുറ്റി നടന്നു നോക്കിയിട്ടു വരട്ടെ.''

അതസി പറഞ്ഞു ''അച്ഛൻെറ സന്ധ്യാവന്ദനം കഴിഞ്ഞിട്ടുണ്ടാവും. അച്ഛനിപ്പോൾ വരും. ഇരിക്കൂ. ഞാൻ ചായകൊണ്ടുവരട്ടെ. കേൾക്കണോ അമ്മാവാ, അമ്മാവൻ അച്ഛനോട് ഹോട്ടലിനു പണം വേണമെന്നു പറഞ്ഞപ്പോൾ ഞാൻ പുറത്തുനിന്ന് എല്ലാം കേട്ടു. അന്നുതന്നെ തീരുമാനിച്ചതാണ് ഞാൻ കൂട്ടിവെച്ച പണം അമ്മാവനു തരണമെന്ന്.''

''അതുശരി, ആകട്ടെ, മോൾക്കെന്താണ് എന്നോടിത്ര ദയതോന്നാൻ?''

''പറയട്ടെ അമ്മാവാ, അമ്മാവനെക്കണ്ടിട്ട് എനിക്കു തോന്നി അമ്മാവൻ ശുദ്ധനാണ്, നല്ലവനാണ്. അമ്മാവനെക്കണ്ടിട്ട് എനിക്കു വളരെ വിഷമം തോന്നി. അതിനെ ദയ എന്നെന്തിനു പറയുന്നു? ഞാൻ അമ്മാവനു മകളെപ്പോലെയല്ലേ?'' ഇതും പറഞ്ഞ് അവൾ കുണ്ഠിതവും ലജ്ജയും സ്ഫുരിക്കുന്നവിധം ചിരിച്ചു.

ഹാജാരി പറഞ്ഞു ''കുട്ടി കഴിഞ്ഞ ജന്മം എൻെറ അമ്മയായിരുന്നു. അതുകൊണ്ടാണ് ഇത്ര ദയ കാണിക്കുന്നത്. സന്താനങ്ങളോടല്ലാതെ ഇത്ര ദയ തോന്നുമോ? കുട്ടി സുഖമായിരിക്കട്ടെ, രാജ്ഞിയെപ്പോലെ വാഴാറാകട്ടെ!

ഞാനാശീർവദിക്കുന്നു. ഞാൻ കുട്ടിയുടെ ദരിദ്രനായ അമ്മാവൻ. ഇതിലധികം എന്തുചെയ്യാനാവും?''

അതസി പെട്ടെന്നു കുനിഞ്ഞു കാൽതൊട്ടുതൊഴുതു നമസ്കരിച്ച് ഒട്ടും നിൽക്കാതെ വീട്ടിനകത്തേക്കു പോയി.

രാത്രി ഹാജാരിക്ക് ഉറക്കം വന്നില്ല. അതസിയെപ്പോലുള്ള ഉന്നതകുടുംബത്തിലെ സുന്ദരിയായ പെൺകുട്ടിയുടെ സ്നേഹത്തിനു പാത്രമാവുക എന്നതിൽ ഒരു പ്രത്യേക ലഹരിതന്നെയുണ്ട്. ഹാജാരിയെ ആ ലഹരി ബാധിച്ചു. അയാളുടെ ജീവിതത്തിൽ അത്ഭുതകരമായ ഒരു സംഭവം.

രാവിലെയെഴുന്നേറ്റ് അയാൾ റാണാഘാടിലേക്ക് പോയി. ഏറെ ദൂരമില്ല. ഏഴെട്ടുമൈൽ. നടന്ന് എട്ടെട്ടര മണിക്ക് സ്റ്റേഷനടുത്തുള്ള തേക്കിൻ കാട്ടിലെത്തി.

റെയിൽബസാറിലേക്കു കടന്നപ്പോൾ പഴയ പ്രവൃത്തിസ്ഥലത്ത് ഒന്നെത്തിനോക്കിയിട്ടുപോകാൻ അയാൾക്കു കൊതിതോന്നി. റാണാഘാട് വിട്ടിട്ട് നാലഞ്ചുമാസമാകാറായി. ദൂരെനിന്നുതന്നെ ബേചുചക്കത്തിയുടെ ഹോട്ടലിൻെറ സയിൻബോർഡുകണ്ടിട്ട് അയാളുടെ ഉള്ളിൽ ഉത്തേജനവും കൗതുകവും ഉളവായി. ആ തകരം മേഞ്ഞ ഷെഡിൽ കഴിഞ്ഞ ആറുകൊല്ലത്തെ എത്രയെത്ര ഓർമ്മകളാണ് ലയിച്ചുകിടക്കുന്നത്!

ഹോട്ടലിലേക്കു കടന്ന ഉടനെ ചെന്നു പെട്ടത് ബേചുചക്കത്തിയുടെ മുമ്പിൽതന്നെ. സമയം ഏതാണ്ടു പത്തര. ഭക്ഷണത്തിന് ആളുകൾ വരാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ബേചു പഴയപടി ബഞ്ചിലിരുന്നു പണപ്പെട്ടി മുമ്പിൽ വെച്ചു പുകവലിക്കുന്നു.

ഹാജാരി നമസ്കരിച്ചുനിന്നപ്പോൾ അയാൾ പറഞ്ഞു ''അല്ലാ, ഇതു ഹാജാരി ഠാക്കൂറല്ലേ! എന്താണിങ്ങനെ? എവിടെയായിരുന്നൂ? സുഖമല്ലേ?''

ഹാജാരി നിമിഷം കൊണ്ടു വീണ്ടും ബേചുവിൻെറ ശമ്പളം പറ്റുന്ന അടുക്കളപ്പണിക്കാരനെപ്പോലെയായി. അതേവിധത്തിലുള്ള ഭയവും സങ്കോചവും ബഹുമാനവും അയാളുടെ ദേഹത്തിലും മനസ്സിലും എവിടെ നിന്നെന്നില്ലാതെ പറന്നെത്തി.

അയാൾ മുമ്പെന്നപോലെ അതിവിനീതഭാവത്തിൽ പറഞ്ഞു-

''അതെ, ബാബുവിൻെറ കരുണയുണ്ടായിട്ട് ഒരുവിധമൊക്കെ. ബാബുവിനും സുഖമല്ലേ?''

''ഈയിടെ ഏതു നാട്ടിലാണ്?''

''ഗോപാലനഗരത്തിൽ കുണ്ഡു ബാബുവിൻെറ വീട്ടിൽ.''

''വീട്ടുപണി? എത്രനാളായി?''

''നാലുമാസമായി, ബാബു!''

''അതുശരി, അവിടെ എന്തുകിട്ടുന്നുണ്ട്? ഗൃഹസ്ഥന്മാരുണ്ടോ ഹോട്ടലിലെപ്പോലെ ശമ്പളം തരുന്നു?''

ബേചുചക്കത്തി അപ്പറഞ്ഞത് എന്തോ ഉള്ളിൽവെച്ചുകൊണ്ടാണെന്നു

ഹാജാരിക്കു തോന്നി. എന്താണു സംഗതി! ബേചുവിന് വീണ്ടും തന്നെ ഹോട്ടലിൽ വെക്കണമെന്നുണ്ടോ? അയാൾക്കു കൗതുകം തോന്നി. നോക്കാമല്ലോ ഒടുവിൽ എന്താണുണ്ടാവുകയെന്ന്.

അയാൾ വിനയപൂർവം പറഞ്ഞു "ശരിയാണു ബാബു പറഞ്ഞത്, അധികമൊന്നുമില്ല. ഗൃഹസ്ഥകുടുംബം എവിടന്നു തരും കൂടുതൽ ശമ്പളം?"

"എന്നിട്ട്? ഇപ്പോൾ എൻെറയടുക്കലേക്കായിട്ടുതന്നെ വന്നതാണോ, ഠാക്കൂർ?"

"അതെ ബാബു"

"എന്തുവിചാരിക്കുന്നു? നിക്കണോ ഇവിടെ?"

ഹാജാരി ഒന്നും തന്നെ ചിന്തിക്കാതെ പറഞ്ഞു "അതു ബാബുവിൻെറ ദയ."

"അതു നന്നായി. നിക്കാനെന്താ വിഷമം? പഴയ വേലക്കാരൻ. നന്നായി. പോകൂ, പണിക്കു ചേർന്നോളൂ. നിങ്ങളുടെ തുണിയും, മറ്റുംകൊണ്ടു വന്നിട്ടില്ലേ? എവിടെ?"

"ഇല്ല ബാബു, നേരത്തേ കൂട്ടി എങ്ങിനെയറിയും? അതൊക്കെ ഗോപാല നഗരത്തിൽ കിടക്കുന്നു. പണിക്കുവെക്കുമോ ഇല്ലയോ എന്നറിയാതെ അതൊക്കെ എടുത്തുകൊണ്ടു-"

"ശരിശരി, അകത്തേക്കു ചെല്ലൂ. രതൻ ഠാക്കൂറിനു സുഖമില്ല. ബംശി ഒറ്റയ്ക്ക്- നിങ്ങൾ ഇപ്പോൾതന്നെ തുടങ്ങിക്കോളൂ പണി. പണം വല്ലതും വേണമെങ്കിൽ മുൻകൂർ വാങ്ങിക്കോളൂ."

ഹാജാരി കൃതജ്ഞതയോടെ ബേചുചക്കത്തിയെ ഒരിക്കൽകൂടി തല നല്ല പോലെ കുനിച്ചു കൈകൂപ്പി പ്രണമിച്ചു യന്ത്രംകൊണ്ടു നടക്കുന്ന പാവയെപ്പോലെ അടുക്കളയിലേക്കു ചെന്നു.

മുൻപിൽതന്നെയുണ്ട് നിൽക്കുന്നു ബംശീബാബു.

അയാളെക്കണ്ട ബംശി മിണ്ടാതെ നോക്കി നിന്നുപോയി.

ഹാജാരി പറഞ്ഞു "ബാബു പിന്നെയും എന്നെ നിയമിച്ചിരിക്കുന്നു. വിളിച്ച്. സുഖമല്ലേ ബംശിക്ക്? നിങ്ങളുടെ മരുമകനുമില്ലല്ലോ വിശേഷമൊന്നും?"

ബംശി പറഞ്ഞു "വരൂ, വരൂ ഹാജാരിയേട്ടാ! നിങ്ങളുടെ വർത്തമാനം പലപ്പോഴും പറയാറുണ്ട്. നിങ്ങൾക്കു നല്ല സുഖം തന്നെയായിരുന്നോ? എവിടെയായിരുന്നു ഇത്രനാളും?"

"അടുപ്പത്തെന്തിട്ടിരിക്കുന്നു? മാറൂ, ചട്ടുകം ഇങ്ങോട്ടു തരൂ. ഇനിയും മീനായിട്ടില്ലെന്നു തോന്നുന്നു. ചെല്ലൂ. ചെന്ന് മീൻ അടുപ്പത്തുവെക്കൂ. എണ്ണ പഴയപോലെതന്നെയല്ലേയുള്ളൂ, അതോ കൂട്ടിയിട്ടുണ്ടോ?"

ബംശി പറഞ്ഞു "എല്ലാം ഒന്നു നോക്കിക്കോളൂ. വളരെ നാളുകൾക്കു ശേഷം ഏതായാലും വീണ്ടും വന്ന സ്ഥിതിക്ക്, നിൽക്കൂ, പരിപ്പുകറിയിൽ ഉപ്പിട്ടില്ല. ഇട്ടോളൂ."

ഇതും പറഞ്ഞ് അയാൾ തട്ടികയുടെ മറവിലേക്കു നീങ്ങിനിന്നു കുടു

ക്കയിൽ കഞ്ചാവ് ഒരുക്കുവാൻ തുടങ്ങി.

അയാൾ സ്വരം നന്നെ താഴ്ത്തികൊണ്ടു പറഞ്ഞു "തിരികെ നിയമിക്കാതെ എന്താണു ഗതി? ഇവിടന്നു നിങ്ങൾ പോയശേഷം ഹോട്ടലിനു ഭയാനകമായ ചീത്തപ്പേര്. അന്നത്തെ കൽക്കത്തക്കാരായ ബാബുമാരുടെ രണ്ടുമൂന്നു സംഘക്കാർ വന്നിരുന്നു. നിങ്ങൾ ഇവിടെയില്ലെന്നു കേട്ടപ്പോൾ അവർ പറഞ്ഞു "ആ അടുക്കളക്കാരൻ പാകം ചെയ്തതു ഭക്ഷിക്കാനാണു ഞങ്ങൾ ഇവിടെ വന്നത്. അയാളില്ലെങ്കിൽ ഞങ്ങളിതാ പോണു. റെയിൽവേകാൻറിനിൽ ഭക്ഷിച്ചോളാം ഞങ്ങൾ." ചന്തയ്ക്കു വരുന്നവരിൽതന്നെ എത്രയോ പേർ ഊണു യദുബാഡുയ്യേയുടെ ഹോട്ടലിലാക്കി. നിങ്ങളെ ബാബു പിന്നെയും എടുത്തത് എന്തുകൊണ്ടാണെന്നറിയുമോ? യദുബാഡുയ്യേയുടെ ഹോട്ടലിൽ, നിങ്ങളെക്കാണേണ്ട താമസം-അവർ പൊക്കിയെടുത്തു കൊണ്ടുപോകും നിങ്ങളെ അവർ എവിടെയൊക്കെ അന്വേഷിച്ചുവെന്നോ!"

ബംശിയുടെ കയ്യിൽനിന്നു കഞ്ചാവുവാങ്ങി ഒരു 'ദം' എടുത്തശേഷം അയാൾ അല്പനേരം കണ്ണടച്ച് ഇരുന്നു. എന്താണീ സംഭവിച്ചത്! പണിക്കു വേണ്ടിയല്ല അയാൾ റാണാഘാടിൽ വന്നത്. എന്നാൽ പഴയ സ്ഥലത്ത്, പഴയ ചുറ്റുപാടുകളുടെ നടുവിൽ വന്നുനിന്നപ്പോൾ, ഇത്രനാളും തനിക്കു മനസ്സിനു സുഖം എന്നത് ഉണ്ടായിരുന്നില്ല എന്ന് അയാൾക്കു മനസ്സിലായി. ഈ ബേചു ചക്കത്തിയുടെ ഹോട്ടൽ, ഈ തട്ടിക കെട്ടിമറച്ച മടപ്പുര, ഈ ഇടിച്ചാൽ പൊടിയാത്ത കൽക്കരിയുടെ കൂമ്പാരം, ഈ ചട്ടുകം-ഇതാണ് അയാൾക്കു സുപരിചിതമായ സ്വർഗ്ഗം. ഇതൊക്കെ വിട്ട് എവിടെപ്പോകും അയാൾ? ഭഗവാൻ മനുഷ്യ ജീവിതത്തിൽ ഇത്ര സുഖമുള്ള ഒരു ദിവസം അനുഗ്രഹിച്ചരുളുമെന്നോ?

പുകക്കുടുക്ക ബംശിക്കുകൊടുത്തുകൊണ്ട് അയാൾ പ്രസന്നതയോടെ പറഞ്ഞു "ഒന്നുകൂടി വലിച്ചിട്ടു തരൂ. പരിപ്പിൻകറി കൂട്ടുചേർക്കാൻ അതു കഴിഞ്ഞിട്ടാകാം. ഇന്ന് ഇതുവരെ ചന്തസ്സാധനങ്ങൾ എത്തിയില്ലെന്നുണ്ടോ?" ബംശി പറഞ്ഞു "മീൻ എത്തി. പച്ചക്കറി ഗോബ്ര കൊണ്ടുവരാൻപോയിരിക്കുന്നു. അവനാണ് പുതിയ വേലക്കാരൻ അനുസരണയുള്ളവൻ."

അപ്പോഴേക്കു മൂന്നാംതരം ടിക്കറ്റുകാരായ രണ്ടുപേർ ഭക്ഷണമുറിയിലേക്കു പ്രവേശിച്ചു. ഹാജാരി പഴയ പതിവനുസരിച്ചു വിളിച്ചു പറഞ്ഞു "വരിൻ ബാബുമാരേ! വരിൻ! എല്ലാം തയാർ. പക്ഷേ ഇത്ര നേരത്തെ മത്സ്യക്കറി ആവില്ലല്ലോ. പരിപ്പുകറിയും മെഴുക്കുപുരട്ടിയും റെഡി. ബംശി! ചോറു കൊണ്ടു വരൂ. പരിപ്പുകറിയിൽ കറിക്കൂട്ട് ഇനിയും ചേർത്തു കഴിഞ്ഞില്ലേ. നേരം പത്തുമണിയടിച്ചല്ലോ. കേഷ്ടനഗരം വണ്ടി എത്തേണ്ട നേരമായി. ഈയിടെ ആരാണു സ്റ്റേഷനിൽനിന്ന് ആൾക്കാരെ പിടിച്ചുകൊണ്ടുവരാൻ?"

ഹാജാരിക്കു ദേഹത്തിനും മനസ്സിനും പുതിയൊരു ബലംകിട്ടിയപോലെ. എന്തുമാകട്ടെ, നഗരബസാറ്, സ്ഥലം റാണാഘാട്. എത്രയെത്ര ആൾക്കാർ, വണ്ടികൾ, കോലാഹലങ്ങൾ, പരക്കംപാച്ചിലുകൾ! ഒരിക്കൽ ഇവിടെ കു

റേനാൾ കഴിച്ചുകൂട്ടിയവനുണ്ടോ മറ്റൊരിടം പിടിക്കുന്നു? എണ്ണം പറഞ്ഞ ഒരിടം തന്നെ.

ആ സമയം ഒരു കറുത്ത ചെക്കൻ പച്ചക്കറികൾ നിറച്ച കൊട്ട തലയിൽ വെച്ചുകൊണ്ടു കുനിഞ്ഞ് അകത്തേക്കു കടന്നു. പുറകെ പത്മ.

പത്മ എന്തൊക്കെയോ പറഞ്ഞുകൊണ്ടാണ് വരുന്നത് "അയ്യയ്യോ! വഴുതിനങ്ങ റാണാഘാട് ചന്തയിൽനിന്നു വാങ്ങേണ്ടെന്നു വെക്കേണ്ടിവരും. വഴുതിനങ്ങ സേറിന് എട്ടു പൈസയെന്ന് ലോകത്തെവിടെയെങ്കിലുമുണ്ടോ കേട്ടിട്ട്? തീപിടിച്ച വിലയാണു പറയുന്നത്, ദുഷ്ടന്മാർ. എല്ലാം കടത്തുകയാണു കൽക്കട്ടയ്ക്ക്, എന്തു സാധനവും കൽക്കട്ടയ്ക്ക്. ഇങ്ങനെ തുടങ്ങിയാൽ ദരിദ്രരും ഗതികെട്ടവരും എന്തു വാങ്ങും, എന്തു തിന്നുകിടക്കും? എഡോ ബംശീ! ചെക്കന്റെ തലയിൽനിന്നു കൊട്ട ഒന്നു പിടിച്ചിറക്കിക്കോളൂ!" വാതിൽപ്പടിക്കൽ കാൽവെച്ച ഉടൻ മുൻപിൽതന്നെ കിണ്ണത്തിൽ ചോറുവിളമ്പുന്ന ഹാജാരിയെക്കണ്ട് ഞെട്ടി തരിച്ചമട്ടിൽ നിന്നുപോയി അവൾ.

ഹാജാരി പത്മയെക്കണ്ടപ്പോൾ പകച്ചുനിന്നു. അയാളുടെ പഴയ ഭയം എവിടെനിന്നോ ഓടിയെത്തി. അയാൾ ജീവസ്സറ്റ ചിരിയോടെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു "പത്മയേടത്തിയല്ലേത്? സുഖമല്ലേ? ഹെ-ഹെ! ഞാൻ."

പത്മ വിസ്മയഭാവം മറച്ചു ബംശി ഠാക്കൂറിനോടു പറഞ്ഞു "കൊട്ടപിടിച്ചിറക്കു ഠാക്കൂർ! നോക്കിനിന്നാൽ തലയിലിരിക്കുന്ന കൊട്ട-" പിന്നെ ഹാജാരിയുടെ നേരേ തിരിഞ്ഞു ഉപേക്ഷാഭാവത്തിൽ ചോദിച്ചു "എപ്പൊവന്നു?"

"ഇന്നുതന്നെ പത്മയേടത്തി!"

"ഇന്ന് ഇപ്പൊത്തന്നെ പോവുമോ?"

ബംശി പറഞ്ഞു "ഹാജാരിയെ ബാബു വീണ്ടും നിയമിച്ചു. അയാൾ ഇവിടെത്തന്നെ പണിയെടുക്കാൻ തിരുമാനിച്ചു."

പത്മ മുഖം കഠോരമാക്കികൊണ്ടു പറഞ്ഞു "അതു നന്നായി." പിന്നെ അടുക്കളയിൽ നിൽക്കാതെ അവൾ പുറത്തേക്കു പൊയ്ക്കളഞ്ഞു.

ബംശി ഉറക്കെയല്ലാതെ പറഞ്ഞു "പത്മ പൊട്ടിച്ചിരിക്കുന്നു. ഇപ്പൊച്ചെന്നു ബാബുവിനോടിടയും."

പത്മയെ പിന്നീട് ഉച്ചക്ക് മടപ്പുരയിൽ ആരും കാണുകയുണ്ടായില്ല. ഹാജാരിയുടെ ഉള്ളു കത്തിത്തുടങ്ങി. വേഗം പണിയവസാനിപ്പിച്ച് അവളെച്ചെന്നു കാണണം. വാസ്തവത്തിൽ ഹോട്ടലിലെ വരവുകാർ കുറഞ്ഞിരിക്കുന്നതായി അയാൾ കണ്ടു. പണ്ടു സമയം രണ്ടരമണിയാകാതെ തല പൊക്കാൻ നിവൃത്തിയില്ലാത്ത ഇടത്ത് ഇന്നു ഒരുമണിയായപ്പോൾതന്നെ ഉണ്ണാനാളില്ലാതായി.

ഹാജാരി പറഞ്ഞു "അല്ലാ ബംശി, മൂന്നാംതരം ഊണുകാരുടെ ടിക്കറ്റുകൾ വെറും മുപ്പത്. മുമ്പൊക്കെ ഒരുനേരം തന്നെയുണ്ടാവും എഴുപതെഴുപത്തഞ്ചു ടിക്കറ്റുകൾ. ഈ ഊണുകാരൊക്കെ പോയതെവിടേക്ക്?"

ബംശി പറഞ്ഞു "ഈയിടെ ഇത്തിരി ഭേദമായി എന്നു വേണം പറയാൻ. ഇടയ്ക്ക് ഇതിലും എത്രയോ കുറഞ്ഞുപോയിരുന്നു. വെറും ഇരുപതു തേഡു ക്ലാസ്സ് ടിക്കറ്റുവിറ്റ ദിവസങ്ങളും ഉണ്ടായിരുന്നു. എല്ലാവരും യദു ബാഡുയ്യേയുടെ ഹോട്ടലിലേക്കു പോകയാണ്. അവർക്ക് രാവിലത്തെ നേരം നൂറും വൈകിയിട്ടു അറുപതും എഴുപതും ഒക്കെയാണ് ഊണുകൾ. ചന്തദിവസങ്ങളിൽ ഇതിലുമധികം. പിന്നെയെവിടന്നുണ്ടാവും ഇവിടെ ഊണുകാർ, കേൾക്കട്ടെ. മീൻതല കണ്ടിട്ടുണ്ടദിവസം അവർ മറന്നു. വലിയ മീൻ വന്നാൽ അതിൻെറ തല പത്മയേടത്തിയെടുത്തുകൊണ്ടു പൊയ്ക്കളയും. ഞങ്ങൾക്കു മിണ്ടാൻ തരമില്ല. അതിനും പുറമേ ഈയിടെയായി പത്മയേടത്തി മോഷണവും തുടങ്ങിയിരിക്കുന്നു. അതൊക്കെ പിന്നെ പറയാം. ആദ്യം ഊണുകഴിക്കുക."

ഹോട്ടലിൽനിന്ന് ഊണുകഴിഞ്ഞു പുറത്തിറങ്ങിയ ഹാജാരി വഴിത്തിരിവിലെ കടയിൽനിന്ന് ഒരു പൈസക്കു ബീഡിവാങ്ങി. ചൂർണ്ണിക്കരയിലെ ആ പഴയ സ്ഥാനമായ മരച്ചോട്ടിൽ ചെന്നിരുന്നിട്ട് എത്ര നാളായി! ഇന്ന് അവിടെ ചെന്നിരിക്കണം. വഴിക്ക് രാധാവല്ലഭബിംബത്തിനു മുമ്പിൽ അയാൾ ഭക്തിപൂർവം തൊഴുതുനിന്നു. ഇന്ന് അയാൾക്ക് മനസ്സിനു വേണ്ടത്ര ആനന്ദം. രാധാ വല്ലഭമൂർത്തി ഉണർന്നിക്കുന്ന തേവരാണ്. ഈവിധത്തിലുള്ള ഒരുദിവസം തനിക്ക് അനുഗ്രഹിച്ചരുളിയല്ലോ. ഇന്നു പുലർച്ചക്കു വീട്ടിൽനിന്ന് പുറപ്പെട്ടപ്പോൾ ഇതു നിനച്ചിരുന്നതാണോ? ഫലിച്ച സ്വപ്നംതന്നെ-കള്ളനെന്ന് അപവാദം പരത്തി ഓടിച്ചവർതന്നെ ഇന്നുതന്നെ വിളിച്ചു പണിക്കുവെച്ചിരിക്കുന്നു.

അയാൾ ചൂർണ്ണിക്കരയിലെ മരത്തണലിലിരുന്നു ബീഡിവലിച്ചു വലിച്ച്, ആനന്ദലഹരിയിൽ, കൊണ്ടുവന്നതെല്ലാം വലിച്ചുതീർത്തു. കുസുമത്തിൻെറ ഭവനത്തിൽ ഇപ്പോൾ എല്ലാവരും ഉറക്കമാവും. ഗൃഹസ്ഥഭവനങ്ങളിൽ കയറിച്ചെല്ലേണ്ട സമയമല്ല ഇത്. എപ്പോഴാണ് വെയിൽ താഴുക? നാലുമണിയെങ്കിലുമാകാതെ കസുമത്തിൻെറ ഭവനത്തിലേക്കു ചെല്ലുന്നതു ഭംഗിയല്ല. ഇനിയും രണ്ടുമണിക്കൂറോളം സമയം ബാക്കി.

ഗോപാലനഗരത്തിലെ കുണ്ഡുഭവനത്തിൽനിന്ന് ഒരുദിവസം തുണിയും മറ്റും എടുത്തുകൊണ്ടുവരണം. ശമ്പളവുമുണ്ട് ബാക്കി. കിട്ടിയാൽ നന്നായി. ഇല്ലെങ്കിൽ എന്തു ചെയ്യാൻ കഴിയും!

പുലർച്ചക്കു വളരെ നേരത്തേ എഴുന്നേൽക്കേണ്ടിവന്നതുകൊണ്ട് ഉറക്കം മതിയായിരുന്നില്ല. അതിനും പുറമേ വളരെ നാളുകൾക്കു ശേഷം ഹോട്ടലിലെ അധ്വാനം-അഞ്ചാറു ക്രോശം വഴിനടന്ന് സ്വഗ്രാമത്തിൽനിന്നുള്ള വരവ് -എല്ലാംകൊണ്ടു ഹാജാരി പരിശ്രാന്തനായിത്തീർന്നിരുന്നു. മരച്ചോട്ടിൽ ചാരിയിരുന്ന് ഉറങ്ങിയത് അറിഞ്ഞതേയില്ല. ഉണർന്ന് സൂര്യനെ നോക്കിയപ്പോൾ സമയം നാലുമണി കഴിഞ്ഞിട്ടുണ്ടാവുമെന്നു തോന്നി.

ഏതാനും നിമിഷങ്ങൾക്കകം അയാൾ കസുമത്തിൻെറ പുരവാതുക്കൽ എത്തി വാതിൽക്കൽ മുട്ടി.

കുസുമംതന്നെയാണു വന്നു വാതിൽ തുറന്നത്. അവൾ ഹാജാരിയെ മുമ്പിൽ കണ്ട് അത്ഭുതത്തോടെ പറഞ്ഞു "വലിയച്ഛൻ! എവിടന്ന്? വരൂ, വരൂ."

അതുകഴിഞ്ഞ് അവൾ അയാളുടെ കാൽതൊട്ടു നമസ്കരിച്ചു.

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "വരൂ, വരൂ, മോളെ! നല്ലതുവരട്ടെ നിനക്ക്. കുട്ടികൾക്കൊക്കെ സുഖമല്ലേ? നിന്റെ ദേഹം എന്തുപോലെയായി രിക്കുന്നു! ഹൗ! നിന്റെ അമ്മാവൻ പറഞ്ഞു നിനക്കു സുഖമില്ലായിരുന്നു വെന്ന്."

കുസുമം അയാളെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി നിലത്തു പായ വിരിച്ചിരുത്തിയിട്ടു പറഞ്ഞു "പേടിയില്ല വലിയച്ഛാ, അത്രവേഗം മരി ക്കുന്നവളല്ല. വലിയച്ഛൻ അന്നു പോയപോക്കല്ലേ, പിന്നെ യാതൊരു വർത്തമാനവുമില്ല. സുഖമില്ലാതെ കിടപ്പിലായ സമയത്തു വലിയച്ഛനെ എത്ര തവണ ഓർത്തുവെന്നോ! ചത്തുപോയിരുന്നെങ്കിലോ? പിന്നെക്കാ ണാൻ കഴിയുമായിരുന്നോ? നിസ്സാരമായ ആപത്തല്ലായിരുന്നു വന്നതെങ്കിൽ ചത്തതുതന്നെ."

"ഛി ഛി!, മോളേ, അങ്ങനെയാന്നും ആരും പറയാറില്ല."

"എവിടെയായിരുന്നു ഇത്രനാളും? ഇപ്പോൾ എവിടെനിന്നാണ്?"

"ഏഡോശോലയിൽനിന്ന്."

കുസുമം പരിഭ്രമത്തോടെ പറഞ്ഞു "നടന്നിട്ടാവും. ഒന്നും കഴിച്ചിട്ടില്ലേ?"

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "പരിഭ്രമിക്കാതിരിക്കു മോളേ! ഒക്കെ പറയാം. രാവിലെ പുറപ്പെട്ടതായിരുന്നു ഏഡോശോലയിൽനിന്ന്. ഞാൻ പറഞ്ഞു, ഒന്നു റാണാഘാടിൽപോവുകതന്നെ. നിന്നെക്കണ്ടിട്ടും ഒരു പാടു നാളായി. ഒന്നു കാണണം. റെയിൽ ബസാറിൽ പഴയ ഹോട്ടൽ ഒന്നു കണ്ടു കളയാമെന്നുവെച്ചു ചെന്നപ്പോൾ ബാബു പിടിച്ചു ജോലിക്കു വെച്ചു. പണി കഴിഞ്ഞു ചൂർണ്ണിക്കര ചുറ്റിനടന്നു വരികയാണ് ഇപ്പോൾ."

"എൻറമ്മേ! ഇനിയോ? അക്കൂട്ടർ വീണ്ടും പിടിച്ചുപണിക്കുവെച്ചെന്നോ? അപ്പോൾ ഇല്ലാത്ത കള്ളക്കഥകൾ കെട്ടിച്ചമച്ചതെന്തിനായിരുന്നു? അസത്തു പത്മയില്ലേ അവിടെ?"

"ഇല്ലാതെവിടെപ്പോണു, അവൾ? ഉണ്ട്, അവിടെത്തന്നെയുണ്ട്. ഉണ്ടായി രുന്നപോലെതന്നെയുണ്ട്."

പിന്നെ ഊറ്റം നടിച്ചുകൊണ്ടുതന്നെ പറഞ്ഞു "എന്നെ എടുത്തില്ലെങ്കിൽ ഹോട്ടൽ പൂട്ടേണ്ടിവരുമെന്ന ദിക്കായിപ്പോയില്ലേ? ഊണുകാരിൽ പകുതി പേരും അങ്ങോട്ടു കടക്കാതായി. എല്ലാവരും യദുബാഡുയ്യേയുടെ ഹോ ട്ടലിൽ ചെന്നു കയറിത്തുടങ്ങി."

എത്രന്നെയായാലും യദുബാഡുയ്യേ ഒരു ഹോട്ടലുടമ. അതിനാൽ അയാ ളുടെ മുതലാളിയുടെ സമശീർഷൻ. ഹാജാരി യദുബാഡുയ്യേയുടെ പേർ അല്പം ബഹുമാനത്തോടെയാണ് ഉച്ചരിച്ചത്. കുസുമം അത്ഭുതത്തോടെ

കുറച്ചു നേരം മിണ്ടാതെനിന്നു. പിന്നിടു പെട്ടെന്നു വ്യഗ്രതയോടെ പറഞ്ഞു "ഇരിക്കൂ വലിയച്ഛരാ, ഞാനിതാവന്നു."

"വേണ്ട വേണ്ട, കേൾക്കൂ, ഈ സമയത്ത് എനിക്കു യാതൊന്നും വേണ്ട."

"വലിയച്ഛരൻ ക്ഷമിച്ചിരിക്കൂ, അവിടെ. ഞാനിങ്ങോട്ടു വരട്ടെ."

പറഞ്ഞിട്ടു ഫലമൊന്നുമുണ്ടായില്ല. കുസുമം ഒരു ഗ്ലാസ്സിൽ കാച്ചിയ പാലും പ്ലേറ്റിൽ 'ബർഫി'യും 'സന്ദേശും' കൊണ്ടുവന്നു മുമ്പിൽവെച്ചിട്ടു പറഞ്ഞു "കുറച്ചു വല്ലതും കഴിക്കൂ."

"ഇതാണു നിനക്കുള്ള ദോഷം. വേണ്ടന്നു പറഞ്ഞിട്ടും കേൾക്കാൻ ഭാവമില്ലെങ്കിലോ?"

കുസുമം ചിരിച്ചുകൊണ്ടു പറഞ്ഞു "അതൊക്കെ പിന്നെ കേൾക്കാം. തൽക്കാലം ആ പാൽമുഴുവൻ കുടിക്കൂ. ഒന്നാന്തരം പാൽ. ഇവിടെ കറന്നത്. കാച്ചിക്കുറുക്കിയതാണ്. ഉച്ചതൊട്ടു കനൽപ്പുറത്തിരിക്കുന്നത്."

"നീ വല്ലാത്ത വിഷമത്തിലാക്കി-ഇല്ല-"

ഹാജാരിക്കു വെറ്റില തേച്ചുകൊടുത്തുകൊണ്ടു കുസുമം പറഞ്ഞു "വലിയച്ഛരനു ഹോട്ടൽ പിടിച്ചോ?"

"മോശമില്ല. ഇന്ന് എനിക്ക് വളരെ സുഖമായി തോന്നി. എന്നാലും എന്റെ വിചാരം എന്താണെന്നറിയാമോ, മോളേ, ഈ റയിൽബസാറിൽ തന്നെ ഇനിയൊരു ഹോട്ടലിന്നുകൂടി നന്നായി നടക്കാൻ സാധ്യതയുണ്ട്."

"നന്നായിട്ടല്ല. വളരെ നന്നായിട്ടുതന്നെ നടക്കും. വലിയച്ഛരാ! സ്വന്തം പേരിൽതന്നെ വലിയച്ഛരൻ ഒന്നു തുടങ്ങിയാൽ മറ്റു ഹോട്ടൽക്കാർ തെണ്ടിപ്പോകും."

"നിനക്കങ്ങനെ തോന്നുന്നുണ്ടോ?"

"ഉവ്വ്, അങ്ങനെ തോന്നുന്നുണ്ട്. തുടങ്ങിക്കോളൂ."

"മറ്റൊരാൾകൂടി ഇന്നലെ ഇങ്ങനെ പറയുകയുണ്ടായി. നിന്നെപ്പോലെതന്നെ എന്റെ മറ്റൊരു മകളാണ് അവൾ. എന്റെ ഗ്രാമത്തിലെതന്നെ-"

"ആരാണു വലിയച്ഛരാ!"

"ഹരിബാബുവിന്റെ മകൾ അതസി-ദേംപിയുടെ കൂട്ടുകാരി. രണ്ടു പേരും ഉറ്റ ചങ്ങാതികൾ. അവൾ എന്നോട് ഇന്നലെ പറഞ്ഞു "

"ഞങ്ങളുടെ മുതലാളന്റെ മകളോ? ഞാൻ കണ്ടിട്ടില്ല എന്തുപ്രായം?"

"അവർ ആദ്യമായി വരികയാണു ഗ്രാമത്തിൽ, എങ്ങനെ കാണും? വയസ്സ് പതിനാറോ പതിനേഴോ നല്ലൊരു പെൺകുട്ടി."

"എല്ലാവരും പറയുന്നതുകൊണ്ടു വലിയച്ഛരൻ അങ്ങനെതന്നെ ചെയ്യണം. പണം ഞാൻ തരാം."

"അതസിയും തരാമെന്നേറ്റിട്ടുണ്ട് രണ്ടുപേരുടേയും പണം കിട്ടിയാൽ നല്ലൊരു ഹോട്ടൽ തുടങ്ങാൻ ആവും. പക്ഷേ പേടിയുണ്ട്. നിന്റെ പണം വിറ്റപണം മുതലിറക്കി നഷ്ടത്തിൽ കലാശിച്ചാലോ? അപ്പോൾ ഇംറവുമില്ല, പരവുമില്ല എന്നാവും. അതസിയാണെങ്കിൽ പ്രഭുകുടുംബത്തിൽ

പിറന്നവൾ. ഇരുനൂറുരൂപ നഷ്ടപ്പെട്ടാലും ഒരു ചേതവും വരാനില്ല.''

''അതു പറ്റില്ല, എൻെറ പണവും ഇറക്കണം. എന്തു പറഞ്ഞാലും വിടില്ല.''

''ഞാൻ രണ്ടുപേരുടേയും പണം വാങ്ങാൻ വിചാരിക്കുന്നു നാളെ മുതൽ സ്ഥലം അന്വേഷിക്കയായി എന്നാൽ പണം മുങ്ങിയാൽ എന്നെ കുറ്റം പറയരുത്''.

''വലിയച്ചരൻ ഹോട്ടൽ തുടങ്ങിയാൽ പണം പോവുകയില്ല എനിക്കുറപ്പുണ്ട് എന്നിട്ടു പോയാലോ, ആർക്കെന്തു നിവൃത്തി? ഞാൻ ഒരിക്കലും പരാതിപ്പെടില്ല''

എഴുന്നേറ്റപ്പോൾ കുസുമം പറഞ്ഞു ''വലിയച്ചരാ, മറ്റന്നാൾ സംക്രാന്തി, ഞാൻ അന്നു 'സത്യനാരായണസിന്നി'ക്കു (സത്യനാരായണന് അരിപ്പൊടി, ഗോതമ്പുപൊടി, പാൽ, പഞ്ചസാര, വാഴപ്പഴം മുതലായവ ചേർത്തുണ്ടാക്കിയ നൈവേദ്യം വെച്ചുള്ള പൂജ) വിചാരിക്കുന്നു. വലിയച്ചരൻ രാത്രി അതിനു തക്ക വണ്ണം വരണം.''

''അതെങ്ങനെ മോളേ! എനിക്കു രാത്രി പന്ത്രണ്ടടിക്കുന്നതിനു മുമ്പ് പുറത്തിറങ്ങാൻ കഴിയില്ല.''

''എന്നാൽ പിറ്റേദിവസം. ഒരുമണിയാവുമ്പോഴേക്കു വന്നാൽ മതി. ഞാൻ പൂരിയുണ്ടാക്കിവെച്ചേക്കാം. വലിയച്ചരൻ വന്നിട്ടു കറികൾ ഉണ്ടാക്കിക്കോളൂ. പറഞ്ഞേൽപിച്ചു കഴിഞ്ഞു. വരാതെ പറ്റില്ല.''

ഹാജാരി ഹോട്ടലിൽ ചെന്നുവലിയ അരിച്ചെമ്പ് അടുപ്പത്തു കയറ്റി ബംശീഠാക്കൂർ ഇനിയും എത്തിയില്ല. ഹാജാരി അത്യന്തം സന്തോഷത്തോടെ നാലുപാടും നോക്കി-അതിപരിചിതമായ അതേ പഴയ മടപ്പിള്ളി. എന്തിനധികം-ഒരു പഴയ ഇരുമ്പു ചട്ടുകം അയാൾ അഞ്ചുമാസം മുമ്പ് ടിൻ മേഞ്ഞ മേൽപുരയുടെ ഒരു പട്ടികക്കിടയിൽ തിരുകിവെച്ചിരുന്നത് തുരുമ്പു പിടിച്ച് അതേമട്ടിൽ അവിടെത്തന്നെ ഇരിക്കുന്നു. അതേ ബംശി, അതേ രതൻ, പത്മയും അതുതന്നെ.

ബംശി വന്നുകയറി. ഹാജാരി പറഞ്ഞു ''ഇന്നു പപ്പായ നുറുക്കിത്തരൂ ബംശീ. വളരെ നാളുകൾക്കു ശേഷം ഇന്നൊന്നു പപ്പായക്കറി വെക്കുക തന്നെ. ഒരു ദിവസം കൊണ്ടുതന്നെ ബാഡുയ്യേ മഹാശയൻെറ ഹോട്ടലിൻെറ ഊറ്റം ഒന്നു കുറച്ചുതരാം.''

പണപ്പെട്ടി വെച്ചിരിക്കുന്ന മുറിയിൽ പത്മയുടെ ശബ്ദം കേട്ടു ബംശി പറഞ്ഞു ''പത്മയേടത്തി, ഏയ്! ഇതൊന്നു കേട്ടിട്ടു പോക! പത്മയേടത്തി!''

പത്മ ഭക്ഷണ മുറിയിലൂടെ അടുക്കളയിൽ കടന്നുചെന്നു ചോദിച്ചു ''എന്തുപറ്റി?''

ബംശി പറഞ്ഞു ''എന്തൊക്കെക്കറികളാണു വേണ്ടത് അത്താഴത്തിന്? ഹാജാരി പറയുന്നു പപ്പായക്കറി വെക്കാമെന്ന്. ഇന്നുതൊട്ടു നമുക്ക് ഒന്നു കൂടിയൊക്കെ ഭേദമാക്കണം. പപ്പായ ഉണ്ട്. എന്താണഭിപ്രായം?''

പത്മ പറഞ്ഞു "വേണ്ട, പപ്പായ നാളേക്ക്. ഇപ്പോഴത്തേക്ക് ഇളവൻ മതി. പിന്നെ ചെറുതരം മീൻകൊണ്ടുള്ള കറിയും. 'ചിരസി'ക്കറി രാവിലെ വെച്ചതല്ലേ. ഇപ്പോഴന്തു മീനാണു കിട്ടുക-നോക്കട്ടെ."

ഹാജാരി പറഞ്ഞു "പത്മേടത്തി! ഇപ്പോഴേക്ക് കുറച്ചു മാംസവും ആകട്ടെ."

പത്മ ഇതുവരെ ഹാജാരിയോടു നേരെ നിന്നു സംസാരിക്കയുണ്ടായില്ല. അപ്പോഴാണ് അവൾ നേരിട്ടു നിന്നു വല്ലതും പറയുന്നത് "മാംസം ബുധനാഴ്ച വെച്ചുകഴിഞ്ഞു. ഇനി ശനിയാഴ്ച."

പത്മ തന്നോടു വർത്തമാനം പറയാൻ വന്നതിൽ ഹാജാരി അത്യന്തം പുളകിതനായി. ആ പുളകത്തിൻെറതായ പ്രഥമ നിമിഷം കഴിഞ്ഞു പോകുന്നതിനു മുമ്പായി അയാളെ തികച്ചും വിസ്മിതനും ചകിതനുമാക്കിക്കൊണ്ട് പത്മ ചോദിച്ചു "എവിടെയായിരുന്നു ഇതുവരെ ഠാക്കൂർ?"

ഹാജാരി ഉൽക്കണ്ഠയോടെ ചോദിച്ചു "എൻെറ കാര്യമാണോ ചോദിക്കുന്നത് പത്മേടത്തി?"

"അതെ."

"ഗോപാല നഗരത്തിൽ കുണ്ഡുബാബുവിൻെറ വീട്ടിൽ. ഞാൻ അവധിക്ക് വീട്ടിലേക്കു പോന്നതായിരുന്നു. അതിനുശേഷം റാണാഘാടിൽ വന്നതായിരുന്നു ഒന്നുചുറ്റി നടക്കാൻ. അപ്പോൾ ബാബുപറഞ്ഞു-"

"ശരി, സുഖമായി കൂടിക്കോളു. പക്ഷേ സാധനങ്ങൾ പുറത്തേയ്ക്കു കൊണ്ടു പോകാനൊക്കില്ല, പറഞ്ഞേക്കാം. അതൊക്കെ ബാബു തീരെ നിർത്തലാക്കിയിരിക്കുന്നു. ആകാവുന്നത്ര ഇവിടെയിരുന്നു ഭക്ഷിച്ചോളു. മനസ്സിലായോ?"

"ഇല്ലാ പുറത്തേക്കെന്തിനാണു കൊണ്ടുപോകുന്നത് പത്മയേടത്തി! കൊണ്ടുപോകില്ല."

"നിങ്ങളുടെ ആ കുസുമത്തിൻെറ വർത്തമാനമെന്തൊക്കെ? കാണാൻ പോയില്ലേ?" പത്മയുടെ സ്വരത്തിൽ ആക്ഷേപവും പരിഹാസവുമുണ്ടായിരുന്നു.

ഹാജാരി ലജ്ജയും ജാള്യവും തോന്നിക്കുന്ന സ്വരത്തിൽ പറഞ്ഞു "കുസുമം? അതെതെ....കുസുമത്തിന് ഒരു വിധം സുഖം തന്നെ."

പത്മ മുഖം തിരിച്ചത് ചിരിക്കാനാണെന്നു തോന്നി. പത്മ അവിടെ നിന്നു പുറത്തേക്കു പോയപ്പോൾ ബംശി പറഞ്ഞു "പോകട്ടെ, നിങ്ങളുടെ പണി ഉറച്ചല്ലോ ഹാജാരിയേട്ടാ! ഉച്ചയ്ക്കു നമ്മൾ പോയിക്കഴിഞ്ഞപ്പോൾ യജമാനനും യജമാനത്തിയും തമ്മിൽ ഇതേപ്പറ്റി കൂടിയാലോചന നടന്നിരിക്കും. വരൂ, ഒരു കുടുക്ക നിറച്ചൊന്നു വലിക്കുക നമുക്ക്."

ഹാജാരി ചിരിച്ചു. എല്ലാംകൊണ്ടും സുഖം തോന്നുന്നു. പക്ഷേ, പത്മ ഇതിനിടയ്ക്കു കുസുമത്തിൻെറ കാര്യം എടുത്തിട്ടതെന്തിന്? എത്ര സങ്കുചിതമാണു മനസ്സ്. ഛി!

ബംശി പുറത്തുനിന്നു പതുക്കെ വിളിച്ചു "ഹാജാരിയേട്ടാ, വരൂ, ഒന്നു മനസ്സിരുത്തി വലിച്ചോളൂ ഒരു വലി."

പുക ഒന്നു നീട്ടിവലിച്ചു വീണ്ടും അടുക്കളയിൽ ചെന്നിരുന്നപ്പോൾ ഹാജാരിയുടെ കൺമുമ്പിൽ അതസിയുടെ മുഖം പ്രത്യക്ഷപ്പെട്ടു. ദുർഗ്ഗാപ്രതിമ പോലുള്ള പെൺകുട്ടി. മനസ്സ് പട്ടുപോലെ. അവളുടെ അമ്മാവൻ കഞ്ചാവു വലിക്കുന്നത് അവൾ കണ്ടിരുന്നെങ്കിലോ? അക്കാരണത്താൽ തന്നെ അയാൾ ഗ്രാമത്തിൽ വെച്ച് കഞ്ചാവു വലിക്ക പതിവില്ല. കുട്ടികളുടെ മുന്നിൽവെച്ചു അങ്ങനെ ചെയ്യുന്നതു നാണക്കേടാണ്.

അതസി പണം തരാൻ വിചാരിക്കുന്നു. ഹോട്ടൽ തുടങ്ങുകതന്നെ വേണം. കാര്യം ബംശിയോടു ഒന്നു പറഞ്ഞുവെയ്ക്കണോ? ബംശിയും രതനും നല്ലവരാണ് അവരെ വിശ്വസിക്കാം. രണ്ടുപേർക്കും അയാളെ ഇഷ്ടമാണ്

ബംശിയോടു പറഞ്ഞു "ഈയിടെ രാത്രി പൂരിക്കറി വെക്കാറില്ലേ?"

"എന്നും പതിവില്ല. ഈയിടെ ചെറുനാരങ്ങയ്ക്കു സഹായമുണ്ടെന്നു പറഞ്ഞ് ചെറുനാരങ്ങയാക്കി. പൈസയ്ക്ക് ആറും ഏഴും കിട്ടും."

"എന്തെങ്കിലും ഒന്നുണ്ടാക്കി നോക്കണമല്ലോ. പരിപ്പുരസമുണ്ടാക്കിയാലോ?"

"നിങ്ങൾ ഉണ്ടാക്കാമെന്നുവെച്ചാൽ മതിയോ? പത്മ പാസ്സാക്കിയാലല്ലേ അടുപ്പത്തു കയറുള്ളൂ? നിയമമൊക്കെ മറന്നോ ഹാജാരിയേട്ടൻ?"

ഹാജാരി ഉറക്കെ ചിരിച്ചു. അയാൾ പറഞ്ഞു "ബംശി, കുറച്ചു ചായയുണ്ടാക്കിയാലെങ്ങനെ? ഉണ്ടോ വിഭവങ്ങൾ വല്ലതും?"

ബംശി പറഞ്ഞു "വേണോ? ഞാൻ എല്ലാം ശരിപ്പെടുത്തിത്തരാം. പരിപ്പിനു വെള്ളം അടുപ്പത്തിട്ടു തിളയ്ക്കുമ്പോൾ കുറച്ചു തെക്കിയെടുത്തോളൂ. പഞ്ചസാര ഉണ്ട്. ചായ കൊണ്ടുവന്നു തരാം. കഴിഞ്ഞകൊല്ലം എനിക്കു ഹാജാരിയേട്ടൻ ചായയുണ്ടാക്കിത്തന്നതു ഞാനോർക്കുന്നുണ്ട്. ഇഞ്ചിനീർ ഇപ്പോഴെടുത്തുതരാം ചായയിൽ ചേർക്കാൻ."

അരമണിക്കൂറിനകം ഹാജാരിയും ബംശിയും ഈയംപൂശിയ പാത്രങ്ങളിൽ ചായ പകർന്നു. രസമായിട്ടങ്ങിനെയിരുന്നു ചായകുടിക്കാൻ തുടങ്ങി. ഹാജാരി കണ്ണിമയ്ക്കാതെ അടുപ്പിലേയ്ക്ക് നോക്കിക്കൊണ്ടു ചിന്താദ്യോതകമായ ഭാവത്തോടെ പറഞ്ഞു "മനസ്സിനു പിടിക്കുന്ന ഇടമാകണം. മനസ്സിലായോ ബംശീ' ഗോപാലനഗരത്തിൽ സന്ധ്യയ്ക്കു ദിവസവുമുണ്ടാവും അവരുടെ അമ്പലത്തിലെ പരദേവതയ്ക്ക് അത്താഴപ്പൂജ. അതിന്റെ പ്രസാദമായിട്ട് സന്ദേശ്, പഴന്നുറുക്ക്, കടലപ്പരിപ്പു നനച്ചത് ഒക്കെയുണ്ടാവും. അതൊക്കെ എനിക്കും തന്നിരുന്നു. ചായ ഞാൻ തന്നെ തിളപ്പിക്കും. പക്ഷേ, അതിന് ഇതുപോലെയുള്ള രസമുണ്ടോ? ഒറ്റയ്ക്ക് അടുക്കളയിലിരുന്നു ചായകുടിക്കുമ്പോൾ മനസ്സിനെന്തൊന്നില്ലാത്ത ഒരു വിമ്മിഷ്ടം തോന്നിയിരുന്നു. ചായക്കൊപ്പം വയറുനിറയെ തിന്നാനും കിട്ടിയിരുന്നു. പക്ഷെ എന്നി

ട്ടും വേണ്ടേ ഒരു രസം! ഇന്നിതാ ഇവിടെ വെറും ചായ. എന്നിട്ടുതന്നെ എന്തൊരു സ്വാദ്!''

രാത്രിയായി. സ്റ്റേഷനിൽ ഒരു വണ്ടി വന്നുനിന്ന ഒച്ചകേട്ടു ഹാജാരി പറഞ്ഞു ''എസോ ബംശി. കേഷ്ടനഗർ എത്തിപ്പോയി. പരിപ്പിറക്കിവെക്കൂ'' ഒപ്പംതന്നെ വേലക്കാരൻ ഗോബ്ര ഭക്ഷണമുറിയിൽനിന്നു വിളിച്ചുപറഞ്ഞു ''തേഡ്ക്ലാസ്സ് രണ്ടുകിണ്ണം!''

ഹാജാരിയുടെ ദേഹമാസകലം ഉത്തേജനത്താൽ എന്തോപോലെയായി. എന്തൊരു പണിത്തിരക്ക്, എത്രയെത്ര ആളുകൾ, എന്തെല്ലാം കോലാഹലങ്ങൾ! ഇതിനൊക്കെയാണു രസം. അതല്ലാതെ, ഗോപാലനഗരം പോലുള്ള ശുദ്ധമേനാട്ടിൻപുറത്തെ ജാംബവാന്റെ കാലത്തെ മാളികവീടിന്റെ ആളുമനക്കവുമില്ലാത്ത അടുക്കളപ്പുരയുടെ ഒരു കോണിൽ കുത്തിയിരുന്നു കഴുക്കോലെണ്ണിക്കൊണ്ടും ഭവനത്തിന്റെ പിറകിലുള്ള തോട്ടത്തിലെ പുളിമരത്തിന്റെ വവ്വാലുകൾ തൂങ്ങിക്കിടക്കുന്ന കൊമ്പുകളിലേക്കു നോക്കിക്കൊണ്ടും അടുക്കളപ്പണി നടത്തുക. ഇതയാൾക്കു ചേർന്ന തൊഴിലാണോ? അയാൾ നഗരത്തിലുള്ള മനുഷ്യനല്ലേ?

സംക്രാന്തിയുടെ പിറ്റേന്നാൾ ഹാജാരി പന്ത്രണ്ടുമണിയോടെ വാക്കുപാലിക്കാൻ കുസുമത്തിന്റെ വീട്ടിലെത്തി. ബംശി ഠാക്കൂറിനോടു പറഞ്ഞ് അയാൾ കുറച്ചു നേരത്തെതന്നെ പുറപ്പെട്ടതായിരുന്നു

കുസുമം പശുക്കളെക്കെട്ടുന്ന മുറിയിൽ പുതിയതായിക്കൂട്ടിയ അടുപ്പിൽ പ്രത്യേകം കാബേജ് 'സാറിന' (ഒരു വ്യഞ്ജനം) ഉണ്ടാക്കുകയായിരുന്നു ഒരു വാഴയിലയിൽ വഴുതിനയുപ്പേരിയും ഒരു കൽച്ചട്ടിയിൽ വാഴക്കക്കറിയും വെച്ചിരിക്കുന്നു. എല്ലാം ശുദ്ധമായിട്ടുവേണമെന്നു വെച്ചിട്ടാണു വാഴയിലയും കൽച്ചട്ടിയും മറ്റും. ഹാജാരിക്കു കണ്ടിട്ടു ചിരിവന്നു. കണ്ടില്ലേ അവളുടെ പണി! ഹോട്ടലിലാണു തനിക്കു പണി ആരെയെല്ലാം തൊട്ടുതിന്നുന്നു എന്നിട്ടാണ് ഇവൾ കുളിച്ചു ശുദ്ധമായി ഗുരുദേവന്മാരെ പെയ്യും പോലെ എന്നെ സൽക്കരിക്കാൻ ഈവിധം പാടുപെടുന്നത്

കുസുമം സലജ്ജം ചിരിച്ചുകൊണ്ടുപറഞ്ഞു ''വലിയച്ഛാ, ഇനിയും ഒന്നുമായിട്ടില്ല കുറച്ചു താമസിക്കും എന്നാൽ ഞാൻ പച്ചക്കറി വിഭവങ്ങൾ ഒക്കെ ഒരുമാതിരി ഉണ്ടാക്കിക്കഴിഞ്ഞു വലിയച്ഛൻ അവിടെയിരുന്ന് ഒക്കെ നോക്കിക്കോളൂ.''

ഹാജാരി പറഞ്ഞു ''നീ വലിയ കേമത്തിന് കറികളെല്ലാം ഉണ്ടാക്കിവെച്ചല്ലോ. അതു നേരത്തെ നീ എന്നോടു പറഞ്ഞിരുന്നില്ല. എനിക്കു നീയുണ്ടാക്കിയ കറി ഭക്ഷിക്കാമോ?''

''എന്നെപ്പറ്റിക്കാൻ നോക്കണ്ട, വലിയച്ഛൻ. ഒരു കറിയിലും ഉപ്പിട്ടിട്ടില്ല ഞാൻ ഉപ്പിട്ടിട്ടില്ലെങ്കിൽ കൂട്ടാനെന്താണു വിരോധം? ഞാൻ വിചാരിച്ചു-ഇത്ര നേരം വൈകിവന്നിട്ടു കറികളും മറ്റും ഉണ്ടാക്കാൻ വലിയച്ഛനു ബുദ്ധിമുട്ടു തോന്നുമെന്ന്. പൂരിയുണ്ടാക്കാൻ എത്രനേരം വേണം! അതുകൊണ്ട് കറികൾ

ഞാൻ നേരത്തേ നോക്കിയതാണ്. അതാണ്—"

"ഉപ്പിടാതെയോ? എൻെറ മോളേ, നീയെന്നെ വല്ലാതെ ചിരിപ്പിക്കുന്നല്ലോ! നിൻെറ വീട്ടിൽ വിളിച്ചുവരുത്തി എനിക്ക് ഉപ്പില്ലാ ഭക്ഷണമാണോ വിളമ്പിത്തരാൻ പോകുന്നത്?"

"പിന്നെ ഇടയകുടുംബത്തിൽ പിറന്ന ഞാൻ വലിയച്ഛനെ തൊട്ടു തീറ്റി ജാതികെടുത്തണമെന്നോ? നരകത്തിൽക്കിടന്നു ചീയേണ്ടിവരുമല്ലോ എനിക്ക്?"

ഹാജാരി ഉറക്കെച്ചിരിച്ചുകൊണ്ടു പറഞ്ഞു "മൈദ തരൂ, ഞാനപ്പോഴേക്ക് കുഴച്ചുവെക്കട്ടെ."

"എല്ലാം ശരിയാക്കി വെച്ചിട്ടുണ്ട്. വലിയച്ഛൻ ഒന്നിനും ബുദ്ധിമുട്ടണ്ട. വലിയച്ഛൻ പിടുമുറിച്ചു പൂരിക്കു പരത്തിക്കോളൂ. കാബേജ് ആയിക്കഴിഞ്ഞാൽ ചട്ണി ഉണ്ടാക്കണം. അതു കഴിഞ്ഞാൽ ചൂടോടെ പൊരിച്ചെടുത്ത പൂരി.... അല്ലാ, അതെന്താണു വലിയച്ഛാ!

ഹാജാരി പുതച്ചിരുന്ന മേൽമുണ്ടിനടിയിൽനിന്ന്. ഒരു തേക്കിലപ്പൊതി പുറത്തേക്കെടുത്ത് മെല്ലെമെല്ലെ പറഞ്ഞു "ഇതിൽകുറച്ചു ശർക്കരയിലുണ്ടാക്കിയ 'സന്ദേശ്' ആണ്, ഇന്ന് ഒന്നാം തീയതിയായിട്ട് കഴിഞ്ഞ ഏതാനും ദിവസത്തെ ശമ്പളം കയ്യിൽ കിട്ടിയില്ലേ? അപ്പോ വിചാരിച്ചു കുറച്ചു മധുരപലഹാരം."

കുസുമം കോപത്തോടെ പറഞ്ഞു "ഇതു വലിയ അന്യായമായി വലിയച്ഛാ! വലിയച്ഛന് പണിയെടുത്തു കിട്ടിയ ശമ്പളം. അതുകൊണ്ട് എനിക്കു 'സന്ദേശ്' വാങ്ങികൊണ്ടുവരാതിരിക്കാൻ വയ്യ അല്ലേ? വലിയച്ഛനെ വിഷമിപ്പിക്കാനാണ് ഞാനിങ്ങോട്ടു ക്ഷണിച്ചതെന്നോ വിചാരം? ഇതെന്തൊരു കുട്ടിക്കളി."

ഹാജാരി തേക്കിലപ്പൊതി അപരാധബോധത്തോടും സങ്കോചത്തോടും താഴെ വെച്ചുകൊണ്ടുപറഞ്ഞു "നിനക്കു വല്ലതും കൊണ്ടുവന്നാൽ കൊള്ളാമെന്ന് എിക്കുമുണ്ടാവില്ലേ മോഹം മോളേ! അച്ഛൻ മകൾക്ക് ഒന്നും കൊടുത്തു കൂടന്നോ?"

ഹാജാരിയുടെ ഭാവവും ഭംഗിയും കണ്ട് കുസുമത്തിനു ചിരി പൊട്ടിക്കൊണ്ടിരുന്നുവെങ്കിലും കോപഭാവംവിടാതെ അവൾ വറഞ്ഞു "ദേഷ്യം വരാതിരിക്കുമോ? കയ്യിൽ പൈസവരുമ്പോഴേക്ക് ആരും ഇങ്ങനെ ദീവാളി കുളിക്കാൻ പുറപ്പെടാറില്ല. വലിയ ഒരാളായിരിക്കയാണെന്നു തോന്നിപ്പോകുന്നല്ലോ. കഴിഞ്ഞ മാസം ഏഴുദിവസത്തെ ശമ്പളമേ കിട്ടാനുള്ളൂ ആകെ. അതിൽനിന്ന് ഒരുറുപ്പികയെങ്കിലും ചിലവാക്കിക്കാണും ഇതു വാങ്ങാൻ."

ഹാജാരി ഒന്നും മിണ്ടാതെ അന്തം വിട്ടിരുന്നുപോയി.

"വരൂ, ഇങ്ങോട്ട്, ഇവിടെ ഈ പലകയിലിരുന്ന് പൂരിപരത്തൂ."

അമ്മ ആരെയാണ് ശാസിക്കുന്നതെന്നറിയാൻ കുട്ടികൾ അങ്ങോട്ടു ചെന്നു. ഹാജാരി കുറേശ്ശെ സന്ദേശ് പൊട്ടിച്ച് അവരുടെ കയ്യിൽവെച്ചുകൊ

ടുത്തുകൊണ്ടു പറഞ്ഞു "തിന്നിൻ! പേരക്കിടാങ്ങൾ ആദ്യം തിന്നട്ടെ. തള്ള തിന്നുമ്പോളല്ലയോ എന്ന കാര്യം പിന്നെ."

പിന്നെ കുസുമത്തിന്റെ നേരെ തിരിഞ്ഞിട്ടു പറഞ്ഞു "നീട്ടൂ കൈ. അത്രക്കൊക്കെ മതി ദേഷ്യം."

ഇത്തവണ കുസുമത്തിനു ചിരിയടക്കാൻകഴിഞ്ഞില്ല. "പണിയെടുക്കുന്നതിനിടക്കോ തീറ്റ."

"എന്താ അശുദ്ധമാകുമെന്നോ?"

"അതല്ല"

"പിന്നെ?"

"ഞാൻ ഒരു വൃദ്ധപ്പെണ്ണ്, ഊട്ടി പ്രസാദം കഴിക്കാതെ ഞാനെങ്ങനെ വല്ലതും കഴിക്കും?"

തന്റെ ഊണു കഴിയാതെ അവൾ ഒന്നും ഭക്ഷിക്കയില്ലെന്നു ഹാജാരിക്കു മനസ്സിലായി. അയാൾ പൂരിക്കുള്ള മൈദയെടുത്ത് പണി തുടങ്ങി.

കുസുമം ചോദിച്ചു "ഹോട്ടലിന്റെ കാര്യം എന്തായി?"

"അടുത്തമാസം. പണംതരില്ലേ?"

കുസുമം സ്വരം താഴ്ത്തി പറഞ്ഞു "പതുക്കെ, പതുക്കെ വല്ലവരും കേൾക്കും."

"നിന്റെ ശ്വശ്രുവെവിടെ?"

"എനിക്കു പാലുകൊണ്ടുപോകാൻ കഴിയില്ല, ഇന്ന്. അതുകൊണ്ട് അവർ കൊണ്ടുപോയിരിക്കുന്നു. ഇപ്പോഴെത്തും."

"വാതം മാറിയോ?"

"കവചം ജപിച്ചുകെട്ടിയതിൽപിന്നെ വളരെ ആശ്വാസമുണ്ട്. ഇടയ്ക്കു കുറെ ദിവസം ഞൊണ്ടിയാണു നടന്നിരുന്നത്. ഇപ്പോൾ അതിലൊക്കെ എത്രയോ ഭേദം-വലിയച്ഛന് ഭക്ഷണത്തിനിരിക്കാൻ ഇടമുണ്ടാക്കട്ടെ. അതൊക്കെ പൊരിച്ചെടുക്കൂ-നല്ല ചൂടോടെതന്നെ വിളമ്പിത്തരാം."

ഹാജാരി ഉണ്ണാനിരുന്നു. അടുക്കലിരുന്നു പൂരിയും കറികളും വിളമ്പിക്കൊടുക്കുന്നതിന്നിടക്ക് കുസുമം പറഞ്ഞു-"വലിയച്ഛൻ കറികളിൽ കുറച്ചധികം ഉപ്പുചേർത്തോളൂ."

"ചമച്ചതൊക്കെ ഒന്നാന്തരമായിരിക്കുന്നു, മോളേ!"

"മതിമതി, വലിയച്ഛന്റെ ഒരു-"

"ഹോട്ടൽ തുടങ്ങുന്ന ദിവസം നിന്റെ കൈകൊണ്ടു പാകം ചെയ്യിച്ചു ഭക്ഷണം നൽകും."

"ഇല്ലാ അതിനൊന്നും ഞാൻ സമ്മതിക്കില്ല. വളരെ സൂക്ഷിച്ചുവേണം ഓരോന്നും. പണമെടുത്തു 'പൂതൻകളി'ക്കു പുറപ്പെടാറുണ്ടോ?"

"അങ്ങനെയൊന്നുമില്ല. നിനക്കെന്നെ അറിയില്ല."

"എനിക്കെന്നും പറഞ്ഞു വലിയച്ഛനെ അരപൈസപോലും ചിലവിടുവിക്കുവാൻ ഞാൻ സമ്മതിക്കില്ല. നേരത്തേ പറഞ്ഞേക്കാംഅങ്ങനെ

ചെയ്താൽ അന്നുതീർന്നു. നമ്മൾ തമ്മിൽ പിണക്കമാവും. സത്യം.''

പത്തുപതിനഞ്ചു ദിവസം കഴിഞ്ഞു ഹാജാരി സ്വഗ്രാമത്തിൽ വീട്ടുചിലവിന്നുള്ള പണം കൊടുക്കാൻ പോയി. വൈകിയിട്ട് ഹരിബാബുവിന്റെ ഭവനത്തിൽ വെറുതേ നടക്കാനിറങ്ങിയ കൂട്ടത്തിൽ ചെന്നു നോക്കിയപ്പോൾ അവിടെ ഇരിപ്പുമുറിയിൽ വേറെ രണ്ടുപേർകൂടിയിരുന്നു വർത്തമാനം പറയുന്നതാണു കണ്ടത്. ഹാജാരിയെക്കണ്ടപ്പോൾ ഹരിബാബു പറഞ്ഞു ''ആരിത്, ഹാജാരിയല്ലേ. വരൂവരൂ. ഇവർ കൽക്കത്തയിൽനിന്ന് അതസിയെ കാണാൻ വന്നവരാണ്. നിങ്ങൾ വന്നതുനന്നായി. ഇന്നുരാത്രി ഊണിവിടെ.''

അപ്പോൾ അതസിക്കു വിവാഹം. വിവാഹം ഇതിനിടക്കു നടന്നു പോയാൽ അവൾ ശ്വശുരഗൃഹത്തിലേക്കു യാത്രയാവും. അപ്പോൾ പണത്തിന്റെ കാര്യം നടന്നില്ലെന്നു വരും. ഹാജാരി അല്പം തിരുത്സാഹിതനായി.

കുറെക്കഴിഞ്ഞ് ഹരിബാബുപറഞ്ഞു ''ഞാൻ സന്ധ്യാവന്ദനം കഴിച്ചു വരാം. അതിനിടയ്ക്കു നിങ്ങൾക്ക് ചായകുടികഴിക്കാം.''

കൽക്കത്തയിൽ നിന്നു വന്നവർ പറഞ്ഞു ''അതുവേണ്ട, ഞങ്ങൾ പുഴവക്കത്തു നടന്നിട്ടുവരാം. വന്നിട്ട് ഒന്നിച്ചാവാം ചായ ''

അല്പംകഴിഞ്ഞ് അതസി ഇരുപ്പുമുറിയുടെ വാതിൽക്കൽ വന്നെത്തിയൊന്നു നോക്കിയിട്ടു കടന്നു.

''വരൂ, വരൂ കുട്ടി. സൗഖ്യമല്ലേ?''

''അമ്മാവനും സൗഖ്യമല്ലേ? ഗോപാലനഗരത്തിൽ നിന്നുവരികയാവും.''

''അല്ല, ഞാനിപ്പോൾ അവിടെയല്ല മോളേ! റാണാഘാടിലെ അതേ ഹോട്ടലിൽ പണിയെടുക്കുന്നു. അവർ വിളിച്ചു പണിക്കു വെച്ചു.''

''വെക്കാതിരിക്കുമോ? അമ്മാവനെപ്പോലെ ഒരാളെ അവർക്കെറിടന്നു കിട്ടും? എന്നെ ഇത്തവണ വല്ലതും പാഠിപ്പിച്ചിട്ടേ പോകാവൂ അമ്മാവൻ. ഞാനത് ഒരുകാലവും മറക്കില്ല.''

''കുട്ടി, ഇതു കയ്യിൽ പിടിച്ചു ചെയ്യിക്കേണ്ട കാര്യമാണ് വായകൊണ്ടു പറഞ്ഞുതന്നാലാവില്ല. കാട്ടിത്തരണം അതിനെവിടന്നു കിട്ടും സൗകര്യം? ഞാൻ മുമ്പും പറഞ്ഞതാണല്ലോ, ഇതൊക്കെ.''

''നാളെ ഞാൻ അമ്മാവന്റെ വീട്ടിലേക്കു വരുന്നുണ്ട്. ടേംപിയോടു പറയൂ. ടേംപിയെ കൂട്ടിക്കൊണ്ടു വരാതിരുന്നതെന്തേ? അവളെ വിളിച്ചുകൊണ്ടു വരൂ അവളും രാത്രി ഇവിടെ അത്താഴം കഴിക്കട്ടെ.''

അതസി ക്ഷണം അവിടന്നുപോയി. കാരണം നടക്കാൻ പോയവരുടെ വർത്തമാനം വഴിയിൽ കേട്ടുതുടങ്ങി.

അടുത്ത ദിവസം രാവിലെ ടേംപിയുടെ അമ്മ മുറ്റം അടിച്ചുവാരുമ്പോൾ അതസി വന്നുവിളിച്ചു ''ടേംപി! ടേംപി!!''

ടേംപിയുടെ അമ്മ ചൂലു താഴെയിട്ട് അവളുടെ അരികിലേക്കു ചെന്നു. ജന്മിയുടെ മകൾ അതസി സാധാരണ മറ്റു വീടുകളിൽ അങ്ങനെയിങ്ങനെയൊന്നും പോവുക പതിവില്ല. എന്നിട്ടും തന്നെപ്പോലെ അതിദരിദ്രയാ

യ ഒരുവളുടെ വീട്ടിൽ വരിക-ഇതൊരു ഭാഗ്യമാണ്. തന്നെയല്ല മറ്റുള്ളവരോടു ഗർവോടെ പറയാവുന്ന ഒരു കാര്യവുമാണ്.

അവൾ ചിരിച്ചുകൊണ്ടുപറഞ്ഞു "ടേംപി പാത്രങ്ങളും കൊണ്ടു കുളത്തിലേക്കു പോയിരിക്കുന്നു. വരൂകുട്ടി, വരൂ."

"അമ്മാവനെവിടെ?"

ഹാജാരി തലേന്നാൾ രാത്രി അതസിയുടെ വീട്ടിൽ കനത്ത ആഹാരം കഴിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇന്ന് അഞ്ചര മൈൽ ദൂരം റാണാഘാടിലേക്കു നടന്നുപോകണമെന്നും പറഞ്ഞ് വലിയൊരു കൽച്ചട്ടിനിറയെ അരിയവൽ ഉപ്പും മുളകും ചേർത്തു പുരയുടെ അങ്ങേപ്പുറത്തുള്ള ഇറയത്തിരുന്നു ചെലുത്തുകയായിരുന്നു. അതസി ഇപ്പുറത്തേക്കു വന്നു തന്റെ തീറ്റ കണ്ടേക്കുമെന്നു ഭയന്ന് അയാൾ ഉടുതുണിത്തുമ്പുകൊണ്ടു മറച്ചു.

അതസിവന്നു പറഞ്ഞു "എവിടെയിരിക്കുന്നു ഈ അമ്മാവൻ."

ആവു' തക്കസമയത്തുതന്നെ അരിപ്പൊരിപ്പാത്രം മൂടി. അതസി താനൊരു രാക്ഷസനാണെന്നു വിചാരിക്കുമായിരുന്നു. ഇന്നലെ രാത്രിയിലത്തെ ആ എണ്ണും പറഞ്ഞ സദ്യക്കുശേഷം ഇന്നു നേരം പുലർന്നു-ഇല്ല എന്നായപ്പോഴേക്കുതന്നെ.

"അല്ല ഇതാരു മോളോ? എന്താണിങ്ങോട്ട്?"

"ഉച്ചയ്ക്ക് ഊണു ഞങ്ങടെ വീട്ടിലാവാമെന്നു പറയാൻ അച്ഛൻ പറഞ്ഞയച്ചു."

"അയ്യോ മോളേ, ഞാനിപ്പോഴേ പുറപ്പെടുകയായി റാണാഘാടിലേക്ക്. അവധിയില്ല. അതുമല്ല ഇന്നലെ രാത്രിലത്തെ സദ്യയുണ്ടിട്ട്—"

"എന്നാൽ ടേംപിയും അമ്മായിയും വരട്ടെ അവരെ ക്ഷണിക്കുന്നു. ഞാൻ അവരോടു പറഞ്ഞിട്ടുപോകാം." ഇതും പറഞ്ഞ അതസി ഇറയത്തേക്കു കയറി പലകവെച്ച് അതിലിരിപ്പായി എന്നു കണ്ടപ്പോൾ ഹാജാരിയുടെ കണക്കുകൂട്ടൽ തെറ്റി. ഒന്നാമതു സമയം കഷ്ടി. പത്തുമണിക്കു ഹോട്ടലിലെത്തി അരിക്കു വെള്ളമിടണം. ഒരു പാത്രം അരിയവലുചവച്ചുതിന്നാനും സമയം കുറെ പിടിക്കും. ഭാഗ്യംകെട്ട കുട്ടി ഒക്കെ അവതാളത്തിലാക്കിയല്ലോ' എത്രനേരം പാത്രം ഉടുതുണിച്ചോട്ടിൽവെച്ചുകൊണ്ടിരിക്കാം?

അതസി പറഞ്ഞു "അമ്മാവാ ഇനി നമ്മൾ തമ്മിൽ കാണാൻ കഴിഞ്ഞില്ലെങ്കിലോ?"

"എന്തുകൊണ്ടു കഴിയില്ല?"

അതസി നാണത്തോടെ പറഞ്ഞു "വിചാരിക്കുക-ഇനി ഞാൻ-ഇനിമുതൽ ഒരു സമയം—"

"മനസ്സിലായി മോളേ! നല്ലതല്ലേ അത്? സന്തോഷിക്കേണ്ട കാര്യം തന്നെ."

"എന്നെ ഇവിടന്നോടിക്കാൻ കഴിഞ്ഞാലാണ് നിങ്ങൾക്കൊക്കെ സന്തോഷമാവുക, അതെനിക്കറിഞ്ഞുകൂടായ്കയില്ല. അമ്മ പറയുന്നതും അതു തന്നെ. അച്ഛനും അതുതന്നെ പറയുന്നു. അതെന്തെങ്കിലുമാകട്ടെ, അതല്ല

ഞാൻ പറയുന്നത്. ഞാൻ പറയുന്നത് ഇന്നത്തെക്കഴിഞ്ഞിട്ട് അമ്മാവൻ പോയാൽ മതിയെന്നാണ്. ഞാൻ അമ്മാവനോടു പറഞ്ഞിരുന്നില്ലേ ഒരു കാര്യം? പണത്തിന്റെ-ഓർക്കുന്നില്ലേ? അമ്മാവന് ഇന്ന് അതു തരാൻ വിചാരിക്കുന്നു. പറയുകയാണെങ്കിൽ ഇപ്പോൾതന്നെ. എന്റെ മനസ്സിലെ ഭാരം കുറയട്ടെ. അതിനുശേഷം നിങ്ങൾക്കൊക്കെ ഇഷ്ടമുള്ളിടത്തേക്ക് എന്നെ പറഞ്ഞയച്ചോളൂ."

"അതെന്താ കുട്ടീ? കുട്ടിയെ ആരും പറഞ്ഞയക്കുന്നില്ല. ഇങ്ങനെയൊന്നും പറയരുത്. പക്ഷേ പണം തരാമെന്നുതന്നെയാണോ വെച്ചത്?"

"വാക്കു തന്നുകഴിഞ്ഞില്ലേ? ഞാൻ വെറുതേ പറഞ്ഞതാണെന്നാണോ അമ്മാവന്റെ വിചാരം?"

"അങ്ങിനെ വിചാരിച്ചിട്ടില്ല. ശരി, നമുക്കു വിചാരിക്കുക-പണം വാങ്ങിയിട്ട് ഹോട്ടൽ നടത്തി നഷ്ടത്തിൽ കലാശിക്കുന്നു. അപ്പോഴോ? കുട്ടി തരുന്ന പണം മടക്കിത്തരാനാവില്ലല്ലോ."

"ഞാൻ ചോദിക്കുന്നത് തരാൻ കഴിഞ്ഞില്ലെങ്കിലെന്താണെന്നാണ്... അമ്മാവൻ ഇരിക്കൂ. ഞാൻ പണം കൊണ്ടുവരാം."

അര മണിക്കൂറിനകം അതസി തിരിച്ചുവന്നു. അവൾ സംതൃപ്തിയോടെ തുണിത്തുമ്പഴിച്ച് ഇരുന്നൂറുരൂപയുടെ ചെറുതരം നോട്ടുകൾ എണ്ണിക്കൊടുത്തു കൊണ്ടു പറഞ്ഞു "ഇതാ തന്നിരിക്കുന്നു. ഇനിയിതു തിരിച്ചുതരണ്ട. ആ പണം കൊണ്ടു ടേംപിയുടെ വിവാഹം നടത്തൂ. ഞാൻ പോണു. കാണാതെ വന്നതാണ്. അച്ഛൻ അന്വേഷിക്കും."

പലതരം ചിന്തകളോടെയാണ് ഹാജാരി റാണാഘാടിലേക്കു തിരിച്ചത്.

നല്ല കുട്ടിയാണ് അതസി. ഭഗവാൻ അവൾക്കു നല്ലതുവരുത്തട്ടെ. അവൾ കൊടുത്ത പണംകൊണ്ടു ബിസിനസ്സ് തുടങ്ങിയാൽ നഷ്ടം വരികയില്ലെന്ന് മനസ്സു പറയുന്നു. സ്വയം ലക്ഷ്മി ഭഗവതി തന്നെയാണ് തന്റെകയ്യിൽ പണം പിടിപ്പിച്ചിട്ടുപോയത്.

ഹോട്ടലിൽ എത്തിയപ്പോൾ ബംശി പരിപ്പ് അടുപ്പത്തിട്ടു കുത്തിയിരിക്കുന്നതു കണ്ടു. ഹാജാരിയെക്കണ്ട ഉടൻ ബംശി പറഞ്ഞു "എത്തിയോ ഹാജാരിയേട്ടൻ? നേരം കുറച്ചു വൈകിയല്ലോ. വലിയ ചെമ്പിൽ അരിയടുപ്പത്താക്കുക. അതിനുമുമ്പ് ഒന്നു വലിക്കണോ?"

"അതിനെന്താ വിരോധം. തീപിടിപ്പിച്ചുകൊണ്ടുവരൂ. ഞാൻ പരിപ്പു നോക്കിക്കൊള്ളാം."

കുറച്ചുകഴിഞ്ഞു കഞ്ചാവിന്റെ കുടുക്ക ഹാജാരിയുടെ കയ്യിൽ കൊടുത്തു കൊണ്ടു പറഞ്ഞു "വലിയ ഒരു 'കോളു' കിട്ടിയിട്ടുണ്ട്, നോക്കണോ? ഘോഷ് കുടുംബക്കാരുടെ വക 'രാസ്' (ശ്രീകൃഷ്ണലീല) നൃത്തം ഉണ്ട്. ഒരാഴ്ചത്തെ കൺട്രാക്ട് പണി. മധുരപലഹാരങ്ങൾ ഉണ്ടാക്കണം സദ്യ വേണം ദിവസം രണ്ടുരൂപാ-ഭക്ഷണത്തിനു പുറമേ."

ഹാജാരി പറഞ്ഞു "ഒരു കാര്യം പറയട്ടെ? ഞാൻ റാണാഘാട് ബസാറിൽ

തന്നെ ഹോട്ടൽ തുടങ്ങാൻ പോകുന്നു. ആരോടും പറയരുത്. നിങ്ങളും വരണം എന്റെ ഹോട്ടലിലേക്ക്."

കേട്ടതു ശരിതന്നെയാണോ എന്ന് ബംശിക്കു സംശയം. അയാൾ അത്ഭുതത്തോടെ ഹാജാരിയുടെ മുഖത്തേക്കു നോക്കി ചോദിച്ചു "ഹോട്ടൽ തുടങ്ങും? നിങ്ങൾ?"

"അതെ, ഞാൻതന്നെ, അല്ലാതാര്? തന്റെയമ്മായിയച്ചനോ?"

ബംശി പറഞ്ഞു "പ്രാന്തന്മാരെപ്പോലെ വർത്തമാനം പറയുന്നതെന്താണ് ഹാജാരിയേട്ടാ! കുടുക്ക അവിടെ വെക്കൂ. ഇനി വലിക്കണ്ട. റെയിൽ ബസ്സാറിൽ ഒരു ഹോട്ടൽ തുടങ്ങാൻ പണം എത്ര വേണ്ടിവരുമെന്നു നിങ്ങൾക്കു രൂപമുണ്ടോ?"

"എന്തുവേണ്ടി വരുമെന്നാണ് തനിക്കഭിപ്രായം? കേൾക്കട്ടെ."

"അഞ്ഞൂറിൽ കുറഞ്ഞാൽ പറ്റില്ല."

"നാനൂറായാൽ മതിയാവില്ലേ?"

"കുറഞ്ഞത് അത്രയായാലും മതി. പക്ഷേ ആരുണ്ട് നിങ്ങൾക്കു നാനൂറു രൂപ..."

ഇതിനുത്തരമായി ഹാജാരി മടിയിൽനിന്നു നോട്ടുകെട്ടെടുത്തുകാട്ടി പറഞ്ഞു "ഇതു കണ്ടോ? ഇരുനൂറു രൂപയുണ്ട് ഇതിൽ. ഉണ്ടാക്കിക്കൊണ്ടു വന്നു. ഇനി അരമുറുക്കി പുറപ്പെട്ടോളൂ. തനിക്കും പങ്കുണ്ടായിരിക്കും ആത്മാർത്ഥമായി പ്രയത്നിച്ചാൽ. ഞാൻ തന്നെചതിക്കില്ല. ഇന്നുതൊട്ടു സ്ഥലം അന്വേഷിച്ചോളൂ. പതിനഞ്ചു രൂപവരെ കൊടുക്കാം. ഇരുന്നൂറു രൂപയ്ക്കുകൂടി ഏർപ്പാടുചെയ്തിട്ടുണ്ട്."

ബംശീ ഠാക്കൂർ വായകൊണ്ട് അസ്പഷ്ടമായ എന്തോ ഒരു ശബ്ദമുണ്ടാക്കിയിട്ടു പറഞ്ഞു "ബലേ ഭേഷ്! ഹാജാരിയേട്ടാ, നിങ്ങളെ തോളിലേറ്റി ഞാനൊന്നു നൃത്തംവെക്കട്ടെ. ഒരൊറ്റ അച്ചുകൊണ്ടു ബേചുചക്കത്തിവധം, പത്മാവധം, യദുബാഡുയ്യേവധം."

"പതുക്കെ, പതുക്കെ! പണി കഴിഞ്ഞാൽ നമുക്കുപോയി സ്ഥലം അന്വേഷിക്കണം. പുകലക്കടയുടെ അടുത്തുള്ള ആ സ്ഥലത്തിന് ഒൻപതു രൂപ പറയുന്നു. സ്ഥലം നന്ന് അതിരിക്കട്ടെ, കമ്പോളം എങ്ങനെയുണ്ട് ബംശി?"

"കമ്പോളം തരക്കേടില്ല. പുതിയ ഉരുളക്കിഴങ്ങിനു വില ഒന്നുകൂടി താണിരുന്നെങ്കിൽ നന്നായിരുന്നു. ഈയിടെ വരാൻ തുടങ്ങിയതേയുള്ളുവല്ലോ. കുറയും. മീനാണ് ഇപ്പോഴും കയറിനിൽക്കുന്നത്."

"സ്ഥലം കണ്ടശേഷം നമുക്ക് എന്തൊക്കെയാണു വേണ്ടതെന്ന് ഒരു ലിസ്റ്റെടുക്കണം. കിണ്ണങ്ങൾ, പാത്രങ്ങൾ, തൊട്ടികൾ, അമ്മിക്കല്ല്..."

"ഇന്നെന്നെ വയറുനിറച്ചു തീറ്റണം ഹാജാരിയേട്ട! എന്റമ്മേ! നിങ്ങൾ എത്ര വലിയൊരു കാര്യമാണു പറ്റിച്ചത്! പണമെവിടന്നാണു കിട്ടിയത്, കേൾക്കട്ടെ."

"ഒക്കെ പിന്നെ പറയാം. അതിനൊക്കെ ധാരാളമുണ്ട് സമയം. നമുക്ക് ആദ്യമാദ്യം ചെയ്യേണ്ടത് ആദ്യമാദ്യം ചെയ്യുക."

പത്മ പെട്ടെന്ന് അങ്ങോട്ടു കടന്നുചെന്നിട്ടു പറഞ്ഞു "അല്ലാ രണ്ടുപേരും കൂടി ബഡായി പറഞ്ഞിരിക്കയാണ്! മീൻകറി തയ്യാറാവണം, കറികൾ തയ്യാറാവണം. ഇപ്പൊവരാൻ തുടങ്ങും ആളുകൾ-"

വേലക്കാരൻ ഗോബ്ര വിളിച്ചുപറഞ്ഞു "തേഡ് ക്ലാസ്സ് ഒന്ന്-"

പത്മ പറഞ്ഞു "കണ്ടോ! എത്തിക്കഴിഞ്ഞു. ഇനിയും മീൻ വറുത്തിട്ടില്ലല്ലോ, ചോറിന്റെ കൂടെ അതെങ്കിലും വിളമ്പാമെന്നു വെച്ചാൽ? കഞ്ചാവിന്റെ പുകകൊണ്ട് അടുക്കള നിറയെ ഇരുട്ട്! ഇവറ്റയെ ഓടിക്കണം, എന്നാലെ ഹോട്ടൽ നന്നാവുള്ളു. യജമാനന് വേറെ പണിയൊന്നുമില്ല. അതാണ് കണ്ടതെണ്ടിത്തിരിഞ്ഞുനടക്കുന്ന കഞ്ചാവുകുടിയന്മാരെ വിളിച്ചുകൂട്ടി ചട്ടുകം കൈയിൽ കൊടുത്തു നിർത്തിയിരിക്കുന്നത്."

ബംശി പറഞ്ഞു "എന്തിനാണുകോപിക്കുന്നത് പത്മയേടത്തി' ഇന്നലെ രാത്രിലത്തെ ബാക്കിവന്ന മീൻ വറുത്തു വെച്ചിട്ടുണ്ട്. മൂന്നാം ക്ലാസ്സ് ശാപ്പാടുകാർ നേരത്തേ വന്നെത്തിയാൽ പണ്ടു മുതൽക്കേ അതാണു വിളമ്പിക്കൊടുക്കുക പതിവ്."

ഹാജാരി പറഞ്ഞു "അരുത് ബംശി! കുറച്ചു മോരു വിളമ്പിക്കൊടുക്കൂ. തലേന്നാളത്തെ മീൻ വിളമ്പിക്കൊടുക്കരുത്. അതുകൊണ്ടു ഹോട്ടലിന്റെ പേർ ചീത്തയാകും."

പത്മ ചാടിക്കടിച്ചു "മോരിനു പൈസ നിങ്ങൾതന്നെ കൊടുക്കേണ്ടിവരും ഠാക്കൂർ! ഹോട്ടലിൽനിന്നു കൊടുക്കില്ല. നിങ്ങൾ വീട്ടിൽനിന്നു നേരം വൈകി വന്നതുകൊണ്ടല്ലേ മീൻകറി തയ്യാറാകാതെ പോയത്? ബംശി ഒറ്റയ്ക്ക് എവിടെയ്ക്കൊക്കെ ഓടും?"

ഹാജാരി മിണ്ടാതെ നിന്നു.

ഹോട്ടലിൽ നിന്നു പുറത്തിറങ്ങി ചൂർണ്ണിക്കരയിലേക്കു പുറപ്പെട്ട ഹാജാരി രാധാവല്ലഭമൂർത്തിക്കു മുമ്പിൽ വീണ്ടും വീണ്ടും നമിച്ചു. രാധാവല്ലഭഭഗവാൻ ഇത്ര നാളുകൾക്കുശേഷം കണ്ണു തുറന്നിരിക്കുന്നു. അയാളുടെ ആ പ്രിയ വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് അയാൾ എന്തൊക്കെയോ ചിന്തിച്ചുകൊണ്ടിരുന്നു. അതസി പണം തന്നു. സ്വന്തം വീട്ടിലേക്കു വന്ന് പണമേല്പിച്ചു. ഒരുപക്ഷേ താൻ ഹോട്ടൽ തുടങ്ങുന്ന കാര്യം നീണ്ടുപോകുമായിരുന്നു. എന്നാൽ ഇനി നീട്ടുക വയ്യ. അതസിക്കുട്ടിക്കു വാക്കുകൊടുത്തു കഴിഞ്ഞു. ഇതിൽനിന്നു പിൻവാങ്ങുന്ന ചോദ്യമേയില്ല.

റാണാഘാട് അയാൾക്കു വളരെ പിടിച്ച സ്ഥലമാണ്. ബേചുബാബുവിന്റെ ഹോട്ടലിൽമാത്രമേ തനിക്കു ജീവിതം സമാധാനപൂർവം കഴിച്ചുകൂട്ടാനാവു എന്നയാൾക്കുതോന്നിയിരുന്നു. ഈ റാണാഘാടിലെ റെയിൽ ബസ്സാർ വിട്ട് ഒരിടത്തും പോകാനയാൾക്കു മനസ്സില്ല. ഇവിടെത്തന്നെ ഹോട്ടൽ തുറക്കണം, മറ്റൊരിടത്തില്ല.

വൈകിയിട്ട് ഹാജാരി കുസുമത്തിൻെറ വീട്ടിൽ ചെന്നു. കുസുമം പറഞ്ഞു "ഇപ്പോഴാണു വരണത്? വരൂ, വരൂ."

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "ഒരു സാധനം സൂക്ഷിച്ചുവെക്കണം മോളേ!"

"എന്ത്?"

ഹാജാരി മടിയിൽനിന്ന് ഇരുനൂറുരൂപയുടെ നോട്ടു കെട്ടെടുത്തുകൊണ്ടു പറഞ്ഞു "സൂക്ഷിച്ചുവെക്കൂ."

കുസുമം അത്ഭുതത്തോടെ ചോദിച്ചു "എവിടന്നുകിട്ടി?"

"ഭഗവാൻതന്നു. ഹോട്ടൽ തുറക്കാൻ ഇത്രയും നാളുകൾക്കുശേഷം ഒരു വഴിയുണ്ടാക്കിത്തന്നു. ഈ ഇരുനൂറും നിൻെറ വക ഇരുനൂറും-അടുത്തമാസം തന്നെ തുടങ്ങണം."

"ഈ പണം ആരാണു തന്നതെന്നു വലിയച്ഛൻ എന്നോടു പറയില്ലേ?"

"നിന്നെപ്പോലെ തന്നെയുള്ള ഒരു കുട്ടി."

"ഞാനറിയില്ലേ?"

"എൻെറ ഗ്രാമത്തിലെ ധനിയുടെ മകൾ അതസി. അതൊക്കെ ഇനിയൊരു ദിവസം പറയാം. ഇന്നു നേരം പോയി. ചെന്നിട്ടുവേണം. അരിയടുപ്പത്തു കയറ്റാൻ. പണമെടുത്തുവെക്കൂ."

ഹോട്ടലിൽ ചെന്നിട്ടു ബംശിയോടുപറഞ്ഞു "തൻെറ മരുമകനെ കത്തയച്ചു വരുത്തു ബംശീ! അയാളെയിരുത്തണം പെട്ടിപ്പുറത്ത്. എഴുത്തിൻേറയും വായനയുടേയും പണി എന്നെക്കൊണ്ടും നിങ്ങളെക്കൊണ്ടും ആവില്ല."

ബംശി പറഞ്ഞു "അവനിനിയും വെറുതെയിരിക്കയാണ് ഹാജാരിയേട്ടാ! എന്തെങ്കിലും ഒരു വഴിയായാൽ രക്ഷപ്പെട്ടു. ഇന്നുതന്നെയെഴുതാം. സ്ഥലവും നോക്കാം. പുകലക്കടയുടെ അടുത്തുള്ള സ്ഥലം കൊള്ളാം. അതു തന്നെയെടുക്കൂ. ദേവിയെ സ്മരിച്ചുകൊണ്ടു തുടങ്ങിക്കോളൂ."

രണ്ടു ദിവസം കഴിഞ്ഞ് ഒരു പ്രഭാതത്തിൽ പത്മ പറഞ്ഞു "ഠാക്കൂർ, ഇന്നൊരിടത്തും പൊയ്ക്കളയരുത് പണിയൊക്കെക്കഴിഞ്ഞാൽ. ഇന്നു വൈകിയിട്ടു സത്യനാരായണ 'സിന്നി'യുണ്ട്. കേട്ടില്ലേ പറയണത്? രാവിലെ ഉണ്ണാൻ വരുന്നവരോടും പറഞ്ഞേക്കൂ ഈ വിവരം-വൈകുന്നേരം അവരും വന്നോട്ടെ. നിങ്ങൾ ഊണുകഴിഞ്ഞ് പൂജക്കു വേണ്ട സാമഗ്രികൾ വാങ്ങാൻ എൻെറയൊപ്പം വരണം ചന്തയ്ക്ക്."

ബംശി ഹാജാരിയെ നോക്കി ചിരിച്ചു. പത്മ പോയിക്കഴിഞ്ഞപ്പോഴാണെന്നു മാത്രം.

കാര്യമെന്താണെന്നോ? ഹോട്ടലുകളിലെ ഈ സത്യനാരായണപൂജ അവരുടെ ബിസിനസ്സിൻെറ തന്നെ ഒരു ഭാഗമാണ്. സ്ഥിരം പറ്റുകാരോട് ഈ പൂജയുടെ പേരിൽ സംഭാവനയോ വഴിപാടോ വാങ്ങും. പിരിക്കുന്ന പണം മുഴുവൻ ചിലവാക്കുക പതിവില്ലെന്നാണ് ഹാജാരിയുടേയും ബംശിയുടേയും

ധാരണ. എന്നാൽ അന്നന്നു പണം കൊടുത്തു ഉണ്ണുന്നവരേയും പ്രസാദം കാട്ടി കൊതിപ്പിച്ച് രാത്രി ഉണ്ണാൻ വരുന്നതിന്നു പ്രേരിപ്പിക്കാറുണ്ട്. കാരണം റൊക്കം ഊണുകാരാണധികവും-അവരധികവും ഒരു നേരമേ ഉണ്ണാൻ ചെല്ലാറുള്ളൂ.

ബംശി വിളമ്പിക്കൊടുക്കുന്ന സമയം വെളുക്കെ ചിരിച്ചുകൊണ്ട് ഓരോ ഊണുകാരനോടും പറഞ്ഞുകൊണ്ടിരുന്നു "ബാബു, വൈകുന്നേരം-സത്യനാരായണപൂജയുണ്ട്. ഇന്നുതന്നെ. വരണം. വരാതിരിക്കരുത്."

പുറത്തു പണപ്പെട്ടിക്കു മുമ്പിലിരുന്നുകൊണ്ടു ബേചു ചക്കത്തിയും ഇതേ വിധം ഇതേ ഭാവത്തിൽ ഊണുകാരെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു.

ബംശി ഹാജാരിയെ നീക്കിനിറുത്തി സ്വകാര്യം പറഞ്ഞു "ഒക്കെ തട്ടിപ്പ്. ഒരു ചീന്തു വാഴയിലയിൽ ശർക്കരകൂട്ടിക്കുഴച്ച അരിപ്പൊടിയുണ്ടാവും ഓരോ കുഴിതൽ, മീതെ രണ്ടു 'ബാതാസ'യും (മധുരപലഹാരം പഞ്ചസാരയിലോ ശർക്കരയിലോ പാകച്ചത്) കഴിഞ്ഞു. ഇതാണ് നിങ്ങടെ സത്യനാരായണ സിന്നി. ശുദ്ധനായാടി വർഗ്ഗം "

അന്തിനേരത്തു ഭട്ചാജ് (ഭട്ടാചാര്യ) സത്യനാരായണ പൂജക്കെത്തി. പാത്രങ്ങൾ വെക്കുന്ന മുറിയിലാണ് സത്യനാരായണന്നു 'പത്മ' മിട്ടത്. ഹോട്ടലിലെ രണ്ടു വേലക്കാർ കൈമണിയും ഇലത്താളവും കൊട്ടിത്തുടങ്ങി. പത്മ മുറയ്ക്കു ശംഖു വിളിക്കുന്നു. ഏതാനും ഊണുകാരെത്തിയാലായല്ലോ ഇതു കേട്ടിട്ടെങ്കിലും എന്നു വെച്ചിട്ടാവണം.

സ്റ്റേഷനിൽ 'ഹി-ഹി-ഹിന്ദു ഹോട്ടൽ' എന്നു വിളിച്ചു പറയാൻ നിറുത്തിയവനോടും പറഞ്ഞുവെച്ചിരുന്നു അവനും ഓരോ യാത്രക്കാരോടും പറഞ്ഞു കൊണ്ടിരുന്നു. "വരിൻ ബാബുമാരേ! സിന്നി പ്രസാദമുണ്ട് ഹോട്ടലിൽ, ചെല്ലുന്നവർക്കൊക്കെ ഇന്നു കിട്ടും."

റൊക്കം പണം കൊടുക്കുന്നവർ വിചാരിച്ചു-എവിടെയായാലും കൊടുക്കണം പണം. ഊണിനോടൊപ്പം 'ചക്കാത്തി'ന് പഞ്ചാമൃതവും കിട്ടുമെങ്കിൽ ബേചു ചക്കത്തിയുടെ ഹോട്ടലിൽ തന്നെയാകട്ടെ ഇന്നത്തെ അത്താഴം. ഇതു കാരണം യദുബാഡുയ്യേയുടെ ഹോട്ടലിൽ റൊക്കം പണം കൊടുത്തു ശാപ്പാടു കഴിക്കുന്നവരും ബേചുവിൻെറ ഹോട്ടലിലെത്തി. റൊക്കക്കാർക്കു പണം കൊടുത്തു ടിക്കറ്റു വാങ്ങി ഭക്ഷണമുറിയിലേക്കു കടന്നാലേ സിന്നി കൊടുക്കുള്ളുവെന്നാണു വ്യവസ്ഥ. ഇല്ലെങ്കിൽ പായസം തിന്ന് സ്ഥലം വിട്ടാലോ?

മാസപ്പടിക്കാർക്കു മറ്റൊന്നാണ് ഏർപ്പാട്. അവർ സംഭാവന ചെയ്തവരാണ്. അവരെ ഒന്നു ബഹുമാനിക്കയും വേണമല്ലോ പ്രത്യേകം. പൂജ കഴിഞ്ഞ് അവരെയൊക്കെ വേറെ വിളിച്ച് ഒരിടത്തിരുത്തി പ്രസാദം കൊടുത്തു. ബേചു ഓരോരുത്തരുടേയും അടുക്കൽ ചെന്ന് പ്രസാദം ലേശംകൂടി വേണമോ എന്നു ചോദിച്ചുകൊണ്ടിരുന്നു.

മാസപ്പടിക്കാർക്കു പായസം വിതരണം ചെയ്തുകഴിഞ്ഞ് ഹാജാരി പുറ

ത്തേക്കു നോക്കിയപ്പോഴുണ്ട് വഴിയിൽ പഴയ യതീൻ മജുംദാർ വായും തുറന്ന് ഹോട്ടലിലേക്കുതന്നെ നോക്കി നിൽക്കുന്നു.

യതീനിൻെറ നില ഒന്നുകൂടി പരുങ്ങലിലായിരിക്കുന്നപോലെ ഹാജാരിക്കു തോന്നി. പട്ടിണികൊണ്ടുള്ള കെടുതി മുഖത്തുസ്പഷ്ടം അയാൾ വിളിച്ചു ചോദിച്ചു "ഏയ് യതീൻബാബു! എന്തു വിശേഷം?"

യതീൻ അത്ഭുതത്തോടെ ചോദിച്ചു "അല്ലാ, ഹാജാരി-താനെപ്പോൾ വന്നു ഇവിടെ വീണ്ടും?"

"അതൊക്കെ ഒരുപാടു പറയാനുണ്ട്. വരൂ. ഇങ്ങോട്ടു കേറൂ."

യതീൻ ഒന്നു പരുങ്ങി. മടപ്പിള്ളിയുടെ വേലിപ്പടി കടന്ന് വാതിൽക്കൽ ചെന്നുനിന്നു.

ഹാജാരി നോക്കി-അയാളുടെ കാലിൽ ചെരുപ്പില്ല. പുതച്ചിരിക്കുന്നത് ഇനി ഇതിലേറെ മുഷിയാനില്ല ഉടുത്തിരിക്കുന്നതും അതിനുചേർന്നത്. പണ്ടത്തെക്കാൾ എത്രയോ പരവശനായിരിക്കുന്നു ദാരിദ്ര്യത്തിൻെറയും കഷ്ടതകളുടേയും മുദ്രകൾ കണ്ണിലും മുഖത്തും തെളിഞ്ഞുകാണുന്നു.

യതീൻ ഓജസ്സറ്റ ചിരിയോടെ പറഞ്ഞു "അതല്ലാ ഇന്നിവിടെ സത്യനാരായണ പൂജയുണ്ടായിരുന്നുവെന്നു തോന്നുന്നു മുമ്പൊക്കെ ഞാൻ എത്രയോ തവണ വന്നുണ്ടിട്ടുണ്ട്."

"എന്നാൽ വരൂ. നിങ്ങൾ പന്ത്രണ്ടുമാസവും ഉണ്ണുന്ന പതിവുകാരനായിരുന്നില്ലേ? വന്നു പ്രസാദം കഴിച്ചിട്ടുപോകൂ."

യതീൻ ലോഹ്യത്തിനു പറഞ്ഞു "ഏയ്, ഒന്നും വേണ്ട. പോകട്ടെ, അതിനെന്താ?"

ഹാജാരി അങ്ങോട്ടുമിങ്ങോട്ടുമൊന്നു നോക്കി. ആരുമില്ല എല്ലാവരും പതിവുണുകാരെ സൽക്കരിക്കുന്നതിൽ മുഴുകിയിരിക്കുന്നു. ഹാജാരി വാഴയിലയിട്ടു യതീനിനെ മുമ്പിലിരുത്തി അടുത്ത പാത്രപ്പുരയിൽനിന്ന് ഒരു വലിയ 'കോരിക' നിറയെ സിന്നിയും ഒരുപിടി ബാതാസയും രണ്ടു പഴവും വിളമ്പിക്കൊടുത്തു "തിന്ന് സുഖമായിരുന്ന്."

യതീൻ സങ്കോചമേതും കൂടാതെ സിന്നിയിൽ രണ്ടുപഴവും കൂട്ടിക്കുഴച്ചുരുട്ടി വിഴുങ്ങുന്നതു കണ്ടപ്പോൾ മൂപ്പർ വാസ്തവത്തിൽ വിശന്നുപൊരിയുകയായിരുന്നുവെന്നു ഹാജാരിക്കു തോന്നി. രാവിലെ 'കരുകരെ' പട്ടിണി തന്നെയായിരുന്നിരിക്കണം. കൊടുത്ത സിന്നി മുഴവൻ രണ്ടുനാലുരുള കൊണ്ടു തീർത്ത് ഇലശുദ്ധമാക്കി.

ഹാജാരി ചോദിച്ചു "കുറച്ചുകൂടി?"

യതീൻ പഴയപടി ലോഹ്യം കാട്ടാൻവേണ്ടി പറഞ്ഞു "മതിമതി, പോകട്ടെ, എന്തിനു ബുദ്ധിമുട്ടുന്നു."

ഹാജാരി ഒരു കോരികകൂടി സിന്നി കൊണ്ടുവന്നു വിളമ്പിയപ്പോൾ യതീനിൻെറ കണ്ണുകൾ തിളങ്ങി.

തീറ്റ പകുതിപോലുമായില്ല, ആ സമയം പത്മ അടുക്കളവാതിൽക്കൽ

ഹാജാരിയോട് എന്തോ പറയാൻ വന്നപ്പോൾ പായസം ഉരുട്ടി വിഴു ങ്ങുന്നതിൽ നിരതനായ യതീനിനെക്കണ്ട് പെട്ടെന്നു നിന്നു. അവൾ പറഞ്ഞു "അതാരാ?"

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "അതു യതീൻ ബാബുവല്ലേ നമ്മു ടെ? കണ്ടിട്ടറിഞ്ഞില്ലേ? നമ്മുടെ പഴയ ബാബു. ഈ വഴിക്കു പോകയായി രുന്നു. ഞാൻ പറഞ്ഞു-ഇന്ന് പൂജാദിവസമായിട്ട് അല്പം പ്രസാദം സേവി ച്ചിട്ടുപൊക്കോട്ടെ-"

"അതു ശരി" എന്നുമാത്രം പറഞ്ഞു പത്മ വീണ്ടും ഭക്ഷണമുറിയിലേക്കു നടന്നു.

യതീൻ പത്മയോട് എന്തോ പറയാൻ ഭാവിച്ചതായിരുന്നു. എന്നാൽ അതി നിട കിട്ടിയില്ല. അയാൾ തീനുകഴിഞ്ഞു ഒരുകിണ്ടി വെള്ളം വാങ്ങിക്കുടിച്ച് പതുങ്ങിപ്പുറത്തേക്കു കടന്നു.

ഏതാനും നിമിഷങ്ങൾക്കകം തന്നെ ശോഭ വന്നു പറഞ്ഞു "ഠാക്കൂർ, യജമാനൻ വിളിക്കുന്നുണ്ട്; ചെല്ലാൻ-"

യജമാനൻ അടിയന്തിരമായി വിളിക്കുന്നതെന്തിനാണെന്ന് ഹാജാരിക്കു മനസ്സിലായി. ചെന്നപ്പോൾ അനുമാനം ശരിയാണെന്നു തെളിഞ്ഞു. കാരണം പത്മയുണ്ട് മുഖം വീർപ്പിച്ചുകൊണ്ട് ഇരുപ്പുമുറിയിൽ ബേചു ചക്കത്തിയു ടെ മുമ്പിൽ നിൽക്കുന്നു. ബേചു ചക്കത്തി പറഞ്ഞു "ഹാജാരി, നിങ്ങൾ യതീനിനെ ഹോട്ടലിൽ വിളിച്ചിരുത്തി സിന്നി സൽക്കരിച്ചോ?"

പത്മ കൈ ഇളക്കികൊണ്ടു പറഞ്ഞു "തീറ്റുന്നതിനുമില്ലേ ഒരതിര്? ഓ രോ 'പട'യാണു വിളമ്പികൊടുത്തുകൊണ്ടിരുന്നത്. ആരും കാണാതെ കൊ ടുക്കാനായിരുന്നു ഉദ്ദേശം. എല്ലാവരെക്കൊണ്ടും നല്ലവനെന്നു പറയിപ്പിക്കാൻ. വലിയ ചെമ്പ് ഇറക്കിവെച്ചോ എന്നു നോക്കാൻ ഞാനങ്ങോട്ടു ചെന്നതായി രുന്നു. എന്നെക്കണ്ടപ്പോൾ. ."

ഹാജാരി സവിനയം അറിയിച്ചു "സത്യനാരായണന്റെ പ്രസാദമാണല്ലോ എന്നുവെച്ചു കൊടുത്തതായിരുന്നു ബാബു. നമ്മുടെ പഴയ പതിവുകാരൻ."

ബേചു പല്ലിറുമ്മിക്കൊണ്ടു പറഞ്ഞു "പഴയ പതിവുകാരൻ? വലിയ പതി വുകാരനല്ലേ! ഹോട്ടലിന്റെ പണം തരാതെ പറ്റിച്ചു കടന്നുകളഞ്ഞവനാണ ത്രേ പതിവുകാരൻ! നാലുമാസത്തെ ഊണിന്റെ പണത്തിൽനിന്ന് ഒരു പൈ പോലും കയ്യിൽ വെച്ചുതരാത്ത ചെറ്റ-അവനോ പതിവുകാരൻ? നിങ്ങൾ ആരു പറഞ്ഞിട്ടാണു അവനെ ഹോട്ടലിൽ കയറ്റിയത്. കേൾക്കട്ടെ ഒന്ന്."

പത്മ പറഞ്ഞു "ഞാൻ വല്ലതും പറയാൻ ഭാവിച്ചാൽ പറയുകയായി, പത്മ ദുഷ്ടയാണെന്ന്. ഈ ഹാജാരി ഠാക്കൂർ മര്യാദക്കാരനാണെന്നാണോ വി ചാരം, ബാബു! നിങ്ങൾക്കെല്ലാക്കാര്യങ്ങളും അറിയില്ല. എല്ലാം പറയണമെന്നും വിചാരിക്കുന്നില്ല. ഹോട്ടലിലെ പകുതിയിലധികം സാ ധനങ്ങളും അയാളുടെ ഇഷ്ടക്കാരുടെ വീട്ടിലെത്തുകയാണ്. യതീൻ അയാ ളുടെ ഇഷ്ടക്കാരനാണെന്ന് ഇപ്പോൾ തിരിഞ്ഞില്ലേ? അങ്ങനെയുള്ളവനെ

തിരികെ നിയമിച്ചു. ആ സമയത്തു ഞാനാരുമല്ല. എന്നാൽ കളവു കയ്യോടെ പിടിച്ചുതരാൻ ഈയുള്ളവൾ വേണം. നോക്കിക്കോളു, വീണ്ടും തുടങ്ങും ഹോട്ടലിൽ കളവും കക്കലും-അന്നെൻെറ പേർ-''

ബേബി ചക്കത്തി പറഞ്ഞു ''ഇതു നിങ്ങളുടെ ഹോട്ടലല്ല, കണ്ടവരെ ക്ഷണിച്ചുവരുത്തി സൽക്കരിക്കാൻ-മനസ്സിലായോ, ഠാക്കൂർ' തനിക്കു തോന്നിയപോലെ നടക്കാനൊക്കില്ല, ഇവിടെ നിങ്ങൾക്ക് എട്ടണ പിഴയിട്ടിരിക്കുന്നു.''

ഹാജാരി പറഞ്ഞു ''കൊള്ളാം ബൊബു, അതാണു രീതിയെങ്കിൽ ഇട്ടോളൂ പിഴ. എന്നാൽ യതീൻ ബാബു എൻെറ ഇഷ്ടക്കാരനുമല്ല. ആരുമല്ല-അതു മനസ്സിലാക്കിക്കോളൂ. ഈ ഹോട്ടലിൽ വെച്ചുതന്നെയാണ് അയാളെ പരിചയം. അയാളെ കുറെനാളായി കണ്ടിട്ടും. പത്മയേടത്തി വളരെയധികം അനാവശ്യങ്ങൾ പറഞ്ഞു ധരിപ്പിച്ചിട്ടുണ്ട് ബാബുവിനെ. ഞാൻ വരുന്നമാസം തൊട്ട് ഇവിടെ പണിക്കു നിൽക്കുന്നില്ല.''

പത്മ ഇതു കേട്ടപ്പോൾ അനർത്ഥം വലിച്ചുവെച്ചു. അവൾ കൈകാലുകളിട്ടിളക്കി ഉറക്കെയുറക്കെ പറയാൻ തുടങ്ങി ''ധരിപ്പിച്ചിട്ടുണ്ടെന്നോ' അനാവശ്യങ്ങൾ പറഞ്ഞു ധരിപ്പിച്ചുവെന്നോ' നിങ്ങൾ വലിയ ആളല്ലേ അനാവശ്യം പറഞ്ഞു പരത്താൻ? പത്മ അതാണല്ലോ നിങ്ങളെപ്പറ്റി ഓരോന്നു പറഞ്ഞു പറഞ്ഞു നടക്കുന്നത്? ആരും അവനവൻെറ നിലയ്ക്കു ചേരാത്ത വാക്കു പറയരുത്. നിങ്ങളെപ്പോലുള്ളവരെ പത്മ കണക്കിലെടുത്തിട്ടു തന്നെയില്ല. അതു ധരിച്ചോളു, പൊയ്ക്കോളൂ, ഇന്നുതന്നെ പൊയ്ക്കോള്ളരുതോ. ഇതേവരെയുള്ള കണക്കുതീർത്ത് ഇപ്പോൾ തന്നെയിറങ്ങിക്കോളൂ, നിങ്ങളെപ്പോലുള്ള അരിവെപ്പുകാരനെ ബജാറിൽ മുഴത്തിനുമുന്നൂറുകിട്ടും.''

ബേബിചക്കത്തിപറഞ്ഞു ''മതി, നിർത്തുപത്മേ'' ഉറങ്ങാറായപ്പോൾ ബംശിയോടു ഹാജാരി പറഞ്ഞു ''കണ്ടില്ലേ, പത്മ എന്നെ എന്തുമാതിരി അപമാനിച്ചുവെന്ന്? താനും ജോലിവിട്ടേക്കുക. രണ്ടുപേർക്കും ഒന്നിച്ചിറങ്ങാം. ഒരുകാര്യം പറയട്ടെ ബംശി' ഈ ഹോട്ടലിനോട് എന്തൊന്നില്ലാത്ത മമത. 'പോകയാണ്, പോകയാണ്' എന്നു വായകൊണ്ടു പറയുകയല്ലാതെ പോകാൻ തോന്നുന്നില്ല. എത്രനാളായി നമ്മൾ രണ്ടുപേരും ഇവിടെ ഒന്നിച്ചു പണിയെടുക്കുന്നുവെന്നുനോക്കൂ. ഇതു വീടുപോലെയായിരിക്കുന്നു ഇല്ലേ? പക്ഷേ ഇക്കൂട്ടർ, വിശേഷിച്ച് പത്മ, നിൽക്കാൻ സമ്മതിക്കുന്നില്ല. ഇത്തവണ പോവുകതന്നെചെയ്യും.''

ബംശിചോദിച്ചു ''യതീനിനെ നിങ്ങൾ വിളിച്ചുവരുത്തിയതോ, തന്നെ വന്നതോ?''

''വിളിച്ചുവരുത്തി. അയാളുടെസ്ഥിതി പരുങ്ങലിലാണ്. ശുദ്ധപട്ടിണി. അതുകൊണ്ടു വിളിച്ചു. പഴയ പതിവുകാരൻ-എത്രയോ പേർ തിന്നു കൊണ്ടുപോകുന്നു. കുറച്ചിയാൾക്കുമാകട്ടെ എന്നുവിചാരിച്ചതായിരുന്നു. അതാണു ഞാൻ ചെയ്തതെറ്റ്.''

അടുത്തമാസം ശുഭദിവസമായ ഒന്നാം തീയതി റെയിൽബസ്സാറിൽ ഗോപാൽ ഘോഷിൻെറ പുകലക്കടയുടെ തൊട്ടടുത്തുതന്നെ പുതിയ ഹോട്ടൽ തുറന്നു. ടിൻ സയിൻബോർഡു വെച്ചിട്ടുണ്ട്-

ആദർശ ഹിന്ദു ഹോട്ടൽ

ഹാജാരി ഠാക്കൂർ തൻെറ കൈകൊണ്ടുതന്നെ ആഹാരം പാകം
ചെയ്തു വിളമ്പുന്നു

ചോറ്, മീൻ, പരിപ്പ്, മാംസം-എല്ലാത്തരം, കറികളും റെഡി
വൃത്തിയും വെടിപ്പും ഉള്ളത്-ഒപ്പംതന്നെ മിതമായ ചാർജ്
വരുവിൻ ! നോക്കുവിൻ !! പരീക്ഷിക്കുവിൻ !!!

ബേചുചക്കത്തിയുടെ ഹോട്ടലിനെ അനുകരിച്ചു മുൻവശംതന്നെ കാഷ് ബോക്സ്. അതിനു മുമ്പിൽ ബംശിയുടെ മരുമകൻ ഇരുന്നു കണക്കെഴുത്തു പുസ്തകം നിവർത്തിവെച്ച് ഊണിൻെറ കണക്കെഴുതിവെക്കുന്നു. അകത്തു ബംശിയും ഹാജാരിയും അടുക്കളപ്പണി നടത്തുന്നു. ബേചുവിൻെറ ഹോട്ടലിലെപ്പോലെതന്നെ മൂന്നു ക്ലാസ്സായി തിരിച്ചിരിക്കുന്നു ഊണുകാരെ. ഓരോന്നിനും പ്രത്യേകം ടിക്കറ്റു വാങ്ങി വേണം അകത്തു പ്രവേശിക്കാൻ.

വലിയ മോശമില്ല. തുറന്ന ദിവസം തന്നെ ഉച്ചയ്ക്ക് ഊണുകാരുടെ എണ്ണം തൃപ്തികരം. ബംശി ഭക്ഷണമുറിയിൽനിന്നു തിരിച്ചുവന്നു അടുക്കളയിൽ നിൽക്കുന്ന ഹാജാരിയോടു പറഞ്ഞു "തേഡ് ക്ലാസ്സ് മുപ്പത്. ആദ്യത്തെ ദിവസം ഇതു നല്ലൊരു ലക്ഷണമാണ് വൈകുന്നേരം മാംസവും കൂടിയാകട്ടെ."

വളരെ നാളത്തെ ആഗ്രഹം രാധാവല്ലഭഭഗവാൻ സാധിപ്പിച്ചുകൊടുത്തിരിക്കുന്നു. ഹാജാരി ഇപ്പോൾ ഹോട്ടലുടമയാണ്. അയാൾ ഇന്നു ബേചുചക്കത്തിയുടെ കിടക്കാരൻ. പരിചയമുള്ളവരോടെല്ലാം ഇതു പറഞ്ഞു നടക്കുവാൻ അയാൾക്കു വലിയ ആഗ്രഹം തോന്നി. മനസ്സിലെ ആനന്ദം അടക്കുവാൻ ആകാതെ അയാൾ വൈകുന്നേരം കുസുമത്തിൻെറ വീട്ടിൽ ചെന്നു കയറി.

കുസുമം ചോദിച്ചു "ഹോട്ടൽ എങ്ങിനെ നടക്കുന്നു വലിയച്ഛരാ!"

"ധാരാളം ഊണുകാർ, നീയൊന്നു വന്നു കാണണമെന്ന് എനിക്കു നല്ല മോഹമുണ്ട്. നീ പങ്കാളിയാണ്."

"വരാം. നാളെ രാവിലെ. നിങ്ങടെ മുതലാളൻ എന്തു പറഞ്ഞു?"

"കഠിനമായി കോപിച്ചു കഴിഞ്ഞ മാസത്തെ ശമ്പളം തന്നില്ല തന്നില്ലെങ്കിൽ വേണ്ട. സത്യമാണ് പറയുന്നത് കുസുമം! എനിക്കു വയസ്സ് നാല്പത്തെട്ടായെന്ന് ആരാണു പറഞ്ഞത്? എനിക്കു പതിനഞ്ചു വയസ്സ് കുറഞ്ഞ പോലെ തോന്നുന്നു കൈകാലുകൾക്കു ബലം ഇരട്ടിച്ചിരിക്കുന്നു നീയും എൻെറ അതസിക്കുട്ടിയും-രണ്ടുപേരും പോയ ജന്മം എൻെറയാരായിരുന്നു വാഹേ, നിങ്ങൾ-"

കുസുമം തടഞ്ഞുകൊണ്ടു പറഞ്ഞു "എന്തിനാണു വലിയച്ഛൻ

ഇങ്ങനെയൊക്കെ സംസാരിക്കുന്നത്? പണം തന്നതു പലിശ കിട്ടുമെന്നു വെച്ചിട്ടാണ്. ഇതു ബിസിനസ്സിനു പണമിറക്കലാണ്. പണം ട്രങ്കിൽ പൂട്ടിവെച്ചു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാനോ? ഞാൻ പറഞ്ഞില്ലേ നേരത്തേ? പക്ഷേ എന്റെ ഗ്രാമത്തിലെ ബാബുവിന്റെ മകൾ തന്ന പണം-അത് യാതൊന്നും മോഹിച്ചിട്ടു തന്നതല്ല. അവളെ ഒരായിരം തവണ വാഴ്ത്തിയാലും മതിയാവില്ല. അപ്പോൾ അവളുടെ വിവാഹത്തിന്റെ കാര്യം എന്തായി?''

''അടുത്ത തിങ്കളാഴ്ച. കത്തു വന്നിരുന്നു. പോകുന്നുണ്ട്, ഞാൻ.''

''എന്റെ അമ്മാവനെ കണ്ടാൽ പണത്തിന്റെ കര്യം പൊട്ടിച്ചേക്കരുത്. മുറ്റരുടെയടുക്കൽ.''

''നീയതു പഠിപ്പിക്കണ്ട മോളേ! എത്രയോ തവണ കണ്ടുകഴിഞ്ഞു. നിന്റെ പേർ അറിയാതെപോലും. പറഞ്ഞിട്ടില്ല. എന്റെ വീടും ഏസോശോലയിൽ തന്നെ. നീ പഠിപ്പിച്ചുതന്നിട്ടുവേണ്ട, എനിക്ക്.''

പറഞ്ഞവണ്ണം പിറ്റേ ദിവസം കുസുമം ഹോട്ടൽ കാണുവാൻ ചെന്നു. അവൾ പാലും മോരും വിറ്റുകൊണ്ടു തെരുവുതോറും വളരെ നേരം നടക്കും. അതുകൊണ്ട് ഇതൊരത്ഭുതമല്ല.

ഹാജാരി അവളെ വളരെക്കാര്യമായി സൽക്കരിച്ചിരുത്താൻ നോക്കി. എന്നാൽ അവൾ വാതിൽക്കൽ തന്നെ നിന്നുകൊണ്ടു പറഞ്ഞു ''നിങ്ങളുടെ ഗുരുജനമല്ല ഈ വന്നിരിക്കുന്നത്, പീഠത്തിൽ ബഹുമാനിച്ചു പിടിച്ചിരുത്തുവാൻ.''

ഹാജാരി പറഞ്ഞു ''നിന്റേതുകൂടിയാണ് ഈ ഹോട്ടൽ കുസുമം! നീ ഇതിന്റെ ഓഹരിക്കാരിയുമാണ്, പണം കടം തന്നവളുമാണ്. സ്വന്തം മുതൽ വേണ്ടപോലെ നോക്കിക്കോളൂ. എന്തൊക്കെയുണ്ട്, എന്തൊക്കെയാണു വേണ്ടത് എന്ന് ഒരു മേൽനോട്ടം നടത്തിക്കോളൂ. എന്താണിതിനിത്ര നാണിക്കാൻ? ബംശി, ഈ നില്ക്കുന്നത് നമ്മുടെ ഒരു ഓഹരിക്കാരിയാണ്, നോക്കി മനസ്സിലാക്കിക്കോളൂ.''

കുസുമത്തിനെ ഈ വാക്കുകൾ കുറച്ചൊന്നുമല്ല ആനന്ദിപ്പിച്ചത്. അവളുടെ മുഖത്ത് ആഹ്ളാദത്തിന്റെ അടയാളങ്ങൾ സ്പഷ്ടമായി. ഈവിധം ഉള്ള ഒരു ഹോട്ടലിന്റെ ഓഹരിക്കാരിയുമാണു താൻ, ഉത്തമർണ്ണയുമാണ്. ഇത് അവൾക്കു ജീവിതത്തിൽ പുതിയ ഒരനുഭവമാണ്. സംഗതി ഈ രീതിയിൽ അവൾ ചിന്തിച്ചുനോക്കുകയുണ്ടായില്ല.

ഹാജാരി പറഞ്ഞു ''ഇന്ന് നല്ല ഒന്നാന്തരം മീൻകറി വച്ചിട്ടുണ്ട് രോഹിതമത്സ്യംകൊണ്ട്. കുറച്ചിരിക്കൂ മോളെ, ഒരു ലേശം കൊണ്ടുപോകാം.''

''വേണ്ട വേണ്ട, വലിയച്ഛാ, ഞാനിപ്പോഴേ തടയുന്നു. ബാക്കിയുള്ളവരെയെല്ലാം കൊതിപ്പിച്ചു ഞാൻ കൊണ്ടുപോയി തിന്നണമെന്നു വിചാരിക്കുന്നില്ല, ഒന്നും തന്നെ.''

''ഞാൻ നിന്റെ വൃദ്ധനായ പിതാവ്. നിന്നെ തീറ്റിയാൽ എനിക്കു തൃപ്തിവരുമെങ്കിൽ തിന്നാനെന്താണു വിരോധം-ഒന്നു പറഞ്ഞു ബോധ്യ

പ്പെടുത്തി തരു.''

ഹോട്ടൽവേലക്കാരൻ വിളിച്ചറിയിച്ചു ''മൂന്നു തേഡ് ക്ലാസ്സ്!''

ഹാജാരി പറഞ്ഞു ''ഊണുകാർ വരാൻ തുടങ്ങി. കുറച്ചിരിക്കൂ മോളേ! ഞാനിപ്പോൾ വരാം. ബംശി, ചോറു വിളമ്പൂ.''

തിരിച്ചുപോരുന്ന സമയം കുസുമം ഹാജാരിയുടെ നിർബന്ധം സഹിക്കാഞ്ഞ് ഒരു പാത്രത്തിൽ കുറച്ചു മീൻകറി കൊണ്ടുപോന്നു

ഒരു കൊല്ലം കഴിഞ്ഞു.

ഹാജാരി ഏസോശോലയിൽനിന്നു കാളവണ്ടിയിൽ റാണാഘാടിലേക്കു തിരിച്ചുവരികയാണ്. കൂടെ ടേംപി, അവളുടെ അമ്മ, കുട്ടികൾ. അയാളുടെ ഹോട്ടലിന്റെ ചുമതല ഈയിടെയായി വളരെ വർധിച്ചിരിക്കുന്നു. റാണാഘാടിൽ താമസം സ്ഥിരമാക്കിയില്ലെങ്കിൽ പ്രയാസം.

ടേംപിയുടെ അമ്മ ചോദിച്ചു ''ഇനി എത്രയുണ്ടു ദൂരം?''

''അതാ കണ്ടില്ലേ തേക്കിൻതോട്ടം-ഇനി ഏറെയില്ല.''

ടേംപി ചോദിച്ചു ''അച്ഛാ! അവിടെ എവിടെയാണു കുളി? കുളമുണ്ടോ അതോ പുഴയിലോ?''

''പുഴയുമുണ്ട്, വീട്ടിൽ വെള്ളക്കുഴലുമുണ്ട്.''

ടേംപിയുടെ അമ്മ പറഞ്ഞു ''ഹാവൂ! രക്ഷപ്പെട്ടു, കുളത്തിൽനിന്നു വെള്ളം വലിച്ചുകൊണ്ടു വരേണ്ടല്ലോ.''

ഇവർ നഗരത്തിൽ ഒരിക്കലും വന്നിട്ടില്ല. ടേംപിയുടെ അമ്മയുടെ അച്ഛന്റെ വീട് ഏസോശോലയിൽനിന്ന് രണ്ടു ക്രോശം വടക്കോട്ടു മാറി മണിരാമപുരത്താണ്. ജനനം അവിടെ, വിവാഹം ഏസോശോലയിൽ. വളരെ നാൾ മുമ്പ് ഒരിക്കൽ നഗരം കാണാൻ ഒരു സൗകര്യം കിട്ടി. ആഗ്രഹായണമാസത്തിന് ഗ്രാമത്തിലെ മറ്റു സ്ത്രീകളോടൊപ്പം ഒരിക്കൽ നവദ്വീപിൽ (ഒരു വൈഷ്ണകേന്ദ്രം) രാസം (ശ്രീകൃഷ്ണലീല) കാണാൻ പോകയുണ്ടായി.

ഹോട്ടലിന്റെ അടുക്കൽ തന്നെ ഒരു വീട് നേരത്തേ വാടകയ്ക്കെടുത്തു വെച്ചിരുന്നു. ടേംപിയുടെയമ്മയ്ക്കു വീടു വളരെ പിടിച്ചു. ഇന്നോളം വയ്ക്കോൽ മേഞ്ഞ പുരയിലേ പാർത്തിട്ടുള്ളു. ആദ്യമായിട്ടാണ് ഒരു കെട്ടുറപ്പുള്ള പുരയിൽ താമസമാക്കുന്നത്.

''എത്ര മുറികൾ, ഹേ? എവിടെയാണു അടുക്കള. എവിടെ നിങ്ങടെ വെള്ളക്കുഴൽ, കാണട്ടെ! വെള്ളം ധാരാളം വരില്ലേ? എടി ടേംപി, വണ്ടിയിൽ നിന്നു തുണികൾ ഒക്കെ നീക്കിവെക്കൂ. എല്ലാം തൊട്ടു പൊട്ടിക്കണ്ട. ആ കെട്ടിൽനിന്ന് ഒരു കുടം ഇങ്ങോട്ടെടുക്കൂ. ആദ്യംതന്നെ ഒരു കുടം വെള്ളം കൊണ്ടുവരട്ടെ.''

കുറച്ചുകഴിഞ്ഞപ്പോൾ കുസുമം വന്നുപറഞ്ഞു ''ഏയ് വലിയമ്മേ! വന്നു കഴിഞ്ഞോ? വീടിഷ്ടമായില്ലേ?''

ടേംപിയുടെയമ്മയ്ക്കു കുസുമത്തിനെ അറിയാം. കുമാരിയായിരി

ക്കുമ്പോൾതന്നെയുണ്ട് കണ്ടു പരിചയം. അവൾ പറഞ്ഞു "വരൂ മോളേ കുസുമം! വരൂ, അകത്തേക്കു വരൂ."

അപ്പോഴേക്കു ഹോട്ടൽ വേലക്കാരൻ രാഖാൽ വന്നു. അവന്റെ തലയിൽ കുറെ കൽക്കരി നിറച്ച കൊട്ട. അവൻ ഹാജാരിയോടു പറഞ്ഞു "കൽക്കരി എവിടെയിറക്കിവെക്കണം ബാബു"

"നീ കൽക്കരിയെന്തിനു വാങ്ങി? നിന്നോടു പറഞ്ഞിരുന്നത് വിറകു കൊണ്ടു വരാനല്ലേ? ഇവർക്കു കരി കത്തിക്കാനറിയില്ല."

കുസുമം പറഞ്ഞു "കരിയടുപ്പുണ്ടോ? ഞാൻ തീ പിടിപ്പിക്കാം. വലിയമ്മയെ അതു പഠിപ്പിക്കുകയും വേണമല്ലോ. ഈ നഗരത്തിലെ ബജാറിൽ വിറകിനേക്കാൾ ലാഭം കരിക്കാണ്. ഞാൻ ഒരു ദിവസം പഠിപ്പിച്ചുതരാം വലിയമ്മേ!"

രാഖാൽ കരിയിറക്കിയിട്ടു പറഞ്ഞു "ബാബു, ഇനിയെന്താണു ഞാൻ വേണ്ടത്?"

"നീ ഇപ്പോൾ പോകണ്ട. സാമാനങ്ങൾ ഇറക്കി ഒതുക്കിവച്ചിട്ടു പോയാൽ മതി. ഹോട്ടലിൽ അങ്ങാടിസ്സാമാനങ്ങൾ എത്തിയോ?"

"എത്തി, ബാബു."

"അതിൽ നിന്നു നാലഞ്ചുപേർക്കുവേണ്ട മീനും പച്ചക്കറികളും എടുത്തു കൊണ്ടുവരൂ. വൈകുന്നേരം വീട്ടാവശ്യത്തിനുള്ളതു വേറെ വാങ്ങാം. ആദ്യം നീ വെള്ളം പിടിച്ചുവെക്കൂ."

ടേംപിയുടെ അമ്മ ചോദിച്ചു "അതാരാണ്?"

"ഞങ്ങളുടെ ഹോട്ടലിലെ വേലക്കാരൻ. വീട്ടുകാര്യങ്ങളും അന്വേഷിക്കണമെന്നു പറഞ്ഞേല്പിച്ചിട്ടുണ്ട്."

ടേംപിയുടെയമ്മയ്ക്ക് അത്ഭുതമായി. അവർക്ക് സ്വന്തം ഒരു വേലക്കാരൻ. അവൻ ഹാജാരിയെ 'ബാബു' എന്നു വിളിക്കുന്നു. ഇതൊക്കെ അവൾക്കു പുത്തരിയാണ്, വിശ്വസിക്കാൻ കഴിയുന്നില്ല. ഗ്രാമത്തിൽ അതിദരിദ്രരായ ഗൃഹസ്ഥരായിരുന്നു. അവർ, വിവാഹം കഴിയും വരെ പാത്രം കഴുകുക, വെള്ളം കോരുക, ചാരം വാരുക, നെല്ലു കുത്തുക മുതലായ എല്ലാ ഗൃഹകൃത്യങ്ങളും അവൾ ഒറ്റക്കാണു ചെയ്തിരുന്നത്? നല്ല അരിച്ചോറ് അവൾ കാണാൻ തുടങ്ങിയിട്ടു കുറച്ചുനാളേ ആയിട്ടുള്ളു. അതുവരെ രണ്ടുനേരം രണ്ടുപിടി ചോറു വാരിതിന്നുവാൻപോലും നന്നെ അരിഷ്ടിക്കേണ്ടിവന്നിരുന്നു.

ഇന്നോ? ഐശ്വര്യത്തിന്റെ നട തുറന്നിരിക്കുന്നു അവളുടെ മുമ്പിൽ ഓടിട്ട വീട്, വേലക്കാരൻ, പൈപ്പുവെള്ളം-ഇതൊക്കെ സ്വപ്നമോ സത്യമോ?

രാഖാൽ വന്നുപറഞ്ഞു "നോക്കൂ അമ്മേ, ഈ മീനും പച്ചക്കറികളും മതിയാവില്ലേ? അതോ കുറച്ചുകൂടി കൊണ്ടുവരണോ?"

നല്ല വലിയ തരം മീനുകൾ പത്തുപന്ത്രണ്ടെണ്ണം. ടേംപിയുടെയമ്മ സന്തോഷത്തോടെ പറഞ്ഞു "വേണ്ട, ഇനി വേണ്ട, അവിടെ വെച്ചേക്കൂ."

"ഇതൊക്കെ നുറുക്കിത്തരട്ടേ അമ്മേ!"

മീൻ നുറുക്കിത്തരണോ എന്ന്! ഇങ്ങനെയൊരു ഭാഗ്യം തനിക്കുണ്ടാവു മെന്ന് ഓർത്തിരുന്നോ?

ഹാജാരി പറഞ്ഞു "ആദ്യം വെള്ളം കൊണ്ടുവരൂ. എന്നിട്ടാകാം മത്സ്യം നുറുക്കാൻ. ആദ്യം എല്ലാവരും കുളിക്കട്ടെ."

കുസുമം അടുപ്പിൽ തീ പിടിപ്പിച്ചിട്ടു വന്നുപറഞ്ഞു "വലിയമ്മേ, കുളിക്കാൻ പൊയ്ക്കോളൂ. അപ്പോഴേക്ക് അടുപ്പു നല്ലപോലെ കത്തിപ്പിടിച്ചോളും. മണി പതിനൊന്നാകാറായി. ആഹാരം തയ്യാറാക്കാൻ ഇനി അമാന്തിച്ചാൽ പറ്റില്ല ഞാനിനി പോകട്ടെ."

ടേംപിയുടെ അമ്മ പറഞ്ഞു "ഉണ്ടിട്ടു പോകാം കുസുമം."

കുസുമം വ്യഗ്രതയോടെ പറഞ്ഞു "വേണ്ട വേണ്ട, നിങ്ങളൊക്കെ 'നട്ടപ്പറ' ഉച്ചയ്ക്കാണു വന്നിരിക്കുന്നത്. വല്ലതും ഒക്കെ ഉണ്ടാക്കി ഉണ്ണാൻ നോക്കൂ. അതിനിടയ്ക്ക് എന്നെ ക്ഷണിച്ചിരുത്തി ഊട്ടാനെന്തിനു പുറപ്പെടുന്നു?"

"ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല, മോളേ! ഉണ്ണാതെ പൊയ്ക്കൂട. ഒന്നാന്തരം വഴുതിനങ്ങ കൊണ്ടുവന്നിട്ടുണ്ട് നാട്ടിൽ നിന്ന്. നിൻെറ നഗരത്തിലുണ്ടോ ഇങ്ങനെയൊന്നു കിട്ടുന്നു? വഴുതിനങ്ങ പൊരിച്ചെടുക്കാം ഇപ്പോഴത്തേക്ക്. അച്ഛൻെറ വീട്ടിലെ വഴുതിനങ്ങ കൂട്ടിയിട്ടു പോകൂ. നാളെക്കു വാടിപ്പോകും."

ഹാജാരി കുളികഴിച്ചുവന്നിട്ടു പറഞ്ഞു "ഞാൻ ഹോട്ടലിൽ ഒന്നു പോയി വരട്ടെ. അടുക്കളപ്പണി നോക്കിക്കോളൂ. ക്ഷണം വരാം."

അര മണിക്കൂർ കഴിഞ്ഞ് ഹാജാരി തിരിച്ചുചെന്നപ്പോൾ ടേംപിയും അമ്മയും നെഞ്ചുപൊട്ടുമാറ് ഊതിയിട്ടും അടുപ്പു കത്തിക്കാൻ കഴിയാതെ കുഴങ്ങുകയായിരുന്നു. തീ കെട്ടുപോയിരിക്കുന്നു. ഇനിയും മീൻകറി ആയിട്ടില്ല.

ടേംപിയുടെ അമ്മ പറഞ്ഞു "ഇതു കണ്ടില്ലേ? അടുപ്പു കെട്ടുതുടങ്ങി. ഇനിയെന്തു ചെയ്യും?"

കുസുമം കുളിക്കുന്നു. രാഖാൽ ഹോട്ടലിലേക്കു പോയിരിക്കുന്നു. കാരണം ശാപ്പാടുകാരുടെ തിരക്ക് ഈ സമയത്താണ് അധികം. രാവിലത്തെ സമയം ചുരുങ്ങിയത് നൂറു പേരുണ്ടാവും ഉണ്ണാൻ. ബേചുവിൻെറയും യദുവിൻെറയും ഹോട്ടലുകൾ ശൂന്യം പിടിച്ച മട്ടായി. ഹാജാരി സ്വന്തം കൈകൊണ്ടു കറികൾ ഉണ്ടാക്കുന്നു. അതിൻെറ ഗുണംകൊണ്ടു റെയിൽബസാറിലെ ഊണുകാരൊക്കെ അയാളുടെ ഹോട്ടലിലാക്കി ഭക്ഷണം. മൂന്ന് അരിവെപ്പുകാർ, നാലു ഭൃത്യർ-എന്നിട്ടും നന്നെ ക്ലേശിക്കേണ്ടിവരുന്നു. ഇവരാരും തന്നെ കരിയടുപ്പിൽതീ പിടിപ്പിക്കുന്നതുപോയിട്ട്, കരി കണ്ടിട്ടുതന്നെയില്ല. തീ കെട്ടതുകൊണ്ട് വലിയ പരുങ്ങലിലായി. ഹാജാരിക്ക് അവരുടെ മുഖഭാവം കണ്ടിട്ടു ചിരിപൊട്ടി. അയാൾ പറഞ്ഞു "പഠിക്കണം, കണ്ട കുഗ്രാമത്തിൽ പോയിക്കിടന്നാൽ ഇതൊന്നും സാധ്യമാവില്ല. മാറി നിൽക്കിൻ! അതിൽ കുറച്ചു ചെറിയ കഷണങ്ങൾ ഇടണം. കാട്ടിത്തരാം, നോക്കിക്കോളിൻ!"

ടേംപിയുടെ അമ്മ പറഞ്ഞു "വന്നിരിക്കുന്നു വലിയൊരു നഗരക്കാരൻ. ഏസോശോലക്കാരനല്ലെന്നു തോന്നും മട്ടുകണ്ടാൽ."

"ഞാനോ? ഞാൻ ഇന്നേക്ക് അഞ്ചെട്ടു വർഷമായി ഈ റാണാഘാടിലെ റെയിൽബസാറിൽ താമസം തുടങ്ങിയിട്ട്. എന്നെ ആരു പറയും ഏസോശോലക്കാരനെന്ന്? ആ വക വർത്തമാനങ്ങൾ അങ്ങു വെച്ചേക്കു."

ടേംപി ചോദിച്ചു "അച്ഛാ! ഇവിടെ ടാക്കി ഇല്ലേ? അച്ഛൻ കാണാറില്ലേ?"

ഹാജാരി കുഴക്കിൽ പെട്ടു. ടാക്കി ബൈസ്കോപ് ഇവിടെയുണ്ട്. എന്നാൽ ഹാജാരിക്ക് അതിൽ തീരെയുണ്ടായിരുന്നില്ല ഭ്രമം. പക്ഷേ ടേംപി പുതിയ പരിഷ്കാരക്കാരി. ഏസോശോലയിലാണ് താമസമെന്നു വെച്ച് എന്ത്? ഇന്നത്തെക്കാലത്ത് എവിടെയുണ്ട് പരിഷ്ക്കാരമെത്താതെ? വിശേഷിച്ചും ടേംപി അതസിയുടെ കൂട്ടുകാരി അതസി അവളെ പലതും പറഞ്ഞു കേൾപ്പിച്ചിട്ടുണ്ടാവും. അഥവാ പഠിപ്പിച്ചിട്ടുണ്ടാവും. ഹാജാരിക്ക് (അമ്മയുടെ കാര്യം നിൽക്കട്ടെ) അറിയാൻ കഴിയാത്ത പലതും.

ടേംപിയുടെ അമ്മ ചോദിച്ചു "എന്താണീ ടാക്കി?"

ഹാജാരി ആധുനികനാകാനുള്ള ശ്രമത്തിൽ ഗൗരവഭാവത്തോടെ പറഞ്ഞു "ചിത്രം വർത്തമാനം പറയും-അത്രതന്നെ. എത്രയോ തവണ കണ്ടു കഴിഞ്ഞിരിക്കുന്നു. കാട്ടിത്തരാം, അപ്പോഴറിയാറാവും. അതെ-"

ഹാജാരി ഇതും പറഞ്ഞ് കാര്യം നിസ്സാരമാക്കിത്തള്ളാൻ ഒരു ശ്രമം നടത്തി എന്നാൽ ടേംപി അടുത്ത നിമിഷം മറ്റൊരു ചോദ്യം എടുത്തിട്ടു-' 'അച്ഛൻ എന്തു 'പാല' (പൗരാണിക കഥാ സംഗീതാവിഷ്ക്കാരണം) യാണു കണ്ടിട്ടുള്ളത് ടാക്കിയിൽ."

"പാല! അതൊക്കെ ആരോർക്കുന്നു? ലക്ഷ്മണൻെറ ശക്തിപ്രയോഗം ആണെന്നു തോന്നുന്നു, അതേ ആ കഥതന്നെ,-" ഹാജാരിക്കു മനസ്സിൽ വളരെയേറെ തപ്പിനോക്കിയിട്ടു വേണ്ടിവന്നു കുട്ടിക്കാലത്തുകണ്ട ഒരു 'യാത്ര' (ബംഗാളി ഓപേറ) യുടെ 'പാല'യുടെ പേർപറയാൻ. ടേംപി പറഞ്ഞു. "ലക്ഷ്മണൻെറ ശക്തിപ്രയോഗം എന്നൊരു പാലയോ? അങ്ങനെയൊരു പേർ ടാക്കിക്കുണ്ടാവില്ല. അതിൻെറ പേർ ഞാൻ അതസിചേച്ചി പറഞ്ഞു കേട്ടിട്ടുണ്ട്. അതു മറ്റൊരു വിധത്തിലുള്ളതാണ്." (പാല എന്നു സാധാരണ യാത്ര എന്ന ബംഗാളി നാടോടി സംഗീത നാടകത്തിൻെറ കഥയെയാണു പറയുക. സിനിമക്കഥയ്ക്കു ടേംപി പാല എന്നു പറഞ്ഞപ്പോൾ യാത്ര കണ്ട പരിചയംവെച്ചു ഹാജാരി യാത്രയിലെ ഒരു പ്രസിദ്ധ കഥയുടെ പേർ പറഞ്ഞതായിരുന്നു സിനിമ കാണാത്ത ഹാജാരിക്കു യാത്രയും സിനിമയും തമ്മിലുള്ള വ്യത്യാസമറിയില്ല.)

"അതെതെ, നിനക്കും നിൻെറ അതസിച്ചേച്ചിക്കുമല്ലേ ഒക്കെ അറിയാൻ പാടുള്ളു സർവജ്ഞർ! പിടിക്ക്-അങ്ങോട്ടു നീക്കിവെക്ക് ഈ കൽക്കരി പാത്രം."

''അമ്മാവാ, ഊണും മറ്റും കഴിഞ്ഞോ?'' എന്നു ചോദിച്ചുകൊണ്ട് ബംശിയുടെ മരുമകൻ, സുന്ദരനായ യുവാവ്, വീട്ടിനകത്തേയ്ക്കു കയറിയ ഉടൻ ടേംപിയുടെ നാട്ടിമ്പുറക്കാരി അമ്മ സാരിത്തുമ്പുകൊണ്ടു തലമറച്ചു. എന്നാൽ ടേംപി നവാഗതനെ കൗതുകത്തോടെ നോക്കിനിന്നു.

ഹാജാരി പറഞ്ഞു ''വരൂ; കുട്ടാ വരൂ. ആരെക്കണ്ടിട്ടാണു മുഖം മറക്കുന്നത്? ബംശിയുടെ മരുമകൻ. ഹോട്ടലിലെ കണക്കെഴുതുന്നതൊക്കെ ഇയാളാണ്. ഇനിയും കുട്ടി. ഇയാളെ കണ്ടിട്ടോ മൂടുപടം.''

ബംശിയുടെ മരുമകൻ ടേംപിയുടെ അമ്മയുടെ കാൽതൊട്ടു തലയിൽ വെച്ചു നമസ്ക്കരിച്ചു.

ഹാജാരി പറഞ്ഞു ''ടേംപി, നിൻെറ നരേൻ ഏട്ടനെ നമസ്ക്കരിക്കൂ. ഇവളെൻെറ മകളാണു കുട്ടാ നരേൻ! അവൾക്കു വായിക്കാനൊക്കെ അറിയാം. തുന്നലും പഠിച്ചിട്ടുണ്ട് എൻെറ ഗ്രാമത്തിലെ ബാബുവിൻെറ അടുക്കൽ നിന്ന്.''

ടേംപിക്കു പെട്ടെന്നു ലജ്ജബാധിച്ചപോലെയായി. യുവാവു കാഴ്ചയിൽ കുറച്ചങ്ങനെയായിരുന്നു. ഇത്ര കോമളനായ ഒരാളെ അവൾ കണ്ടിട്ടില്ല. അതസിചേച്ചിയുടെ വരനെ മാത്രമേ ഏതാണ്ടിയാളോടു ഉപമിക്കാനാവൂ. മുഖഭാവം ഒക്കെ അതേപോലെ തന്നെ.

നരേനിനും അതേവരെയുണ്ടായിരുന്ന തടവില്ലാത്ത ഹൃദ്യതയുടെ ഭാവം കൈവിട്ടുപോയ പോലെയായി. കണ്ണുയർത്തി നോക്കാൻതന്നെ വിഷമിച്ചു.

ഹാജാരി പറഞ്ഞു ''മൂർഷിദാബാദ് വണ്ടിക്ക് എത്രപേർ ഉണ്ണാനുണ്ടായിരുന്നു ഇന്ന്?''

''വണ്ടിക്കു പത്തുപന്ത്രണ്ടുപേരുണ്ടായിരുന്നു. അവരിൽ മൂന്നുപേരെ ബേചുചക്കത്തിയുടെ ആൾ കൈപിടിച്ചു വലിച്ചുകൊണ്ടുപോയി. ബാക്കി ആറേഴുപേരെ നമുക്കു കിട്ടി. ബൻഗാവ് വണ്ടിക്ക് അഞ്ചുപേരെ കിട്ടി.''

''ആരാണു സ്റ്റേഷനിൽ പോയത്?''

''വ്രജനുണ്ടായിരുന്നു, രാഖാലും പോയിരുന്നു, ബൻഗാവ് വണ്ടിക്ക്. വ്രജൻ പറഞ്ഞു ഊണുകാരെ പിടികൂടുന്ന മത്സരത്തിൽ ഇന്നു ബേചുചക്കത്തിയുടെ വേലക്കാരനുമായിട്ട് അടികലശൽ നടക്കേണ്ടതായിരുന്നുവെന്ന്.''

''വേണ്ട, വേണ്ട; അതൊന്നുമാവശ്യമില്ല, കുട്ടാ! എത്രയായാലും എൻെറ പഴയ യജമാനൻ, അയാളുടെ തിന്നല്ലേ ഇത്രനാളും ജീവിച്ചത്. ഹോട്ടൽ ബിസിനസ് പഠിച്ചതും അവിടെനിന്നുതന്നെ. കേവലം പാകം ചെയ്യാൻ പഠിച്ചാൽ ഹോട്ടൽ നടത്താനാവില്ല. അതൊരു വ്യവസായമാണ്. എങ്ങനെ ചന്തസ്സാമാനങ്ങൾ വാങ്ങണം, എങ്ങനെ പറ്റുകാരെ സന്തോഷിപ്പിക്കണം, എങ്ങനെവേണം വരവുചിലവു കണക്കു വെക്കാൻ, എന്നൊക്കെ അറിഞ്ഞിരിക്കണം. ഞാൻ ആറുകൊല്ലം അവിടെനിന്നു നോക്കി, അവരെങ്ങനെയാണ് അവിടെ ഇടപാടുകൾ നടത്തുന്നതെന്നു കണ്ടുകണ്ടു പഠിച്ചു. ഇനി എന്തു

മാകാമെന്നായി.''

നരേൻ പറഞ്ഞു ''ശരി അമ്മായി, ഊണുകഴിക്കൂ. ഞാൻ വൈകിയിട്ടു വരാം.''

ഹാജാരി പറഞ്ഞു ''താൻ നാളെ ഉച്ചക്കു ഹോട്ടലിൽ ഉണ്ണാൻ നിൽക്കണ്ട. ഇവിടെയാവാം. മനസ്സിലായില്ലേ?''

നരേൻ പോയിക്കഴിഞ്ഞപ്പോൾ ടേംപി ഇല്ലാത്ത സമയം നോക്കി ഹാജാരി ചോദിച്ചു ''കുട്ടി കണ്ടാലെങ്ങനെ?''

''കൊള്ളാം. നല്ല സുന്ദരൻ.''

''ടേംപിക്കു ചേരില്ലേ?''

''ഒന്നാന്തരമായിട്ട്. അതു നടക്കുമോ? ഞങ്ങടെ തലയിൽ ഇങ്ങനെ ഒരാളെ കിട്ടുമെന്ന് എഴുതിയിട്ടുണ്ടോ?''

''കിട്ടായ്കയെന്താ? കിട്ടിക്കഴിഞ്ഞല്ലോ. അയാളെ ഇല്ലെങ്കിലെന്തിനാ ഹോട്ടലിൽ കൊണ്ടുവന്നുവെച്ചതെന്നാണു വിചാരം? നിങ്ങളെയൊക്കെ റാണാഘാടിലേയ്ക്കു കൊണ്ടുവന്നതും എന്തിന്? ടേംപിയെ ഇനി കുറച്ച്-മനസ്സിലായില്ലേ. നാളെ അയാളെ ഒന്നു നിഷ്ക്കർഷിച്ചു തന്നെ സൽക്കരിക്കണം. എനിക്കു വളരെ നാളായിട്ടുള്ള മോഹമാണ് ഇയാൾക്കു ടേംപിയെ-ഇപ്പോൾ കുറെയൊക്കെ വിശ്വാസം വന്നുതുടങ്ങി. നരേനിൻെറ അച്ഛൻെറ നില തരക്കേടില്ല. നരേൻ മെട്രിക് പാസ്. വിവാഹം കഴിച്ച് ഹോട്ടലിൽതന്നെ നിൽക്കട്ടെ ഓഹരിക്കാരനാക്കിയേക്കാം. പണി പഠിക്കട്ടെ. ടേംപിയും നമ്മുടെ അടുക്കൽതന്നെയുണ്ടായിരിക്കും. മനസ്സിലായോ? പല കാര്യങ്ങളുണ്ട് അങ്ങനെ.''

ടേംപിയുടെ അമ്മ ഒരനാവും കുനാവുമില്ലാത്തവൾ - എല്ലാം മിഴിച്ചുനിന്നു കേട്ടു

സന്ധ്യയ്ക്കാണു വിവരം കിട്ടിയത്. സ്റ്റേഷനിൽ ബേചുചക്കത്തിയുടേയും ഹാജാരിയുടേയും വേലക്കാർ തമ്മിൽ ഊണുകാരെച്ചൊല്ലി അടിപികൂടി ഹാജാരിയുടെ ഭൃത്യൻ നാഥനി വന്നുപറഞ്ഞു ''ബാബു, അവരുടെ ഹോട്ടലിലെ വേലക്കാരൻ വണ്ടിയിറങ്ങുന്നവരെ പിടിച്ചുവലിച്ചുകൊണ്ടുപോകുന്നു. നമ്മടെ ഹോട്ടലിലേയ്ക്കു വരാൻ പോയതായിരുന്നു അവർ. അവരെ പിടിച്ചു വലിക്കുക- നമ്മടെ ഹോട്ടലിനെ നിന്ദിക്കുക - അതാണ് അടിപിടിക്കു കാരണം.''

''ഉണ്ണാനുള്ളവർ എവിടേയ്ക്കു പോകയായിരുന്നു?''

''അവർ നമ്മടെ ഹോട്ടലിലേയ്ക്കുതന്നെ വരികയായിരുന്നു. ആ ഹോട്ടലിവുള്ളവർക്കു നമ്മളോടു വിരോധമുണ്ട് എല്ലാവരും ഉണ്ണാൻ ഇങ്ങോട്ടു വരുന്നു. അവർക്ക് ആരെയും കിട്ടുന്നില്ല ഇതാണു വഴക്കിനു കാരണം ബാബു! അവരുടെ ഹോട്ടൽ പൊളിയാറായി, ബാബു' ഒരൊറ്റ വണ്ടിക്കും ആളെ കിട്ടുന്നില്ല.''

രാത്രി എട്ടുമണി സമയം ഹാജാരി മീൻകറി അടുപ്പത്തിടുവാൻ ഭാവിക്കയായിരുന്നു. ആ സമയം ബംശി വന്നുപറഞ്ഞു ''ഹാജാരിയേട്ടാ, ചൂടുള്ള ഒരു

വാർത്ത. നിങ്ങടെ പഴയ യജമാനൻ നിങ്ങളെ വിളിപ്പിച്ചിരിക്കുന്നു, പോയി കാര്യമെന്തെന്നറിഞ്ഞുവരൂ. എനിക്കു തോന്നണത് അടികലശലിനെപ്പറ്റി-''

''മീൻകറി ഒന്നു നോക്കിക്കോളൂ. മാംസം ഞാൻ വന്നിട്ട് ആവാം. ചെല്ലട്ടെ അങ്ങോട്ട്.''

വളരെ നാളുകൾക്കു ശേഷം ഹാജാരി പഴയ ഹോട്ടലിന്റെ ഇരിപ്പുമുറിയുടെ വാതിൽക്കൽ ചെന്നുനിന്നു. അകത്തേക്കു കടന്നതിനോടൊപ്പം ആ പണ്ടത്തെ മനോഭാവം അയാളെ ഗ്രസിച്ചുവശായി. അയാൾ അരിവെപ്പുകാരൻ ബ്രാഹ്മണൻ, ബേചു അയാളുടെ യജമാനൻ-എന്നു തോന്നും കണ്ടാൽ.

ബേചു അയാളെക്കണ്ടു ബഹുമാനം സ്ഫുരിക്കുന്നു സ്വരത്തിൽ പറഞ്ഞു ''വരൂ, വരൂ; ഹാജാരി! ഇരിക്കൂ ഇവിടെ.''

ഇതും പറഞ്ഞു താനിരുന്നിരുന്ന ബെഞ്ചിന്റെ ഒരറ്റം ചുണ്ടിക്കാട്ടി പൊടി തട്ടി - അതിന്റെ ആവശ്യമില്ലായിരുന്നുവെങ്കിലും. ഹാജാരി നിന്നതേയുള്ളൂ. അയാൾ പറഞ്ഞു ''വേണ്ട ബാബു, ഞാനിരിക്കില്ല. എന്തിനാണാവോ വിളിച്ചത്.''

''വരൂ, ഇരിക്കൂ ഇവിടെ, എന്നിട്ടു പറയാം.''

ഹാജാരി നാവു കടിച്ചുകൊണ്ടു പറഞ്ഞു ''ഇല്ല ബാബു, നിങ്ങൾ ഒരു കാലത്ത് എന്റെ യജമാനനായിരുന്നു. മുമ്പിലിരിക്കുന്നതു ശരിയാണോ? പറയാനുള്ളതു പറഞ്ഞോളൂ. നിന്നു കേട്ടോളാം.''

ഹാജാരിയുടെ കണ്ണുകൾ സ്വയം ഭക്ഷണമുറിയിലേക്കു തിരിഞ്ഞു. ഹോട്ടലിലെ സ്ഥിതി വാസ്തവത്തിൽ ദയനീയമായിരുന്നു. മണി ഒമ്പതടിക്കാറായി. ഈ സമയത്തു മുമ്പൊക്കെ ആളുകളുടെ തിരക്കുകൊണ്ട് ഇരിക്കാൻ സ്ഥലമില്ല. ഇന്നവരൊക്കെ എവിടെ? ഹോട്ടലിനു പണ്ടുണ്ടായിരുന്ന ആ ഐശ്വര്യം തന്നെ എങ്ങോപോയി.

ബേചു പറഞ്ഞു ''അതു പറ്റില്ല, ഇരിക്കൂ ഹാജാരി! ചായ കുടിക്കൂ. എടോ കാങ്ങാലി! ഞങ്ങൾക്കു ചായ!''

ഹാജാരിക്ക് എന്നിട്ടും ഇരിക്കാൻ തോന്നിയില്ല. വേലക്കാരൻ ചായ കൊണ്ടുവന്നുവെച്ചിട്ടു പോയി. ഹാജാരി ഒരറ്റത്തേക്കു മാറിനിന്നു ചായ കുടിച്ചിട്ടു വന്നു.

ബേചുചക്കത്തിക്ക് ഈ പെരുമാറ്റം നന്നെ പിടിച്ചു. ഹാജാരിയുടെ സ്വഭാവത്തിനു മാറ്റമൊന്നും വന്നിട്ടില്ല-പെട്ടെന്നു നല്ല നിലയിലെത്തിയിട്ടും.

ഹാജാരി പറഞ്ഞു ''ബാബു എന്തോ പറയാൻ ഭാവിച്ചല്ലോ.''

''ഉവ്വ്, എന്താണെന്നറിയാമോ? നമ്മൾ രണ്ടുപേരും ഒരേ സ്ഥലത്തു ബിസിനസ് നടത്തുന്ന സ്ഥിതിക്കു നമ്മൾ തമ്മിൽ ശത്രുത പാടില്ല. നിങ്ങളുടെ ഭൃത്യൻ ഇന്ന് എന്റെ ഭൃത്യനെ സ്റ്റേഷനിൽ വെച്ചടിച്ചു. എന്താണിങ്ങനെ?''

ആ സമയം വേലക്കാരി പത്മയും മറ്റു വേലക്കാരും വാതിൽക്കൽ ചെന്നു നിന്നു.

ഹാജാരി പറഞ്ഞു "ഞാൻ കേട്ടതെന്താണെന്നോ ബാബു! ബാബുവിന്റെ വേലക്കാരനാണ് ആദ്യം അടിച്ചത്. നാഥനി ആൾക്കാരെ കൂട്ടിക്കൊണ്ടു വരുമ്പോൾ-"

പത്മ പറഞ്ഞു "അതെ, അങ്ങനെതന്നെ. നിങ്ങളുടെ നാഥനി ഞങ്ങടെ പതിവുകാരെ പിടിച്ചുകൊണ്ടുപോകാൻ നോക്കി. ഞങ്ങടെ ഹോട്ടലിലേക്കു വരികയായിരുന്നു അവർ. നിങ്ങടെ ഹോട്ടലിലേക്കു വരാൻ അവർക്കിഷ്ടമില്ലായിരുന്നു."

ഇതു വിശ്വസിക്കുവാൻ ബേചുചക്കത്തിക്കുപോലും പ്രയാസമായിരുന്നു. അയാൾ പറഞ്ഞു "പോകട്ടെ, അതും പറഞ്ഞു ഹാജാരിയോടു വഴക്കിട്ടിട്ടെന്തു കാര്യം? ഹാജാരി അവിടെയുണ്ടായിരുന്നില്ല. സംഭവം കണ്ടിട്ടുമില്ല. എന്നാലും ഞാൻ പറയട്ടെ ഹാജാരി, മേലിൽ ഇങ്ങിനെ സംഭവിക്കാതിരിക്കാൻ-"

ഹാജാരി പറഞ്ഞു "ബാബു, ഞാൻ സമ്മതിക്കുന്നു. നിങ്ങളുടെ ഹോട്ടലുമായിട്ട് ഞങ്ങടെ ഹോട്ടൽ വഴക്കിടാൻ പറ്റില്ല. നിങ്ങൾ എന്റെ പഴയ യജമാനൻ. വരൂ, നമുക്കു വണ്ടികൾ പങ്കിടുക. നിങ്ങൾ ഏതു വണ്ടിക്കാണു സ്റ്റേഷനിൽ വേലക്കാരനെ അയക്കുന്നതെന്നുവെച്ചാൽ അതിന് എന്റെ വേലക്കാർ സ്റ്റേഷനിൽ ഉണ്ടാവില്ല."

ബേചുചക്കത്തി അത്ഭുതപ്പെട്ടുപോയി. ബിസിനസ്സ് നിലകൊള്ളുന്നതു തന്നെ മത്സരത്തിലാണ്. ആ കല അയാൾക്ക് ഒന്നാന്തരമായിട്ടറിയാം. ഈ ബിസിനസ്സ് നടത്തിയാണ് അയാൾ മുടി നരപ്പിച്ചത്. ഇക്കാര്യത്തിൽ ഹാജാരിയുടെ നിർദ്ദേശം എത്ര ഉദാരമാണെന്ന് മനസ്സിലാക്കാൻ ബേചുവിന്ക്ഷണം സാധിച്ചു. അയാൾ മെല്ലെ മെല്ലെ പറഞ്ഞു "വേണ്ട, അതുവേണ്ട. സ്റ്റേഷൻ എന്റെയോ നിങ്ങളുടെയോ അല്ല."

"അല്ല ബാബു, ഇനിതൊട്ടു അങ്ങനെയെന്നുവെക്കുക മൂർഷിദാബാദ് ബൻഗാവ്-ഇതിൽ ഏതാണു ബാബുവിനുവേണ്ടത്? മൂർഷിദാബാദോ? അതോ ബൻഗാവോ? ആ സമയം എന്റെ വേലക്കാർ സ്റ്റേഷനിൽ ഉണ്ടായിരിക്കയില്ല."

പത്മ വാതിൽക്കൽനിന്നു മാറി.

ബേചുചക്കത്തി പറഞ്ഞു "അതു നിങ്ങൾ പറയുംപോലെ-മൂർഷിദാബാദു വെച്ചേക്കു എനിക്ക്. അപ്പോൾ ഒരു ചായകൂടി കുടിച്ചിട്ട്-ശരി, എന്നാൽ ചെല്ലൂ."

ഹാജാരി ബേചുവിനെ നമസ്കരിച്ചു യാത്രയായി.

പത്മ വീണ്ടും വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു അന്വേഷിച്ചു-

"എന്തു പറഞ്ഞിട്ടുപോയി ബാബു?"

"വണ്ടി പങ്കുവെച്ചിട്ടുപോയി. മൂർഷിദാബാദ് ഞാനെടുത്തു. വരാനുള്ളവരധികവും ആ വണ്ടിക്കാണു വന്നിറങ്ങുന്നത്. ബൻഗാവ് വണ്ടിക്ക് എത്ര പേരുണ്ടു വരാൻ? ആൾ ഒരു 'മന്ദ'നാണ്, എന്നേയുള്ളു, ചതിയനല്ല, ദുഷ്ടനല്ല."

"ഞാൻ ഇന്നേക്ക് ഏഴുകൊല്ലമായി കണ്ടുവരുന്നു. എനിക്കറിയില്ലേ?

കഞ്ചാവു കുടിച്ചു 'ബുദ്ദാ'യി കുത്തിയിരിക്കും. ഹോട്ടൽ കാര്യങ്ങളൊക്കെ അവിടെക്കിടക്കും. അടുക്കളപ്പണിയെടുത്തു ചാകും. ബംശിയും അയാളുടെ മരുമകനും രസിച്ചുനടക്കും. കാഷ് അവരുടെ കയ്യിലല്ലേ? ഞാൻ അടിയിൽക്കൂടെ എല്ലാ വർത്തമാനങ്ങളും അറിഞ്ഞു. ബംശിയെ നമ്മുടെ ഹോട്ടലിലേക്കുകൊണ്ടുവരൂ ബാബു! ആ ഹോട്ടൽ ഒരു ദിവസം സ്വസ്തി കുത്തും. ബംശിയെ തെറ്റിച്ചുകൊണ്ടുവരാൻ ആളെ വിടൂ ബാബു. അയാളുടെ മരുമകനേയും-''

അടുത്ത ദിവസം നരേൻ സസങ്കോചം ക്ഷണം സ്വീകരിച്ചു ഹാജാരിയുടെ ഭവനത്തിലെത്തി. ഹാജാരി അയാളെ ഹോട്ടലിൽനിന്നു പറഞ്ഞയച്ചുവെങ്കിലും ഒപ്പം പുറപ്പെടാൻ കഴിഞ്ഞില്ല. വല്ലാത്ത തിരക്ക്, ചന്താദിവസമായിരുന്നു അന്ന്.

അമ്മയുടെ നിർദ്ദേശമനുസരിച്ച് ടേംപിക്കു പലതവണ അതിഥിയുടെ മുമ്പിൽ പുറത്തേക്കു ചെല്ലേണ്ടിവന്നു. ചിലപ്പോൾ പലകയിട്ടുകൊടുക്കാൻ, ചിലപ്പോൾ ഗ്ലാസ്സിൽ വെള്ളം കൊണ്ടുപോയിവെക്കാൻ. അങ്ങനെ പലതും. ടേംപി ചുറുചുറുക്കുള്ള സൂത്രക്കാരി പെൺകുട്ടി. അതസിയുടെ ശിഷ്യ. എന്നാൽ അവൾക്കും സുന്ദരനായ നരേനിന്റെ മുമ്പിൽ ചെല്ലാൻ നാണം പോലെ തോന്നി.

നരേനും കുറച്ചത്ഭുതപ്പെട്ടു. ഹാജാരി കുഗ്രാമക്കാരനാണ്, അയാൾക്കറിയാം ഇത്രനാളും കുടുംബനിലയും പരുങ്ങലിലായിരുന്നു. ഇപ്പോഴാണ് ഹോട്ടലിടപാടിൽ രണ്ടുകാശ് ഒന്നിച്ചുകാണാൻ കഴിഞ്ഞത്. എന്നാൽ ഹാജാരിയുടെ മകൾ കാണാൻകൊള്ളാം; അവളുടെ പെരുമാറ്റവും സ്ക്കൂളിൽ പഠിച്ച പെൺകുട്ടികൾക്കു തുല്യം. പരിഷ്കൃതം. അവൾക്കു വസ്ത്രം വെടുപ്പായി ഉടുക്കാനറിയാം. വൃത്തിയായി നടക്കാനറിയാം. വർത്തമാനം പറയുന്നതിലുമുണ്ട് ഒരു ചന്തം.

അയാളുടെ ഊണ് ഏതാണ്ടു കഴിയാറായപ്പോഴാണ് ഹാജാരിയുടെ വരവ്. അയാൾ പറഞ്ഞു ''ഊണു കഴിഞ്ഞുവല്ലേ? എനിക്കു വരാൻ പറ്റിയില്ല. ഇന്നു വല്ലാത്ത തിരക്ക് ടേംപി! എനിക്കു കുറച്ച് എണ്ണ - ഒന്നു കുളിക്കട്ടെ. നിന്റെ ഈ ഏട്ടന് ഉറങ്ങാൻ ഒരിടത്തു വിരിച്ചുകൊടുക്കൂ. അടുത്ത മുറി ഒന്നടിച്ചിടൂ കുട്ടീ!''

നരേൻ കിടന്നപ്പോൾ ടേംപി വെറ്റില കൊണ്ടുചെന്നു. മുറുക്കാൻചെല്ലമില്ല. ഒരു ചെറിയ പ്ലേറ്റാണ് പകരം. ചുണ്ണാമ്പുമില്ല തട്ടത്തിൽ എന്ന് നരേൻ കണ്ടു. ലജ്ജയോടു പറഞ്ഞു ''കുറച്ചു ചുണ്ണാമ്പു കൊണ്ടുവരൂ.''

ടേംപിയുടെ ദേഹമാകെ ലജ്ജയാലും ആനന്ദത്താലും രോമാഞ്ചിതമായി അതിനു പ്രധാന കാരണം അവളെ ആരെങ്കിലും ഇത്രയ്ക്ക് ആദരസൂചകമായി അഭിസംബോധനം ചെയ്യുന്നത് ഇതാദ്യമായിട്ടാണ്. ഇതിനുമുമ്പ് ആരും അവളോടു കൊണ്ടുവാ എന്നല്ലാതെ കൊണ്ടുവരൂ എന്നു പറഞ്ഞിട്ടില്ല. രണ്ടാമതു ബന്ധത്തിൽ പെടാത്ത ഒരു യുവാവും അവളോടു സംസാരിച്ചിട്ടില്ല. ഇല്ല എന്നു

പറഞ്ഞുകൂടാ. ഗ്രാമത്തിലെ രാമുവേട്ടൻ, ഗോപാലേട്ടൻ തുടങ്ങിയവർ സംസാരിച്ചിട്ടുണ്ട് എന്നാൽ അതിലൊന്നും ഇത്ര ആനന്ദം ഒരു ദിവസവും തോന്നിയിട്ടില്ല ചുണ്ണാമ്പുകൊണ്ടുവന്നു തട്ടത്തിൽവെച്ചിട്ടു ചോദിച്ചു "ഇതുമതിയാവില്ലേ?"

"ധാരാളമായി. അവിടെയിരിക്കട്ടെ ഒരു ഗ്ലാസ്സ് വെള്ളം കൊണ്ടുവന്നു തരുമോ?"

ടേംപിക്കു നരേനിനെ നന്നെ പിടിച്ചു. വർത്തമാനത്തിൻെറ മട്ട് നന്ന്. സ്വരവും അതോടൊത്തു മധുരം. ഗ്ലാസ്സുകൊണ്ടുവന്നു കൊടുത്തശേഷം ഇനിയും അയാൾ വല്ലതിനും പറയണമെന്ന് അവൾ ആഗ്രഹിച്ചു. എന്നാൽ നരേൻ പിന്നെയൊന്നും പറഞ്ഞില്ല. അവൾ വെള്ളത്തിൻെറ പാത്രം താഴെ വച്ചു പുറത്തേക്കു പോന്നു.

മണി അഞ്ചടിച്ചു-നേരം ഏതാണ്ടിരുട്ടിത്തുടങ്ങുമെന്നായി. ടേംപി മുറിയിൽ എത്തിനോക്കി. നരേൻ നല്ല ഉറക്കം.

പെട്ടെന്ന് ടേംപിക്ക് അയാളിൽ അഹേതുകമായ ഒരു സ്നേഹം തോന്നി ആഹാ, ഹോട്ടലിൽ രാത്രി എത്രയേറെ നേരം പണിയെടുക്കേണ്ടിവരുന്നു' രാത്രി നല്ലപോലെ ഉറങ്ങാൻ കഴിയുന്നുണ്ടാവില്ല

ടേംപി അമ്മയോടു ചെന്നു പറഞ്ഞു "അമ്മ, അയാൾ ഇനിയും ഉറക്കം തന്നെ വിളിച്ചുണർത്തണോ? അതോ ഉറങ്ങട്ടെ എന്നോ?"

ടേംപിയുടെ അമ്മ പറഞ്ഞു "ഉറങ്ങുകയാണെങ്കിൽ ഉറങ്ങട്ടെന്ന്. വിളിക്കണതെന്തിന്? വേലക്കാരൻ എവിടെ? ഉണർന്നാൽ വല്ലതും തിന്നാൻ കൊടുക്കണം. പലഹാരം വരുത്തണം. അദ്ദേഹവുമില്ലല്ലോ ഇവിടെ?"

ടേംപി പറഞ്ഞു "അയാൾ ചായ കുടിക്കുമോ ആവോ? അങ്ങനെയാണെങ്കിൽ ഉണരുമ്പോൾ കുറച്ചു ചായകൊടുത്താൽ നന്നായിരിക്കും."

ടേംപിയുടെയമ്മ ചായകുടിക്ക പതിവില്ല, ചായ ഉണ്ടാക്കാനും വശമില്ല. പരിഷ്കാരിയായ മകളുടെ ആലോചന അമ്മയ്ക്കും പിടിച്ചു. മകളോടു പറഞ്ഞു"നിനക്കുണ്ടാക്കാനറിയാമോ?"

മകൾ കുണുങ്ങി ചിരിച്ചുകൊണ്ടു പറഞ്ഞു "എന്താണ! അമ്മ പറയണത്? കേട്ടിട്ടു ചിരിച്ചു ചിരിച്ചു മണ്ണുകപ്പിപ്പോണു." പിന്നീടു വിചിത്രമായ ഒരു വടിവിൽ കൈകൾ ഇളക്കിയും ചിരി വിങ്ങുന്ന മുഖത്തെ ചിബുകം വീണ്ടും വീണ്ടും ഉയർത്തിയും താഴ്ത്തിയുംകൊണ്ട് അവൾ തുടർന്നു "ചായ എവിടെയുണ്ട്? പഞ്ചസാര എവിടെയുണ്ട്? കെട്ല്ി എവിടെ? ചായ എന്തിൽ പകരും? ഡിഷ്-പ്ലേറ്റ് എവിടെ? വല്ലതുമുണ്ടോ ഇവിടെ?"

ടേംപിയുടെ അമ്മയ്ക്കു മകളുടെ ഈ മുഖഭാവം നന്നെ പിടിച്ചു. അവൾ സസ്നേഹം മുഗ്ദ്ധദൃഷ്ടികളോടെ മകളെ മിഴിച്ചുനോക്കിനിന്നു. ഈ ഭാവത്തിൽ ഇത്രയും സുന്ദരമായ രീതിയിൽ അവൾ ഇതിനുമുമ്പു പറയുന്നതു കണ്ടിട്ടില്ല.

ഈ സമയം ഹറാജാരി കടന്നു ചെന്നു. അയാൾ ഹോട്ടലിൽ തന്നെയാ

യിരുന്നു. അയാൾ ചോദിച്ചു "നരേൻ എവിടെ? ഉറക്കംതന്നെ?"

ടേംപിയുടെ അമ്മ പറഞ്ഞു "എവിടെയായിരുന്നു ഇതുവരെ? നരേനിന്നു വല്ല പലഹാരവും കൊണ്ടുവന്നു തരണം. പിന്നെ ടേംപി പറയണു, ചായ കൊടുത്താൽ നന്നായിരിക്കുമെന്ന്."

ഹാജാരിക്കു ടേംപിയോട് എന്തെന്നില്ലാത്ത വാത്സല്യം തോന്നി. അവൾ ഒന്നുമറിയാതെ ആർക്കാണോ ചായ ഉണ്ടാക്കിക്കൊടുക്കാൻ ശിപാർശ ചെയ്യുന്നത്, അയാൾക്കുതന്നെ വിവാഹം ചെയ്തുകൊടുക്കാൻ അച്ഛനമ്മമാർ ഗൂഢാലോചന നടത്തുകയാണെന്നുണ്ടോ ആ പാവം അറിയുന്നു?

ഹാജാരി പറഞ്ഞു "ഞാൻ എല്ലാം കൊണ്ടുവന്നു തരുന്നുണ്ട്. ഹോട്ടലിലുണ്ട് വേണ്ടതൊക്കെ. ഹോട്ടലിൽ കുറച്ചു തിരക്കുള്ള ദിവസമാണിന്ന്. കൽക്കത്തയിൽനിന്നു പത്തുപന്ത്രണ്ടു നായാട്ടുകാർ വന്നിട്ടുണ്ട്, അവർ കുറെനാൾമുമ്പു വന്ന് എന്റെ കൈകൊണ്ടുണ്ടാക്കിയ ഭക്ഷണം കഴിച്ചു വളരെയധികം സന്തോഷിക്കയുണ്ടായിട്ടുണ്ട്. അവർ ആദ്യം ഞാൻ പണ്ടു നിന്നിരുന്ന ഹോട്ടലിൽ ചെന്നു. പിന്നെ അവിടന്നു തിരക്കി തിരക്കി എന്റെ ഹോട്ടലിൽ എത്തി. അവർക്കു രാത്രി മാംസവും 'പുലാവും' വേണം. ഈ നേരത്തേക്കു നീ ഇവിടെ ആഹാരം ഒന്നും ഉണ്ടാക്കണ്ട. ഹോട്ടലിൽനിന്നു കൊടുത്തയയ്ക്കാം. നരേനിനെകൊണ്ടു കുറച്ചാവശ്യമുണ്ട്. ബാബുമാരോട് ഇംഗ്ലീഷിൽ സംസാരിക്കണം. അപ്പണി എനിക്കു പറ്റില്ല. നരേനിനെ വിളിച്ചെഴുന്നേൽപിക്കൂ."

ടേംപിയുടെ അമ്മ പറഞ്ഞു "ഉറക്കം കഴിഞ്ഞെഴുന്നേൽക്കുമ്പോൾ ഒന്നും കൊടുക്കാതെ പറഞ്ഞയക്കുന്നതു ഭംഗിയല്ല. ടേംപി ചായയുടെ കാര്യം പറഞ്ഞില്ലേ? ആദ്യം ചായകൊടുത്തയക്കൂ. ഇപ്പോഴുണർത്തണ്ട."

നരേൻ ഉണർന്നപ്പോഴേക്കു നേരം പോയിക്കഴിഞ്ഞിരുന്നു. മതിലിന്നരികിൽ നിൽക്കുന്ന തേക്കിന്തലപ്പത്തു തങ്ങിനിന്നിരുന്ന വെയിലിനെ വിളർപ്പു ബാധിച്ചുകഴിഞ്ഞിരിക്കുന്നു. നരേനിന്നു സങ്കോചം തോന്നി. അന്യന്റെ വീട്ടിൽക്കിടന്ന് എന്തൊരുറക്കമാണു താനുറങ്ങിക്കളഞ്ഞത് - മറ്റുള്ളവർ പോകട്ടെ, ഹാജാരിയമ്മാവന്റെ ആ മകൾ എന്തുവിചാരിക്കും? നല്ലകുട്ടി. ഹാജാരിയമ്മാവന്റെ മകൾ ഇത്രക്കു ചതുര, ചുറുചുറുക്കുള്ളവൾ, കാണാൻ കൊള്ളാവുന്നവൾ, ഭംഗിയായി ഉടുത്തണിയുന്നവൾ — ഇതു വല്ലതുമുണ്ടോ അയാൾ നേരത്തേ ആലോചിച്ചിരുന്നു?

ഉദ്വേഗത്തോടെ അയാൾ കുപ്പായമെടുത്തിട്ടു പുറത്തേക്കിറങ്ങാനുള്ള പുറപ്പാടായി. അപ്പോൾ ടേംപി ചെന്നു പറഞ്ഞു "എഴുന്നേറ്റോ? മുഖം കഴുകാൻ വെള്ളം കൊണ്ടുവരട്ടെ?"

നരേൻ പരിഭ്രമത്തോടെ പറഞ്ഞു "വേണ്ട, വേണ്ട, ഞാൻ ഹോട്ടലിൽ തന്നെ."

"ചായ കുടിച്ചിട്ടേ പോകാവുവെന്ന് അമ്മ പറഞ്ഞയച്ചു. ഞാനമ്മയെ വി

ളിക്കട്ടെ.''

ഇതിനിടെ ഹാജാരി ചായയും മറ്റും ഹോട്ടലിൽനിന്ന് വേലക്കാരൻ വശം കൊടുത്തയച്ചിട്ടുണ്ടായിരുന്നു. ടേംപി തന്നെ പുറപ്പെട്ടു ചായയുണ്ടാക്കാൻ. അവളുടെ അമ്മ ചായയുടെ കൂടെ തിന്നാൻ പഴം മുറിക്കുന്നതിനു തുടങ്ങി. ടേംപി പറഞ്ഞു ''അമ്മേ, ചായയുടെ കൂടെ പഴം കൊടുക്കുക പതിവില്ല. അതിനു പകരം ഈ 'രസഗുല്ല'യും (മധുരപലഹാരം) ഉപ്പുചേർന്ന ഈ പലഹാരവും തട്ടിൽവെക്കൂ.''

''പഴം തിന്നില്ല, ഒരു ഇളനീരായാലോ? ഇവിടെത്തന്നെ എടുക്കാനുണ്ട്.''

ടേംപി ചിരിച്ചു ചിരിച്ചു കുഴഞ്ഞു വീണുപോയി. മുഖത്തു സാരിത്തുമ്പു കുത്തിത്തിരുകികൊണ്ടു പറഞ്ഞു ''ഹി! ഹി! ഹി! അമ്മ ആൾ തരക്കേടില്ല. ചായയുടെ കൂടെ ഇളനീരോ?''

ടേംപിയുടെ അമ്മ അപ്രസന്നതയോടെ പറഞ്ഞു ''എനിക്കറിയാമോ? നിങ്ങടെ പുതിയ ഓരോരോ മട്ട് - നിനക്കു തോന്നിയപോലെ ആയിക്കോ. ഉറക്കമുണർന്നു വരുന്ന ജാമാതാക്കന്മാരെ വീടുകളിൽ എങ്ങനെ സൽക്കരിക്കുന്നുവെന്നു ഞാൻ കണ്ടിട്ടുണ്ട്-''

അറിയാതെ വായിൽനിന്ന് ഇത്രയും വീണതോടെ ടേംപിയുടെ അമ്മ നാവു കടിച്ചു മിണ്ടാതായി. അവൾ ഒരു വിഡ്ഢിയാണ്. എന്താലോചിച്ച് എന്തു പറയുന്നുവെന്ന് അവൾ ചിന്തിക്കാറില്ല.

ടേംപി അത്ഭുതത്തോടെ ചോദിച്ചു ''ജാമാതാവോ? ആരാണു ജാമാതാവ്?''

''ഒന്നുമില്ല. നാട്ടിലെ നടപ്പുപറഞ്ഞെന്നു മാത്രം. നീ ചായ ഉണ്ടാക്കിക്കഴിഞ്ഞോ?''

ടേംപിയുടെ മനസ്സിൽ എന്തോ സംശയം ഉണർന്നു. അവൾ ബുദ്ധിമതിയാണ്. അതുമല്ല, അവൾ ഇന്ന് ഒരു കുട്ടിയല്ല. ചായയും പലഹാരവുമെടുത്തു നരേനിൻെറ അടുക്കലേക്കു ചെന്നപ്പോൾ എന്താണു തനിക്കിത്ര നാണം തോന്നാനെന്ന് അവൾക്കുതന്നെ നല്ല പിടികിട്ടിയില്ല.

നരേൻ അവളോടു ചോദിച്ചു ''ഇതെന്താണ്? ഈ നേരത്ത് ഇത്രയേറെപലഹാരങ്ങൾ? കുറച്ചു ചായ കിട്ടിയാൽതന്നെ-''

ചായവട്ടം അയാളുടെ മുമ്പിൽവെച്ചു എങ്ങനെയും അവിടന്നു രക്ഷപ്പെട്ടാൽ മതിയെന്നായിരുന്നു ടേംപിക്കു മോഹം.

നരേൻ വിളിച്ചു പറഞ്ഞു ''രണ്ടു വെറ്റില കിട്ടിയാൽ-''

വെറ്റില തെറുക്കാനിരുന്ന ടേംപി വിചാരിച്ചു - മൂപ്പർ പണിയെടുപ്പിച്ചു കൊല്ലുകയാണ്. ചായതരൂ, മുറുക്കാൻ കൊണ്ടുവരൂ. അച്ഛൻെറ ഹോട്ടലിലെ ആളാണെന്നുവെച്ച് എനിക്കെന്ത്?

ടേംപി ഒരു ചായത്തളികയിൽ വെറ്റിലച്ചുരുൾവെച്ചു കൊടുക്കാൻകൊണ്ടു ചെന്നു. ചെറുപ്പക്കാരൻ കാണാൻ കൊള്ളാം എന്തായാലും. വർത്തമാനവും ഭേഷ്! ചിരിച്ചുകൊണ്ടുള്ള മുഖം. ഹോട്ടലിൽ ഇയാൾ എന്തു ചെയ്യുന്നു, ആരറിഞ്ഞു?

വെറ്റിലച്ചുരുളെടുത്തുകൊണ്ടു നരേൻ പുറപ്പെട്ടു. അയാൾ പറഞ്ഞു "അമ്മായി, ഞാൻ ഇറങ്ങട്ടെ. വളരെ ബുദ്ധിമുട്ടിച്ചു. മറിച്ചൊന്നും തോന്നരുത്. വല്ലാതെ കിടന്നുറങ്ങിപ്പോയി. ഇനി നിന്നാൽ പറ്റില്ല. നേരം പോയി."

നല്ലൊരു ചെറുപ്പക്കാരൻ.

ജാമാതാവോ? ഏതു ജാമാതാവ്? ആരുടെ ജാമാതാവ്?

ഈ അമ്മ ഓരോരിക്കൽ ഓരോന്നങ്ങനെ പറയും. എന്താണതിനർത്ഥമെന്നുതന്നെ മനസ്സിലാവില്ല.

ടേംപിയുടെ അമ്മ ഇത്രവലിയ ഒരു നഗരം കണ്ടിട്ടേ ഇല്ല.

ഇവിടത്തെ ഒരു കോലാഹലംകണ്ടിട്ട് അവൾ മിഴിച്ചുനിന്നുപോയി. മോട്ടർവണ്ടി. കുതിരവണ്ടി. സ്റ്റേഷനിൽ വൈദ്യുതവിളക്ക്. തിരക്കാണെങ്കിലങ്ങനെ-അവളുടെ ഏസോശോലയിലാണെങ്കിലോ? വീട്ടിൻെറ പിറകിലുള്ള മുളങ്കാടിൽ നിന്ന് 'നട്ടപ്പറ' ഉച്ചക്കുകൂടി കുറുക്കന്മാർ ഓരിയിടും. അന്നൊരിക്കൽ പട്ടാപ്പകൽ കേഷ്ടജേലെ (മുക്കുവൻ കൃഷ്ണൻ) യുടെ മൂന്നുമാസം പ്രായം ചെന്ന കുട്ടിയെ കുറുക്കൻ തട്ടിക്കൊണ്ടുപോയി.

ഇതിനിടയ്ക്കു കുസുമം ഒരു ദിവസം അവരെ നഗരം കാണിക്കാൻ കൂട്ടിക്കൊണ്ടുപോകയുണ്ടായി. കുസുമത്തോടൊപ്പം അവർ രാധാവല്ലഭക്ഷേത്രം സിദ്ധേശ്വരിക്കാവ്, ചൂർണ്ണിക്കര, പാൽചൗധുരിമാരുടെ കൊട്ടാരം, എല്ലാം ചുറ്റി നടന്നു കണ്ടു. പാൽചൗധുരിമാരുടെ കൂറ്റൻ ഭവനംകണ്ടു ടേംപിയും അമ്മയും അത്ഭുതപ്പെട്ടുപോയി. ഇത്ര വലിയൊരു കൊട്ടാരം അവർ മുമ്പൊന്നും കണ്ടിട്ടില്ല. അതസിയുടെ ഭവനമാണ് പടുകൂറ്റൻ ഭവനങ്ങൾക്കു നിദർശനമെന്നു വിചാരിക്കുന്ന കൂട്ടരെ വിസ്മയിപ്പിക്കുന്ന ഒന്നുതന്നെ.

ടേംപിയുടെ അമ്മ പറഞ്ഞു "ഇതാണു നഗരം എന്നു പറയുന്നത്. തൊട്ടുതൊട്ടു വീടുകൾ, വീടുകളെല്ലാംതന്നെ ഇരുനിലയുള്ളവ. എല്ലാവരും പണക്കാർ, കുട്ടികളുടെ മുഖം കണ്ടോ? കണ്ടിട്ടു കണ്ണഞ്ചിപ്പോകുന്നു. അതല്ല ചോദിക്കണത്. ഇവരുടെ ഭവനങ്ങളിൽ പൂജ പതിവില്ലേ? പൂജയുള്ള ഒരു ദിവസം എന്നെ കൂട്ടിക്കൊണ്ടു പോകണം, ട്ടോ. തൊഴിതിട്ടു വരാമല്ലോ."

അവൾക്ക് ഇതിനപ്പുറം, ഒന്നും അറിയില്ല.

ഒരു ഭവനത്തിനു മുമ്പിൽ വളരെയേറെ ചിത്രങ്ങൾ തൂങ്ങിക്കിടക്കുന്നു. അനവധി ആളുകൾ അകത്തേക്കു പോകുന്നു. പുറത്തു വഴിവക്കിൽ എന്തോ കടലാസുകൾ വിതരണം ചെയ്യുന്നു. ടാക്കി എന്നു പറയുന്നത് ഇതാണെന്നു ടേംപിക്കു തോന്നി. കുസുമത്തിനോടു ചോദിച്ചു "കുസുമച്ചേച്ചി! ഇതാണോ ടാക്കി?"

"അതേ, കുട്ടി, ഒരു ദിവസം പോയി കാണണം."

"കുസുമച്ചേച്ചിതന്നെ ഒരു ദിവസം ഞങ്ങളെ കൂട്ടിക്കൊണ്ടു പോകൂ അമ്മയും കണ്ടിട്ടില്ല. എല്ലാവരുമുണ്ടാവും."

ഓടിക്കൊണ്ടിരിക്കുന്ന ഒരു കാറിൻെറ നേരെ അതു ഒരു തിരിവിൽ അദൃശ്യമാകുന്നതുവരെ ടേംപിയുടെ അമ്മ വായും പിളർന്നു നോക്കിനിന്നു.

കുസുമം പറഞ്ഞു "ഇനി എൻെറ വീട്ടിനേയും പാദധൂളികൊണ്ട് ഒന്നനുഗ്രഹിക്കൂ, അമ്മായി!"

കുസുമത്തിൻെറ വീട്ടിലേക്ക് റെയിൽലയിൻ കടന്നുവേണം പോകാൻ ടേംപിയുടെ അമ്മ പറഞ്ഞു "കുസുമം, ഒന്നുനില്ക്കൂ ഒരു തീവണ്ടി കണ്ടിട്ടു പോകാം."

പറഞ്ഞു നിർത്തുമ്പോഴേക്ക് ഒരു കൂറ്റൻ സാമാനവണ്ടി എത്തി. ടേംപിയും അമ്മയും ഇമകൂട്ടാതെ നോക്കിനിന്നു. വണ്ടി പായുകയെന്നുവെച്ചാൽ പായുക തന്നെ. എന്തായിട്ടുമില്ല അവസാനം. ഹൗ! എന്തൊരു പടുകൂറ്റൻ വണ്ടി.

കുസുമം ചോദിച്ചു "അമ്മായി, റാണാഘാട് പിടിച്ചോ?"

"പിടിച്ചോ എന്നോ? ഒന്നാന്തരം സ്ഥലം, മോളേ!" വാസ്തവത്തിൽ ടേംപിയുടെ അമ്മയുടെ മനസ്സ് ഏസോദശോലയെയോർത്ത് എങ്ങനെയൊക്കെയോ ആവുകയായിരുന്നു. നഗരവുമായി ഇനിയും ഒത്തുപോകുവാൻ അവൾക്കു കഴിഞ്ഞില്ല. അവിടത്തെ കുളക്കടവ്, സദാ ബോഷ്ടമിൻെറ ഭവനത്തിനരികിലൂടെ മുളങ്കാടുകളുടെ നടുവിൽ കടന്ന് ബാഡുയ്യേമാരുടെ സ്ഥലത്തേക്കു പോകുന്ന ജനശൂന്യമായ ഒറ്റയടിപ്പാത, ഉച്ചനേരത്ത് അവരുടെ ഭവനത്തിൻെറ ഉമ്മറത്തു നിൽക്കുന്ന വലിയ ശിരീഷവൃക്ഷത്തിലെ ഉണങ്ങിനിൽക്കുന്ന കായ്കൾ ഉണ്ടാക്കുന്ന 'ത്സുൻ ത്സുൻ' ശബ്ദം.... അവരുടെ മുറ്റത്തു നിൽക്കുന്ന ചുരക്കപ്പന്തലിൻമേൽ ഇപ്പോൾ എത്ര കായ ഉണ്ടായിട്ടുണ്ടാവും, പപ്പായമരത്തിൽ എത്ര പൂക്കളും കായ്കളും കണ്ടിട്ടാണ് അവൾ പോന്നത്-എല്ലാമോർത്ത് മനസ്സിലെന്തൊക്കെയോ തോന്നുന്നു.

എങ്കിലും ഇവിടത്തെപ്പോലെ അവൾ ഒരിക്കലും സുഖം അനുഭവിക്കുകയുണ്ടായിട്ടില്ല വേലക്കാരോടു കല്പിച്ചു പണിയെടുപ്പിക്കുക, എല്ലാവരാലും ആദരിക്കപ്പെടുക, അനുസരിക്കപ്പെടുക-എത്ര സുന്ദരനായ ഒരു ചെറുപ്പക്കാരനാണ് അവരുടെ ഹോട്ടലിലെ ജോലിക്കാരൻ! ഇതൊക്കെ അവൾ സ്വപ്നത്തിൽപോലും ഓർത്തിരുന്നതാണോ?

കുസുമത്തിൻെറ വീട്ടിലെത്തി. കുസുമത്തിന് വളരെ സംതൃപ്തി തോന്നി, അവളുടെ അച്ഛൻെറ ഗ്രാമക്കാരായ ബ്രാഹ്മണകുടുംബക്കാരല്ലേ വന്നിരിക്കുന്നത് കുസുമത്തിൻെറ ശ്വശ്രു ടേംപിയുടെ അമ്മയുടെ കാൽ തൊട്ടു തലയിൽവെച്ചു നമസ്ക്കരിച്ചുകൊണ്ടു പറഞ്ഞു "ഞങ്ങളുടെ പരമഭാഗ്യം അമ്മേ, ഈ വീട്ടിൽ നിങ്ങളുടെ കാൽപൊടി വീണല്ലോ."

ടേംപിയുടെ അമ്മയോട് ഇത്രയേറെ ബഹുമാനത്തോടെ ആരും സംസാരിച്ചിട്ടില്ല ഈ ഒരു സുഖവും അവളുടെ കപാലത്തിൽ എഴുതിയിട്ടുണ്ടായിരുന്നുവെന്നോ! ഹായ്, ഝിടികിപോതയിലെ വൻബിബി ഭഗവതി! നിയെത്ര ചൈതന്യമുള്ള ദേവിയാണ്! കഴിഞ്ഞ തവണ ഝിടികിപോതയിൽ ചൈത്രമാസത്തിലെ ഉത്സവത്തിനുപോയിരുന്ന ടേംപിയുടെ അമ്മ വൻബിബിക്കാവിൽ നാലണ് അണക്ക് 'സിന്നി' വഴിപാടുകഴിച്ച് ഭർത്താവിനും കുട്ടികൾക്കും നല്ലതു വരാൻ പ്രാർത്ഥിക്കയുണ്ടായി. ഇനിയും ഒരുകൊല്ലം

തികഞ്ഞിട്ടില്ല. എന്നിട്ടും ആളുകൾക്ക് ദൈവത്തിൽ വിശ്വാസമില്ല.

കുസുമം എല്ലാവർക്കും ലഘുഭക്ഷണം കൊടുത്തു, വെറ്റില തെറുത്തു മുമ്പിൽവെച്ചു. കുസുമത്തിൻെറ ശ്വശ്രു അടുത്തിരുന്നു പല വർത്തമാനങ്ങളും പറഞ്ഞു. കുസുമത്തിന് ഗ്രാമത്തിലെ വർത്തമാനം മാത്രമേ കേൾക്കേണ്ടു. എത്രയോ നാളുകളായി അച്ഛൻെറ വീട്ടിൽപോയിട്ട്. അച്ഛനമ്മമാർ ഇല്ല. വലിയച്ഛനുണ്ട്, അമ്മാവനുണ്ട്, അവർ അന്വേഷിക്കാറില്ല. അവൾ നല്ലനിലയിലായിരുന്നെങ്കിൽ അന്വേഷിക്കുമായിരുന്നു. പാവങ്ങളെ ആർക്കു വേണം? അതൊക്കെ പറഞ്ഞ് അവൾ ദുഃഖിച്ചു. കുറച്ചു നേരംകൂടി ഇരുന്നിട്ടു കുസുമം അവരെ വീട്ടിൽ കൊണ്ടുപോയാക്കി.

അന്നൊരുദിവസം രാത്രി ഹാജാരിയുടെ ഹോട്ടലിൽ ഒരു നേരമ്പോക്ക്.

പത്തുപതിനഞ്ചുപേർ ഒന്നിച്ച് ഉണ്ണാനിരിക്കയായിരുന്നു. പെട്ടെന്ന് ഒരുവൻ പറഞ്ഞു ''ഠാക്കൂർ, എനിക്കു വിളമ്പിയ ഈ ചോറു രാവിലത്തെതാണ്.''

ബംശിഠാക്കുർ ആയിരുന്നു ചോറുവിളമ്പിയിരുന്നത്. അയാൾ ഒന്നു പകച്ചിട്ടു ചോദിച്ചു ''അതെന്താണു ബാബു അങ്ങനെ പറയുന്നത്? ഞങ്ങളുടെ ഹോട്ടലിൽ അതു പതിവില്ല. അരമന്ന് അരി ഒരുനേരം വെക്കും. അതുതന്നെ മതിയാകാറില്ല. എവിടന്നുണ്ടാവും ആറിയ ചോറ്?''

''എന്തുതന്നെപറഞ്ഞാലും ഇതു പഴഞ്ചോറാണ്. രാവിലെ വെച്ചതിൻെറ ബാക്കി.''

വാക്കേറ്റം കേട്ടു ഹാജാരി വന്നു പറഞ്ഞു ''എന്താണു ബാബു പഴഞ്ചോറോ? അല്ല അല്ല. നിങ്ങൾ പുതിയ ആൾ, എന്നാൽ ഈ ഇരിക്കുന്നർവക്കെല്ലാം ഞങ്ങളെ അറിയാം. ഞങ്ങളുടെ ഹോട്ടൽ മുടിഞ്ഞുപോയാലും ആ വക പ്രവൃത്തി ചെയ്യാൻ ഭഗവാൻ തോന്നിക്കാതിരിക്കട്ടെ.''

അപ്പോൾ ആ മനുഷ്യൻ വാദത്തിൻെറ വഴിയൊന്നു മാറ്റി. അയാൾ വഴക്കിടാൻ വട്ടംകൂട്ടിത്തന്നെയാണു വന്നതെന്നുതോന്നി, ഇലയിൽനിന്നു കയ്യെടുത്തു കണ്ണുകൾ ചുകപ്പിച്ചുകൊണ്ടു ചോദിച്ചു ''അപ്പോൾ ഞാൻ അസത്യം പറയുന്നവനാണെന്നാണ് വാദം?''

ഹാജാരി ശാന്തനായി പറഞ്ഞു ''അല്ല ബാബു, അങ്ങനെയൊന്നും ഞാൻ പറഞ്ഞില്ല. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കാം, ഞാൻ സത്യം ചെയ്തു പറയാം ബാബു, ഞങ്ങളുടെ ഹോട്ടലിൽ ആറച്ചോറുണ്ടാവില്ല.''

''ഉണ്ടാവാറില്ലേ? വലിയ നവാബന്മാരെപ്പോലെയാണല്ലോ വർത്തമാനം! രാവിലത്തെചോറ് വൈകിയിട്ടു വെച്ചചോറിൽ കലർത്തിയില്ലേ?''

''ഇല്ല ബാബു!''

''സ്പഷ്ടമായിക്കാണാൻ കഴിയുന്നു. എന്നിട്ടും ഇല്ല എന്ന്. കാട്ടിത്തരട്ടെ ഇതിൻെറ രസം.''

ഈസമയം നരേനും ഹോട്ടലിലെ മറ്റു മൂന്നുനാലുപേരും അവിടെയെത്തി. നരേൻ കോപത്തോടെ ചോദിച്ചു ''എന്തു രസമാണു നിങ്ങൾ കാട്ടിത്തരാൻ

ഭാവം?"

"കാണണോ? അടുക്കളയിലേക്കു വാ കാട്ടിത്തരാം. ചെറ്റത്തെണ്ടി പരിഷകൾ"

അതോടെ വലിയ കോലാഹലമായി. പഴയ പറ്റുകാരെല്ലാവരും ഹാജാരിയുടെ പക്ഷം പിടിച്ചു. ആ മനുഷ്യൻ നിരത്തിൽ ഇറങ്ങിനിന്നു തൊള്ളതുറക്കാൻ തുടങ്ങി "എല്ലാവരും കേട്ടുകൊള്ളുവിൻ, പറയാം-ഈ ഹോട്ടലിൽ പഴഞ്ചോറുവിളമ്പിത്തന്നിരിക്കുന്നു. പിടികൂടിയപ്പോൾ എന്നെ തല്ലാൻ പുറപ്പെട്ടിരിക്കുന്നു. ഇപ്പോൾ വിളിക്കണം പോലീസിനെ. സാനിട്ടറി ഇൻസ്പെക്ടർക്കു റിപ്പോർട്ടുചെയ്യാതെ വിടില്ല, കള്ളബ്ബ്രഡവകൾ! ആളുകളെക്കൊല്ലാനാണു പുറപ്പാട്?"

ഹോട്ടൽ വേലക്കാരൻ ശശി ഹാജാരിയെ വിളിച്ചു പറഞ്ഞു "ബാബു, ഈ മനുഷ്യനെ ഞാൻ ബേചുചക്കത്തിയുടെ ഹോട്ടലിൽ കണ്ടിട്ടുണ്ട്. അവിടെ ഒരു വേലക്കാരിയില്ലേ, അവളോടൊപ്പം ചന്തസ്സാമാനങ്ങൾ വാങ്ങി കൊണ്ടു പോകുന്നതും കണ്ടിട്ടുണ്ട്."

നരേൻ നല്ല ധൈര്യക്കാരനാണ്. അയാൾ ഹോട്ടലിൻെറ വരാന്തയിൽ കയറിനിന്ന് ഉറക്കെ ചോദിച്ചു "മശായി! നിങ്ങൾ ബേചുചക്കത്തിയുടെ ഹോട്ടലിൽ നിൽക്കുന്ന പത്മയുടെ ആരായിട്ടു വരും?"

എന്നിട്ടും ആ മനുഷ്യൻ അടങ്ങിയില്ല താൻ അങ്ങനെയൊരുത്തിയുടെ പേർ പോലും കേട്ടിട്ടില്ലെന്നു കയ്യും കലാശവും കാട്ടി തെളിയിക്കാനുള്ള ശ്രമമായി എന്നാൽ അയാളുടെ എതിർപ്പിൻെറ ഊക്കു ക്രമേണ കുറഞ്ഞു വന്നു

ആരോ ഒരാൾ വിളിച്ചു പറഞ്ഞു "ഇനി ഏതായാലും നല്ല നേരം നോക്കി സ്ഥലം വിട്ടോ മൂപ്പരേ! വെറുതെ തല്ലുകൊണ്ടു ചാകണ്ട."

പിന്നെ അയാൾ ഏതു വഴിക്കാണു പോയതെന്നു കണ്ടവരില്ല.

ഈ സംഭവത്തിനുശേഷം കുറച്ചധികം രാച്ചെന്നപ്പോൾ ഹാജാരി ബേചുചക്കത്തിയുടെ ഹോട്ടലിൽ ചെന്നു. ബേചുചക്കത്തി കണക്കു ഒത്തുനോക്കുകയായിരുന്നു. ഹാജാരിയെക്കണ്ടപ്പോൾ അല്പം ആശ്ചര്യത്തോടെപറഞ്ഞു "അല്ല ഹാജാരിയല്ലെ ഇത്! വരൂ വരൂ, എന്താണീ അസമയത്ത്?"

ഹാജാരി സവിനയം അറിയിച്ചു "ബാബു, ഒരുകാര്യം പറയാനുണ്ട്."

"എന്ത്? പറഞ്ഞോളൂ."

"ബാബു, എൻെറ അന്നദാതാവായിരുന്നു ഒരു കാലത്തു നിങ്ങൾ. ഇന്നും നിങ്ങളെ അങ്ങനെതന്നെയാണു വിചാരിക്കുന്നത്. നിങ്ങളുടെ ഹോട്ടലിൽ നിന്നു പണി പഠിച്ചിരുന്നില്ലെങ്കിൽ ഞാനിന്നു പട്ടിണിയാകുമായിരുന്നു. നിങ്ങളോട് എനിക്ക് ഏതെങ്കിലും കാര്യത്തിൽ വിരോധമുള്ളതായി ഞാൻ വിചാരിക്കുന്നില്ല."

"എന്താണിതൊക്കെ പറയാൻ ഉണ്ടായത്?"

ഹാജാരി സംഭവം വിവരിച്ചു. പിന്നെ കൈ കൂപ്പിപ്പറഞ്ഞു "ബാബു, നി

ങ്ങൾ ഒരു ബ്രാഹ്മണൻ, എൻെറ യജമാനൻ, എന്നെ ഈവിധം വഷളാക്കാതെ നിങ്ങൾ കല്പിക്കു എന്നോട് - 'ഹാജാരി, നീ നിൻെറ ഹോട്ടൽ പൂട്ടണം' എന്ന്. ഉടൻ പൂട്ടുന്നതായിരിക്കും."

ബേചുചക്കത്തി ആശ്ചര്യം നടിച്ചുകൊണ്ടു പറഞ്ഞു "എനിക്ക് ഇതേപ്പറ്റി ഒന്നും തന്നെ അറിയില്ലല്ലോ. ശരി, ഇപ്പോഴേതായാലും പോകൂ. ഞാനൊന്നന്വേഷിച്ചിട്ട് നാളെ അറിയിക്കാം. ഞങ്ങളുടെ ആരും തന്നെ നിങ്ങളുടെ ഹോട്ടലിൽ വന്നിട്ടില്ല. അതുറപ്പുള്ള കാര്യമാണ്. നാളെ നിങ്ങൾക്കിതിൻെറ സത്യാവസ്ഥ അറിയാറാവും. എന്നിട്ട് ഹാജാരി, എങ്ങനെയിരിക്കുന്നു?"

"ഒരുവിധം നിങ്ങടെയൊക്കെ അനുഗ്രഹം കൊണ്ട്—"

"പതിവായിട്ടെന്തു വരവുണ്ട്? എന്തു പിരിയും? തെറ്റിദ്ധരിക്കല്ലേ! നിങ്ങൾ എൻെറ സ്വന്തമാളാണല്ലോ എന്നു നിരീച്ചു ചോദിക്കയാണ്."

"ഒരു മുപ്പത്തിയഞ്ച് - നാല്പത് ബാബു! ഇപ്പോൾതന്നെ കണക്കു നോക്കിയിട്ടാണു വന്നത് മുപ്പത്തിയാറു രൂപ പന്ത്രണ്ടണ."

ബേചുവിന് അകം കൊണ്ട് അത്യാശ്ചര്യം തോന്നി. പുറത്തതു പ്രകടിപ്പിക്കാതെ പറഞ്ഞു "ഭേഷ് ഭേഷ്' ഒന്നാംതരം. കേട്ടിട്ടു സന്തോഷം പറയാനില്ല. ശരി, എന്നാൽ ഇപ്പോൾ ചെല്ല്. നാളെ വിവരം പറയാം."

ഹാജാരി പോയിക്കഴിഞ്ഞപ്പോൾ ബേചു പത്മയെ വിളിച്ചു. പത്മ വന്നു ചോദിച്ചു "ഹാജാരിയെന്നു പറഞ്ഞവൻ വന്നിരുന്നുവല്ലോ എന്തു പറയാനാണു വന്നത്?"

ബേചുചക്കത്തി പറഞ്ഞു "എൻെറ പത്മേ, ഹാജാരി എന്നെ ഞെട്ടിച്ചുകളഞ്ഞു. റാണാഘാടിൽ ഹോട്ടൽ നടത്തി ശരാശരി ഒരു ദിവസം മുപ്പത്തഞ്ചു മുതൽ നാല്പതു രൂപ വരെ വരവ് - ഇതു പണ്ടു കേൾക്കാത്ത ഒരു വാർത്തയാണ്. അതിൻെറയർത്ഥം മനസ്സിലാവുന്നുണ്ടോ? ശരാശരി മുപ്പതു രൂപയായാൽതന്നെ ഏഴെട്ടു രൂപ ഒരു ദിവസത്തെ ലാഭം-എങ്ങനെ വലിച്ചെറിഞ്ഞാലും. മാസമൊന്നിക്കു ഇരുനൂറ്റിയമ്പതു രൂപ-ഇരുനൂറു രൂപയ്ക്ക് ആരോടും ചോദിക്കണ്ട."

പത്മ മുഖം ഗോഷ്ഠിമയമാക്കികൊണ്ടു പറഞ്ഞു "കള്ളം പറഞ്ഞതാവും."

"ഇല്ലാ കള്ളം പറയാനറിയാത്തവനാണ് അയാൾ. നേരസ്ഥനാണ്. ഇപ്പോഴും എന്നെ ബഹുമാനിക്കുന്നു. നുണ പറയില്ല, എന്നോടെങ്കിലും പറയില്ല, തീർച്ച. അതുമല്ല, കാണരുതോ റെയിൽ ബസാറിലെ ഒരു ഹോട്ടലിലും നടക്കുന്നില്ല പണ്ടത്തെ മാതിരി ബിസിനസ്. അയാൾ എല്ലാം വലിച്ചെടുത്തു കളഞ്ഞു-അയാളുടെ ഒറ്റ ഹോട്ടലിലേയ്ക്ക്!"

"ഇന്നു നൃസിംഹൻ അവരുടെ ഹോട്ടലിൽ പോയിരിന്നു ബാബു! നല്ലൊരു കുഴപ്പം സൃഷ്ടിച്ചിട്ടാണു പോന്നത്. ആറച്ചോറെന്നും ചീഞ്ഞ മീനെന്നും പറഞ്ഞ് കുറെ ഒച്ചപ്പാടുണ്ടാക്കി. ഫലമുണ്ടായാലും ഇല്ലെങ്കിലും നാലുപേർ കേട്ടിരിക്കുന്നു "

"യദുബാഡുയ്യേയും പറഞ്ഞയച്ചിരിക്കുന്നു. അയാളുടെ ഹോട്ടൽ പൊളി

ക്കതന്നെ വേണമത്രേ. ഇല്ലെങ്കിൽ റയിൽബസാറിൽ നിൽക്കക്കള്ളിയുണ്ടാവില്ലെന്ന്. പക്ഷേ അതുകൊണ്ടൊന്നും ഒന്നും ഉണ്ടാകാൻ പോകുന്നില്ല. അയാൾക്കു നല്ല കാലമാണ്. നൃസിംഹനുണ്ടോ ഇവിടെ?''

''ഇല്ല, പുറത്തേയ്ക്കു പോയി. പോലീസിൽ റിപ്പോർട്ടു ചെയ്യണമെന്നു പറഞ്ഞിരുന്നത് എന്തായി?''

''നോക്കൂ പത്മേ, ഞാൻ പറയട്ടെ, ഇനി അങ്ങനെയൊന്നും പറഞ്ഞയയ്ക്കാൻ പുറപ്പെടേണ്ട. ഹാജാരി നല്ല മനുഷ്യനാണ്. ഇന്ന് ഇവിടെ വന്ന് വിനയത്തോടെ കൈകൂപ്പി നിന്നു. അതു കണ്ടാൽ ആർക്കും അയാളോടു ദേഷ്യം തോന്നില്ല.''

''അവന്റെ ഈ നല്ലപിള്ള ചമയൽ കണ്ടപ്പോൾ മുഖത്തൊരടി വെച്ചു കൊടുക്കയായിരുന്നു വേണ്ടത്. നനഞ്ഞ പൂച്ച മീൻ കണ്ടാൽ തല പൊക്കും. യദുബാബു ഉപദേശിച്ചതുപോലെ നിങ്ങൾ പോലീസിനെ വിവരമറിയിക്കയാണ് വേണ്ടത്. അവന്റെ ഹോട്ടൽ നശിപ്പിക്കാതെ പറ്റില്ല. ഇല്ലെങ്കിൽ നമുക്കു കട പൂട്ടേണ്ടിവരും പറഞ്ഞേയ്ക്കാം. ഇന്നെന്തു പിരിവുണ്ടായി?''

ബേചു വിഷാദത്തോടെ പറഞ്ഞു ''ആകെ ആറു രൂപ മൂന്നരയണ.''

പത്മ ഏതാനും നിമിഷം മിണ്ടാതെ നിന്നിട്ടു പറഞ്ഞു ''രണ്ടു മാസത്തെ വീട്ടുവാടക ബാക്കി. ചുരുങ്ങിയത് ഒരു മാസത്തേതെങ്കിലും കൊടുത്തില്ലെങ്കിൽ കുഴപ്പമുണ്ടാവുമെന്ന് ഇന്നലെ വന്നു പറഞ്ഞിരിക്കുന്നു. എവിടന്നെടുത്തു കൊടുക്കും വാടക?''

''നോക്കാം.''

''അതിനും പുറമെ കാനായിറാക്കൂറിന്റെ അഞ്ചു മാസത്തെ മാസപ്പടി ബാക്കി അയാൾ പറയുന്നു പണിയെടുക്കയില്ലെന്ന് അതിനെന്താണൊരു വഴി?''

''സമാധാനിപ്പിച്ചു നിർത്തൂ, ഒരു മാസം കൂടി. നോക്കട്ടെ അടുത്തമാസം എങ്ങനെയിരിക്കുന്നുവെന്ന്.''

പത്മ അടുക്കളയിൽ ചെന്നു പറഞ്ഞു ''എന്റെ ചോറെടുത്തു തരൂ. നേരം ഒരുപാടായി, വീട്ടിൽ പോട്ടെ.''

ഇതിനു ശേഷം അവൾ നാലുപുറവും ഒന്നു നോക്കി. അശ്രീകരം പിടിച്ചമട്ട്. ആ പത്തു സേർ അരി വെയ്ക്കുന്ന ചെമ്പ് ഇന്നേയ്ക്ക് നാലഞ്ചു മാസമായി കഴുകിക്കമിഴ്ത്തി വെച്ചിട്ട്. വേണ്ടിവരാറില്ല. മുമ്പ് പിത്തളത്തൊട്ടിയിലായിരുന്നു കടുകെണ്ണ വാങ്ങിക്കൊണ്ടു വന്നിരുന്നത്. ഇപ്പോൾ വരുന്നത് ഒരു ചെറിയ മൊന്തയിൽ. തൊട്ടിയുടെയാവശ്യം ഉണ്ടാകാറില്ല. ഇങ്ങനെയൊരു ദുരവസ്ഥ ഈ ഹോട്ടലിന് മുമ്പൊന്നും വന്നിട്ടില്ല.

അവളുടെ മനസ്സിൽ എന്തൊക്കെയോ തോന്നിപ്പോയി.

വളരെയധികം പ്രയത്നിച്ചാണ് അവളും അവളുടെ യജമാനനും കൂടി ഈ ഹോട്ടൽ ഒരു നിലയിലെത്തിച്ചത് ഈ ഹോട്ടലിന്റെ മുതൽ കൊണ്ട് അവളും ഒരു നിലയിലെത്തിക്കഴിഞ്ഞിരുന്നു. ഫുലേൻബലഗ്രാമത്തിൽ അവളുടെ മൂല

കുടുംബമുണ്ടായിരുന്ന ഇടത്തിൽ അവളുടെ സഹോദരൻ ഇപ്പോഴുമുണ്ട്. കൃഷിചെയ്തുപജീവിക്കുന്നു അവൾ ഈ റാണാഘടിലെ ബസാറിൽ പൊൻ പണ്ടങ്ങളണിഞ്ഞു നടന്നിരുന്നു, ഒരു കാലത്ത് - ഈ ഹോട്ടലിൻെറ തന്നെ മുതൽ കൊണ്ട്. ഈ ഹോട്ടൽ അവളുടെ ഹൃദയപഞ്ജരമാണ്. എന്നാൽ ഇന്നു വലിയ ദുരിതത്തിലകപ്പെട്ടിരിക്കുന്നു. എവിടന്നോ ഒരു അവലക്ഷണം പിടിച്ച കഞ്ചാവു കുടിയൻ ഹോട്ടലിൽ വന്നുകയറി ഹോട്ടലിൻെറ ഉള്ളുകള്ളികളെല്ലാം മനസ്സിലാക്കി അവരുടെതന്നെ അമ്മിക്കുഴകൊണ്ട് അവരുടെതന്നെ പല്ലിടിച്ചു പൊഴിക്കുന്നു. ഇത്രയേറെ ക്ലേശിച്ച് ആശിച്ചു-മോഹിച്ചു കെട്ടിപ്പടുത്ത വസ്തു ഇന്ന് എവിടന്നെവിടെചെന്നെത്തി? ഹോട്ടലിന്ന് ഈ ദുരവസ്ഥ, ഈ ഗതികേടു വരുത്തിവെച്ച ആ നായയുടെ കഴുത്തുഞെരിച്ചു കൊല്ലും കയ്യിൽക്കിട്ടിയാൽ. അവനോടാണത്രേ ദയ! യജമാനൻ ഇത്രയധികം ശുദ്ധഗതിക്കാരനായതുകൊണ്ടു തന്നെയാണ് കണ്ട തെണ്ടിപ്പട്ടികൾ തലപൊക്കാൻ തുടങ്ങിയിരിക്കുന്നത്-ദയ

ഒരു ദിവസം റാണാഘാടിലെ സ്റ്റേഷൻമാസ്റ്റർ ഹാജാരിയെ വിളിപ്പിച്ചു.

ഹാജാരിക്കു പോകാൻ മടി. കാരണം സ്റ്റേഷൻമാസ്റ്റർ സായ്പാണ്. അതയാൾക്കറിയാം. നരേൻ പോകട്ടെ, അതാണു നല്ലത്. അവസാനം ഹാജാരിക്കുതന്നെ പോകേണ്ടിവന്നു. ഒപ്പം നരേനും.

സായ്പ് ചോദിച്ചു "നിൻെറ പേരാണ് ഹാജാരി! ഹിന്ദു ഹോട്ടൽ ഉണ്ടോ നിനക്ക് ബസാറിൽ?"

"ഉവ്വ് സായ്പേ!"

"നീ സ്റ്റേഷനിൽ കാറ്റർ തുടങ്ങുമോ? ഹിന്ദുചോറ്, പരിപ്പ്, മീൻ, തൈർ-"

ഹാജാരി നരേനിൻെറ നേരെ നോക്കി, സായ്പ് പറഞ്ഞതു നല്ല പിടികിട്ടിയില്ല അയാൾക്ക്. നരേൻ കാര്യമെന്താണെന്നു സായ്പിനോടു ചോദിച്ചറിഞ്ഞു ഹാജാരിയെ ധരിപ്പിച്ചു. റെയിൽ യാത്രക്കാരുടെ സൗകര്യം പ്രമാണിച്ച് റെയിൽ കമ്പനി സ്റ്റേഷൻ പ്ലാറ്റ്ഫാമിൽ ഒരു ഹിന്ദുഭക്ഷണശാല തുടങ്ങാൻ വിചാരിക്കുന്നു. സായ്പ് ഹാജാരിയുടെ പേരുകേട്ട് അയാളെ വിളിപ്പിച്ചതായിരുന്നു. നൂറ്റിയമ്പതുരൂപ കെട്ടിവെച്ചാൽ അവർ ലൈസൻസ് സ്വീകരിക്കും. കമ്പനിച്ചിലവിൽ ഹോട്ടൽമുറി ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും.

സമ്മതമാണെന്നു ഹാജാരി പറഞ്ഞു.

സ്റ്റേഷൻമാസ്റ്റർ നരേനിന് ഒരു ടെൻറർ ഫാറം കൊടുത്ത് അതു പൂരിപ്പിച്ചു ഹാജാരിയെക്കൊണ്ട് ഒപ്പിടീച്ചുകൊണ്ടുചെല്ലാൻ പറഞ്ഞു. സ്റ്റേഷനിലെ ഈ ഹോട്ടലിനുവേണ്ടി പിന്നീട് ഉഗ്രമായ മത്സരം നടന്നു. നൈഹാട്ടിയിലേയും കൃഷ്ണനഗറിലേയും രണ്ടു ഭാടിയ ഹോട്ടൽക്കാർ ടെണ്ടർ കൊടുത്തുവെന്നുതന്നെയല്ല, മേലധികാരികളിൽ സ്വാധീനം ചെലുത്താനും നോക്കി.

റാണാഘാട് ബസാറിൽ ആർക്കും ഈ വിവരം അറിയാമായിരുന്നില്ല. അവസാനം അതായത് ടെണ്ടർ കൊടുക്കേണ്ട തീയതി ഏതാണ്ടവസാനി ക്കാറായ സമയം യദുബാഡുയ്യേ വാർത്തയറിഞ്ഞു. സ്റ്റേഷനിലെ ഒരു ക്ലാർ ക്കിന് യദുവിൻെറ ഹോട്ടലിലാണ് ഊണ്. ആ വിദ്വാൻ എങ്ങനെയോ കാര്യ മെല്ലാം ഗ്രഹിച്ചു യദുവിനോടു പറയുകയാണ് ഉണ്ടായത് "ഒന്നു ശ്രമിച്ചുനോ ക്കൂന്ന്. നിങ്ങൾ ടെണ്ടർ കൊടുക്കൂ. ഒരുസമയം നടക്കും."

യദു രഹസ്യമായി ടെണ്ടർ ഒപ്പിട്ടു പണം കെട്ടിയിട്ടുവന്നു.

ഒരു ദിവസം ബേചുചക്കത്തി ഹോട്ടലിൽ വന്നിരുന്നതേയുള്ളൂ-അപ്പോ ഴേക്കു പത്മ കിതച്ചുകൊണ്ടോടിയെത്തി പറഞ്ഞു "കേട്ടില്ലെന്നുണ്ടോ വർത്തമാനം? ഇപ്പോഴാണു ഞാനറിഞ്ഞത്."

"സ്റ്റേഷനിൽ കമ്പനി ചോറ്റുകട തുടങ്ങാൻ പോണു. ഒരു അപേക്ഷ കൊടുക്കൂ യജമാനൻ."

"സ്റ്റേഷനിൽ? ഥൂ! അവിടെ ഉണ്ണാനാളെ കിട്ടില്ല. ദൂരെയാത്രക്കാരിൽ എത്രപേരുണ്ടാവും ഉണ്ണാനായി തങ്ങുന്നവർ? എല്ലാവരും കൽക്കത്തായിൽ നിന്ന് ഊണു കഴിച്ചു വരുന്നവരാവും."

"ഒരിടത്തു കുത്തിയിരുന്നുള്ള നിങ്ങളുടെ ഒരു വർത്തമാനവും യുക്തി വാദവും! എല്ലാവരും ദൂരെയാത്രക്കാരാവില്ല. വണ്ടിമാറിക്കേറാനിറങ്ങുന്നവർ എത്രയോ ഉണ്ട്. അവരൊക്കെ ഇവിടെ ഊണു കഴിക്കും. ഉച്ചയ്ക്കു കൽ ക്കത്താക്കു പോകേണ്ടവർ ഇവിടെ ഹോട്ടൽ ഉണ്ടെങ്കിൽ ഇവിടെനിന്നും ഊണുകഴിക്കാനാണ് നോക്കുക. ബാഡുയ്യേമശായി പണം കെട്ടി അപേക്ഷ അയച്ചുവെന്നു കേട്ടു."

ബേചുചക്കത്തിക്ക് അപ്പോഴാണു മയക്കം വിട്ടകന്നത്. യദുബാഡുയ്യേ അപേക്ഷ അയച്ചിട്ടുണ്ടെങ്കിൽ ഇതിലെന്തോ കാര്യമായിട്ടുതന്നെ വല്ലതുമുണ്ട്. കാരണം യദു പയറ്റിത്തെളിഞ്ഞ ഒരു ഹോട്ടൽക്കാരനാണ്. കോളുണ്ടെന്നു കാണാതെ അയാൾ പണംകെട്ടി അപേക്ഷ അയക്കില്ല. ബേചു പറഞ്ഞു "എന്നാൽ ചെല്ലട്ടെ, അപേക്ഷ എഴുതിക്കൊടുത്തിട്ടു വരട്ടെ."

പത്മ പറഞ്ഞു "ക്ലാർക്കിനു വയറുനിറയെ വല്ലതും വാങ്ങിക്കൊടുക്കൂ, ഇല്ലാതെ കാര്യം നടക്കില്ല. നമ്മടെ ഹോട്ടലിൽ ഒരു ശശിധരബാബു ഉണ്ണാൻ വരാറില്ലേ, അയാളുടെ അളിയൻ സ്റ്റേഷനിൽ ക്ലാർക്കാണ് - ഗുഡ്സ്ക്ലാർക്ക്- അയാളോടു ചെന്നു വിവരമൊക്കെ ആദ്യം അറിയണം. ഇല്ലെങ്കിലെങ്ങ നെയാണു കാര്യം നടക്കുക! ഈ ഹോട്ടലിൻെറ സ്ഥിതി കണ്ടിട്ട് ഒരുനേരവു മില്ല സമാധാനം."

"കഴിഞ്ഞദിവസം പിരിവ് അത്ര മോശമായിന്നോ?"

പത്മ ഹതാശയായി പറഞ്ഞു "ഇതാണോ ഒരു പിരിവ്? പതിനേഴു പേർ തേഡ് ക്ലാസ്സുകാരും മാസപ്പറ്റുകാരും പണം തന്നു. അതുകൊണ്ട് ഇന്ന ത്തെക്കാര്യം നടത്താറായി. പലവ്യഞ്ജനക്കാരൻ സാമാനം തരുന്നതു നിർത്തുമെന്നു ഭീഷണിപ്പെടുത്തിയിട്ടുപോയി. അവൻെറ കുറ്റമെന്ത്? നൂറു

രൂപയിലേറെയുണ്ട് കൊടുക്കാൻ.''

ബേചു പറഞ്ഞു ''ടെണ്ടറിനു അപേക്ഷ കൊടുക്കണമെങ്കിൽ പണം കെട്ടണം. പണപ്പെട്ടിയിൽ ആകെ ഒരു രൂപാ പതിമ്മൂന്നരയണയാണുള്ളത്. ഇന്നലത്തെ ബാക്കി. അതും പോരെങ്കിൽ കരിക്കാരന് ഇന്നു കൊടുക്കാമെന്നു വാക്കു പറഞ്ഞിട്ടുണ്ട്. ഇപ്പോഴെന്തും? എവിടന്നുണ്ടാവും പണം?''

പത്മ ഒന്നാലോചിച്ചിട്ടു പറഞ്ഞു ''അപേക്ഷയുടെ കൂടെ കെട്ടേണ്ട പണത്തിന്റെ കാര്യം ഞാൻ ഒന്നു നോക്കട്ടെ. കരിക്കാരൻ വന്നാൽ ഞാൻ എങ്ങനെയെങ്കിലും സമാധാനിപ്പിച്ചയക്കാം.''

''എന്തുസമാധാനിപ്പിക്കൽ? പണംകിട്ടിയില്ലെങ്കിൽ അവൻ കത്തിക്കാൻ കരിതരില്ല, അത്രതന്നെ. ഏതായാലും ടെണ്ടറിന്റെ പണം നോക്കൂ, വേഗം.''

സന്ധ്യക്കുമുമ്പു ബേചുവും അപേക്ഷ കൊടുത്തിട്ടു വന്നു. പത്മ ഉൽകണ്ഠയോടെ ഹോട്ടലിനു മുന്നിൽ നിൽക്കുന്നുണ്ടായിരുന്നു. അവൾ ചോദിച്ചു ''കാര്യം സാധിച്ചോ? എന്തു പറഞ്ഞു?''

''അത്രവേഗം സാധിക്കുമെന്നാണോ വിചാരം? കുട്ടിയുടെ കയ്യിലിരിക്കുന്ന അപ്പമല്ല ഇത്. എന്തായാലും കേട്ടേടം കൊണ്ടു നല്ല കോളുള്ള ബിസിനസ്സാണ്. യദു നല്ല ''തികഞ്ഞ പുള്ളി'' തന്നെ. ഇല്ലെങ്കിൽ കേട്ടമാത്രയിൽ അപേക്ഷ കൊടുക്കുമോ? എനിക്കു നേരത്തേകൂട്ടി അറിയാൻ കഴിഞ്ഞില്ല. നല്ല ലാഭമുള്ള ഇടപാട്. സ്റ്റേഷനിലെ ഒരു ക്ഷേത്രബാബു ഇവിടെ ഉണ്ണാൻ വരാറുണ്ടായിരുന്നു. ഓർക്കുന്നില്ലേ? അയാൾ വീണ്ടും സ്ഥലംമാറ്റമായിട്ട് ഇവിടെത്തന്നെ എത്തിയിരിക്കുന്നു. അയാളാണു പറഞ്ഞത്-യാത്രക്കാർ ഹെഡ് ഓഫീസ്സിലേക്കു പരാതിപ്പെട്ടിരുന്നുവത്രേ, ഈ സ്റ്റേഷനിൽ ശാപ്പാടിനു യാതൊരു സൗകര്യമില്ലെന്ന്. അതിനും പുറമേ റെയിൽവേക്കമ്പനി ഇലക്ട്രിക് ലൈറ്റു തരും. പങ്കതരും. അതിനൊക്കെ കാര്യമായിട്ടൊന്നും കൊടുക്കേണ്ടിവരില്ല. റെയിൽബോർഡെന്നോ മറ്റോപറഞ്ഞ് ഒന്നില്ലേ? അവരുടെ ആർഡർ. യാത്രക്കാരുടെ സൗകര്യത്തിനു മുൻഗണ കൊടുക്കണം. ധാരാളം ആൾക്കാരുണ്ടാകും പത്മേ പണം വാരാമെന്നാണു മനസ്സിലാക്കാൻ കഴിഞ്ഞത്.''

പത്മ പറഞ്ഞു ''ഒരുജോഡി ആടിനെ ബലികൊടുത്തേക്കാം സിദ്ധേശ്വരിക്കാവിൽ. കാര്യം നടക്കട്ടെ. നിങ്ങൾ നാളെ രാവിലെ ചെന്ന് അക്കൂട്ടരെ 'വേണ്ടപോലെ' ഒന്നു സംതൃപ്തിപ്പെടുത്തിയിട്ടുവരണം.''

''ഞാൻ പറയണത് യദുബാഡുയ്യേ അറിഞ്ഞാലെന്തു സംഭവിക്കുമെന്നാണ്.''

''അവരൊക്കെ 'കുടിമൂത്ത' കൂട്ടരാണ്. അവരുടെ കാര്യം കളയൂ.''

ക്രമേണ ഇതുസംബന്ധിച്ച പല വാർത്തകളും പരന്നു. സ്റ്റേഷൻ പ്ലാറ്റ്ഫാമിൽ ഒരു ഭംഗിയുള്ള ഭവനം ഉയർന്നുവരുന്നതു കാണപ്പെട്ടു. പാത്രങ്ങൾ, അലമാരി, ചെയർ, മേശ... മുറികൾ വേണ്ടപോലെ മോടിപിടിപ്പിക്കണം. എല്ലാം കമ്പനിവക.

ഒരുദിവസം യദുബാഡുയ്യേ പെട്ടെന്നു തന്റെ ഇരിപ്പുമുറിയിലേക്കു

വരുന്നതു കണ്ട ബേചുവിന്നും പത്മക്കും അത്ഭുതം തോന്നി. യദു ഹോട്ടൽ ക്കാരിൽ വലിയ ആഭിജാത്യക്കാരനായ വ്യക്തിയാകുന്നു-കുലീനനായ ബ്രാഹ്മണൻ. മാട്ടിഘരയിലെ വിഖ്യാതമായ ബാഡുയ്യേ തറവാട്ടിലെ സന്താനം. അയാൾ ഒരിക്കലും മറ്റൊരു ഹോട്ടലിൽ ചെന്നിരുന്നു വിഡ്ഢിത്തങ്ങൾ പറയാൻ കൂട്ടാക്കാറില്ല. ഗൗരവക്കാരൻ.

ബേചുചക്കത്തി വേണ്ടപോലെ ബഹുമാനിച്ചിരുത്തി. പുകക്കുടുക്ക നിറപ്പിച്ചു കയ്യിൽ കൊടുത്തു.

യദു ഏതാനും നിമിഷം പുകവലിച്ച് വായനിറയെ പുക പുറത്തേക്കു വി ട്ടിട്ടു പറഞ്ഞു "എന്നിട്ട്, ഞാൻ വന്നത് ഒരു കാര്യത്തിനാണ് ചക്കത്തി മശായി! ഹോട്ടൽ എങ്ങിനെ നടക്കുന്നു?"

ബേചു പറഞ്ഞു "ഗുണമില്ല ബാഡുയ്യേമശായി! പൂട്ടി വേറെ വല്ല ദിക്കിലും തുടങ്ങിയാലോ എന്നാലോചിക്കുകയാണ്. ഉണ്ണാനാളുകളെ കിട്ടാ തായി."

"നിങ്ങളുടെയടുക്കൽ ഞാൻ വന്നതിന്റെ കാരണം പറയാം. സ്റ്റേഷനിൽ ഹോട്ടൽ വരാൻ പോകുന്ന കാര്യം അറിഞ്ഞിരിക്കും തീർച്ച. ഞാൻ ഒരു ടെണ്ടർ കൊടുത്തിട്ടുണ്ട്. നിങ്ങളും കൊടുത്തിട്ടുണ്ടെന്നു കേട്ടു."

"അത്... ഉവ്വ്...ഞാനും...."

"ശരി, പറയാം കേൾക്കൂ. നൈഹാടിക്കാരൻ ഒരു ഭാടിയ മേലേത്തലപ്പത്തു ള്ളവരെ സ്വാധീനിക്കാൻ ശ്രമിക്കുന്നുണ്ടത്രേ. അയാൾക്കുതന്നെ കിട്ടുമെ ന്നാണു തോന്നുന്നത്. നല്ല ആദായകരമായ ബിസിനസ്സാവും ആ ഹോട്ടൽ. ആസാം മെയിൽ, ശാന്തിപുരം, ബൻഗാവ് ഡൗൺ, ചട്ഗാവ് മെയിൽ - ഇവയിലെ യാത്രക്കാരൊക്കെയുണ്ടാവും ഊണുകാരായിട്ട്. അതിനും പുറമെ കൺട്രാക്ടർമാരും മറ്റുമായി വളരെപ്പേരുണ്ടാവും. പണം വാരാം. വരൂ, നമു ക്കു രണ്ടുപേർക്കും കൂടി ഒരപേക്ഷ അയക്കാം. റാണാഘാട് റെയിൽ ബസാറി ലെ ഹോട്ടൽക്കാരായ ഞങ്ങളെ അവഗണിച്ച് ഭാടിയയ്ക്ക് എന്തിനാണു ഹോ ട്ടൽ കൊടുക്കുന്നത്? സ്ഥലത്തെ ഹോട്ടൽക്കാരെല്ലാം ചേർന്നു പരാതി പ്പെട്ടാൽ അതിനു നല്ല വിലയുണ്ടാവും. നമ്മുടെ പക്ഷത്തിന് ശക്തി കൂടും."

കാര്യം കൈവിട്ടു പോകുന്നുവെന്നു കണ്ടതുകൊണ്ടാണ് ഇന്ന് യദു തന്റെയടുക്കൽ ഓടിക്കിതച്ചെത്തിയിരിക്കുന്നതെന്നു ബേചുവിനു മനസ്സി ലായി. അല്ലെങ്കിൽ പഠിച്ച കള്ളനായ യദു ലാഭത്തിൽ പങ്കാളിയാവാൻ ആ രേയും അനുവദിക്കുന്നവനല്ല. അയാൾ പറഞ്ഞു "അതിനെന്താ? അപേക്ഷി ക്കാമല്ലോ. എഴുതിക്കൊണ്ടു വന്നോളൂ, ഒപ്പിട്ടുതരാം."

യദു കീശയിൽനിന്ന് ഒരു കടലാസ് വലിച്ചെടുത്തുകൊണ്ടു പറഞ്ഞു "അയ്യേ, അക്കാര്യം പിന്നേക്കു വെക്കയോ? ആ അശ്വിനീ വക്കീലിനെ കൊണ്ട് എഴുതിച്ചു ടൈപ് ചെയ്തു ശരിയാക്കിവെച്ചിരിക്കുന്നു. നിങ്ങൾ ദാ, ഇവിടെ കയ്യൊപ്പിട്ടേക്കൂ."

യദു ബാഡുയ്യേ ഒപ്പിട്ട കടലാസുംകൊണ്ടു പോയപ്പോൾ പത്മ പതുക്കെ

അടുക്കലേക്കു ചെന്നു "എന്തായിരുന്നു കാര്യം, യജമാനനേ!"

ബേചു ചിരിച്ചുകൊണ്ടു പറഞ്ഞു "ലഭ്യമെന്തെങ്കിലുമില്ലാതെ സൂത്രക്കാരൻ യദുബാഡുയ്യേ ഇവിടെ വരുമെന്നു തോന്നുന്നുണ്ടോ? ആ ഹോട്ടലിൻെറ കാര്യമായിത്തന്നെ ഇങ്ങോട്ടു പുറപ്പെട്ടത്. കേൾക്കണോ?"

എല്ലാം കേട്ടശേഷം പത്മ പറഞ്ഞു "അതും നല്ലതുതന്നെ. നല്ല കച്ചവടം നടക്കുമെന്നുണ്ടെങ്കിൽ പങ്കാളിത്തം കൊള്ളാം. ഇവിടെ നിങ്ങൾക്കു നിൽക്കാനാവില്ല. കണ്ടേടംകൊണ്ട് അതുതീർച്ചയാണ്. സ്റ്റേഷനിൽ പകുതിയും പകുതിയുമെന്നാണെങ്കിൽ അങ്ങനെയാവട്ടെ.

പത്തിരുപതു ദിവസം കഴിഞ്ഞ് യദുബാഡുയ്യേ ഒരു ദിവസം ബേചുവിൻെറ ഹോട്ടൽമുറിയിൽക്കടന്ന് നിരാശാബോധത്തോടെ ബഞ്ചിൻെറഒരറ്റത്ത് അനക്കമറ്റവിധം ഇരിക്കുന്ന ഒരിരിപ്പു കണ്ടിട്ട് അവിടെത്തന്നെയുണ്ടായിരുന്ന പത്മക്കു ഹോട്ടൽ കൈവിട്ടുപോയിയെന്ന കാര്യത്തിൽ സംശയം ബാക്കിയുണ്ടായിരുന്നില്ല.

എന്നാൽ അതിനുശേഷമുള്ള വാർത്താ കേൾക്കാൻ പത്മ തീരെ ഒരുങ്ങിയല്ല നിന്നിരുന്നത്.

യദു പറഞ്ഞു "കേട്ടില്ലേ ചക്കത്തിമശായി! വർത്തമാനം അറിഞ്ഞില്ലേ?"

യദുവിൻെറ ആവിധമുള്ള ഇരിപ്പു കണ്ടപ്പോൾ താൻ കേൾക്കാൻ പോകുന്ന വാർത്ത അത്ര ശുഭമല്ലെന്നു ബേചു ധരിച്ചുകഴിഞ്ഞിരുന്നു. എന്നിട്ടും അയാൾ വ്യഗ്രതയോടെ ചോദിച്ചു "എന്ത്? എന്താണു സംഭവം?"

"സ്റ്റേഷനിൽനിന്ന് വരണവഴിയാണ്. ഇന്ന് അവരുടെ ഹെഡാഫീസ്സിൽനിന്ന് ടെണ്ടർ സ്വീകരിച്ചുകൊണ്ട് നോട്ടീസ് അയച്ചിരിക്കുന്നു-"

ബേചു ഇതിനുത്തരമായി ഒന്നുതന്നെ പറയാതെ യദുവിൻെറ മുഖത്തേക്കു ഉദ്വേഗത്തോടെ നോക്കി.

"ആർക്കാണ് കിട്ടിയത് എന്നറിയാമോ?"

"ഇല്ല-ആ നശിച്ച ഭാടിയയ്ക്കാവും?"

"എന്നാൽ ഇതിലും നന്നായേനെ. ഹാജാരിക്കാണു കിട്ടിയത്. നിങ്ങടെ ഹാജാരിക്കുതന്നെ-"

ബേചുവിൻെറയും പത്മയുടേയും വായിൽനിന്ന് അത്ഭുതംകാരണം അവ്യക്തമായ ഒരു ചിൽക്കാരം അറിയാതെ പുറപ്പെട്ടുപോയി.

ബേചുചക്കത്തി ചോദിച്ചു "കണ്ടോ നിങ്ങൾ?"

"സ്വന്തം കണ്ണാലെ. അച്ചടിച്ച അക്ഷരങ്ങളിൽ. നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്."

പത്മ ഒന്നും പറയാൻ കഴിയാതെ യദുവിൻെറ മുഖത്തേക്കു മിഴിച്ചു നോക്കി നിന്നുപോയി. ഇനിയും ഈ വാർത്ത അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല എന്നു തോന്നി.

ബേചുചക്കത്തി പറഞ്ഞു "അപ്പോൾ അയാൾക്കതു കിട്ടി."

ഇപ്പറഞ്ഞതിന് ഒരർത്ഥവുമില്ല, യദുവിനും അതു മനസ്സിലായി, പത്മക്കും

മനസ്സിലായി. അതു ബേചുവിൻെറ മനസ്സിൽ തോന്നിയ ഗംഭീരമായ നൈരാശ്യത്തിൻെറയും ഈർഷ്യയുടേയും അഭിവ്യക്തി മാത്രമായിരുന്നു.

യദുബാഡുയ്യേ പറഞ്ഞു "ഹായ്! ആ മനുഷ്യൻെറ ഭാഗ്യം തെളിഞ്ഞു നിൽക്കുന്ന കാലം! ഒരുപിടി മണ്ണു വാരിയാൽ ഒരുപിടി പൊന്ന്. ഇന്നേക്ക് ഇരുപത്തിയൊന്നു വർഷങ്ങളായി ഈ റെയിൽ ബസാറിൽ ഞാൻ ഹോട്ടൽ കച്ചവടം തുടങ്ങിയിട്ട്. അങ്ങനെയുള്ളവർ വഴിയാധാരം. കണ്ട ഹോട്ടലുകളുടെ മടപ്പിള്ളിയിൽ വിറകുകൊള്ളിയുന്തി നടന്നിരുന്ന ആ മനുഷ്യൻ-അയാൾക്കല്ലേ-എല്ലാം യോഗം!"

ബേചു ചോദിച്ചു "എങ്ങനെ ഇതുതരമായി? വല്ലതും കേട്ടോ? പണം വാരിക്കോരിക്കൊടുത്തുകാണും, തീർച്ച."

"ഇതിൽ പണത്തിൻെറ കളികളില്ല. ഹെഡ് ഓഫീസിലെ ബോർഡാണ് തീരുമാനമെടുത്തത്. ഇവിടത്തെ സ്റ്റേഷൻമാസ്റ്റർ സായ്‌വ് അയാൾക്കു വേണ്ടി ശക്തിയായി എഴുതിയത്രേ. ചില പാസഞ്ചേഴ്സും ഹെഡ് ഓഫീസ്സിൽ അയാളുടെ പേർ ശിപാർശ ചെയ്തിട്ടുണ്ടായിരുന്നുവെന്നു കേട്ടു-അസ്സലായി ഭക്ഷണം പാകം ചെയ്യും എന്നൊക്കെ-"

കുറച്ചുനേരം കൂടി ഇരുന്നിട്ടു യദു പോയപ്പോൾ പത്മ പറഞ്ഞു "എന്താണിതൊക്കെ യജമാനനേ!"

"അതാണു ഞാനും വിചാരിക്കുന്നത്."

"വെറുമൊരു തെണ്ടി ബ്രാഹ്മണൻ കൊമ്പത്തുകേറിയല്ലോ. അതാണു സഹിക്കാൻ വയ്യാത്തത്."

"ഇനിയെന്തു ചെയ്യാൻ? ഞാനാലോചിക്കയാണ്-"

"എന്ത്?"

"നാളെ ഞാൻ ഒന്നു ഹാജാരിയുടെ ഹോട്ടലിൽ പോയിട്ടു വന്നാലോന്ന്."

"എന്തിന്? എന്തില്ലാഞ്ഞിട്ട്?"

"എൻെറ ഹോട്ടലിലെ ഒരു പങ്കുകാരനാകാൻ പറഞ്ഞാലോ? റെയിൽവേ സ്റ്റേഷനിലെ ഹോട്ടലിൽ എനിക്കും തന്നേക്കട്ടെ ഒരു പങ്ക്-"

പത്മ ഒന്നാലോചിച്ചിട്ടു പറഞ്ഞു "സംഗതി തരക്കേടില്ല. പക്ഷേ നിങ്ങൾക്കു തരാൻ ഭാവമില്ലെങ്കില്ലോ?"

"എന്നെ അയാൾക്കു വളരെ കാര്യമായതുകൊണ്ടു പറയുകയാണ്. ഇങ്ങനെ ചെയ്തില്ലെങ്കിൽ വേറെ പോംവഴിയൊന്നുമില്ല പത്മേ! ഹോട്ടൽ നടത്തിക്കൊണ്ടു പോകാൻ ഞെരുക്കം. മൂക്കോളം കടം-വരവും ചിലവുംകൂടി പൊരുത്തപ്പെട്ടു പോകുന്നില്ല. ഇങ്ങനെ ചെയ്യുകതന്നെ വേണം."

പത്മയുടെ മുഖത്ത് വേദനയുടെ ചിഹ്നം തെളിഞ്ഞു. അവൾ പറഞ്ഞു "യജമാനൻ ഉത്തമമെന്നു തോന്നുന്നതു ചെയ്യൂ. ഞാനെന്തു പറയാനാണ്."

കുറച്ചു സമയം കഴിഞ്ഞപ്പോൾ യദു വീണ്ടും ഹോട്ടലിൽ വന്നിരുന്നു. ബേചു അയാൾക്കു ചായ സൽക്കരിച്ചു. പുകക്കുടുക്ക നിറച്ചുകൊടുത്തു.

പുക വലിച്ചുകൊണ്ട് യദു പറഞ്ഞു "ഒരു ഉപായം മനസ്സിൽ തോന്നുന്നു

ബേചുചക്കത്തി! അതാണു വീണ്ടും വന്നത്.''

ബേചു കൗതുകത്തോടെ ചോദിച്ചു ''എന്താണത്?''

''ഞാൻ പാൽചൗധുരിയുടെ കാര്യസ്ഥൻ മഹേന്ദ്രബാബുവിനെ പിടികൂടിയിരിക്കയാണ്. അവരൊക്കെ വലിയ ജമീന്ദാരന്മാർ. അവരെ റെയിൽക്കമ്പനിക്കാർക്കു ബഹുമാനമാണ്. മഹേന്ദ്രബാബുവിൻെറ കത്തുംകൊണ്ട്, വരൂ, ഞാനും നിങ്ങളുംകൂടി കൽക്കത്തയിലെ റെയിൽ ആഫീസിൽച്ചെന്ന് അപ്പീൽ കൊടുക്കുക.''

പത്മ വാതിൽക്കൽതന്നെ നിന്നിരുന്നു. അവൾ പറഞ്ഞു ''അങ്ങനെതന്നെ ചെയ്യൂ യജമാനനേ! ഞാനും പറയുന്നത് അതുതന്നെയാണ്, ആ ചെറ്റ ബ്രാഹ്മണന്നു ഹോട്ടൽ കൊടുപ്പിക്കരുത്, രണ്ടുപേരുംകൂടി പോയി-''

ബേചുചക്കത്തി എന്തോ ആലോചിച്ചിട്ടു പറഞ്ഞു ''എപ്പോൾ പോകാനാണു വിചാരിക്കുന്നത്? നാളെ?''

യദു പറഞ്ഞു ''രാവിലെതന്നെ പോകുന്നതാണു നല്ലത്. പോയി വലിയ സായ്‌വിനെതന്നെ പിടിക്കൂടണം. പാൽചൗധുരിമാരുടെ ചിറയിൽ മീൻ പിടിക്കാൻ വരാറുണ്ട് സാധാരണ. നല്ല മനുഷ്യനാണെന്നാണു കേൾവി. മഹേന്ദ്രബാബുവിൻെറ കത്തുമായി ചെന്നു കാണുക.''

യദു പോയ്ക്കഴിഞ്ഞപ്പോൾ ബേചു പത്മയോടു പറഞ്ഞു ''എന്നാൽ ഹാജാരിയുടെ അടുക്കലേക്കു കെഞ്ചാൻ പോകേണ്ട കാര്യമില്ല. നമ്മൾ അപ്പീൽ കൊടുത്തവിവരം അയാളറിയാതെയിരിക്കില്ല. അയാൾക്കും നോട്ടീസു കിട്ടും. അപ്പീൽ വിചാരണക്കു വെക്കും. ഇതിനുശേഷം അയാളുടെയടുക്കൽ പോകാൻ കൊള്ളുമോ?''

''കൊള്ളുകയില്ലെങ്കിൽ പേകേണ്ടന്നു വെക്കണം. അതിൻെറയാവശ്യവുമില്ല. അവനെ നശിപ്പിക്കുവാൻ വേണ്ടതെന്തും ചെയ്യണം.''

''ശരി, നീ പറയുന്നപോലെ.''

അടുത്ത ദിവസം യദുബാബുഡുയ്യേയോടൊപ്പം ബേചുചക്കത്തി കയ്‌ലാഘാട്ടിൽ റെയിൽവേ ഹെഡാപ്പീസിലേക്ക് പോകുന്നുവെന്നു പറഞ്ഞ് പുറത്തേക്കിറങ്ങി സന്ധ്യ കഴിഞ്ഞപ്പോഴേക്ക് റാണാഘാടിൽ തിരിച്ചെത്തി. ബേചു സ്വന്തം ഹോട്ടലിലെത്തിയപ്പോഴേക്ക് ഊണും മറ്റും തുടങ്ങിക്കഴിഞ്ഞിരുന്നു. പത്മ വ്യഗ്രതയോടെ ആരാഞ്ഞു ''എന്തായി യജമാനനേ!''

ബേചു പറഞ്ഞു ''വെറുതെയുള്ള പോക്കുവരവ്, രണ്ടു രൂപ അതിനായി പൊലിയുകയും ചെയ്തു. അവർ പറയുകയാണ്- ഇത് ഇനി ഒന്നും ചെയ്യാൻ പറ്റാത്ത പാകത്തിലായിരിക്കുന്നു. ടെണ്ടർ സ്വീകരിച്ച് ബോർഡിലേക്കയച്ചു കഴിഞ്ഞു. ഇനി അപ്പീൽ സ്വീകരിക്കില്ല.''

''എന്നാൽ നാളെ ഹാജാരിയുടെ അടുക്കൽതന്നെ ചെന്നു നോക്കൂ.''

''അതിൻെറയാവശ്യമില്ല. യദുബാഡുയ്യേ പോരാറായപ്പോൾ പറഞ്ഞു അയാളുടേയും എൻെറയും ഹോട്ടൽ ഒന്നിച്ചു നടത്താമെന്ന്. ഈ സ്ഥലം വിട്ടുകൊടുത്ത് അടുത്ത മാസം തൊട്ട് അയാളുടെ സ്ഥലത്തുതന്നെ-''

പത്മ പറഞ്ഞു "അതു നല്ലൊരു കാര്യംതന്നെ. ആ അല്പൻെറ അടുക്കൽ ചെന്നിരിക്കാതെ ബാഡുയ്യേ മശായിയുടെ കൂടെ പണിയെടുക്കുന്നതാണ് എത്രയോ മാനം."

അടുത്ത പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ റാണാഘാടിൽ രണ്ട് എടുത്തു പറയേണ്ട സംഭവങ്ങളുണ്ടായി.

സ്റ്റേഷനിലെ അപ് പ്ലാറ്റ്ഫാമിൽ പുതിയ ഹിന്ദു ഹോട്ടൽ തുറന്നു. വെള്ളക്കാൽ മേശ, കസേരകൾ, എലക്ട്രിക്ലൈറ്റ്, പങ്ക, മുതലായവ കൊണ്ടു മോടിപിടിപ്പിക്കപ്പെട്ട പുതിയ രീതിക്കു ചേർന്ന പരിഷ്കാരങ്ങളുള്ള വൃത്തിയായ ഹോട്ടൽ. ഹോട്ടലിൻെറ മാനേജരുടെ സ്ഥാനത്ത് ഹാജാരിയുടെ പേർകണ്ടു പലരും വിസ്മയിച്ചുപോയി.

രണ്ടാമത്തെ സംഭവം-ബേചുചക്കത്തിയുടെ പഴക്കംചെന്ന ഹോട്ടൽ പൂട്ടുവാൻ പോകുന്നു എന്ന് ശക്തിയായ നാട്ടുവർത്തമാനം.

ഒരു ദിവസം പതിവുപോലെ വൈകിട്ടു ഹാജാരി ചൂർണ്ണിക്കരയിൽ നടക്കുവാൻ പോയി തിരിച്ചു വരികയായിരുന്നു അപ്പോഴുണ്ട് പത്മയെ വഴിക്കു കണ്ടുമുട്ടുന്നു.

ഹാജാരി പത്മയെ വിളിച്ചു ചോദിച്ചു "പത്മയേടത്തി എവിടെക്കാണ്?"

പത്മ നിന്നു. കയ്യിൽ ഒരു കൽച്ചട്ടി ഒരു സമയം, അവിടെയടുത്തെങ്ങോ ആയിരിക്കണം പത്മയുടെ പാർപ്പിടം.

ഹാജാരി ചോദിച്ചു "കൽച്ചട്ടിയിൽ എന്താണു പത്മയേടത്തി?"

"കുറച്ച് മോർ. തൈരുണ്ടാക്കണമെന്നു വിചാരിച്ച് ഇടയശ്ചേരിയിൽ നിന്നു വാങ്ങികൊണ്ടു പോകയാണ്."

"പിന്നെ? സുഖംതന്നെയല്ലേ?"

"ഒരുവിധം. നിങ്ങൾക്കോ ഠാക്കൂർ?"

"ഇവിടെയടുത്താണു താമസമെന്നു തോന്നുന്നു?"

ഇതിനുത്തരമായി പത്മ പറഞ്ഞതു ഹാജാരി ഒട്ടുംതന്നെ പ്രതീക്ഷിച്ചിരുന്നതല്ല അവൾ പറഞ്ഞു "വരൂ, ഠാക്കൂർ' എൻെറ വീട്ടിൽ മുമ്പു വന്നിട്ടില്ലല്ലോ"

"എന്താ വിരോധം? വരൂ, പോകാ.."

ചെറിയ വീട്, ഒരു വശത്ത് ഒരു ചെറിയ മൺമതിൽ കെട്ടിയ കിണർ. മറു വശത്ത് തകരം മേഞ്ഞ അടുക്കളയും പശുപ്പുരയും. പത്മ വരാന്തയിൽ ഒരു പായ് വിരിച്ച് ഹാജാരിയെ ഇരുത്തി. ഹാജാരിക്കു വിമ്മിഷ്ടവും വല്ലായ്മയും തോന്നി. പത്മ അയാളുടെ യജമാനത്തി, അവളുടെ ഹോട്ടലിൽ അയാൾ തുടർച്ചയായി ഏഴുകൊല്ലം പണിയെടുത്തു. അതൊക്കെ അത്രവേഗം മറക്കാമോ? അതുമല്ല, പത്മയെ അയാൾക്ക് എന്നും ഭയമായിരുന്നു. ഇന്നും അതേ ഭാവം എവിടെ നിന്നെന്നറിയാതെ ഉള്ളിലുണർന്നു.

പത്മ ചോദിച്ചു "വെറ്റില തെറുക്കട്ടെ, മുറുക്കണോ?"

ഹാജാരി വിക്കിവിക്കി പറഞ്ഞു "അതു...അതു...തന്നാൽ..."

വെറ്റില തെറുത്ത് ഒരു ചായത്താളികയിൽവെച്ച് ഹാജാരിക്കു കൊടുത്തിട്ടു പറഞ്ഞു "എന്നിട്ട് - റെയിൽവേക്കാരുടെ ഹോട്ടൽ കിട്ടിയെന്നു കേട്ടല്ലോ. അവിടെ ആരെയാണിരുത്തുവാൻ പോകുന്നത്?"

"അവിടെ ഇരുത്താൻ വിചാരിക്കുന്നത് ബംശിയുടെ മരുമകൻ നരേനിനെ. നരേനിനെ അറിയില്ലേ? അയാളെത്തന്നെ."

"എന്തു ശമ്പളം?"

"അതൊന്നും തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. അയാളാണ് എൻെറ ഹോട്ടലിൽ കണക്കെഴുതുന്നതും, മേലന്വേഷണം നടത്തുന്നതും ഒക്കെ. നല്ല കുട്ടി."

"അതുകൊള്ളാം."

"ചക്കത്തി മശായിക്കു സുഖം തന്നെയല്ലേ? കുറെ നാളായി ആ വഴിക്കിറങ്ങിയിട്ട്. ഹോട്ടൽ എങ്ങനെ നടക്കുന്നു?"

"ഹോട്ടൽ ഒരുവിധം നന്നായി നടക്കുന്നു എന്നാലും ഞാൻ പറയണതെന്താണെന്നോ ഠാക്കൂർ! യജമാനന് റെയിൽ ഹോട്ടലിൽ നിങ്ങൾ ഒരു പങ്കൊടുക്കൂ. നിങ്ങൾക്കും അതുകൊണ്ടു ഭാരം കുറയും."

ഹാജാരി ഇങ്ങനെയൊരു നിർദ്ദേശം പ്രതീക്ഷിച്ചിരുന്നതല്ല. അല്പം വിസ്മയത്തോടെ ചോദിച്ചു "യജമാനൻ എങ്ങിനെയാണതിനു തയ്യാറാവുക? അദ്ദേഹത്തിൻെറ ഹോട്ടൽ?"

"അതെപ്പറ്റി ചിന്തിക്കാനില്ല. അതു ഞാൻ നോക്കിക്കോളാം. എന്തു പറയുന്നു?"

"പെട്ടെന്ന് എനിക്കൊന്നും പറയാനാവില്ല പത്മയേടത്തി! എന്നാലും എനിക്കൊന്നു തോന്നുന്നുണ്ട്, പറയാമല്ലോ. റെയിൽക്കമ്പനി ടെണ്ടർ സ്വീകരിക്കുന്നസമയം ആരുടെ പേരാണ് അതിൽ എഴുതിയിരിക്കുന്നതെന്നുവെച്ചാൽ അയാളൊഴികെ മറ്റൊരാൾക്കു ഹോട്ടലിൽ പങ്കാളിത്തത്തിന് അനുവദിക്കയില്ല. ഹോട്ടൽ എൻേറതല്ല. റെയിൽവേക്കാരുടേത്."

"ഠാക്കൂർ! ഒരു കാര്യം പറയട്ടേ നിങ്ങൾ ഇന്നു ഒരു വലിയ ഹോട്ടൽക്കാരൻ. ദിവസവും ധാരാളം പൈസ കിട്ടുന്നുണ്ടെന്നാണു ശ്രുതി. എന്നാൽ നിങ്ങളിൽ ആ പഴയ ഹാജാരി ഠാക്കൂറിനെയാണ് ഞങ്ങൾ കാണുന്നത്. നിങ്ങൾ വീണ്ടും ഞങ്ങളുടെ ഹോട്ടലിലേക്കു വരണം."

ഹാജാരി വിസ്മയസ്വരത്തിൽ ചോദിച്ചു "ചക്കത്തിമശായിയുടെ ഹോട്ടലിലേക്ക്? ഭക്ഷണം പാകംചെയ്യാൻ?"

അയാൾ ഉള്ളിൽ വിചാരിച്ചു പത്മയുടെ തലയ്ക്കു തകരാറൊന്നുമില്ലല്ലോ. എന്താണീ പറയുന്നത്?

എന്നാൽ പത്മ നല്ല ഉറച്ച സ്വരത്തിൽതന്നെ പറഞ്ഞു "വെറുതെ പറയുന്നതല്ല. ഞങ്ങളുടെ ഹോട്ടലിലേക്കുതന്നെ വരൂ."

"എന്തിനാണത് പത്മയേടത്തി, പറയൂ! എന്തിനാണിക്കാര്യം ഇപ്പോൾ

എടുത്തിട്ടത്?''

''എന്നാൽ പറയാം കേട്ടോളൂ. നിങ്ങൾ വന്നാൽ ഞങ്ങളുടെ ഹോട്ടൽ വീണ്ടും തെളിയും.''

ഇങ്ങനെയൊരു വർത്തമാനം മുമ്പൊന്നും പത്മയുടെ വായ് കൊണ്ടു പറഞ്ഞ് കേട്ടിട്ടില്ല, ഹാജാരി. അങ്ങിനെയുള്ള പത്മ ഇന്നെന്താണീ പറയുന്നത് തന്നോട്?

ഹാജാരി അലിഞ്ഞുപോയി. താൻ ഒരു വലിയ ഹോട്ടൽക്കാരനാണെന്ന കാര്യം അയാൾ മറന്നു. പത്മ അയാളുടെ യജമാനനു തുല്യ. അവൾ പറഞ്ഞ വാക്കുകൾ അയാൾക്കു ജീവിതത്തിൽ കിട്ടിയ എല്ലാത്തിലും വലിയ സമ്മാനമാകുന്നു. ഇതിനുവേണ്ടിയായിരുന്നു അയാൾ ഇത്രനാളും റാണാഘാടിലെ റെയിൽ ബസാറിൽ കഷ്ടപ്പെട്ടതെല്ലാം.

മറ്റുള്ളവർ എത്രതന്നെ നല്ലവനെന്നു പറയട്ടെ, പത്മ നല്ലവനെന്നു പറയുന്നത് അതിനെക്കാൾ എത്രയോമേലെ, എത്രയോ വിലപിടിച്ചത്.

എന്നാൽ പത്മ പറയുന്ന വിധത്തിൽ ഒന്നുംതന്നെ നടപ്പില്ല എന്ന് എങ്ങനെ അവളെ പറഞ്ഞു ധരിപ്പിക്കും? ഗോപാലനഗരത്തിലെ ജോലിവിട്ടു വീണ്ടും അവരുടെ ഹോട്ടലിൽ പണിക്കു ചേർന്നപ്പോഴെങ്കിലും അവർ അയാളെ അവിടെനിന്ന് ഓടിക്കാതിരുന്നുവെങ്കിൽ സ്വന്തം ഹോട്ടൽ തുടങ്ങുന്ന കാര്യം താൻ ചിന്തിക്കതന്നെയില്ലായിരുന്നു. അവരുടെ ഹോട്ടലിൽ വീണ്ടും പണിക്കു ചേർന്നപ്പോൾ അയാൾ താൻ പരമ ഭാഗ്യവാനാണെന്നു വിചാരിച്ചില്ലേ? എന്നിട്ടും അവർ തന്നോട് എന്തിനങ്ങനെ പെരുമാറി?

ഇനി ഒന്നും നടപ്പില്ല.

ഇപ്പോൾ അയാൾക്കു തനിക്കു തോന്നിയപോലെ ചെയ്യാൻ സ്വാതന്ത്ര്യമില്ല. കുസുമത്തിൻെറയും അതസിയുടേയും പണം ഹോട്ടലിന്നു മുടക്കിയിട്ടുണ്ട് അയാളുടെ ഉന്നതിയും അവനതിയുമായി പലരുടേയും ഉന്നതിയും അവനതിയും ബന്ധപ്പെട്ടുകിടക്കുന്നു. തന്നിഷ്ടപ്രകാരം ഇനിയൊന്നും ചെയ്തുകൂട.

ടേംപിയുടെ ഭാവിയെപ്പറ്റി ചിന്തിക്കണം. ടേംപിയും നരേനും-

വളരെ ദൂരം പിന്നിട്ടിരിക്കുന്നു. ഇനി തിരിച്ചു പോക വയ്യ.

ഹാജാരി ദുഃഖത്തോടും സഹാനുഭൂതിയോടുംകൂടെ പത്മയുടെ മുഖത്തേക്കു നോക്കി പറഞ്ഞു ''എനിക്കു മോഹമുണ്ട് പത്മയേടത്തി! പക്ഷേ അതെങ്ങിനെ സാധ്യമാവും, നിങ്ങൾതന്നെ പറയൂ!''

പത്മക്കു കാര്യം അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. എന്നാൽ അവൾ മറ്റുയാതൊരു ഗതിയും ഇല്ലാത്തതുകൊണ്ടു പറഞ്ഞുപോയതാണ്. ഹാജാരി പറഞ്ഞതുകേട്ട് അവൾ ഒന്നും മിണ്ടാതെ അകത്തേക്കു പോയി. ഏതാനും നിമിഷങ്ങൾക്കുശേഷം തുണിയിൽ പൊതിഞ്ഞ ഒരു കടലാസുകെട്ടെടുത്തുകൊണ്ടുവന്നു ഹാജാരിയുടെ മുമ്പിൽ വെച്ചിട്ടു പറഞ്ഞു ''വായിക്കാനറിയില്ലേ? വായിച്ചുനോക്കൂ.''

ഹാജാരിക്കു വായിക്കുവാനറിയില്ല എന്നു പറഞ്ഞുകൂട. എന്നാൽ അതിൽ അയാൾ വിദഗ്ദ്ധനല്ല. എങ്കിലും തനിക്കു നല്ലവണ്ണം വായിക്കാനറിയില്ല എന്നു പത്മയോട് എങ്ങിനെയാണു പറയുക? അയാൾ പൊതി തുറന്നുനോക്കി. ഏതാനും കടലാസുകളല്ലാതെ അതിൽ മറ്റൊന്നുമില്ല.

പത്മ അയാളെ രക്ഷിച്ചു. അവൾ പറഞ്ഞു "ഏതാനും ഹാൻറ്നോട്ടുകൾ. എല്ലാംകൂടി എഴുനൂറു രൂപയുടെ. യജമാനന് അത്യാവശ്യം വരുമ്പോൾ ഞാൻ പണം കൊടുത്തിരുന്നു. കയ്യിലെ വള വിറ്റു. കാതിലെ കമ്മൽ വിറ്റു. എല്ലാ മുണ്ടായിരുന്നു. നല്ലകാലത്തു രണ്ടു പൊട്ടു പൊന്നു ദേഹത്തുണ്ടായിരുന്ന തായിരുന്നു."

ഹാജാരി വിസ്മയത്തോടെ ചോദിച്ചു "നിങ്ങൾ പണം കൊടുത്തിരുന്നു വെന്നോ പത്മയേടത്തി!"

"കൊടുത്തിരുന്നില്ലെങ്കിൽ ഇന്നോളം ആരുടെ പണം കൊണ്ടാണു ഹോ ട്ടൽ നടത്താൻ കഴിയുക? ഉണ്ടായിരുന്നതെല്ലാം അതിനുവേണ്ടി കളഞ്ഞു കുളിച്ചു."

"പണം ഒട്ടുംതന്നെ തിരിച്ചു കിട്ടിയിട്ടില്ലേ?"

"വയറു നിറച്ചു തിന്നിട്ടുണ്ട് ഞാനും, എൻെറ ഒരു മരുമകളും അവളുടെ ഭർത്താവും. അത്രതന്നെ. പണം ഒട്ടും കിട്ടിയില്ല എന്നു പറഞ്ഞാൽ നു ണയാവും. എന്നാലും അതെത്ര? മരുമകളുടെ കല്യാണത്തിന് നൂറുരൂപ തന്നു. അത് ഏഴുകൊല്ലം മുമ്പ്. ഏഴുനൂറു രൂപയുടെ പലിശ എത്രയായി പറയൂ."

"വളരെ നാളായോ പണം കൊടുക്കാൻ തുടങ്ങിയിട്ട്?"

"ഒമ്പതു കൊല്ലങ്ങളിലേറെയായി. ഈ നൂറുരൂപയല്ലാതെ വേറെയാ തൊന്നും കിട്ടിയിട്ടില്ല. എപ്പോഴും ചോദിക്കുമ്പോൾ യജമാനൻ എന്താണു പറയുക എന്നോ? നില ഒന്നു മെച്ചപ്പെടട്ടെ, എല്ലാം ആവട്ടെ, തരാം-"

"അദ്ദേഹത്തെ നേരത്തെ അറിയുമോ? അതോ റാണാഘാടിൽവെച്ചുള്ള പരിചയമോ?"

"അതൊക്കെ ഒരുപാടുണ്ടു പറയാൻ, ഠാക്കൂർ! അയാൾ ഞങ്ങളുടെ ഗ്രാ മത്തിലെ ചക്കത്തികുടുംബത്തിൻെറ സന്താനം. അച്ഛൻെറ പേര് താരാ ചാൻ്റ് ചക്കത്തി എന്നായിരുന്നു. നല്ല പട്ടുപോലത്തെ മനുഷ്യനായിരുന്നു. അദ്ദേഹത്തിൻെറ സ്ഥിതിയും നന്നായിരുന്നു. യജമാനൻ അദ്ദേഹത്തിൻെറ മൂത്തമകൻ. വലിയ പഠിപ്പൊന്നുമില്ല. റാണാഘാടിൽ ചെന്നു ഹോട്ടൽ തു ടങ്ങാൻ പോണു, 'കുറച്ചു പണമുണ്ടെങ്കിൽ തരൂ പത്മേ' എന്ന് എന്നോടു പറഞ്ഞു. കൊടുത്തു. അതാണിപ്പോൾ മുങ്ങാൻ പോകുന്നത്."

ഹാജാരിക്കു കൗതുകം ജനിച്ചുവെങ്കിലും പത്മയോട് ഇതിനധികം കടന്നു ചോദിക്കുന്നതു ഭംഗിയല്ലെന്നു തോന്നി. ഇത്രയേറെ ജനങ്ങളുണ്ടായിട്ടും താ രാചാൻ്റ് ചക്കത്തിയെന്ന നല്ല മനുഷ്യൻെറ മൂത്തമകൻ പത്മയോടുതന്നെ പണം ചോദിക്കാനെന്തേ? ചോദിച്ചാൽത്തന്നെ അവൾ എന്തിനു കൊടുത്തു? റാണാഘാട് ഹോട്ടലിലെ അവളുടെ ദാസീവൃത്തി ദൈവഗത്യാ വന്നുകൂടി

യതോ അതോ നേരത്തേതന്നെ എത്തിയ വല്ല ഒത്തുതീർപ്പിൻേറയും ഫല മോ? ഇതെല്ലാം ഹാജാരി ചോദിച്ചിരുന്നുവെങ്കിൽ അയാളെ കുറ്റം പറഞ്ഞു കൂടാ.

എന്നാൽ ഹാജാരിക്കു പ്രായമായി. ജീവിതത്തിൽ ഒട്ടൊന്നുമല്ല അയാൾ ക്കുണ്ടായിട്ടുള്ള അനുഭവങ്ങൾ അയാൾ ഇതേപ്പറ്റി ഒന്നുംതന്നെ ചോദിക്കാ തെ പറഞ്ഞു "ഹാൻറ്നോട്ടുകൾ സൂക്ഷിച്ച് എടുത്തു വെക്കൂ പത്മയേടത്തി! എല്ലാം നേരെയാവും. നിങ്ങളുടെ പണവും പോവില്ല-എടുത്തുവെക്കൂ."

പത്മ ഒരു പ്രത്യേകതരം ചിരി ചിരിച്ചുകൊണ്ടു പറഞ്ഞു "അതൊക്കെ എടുത്തുവെച്ചിട്ട് എന്തു കിട്ടാനാണു ഠാക്കൂർ! എല്ലാം കാലഹരണപ്പെട്ടു പ്രേതങ്ങളായിക്കഴിഞ്ഞിരിക്കുന്നു. വായിച്ചു നോക്കൂ, ഠാക്കൂർ!"

ഹാജാരി കർത്തവ്യ വിമൂഢനായി പറഞ്ഞു "ഓ,"

"പണ്ടുണ്ടായിരുന്നതെല്ലാം പോയി ഠാക്കൂർ, ഹോട്ടലിനു കൊടുത്തു എല്ലാം. ഇനിയെന്തുണ്ടു കയ്യിൽ ബാക്കി? കൊതിച്ചതൊന്ന്, വിധിച്ചതു മറ്റൊന്ന്."

ഒടുവിൽ പറഞ്ഞ വാക്യം പത്മ അവളോടുതന്നെ പറഞ്ഞതായി രുന്നു. വിശേഷിച്ചാരേയും ഉദ്ദേശിച്ചല്ല. ഹാജാരിക്കു നന്നേ സങ്കടം തോന്നി. പത്മയെ ഇങ്ങനെയൊരു രൂപത്തിൽ മുമ്പൊരിക്കലും കണ്ടിട്ടില്ല. ഈ ഉള്ളു കള്ളികൾ വല്ലതുമുണ്ടോ അയാളറിഞ്ഞിരുന്നു? വെറുതെ പത്മയോടു ദേഷ്യം തോന്നി.

കുറച്ചു നേരംകൂടി ഇരുന്നിട്ടു ഹാജാരി എഴുന്നേറ്റു. അയാൾക്ക് ഒന്നും തന്നെ ചെയ്യാനില്ലാത്ത സ്ഥിതിക്ക് മറ്റൊരാളുടെ ദുഃഖകഥകൾ കേട്ടിട്ടെന്തു കാര്യം?

വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഹാജാരി കണ്ട കാഴ്ച അയാളിൽ ആനന്ദവും തൃപ്തിയും ഉളവാക്കി. കടന്നുചെല്ലുന്ന മുറിയിൽത്തന്നെ ടേം പിയുടെ ശബ്ദം കേട്ടു-അവൾ പറയുകയായിരുന്നു "നരേൻ ഏട്ടാ, ചായ കുടിക്കാതെ ഒരിക്കലുംപൊയ്ക്കൂട. ഇരിക്കൂ."

നരേൻ പറഞ്ഞു "അതു പറ്റില്ല, ഒന്നു ബസാറിലെ ഹോട്ടലിൽ പോയിട്ടു വരണം. നിനക്കറിയില്ല ആശേ! സ്റ്റേഷനിലെ ഹോട്ടൽ ഇപ്പോൾ തിരക്കു കുറഞ്ഞ സമയമാണ്. എന്നാൽ അമ്മാവൻ വരുംമുമ്പു ബസാറിലെ ഹോ ട്ടലിലെ കാര്യങ്ങളൊക്കെ ഒന്നു നോക്കിവെക്കണം." ടേംപിയുടെ ശരിയായ പേർ ആശാലതയെന്നാണെന്നു ഹാജാരിതന്നെ മിക്കവാറും മറന്നിരിക്കുന്നു. നരേൻ ഇതിനിടെ എവിടുന്നാണിതു കണ്ടുപിടിച്ചത്?

ടേംപി പിന്നെയും അനുനയ സ്വരത്തിൽ പറഞ്ഞു "ആ പണിയൊക്കെ അവിടെ നിക്കട്ടെ. നിങ്ങൾ എന്നെയും അമ്മയേയും ടാക്കി കാട്ടാൻ കൊണ്ടു പോകാമെന്നു പറഞ്ഞിരുന്നല്ലോ. ഇന്നു കൊണ്ടുപോകാതെ പറ്റില്ല."

"എന്താണിന്ന്?"

"കൊണ്ടു വരട്ടെ? ഒരു ടാക്കിയുടെ കടലാസുണ്ട് ആ മുറിയിൽ. ചെണ്ട

കൊട്ടിക്കൊണ്ടു രാവിലെ കടലാസു വിതരണം ചെയ്യുകയായിരുന്നു. കുട്ടൻ ഒരെണ്ണം വാങ്ങിക്കൊണ്ടു വന്നു.''

''പോയി വേഗം എടുത്തുകൊണ്ടു വരൂ.''

അവരുടെ സംഭാഷണത്തിനു തടസ്സം സൃഷ്ടിക്കുവാൻ ഹാജാരിക്കു മനസ്സുണ്ടായിരുന്നില്ല. അതിനാൽ അയാൾ പുറം വാതിൽക്കൽകൂടെ അകത്തേക്കു കയറിയപ്പോൾ സിനിമാനോട്ടീസെടുക്കാൻ അങ്ങോട്ടു ചെന്ന ടേംപിയുടെ മുമ്പിൽ ചെന്നുപെട്ടു.

ടേംപിക്കു സങ്കോചം തോന്നണ്ട എന്നു വിചാരിച്ച് ഹാജാരി ചോദിച്ചു ''അമ്മയെവിടെ ടേംപിക്കുട്ടി!''

ടേംപി പെട്ടെന്നു വല്ലാതായി. അവൾ പരിഭ്രമം കാരണം ചോദ്യമെന്താണെന്നറിഞ്ഞില്ല. അവൾ ചോദിച്ചു ''ആര് അച്ഛരാ! അച്ഛരനെപ്പോൾ വന്നു. അറിഞ്ഞേയില്ലല്ലോ.''

ടേംപിക്കു തന്നെക്കണ്ടിട്ടു സന്തോഷമല്ല തോന്നിയതെന്നു ഹാജാരിക്കു തോന്നി. ഈ അച്ഛരനു കുറെക്കൂടിക്കഴിഞ്ഞിട്ടു വന്നാൽ പോരായിരുന്നോ എന്നു വിചാരിക്കുന്നപോലെ.

ഹാജാരിയുടെ ഹൃദയത്തിൽ എവിടെയോ നോവ് അനുഭവപ്പെട്ടു പാവം പെൺകുട്ടി! എല്ലാ കാര്യങ്ങളും അവരോടു തെളിച്ചു പറയാൻ കഴിയുമോ, അവർക്കു പറയാതെതന്നെ അറിയാൻ കഴിയുമോ? തൻെറ മനസ്സിലുള്ളതുണ്ടോ ടേംപി അറിയുന്നു?

ഹാജാരി പറഞ്ഞു ''ഞാൻ ഇപ്പോൾതന്നെ പുറത്തേക്കു പോകയാണ് മോളേ! മണി അഞ്ചടിച്ചു കഴിഞ്ഞു. ഇനി നിന്നാൽ പറ്റില്ല. എനിക്കു കുറച്ചു വെള്ളം തരൂ, കുടിക്കട്ടെ.''

അങ്ങേ മുറിയിൽനിന്നു നരേൻ വിളിച്ചു ചോദിച്ചു ''അമ്മാവനെപ്പോൾ എത്തി?''

ഹാജാരി നരേൻ അവിടെയുണ്ടെന്നു നേരത്തേ അറിഞ്ഞിരുന്നില്ല എന്ന മട്ടിൽ പറഞ്ഞു ''ആരത്, നരേൻ? കുട്ടനെപ്പോൾ വന്നു?''

''കുറെ നേരമായി. പോകാം, ഞാനുമുണ്ട് ഹോട്ടലിലേക്ക്.'' ഇതും പറഞ്ഞുകൊണ്ടു നരേൻ മുമ്പിൽ ചെന്നു നിന്നു.

ഹാജാരി പറഞ്ഞു ''കുറച്ചു ചായവെള്ളം കുടിച്ചിട്ടു പോയാൽ പോരെ? ഹോട്ടലിലെ ആ പുകയുടെ നടുവിലേക്ക് ഇപ്പോഴേ പോയിട്ടും എന്തു ചെയ്യാനാണ്? ഇരിക്കൂ കുറച്ച്. ടേംപി, നിൻെറ നരേനേട്ടനു കുറച്ചു ചായ-''

''വേണ്ട, വേണ്ട; ഹോട്ടലിൽ ചെന്നാൽ ചായവട്ടങ്ങൾ അവിടെത്തന്നെയുണ്ടാവും അമ്മാവാ!''

''അതായിക്കോട്ടെ. ഇവിടെ വന്ന സ്ഥിതിക്ക് ഇവിടത്തെ ചായകുടിച്ചിട്ടു പോവുക.'' ഇതും പറഞ്ഞു ഹാജാരി അടുത്ത മുറിയിലേക്കു പോയി. ടേംപിയുടെ അമ്മ അപ്പോഴും അവിടെ പായയിൽ കിടന്ന് അസ്സലുറക്കത്തിലായി

രുന്നു. പാവം ഏസോശോല ഗ്രാമത്തിൽ ഇതുവരെ അധ്വാനിച്ചതിനൊരു കണക്കുണ്ടോ? ഇപ്പോൾ എല്ലാ വേലയും ചെയ്യാൻ ഭൃത്യരുള്ളതുകൊണ്ടു ജീവിതം ഒന്ന് ആസ്വദിക്കുവാൻ കൊതിക്കയാണ് അവൾ.

ഹാജാരി ഭാര്യയെ ഉണർത്താൻ പോയില്ല. എല്ലാം കൊണ്ടും വളരെനാൾ കഷ്ടതകൾ അനുഭവിച്ചു. ഇപ്പോഴാണ് കഷ്ടിച്ച് സുഖമെന്തെന്നറിയാൻ തുടങ്ങിയിരിക്കുന്നത്. അതിനു വിഘ്നം വരുത്തണ്ട. ടേംപിയുടെയമ്മ ഉറങ്ങട്ടെ.

പുറത്തേക്കിറങ്ങാൻ തുടങ്ങിയപ്പോൾ നരേൻ തല ചോറിഞ്ഞുകൊണ്ടു നാണക്കുണുക്കത്തോടെ പറഞ്ഞു "നമ്മുടെ ആശ പറയണു അവളേയും അവളുടെ അമ്മയേയും ടാക്കി കാട്ടാൻ കൊണ്ടുപോകണമെന്ന്. കൊണ്ടു പോകട്ടെ?"

ടേംപിതന്നെയാവണം ഈ കാര്യം തന്നോടു പറയാൻ നരേനിനെ ഏല്പിച്ചതെന്ന കാര്യത്തിൽ ഹാജാരിക്കു സംശയമേ ഉണ്ടായിരുന്നില്ല. അയാളുടെ മനസ്സിൽ കൗതുകവും ആനന്ദവും രണ്ടുമുണ്ടെന്നു ഹാജാരി കണ്ടു. എല്ലാവരും കുട്ടികൾ അവർ എന്തു ചെയ്യുന്നു, ചെയ്യുന്നില്ല എന്ന് വയോവൃദ്ധന്മാർക്കറിയാം. എന്നാൽ ആ പാവങ്ങൾ വിചാരിക്കുന്നത് അവരുടെ മനസ്സിലുള്ളത് ആർക്കും അറിഞ്ഞുകൂടെന്നാണ്.

ഹാജാരി പറഞ്ഞു "പോകണമെങ്കിൽ പോകാമല്ലോ. ഇന്നുതന്നെയുണ്ടോ? പൈസ നിൻെറ അമ്മായിയുടെ കയ്യിലുണ്ട്. എപ്പോൾ തിരിച്ചു വരും?"

"എട്ടു മണിയാവും, അമ്മാവൻ കുറച്ചുനേരം സ്റ്റേഷനിൽ ചെന്നിരുന്നാൽ."

"ഞാനിരുന്നോളാം, അതെപ്പറ്റി ക്ലേശിക്കണ്ട. നീ അവരെ കൂട്ടിക്കൊണ്ടു പൊയ്ക്കോളൂ. ടേംപി, നിൻെറ അമ്മയെ വിളിക്കൂ. അസമയത്തു കിടന്നുറങ്ങുന്നു-വിളിച്ചുണർത്തൂ. പോകന്നുണ്ടെങ്കിൽ വേഗം ഒരുങ്ങണം."

ഹാജാരി പിന്നെയവിടെ നിൽക്കാതെ ഇറങ്ങിപ്പോയി. കുട്ടികളുടെ കളിയിലും ചിരിയിലും താനൊരു തടസ്സമാവണ്ടല്ലോ. ആദ്യം ബജാറിലെ ഹോട്ടലിൽച്ചെന്നു അടുക്കളക്കാര്യങ്ങളെല്ലാം അന്വേഷിച്ചശേഷം സന്ധ്യയായപ്പോൾ സ്റ്റേഷനിലെ ഹോട്ടലിലെത്തി. ഇവിടെ അയാൾ അധികം ചെന്നിരിക്കാറില്ല. നരേനാണ് ഇവിടത്തെ മാനേജർ. ഇവിടത്തെ സായ്വുമട്ടിലുള്ള ഏർപ്പാടുകൾ അയാൾക്ക് എന്തോപോലെ തോന്നുന്നു.

രാത്രി ഏഴരമണി. ചട്ഗാവ് മെയിൽ വരാൻ താമസമില്ല. ബൻഗാവ് വണ്ടിയും വിടാറായി. ഈ സമയം തൊട്ടു രാത്രി പതിനൊന്നര മണിവരെ സിറാജ്ഗഞ്ജ്, ഢാക്കാ മെയിൽ, നോർത്തു ബംഗാൾ എക്സ്പ്രസ്സ് തുടങ്ങി ദൂരദിക്കുകളിലേക്കുള്ള വണ്ടികളുടെ തിരക്കാണ്. എത്രയെത്ര യാത്രക്കാർ! ഉണ്ണാൻ അനവധി പേർ. ഹാജാരിയുടെ പ്രതീക്ഷയെല്ലാം കവച്ചുവെച്ചു ശാപ്പാടുകാരുടെ എണ്ണം.

സ്റ്റേഷൻ ഹോട്ടലിൽ പുതിയ രണ്ടുപേരാണ് ഭക്ഷണം പാകംചെയ്യാൻ.

ഇവിടെ വരുന്ന ഭൂരിപക്ഷം യാത്രക്കാരും ചോറും ഇറച്ചിയും ആവശ്യപ്പെടുന്ന വരാണ്. അതിനാൽ മാംസം പാകം ചെയ്യുന്നതിന് വിദഗ്ദ്ധനായ ഒരാളെ കൂടു തൽ ശമ്പളംകൊടുത്തു നിയമിച്ചിരിക്കുന്നു. വിളമ്പിക്കൊടുക്കാൻ മൂന്നു ഭൃ ത്യർ. ചില ദിവസം തിരക്കു വല്ലാതെ വർദ്ധിക്കും. അപ്പോൾ മറ്റേ ഹോട്ടലി ലുള്ളവരെക്കൂടി വിളിക്കും.

ഹാജാരിയെ കണ്ടപ്പോൾ പാചകരും ഭൃത്യരും ഭയത്തോടെ നോക്കി എല്ലാ വർക്കുമറിയാം ഹോട്ടലിൻെറ ശരിയായ ഉടമസ്ഥൻ ഹാജാരിയാണെന്ന്. നരേൻ മാനേജർ മാത്രം. ഹാജാരിയുടെ കാല്ക്കലിരുന്നു തങ്ങൾക്ക് ഒരു പത്തുകൊല്ലം ഭക്ഷ്യപാകവിധി പഠിക്കാനുള്ള വകയുണ്ടെന്നും അവർക്കറി യാം. അതിനാൽ അവർക്കു ഹാജാരി അവരുടെ മുതലാളൻ മാത്രമല്ല, ആചാര്യൻ കൂടിയാണ്.

ഒരു പാചകൻെറ പേർ സതീശ് ദീഘ്ഡി എന്നാണ്. വീട് ഹുഗ്ലി ഡിസ് ട്രിക്ടിലെ ഏതോ കുഗ്രാമത്തിൽ. റാഢിബ്രാഹ്മണരുടെ വകയിൽപെട്ടവൻ. വെയ്പുപണി ഒന്നാന്തരമായിട്ടറിയാം. പണ്ട് ഒന്നാംകിട ഹോട്ടലുകളിൽ ഉയർന്ന ശമ്പളത്തിനു പണിയെടുത്തിട്ടുണ്ട് ഏറെയെന്തിന് - ഒരിക്കൽ കപ്പൽകയറി സിങ്കപ്പൂരിലേക്കും പോകയുണ്ടായി - അവിടെ ഒരു സിക്കു ഹോ ട്ടലിൽ കുറെനാൾ പണിയെടുത്തു. സതീശ് സ്വയം നല്ലൊരു നളപാകക്കാ രനായതുകൊണ്ടുതന്നെ ഹാജാരിയുടെ യോഗ്യത അയാൾക്കറിയാം. അയാ ളെ ബഹുമാനിക്കയും ചെയ്യുന്നു.

ഹാജാരി സതീശനോടു ചോദിച്ചു "ദീഘ്സി മശായി! ആഹാരമെല്ലാം തയ്യാറായോ?"

സതീശ് വിനയത്തോടെ പറഞ്ഞു "ഒന്നു വന്നു നോക്കൂ യജമാനനേ! മാംസം എങ്ങനെയിരിക്കുന്നുവെന്നു നോക്കൂ."

"അതു ഞാനെന്തു നോക്കാനുള്ളു? നിങ്ങൾ ഉള്ളപ്പോൾ-"

"അങ്ങനെ പറയരുത്, യജമാനനേ! മറ്റുള്ളവർ യജമാനനെ മനസ്സിലാ ക്കിയാലും ഇല്ലെങ്കിലും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. വന്ന് ഒന്നു നോക്കിയിട്ടു പോക-"

ഹാജാരി അടുക്കളയിൽ ചെന്നു കടാഹത്തിലുള്ള മാംസത്തിൻെറ നിറം കണ്ടിട്ടു ചോദിച്ചു "എന്താണിങ്ങനെയൊരു നിറം ദീഘ്സിമശായി?"

സതീശ് ഉത്സാഹത്തോടെ രണ്ടാമത്തെ അരിവെപ്പുകാരനോടു പറഞ്ഞു "അപ്പോഴേ ഞാൻ പറഞ്ഞില്ലേ കാർത്തിക്? യജമാനൻ ഒറ്റ നോട്ടത്തിനു കണ്ടു പിടിക്കുമെന്നു ഞാൻ പറഞ്ഞതല്ലേ? അളവു കോലിന്നോ വളവ്? യജമാനനേ, മറിച്ചൊന്നും തോന്നുകയില്ലെങ്കിൽ എന്തിൻെറ തരക്കേടാ ണെന്നു പറയണം."

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "ദീഘ്സിമശായി! ഈ വയസ്സുകാ ലത്തു ഞാൻ പരീക്ഷയ്ക്കിരിക്കണമെന്നോ? മുളകരച്ചതിൽപറ്റിയ തരക്കേടാ ണ്. പഴയ മുളകായിരുന്നു. അതാണു നിറം കിട്ടാതെ പോയത്. മുളകിൻെറ

ഗുണം പോലെയിരിക്കും നിറം.''

''യജമാനനേ! എനിക്ക് ഇവിടത്തെ കാൽപൊടിയെടുത്തു തലയിലണി യാൻ തോന്നിപ്പോകയാണ്. ഇനിയുമുണ്ട് ഒരു കുറവുകൂടി. അതും കണ്ടുപി ടിക്കൂ.''

ഹാജാരി ഇറച്ചിവെച്ച പാത്രത്തിലേക്കു കുറച്ചുനേരം സൂക്ഷിച്ചു നോക്കി നിന്നിട്ടു പറഞ്ഞു ''വറുത്തെടുത്ത മാംസത്തിലൊഴിച്ച ചൂടുള്ള വെള്ളം നല്ല പോലെ തിളച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു നാരുവീണു. മാംസത്തിന്നു മാർദ്ദവം കിട്ടില്ല, അങ്ങനെയായാൽ.''

സതീശൻ കാർത്തികനോടു പറഞ്ഞു ''കേൾക്കെടോ, കേൾക്കൂ. വെള്ള മൊഴിച്ചപ്പോഴേ ഞാൻ പറഞ്ഞില്ലേ മാംസത്തിൽ നൂലു വീണു, മാർദ്ദവം കിട്ടില്ല എന്ന്. യജമാനൻ കാണാതെതന്നെ പറഞ്ഞില്ലേ അത്? അചാര്യൻ തന്നെ യജമാനൻ. പാചകർക്കാചാര്യൻ.''

ഹാജാരി ചിരിച്ചുകൊണ്ടെന്തോ പറയാൻ ഭാവിക്കുമ്പോഴേക്കു ചട്ഗ്രാം മെയിൽ പ്ലാറ്റ്ഫോമിൽ ഒരു ഞരക്കത്തോടെ വന്നു നിന്നതുകാരണം സംസാരം അവിടെ നിലച്ചു. ഹോട്ടൽക്കാർ മറ്റു കാര്യങ്ങളിൽ വ്യാപൃതരായി.

ഒന്നാന്തരം ഭവനം. വൈദ്യുതവിളക്കുകൾ കത്തുന്നു. മാർബിൾ കല്ലു കൊണ്ടുള്ള ടേബിളിൽ യാത്രക്കാരായ ബാബുമാർ ചെയറിൽ ഇരുന്ന് ഉണ്ണുന്നു. ഊണുകാരുടെ തിരക്കൊന്നും പറയാനില്ല. മറ്റേ ലയിനിൽ ബൻ ഗാവ് വണ്ടിയും വന്നു നിന്നു. കോലാഹലങ്ങൾ. കൂകലും വിളികളും, തി രക്കിട്ട പണി. പണം എണ്ണിയെടുക്കാൻ പോലും നേരമില്ല. ഇതാണു ജീവി തം. ബേചുചക്കത്തിയുടെ ഹോട്ടലിലെ അടുക്കളയിൽ ചട്ടുകം കയ്യിൽ വെച്ചു കൊണ്ടു കുത്തിയിരുന്ന് ഈവിധമുള്ള ഒരു ഹോട്ടൽ സ്വപ്നം കാണാൻപോ ലും അയാൾക്കു ധൈര്യം ഉണ്ടായിട്ടുണ്ടോ? ദൈവാധീനംകൊണ്ട് ഈ ഒരു ദിവസവും തനിക്കു കാണാൻ ഭാഗ്യമുണ്ടായി. പത്മയുടെ അപമാന വചനങ്ങ ളെല്ലാം ഈ അപ്രത്യാശിതവും കർമ്മമുഖരവുമായ ഹോട്ടൽ ജീവിതത്തിൽ അർത്ഥവത്തായി. ഇന്ന് അയാൾക്ക് ആരോടുമില്ല വിരോധം.

പെട്ടെന്ന് ഹാജാരിക്ക് ചാക്ദഹിൽനിന്നു നടന്നു ഗോപാലനഗരത്തി ലേക്കു പോകുന്നവഴി ആ ചെറിയ ഗ്രാമത്തിലെ ഇടയകുടുംബത്തിൽ വെച്ചു കണ്ടുമുട്ടിയ പെൺകുട്ടിയുടെ കാര്യം ഓർമ്മവന്നു. അവളുടെ പണം താൻ ബിസിനസ്സിലിറക്കിക്കൊള്ളാമെന്ന് ഹാജാരി അവൾക്കു വാക്കു കൊടുത്തിരുന്നു. അയാൾ നാളെത്തന്നെ പോകും. പാവം പെൺകുട്ടിയുടെ പണമിറക്കാൻ പറ്റിയ മണ്ഡലമാണിത്. ഹാജാരി കഷ്ടപ്പെട്ടിരുന്ന കാലത്ത് അയാളെ വിശ്വസിച്ച് ഏല്പിക്കാനവൾ ഒരുമ്പെട്ടതാണ്. ആ മായമറിയാത്ത പെൺകുട്ടിക്കുകൊടുത്ത വാക്കു പാലിക്കതന്നെ വേണം. ഇല്ലെങ്കിൽ അതധർ മ്മമാവും.

അടുത്ത ദിവസം രാവിലെതന്നെ ഹാജാരി നരൂൻപാഡയിലേക്കു പുറ പ്പെട്ടു. ചാക്ദഹ സ്റ്റേഷൻവരെ തീവണ്ടിയിലാണു സഞ്ചരിച്ചത്. ബാക്കി വഴി

നടക്കുകതന്നെ വേണം.

നട്ടുച്ചക്കുപോലും ഇരുട്ടു കൂടുകെട്ടിനിൽക്കുന്ന കൂറ്റൻ പുളിമരങ്ങളുടേയും മറ്റും കാട്. ഹാജാരി ഓർത്തു-കഴിഞ്ഞ തവണ ഈ വഴിക്കു പോയത് റാണാഘാടിലെ ജോലി കൈവിട്ടുപോയ ഘട്ടത്തിലായിരുന്നു. കയ്യിൽ പണം കഷ്ടി. അന്ന് ഈ വഴി കാൽനടയായി ജോലി തേടിയുള്ള യാത്രയായിരുന്നു. ഇന്നോ?

ഇന്ന് എത്രയെത്ര അന്തരം! ഇന്ന് അയാൾ റാണാഘാടിലെ രണ്ടു വലിയ ഹോട്ടലുകളുടെ ഉടമ. കീഴിൽ പണിയെടുക്കാൻ പത്തുപതിനഞ്ചാളുകൾ. തൻെറ ഈ അത്യുന്നതിക്കു നിദാനമായ പെൺകുട്ടിക്കു പ്രത്യുപകാരം ചെയ്യുക അയാൾക്കസാധ്യം തന്നെ. അതസിക്കുട്ടി ധനിക കുടുംബാംഗം, അതിനും പുറമേ ഇന്നു വിവാഹിത. അവൾക്കെന്തു കൊടുക്കാനാവും ഹാജാരിയെക്കൊണ്ട്?

എന്നാൽ അതിനു പകരം അയാളുമായി ബന്ധപ്പെട്ട ഒന്നുരണ്ടു ദരിദ്രകളും സരളഹൃദയകളുമായ പെൺകുട്ടികൾക്ക് ഉപകാരം ചെയ്യാൻ ശ്രമിക്കാവുന്നതാണ്. നരുൻപാഡയിലെ ഇടയപ്പെൺകുട്ടി അവരിൽ ഒരുവളാകുന്നു. നരുൻപാഡയിലെത്തിയപ്പോൾ സമയം ഏതാണ്ടൊമ്പതുമണി. നേരിട്ടു ഗ്രാമത്തിലേക്കു കടക്കാതെ അയാൾ വഴിക്കുള്ള ഒരു പുളിച്ചുവട്ടിൽക്കിടന്നിരുന്ന ആളില്ലാത്ത കാളവണ്ടിയിൽ ഇരുന്നു. സർവാംഗം വിയർപ്പ്, കാൽനിറയെ പൊടി. ഒന്നു വിശ്രമിച്ച് വിയർപ്പൊന്നു താണാൽ മുമ്പിൽ കാണുന്ന പൊട്ടക്കുളത്തിലിറങ്ങി കൈകാലുകൾ കഴുകി ചെരുപ്പിട്ടു മാന്യവേഷത്തിൽ ഗ്രാമത്തിലേക്കു കടക്കുന്നതുതന്നെ യുക്തിസംഗതം.

പ്രൗഢനായ ഒരു മനുഷ്യൻ യശോറിലേക്കുള്ള വഴിക്കു പോകയായിരുന്നു. ഹാജാരിയെക്കണ്ട് അയാൾ അടുക്കലേക്കു ചെന്നു ചോദിച്ചു "തീപ്പെട്ടിയുണ്ടോ?"

"ഉണ്ട്, ഇരിക്കൂ."

"നിങ്ങൾ?"

"ബ്രാഹ്മണൻ."

"നമസ്ക്കാരം. കാൽതൊട്ടു തലയിൽ വെക്കട്ടെ, ഠാക്കൂർമശായി."

ആ മനുഷ്യൻെറ പേർ കൃഷ്ണലാൽ. ജാതിയിൽ ശാംഖാരി. (ശംഖു കച്ചവടം ചെയ്യുന്നതു തൊഴിലാക്കിയ ജാതി. വീട് കിഴക്കൻ ബംഗാളിൽ. വർത്തമാനത്തിൽ കിഴക്കൻ ബംഗാളിലെ ഉച്ചാരണരീതി സ്പഷ്ടം ബൻഗാവിൽ ഇച്ഛാമതി നദിക്കടവിൽ അയാളുടെ വലിയ ശംഖു കയറ്റിയ പത്തേമാരി നങ്കൂരമിട്ടു കിടക്കുന്നുണ്ട്. കൃഷ്ണലാൽ കാൽനടയായി ഗ്രാമംതോറും സഞ്ചരിച്ചു ശംഖ് ആവശ്യമുള്ളവരുടെ ഏതാണ്ടൊരു സ്ഥിതിവിവരക്കണക്കു ശേഖരിക്കാൻ പുറപ്പെട്ടതാണ്.

പണിത്തിരക്കുള്ളവർക്കു വളരെനേരം ഒരിടത്തിരിപ്പുറക്കില്ലല്ലോ. ഒരു ബീഡി കത്തിച്ചു മുഴുവൻ വലിക്കുംമുമ്പ് അയാൾ എഴുന്നേറ്റു പോകാനുത്സാ

ഹിച്ചു. എന്നാൽ ഹാജാരി അയാളെ വർത്തമാനത്തിൽ ലയിപ്പിച്ചു പിടിച്ചിരുത്തി. ബൻഗാവിൽനിന്ന് പതിനേഴു മൈൽ നടന്നു ബിസിനസ്സ് സാധ്യതകളെപ്പറ്റി അന്വേഷിക്കാൻ പുറപ്പെട്ട ആൾ - ഹാജാരിക്ക് അയാളെ ബഹുമാനം തോന്നി. ബിസിനസ്സ് ചെയ്യേണ്ടതെങ്ങനെയെന്ന് അറിയാം അയാൾക്ക്.

അയാൾ ചോദിച്ചു "കഞ്ചാവും മറ്റും പിടിക്കുമോ? വേണമെങ്കിൽ എന്റെ കയ്യിലുണ്ട്."

കൃഷ്ണലാൽ പതുക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു "അതു... സ്വാമി പ്രസാദിച്ചു തരുവാൻ അലിവു തോന്നുകയാണെങ്കിൽ ഒരുകൈ നോക്കാം."

"എന്നാൽ ഇരിക്കൂ, കുടുക്ക നിറയ്ക്കട്ടെ"

ഹാജാരി വലിയൊരു കഞ്ചാവു വലിക്കാരനല്ല. എന്നാലും പറ്റിയ ചങ്ങാതിയെക്കിട്ടിയാൽ ഒരുകൈ നോക്കും.

ഈയിടെയായിട്ട് റാണാഘാടിൽ കഞ്ചാവു വലിക്കാൻ സൗകര്യമില്ല. ഹോട്ടലിലുള്ളവരെല്ലാം തന്നെ ബഹുമാനിക്കുന്നു. പോരെങ്കിൽ നരേനുമുണ്ട്. അതൊക്കെക്കാരണം ഹോട്ടലിൽ അതു നടപ്പില്ല. വീട്ടിൽവെച്ച് ഒട്ടുമില്ല. അവിടെ ടേംപിയുണ്ട്. അതുമല്ല കണ്ടവരുടെ ഒപ്പമിരുന്നു കഞ്ചാവു വലിച്ചുകൂടാ. അതു വില കെടുത്തും. ഇന്നു യോജിച്ച ഒരു വ്യക്തിയെക്കിട്ടിയപ്പോൾ ഹാജാരി അത്യാനന്ദത്തോടെ കുടുക്ക നിറച്ചെടുത്തു. മര്യാദയോർത്ത് അയാൾ കുടുക്ക കൃഷ്ണലാലിന്റെ നേരെനീട്ടി. അയാൾ വിരൽ കടിച്ചുകൊണ്ടു വിനയത്തോടെ അറിയിച്ചു "അതുവേണ്ട ഇവിടന്നു ദൈവമാണ്, 'പ്രസാദ'മാക്കിയിട്ടു തന്നാൽമതി."

വർത്തമാനത്തിനിടക്കു ഹാജാരി താനാരാണെന്നു വ്യക്തമാക്കി. കൃഷ്ണലാലിന്നു സന്തോഷമായി. അയാളും കണ്ടവരുടെ ചെങ്ങാത്തം ഇഷ്ടപ്പെടുന്നവനല്ല. സ്വപ്രയത്നംകൊണ്ടു രണ്ടു വലിയ ഹോട്ടലുകളുടെ അധിപനായ ഒരാളോടൊപ്പമിരുന്നു കഞ്ചാവു വലിക്കുന്നതിലുമുണ്ട് ഒരഭിമാനം.

ഹാജാരി പറഞ്ഞു "റാണാഘാടിൽ വരുമല്ലോ എന്റെ ഹോട്ടലിൽ കൂടാം. റെയിൽ ബസാറിൽ എന്റെ പേർ പറഞ്ഞാൽ ആരും കാട്ടിത്തരും. പണം തരണ്ട. ഞാൻ ഒപ്പിട്ടുതരാം. നിങ്ങളോട് എനിക്കു പലതും സംസാരിക്കാനുണ്ട്"

കൃഷ്ണലാൽ കൈകൂപ്പി പറഞ്ഞു "അതുമാത്രം പറയരുതു സ്വാമീ! ഇവിടത്തെ ഹോട്ടലിൽതന്നെ വരാം. പക്ഷേ പണം തരാതെ ഉണ്ണാൻ പറ്റില്ല. അതു ബിസ്സിനസ്സിന്റെ നിയമമല്ല. ന്യായമായതു കൊടുക്കണം, ന്യായമായതു വാങ്ങണം. അതില്ലെങ്കിൽ ബിസിനസ്സു നടക്കില്ല. അതുകൊണ്ട് അതുമാത്രം കല്പിക്കരുത്, ഠാക്കൂർ മശായി!"

"ശരി, ഇഷ്ടംപോലെയാവട്ടെ."

കൃഷ്ണലാൽ ഒരിക്കൽകൂടി കാൽപൊടി തലയിൽവെച്ച് യാത്ര പറഞ്ഞു.

ഹാജാരി ഗ്രാമത്തിൽക്കടന്നു ശ്രീചരൺഘോഷിന്റെ വീടു കണ്ടുപിടിച്ചു. ശ്രീചരൺ വീട്ടിൽതന്നെ ഉണ്ടായിരുന്നു. ഹാജാരിയെ കണ്ട ഉടൻ തിരിച്ചറിഞ്ഞു. ഈവക സ്ഥാനങ്ങളിൽ വല്ലപ്പോഴുമാണ് ആരെങ്കിലും ചെല്ലു

ന്നത്. അതിനാൽ ആളുകളുടെ മുഖം വളരെനാൾ ഓർമ്മയിൽ നിൽക്കും.

പെൺകുട്ടി വിവരം കേട്ട ഉടൻ ഓടിയെത്തി. കഴുത്തിൽ സാരിത്തുമ്പു ചുറ്റി നമസ്കരിച്ചിട്ട് അവൾ പറഞ്ഞു "വലിയച്ഛൻ രണ്ടു മാസത്തിനകം വരാമെന്നു പറഞ്ഞു പോയതല്ലേ? രണ്ടുരണ്ടരക്കൊല്ലമായല്ലോ ഇന്നേക്ക്. ഇപ്പഴാണ് മകളെ ഓർക്കുന്നത്."

"ഓർക്കാഞ്ഞിട്ടല്ല മോളേ! സാവിത്രീതുല്യയാവും നീ! ഞാനനുഗ്രഹിക്കുന്നു. എല്ലാവർക്കും കുശലമല്ലേ?"

"വലിയച്ഛൻെറ കൃപപോലെ എല്ലാം. വലിയച്ഛൻെറ കുടുംബത്തിലെല്ലാവർക്കും സൗഖ്യമല്ലേ?"

"ഒരുവിധം സുഖംതന്നെ."

"കുസുമേടത്തിയെ കണ്ടിരുന്നോ? സുഖമല്ലേ?"

"അതേ, സുഖംതന്നെ."

"എൻെറ കാര്യം പറഞ്ഞോ?"

ഹാജാരി ആപത്തിലായി. അന്ന് ഇവിടന്നു പോയതിൽപിന്നെ കുറെനാൾ ഗോപാലനഗരത്തിൽ പണിയെടുത്തു. അതുംകഴിഞ്ഞ് പിന്നെയെത്രയോ ദിവസങ്ങൾക്കുശേഷമാണ് കുസുമത്തിനെ കാണുന്നത്. അപ്പോഴേക്ക് ഇവളുടെ കഥ മറന്നു.

"പറഞ്ഞോ ഇല്ലയോ എന്നു എനിക്കു ശരിക്കോർമ്മയില്ല മോളേ! പല പണിത്തിരക്കിലും കുടുങ്ങിപ്പോയിരുന്നു. എപ്പോഴും എല്ലാക്കാര്യങ്ങളും ഓർമ്മയിൽ നിൽക്കാതായി. വയസ്സായില്ലേ കുട്ടി?"

"വൃദ്ധനായെന്നോ? എൻെറ ഇളയച്ഛനെക്കാൾ ചെറുപ്പമല്ലേ?"

"ആര്? ഗംഗാധരനോ? ശരിയാണ്, ഗംഗാധരന് എന്നെക്കാൾ എട്ടുപത്തു വയസ്സ് ഏറും?"

"ഇരിക്കൂ വലിയച്ഛാ! ഞാൻ കൈകാലുകൾ കഴുകാൻ വെള്ളം കൊണ്ടുവരട്ടെ."

ശ്രീചരൺഘോഷ് പുകക്കുടുക്ക നിറച്ചുകൊണ്ടു വന്നു കൊടുത്തിട്ടു പറഞ്ഞു "നിങ്ങൾ മോളുടെ അച്ഛൻെറ ഗ്രാമക്കാരനാണ്. കഴിഞ്ഞ തവണ നിങ്ങൾ ഇവിടെ വന്നു പോയികഴിഞ്ഞപ്പോളാണ് ഞാൻ വിവരമറിഞ്ഞത്. മകൾ എല്ലാം വിസ്തരിച്ചു പറഞ്ഞു."

ഹാജാരി പറഞ്ഞു "മകളുടെ അച്ഛൻെറയല്ല, ചിറ്റമ്മയുടെ ശ്വശുരൻെറ ഗ്രാമക്കാരൻ, മകളുടെ പിതൃകുലക്കാരെ വളരെ നാളായി അറിയുകയും ചെയ്യും."

ശ്രീചരൺ പറഞ്ഞു "ഞങ്ങൾ താഴ്ന്ന ജാതിക്കാർ. പറയാൻ മടിയുണ്ട്. ഇത്തവണയും ഇവിടത്തോളം എഴുന്നെള്ളിയ സ്ഥിതിക്കു രണ്ടു നാലു ദിവസം താമസിച്ചിട്ടു പോയാൽമതി. മകൾക്കുമുണ്ട് നന്നെ ആഗ്രഹം. എന്നോടു പറയാൻ പറഞ്ഞു അവൾ."

ഹാജാരി ഇവിടെ വിരുന്നുണ്ണാൻ വന്നതായിരുന്നില്ല. എന്നല്ല ഇന്നു തന്നെവൈകുന്നേരം സ്ഥലം വിടാൻ കഴിഞ്ഞാൽ അത്രയും നന്ന്. രണ്ടു വലിയ ഹോട്ടലുകളുടെ ചുമതല അയാളില്ലെങ്കിൽ എല്ലാം വേണ്ടപോലെയാവില്ല. വളരെയധികം കാര്യങ്ങൾ പഠിച്ചുവെങ്കിലും നരേൻ ഇനിയും കുട്ടിയാണ്. രണ്ടു ഹോട്ടലിലേയും പണത്തിൻെറ ചുമതല അയാളെത്തന്നെ ഏല്പിക്കുന്നതു ശരിയുമല്ല.

ആഹാരം പാകം ചെയ്യുന്ന സമയം പെൺകുട്ടിയും ഇതേ കാര്യം പറഞ്ഞു. ഇത്തവണ രണ്ടു ദിവസം താമസിച്ചേ പോകാവൂ. എന്തിനാണു തിരക്കിടുന്നത്? കഴിഞ്ഞ കുറി വേണ്ടപോലെ സൽക്കരിക്കാൻ കഴിയാതെ പോയതിൽ കുണ്ഠിതമുണ്ട്. ഇത്തവണ അതിനിടവരുത്തിക്കൂട.

ഹാജാരി ചിരിച്ചുകൊണ്ടു പറഞ്ഞു "മോളേ, കഴിഞ്ഞ തവണ രണ്ടു ദിവസം നിന്നാലും തരക്കേടൊന്നും വരില്ലായിരുന്നു. എന്നാൽ ഇത്തവണ ആഗ്രഹമുണ്ടെങ്കിൽതന്നെ സാധിപ്പിക്കാൻ നിവൃത്തിയില്ല."

ഹാജാരിയുടെ വാക്കുകേട്ടു അവൾ അത്ഭുതത്തോടെ അയാളുടെ മുഖത്തേക്കു നോക്കി "എന്തുകൊണ്ട് വലിയച്ഛാ! എന്തുകൊണ്ട് നിവൃത്തിയില്ല? എന്തുണ്ടായി?"

"അന്നെനിക്കു ജോലിയുണ്ടായിരുന്നില്ല. പറഞ്ഞതോർക്കുന്നില്ലേ?"

"ഇപ്പോൾ ജോലിയുണ്ടെന്നു മനസ്സിലായി. നന്നായി, ദൈവം അനുഗ്രഹിച്ചു. എവിടെയാണു ജോലി?"

"ഗോപാല നഗരത്തിൽ"

"ഓ, അതു ശരി, ഈ വഴി അങ്ങോട്ടു പോകയായിരിക്കും"

"അതെ. എൻെറ മകൾക്കു നല്ല ബുദ്ധിയുണ്ട്."

അവൾ സലജ്ജം ചിരിച്ചുകൊണ്ടു പറഞ്ഞു "ഇതിലെന്തുണ്ടു ബുദ്ധിയെന്നു പറയാൻ."

"ഭേഷ്! ഏതായാലും നീ കറിക്കത്തിയിലേക്കു നോക്കി മുറിക്കു മോളേ! വിരൽ മുറിക്കണ്ട. ഇനി ആ പടവലങ്ങക്കഷണങ്ങൾ കഴുകൂ."

"ഗോപാല നഗരത്തിൽ എവിടെയാണു ജോലി?"

"കുണ്ഡുമാരുടെ വീട്ടിൽ."

"വളരെ വല്യ ആളുകളാണെന്നു തോന്നുന്നു."

"സംശയമുണ്ടോ? അല്ലെങ്കിൽ അരി വെപ്പുകാരനെ നിറുത്തുമോ? വലിയ ആളുകൾ."

"അവിടെ പൂജ (ദുർഗ്ഗാപൂജ) പതിവുണ്ടോ വലിയച്ഛാ!"

"ഉണ്ടോ എന്നോ എൻെറ കുട്ടി! ഗംഭീരമായ പൂജ, വലിയ ദുർഗ്ഗാ വിഗ്രഹം, യാത്ര, പാഞ്ചാലി' (പൗരാണിക നാടകാഭിനയം, സംഗീതം).

"ഇത്തവണ പൂജക്ക് എന്നെയും കൂട്ടിക്കൊണ്ടു പോയി കാട്ടിത്തരണം, ഏ? വലിയച്ഛന് ഒരു വിഷമവും ഉണ്ടാവില്ല. ഞങ്ങൾക്കു കാളവണ്ടിയുണ്ട്; അതിൽക്കയറി എല്ലാവർക്കും പോകാം. പിറ്റേദിവസം എല്ലാം കണ്ടിട്ടു തിരി

ച്ചു വരാം. എങ്ങനെ?''

''തരക്കേടില്ല.''

''കൂട്ടിക്കൊണ്ടു പോകാതിരിക്കരുത്. വാക്കുറപ്പിച്ചിരിക്കുന്നു. ഞാൻ ഒരിക്കലും പോയിട്ടില്ല, ഒരിടത്തും വലിയച്ഛരാ! അച്ഛരന്റെ ഗ്രാമം, അവിടന്നു ശ്വശുരന്റെ ഗ്രാമം കഴിഞ്ഞു. ഏതെങ്കിലും വലിയ ഒരു ദിക്കിൽ പോയാൽ കൊള്ളാമെന്നുണ്ട് എനിക്ക്. ആരുണ്ടു കൊണ്ടുപോകാൻ?''

ഹാജാരിക്കു വലിയ വിഷമം തോന്നി. കുട്ടിയെ നല്ലൊരു നഗരം കാട്ടിക്കൊടുക്ക തന്നെ വേണം. അയാൾ സമാധാനിപ്പിച്ചു ''എന്നെക്കൊണ്ടാകാവുന്നതൊക്കെ ചെയ്യാം. ഉറപ്പുതരാം ഞാൻ, പോരേ?''

പുക ഒന്നു വലിച്ചിട്ടു ഹാജാരി പറഞ്ഞു ''മോളേ, അന്നു പറഞ്ഞ പണത്തിന്റെ കാര്യം ഓർമ്മയില്ലേ?''

''ഉവ്വ് വലിയച്ഛരാ! പണമാവശ്യമുണ്ടോ?''

''എത്ര തരാൻ കഴിയും?''

''അന്ന് എൺപതു രൂപയേ ഉണ്ടായിരുന്നുള്ളു. ഈ രണ്ടു കൊല്ലത്തിനിടക്ക് ഇരുപതു കൂടിയായി.''

''എങ്ങനെയായതാണത്?''

അവൾ ലജ്ജയോടെ മുഖം താഴ്ത്തിക്കൊണ്ടു പറഞ്ഞു ''വലിയച്ഛരന്റെ ജാമാതാവു നല്ല മനുഷ്യനാണ്. കഴിഞ്ഞകൊല്ലം പുകയില വിറ്റ് രണ്ടുകാശു ലാഭം കിട്ടി. എനിക്ക് അതിൽനിന്ന് ഇരുപതുരൂപ തന്നിട്ടു പറഞ്ഞു ''കൊച്ചു മോളേ, ഇതു കയ്യിൽ വെച്ചോളൂ. നിനക്കുള്ളത്.''

''ശരി, എല്ലാം എനിക്കു തന്നേക്കൂ.''

''തരാം. ഇതു ഞാൻ അന്നേ പറഞ്ഞതറില്ലേ?''

''നല്ലപോലെ ആലോചിച്ചല്ലേ ചെയ്യുന്നത് മോളേ?''

അവൾ നാവുകടിച്ചുകൊണ്ടു പറഞ്ഞു ''അങ്ങനെ പറയരുത് വലിയച്ഛരാ! വലിയച്ഛരന് എന്റെ അച്ഛരന്റെ പ്രായമുണ്ട്. ബ്രാഹ്മണ ദൈവം. രണ്ടു പൈസ വലിയച്ഛരനെ ഏല്പിക്കുന്ന കാര്യത്തിൽ എനിക്ക് അവിശ്വാസമോ? ദൈവം അങ്ങനെ തോന്നിക്കാതിരിക്കട്ടെ.''

പെൺകുട്ടിയുടെ അതിസരളമായ ഈ വിശ്വാസംകണ്ട് ഹാജാരിയുടെ കണ്ണുകൾ നനഞ്ഞുപോയി ''ശരി, തരൂ, എന്തു പലിശവേണം?''

''വലിയച്ഛരൻ തരുന്നത്. നാട്ടിൻ പുറങ്ങളിൽ ഉറുപ്പികക്കു രണ്ടുപൈസയാണത്രേ.''

''ഞാനും അതുതന്നെ തന്നേക്കാം.''

ഹാജാരി ഉണ്ണാനിരുന്നപ്പോൾ ഓർക്കുകയായിരുന്നു. നൂറു രൂപയുടെ പലിശയായിട്ടു വലിയൊരു തുക അവൾക്കു കൊടുക്കാൻ കഴിയില്ല. അവളെ പങ്കാളിയാക്കാം-എന്നാൽ നൂറു രൂപയ്ക്കു വാർഷികാദായമായി എന്തുണ്ടാവും കൊടുക്കാൻ. പെൺകുട്ടിക്കു നല്ലൊരു തുക കൊടുത്താൽ കൊള്ളാമെന്നു ഹാജാരിക്കു മോഹമുണ്ട്. റെയിൽവേ ഹോട്ടലിൽ വേറെയൊരുവനു പങ്കാ

ളിത്തം വയ്യ. ഇല്ലെങ്കിൽ അവിടെ പങ്കാളിയാക്കുന്ന പക്ഷം മറ്റു ഹോട്ടലുകളിലേക്കാൾ ലാഭ വിഹിതം ഏറുമായിരുന്നു.

ആഹാരം കഴിഞ്ഞു കുറച്ചുനേരം വിശ്രമിച്ച് ഹാജാരി പോകാനൊരുക്കമായി പുറപ്പെടും മുമ്പ് പെൺകുട്ടി നൂറുരൂപ ഹാജാരിയെ എണ്ണിയേല്പിച്ചു. ഹാജാരി റാണാഘാടിൽനിന്നു വരുന്നതിനു മുമ്പുതന്നെ ഒരു ഹാൻറ് നോട്ട് സ്റ്റാമ്പൊട്ടിച്ച് കയ്യിൽ കരുതിയിരുന്നു അതിൽ തുകയെഴുതി കയ്യൊപ്പിട്ടുകൊടുക്കയേ വേണ്ടിയിരുന്നുള്ളു ഹാജാരിക്ക് പെൺകുട്ടിയോട് എന്തെന്നില്ലാത്ത വാത്സല്യം തോന്നി പോകുന്ന സമയം അയാൾ വീണ്ടും വീണ്ടും പറഞ്ഞു "ഇനി വരുമ്പോൾ നിന്നെ ഞാൻ നഗരം ചുറ്റി നടന്നു കാട്ടാൻ കൊണ്ടുപോകുന്നുണ്ട് മോളേ, ഉറപ്പുതരുന്നു."

"ഗോപാല നഗരത്തിലേക്കോ?"

"നിനക്കിഷ്ടമുള്ള സ്ഥലം."

"ഇനി എപ്പോൾ വരും?"

"നോക്കട്ടെ, അധികം വൈകിക്കില്ല, പോരേ?"

ഇവിടെനിന്ന് അധികം ദൂരമില്ല ബേലേർ ബസാറിലേക്ക്. കഴിഞ്ഞ തവണ തനിക്ക് ആശ്രയം തന്ന കച്ചവടക്കാരനെ ഒന്നു കണ്ടിട്ടു പോകണമെന്നു ഹാജാരിക്ക് ആഗ്രഹം തോന്നി. നിലാവുള്ള രാത്രി. വെളുപ്പിനു ബേലേർ ബസാറിൽ നിന്നു പുറപ്പെട്ടാൽ തന്നെ എട്ടു മണിയാകുമ്പോഴേക്ക് റാണാഘാടിലെത്താം.

ബേലേർ ബസാറിലെ കച്ചവടക്കാരൻ ഹാജാരിയെ കണ്ട ഉടൻ തിരിച്ചറിഞ്ഞു. ആദരവോടെ സ്വീകരിച്ച് താമസിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുത്തു. പുകയിലനിറച്ചു ഹുക്കയിൽ ബ്രാഹ്മണന്നു വലിക്കാൻ വെള്ളം മാറ്റിയൊഴിച്ചു ഹാജാരിക്കു കൊടുത്തുകൊണ്ടു പറഞ്ഞു "സ്വീകരിക്കൂ, ഠാക്കൂർ മശായി! ഇനി ഞാൻ എന്തു സേവനമാണു ചെയ്യേണ്ടത്? കഴിഞ്ഞ കുറി ജോലിയന്വേഷിച്ചു വന്നതായിരുന്നുവല്ലോ."

"അതെ, അന്നു ജോലികിട്ടി. ഗോപാലനഗരത്തിലെ കണ്ഡുമാരുടെ ഭവനത്തിൽ."

"ഓഹോ, ഭേഷ് ഭേഷ്! ഗോപാല നഗരക്കാരായ കുണ്ഡുമഹാശയന്മാർ ഇന്നാട്ടിലെ വലിയ പണക്കാർ. നല്ല കൂട്ടരാരാണെന്നാണു കേൾവി. എന്തു ശമ്പളം ഠാക്കൂർ മശായി!"

"പത്തുരൂപയും ചിലവും."

"അവധിക്കു നാട്ടിൽ പോയതായിരുന്നുവെന്നു തോന്നണു. ഇനി ഗോപാലനഗരത്തിലേക്കു തന്നെയാവും പോകുന്നത്?"

"അല്ല, ഞാനിപ്പോളവിടെയല്ല."

കച്ചവടക്കാരൻ ദുഃഖിതനായി പറഞ്ഞു "അയ്യോ, ആ ജോലിപോയി? ഇപ്പോളെന്താണിനി?"

ഹാജാരി ഹോട്ടൽ തുടങ്ങിയ കാര്യം വിസ്തരിച്ചുപറഞ്ഞു. പീടികക്കാ

രൻ നല്ലൊരു വ്യവസായി. അയാളോട് ഇതു പറയുന്നതിൽ പ്രത്യേകമുണ്ട് ഒരാനന്ദം. ബിസിനസ്സ് എന്താണെന്ന് അയാൾക്കറിയാം.

രാത്രി മണി എട്ടരയാകാറായി. പീടികക്കാരൻ ഇപ്പോൾ ഹാജാരിയെ മറ്റൊരു കാഴ്ചപ്പാടിലൂടെയാണു വീക്ഷിക്കാൻ തുടങ്ങിയത്. അയാൾ ആദര വോടെ പറഞ്ഞു "ഠാക്കൂർ മശായി! നേരം പോയി. ആഹാരത്തിനു വട്ടംകൂട്ടിത്തരാം. പക്ഷേ ഒരു കാര്യം. എന്റെ പീടികയിൽ നിന്നെടുക്കുന്ന യാതൊന്നിനും ഞാൻ പണം വാങ്ങിക്കില്ല."

"എന്താണങ്ങിനെ പറയുന്നത്?"

"ഇല്ല ഠാക്കൂർ മശായി! ഇപ്പോൾ ഇവിടന്ന് വഴിയേ പോകുന്ന വെറുമൊരു ഗ്രാഹകനല്ല. എന്നെപ്പോലെതന്നെ ഒരു ബിസിനസ്സുകാരൻ. സുഹൃത്ത്. എന്റെ പീടിക പാദധൂളികൊണ്ടു പവിത്രമാക്കിയിരിക്കുന്നു. ഞാൻ ഒരുക്കിത്തരുന്ന വിദുരരന്റെ കല്ലരി സ്വീകരിക്കണം. അടുത്ത തവണ ഞാൻ റാണാഘാടിൽ വരുമ്പോൾ ഇവിടന്ന് എനിക്കു ഭക്ഷണം തന്നാൽ മതി."

ഈ പ്രദേശങ്ങളിൽ ഇങ്ങനെയാണ് നാട്ടാചാരമെന്ന് ഹാജാരിക്കറിയാം. വ്യവസായികൾ പരസ്പരം സ്നേഹിക്കയും ആദരിക്കയും ചെയ്യുന്ന പതിവ് കുഗ്രാമങ്ങളിൽ ഇപ്പോഴും നിലവിലുണ്ട്. റാണാഘാടിനെപ്പോലുള്ള നഗര പ്രദേശങ്ങളിൽ കുശുമ്പും, കുനുഷ്ഠും ഈ സദ്ഭാവന നശിപ്പിച്ചുകളഞ്ഞു.

രാത്രി ഒന്നാന്തരം ഭക്ഷണത്തിനുള്ള ഏർപ്പാടാണ് പീടികക്കാരൻ ചെയ്തു കൊടുത്തത്. നെയ്യും മൈദയും കൊണ്ടുവന്നു. പൂരിയുണ്ടാക്കണം. ഹാജാരിയുടെ തടസ്സവാദങ്ങളൊന്നും കണക്കിലെടുത്തില്ല. ഒരു ചെറിയ 'രുചി' മത്സ്യം എവിടെനിന്നോ സമ്പാദിച്ചുകൊണ്ടുവന്നു പടവലങ്ങ, വഴുതിനങ്ങ, അരസേർ വെള്ളം ചേർക്കാത്ത പാൽ, സ്ഥലത്തെ ഏറ്റവും നല്ല കാംചാഗൊല്ല സന്ദേശ് (തൊട്ടാൽ പൊടിയുന്ന സന്ദേശ്).

ഹാജാരിക്കു വല്ലാത്ത സങ്കോചം തോന്നി. ഇതറിഞ്ഞിരുന്നെങ്കിൽ വരികയില്ലായിരുന്നു. വെറുതെ പാവത്തിനെ ബുദ്ധിമുട്ടിക്കലാണിത്. അതു പറഞ്ഞാൽ അയാൾക്കു ദുഃഖം തോന്നുകയും ചെയ്യും. ഈവിധമുള്ള നിസ്വാർത്ഥമായ ആതിഥ്യം നഗരപ്രദേശങ്ങളിൽ ഹാജാരി കണ്ടിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ മാത്രമാണ് ഇത് ഇന്നും നിലനില്ക്കുന്നത്. ഒരു പക്ഷേ പത്തിരുപതുകൊല്ലം കഴിഞ്ഞാൽ അവിടങ്ങളിലും ഇല്ലാതായേക്കാം.

പിറ്റേന്നു രാവിലെ ഹാജാരി യാത്ര പറഞ്ഞിറങ്ങി. എന്നാൽ റാണാഘാടിന്നുപകരം അയാൾ ഗോപാലനഗരത്തിലേക്കാണു തിരിച്ചത്. അയാളുടെ പഴയ മുതലാളന്റെ ഭവനം. അവിടെ ഒരു തുണിക്കെട്ടുണ്ട്. എടുത്തു കൊണ്ടു പോകണം എന്നു വിചാരിച്ചു വിചാരിച്ചു കഴിയുകയായിരുന്നു.

കുറെ വഴി ചെന്നപ്പോഴേക്ക് സൂര്യൻ ഉദിച്ചുപൊങ്ങി. വഴിയരികിൽ കാടിന്റെയും പടലിന്റെയും നടുക്കുള്ള പുഷ്കരണി കണ്ടപ്പോൾ ഇതിനടുക്കലാണ് ശ്രീനഗർ സിമ്ലേ എന്ന് ഹാജാരി ഓർത്തു. അയാൾ ഗ്രാമത്തിൽ പ്രവേശിച്ചു. അന്നു തനിക്കഭയം തന്ന ആ മാന്യനെ ഒന്നു കണ്ടിട്ടു പോക

ണമെന്ന് അയാൾക്കാഗ്രഹമുദിച്ചു. വളരെ നാളുകൾക്കുശേഷം ഈ വഴിക്കു വന്ന സ്ഥിതിക്ക് അയാളുടെ ക്ഷേമം അന്വേഷിച്ചിട്ടു പോകുന്നതാണ് ഉചിതം.

ബിഹാരി ബാഡുയ്യേ വീട്ടിൽ തന്നെയുണ്ടായിരുന്നു. ഈ രണ്ടു കൊല്ലം കൊണ്ട് മലേറിയകൊണ്ട് അയാളുടെ മുഖം ഒന്നുകൂടി ശീർണ്ണിച്ചുപോയിരുന്നു. മുടി മുഴുവൻ നരച്ചു. മുൻവശത്തെ പല്ലുകളിൽ ചിലതു പോയി. ബാഡുയ്യേ ഹാജാരിയെ തിരിച്ചറിഞ്ഞു. ഗ്രാമീണമായ ആതിഥ്യത്തിനു കുറവു വരുത്തിയില്ല. കാൽ കഴുകാൻ വെള്ളം കൊടുത്തു. ഈ നേരം ഇവിടന്ന് ഊണു കഴിക്കാതെ പോകാൻ സമ്മതിക്കില്ലെന്ന് ഹാജാരിയെ അറിയിക്കയും ചെയ്തു. പുരയ്ക്കു മുമ്പിലുള്ള തെങ്ങിൽനിന്ന് ഇളനീർ പൊട്ടിക്കാൻ അപ്പോൾതന്നെ ആളെ വിളിപ്പിച്ചേർപ്പാടു ചെയ്തു.

അന്നുതന്നെയുണ്ടായിരുന്നില്ല ഗ്രാമത്തിൽ പറയത്തക്ക ആളുകൾ. ഇപ്പോഴേക്ക് അതിലും കുറവായിരിക്കുന്നു. ബാഡുയ്യേയുടെ വീടിനു വടക്കു വശത്തുള്ള മുളങ്കാടിന്നപ്പുറത്ത് അന്ന് ഒരു ഗൃഹസ്ഥൻ പുരവെച്ചു താമസിച്ചിരുന്നു. ഹാജാരിക്ക് അതു നല്ല ഓർമ്മയുണ്ട്. ഇപ്പോഴതു ശൂന്യം പിടിച്ചു കിടക്കയാണ്. ബിഹാരി ബാഡുയ്യേ പറഞ്ഞു "ആര്? ദുലാലിനെപ്പറ്റിയല്ലേ ചോദിക്കുന്നത്? ഇല്ല, അവിടെ ആരുമില്ല. ദുലാലും അയാളുടെ മകൻ നേപാലും കഴിഞ്ഞ കാർത്തിക മാസത്തിൽ മരിച്ചു. അയാളുടെ ഭാര്യ മറ്റു കുട്ടികളോടൊപ്പം അച്ഛന്റെ അടുക്കലേക്കു പോയി. ഇപ്പോൾ അവിടം ശുദ്ധശൂന്യമായിക്കിടക്കുന്നു. ഗ്രാമത്തിന്റെയാകെ സ്ഥിതി ഇതായിരിക്കുന്നു. അതുകൊണ്ട്, നിങ്ങൾ വരാമെന്നേറ്റിട്ടില്ലേ, വരൂന്ന്. ആ ദുലാലിന്റെ പുരയിരുന്നിടത്തു തന്നെ നന്നായിട്ടൊരു പുരവെച്ചോളു. അല്ലെങ്കിൽ ഈ വഴിയരിക്കുള്ള സ്ഥലം തന്നെ തരാം. ഞങ്ങളുടെ ഗ്രാമത്തിൽ കുറെ ആളുകളാണ് ഇപ്പോൾ വേണ്ടത്. വരൂ, ഒന്നാന്തരം വിളവുള്ള നിലം തരാം, മാന്തോട്ടവും പ്ലാവിൻതോട്ടവും തരാം. എത്രവേണം. ഒന്നാന്തരം മാന്തോട്ടവും പ്ലാവിൻതോട്ടവും കാടുകയറിക്കിടക്കുകയാണ്. കുറച്ചു കിഴക്കോട്ടു മാറി ആളുകളില്ല മശായി, ആരനുഭവിക്കും അതൊക്കെ? നിങ്ങൾ വരൂ, നല്ല നാലു തോട്ടങ്ങൾ തരാം. ഞങ്ങളുടെ ഗ്രാമം പോലെ ഖാദ്യസുഖം തരുന്ന മറ്റൊന്നില്ല. എന്തും കിട്ടും പറഞ്ഞ വിലയ്ക്ക്. പാലു വേണോ, പച്ചക്കറികൾ വേണോ? മൽസ്യം വേണോ? എന്തിനും വില വളരെ വളരെ സഹായം."

ഹാജാരി വിചാരിച്ചു - സഹായമാവാതെന്തു ചെയ്യും? വാങ്ങാനാളു വേണ്ടേ? അയാൾക്ക് ഒരു കാര്യം ഓർമ്മവന്നു. അയാൾ ചോദിച്ചു "ഗ്രാമത്തിൽ ആളുകളില്ലെങ്കിൽ ആരാണ് ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കാൻ? ഈ പച്ചക്കറികളും പാലും."

ബാഡുയ്യേ പറഞ്ഞു "നിങ്ങൾക്കു കാര്യം മനസ്സിലായില്ല. മാന്യരായ ആളുകൾ മരിച്ചു പോകുന്നു. എന്നാൽ കൃഷിക്കാർക്കു കുറവു വന്നിട്ടില്ല. സിമ്ലേ ഗ്രാമത്തിന്റെ പുറത്ത് മൈതാനത്തിന്റെ നടുവിൽ നൂറോളം കൃഷി

ക്കാരുടേയും നെയ്ത്തുകാരുടേയും മറ്റും വീടുകൾ കാണാം. അവർക്കിടക്ക് യാതൊരു രോഗവുമില്ല. ഈ മലേറിയയും പണ്ടാരങ്ങളുമെല്ലാം ഭേദപ്പെട്ട കുടുംബക്കാർക്കാണ്. ഈ രോഗം ഇവിടമാകെ ചുടുകാടാക്കിക്കളഞ്ഞു, മശായി!''

ബിഹാരി ബാഡുയ്യേക്ക് നാലാൺകുട്ടികൾ. മൂത്തമകൻ നാലഞ്ചുവർഷങ്ങൾക്കുമുമ്പാണ് വിവാഹം ചെയ്തത്. അയാളുടെ ദേഹസ്ഥിതി കണ്ടിട്ട് ഈ ഗ്രാമത്തിൽ ഒന്നുരണ്ടു കൊല്ലം കൂടി അയാൾ ഈവിധം താമസിക്കുകയാണെങ്കിൽ അയാളുടെ ഭാര്യക്ക് നെറ്റിയിലെ സധവാലക്ഷണമായ സിന്ദൂരത്തിനോടും കൈകളിലെ വളകളോടുമുള്ള (നേർത്ത ഇരുമ്പുവള) മമതവിട്ട് സ്വന്തം ഗ്രാമത്തിലേക്കു പോകേണ്ടി വരും എന്നു ഹാജാരിക്കു തോന്നി.

എന്നാൽ ആ മകന് ഗ്രാമം വിട്ട് വല്ല ദിക്കിലേക്കും പോകാനുമില്ല മാർഗ്ഗം. നിലത്തിൻേറയും കൃഷിയുടേയും മേൽനോട്ടമെല്ലാം അയാൾതന്നെ വേണം. വൃദ്ധനായ ബാഡുയ്യേ തീരെ അശക്തനായിരിക്കുന്നു. മൂത്തമകൻ മാത്രമാണ് അവലംബം. അതുമല്ല പുറത്തുപോയി വല്ല ജോലിയും നോക്കി ജീവിക്കാമെന്നു വെച്ചാൽ അയാൾക്ക് വിദ്യാഭ്യാസവും അത്രക്കൊക്കെയേ ഉള്ളൂ. ഗ്രാമത്തിലെ അപ്പർ പ്രൈമറി സ്കൂൾവരെ മാത്രമേ അയാൾ എത്തുകയുണ്ടായുള്ളു.

എങ്കിലും ഹാജാരി പറഞ്ഞു ''ബാഡുയ്യേ മശായി, ഒരു കാര്യം അറിയിക്കട്ടെ, മുഷിവു തോന്നരുത്. നിങ്ങളുടെ ഒരു മകനെ ഞാൻ റാണാഘാടിലെ ഹോട്ടലിലിരുത്തി പണി പഠിപ്പിച്ചു കൊടുക്കാം. ക്ഷണം ഉയരാം.''

ബിഹാരി ബാഡുയ്യേ പറഞ്ഞു ''ചോറു വിൽക്കുന്ന ഹോട്ടലല്ലേ? വേണ്ട, ക്ഷമിക്കണം. അതൊന്നും വയ്യ. ഞങ്ങളുടെ തറവാട്ടുകാർ ഇത്തരം പ്രവൃത്തികൾ-അതൊക്കെ ഞങ്ങൾക്കു ചേർന്ന തൊഴിലല്ല.''

ഹാജാരിക്കു പിന്നെ വല്ലതും പറയാൻ ധൈര്യമുണ്ടായില്ല.

ശ്രീ നഗർ സിമ്ലേയിൽനിന്നു പുറത്തുകടന്നു നിരത്തിലെത്തിയപ്പോൾ ഇതിനു മുമ്പിലത്തെതവണപോലെതന്നെ അയാൾ ആശ്വാസത്തോടെ നെടുവീർപ്പിട്ടു. ഈവിധമുള്ള നിരുപദ്രവവും നിശ്ചിന്തവുമായ സുഖം മരണത്തിനു സമമാകുന്നു. ഈ സുഖം അയാൾക്ക് അസഹ്യം തന്നെ.

ഗോപാലനഗരത്തിലെത്തിയപ്പോൾ മണി അഞ്ചടിച്ചു.

കുണ്ഡുകുടുംബക്കാർ ഹാജാരിയെ വേണ്ടപോലെ ബഹുമാനിച്ചു. കാരണവർ സന്തോഷത്തോടെ പറഞ്ഞു ''അല്ലാ, ഹാജാരി ഠാക്കൂറല്ലേ ഇത്? എവിടെയായിരുന്നു ഇത്ര നാളും? വരൂ, വരൂ.''

വീട്ടമ്മമാർക്കും സന്തോഷമായി ഹാജാരിയുടെ ദേഹണ്ണത്തിനെപ്പറ്റി എന്നും അവർ പറയാറുണ്ട്. ആൾ കൈപ്പുണ്യമുള്ളവനാണെന്ന കാര്യത്തിൽ പക്ഷാന്തരമുണ്ടായിരുന്നില്ല. അവർ ഹാജാരിയുടെ പഴയ യജമാനത്തിമാർ. എങ്കിലും ന്യായമായും ഹാജാരിക്കു കിട്ടേണ്ട സൽക്കാരത്തിനു കുറവു വന്നില്ല. കാരണവരുടെ ഭാര്യ പറഞ്ഞു ''ഠാക്കൂർ മശായി! രണ്ടു ദിവസത്തെ

അവധിക്കുപോയതായിരുന്നില്ലേ? രണ്ടുകൊല്ലം കഴിഞ്ഞല്ലോ? എന്തുപറ്റി?''

അവർ എന്നും ബ്രാഹ്മണരെ ബഹുമാനിച്ചു പോന്നിട്ടുള്ളവരാണ്. അടുക്കളക്കാരൻ ബ്രാഹ്മണനോടും ആ ബഹുമാനം പ്രദർശിപ്പിക്കുന്നതിൽ അവർ കാർപണ്യം കാട്ടിയില്ല. രണ്ടാം ഗൃഹനായകന്റെ മകൾ നിർമ്മലയുടെ വിവാഹം കഴിഞ്ഞ് അവൾ ശ്വശുരഗൃഹത്തിലേക്കു പോയ സമയമായിരുന്നു ഹാജാരി ജോലിവിട്ട് പോന്നത്. അവൾ ശ്വശുരഗൃഹത്തിൽനിന്നു വന്നിരിക്കുന്ന സമയം. അവൾ ചെന്ന് ഹാജാരിയുടെ കാൽതൊട്ടു നമസ്കരിച്ചിട്ടു പറഞ്ഞു ''ആൾ തരക്കേടില്ല, നിങ്ങൾ. ഞാൻ ശ്വശുരഗൃഹത്തിൽനിന്നു വന്നു നോക്കുമ്പോൾ നിങ്ങളില്ല. 'അദ്ദേഹം' അന്നു വിവാഹത്തിന്റെ പിറ്റേ ദിവസം നിങ്ങൾ പാകംചെയ്ത ഭക്ഷണം കഴിച്ചിട്ടാണു പോയത്. എന്നോടു പറഞ്ഞു 'നിങ്ങളുടെ അടുക്കളക്കാരൻ കേമനാണ്. അയാളുടെ ഭക്ഷണം ഒരിക്കൽക്കൂടി ആസ്വദിക്കാതെ പറ്റില്ല.' വന്നു നോക്കുമ്പോഴല്ലേ. ആളെവിടെ? എവിടെയായിരുന്നു. അന്നത്തെപ്പോലെ ഒരു ദിവസം കൂടിയുണ്ടാക്കണം മാംസക്കറി. ഇവിടെത്തന്നെ നിക്കില്ലേ ഇനി?''

കാര്യം അവരോടു തുറന്നു പറയാൻ ഹാജാരിക്കു വിഷമം തോന്നി. പറയാതെ പറ്റില്ലല്ലോ. അയാൾ നിർമ്മലയോടു പറഞ്ഞു ''നിങ്ങൾക്കൊക്കെ ഞാൻ മാംസക്കറി ഉണ്ടാക്കിത്തരാം കുട്ടി! രണ്ടു ദിവസം ഇവിടെ താമസിച്ച് എല്ലാവർക്കും ഭക്ഷണം പാകം ചെയ്തു തന്നിട്ടേ ഞാൻ പോകുന്നുള്ളൂ.''

കാരണവർ വിവരമെല്ലാമറിഞ്ഞപ്പോൾ സന്തോഷത്തോടെ പറഞ്ഞു ''റാണാഘാടിലെ പ്ലാറ്റ് ഫാമിൽ തുടങ്ങിയിരിക്കുന്ന ഹോട്ടൽ നിങ്ങളുടേതാണല്ലേ? ഭേഷ്, ഭേഷ്! ഞങ്ങളൊക്കെ ബിസിനസ്സുകാരാണു ഠാക്കൂർ മശായി! കണ്ടവരുടെ കീഴിൽ പണിയെടുത്തു കഴിഞ്ഞാൽ ഒരിക്കലും മേൽഗതിയില്ല എന്നു ഞങ്ങൾക്കറിയാം. വ്യവസായം കൊണ്ടേ ഉയരാനാവൂ, എന്തു വ്യവസായമായാലും കൊള്ളാം. നിങ്ങൾക്കു ഒന്നാന്തരമായി ഭക്ഷണം പാകം ചെയ്യാനറിയാം. ഹോട്ടൽ വ്യവസായം മാത്രമാണു നിങ്ങൾക്കു ചേർന്ന ബിസിനസ്സ്. അവനവന് ചെയ്യാവുന്നത്, അറിയാവുന്നത് - നിങ്ങൾക്ക് ഉന്നതിയുണ്ടാവും.''

തിരിച്ചു പോന്നപ്പോൾ അവർ ഹാജാരിക്ക് ഒരു ജോഡി ദോത്തിയും നേരിയതും കൊടുത്തു. അതുവരെ ചെല്ലേണ്ട ശമ്പളവും. ഹാജാരി ശമ്പളം വാങ്ങാൻചെന്നതല്ല പക്ഷേ, അതു പറയുന്നതു ഭംഗിയാവില്ലല്ലോ. ബഹുമാനപൂർവ്വംകൈനീട്ടി അയാൾ മുണ്ടും പണവും വാങ്ങി വിടവാങ്ങി.

റാണാഘാട് സ്റ്റേഷനിൽ വണ്ടിയിറങ്ങിയപ്പോൾതന്നെ നരേനിനെ കണ്ടു. അയാൾ പറഞ്ഞു ''എവിടെ പോയിരുന്നു അമ്മാവൻ? വീട്ടിലുള്ളവർ പരിഭ്രമിച്ചിരിക്കുന്നു. ഇന്നലെ റെയിൽവേ ഇൻസ്പെക്ടർ വന്നിരുന്നു. നമ്മുടെ ഹോട്ടൽ കണ്ടിട്ട് വളരെ സംതൃപ്തി പ്രകടിപ്പിച്ചു. സ്റ്റേഷനിലെ റിപ്പോർട്ടു ബുക്കിൽ നല്ല അഭിപ്രായമാണ് എഴുതി വെച്ചിട്ടു പോയത്.''

''ടേംപിക്കു വിശേഷമൊന്നുമില്ലല്ലോ!''

"ഇല്ല. അന്ന് ഞങ്ങൾ ടാക്കി കാണാൻ പോയിരുന്നു അമ്മാവാ! അമ്മായി, ഞാൻ, പിന്നെ ആശാലതയും. അമ്മായിക്കു ടാക്കി കണ്ടിട്ടുണ്ടായ ഒരു സന്തോഷം!"

ടേംപിയുടെ സന്തോഷം അയാൾ അമ്മായിയുടെ പേരിലാക്കി പറയുകയാണ് ഉണ്ടായത്.

"മറ്റൊരു കാര്യം അമ്മാവാ!"

"എന്താണത്?"

"ഇന്നലെ വേലക്കാരി പത്മ അമ്മാവന്റെ വീട്ടിൽ ചെന്നിരുന്ന് അമ്മായിയോടു വളരെ നേരം സംസാരിച്ചിട്ടു പോയത്രേ. കുസുമേടത്തിയും അമ്മാവനെ ഒന്നു കാണണമെന്നു പറഞ്ഞു. അവരും വന്നിരുന്നു ഇന്നലെ."

വീട്ടിൽ ചെന്നു കയറിയപ്പോഴേക്ക് ടേംപിയും അവളുടെ അമ്മയും ടാക്കിയെപ്പറ്റി അത്യുത്സാഹത്തോടെ പറയാൻ തുടങ്ങി. ജീവിതത്തിൽ ആദ്യമായിട്ടാണ്–അവർക്ക് ഇങ്ങനെയൊന്ന് സങ്കല്പിക്കാൻപോലും കഴിഞ്ഞിരുന്നില്ല ഒരിക്കൽക്കൂടെ കാണണം. ഇത്തവണ ടേംപി അച്ഛനെക്കൂടാതെ പോവില്ല. പണിയൊഴിഞ്ഞിട്ടുള്ള നേരമുണ്ടോ? ഒരു ദിവസം സമയമുണ്ടാക്കി പോണം. അത്രതന്നെ.

"എന്തൊരു പാട്ട്! ഒന്നാന്തരം അച്ഛാ! രണ്ടെണ്ണം പാഠിച്ചു."

"എന്തു പാട്ടാണു കുട്ടീ!"

"ഒരെണ്ണം 'തോമാർപഥ്ചേയേഥാ കബ് ബസേചിരഭിന്.' ഒന്നാന്തരം സ്വരം അച്ഛാ! കേൾക്കണോ? ഒന്നാന്തരമായി അതു ഞാൻ പാടാം."

"ഇപ്പോൾ വേണ്ട. ഇനിയൊരിക്കൽ. ധാരാളം പണിയുണ്ട്."

ടേംപിയെ ഇതു നിരുത്സാഹപ്പെടുത്തി. ഇത്ര സുന്ദരമായ ഒരു പാട്ട് അച്ഛനെ കേൾപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! അച്ഛന് എപ്പൊ നോക്കിയാലും പണി, ഏതു സമയവും പണി

ടേംപിയുടെ അമ്മ പറഞ്ഞു "അല്ല കേൾക്കണോ? ഇന്നലെ പത്മ എന്നൊരുത്തി എന്നെ കാണാനെന്നും പറഞ്ഞു വന്നിരുന്നു. നല്ല സ്ത്രീ. അവളുടെ ഹോട്ടലിൽ നിങ്ങൾ പണിയെടുത്തിരുന്നത്രേ."

ഹാജാരി ഔത്സുക്യത്തോടെ ചോദിച്ചു "എന്തൊക്കെ പറഞ്ഞു അവൾ?"

"ഇരുന്നു പലതും പറഞ്ഞു. വെറ്റില തിന്നാൻ കൊടുത്തു. തിന്നു. അവളുടെ ആ ഹോട്ടൽ പൂട്ടാൻ പോകുന്നു, ഇനി നടത്തുന്നില്ല. എന്തൊക്കെ പറഞ്ഞു."

ഹാജാരി ഇപ്പോഴും പത്മയെ ബഹുമാനിക്കുന്നു. പത്മയേടത്തി. ദോർദണ്ഡ പ്രതാപയായ അതേ പത്മയേടത്തി തന്റെ വീട്ടിൽ വന്നു. തന്റെ പത്നിയെ അന്വേഷിച്ചു വന്ന് വർത്തമാനം പറഞ്ഞു. താൻ ബഹുമാനിതനായ പോലെ തോന്നി ഹാജാരിക്ക്. പത്മയേടത്തി തന്റെ വീട്ടിൽ കാൽകുത്തി, തന്നെ കൃതാർത്ഥനാക്കിയിട്ടു പോയിരിക്കുന്നു.

ടേംപി പറഞ്ഞു "അച്ഛാ, നരേനേട്ടനെ ഞങ്ങൾ ക്ഷണിച്ചിട്ടുണ്ട്. മാംസം

പാകം ചെയ്തു കൊടുക്കണമെന്ന് നരേനേട്ടൻ പറഞ്ഞിരിക്കുന്നു. മാംസം കൊണ്ടുവന്നു തരണം.''

ഹാജാരി ഹോട്ടലിലെ പണിയെല്ലാം കഴിച്ച് കുസുമത്തിൻെറ വീട്ടിലേക്കു പുറപ്പെട്ടു. വഴിക്കു പത്മയെ കണ്ടുമുട്ടി. പത്മ മലിന വസ്ത്രമാണ് ഉടുത്തിരുന്നത്. ഇങ്ങനെ ഒരു വേഷത്തിൽ പത്മയെ അയാൾ കണ്ടിട്ടില്ല.

ഹാജാരി ചോദിച്ചു ''കയ്യിലെന്താണിത് പത്മയേടത്തി? എവിടന്നു വരണു?''

പത്മ ഹാജാരിയെക്കണ്ടു നിന്നിട്ടു പറഞ്ഞു ''ഠാക്കൂർ മശായി! എപ്പോഗി മടങ്ങിവന്നു? കയ്യിൽ പുളി. ഹോട്ടലിൽനിന്ന് എടുത്തു.''

ഹാജാരി ഉള്ളാലെ ചിരിച്ചു. ഹോട്ടലിൽനിന്ന് ഓരോന്നു കാണാതെ ഒളിച്ചു കടത്തിക്കൊണ്ടു പോകാനുള്ള വാസന ഇനിയും വിട്ടിട്ടില്ല പത്മയേടത്തിയെ.

ഹാജാരി കടന്നു പോകാൻ ഭാവിക്കയായിരുന്നു. അപ്പോൾ പത്മ പറഞ്ഞു ''നിൽക്കൂ, കേൾക്കൂ ഠാക്കൂർ മശായി! ഇന്നലെ നിങ്ങളുടെ വീട്ടിൽ പോയിരുന്നു. പറഞ്ഞില്ലേ ഭാര്യ? '

''ഉവ്വുവ്വ്, പറഞ്ഞു.''

''നിങ്ങളുടെ ഭാര്യ നല്ല സ്ത്രീയാണ്. എന്നോട് എന്തൊക്കെ വർത്തമാനം പറഞ്ഞുവെന്നോ! ഇനി ഒരു ദിവസം വരാം.''

''വരൂ പത്മയേടത്തി! സ്വന്തം വീടുപോലെ വിചാരിച്ചാൽ മതി. ഇഷ്ടമുള്ളപ്പോൾ വരാം. ഹോട്ടൽ എങ്ങനെ?''

''തരക്കേടില്ല, ഒരുവിധം നടന്നുപോകുന്നു.''

''ഭേഷ് ഭേഷ്! എന്നാൽ ഞാനിപ്പോൾ വരട്ടെ.''

ഹാജാരി നടന്നു. അയാൾ വിചാരിച്ചു - ഒരുവിധം നടക്കുന്നുവെന്നു പറയുന്നതു കേട്ടില്ലേ? ഇന്നലെയാണ് വീട്ടുകാരിയോടു പറഞ്ഞത് ഹോട്ടൽ നടക്കുന്നില്ല, പൂട്ടേണ്ടിവരും എന്ന്. പത്മ തകർന്നാലും തളരില്ല.

കുസുമത്തിനോട് ഹാജാരി വളരെ നേരം വർത്തമാനം പറഞ്ഞിരുന്നു. പെട്ടെന്ന് നരൂൻ പാഡയിലെ പെൺകുട്ടിയെ ഓർത്തു അയാൾ പറഞ്ഞു - ''പിന്നെയൊരു കാര്യം മോളേ! നീയറിയുമോ? ഏസോശോലയിലെ ബനുമാലിയുടെ ഭാര്യയുടെ സഹോദരിപുത്രിയെ-നിന്നെ ഏടത്തിയെന്നു പറഞ്ഞു വിളിക്കുന്ന ഒരു പെൺകുട്ടി-കല്യാണം കഴിച്ചു കൊടുത്തിരിക്കുന്നത് നരൂൻ പാഡയിൽ.''

കുസുമം പറഞ്ഞു ''അസലായിട്ടറിയും. അവളുടെ പേർ സുവാസിനിയെന്നാണ്. വലിയച്ഛൻ അവളെയെങ്ങിനെയറിയും?''

ഹാജാരി എല്ലാ വർത്തമാനവും കേൾപ്പിച്ചിട്ടു പറഞ്ഞു ''അവളുടെ പണം വാങ്ങിക്കൊണ്ടു പോന്നു. അവളെ പങ്കാളിയാക്കാൻ വിചാരിക്കുന്നു.''

കുസുമം പറഞ്ഞു ''ഇതു സന്തോഷകരമായ വാർത്തതന്നെ. വലിയച്ഛൻെറ ഹോട്ടലിൽ പണം മുടക്കിയാൽ അവൾക്കു മേലിൽ ഗുണ

മുണ്ടാവും.''

''എന്നാൽ ഞാൻ പെട്ടെന്ന് മരിച്ചാലോ മോളേ! അപ്പോൾ ഹോട്ടലെവി ടെയെത്തും?''

''അങ്ങനെയൊന്നും ആരും പറയാറില്ല വലിയച്ഛാ! ഛിഃ''

കുസുമത്തിന്റെ നിലയിൽ വലിയ മാറ്റം വന്നിരിക്കുന്നു ഇപ്പോൾ. ഹാജാരി, തനിക്കു പണം തന്നു സഹായിച്ചവളായിട്ടു മാത്രമല്ല കുസുമത്തെ കാണുന്നത്. അയാളുടെ പങ്കാളിയായിട്ടുകൂടിയാണ്. മാസാമാസം മുപ്പതു നാല്പതു രൂപ അവൾക്കു കൊടുക്കുന്നുണ്ട്. അതാതു മാസത്തെ ലാഭ വിഹിതമായിട്ട്.

കുസുമം പറഞ്ഞു ''എന്തിനാണ് ഇങ്ങിനെയൊക്കെ സംസാരിക്കുന്നത്? എനിക്കിതു കേൾക്കുമ്പോൾ സങ്കടം വരുന്നു. വലിയച്ഛനുള്ളതു കൊണ്ടാണ് റാണാഘാടിൽ തലപൊക്കി നടക്കാറായത്. കുട്ടികൾക്കു രണ്ടു നേരവും വല്ലതും തിന്നുകിടക്കാറായത് ഈ പുര ശ്വശുരൻപണയം വെച്ചിട്ടാണു പോയത്. വലിയച്ഛനോട് ഞാനിതു പറഞ്ഞിട്ടില്ല. ഇതിനകം വീടു വിറ്റു പോകുമായിരുന്നു. ഹോട്ടലിൽനിന്നു മാസംതോറും പണം കിട്ടി വന്നതു കൊണ്ട് അതു തടയാൻ കഴിഞ്ഞു. ആ പണംകൊണ്ട് കടമൊക്കെ വീട്ടി. ഇപ്പോൾ വീട് എന്റെ സ്വന്തമാണ്. വലിയച്ഛന്റെ സഹായംകൊണ്ടാണിതു സാധിച്ചത്. എനിക്കു വലിയച്ഛൻ ദൈവമാണ്.''

ഹാജാരി പറഞ്ഞു ''ഇനി ഞാൻ പുറപ്പെടട്ടെ. സ്റ്റേഷനിലെ ഹോട്ടലിൽ ഒന്നു പോകണം. ഒരു സംഘം മാന്യന്മാർ കൽക്കട്ടയിൽനിന്നു കമ്പിയടിച്ചിരിക്കുന്നു. അവർ ദാർജിലിങ്ങ് മെയിൽ സമയത്ത് ഹോട്ടലിൽ ഉണ്ണാൻ വരുമെന്ന്. അവർക്കായിട്ട് മാംസം ഞാൻതന്നെ ചമയ്ക്കണം. കമ്പിയിൽ അതു പ്രത്യേകം പറഞ്ഞിരുന്നു.''

ഡാർജിലിങ്ങ് മെയിലിൽ നാലഞ്ചു ബാബുമാർ ഇറങ്ങി റെയിൽവേ ഹോട്ടലിൽ ഭക്ഷണത്തിനു ചെന്നു. ഹാജാരി സ്വന്തം കൈകൊണ്ടാണ് മാംസം പാകം ചെയ്തത്. അവർ ഭക്ഷണം ഒന്നാന്തരമായെന്ന് അഭിപ്രായപ്പെട്ടു. അവർ ഹാജാരിയെ വിളിച്ച് കുറച്ചുനേരം സംസാരിച്ചു. അവരിൽ ഒരാൾ പറഞ്ഞു ''ഹാജാരി ബാബു! നിങ്ങളുടെ പേർ കൽക്കത്തവരെ എത്തിയതായി അറിയാമോ നിങ്ങൾക്ക്? വലിയ വീടുകളിൽ അമ്പതു രൂപ ശമ്പളം കൊടുത്ത് അരിവെപ്പുകാരെ വെയ്ക്കുന്നവർക്കുമറിയാം റാണാഘാടിലെ റെയിൽവേ ഹോട്ടലിന്റെ ഉടമയായ ഹാജാരി ഒന്നാന്തരം പാചകനാണ് എന്ന്. ഞങ്ങൾ അതു പരീക്ഷിച്ചു നോക്കാനാണു വന്നത്. കമ്പിയിൽ നിങ്ങൾതന്നെ ഭക്ഷണം പാകംചെയ്യണമെന്നു പറഞ്ഞിരുന്നതും അതുകൊണ്ടുതന്നെ. ഞങ്ങൾക്കു വളരെ സന്തോഷമായി.''

അതുകഴിഞ്ഞ് കുറെ നാളുകൾക്കുശേഷം കൽക്കത്തയിൽനിന്ന് ഒരു കത്ത്-അന്ന് ഹോട്ടലിൽനിന്ന് ഊണു കഴിച്ചു പോയ കൂട്ടർ വീണ്ടും വരുന്നു. കത്തു കിട്ടിയ ദിവസം തന്നെ-വൈകുന്നേരം അത്യാവശ്യമായിട്ടൊരു കാര്യം

ഉണ്ട്. മൂന്നരമണിയുടെ കൃഷ്ണഗർ മെയിലിന്ന് രണ്ടു മാന്യന്മാർ വന്നിറങ്ങി. അവരിൽ ഒരാൾ അന്നു കണ്ട മനുഷ്യൻതന്നെ-ഹാജാരിയുടെ 'ദേഹണ്ണ' ത്തെപുകഴ്ത്തി പറഞ്ഞ ആൾ. മറ്റേയാൾ എവിടത്തുകാരനാണെന്ന് ഹാജാരിക്കു മനസ്സിലായതുമില്ല.

ആദ്യം വന്ന മനുഷ്യൻ ഹാജാരിയെ പുതിയ ആൾക്ക് പരിചയപ്പെടുത്തി കൊണ്ടു ഹിന്ദിയിൽ പറഞ്ഞു "ഇയാളെപ്പറ്റിയാണ് ഞാൻ മുമ്പു പറഞ്ഞത്. ഇയാളുടെ പേർ ഹാജാരി ഠാക്കൂർ."

ഹിന്ദിക്കാരൻ അയാളുടെ ഭാഷയിൽ എന്താണു പറഞ്ഞതെന്ന് ഹാജാരിക്കു നല്ല പിടികിട്ടിയില്ല. അയാൾ തനിക്കു ഹിന്ദി അറിയില്ലെന്ന് ബംഗാളി ബാബുവിനെ സവിനയം അറിയിച്ചു.

ബംഗാളി പറഞ്ഞു "കേട്ടോളൂ ഹാജാരിബാബു! കാര്യമെന്താണെന്നു പറയാം. എൻെറ സ്നേഹിതനായ ഇയാൾ ഗുജറാത്തിയാണ്. വലിയ വ്യവസായധുരന്ധരൻ. ഖാഡേഡ്ഡ കമ്പനിയുടെ വലിയ പങ്കാളി. ജി.പ്പ റെയിൽവേയുടെ എല്ലാ ഹിന്ദു റെസ്റ്റാറണ്ടുകളുടേയും കാൺട്രാക്ട് ഖാഡേഡ്ഡ കമ്പനിക്കാകുന്നു. ഇദ്ദേഹം നിങ്ങളോടു പറയാൻ വന്നതാണ്- അവരുടെ എല്ലാ റെയിൽവേ റെസ്റ്റാറൻറുകളിലേയും ഭക്ഷണ പാകത്തിൻെറ മേൽനോട്ടം വഹിക്കുന്നതിന്ന് മാസം നൂറ്റിയമ്പതുരൂപ ശമ്പളത്തിന്മേൽ നിങ്ങളെ നിയമിക്കാൻ അവർക്ക് ആഗ്രഹമുണ്ട് എന്ന്. മൂന്നു വർഷത്തെ എഗ്രിമെൻറ്. നിങ്ങളുടെ സകല ചിലവും, റെയിൽ വണ്ടിയിൽ എവിടെയും ഇഷ്ടംപോലെ പോകാം-വരാം. നിങ്ങൾക്കായിട്ട് ഒരു ശിപായിയേയും അവർ തരും. ബോംബെയിൽ ഫ്രീ ക്വാർട്ടർ. നിങ്ങളുടെ പാചക ഗുണംകൊണ്ട് അവരുടെ കമ്പനിയുടെ പേർ പൊങ്ങുകയാണെങ്കിൽ ലാഭത്തിൻെറ ഒരംശവും കിട്ടും നിങ്ങൾക്ക്. സമ്മതമാണോ?"

ഹാജാരി നരേനിനെ വിളിച്ചു മാറിനിന്ന് ആലോചന നടത്തി. എന്താ തരക്കേട്. ഇവിടെ വേണ്ടതെല്ലാം നോക്കാൻ നരേനുണ്ട്. ചിലവു കഴിച്ച് മാസാമാസം നൂറ്റിയമ്പതു രൂപ നിസ്സാരമാക്കിത്തള്ളാവുന്ന തുകയല്ല. അതിനും പുറമേ, ഹോട്ടൽ വ്യവസായത്തെപ്പറ്റി ധാരാളം അനുഭവങ്ങളും നേടാൻ കഴിയും. കൈവിട്ടുകൂട. അതാണു നരേനിൻെറ അഭിപ്രായം.

ഹാജാരി ബാബുമാരോടു ചെന്നു പറഞ്ഞു "സമ്മതമാണ്. എന്നു പുറപ്പെടണം? എന്നാൽ ഒരു കാര്യം-എനിക്കു ഹിന്ദി അത്രയൊന്നും അറിയില്ല. എങ്ങനെ കാര്യങ്ങൾ കൊണ്ടുനടത്തും?"

ബംഗാളിബാബു പറഞ്ഞു "അതു സാരമില്ല. അവിടെ ചെന്നു താമസിച്ചാൽ രണ്ടു ദിവസം കൊണ്ടു ഹിന്ദി പഠിക്കാം. ഒപ്പിടൂ ഈ കടലാസിൽ. ഇതു കൺട്രാക് ഫാറമാണ്. ഇതാ നിയമനപത്രം. രണ്ടു സാക്ഷികൾ വേണം."

യദുബാഡുയ്യേയെ ഹോട്ടലിൽനിന്നു വിളിച്ചുകൊണ്ടു വന്നു. രണ്ടാം സാക്ഷി നരേൻ. കടലാസുകളിൽ ഒപ്പിടുന്ന കർമ്മം നിർവഹിച്ചശേഷം ചായ സൽക്കാരംകൊണ്ടു തൃപ്തിവരുത്തി. അവർ വണ്ടിയിൽക്കയറി. ബംഗാ

ളി ബാബു ഹാജാരിയോടു പറഞ്ഞു "മെയ് മാസം ഒന്നാം തീയതി ബോം ബേയിൽ ചെന്ന് ജോയിൻ ചെയ്യണം. നിങ്ങൾക്ക് ഇൻറർ ക്ലാസ്സ് പാസ്സ് ഉടൻ കിട്ടും. ഞങ്ങളുടെ ആളുകൾ നിങ്ങളെ ബോംബേയിലേക്കു കൂട്ടിക്കൊണ്ടു പോകാൻ വരും. ഒരുങ്ങിയിരിക്കണം. ഇനിയുമുണ്ട് പതിനഞ്ചു ദിവസം."

ഹാജാരി സ്റ്റേഷനിൽനിന്നിറങ്ങി കുസുമത്തിനെക്കാണാൻ പുറപ്പെട്ടു. ഇത്ര വലിയ ഒരു കാര്യം ആദ്യം അവളെത്തന്നെ വേണം അറിയിക്കുക. അയാൾ ബോംബേക്കു പോകുന്നു. നൂറ്റിയമ്പതു രൂപ ശമ്പളം. വിശ്വസിക്കാൻ കഴിയുന്നില്ല. എല്ലാം ഒരു സ്വപ്നത്തിലെന്നപോലെ സംഭവിച്ചിരിക്കുന്നു. പണത്തിനുവേണ്ടിയല്ല. ഇവിടെത്തന്നെ കിട്ടുന്നുണ്ട് അയാൾക്ക് ഇതിലധികം ലാഭം. മനുഷ്യജീവിതത്തിൽ രൂപയല്ലല്ലോ എല്ലാം. നാലു നാടുകാണുക, നാലാളുകളുടെ ബഹുമാനത്തിനു പാത്രമാവുക, പുതിയൊരു ജീവിതയാ പനത്തിൻെറ രസമാസ്വദിക്കുക - ഇതൊക്കെയല്ലേ അതിനെക്കാൾ കാര്യം?

യദുബാഡുയ്യേ പുറകിൽനിന്നു വിളിച്ചു "ഏയ് ഹാജാരി സഹോദരാ! നിൽക്കൂ പറയട്ടെ."

ഹാജാരി അടുക്കലെത്തിയപ്പോഴേക്ക് യദുബാഡുയ്യേ, റാണാഘാടിലെ ഹോട്ടൽക്കാരിൽ ഏറ്റവും അധികം മാനിക്കപ്പെടുന്ന അതേ വ്യക്തി, കുമ്പിട്ട് ഹാജാരിയുടെ കാൽ തൊട്ടു തലയിൽ വെക്കാൻ ഭാവിച്ചു. അയാൾ പറഞ്ഞു "ധന്യനാണു നിങ്ങൾ. നന്നായി പ്രവർത്തിച്ചു കാണിച്ചുകൊടുത്തിരിക്കുന്നു നിങ്ങൾ സഹോദരാ! ഹോട്ടൽക്കച്ചവടംകൊണ്ട് ഇങ്ങിനെ ഭാഗ്യം തെളി ഞ്ഞവർ ആരെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. കാൽ തൊട്ടു തലയിൽ വെക്കട്ടെ. നിങ്ങൾ സാമാന്യക്കാരനല്ല."

ഹാജാരി 'അരുത് അരുത്' എന്നു പറഞ്ഞുകൊണ്ടു പുറകോട്ടു നീങ്ങി.

"എന്താണിത് യദുബാഡുയ്യേ മശായി! നിങ്ങൾ എൻെറ ഏട്ടനെപ്പോലുള്ള ഒരാൾ - നിങ്ങളുടെയൊക്കെ അനുഗ്രഹംകൊണ്ട് ഇങ്ങിനെയെല്ലാം ജീവി ക്കുന്നു."

യദുബാഡുയ്യേ പറഞ്ഞു "വരൂ വരൂ, ഈയുള്ളവൻെറ ഹോട്ടലിൽ വന്നി രുന്ന് ഒന്നു വലിച്ചിട്ടു പോകാം."

യദുവിൻെറ അഭ്യർത്ഥന നിരസിക്കാൻ കഴിഞ്ഞില്ല. യദു ചായ സൽ ക്കരിച്ചു. പാലിൽ ചമച്ച ജിലേബി കൊടുത്തു. സ്വന്തം കയ്യാലെ ഹു ക്കതയ്യാറാക്കി നൽകി. സ്വപ്നമോ സത്യമോ? ഈ യദുബാഡുയ്യേയാണ് മുമ്പൊരിക്കൽ തൻെറ ഹോട്ടലിലേക്കു പണിക്കു വിളിച്ചത്, ഹാജാരിയെ യജമാനനെപ്പോലെ ഹാജാരി ബഹുമാനിച്ചിരുന്ന ആൾ.

ഇല്ല, ജീവിതത്തിൽ വേണ്ടത്ര കിട്ടി. ഇതിലധികമൊന്നും അയാൾക്കാവശ്യ മില്ല. രാധാവല്ലഭ മൂർത്തി അയാൾക്കു പലതും അനുഗ്രഹിച്ചു നൽകിയിരി ക്കുന്നു. ആശിച്ചിരുന്നതിലേറെ.

കുസുമം വർത്തമാനം അറിഞ്ഞപ്പോൾ ആദ്യം വളരെയധികം വിരോധം പറഞ്ഞു എന്താണീ വലിയച്ഛൻ വിചാരിച്ചിരിക്കുന്നത്? ഈ വയസ്സുകാ

ലത്തു ഇത്ര ദൂരെ പോകാൻ സമ്മതിക്കില്ല. വലിയമ്മയെക്കൊണ്ടു തടസ്സം പറയിക്കും. ഇതിലധികമൊന്നും വേണ്ട പണം. ഏഴു സമുദ്രങ്ങൾക്കും പതിമ്മൂന്നു നദികൾക്കുമപ്പുറത്തുള്ള ഒരു രാജ്യത്തു പോകേണ്ട യാതൊരാവശ്യവുമില്ല

ഹാജാരി പറഞ്ഞു "മോളെ, അവിടെ അധികം നാൾ താമസിക്കില്ല. സാക്ഷികളുടെ മുന്നിൽ വെച്ച് കരാറിൽ ഒപ്പിട്ടു കൊടുത്തുപോയി. പോയില്ലെങ്കിൽ അവർ കരാർ ലംഘിച്ചതിന് കോടതിയിൽ കേസ്സു കൊടുക്കും. മറ്റൊരുദ്ദേശവും കൂടിയുള്ളത് എന്താണെന്നറിയാമോ, മോളേ! വലിയവലിയ ഹോട്ടൽ എങ്ങനെ നടത്തുന്നുവെന്ന് നേരിട്ടു കണ്ടു പഠിക്കാൻ കഴിയും. ഇതിലൊരു 'കമ്പം' പോലെയായിരിക്കുന്നു എനിക്ക്. ഈ തൊഴിലിലേക്കിറങ്ങിയ സ്ഥിതിക്ക് ഇതിൻെറ സകല രഹസ്യങ്ങളും മനസ്സിലാക്കാതെ വിടരുത്. തടസ്സം നിക്കരുത് മോളേ, നീ തടസ്സം പറഞ്ഞാൽ എനിക്കു തട്ടിക്കളയാൻ വയ്യ."

ടേംപിയും അമ്മയും കൂട്ട നിലവിളി തുടങ്ങി. അവരെ സമാധാനിപ്പിക്കാൻ നരേനുണ്ടല്ലോ. "അമ്മാവൻ വല്ല ദിക്കിലേക്കും പൊയ്ക്കളയുകയാണെന്നാണോ വിചാരം? ഇതിൽ ഇത്രക്കൊക്കെ കരയാനെന്തു കിടക്കുന്നു? ബോംബെ ഇവിടെയടുത്തല്ലേ? ഓരോരുത്തർ ജോലിയന്വേഷിച്ച് ഇതിലും എത്രയോ ദൂരെ പോകുന്നു."

അന്നുതന്നെ രാത്രി ഹാജാരി നരേനിൻെറ അമ്മാവൻ ബംശീ ഠാക്കുറിനെ വിളിച്ചു പറഞ്ഞു "ഒരു കാര്യം പറയാനുണ്ട്. പതിനഞ്ചു ദിവസത്തിനകം ഞാൻ ബോംബെക്കു പോകയാണ്. എനിക്കൊരാഗ്രഹം-പോകുംമുമ്പുതന്നെ ടേംപിയെ നരേനിന്നു വിവാഹം ചെയ്തു കൊടുക്കണം എന്ന്. ഇവിടുത്തെ കാര്യങ്ങൾ ഒക്കെ നരേൻ നോക്കും. റെയിൽവേ ഹോട്ടൽ അയാൾ നേരിട്ടു സ്വയം നോക്കാതെ പറ്റില്ല. അതിലാണ് കൂടുതൽ ലാഭം. എന്താണഭിപ്രായം?"

ബംശി വളരെനാൾ മുമ്പുതന്നെ ഇങ്ങനെയൊന്നു നടക്കുമെന്ന് ഉറപ്പിച്ചിരുന്നതാണ്. അയാൾ പറഞ്ഞു "ഹാജാരിയേട്ടാ, ഞാനെന്തു പറയാനാണ്. നിങ്ങളോടൊപ്പം നിന്നു ഹോട്ടലിൽ പണിയെടുക്കുന്നു. സുഖമായാലും ദുഃഖമായാലും നമ്മൾ ഒപ്പമൊപ്പം പങ്കിട്ടു പോന്നിട്ടുണ്ട്. നരേനും നിങ്ങളുടെ സ്വന്തം മകൻ നിങ്ങൾ പറയുന്നതിന് ഒരു വിരോധം പറയാൻ ഒന്നുമില്ല. അവനുമില്ല ആരും. എല്ലാമറിയാമല്ലോ നിങ്ങൾക്ക്. നല്ലതെന്നു തോന്നുന്നതു ചെയ്യും."

പങ്കുവെക്കലും കൊടുക്കലും ഒക്കെ ക്ഷണം കഴിഞ്ഞു. ഹാജാരി റെയിൽവേ ഹോട്ടലിൻെറ ഉടമസ്ഥാവകാശം ടേംപിയുടെ പേരിലാക്കിക്കൊടുക്കും. അയാളില്ലാത്ത സമയം നരേൻ മാനേജരായി രണ്ടു ഹോട്ടലുകളും നോക്കും. ബജാറിലെ ഹോട്ടലിൻെറ ആദായത്തിൻെറ അംശം കുസുമത്തിനും ടേംപിയുടെ അമ്മയ്ക്കും കിട്ടിക്കൊണ്ടിരിക്കും.

വിവാഹ ദിവസം തീരുമാനിച്ചു.

ടേംപിയുടെ അമ്മ പറഞ്ഞു "കേട്ടില്ലേ, നിങ്ങടെ മോളു പറയണു അതസിയെ ക്ഷണിക്കണമെന്ന്. അവളുടെ വലിയ ചങ്ങാതിയല്ലേ? വിവാഹദിവസം വരണമെന്നു പറഞ്ഞ് എഴുതൂ."

ഹാജാരിയും അതുതന്നെയാണ് ആലോചിച്ചിരുന്നത്. അവളെക്കണ്ടിട്ടു വളരെ നാളായി. അവളുടെ അയാചിതമായ ഔദാര്യമൊന്നുതന്നെയാണ് ഹാജാരിയെയും അയാളുടെ കുടുംബത്തെയും മറ്റുള്ളവരുടെ മുമ്പിൽ മാന്യസ്ഥാനത്തെത്തിച്ചത്. അതസിയുടെ ശ്വശുരഗൃഹത്തിന്റെ പേർ ഹാജാരിക്കറിയില്ല. വർധമാന ജില്ലയിലെ ഒരു പ്രഭു കുടുംബമാണെന്നു മാത്രമറിയാം. സമയം അധികമില്ല. അതിനാൽ ഹാജാരി കത്ത് അതസിയുടെ അച്ഛന്റെ പേർക്കയച്ചു.

വിവാഹത്തിന് ഏതാനും ദിവസംമുമ്പ് ഹാജാരി ശ്രീമന്ത് കാസാരിയുടെ കടയിൽ പാത്രങ്ങൾ വാങ്ങാൻ ചെന്നു. ശ്രീമന്ത് പറഞ്ഞു "വരൂവരൂ, ഹാജാരിബാബു, ഇരിക്കൂ. ആരവിടെ, ബാബുവിന് പുകവലിക്കാൻ കൊണ്ടുവരൂ."

ഹാജാരി പാത്രങ്ങൾ നോക്കി തിരഞ്ഞെടുക്കുന്ന സമയം ചില പഴയ പാത്രങ്ങൾ, ഒരു പിച്ചളത്തൊട്ടി, മുതലായവ പുതിയ പാത്രങ്ങളുടെ കൂട്ടത്തിൽ കണ്ടിട്ടു ചോദിച്ചു "ഇതൊക്കെയെന്താണിവിടെ? പഴയ പാത്രങ്ങളാണല്ലോ? ഉടച്ചു വാർക്കാനുള്ളതോ?"

ശ്രീമന്ത് പറഞ്ഞു "അതു പറയാൻ ഭാവിക്കയായിരുന്നു. അതൊക്കെ നിങ്ങളുടെ പഴയ ഹോട്ടലിലെ പത്മ കൊണ്ടുവന്നു വെച്ചിട്ടു പോയതാണ്. പണയത്തിനല്ല. വിൽക്കാൻ തയ്യാർ. നിങ്ങൾക്കൊന്നുമറിയില്ല? ചക്കത്തിമശായിയുടെ ഹോട്ടൽ സീലുവെക്കും. ഉത്തമർണ്ണന്മാർക്കും വീട്ടുടമയ്ക്കും അനവധി പണം കൊടുക്കാനുണ്ട്. അവർ അന്യായം കൊടുത്തു. മശായി, പഴയതാണെങ്കിലും വാങ്ങിക്കോളൂ. നിക്കൾക്കു ഹോട്ടലിൽ ഉപയോഗിക്കാമല്ലോ. വലിയ ചോറ്റുപാത്രം, പിച്ചളത്തൊട്ടി, വലിയ ഉരുളി. ആദായത്തിനു തരാം. ആരെക്കൊണ്ടാകും പണയം വെക്കാനും മറ്റും. അതു വലിയ 'കചഡ'യാണ്. അതിൽ ഭേദം വിൽക്കലാണ്."

ഹാജാരിക്ക് ഇതൊന്നും അറിയില്ലായിരുന്നു. അയാൾ ചോദിച്ചു "പത്മ തന്നെ വന്നിരുന്നോ?"

ശ്രീമന്ത് പറഞ്ഞു "ഉവ്വ്, ഹോട്ടലിലെ ഒരു വേലക്കാരനുമുണ്ടായിരുന്നു കൂടെ. ഹോട്ടലിൽ സീലുവെച്ചാൽ അവിടന്ന് പിന്നെ ഒരു സാധനവും ഇളക്കാൻ സമ്മതിക്കില്ല എന്നു പറഞ്ഞ് ഇന്നലെ എന്നെ ഏല്പിച്ചിട്ടു പോയി. അതു പണയംവെച്ച് കുറെ പണം തരണം എന്നാണു പറയുന്നത്. ചക്കത്തിമശായിയുടെ നില വളരെ പരുങ്ങലിലാണത്രേ."

പാത്രക്കടയിൽ നിന്നിറങ്ങി മറ്റു പല കാര്യങ്ങളും നിർവ്വഹിച്ചു തിരിച്ചപ്പോൾ നേരമൊരുപാടായി. ബേചുചക്കത്തിയെ ഒന്നു കാണണമെന്നുണ്ടാ

യിരുന്നു. അതു നടന്നില്ല.

കുസുമം കുറെ ദിവസമായി ഹാജാരിയുടെ വീട്ടിൽതന്നെയാണ്. കല്യാണത്തിന്റെ ഉത്സാഹം. ഹാജാരി അവളെ വീട്ടിൽ പോകാൻ സമ്മതിക്കുന്നില്ല. പറയുകയാണ് "മോളേ, നീ ഇവിടത്തെത്തന്നെ ഒരംഗമാണ്. നീ ഇവിടെ ഉണ്ടായാൽ എനിക്കു സമാധാനമാവും. കല്യാണം കഴിയുംവരെ ഇവിടെ നിക്കണം."

വിവാഹത്തിന്റെ തലേനാൾ അതസിയുടെ കത്തു കിട്ടി. "അവൾ കൃഷ്ണനഗർ ലോക്കലിനു വരുന്നു. സ്റ്റേഷനിൽ ആളുണ്ടായിരിക്കണം."

വേറെയാരും അതസിയെ അറിയില്ല. സ്റ്റേഷനിൽ ചെന്ന് ആളെ തിരിച്ചറിഞ്ഞു കൂട്ടിക്കൊണ്ടു വരാൻ ആരുണ്ട്? ഹാജാരിതന്നെ വൈകിട്ട് അഞ്ചുമണിക്ക് സ്റ്റേഷനിൽ ചെന്നു.

ഇന്റർ ക്ലാസ്സിൽനിന്ന് അതസിയും ഒപ്പം ഒരു യുവാവും ഇറങ്ങി. എന്നാൽ അവരെ സ്വീകരിക്കാൻ അടുക്കലേക്കു ചെന്നപ്പോൾ ഹാജാരി കണ്ടകാഴ്ച! ലോകത്തിലെ എല്ലാ വെളിച്ചവും പെട്ടെന്ന് അണഞ്ഞ് ഇരുട്ടിൽ എല്ലാം ഏകാകാരമായപോലെ അയാൾക്കു തോന്നിപ്പോയി.

അതസി വിധവയുടെ വേഷത്തിൽ.

അതസി ഹാജാരിയുടെ കാൽതൊട്ടു നമസ്കരിച്ചിട്ടു പറഞ്ഞു "അമ്മാവനു സുഖമല്ലേ? ഇയാൾ സുരേൻ-എന്റെ ഭർത്താവിന്റെ ജ്യേഷ്ഠന്റെ മകൻ കൽക്കത്തയിൽ പഠിക്കുന്നു എന്താണിങ്ങനെ നോക്കിനിന്നു കളഞ്ഞത്?"

"ഇല്ല-മോളേ! ഈ-നടക്കൂ, വരൂ."

"ഇവൾ പിന്നെയും എത്തിയല്ലോ എന്നു വിചാരിക്കയാവും. ഒരു പ്രകാരത്തിൽ യാത്രയാക്കിയതായിരുന്നു. വീണ്ടും വന്നു ഉള്ള ഭാരമെല്ലാം വലിച്ചുകൊണ്ട്. അതല്ലേ ആലോചന? അച്ഛന്മാരും അമ്മാവന്മാരും ഈവിധം നിഷ്ഠുരന്മാർതന്നെ, അല്ലെങ്കിലും."

ഹാജാരി പെട്ടെന്നു പൊട്ടിക്കരഞ്ഞുപോയി. പ്ലാറ്റ് ഫാറത്തിൽ വിസ്മയിച്ചു നിന്നുപോയ ജനതയുടെ മദ്ധ്യത്തിൽ എന്താണു തനിക്കു മനസ്സിൽ സംഭവിച്ചു പോയതെന്ന് അയാൾക്കുതന്നെ വിശദീകരിക്ക സാധ്യമല്ല. മനസ്സു വേദനകൊണ്ട് നുറുനുറെ നുറുങ്ങിപ്പോയി. അതസിതന്നെ അയാളെ ആശ്വസിപ്പിച്ച് പ്ലാറ്റ് ഫാറത്തിൽനിന്നു പുറത്തേക്കു കൊണ്ടുവന്നു. റെയിൽവേ ഹോട്ടലിന്നടുക്കൽ നരേൻ അവരെ കാത്തു നിന്നിരുന്നു. അയാൾ ഹാജാരിയുടെ മുഖത്തേക്കു നോക്കി-കണ്ണുകൾ കലങ്ങിയിരിക്കുന്നു. മുഖത്തു എന്തോ ഒരു ഭാവം. അതസിയുടെ വിധവാവേഷവും അയാളെ കുഴക്കി. കാരണം അതസിയുടെ എല്ലാ വിവരവും ടേംപി അയാളോടു പറഞ്ഞുകഴിഞ്ഞിട്ടുണ്ടായിരുന്നു. രണ്ടു മൂന്നു കൊല്ലം മുമ്പാണ് അവളുടെ വിവാഹം കഴിഞ്ഞതെന്നും കേട്ടിരുന്നു. അതസി വിധവയായെന്ന് ആരും പറയുകയുണ്ടായിട്ടില്ല.

വീട്ടിലെത്തിയ അതസിയെ കൂട്ടിക്കൊണ്ട് ടേംപി വീടിന്റെ ടെറസ്സിൽ ചെന്നിരുന്നു വളരെനേരം വർത്തമാനം പറഞ്ഞു. വളരെ നാളുകൾക്കു

ശേഷമുള്ള കണ്ടുമുട്ടൽ. എന്തെല്ലാം കാര്യങ്ങളുണ്ടു പറയാൻ!

ബാല്യകാല സഖിയുടെ അവസ്ഥ കണ്ടിട്ട് ടേംപി കരഞ്ഞുപോയി. അതസി പറഞ്ഞു "നിങ്ങളെല്ലാവരും ഇങ്ങിനെ കരയാൻ തുടങ്ങിയാൽ ഞാനിവിടന്നു പോവുകയായി. അച്ഛനമ്മമാരുടെ അടുക്കലേക്കു വന്നതാണ്, സഹോദരിയെക്കാണാൻ വന്നതാണ്. ഇവിടെ വന്നു നോക്കുമ്പോഴുണ്ട്-കരച്ചിലും കരച്ചിലോടു കരച്ചിലും.... അടുക്കലേക്കു വരൂ. ഈ ഒരു ജോടി കമ്മൽ ഇട്ടു നോക്കു, കാണട്ടെ. ഈ ബ്രേസ്‌ലെറ്റും-നീട്ടു കൈ-"

ടേംപി കൈ തട്ടിക്കൊണ്ടു പറഞ്ഞു "ഇതു നിങ്ങളുടെ ബ്രേസ്‌ലെറ്റാണ് അതസിചേച്ചി, ഞാനിതൊരിക്കലും ഇടില്ല. ഒരിക്കലും-"

"ഇല്ലെങ്കിൽ ഞാനെൻെറ തലതച്ചുടക്കും ഈ തട്ടിൽ - സത്യം. എൻെറ ആഗ്രഹം സാധിപ്പിച്ചു തരാത്തതെന്താണു നീ?"

ടേംപി പിന്നെ തടസ്സം പറഞ്ഞില്ല. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അതസി അവളുടെ വലതുകൈ പിടിച്ച് അതിൽ ബ്രേസ്‌ലെറ്റ് തിരിച്ചുതിരിച്ച് ഇട്ടുകൊടുത്തു.

ഹാജാരി രാത്രി വളരെ നേരമായി ഹുക്ക വലിച്ചുകൊണ്ടിരിക്കുന്നു. അതസി പതുക്കെ അരികിൽ ചെന്നുനിന്നു വിളിച്ചു "അമ്മാവാ!"

ഹാജാരി ഒരു ഞെട്ടലോടെ ചോദിച്ചു "അതസിമോൾ! ഇനിയും ഉറങ്ങിയില്ലേ?"

"ഇല്ല അമ്മാവാ, അമ്മാവനോട് ഇതുവരെ വർത്തമാനം പറയാൻ ഇട കിട്ടിയില്ല. അതുകൊണ്ടു വന്നതാണ്."

ഹാജാരി നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു "ഇങ്ങനെയാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ക്ഷണിച്ചു വരുത്തുകയില്ലായിരുന്നു മോളേ! ഞാൻ ഒന്നും തന്നെ കേട്ടിട്ടുണ്ടായിരുന്നില്ല. വളരെ നാളായി നാട്ടിൽ പോയിട്ട്. നിൻെറ ഈ വേഷം കാണാനാണോ ഞാൻ വിളിച്ചു വരുത്തിയത്?"

അതസി ഒന്നും പറഞ്ഞില്ല. അയാളുടെ സ്നേഹംനിറഞ്ഞ പിതൃഹൃദയത്തിൻെറ സാന്നിധ്യം-അതിൻെറ ഗഹനതയിൽ അവൾ തൻെറ ദുഃഖത്തിന്നു സാന്ത്വനമന്വേഷിക്കയായിരുന്നു.

ഹാജാരി സസ്നേഹം അവളെ അടുക്കൽ ഇരുത്തി. കുറച്ചു നേരത്തേക്ക് ആരും ഒന്നും പറഞ്ഞില്ല. പിന്നെ അതസി പറഞ്ഞു "അമ്മാവാ, ഞാനൊരു ദിവസം പറഞ്ഞില്ലേ അമ്മാവന് ഹോട്ടൽ തുടങ്ങിയാൽ ക്ഷണം ഉയരാൻ കഴിയുമെന്ന്? ഓർക്കുന്നില്ലേ?"

"എല്ലാം എനിക്കോർമ്മയുണ്ട് മോളേ! ഞാൻ ഒന്നും മറന്നിട്ടില്ല. എനിക്ക് ഇവിടെയുണ്ടായിട്ടുള്ള അഭിവൃദ്ധിയെല്ലാം നിൻെറ ദയകൊണ്ടു മാത്രമുണ്ടായതാണ് മോളേ! നീ ദയ കാട്ടിയിരുന്നില്ലെങ്കിൽ-"

അതസി പരിഭവസ്വരത്തിൽ പറഞ്ഞു "അങ്ങനെയൊന്നും പറയരുത് അമ്മാവാ! ഛീ! ഞാൻ പണം തന്നാൽതന്നെ അമ്മാവന്ന് യോഗ്യതയില്ലെങ്കിൽ അതിന് അഭിവൃദ്ധി ഉണ്ടാകുമോ? മൂന്നു കൊല്ലംകൊണ്ട് ഇത്ര വലിയ

ഒരു സ്ഥാപനം കെട്ടിപ്പടുക്കാൻ സാധാരണക്കാരനു കഴിയുമോ? എനിക്കൊന്നും അറിയില്ലായിരുന്നു. ഇവിടെ വന്നു കണ്ടിട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. അമ്മാവൻ തൻേറടവും യോഗ്യതയും ഉള്ള ആളാണ്."

"ഇനി നീ ഏസോശോലയിലേക്കോ അതോ ശ്വശുര ഗൃഹത്തിലേക്കു തന്നെയോ?"

"ഏസോശോലയിലേക്കാണ് ഈ വഴി. അച്ഛനമ്മമാർ ദുഃഖിച്ചിരിക്കയാണ് കുറച്ചുനാൾ അവരുടെ അടുക്കൽ താമസിക്കും. അറിയാമോ അമ്മാവാ, എനിക്കുള്ള മോഹമെന്താണെന്ന്? സാധാരണക്കാർക്ക് ഉപകാരമാവുന്ന വല്ലതും നാട്ടിൽ ചെയ്യണം അച്ഛൻെറ സ്വത്തു മുഴുവൻ എനിക്കു കിട്ടും ശ്വശുരഗൃഹത്തിൻെറ വകയും കിട്ടും. എന്നാൽ ആ പണം എനിക്കു ആവശ്യമില്ല പത്തുപേർക്ക് ഉപകാരപ്രദമായ വല്ലതും അതുകൊണ്ടു ചെയ്യുന്നതിലാണു സുഖം"

"നല്ലതെന്നു തോന്നുന്നതു ചെയ്യൂ മോളേ! ഞാനെന്തു പറയാനാണ്?"

"അമ്മാവൻ ബോംബേക്കു പോകുന്നുണ്ടോ?"

"ഉവ്വ്, മോളേ!"

അതസി കുട്ടികളെപ്പോലെ കൊഞ്ചിക്കൊണ്ടു പറഞ്ഞു "എന്നെയും കൂടെ കൊണ്ടു പോകാമോ? ഒരു ബുദ്ധിമുട്ടും ഉണ്ടാക്കില്ല. അമ്മാവന് അരിവെച്ചു തരാം. എനിക്കു നാടുകൾ നടന്നു കാണാൻ വളരെ ഇഷ്ടമാണ്."

"വരൂമോളേ! ഇത്തവണയല്ല. ഞാൻ മൂന്നു കൊല്ലം അവിടെയുണ്ടാവും. നോക്കട്ടെ എന്തൊക്കെ സൗകര്യങ്ങളാണ് അവിടെയുള്ളതെന്ന്. എന്നിട്ടു വന്നാൽ മതി."

"നേരാണോ അമ്മാവാ! ഓർമ്മയുണ്ടായിരിക്കുമോ?"

"ശരിക്കും ഓർമ്മയുണ്ടായിരിക്കും. ഇനി പോയിക്കിടന്നുറങ്ങു മോളേ! വണ്ടിയിൽ വളരെ ബുദ്ധിമുട്ടിയിട്ടുണ്ടാവും. പോയി വിശ്രമിക്കൂ, ഇനി."

പിറ്റേന്നാൾ വിവാഹം. ടേംപിയുടെ മാർദ്ദവമുള്ള കൈ നരേനിൻെറ ബലിഷ്ഠമായ കയ്യിൽ വെച്ചു കൊടുത്തപ്പോൾ ഹാജാരിയുടെ കണ്ണുകൾ നനഞ്ഞു.

എത്ര നാളത്തെ ആഗ്രഹം-രാധാവല്ലഭമൂർത്തി ഇന്നതു സാധിപ്പിച്ചു കൊടുത്തിരിക്കുന്നു.

ബംശിധർ ഠാക്കൂർ വരൻെറ കാരണവസ്ഥാനത്ത് ഉടുത്തൊരുങ്ങിയങ്ങനെ ഇരിക്കുന്നു. അയാളും ആ സമയത്ത് ആവേശം നിറഞ്ഞ സ്വരത്തിൽ വിളിച്ചു "ഹാജാരിയേട്ടാ!"

ബസാറിലെ ഹോട്ടലുകളിൽ വേലചെയ്തിരുന്ന ബ്രാഹ്മണ ഠാക്കൂർമാർ എല്ലാവരും തന്നെ ബന്ധുമിത്രാദികളോടൊപ്പം വരഘോഷയാത്രക്കുണ്ടായിരുന്നു. ഈ വിവാഹം ഹോട്ടൽ ജാതിക്കാരുടേതാണ്. അതിനു പുറത്തുള്ള, ആ ലോകത്തിനു വെളിയിലുള്ള ആരേയും ക്ഷണിച്ചിട്ടുണ്ടായിരുന്നില്ല. അവരുടെ ഉച്ചത്തിലുള്ള കളഘോഷം, ചിരി, നേരമ്പോക്ക്-മുതലായവ

കൊണ്ട് വീടാകെ കിടന്നിരമ്പി.

വിവാഹത്തിൻെറ പിറ്റേന്നാൾ വരവധുക്കൾ യാത്രയായി. അവർ അത്ര ദൂരത്തേക്കല്ല യാത്ര. ഇതേ റാണാഘാടിൽ ചൂർണ്ണിക്കരയിൽ ഹാജാരി ഒരു വീട് അഞ്ചു ദിവസത്തേക്കു വാടകക്കെടുത്തിരിക്കയാണ്. നാട്ടിൽനിന്നു ബംശിധരൻെറ അകന്ന ബന്ധത്തിൽപെട്ട ഒരു ചിറ്റമ്മ വിവാഹം പ്രമാണിച്ച് അവിടെ വന്നിട്ടുണ്ട്. ബംശീധരൻെറ ഭാര്യ മരിച്ചുകഴിഞ്ഞിരുന്നു. ആ വീട്ടിലാണു ബൗഭാത് (വധു ഗൃഹത്തിൽ പ്രവേശിച്ച് ആദ്യമായി സ്വന്തം കൈകൊണ്ട് ഭക്ഷണം പാകം ചെയ്ത് ബന്ധുക്കളേയും നാട്ടുകാരേയും ഊട്ടുന്നകർമ്മം).

ഹാജാരി റെയിൽവേ ഹോട്ടലിൽ പോയി മടങ്ങുകയായിരുന്നു. മണി ഏതാണ്ടു പത്ത്, ബേചുചക്കത്തിയുടെ ഹോട്ടലിൽ എന്തൊന്നില്ലാത്ത ആൾത്തിരക്കുകണ്ട് നിന്നു. കോർട്ടു ശിപായിയും ആമിനും ആൾക്കൂട്ടത്തിനു നടുക്ക്, ഒപ്പം രാംരതൻ പാൽചൗധുരിയുടെ ജമാദാരും. സംഗതിയന്വേഷിച്ചപ്പോൾ കടക്കാരുടെ പണം കൊടുക്കാത്തതിന് അവർ ഹോട്ടൽ സീൽ വെയ്പിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞു.

ഹാജാരി കുറച്ചുനേരം സ്തംഭിച്ചപോലെ നിന്നുപോയി. അയാളുടെ പഴയ യജമാനൻെറ ഹോട്ടൽ - ഇവിടെ ഏഴുകൊല്ലം സുഖങ്ങളും ദുഃഖങ്ങളും അനുഭവിച്ചു കഴിച്ചുകൂട്ടിയവനാണു താൻ. ആ പഴയ ഹോട്ടലാണ് ഇല്ലാതാകാൻ പോകുന്നത് അല്പം കഴിഞ്ഞപ്പോൾ വേലക്കാരി പത്മ രണ്ടു കയ്യിലും ഓരോ വലിയ തൊട്ടി തൂക്കിപ്പിടിച്ചുകൊണ്ട് പുറം വാതിലിലൂടെ പുറത്തേക്കിറങ്ങി കോടതി ശിപായിമാർ ഇത് ആമിനിൻെറ ശ്രദ്ധയിൽപെടുത്തി. ആമിൻ രണ്ടു സാക്ഷികളെ വിളിച്ചു പറഞ്ഞു "നോക്കിൻ, ആ സ്ത്രീ ഹോട്ടലിൽനിന്നു സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നു. ഇത് നിയമവിരുദ്ധമാകുന്നു. ഞാൻ നിങ്ങളുടെ മുമ്പിൽവെച്ച് അവളെ തടയാൻ പോകുന്നു."

ശിപായികൾ ചെന്നു തടഞ്ഞു "തൊട്ടികൾ അവിടെ വെക്കൂ."

പിന്നീടു കുറച്ചുകൂടി അടുക്കലേക്കു ചെന്നു നിന്നിട്ടു പറഞ്ഞു "തൊട്ടികൾ മാത്രമല്ല ബാബു അതിൽ പിച്ചള-ചെമ്പു പാത്രങ്ങളുമുണ്ട്."

ഇതിനിടക്ക് പത്മ തൊട്ടികളിലുള്ള പിടുത്തം ഒന്നുകൂടി മുറുക്കി. അവൾ പറഞ്ഞു "ഈ പാത്രങ്ങൾ എൻെറ സ്വന്തമാണ്. ഹോട്ടലേ ചക്കത്തിയുടേതായിട്ടുള്ളൂ. പാത്രങ്ങളെല്ലാം എൻെറ വീട്ടിൽ നിന്ന് എടുത്തുകൊണ്ടു വന്നവയാണ്. ഞാനവയെടുത്തു കൊണ്ടുപോകുന്നു-"

ശിപായികൾ വിട്ടില്ല. പത്മയും ഇളകിയില്ല. ഒടുവിൽ വാക്കാണം തുടങ്ങി കശപിശയ്ക്കുശേഷം പാത്രങ്ങൾ പിടിച്ചുപറ്റുവാനുള്ള സംരംഭമായി നേരമ്പോക്കു കാണുവാൻ ആളുകൾ തടിച്ചുകൂടി.

കടക്കാരിൽ ഒരുവൻ പറഞ്ഞു "ഞാൻ എല്ലാവരുടേയും മുമ്പിൽ വെച്ചു പറയുന്നു-പാത്രങ്ങൾ വിട്ടു തന്നില്ലെങ്കിൽ കോടതി നിയമം ലംഘിച്ചതിനു പോലീസിൽ പിടിച്ചേൽപിക്കും."

ഒരു സാക്ഷി പറഞ്ഞു "അതെങ്ങനെ ബാബു! അവളുടെ പേരിൽ കോടതി

ഡിക്രിയില്ലല്ലോ. അവളെന്തിനു കോടതി ഡിക്രി മാനിക്കണം?''

ആമിൻ പറഞ്ഞു ''അതല്ല, അവളെ സാധനങ്ങൾ മോഷ്ടിച്ചതിന്ന് ചാർജ്ജുചെയ്തു പോലീസിലേല്പിക്കാവുന്നതാണ്. ഈ ഹോട്ടൽ ഇപ്പോൾ പണം കടം കൊടുത്ത ഉത്തമർണ്ണരുടേതാണ്. അപരൻെറ വസ്തു നീക്കം ചെയ്യാൻ അവൾക്കെന്തു റൈറ്റാണുള്ളത്? അവളോടു ചോദിക്കൂ, മര്യാദക്കു പാത്രങ്ങൾ വിട്ടുതരാൻ ഭാവമുണ്ടോ എന്ന്.''

അവൾ അതൊന്നും കേൾക്കാൻ തയ്യാറില്ല. പാത്രങ്ങൾ ഒന്നുകൂടി ചേർത്തുപിടിക്കയാണ് ഉണ്ടായത്. ആമിൻ പറഞ്ഞു ''അവളുടെ കയ്യിൽനിന്നു പാത്രങ്ങൾ പിടിച്ചു പറ്റൂ. ധിക്കാരിപ്പെണ്ണ്! മര്യാദക്കു പറഞ്ഞാൽകേൾക്കാനല്ല ഭാവം.''

ശിപായികൾക്കു വീര്യം കൂടി. ഇതു കേട്ടപ്പോൾ വീണ്ടും വീണ്ടും പിടിയും വലിയും തുടങ്ങുന്ന ലക്ഷണമാണെന്നു കണ്ട് ഹാജാരി അടുക്കലേക്കു ചെന്നു പറഞ്ഞു ''പത്മയേടത്തി! പാത്രങ്ങൾ അങ്ങോട്ടു കൊടുത്തേക്കൂ.''

ലജ്ജയാലും അപമാനത്താലും പത്മയുടെ കണ്ണുകൾ നിറഞ്ഞു. ലോകരുടെ മുമ്പിൽ അവൾ ഇങ്ങനെ ഒരിക്കലും അപമാനിതയായിട്ടില്ല. പെട്ടെന്നു ഹാജാരിയെ കണ്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞുപോയി.

''ഇതു കണ്ടില്ലേ ഠാക്കൂർ മശായി! നിങ്ങൾ വളരെ നാൾ ഞങ്ങളുടെ ഹോട്ടലിൽ ഉണ്ടായിരുന്നല്ലോ. ഈ സാധനങ്ങളൊക്കെ എൻേറതല്ലേ? നിങ്ങൾ പറയൂ, ഈ തൊട്ടികൾ ആരുടേതാണ്?''

ഹാജാരി സാന്ത്വന സ്വരത്തിൽ പറഞ്ഞു ''ഇങ്ങനെ കരയാതിരിക്കൂ പത്മയേടത്തി! ഇതു കോടതിക്കാര്യമാണ്. പാത്രങ്ങൾ അകത്തു കൊണ്ടുപോയി വെക്കൂ. ഞാൻ നോക്കട്ടെ, അതിനുശേഷം എന്താണു ചെയ്യാൻ കഴിയുകയെന്ന്.''

അപ്പോൾ വിശേഷിച്ചൊന്നും ചെയ്യാനുണ്ടായിരുന്നില്ല. സംശയമില്ല. അയാൾ ആമിനോടു ചോദിച്ചു ''എന്തു ചെയ്താലാണ് ഈ ഹോട്ടൽ രക്ഷപ്പെടുത്താൻ കഴിയുക?''

''പണം കൊടുത്തുതീർത്താൽ. സംഗതി വളരെ ലളിതമാണല്ലോ. എഴുനൂറ്റിയമ്പതു രൂപയ്ക്കാണ് അന്യായം. ഇനിയും ഡിക്രി ആയിട്ടില്ല. വിധി പറയുംമുമ്പ് സ്വത്തു സീൽ വെച്ചില്ലെങ്കിൽ കടപ്പെട്ടവൻ ഉള്ള നേരം നോക്കി സാധനങ്ങൾ കൈമാറിയേക്കും അതാണു സീലുവെക്കുന്നത്.''

കോടതിശിപായികൾ അവരുടെ പണി മുഴുവനാക്കി തിരിച്ചു പോയി ബേചുചക്കത്തിയെ ഒരിടത്തേക്കു മാറ്റി നിർത്തി ഹാജാരി പറഞ്ഞു ''എൻെറ ഒപ്പം യജമാനൻ സ്റ്റേഷനിലേക്കു വരൂ. ചിലതു പറയാനുണ്ട്.''

റെയിൽവേ ഹോട്ടലിലെ സ്വന്തം മുറിയിൽ ബേചുചക്കത്തിയെ ഇരുത്തിയിട്ടു ഹാജാരി പറഞ്ഞു ''യജമാനനെ, കുറച്ചു ചായ കൊണ്ടുവരാൻ പറയട്ടെ?''

ബേചുചക്കത്തിക്കു മനസ്സിനു തീരെ സമാധാനമുണ്ടായിരുന്നില്ല. ചായ

കുടിക്കാൻ ഒട്ടുംതന്നെ ഉത്സാഹം തോന്നിയില്ല. ഹാജാരി നിർബന്ധിച്ചു. ചായ കുടിയൊക്കെ കഴിഞ്ഞപ്പോൾ ബേചു പറഞ്ഞു "നിങ്ങൾ ഏഴെട്ടു കൊല്ലം എൻെറ കൂടെ ഉണ്ടായിരുന്നവനാണല്ലോ?, ഹാജാരി! എല്ലാം നിങ്ങൾക്കറിയാമല്ലോ. ഹോട്ടലെന്നുവെച്ചാൽ എനിക്കു പ്രാണനായിരുന്നു. ഇരുപത്തിരണ്ടു കൊല്ലമായി തുടർന്നു വരുന്ന തൊഴിൽ. ഇനി എന്തു ചെയ്യും, എവിടെ പോകും? പൈതൃകമായിക്കിട്ടിയ സ്വത്തും നിലവും ഒന്നും ഇന്നില്ല. ഈ ഹോട്ടൽതന്നെയായിരുന്നു സർവസ്വവും, വളരെ വിഷമം തോന്നുന്നു. ഈ വയസ്സുകാലത്ത് എവിടെ ചെന്നുനിക്കും? എങ്ങനെ നാളുകൾ കഴിക്കും?"

"എങ്ങനെയാണ് ഇങ്ങിനെയൊരവസ്ഥ വന്നത് യജമാനനേ! എങ്ങനെ ഈ കടം വന്നു?"

"വരവും ചിലവും തമ്മിൽ പൊരുത്തപ്പെട്ടിരുന്നില്ല ഹാജാരി! രണ്ടു തവണ പാത്രങ്ങൾ മോഷണംപോയി. ചെറിയ ഹോട്ടൽ. അടി സഹിക്കാനുള്ള ത്രാണി വേണ്ടേ അതിന്? അവശനായിപ്പോയി. പറ്റുകാർ കുറഞ്ഞുവന്നു. വീട്ടുവാടക കുടിശ്ശികയായി. ഇങ്ങനെ പല കച്ചധകളും-"

ഹാജാരി ബേചുചക്കത്തിക്കു കുഴലിൽ പുക നിറച്ചു കൊടുത്തിട്ടു പറഞ്ഞു "യജമാനനേ, ഒരു കാര്യം, പറയട്ടേ, നിങ്ങൾ എൻെറ പഴയ മുതലാളൻ എൻെറ കയ്യിൽ പണമുണ്ടായിരുന്നെങ്കിൽ ഞാൻ ഇന്നുതന്നെ സീൽ തുറപ്പിക്കുമായിരുന്നു. എന്നാൽ മകളുടെ കല്യാണത്തിനു കയ്യിലുണ്ടായിരുന്ന പണമൊക്കെ ചിലവായിപ്പോയി. ഇനി വേണ്ടത്ര പണം കൈവശമില്ല. അതാണു പറയുന്നത്-ഞാൻ ബോംബേയിൽനിന്നു മടങ്ങിവരുന്നതുവരെ യജമാനൻ ബജാറിലുള്ള എൻെറ ഹോട്ടലിൽ മാനേജരായിട്ടിരിക്കൂ. ഇരുപത്തിയഞ്ചു രൂപ മാസച്ചിലവിന്നു തരാം (ഹാജാരിക്കു ശമ്പളം എന്ന വാക്കു പറയാൻ മടിതോന്നി) മറ്റെല്ലാ ചിലവുകളും പുറമേ. പത്മയേടത്തിയും അവിടെ വന്നു നിൽക്കട്ടെ. ശമ്പളം കൊടുക്കാം. എന്താണഭിപ്രായം?"

ബേചുചക്കത്തിക്ക് ഇത് ഉറങ്ങാതെ കാണുന്ന സ്വപ്നമായിരുന്നു. ഇതു തീരെ പ്രത്യാശിച്ചിരുന്നതല്ല. റെയിൽ ബസാറിലെ ഇത്രയേറെ വില്പന നടക്കുന്ന ഹോട്ടലിൽ താൻ മാനേജരാവുകയോ? വേലക്കാരി പത്മയും ഈ വാർത്ത ബേചുചക്കത്തി പറഞ്ഞിട്ടാണ് അറിഞ്ഞതെന്നു തോന്നുന്നു. അന്നു വൈകിയിട്ട് അവൾ കുസുമത്തിൻെറ വീട്ടിൽ ചെന്നു. കുസുമത്തിന് ഇതിൽ ആശ്ചര്യപ്പെടാതിരിക്കാൻ കഴിഞ്ഞില്ല. മുമ്പ് ഒറ്റ ദിവസംപോലും ആ വീട്ടിലേക്കു തിരിഞ്ഞു നോക്കിയിട്ടില്ല.

"വരൂ പത്മയേടത്തി, വരൂ! എൻെറ പരമഭാഗ്യം! ഈ പലകയിലിരിക്കൂ. മുറുക്കൂ, വെറ്റില തേച്ചു കൊണ്ടുവരാം."

പത്മ മുറുക്കികൊണ്ടു വളരെ നേരമിരുന്നു നാട്ടു വർത്തമാനങ്ങൾ പറഞ്ഞു. കുസുമവും തൻെറ ഒരു യജമാനത്തിയാണെന്ന് പത്മ ധരിച്ചുകഴിഞ്ഞിരുന്നു. ഇവരെയൊക്കെ തൃപ്തിപ്പെടുത്തിയാലല്ലേ ജോലി പോകാതി

രിക്കുള്ളു? ജോലി വളരെ ദിവസമൊന്നും ചെയ്യേണ്ടിവരില്ല എന്നുതന്നെയാണ് അവളുടെ വിശ്വാസം. വീണ്ടും പഴയപടി ഒരു ഹോട്ടൽ തുടങ്ങണമെന്ന് അവൾ വിചാരിക്കുന്നുണ്ട്. അതുവരെ ആപത്തു കാലത്തേക്ക് ഒരാശ്രയം കൂടാതെ കഴിയില്ലല്ലോ.

അടുത്ത ദിവസംതന്നെ പത്മ ഹോട്ടൽ പണിയിൽ പ്രവേശിച്ചു. പണപ്പെട്ടിക്കടുത്ത് ബേചുചക്കത്തി. ഇവർ രണ്ടുപേരും വിശ്വസിക്കാൻ കൊള്ളാവുന്നവരല്ലെന്ന് ഹാജാരിക്കറിയാം. അതിനാൽ കാഷ് നരേനിൻെറ കയ്യിലിരിക്കും, ബേചുചക്കത്തി മേൽനോട്ടം മാത്രം വഹിക്കുമെന്നാണു വ്യവസ്ഥ.

ഹാജാരിക്ക് താൻ വീണ്ടും പഴയ ഹോട്ടലിലെത്തിയപോലെ തോന്നി. ബേചു തൻെറ മേലധികാരി, പത്മ കൊച്ചു മേലധികാരി.

പത്മ രാവിലെ വന്നു ചോദിച്ചു ''ഠാക്കൂർ മശായി, രാവിലത്തേക്ക് 'ഇലിശ്' മീൻ വേണോ അതോ 'പോന' മതിയോ?' അപ്പോൾ ഹാജാരി പഴയ ശീലമനുസരിച്ച് താഴ്മയോടെ പറഞ്ഞു ''ഏതാണിഷ്ടമെന്നുവെച്ചാൽ അതാവട്ടെ പത്മയേടത്തി! ചീഞ്ഞതല്ലെങ്കിൽ 'ഇലിശ്' തന്നെയാവട്ടെ.''

ബേചുചക്കത്തി നല്ല ബിസിനസ്സുകാരൻ.അതിനുംപുറമേ ഹോട്ടൽ കാര്യങ്ങളിൽ ഹാജാരിയെക്കാൾ പരിചയസമ്പന്നൻ. അയാൾ ഹാജാരിയെ വിളിച്ചു പറഞ്ഞു ''ഹാജാരി, നിങ്ങളുടെ ഹോട്ടലിൽ ഫസ്റ്റും സെക്കൻറും ക്ലാസ്സുകൾ തമ്മിൽ നാലു പൈസയുടെ വ്യത്യാസമാണു വെച്ചിരിക്കുന്നത്. എനിക്കത്ര ശരിയായി തോന്നുന്നില്ല. ഇതുകാരണം സെക്കൻറ് ക്ലാസ്സിൽ ഊണുകാർ അധികമില്ല. എല്ലാവരും ഫസ്റ്റ് ക്ലാസിലേക്കു വരുന്നു. അതിനു വരുന്ന ചിലവു നോക്കുമ്പോൾ ലാഭത്തിനു വകയില്ല എന്നു കാണുന്നു. കഴിഞ്ഞ മാസത്തെ ചിലവു ഞാൻ നോക്കി. നരേൻ ചെറുപ്പക്കാരൻെറ കണക്കിനെപ്പറ്റി അത്രക്കൊക്കെയല്ലേ നിശ്ചയമുണ്ടാവാൻ വഴിയുള്ളു?''

ഹാജാരിക്കു പറഞ്ഞതിൽ സത്യമുണ്ടെന്നു തോന്നി. ''എന്താണ് യജമാനൻ അഭിപ്രായപ്പെടുന്നത്?''

''എൻെറയഭിപ്രായത്തിൽ ഫസ്റ്റ് ക്ലാസ്സ് ഒന്നുകൂടി ഉയർത്തണം. എൻെറ ഹോട്ടലിൽ ഉണ്ടായിരുന്നപോലെ രണ്ടണ വ്യത്യാസം വെച്ചാലുംമതി. ശീതകാലത്തു സാധനങ്ങൾക്കു വളരെ വിലക്കുറവുണ്ടാകുന്നതിനാൽ അന്നുകിട്ടുന്ന ലാഭം വർഷകാലത്തു ഫസ്റ്റ് ക്ലാസ്സുകാർക്കു പതിവുപോലുള്ള ഭക്ഷണം കൊടുത്താലും കുറച്ചു ബാക്കിയുണ്ടാവണം-ആ വിധത്തിലാവണം വ്യവസ്ഥ, മനസ്സിലായോ?''

''അങ്ങനെതന്നെ ചെയ്യു യജമാനനേ! യജമാനൻ ഉചിതമെന്നു കരുതുന്നതു ചെയ്യാം. എനിക്ക് ഇതിലൊക്കെ അത്ര പരിചയമുണ്ടോ?''

ഹാജാരിയുടെ പെരുമാറ്റത്തിൽ ബേചുവിന്നു സംതൃപ്തിയാണുള്ളത്. ശരിക്കും പഴയപോലെതന്നെ വിനയത്തോടെയുള്ള സംസാരം. താൻ തന്നെയാണു യജമാനൻ. ഹാജാരി തൻെറ വേലക്കാരൻ ആണെന്നു തോന്നും. പത്മയും ബേചുവും രണ്ടുപേരും ഉറച്ചു വിശ്വസിക്കുന്നത്, ഹാജാ

[illegible]ക്കു കൈവന്നനേട്ടം ഭാഗ്യത്തിൻെറ വിളയാട്ടം മാത്രമാണ്; അയാൾക്കു ബു[illegible] വിവേകമോ ഒന്നുംതന്നെയില്ല എന്നാണ്. എന്നാൽ ബുദ്ധിയുണ്ടെങ്കിലും ഇല്ലെങ്കിലും-എല്ലാവർക്കുമുള്ള ഒന്നല്ലല്ലോ ബുദ്ധി-വ്യക്തിയെന്ന നിലക്കു ഹാജാരി നല്ലവനാണ്.

ഹാജാരി രാവിലെ എഴുന്നേറ്റ് ഒരു കുടുക്ക കഞ്ചാവ് ഒരുക്കുകയായിരുന്നു. ഈ സമയത്ത് എഴുന്നേറ്റ് ആരും കാണാതെ കഞ്ചാവു വലിക്കുക പതിവാണ്. ഹോട്ടലിൽ ഈയിടെ അതിനു സൗകര്യമില്ല. ആ സമയം അതസിമുറിയിലേക്കു കടന്നു വരുന്നതു കണ്ട് അയാൾ സംഭ്രമത്തോടെ കുടുക്കയും മരുന്നും ഒളിപ്പിച്ചു വെച്ചു.

അയാൾ അതസിയുടെ മുഖത്തേക്കു നോക്കി ചോദിച്ചു "എന്താണു മോളേ!"

"അമ്മാവൻ എന്നാണു ബോംബേക്ക്?"

"വരുന്ന ചൊവ്വാഴ്ച. നാലു ദിവസം ബാക്കി."

"എനിക്കു വലിയൊരാഗ്രഹം. അമ്മാവനെ ഏസോശോലയിലേക്കു കൂട്ടികൊണ്ടു പോകണം, ഇനിയും ഞങ്ങളുടെ സിറ്റിങ്ങ് റൂമിലിരുത്തി അമ്മാവനും അച്ഛനും ചായ പകർന്നു തരണം. വരുമോ അമ്മാവൻ?"

ഹാജാരിയുടെ കണ്ണുകൾ നിറഞ്ഞു. എത്ര നിസ്സാരമായ ആഗ്രഹം. പെൺകുട്ടികളുടെ ഈവിധത്തിലുള്ള അതിസാധാരണങ്ങളായ ആശകളും ആകാംക്ഷകളും എല്ലായ്പോഴും സഫലമാകാറുണ്ടോ? എങ്ങനെ തനിക്കിപ്പോൾ ഏസോശോലയിൽ പോകാൻ കഴിയും. കുട്ടികൾ ഉള്ളിൽ തോന്നുന്നത് ഉടനങ്ങോട്ടു പറയുന്നശീലം!

അയാൾ പറഞ്ഞു "മോളേ, പറ്റുമെന്നു തോന്നുന്നില്ല. എത്രയെത്ര പണികളാണിവിടെ ചെയ്തുതീർത്തിട്ടു പോകേണ്ടതുള്ളതെന്നു നിനക്കറിയില്ല. നരേൻ ചെറുപ്പക്കാരൻ-അയാളെ എല്ലാം പറഞ്ഞു ധരിപ്പിച്ചില്ലെങ്കിൽ-"

"ഇന്നെൻെറ കൂടെ വരൂ. രണ്ടുപേർക്കുംകൂടി കാളവണ്ടിയിലിരുന്നു പോകാം. നാളെ വൈകിട്ടു തിരിച്ചു പോരാം. അതുമല്ല, ടേംപിക്കുമുണ്ടു നാട്ടിൽ പോയിട്ടു വരാൻ കൊതി. പോകാം അമ്മാവാ!"

"നിർബന്ധമാണെങ്കിൽ മറ്റന്നാൾ രാവിലെ വന്ന് വൈകുന്നേരം തന്നെ തിരിച്ചു പോരാമെന്നു വെക്കുക. അവിടെ താമസിക്കാൻ തീരെ നിവൃത്തിയില്ല. കാരണം പിറ്റേന്നാൾതന്നെ പുറപ്പെടണം. ബോംബേക്കുള്ള മെയിൽ, രാത്രി എട്ടു മണിക്കു വിടുമെന്നു പറഞ്ഞിരിക്കുന്നു."

വൈകുന്നേരം ചൂർണ്ണിക്കരയിലെ വേപ്പിൻ ചുവട്ടിൽ ചെന്നിരുന്നു. അടുത്തുള്ള പാണ്ടികശാലയിൽ ഹിന്ദുസ്ഥാനി കൂലിക്കാർ പതിവുപോലെ ശുദ്ധഹിന്ദിയിൽ 'ഗസലു' കൾ (പ്രേമഗീതങ്ങൾ) പാടുന്നു. ചൂർണ്ണിയുടെ കടത്തുകടവിൽ ചന്തക്കച്ചവടത്തിനു വന്നവർ അക്കരയ്ക്കു പോകാൻ തോണി കാത്തുനിൽക്കുന്നു. എല്ലാം പഴയപടിതന്നെ.

താൻ ഇന്നും ബേചുചക്കത്തിയുടെ ഹോട്ടലിലാണോ പണിയെടു

ക്കുന്നത്? ദാസി പത്മയുടെ വായാടിത്തം സഹിച്ചുകൊണ്ട് അപ്പോൾ ് ം തീപിടിപ്പിച്ച അടുപ്പിൽനിന്നു പരക്കുന്ന പുകയുടെ നടുക്ക് കുത്തിയിരുന്ന് രാവിലത്തെ ഊണിൻെറ കണക്കു പറഞ്ഞു ധരിപ്പിക്കേണ്ടതുണ്ടോ തനിക്കി പ്പോഴും?

അതേ പത്മയോടും അതേ ബേചുവിനോടും രാവിലെ വർത്തമാനം പറയു കയുണ്ടായി. തുലാസ്സിൻെറ തട്ടു മാറിപ്പോയിരിക്കുന്നു. പഴയ ബന്ധങ്ങൾ മായാദീപ പ്രദർശനമെന്നപോലെ മറഞ്ഞുപോയിരിക്കുന്നു. ബോംബേ... ബോംബേ എത്ര അകലെയാണ്, ആരറിഞ്ഞു? ടേംപിയേയോ അതസിയേ യോ കുസുമത്തിനേയോ കൂട്ടിക്കൊണ്ടു പോയാൽ എങ്ങനെ? ഇവരിലാരെങ്കി ലും കൂടെയുണ്ടെങ്കിൽ ബിലാത്തിവരെ പോകാം ലോകത്തിലെ ഏതുദിക്കി ലും ആശങ്കയോ ഭയമോ കൂടാതെ സഞ്ചരിക്കാം.

അന്നത്തെക്കാലത്ത്, ഇന്നത്തെപ്പോലെ ഒരു ദിവസം തൻെറ ജീവി തത്തിൽ ഉണ്ടാകുമെന്ന് ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടായിരുന്നുവോ? ന രേനിനെ ആദ്യമായി കണ്ട ദിവസം മനസ്സിൽ ഉയർന്ന സുന്ദരമായ ചിത്രം- ചുകന്ന വസ്ത്രങ്ങളണിഞ്ഞ ടേംപി നരേനിൻെറ അരികിൽ നിൽക്കുന്നു, മു ഖത്തു ലജ്ജ, കണ്ണുകളിൽ അടക്കിപ്പിടിച്ച ആനന്ദത്തിൻെറ ഹാസം അന്ന് ഇതൊക്കെ വെറും ദുരാഗ്രഹമാണെന്നു തോന്നി. ഇങ്ങനെ വല്ല ദിവസവും സംഭവിക്കുമോ എന്നു വിചാരിച്ചു.

എല്ലാം ഭഗവാൻ രധാവല്ലഭൻെറ ദയ. ഇല്ലെങ്കിൽ താൻ ബോംബേക്കു പോ കുമെന്നോ, തനിക്കു നൂറ്റിയമ്പതു രൂപ ശമ്പളം കിട്ടുമെന്നോ വിചാരി ച്ചിരുന്ന താണോ?

പിറ്റേ ദിവസം പിന്നേയും അതസി വന്നു വറഞ്ഞു "ടേംപിയും വരുന്നു ണ്ടെന്നു പറഞ്ഞു. അമ്മായി താൻ നാടുവിട്ടു പോന്നിട്ടു രണ്ടുമൂന്നു കൊ ല്ലമായെന്നു പറയുന്നു. അവർക്കും വന്നാൽ കൊള്ളാമെന്നുണ്ട്. ഒന്നു പോ യിട്ടുവരാം."

വളരെ നാളുകൾക്കുശേഷം അവർ കയറിയ വണ്ടി അവരുടെ ഗ്രാമത്തി ലേക്കു കടന്നു. ഹാജാരിയുടെ വീട് നിവാ..ധയോഗ്യമല്ല. വയ്ക്കോൽ കാറ്റത്തു പറന്നുപോയി പല സ്ഥലത്തുകൂടിയും നീലാകാശം കാണാമെന്നദിക്കായി.

അതസി എല്ലാവരേയും അവളുടെ വീട്ടിലേക്കു കൂട്ടികൊണ്ടു പോകാൻ കൊണ്ടു പിടിച്ചു ശ്രമിച്ചു. എന്നാൽ ടേംപിയും അമ്മയും സമ്മതിച്ചില്ല. വള രെനാൾ മുതൽക്കുള്ളതാണ് സ്ത്രീകൾക്കു സ്വന്തം കിടപ്പാടത്തിനോ ടുള്ള ആകർഷണം. തകർന്നു കിടക്കുന്ന വീടിൻെറ മുറ്റത്തു വളർന്ന കാടു സ്വന്തം കയ്യാലേ വലിച്ചുനീക്കി ടേംപിയുടെ സഹായത്തോടെ വരാന്തയു ടേയും അടുക്കളയുടേയും മറ്റും നിലം അടിച്ചുതുടച്ച് അവർ സ്വന്തം ഗൃഹത്തിൽതന്നെ താമസമാക്കി. അമ്മ ടേംപിയോടു പറഞ്ഞു "നീ ഇവിടെ ഇരിക്കൂ. ഞാൻ കുളത്തിൽപോയി ഒന്നു മുങ്ങിയിട്ടു വരാം. കുളത്തിൽ കുളി ച്ചിട്ടെത്ര നാളായി!"

കുളക്കടവിൽ ചെന്നപ്പോൾ ആ ഭാഗത്തു താമസിക്കുന്ന രാധുചാടുജ്യേയുടെ പുത്രവധുവിനെയാണ് ആദ്യം കണ്ടത്. അവൾക്ക് പ്രായം ഏതാണ്ട് ടേംപിയുടെ അമ്മയോളം തന്നെ വരും. രണ്ടുപേരും ഉറ്റ ചങ്ങാതികൾ. ടേംപിയുടെ അമ്മയെക്കണ്ടപ്പോൾ വല്ലാതെ അത്ഭുതപ്പെട്ടുപോയി അവൾ. പാത്രം കഴുകൽ അവിടെ നിർത്തി അവൾ ഓടി അടുക്കലേക്കു ചെന്നു "ഇതാര്? ഏടത്തി! എപ്പോൾ വന്നു ഏടത്തി? ഞങ്ങളെയൊക്കെ ഇനി ഓർമ്മ വരുമോ ഏടത്തിക്ക്? എത്ര വലിയ ആളുകളായിപ്പോയി! പാവങ്ങളെ ആരുണ്ടോർക്കാൻ?"

രണ്ടുപേരും കെട്ടിപ്പിടിച്ചു കരയാൻ തുടങ്ങി.

കുറെക്കഴിഞ്ഞ് കൂട്ടുകാരിയോടൊപ്പം ടേംപിയുടെ അമ്മ വീട്ടിലേക്കു ചെന്നു. അവൾ അകത്തേക്കു കടന്നു ടേംപിയോടു ചോദിച്ചു "അറിയുമോ മോളേ!"

"ആരിത്? അമ്മായിയോ, വരൂ, വരൂ."

"വരൂ മോളേ, നെടുമംഗല്യത്തോടെ ചിരായുസ്സായിരിക്കൂ. അതല്ല, ഇതെന്തൊരു ബുദ്ധി? നീ വന്നപ്പോൾ നിൻെറ മണവാളനെ എന്തേ ഒപ്പം കൊണ്ടുവരാതിരുന്നു? അമ്പിളിയെപ്പോലുള്ള ഒരു വരനാണു നിനക്കു കിട്ടിയതെന്നു കേട്ടല്ലോ. ഈ വള ആരു തന്നു? നോക്കട്ടെ. കവരി! (കവറിങ്ങ്) ഇതിനെ എന്തു പറയും? പാശാ! (കർണ്ണഭൂഷണം) ഒന്നു കാണിക്കൂ, കാണട്ടെ! കേട്ടിട്ടു തന്നെയില്ല ഇങ്ങനെ ചില പേരുകൾ. ഇനി ഒരു കാര്യം പറയട്ടെ, തല്ക്കാലം ഇവിടെ അടുപ്പു കൂട്ടുവാൻ യാതൊരു പാകവുമില്ല. അതുകൊണ്ട് എല്ലാവരും എൻെറ കുടിലിൽ വന്ന് ഒരു നേരം എന്താണുള്ളതെന്നുവെച്ചാൽ അതു കഴിച്ചു തൃപ്തിപ്പെടണം."

ടേംപി പറഞ്ഞു "അതു പറ്റുമെന്നു തോന്നുന്നില്ല അമ്മായി! അതസിച്ചേച്ചി ഞങ്ങടെയൊപ്പം വന്നിട്ടുണ്ട്. അറിയില്ലേ? അതസിച്ചേച്ചി എല്ലാവരേയും ഉണ്ണാൻ വിളിച്ചിട്ടുണ്ട്. എല്ലാവരേയും വന്നവഴി അങ്ങോട്ടു പിടിച്ചു കൊണ്ടു പോകാൻ നോക്കിയതാണ്. അമ്മ പോയില്ല. നിങ്ങൾക്കറിയാമല്ലോ, അമ്മയുടെ ഏഴുപ്രാണനും ഈ വീടിനോടു ബന്ധിച്ചാണു കിടക്കുന്നത്. റാണാഘാടിലെ അന്തസ്സുള്ള വീട്, പൈപ്പുവെള്ളം, നല്ലൊരു നഗരം-അിവിടെ താമസിക്കുമ്പോഴും അമ്മയ്ക്ക് വീട് വീട് എന്ന വിചാരം തന്നെയായിരുന്നു. ആഹാ, വീടിൻെറ ഒരു ശ്രീ നോക്കൂ. പൊളിഞ്ഞ മേൽപ്പുര-വീടെന്നും പറയാം. തൊഴുത്തെന്നും പറയാം."

"അച്ഛൻെറ വീടിനെ നിന്ദിക്കാതെ പോ പോ! ഇന്ന് നീ വലിയ ഒരാളുടെ ഭാര്യയായെന്നുവെച്ച് ഈ പൊളിഞ്ഞ മേൽപ്പുരയുടെ തണലിലാണു വളർന്നു തൻേറടംവെച്ചത്."

നേരമ്പോക്കു പറഞ്ഞും ചിരിച്ചും ഏതാണ്ടു രണ്ടു മണിക്കൂർ കഴിഞ്ഞു. ഇവർ വന്ന വിവരമറിഞ്ഞ് ഈ ചേരിയിലും ആ ചേരിയിലും ഉള്ള പെണ്ണുങ്ങളെല്ലാം എത്തി. വരനെ കൂട്ടികൊണ്ടു വരാത്തതിൽ എല്ലാവർക്കുമുണ്ട്

പരിഭവം.

ടേംപിയുടെ അമ്മ പറഞ്ഞു "വരനു വരാൻ സൗകര്യമില്ല. തീവണ്ടിയാപ്പീസിലെ ഹോട്ടലിൻെറ മേൽനോട്ടം വേണം. ഒരു ദിവസം ഇല്ലാതെ പോയാൽ ഒക്കെ മോഷണം പോവും. നിവൃത്തിയുണ്ടെങ്കിൽ കൊണ്ടുവരാതിരിക്കുമോ കുട്ടി?"

അതസിയുടെ ദുർഭാഗ്യത്തിൻെറ വൃത്താന്തം എല്ലാവരും നേരത്തേതന്നെ അറിഞ്ഞിരുന്നു. ഗ്രാമത്തിലുള്ളവർക്കെല്ലാം തോന്നി ഇതിൽ അപാരമായ ദുഃഖം. ദേവീതുല്യയായ പെൺകുട്ടിയാണവൾ എന്നാണ് എല്ലാവരുടേയും ഏകകണ്ഠമായ അഭിപ്രായം. അവൾക്കാണ് ഇങ്ങിനെയൊരു തലയിലെഴുത്ത്. പ്രായമാണെങ്കിൽ അത്രക്കൊക്കെ ആയോ?

സന്ധ്യയാകാൻ അധികം സമയമില്ല. ഹാജാരി സിറ്റിങ്ങ്റൂമിലിരുന്നു അതസിയുടെ അച്ഛനോടു വർത്തമാനം പറയുന്നു. ഹരിചരണബാബു മകളുടെ അകാലവൈധവ്യത്തിൽ എന്തെന്നില്ലാതെ ദുഃഖിക്കുന്നു. ഈ രണ്ടു മൂന്നു കൊല്ലങ്ങൾക്കിടയിൽ അയാൾക്ക് പത്തു വയസ്സ് അധികമായിട്ടുണ്ടെന്ന് ഹാജാരിക്കു തോന്നി. എങ്കിലും മകളെ കണ്ടപ്പോൾ അയാൾക്ക് അല്പം സമാധാനം തോന്നി.

ഹരിചരണബാബു പറഞ്ഞു "നോക്കൂ, എനിക്കും നിങ്ങൾക്കും പ്രായത്തിൽ വലിയ വ്യത്യാസം കാണില്ല. നിങ്ങൾക്ക് അമ്പതു തികയാൻ അഞ്ചോ ആറോ മാസം കൂടി വേണ്ടിവരുമായിരിക്കും. എന്നാൽ നിങ്ങളുടെ ജീവിതത്തിൽ ഉദ്യമമുണ്ട്, ആശയുണ്ട്, പ്രതീക്ഷകളുണ്ട്. നിങ്ങൾ ഇന്നും മനസ്സുകൊണ്ടു യുവാവാകുന്നു. പ്രവർത്തിക്കാൻ നിങ്ങൾക്കു നല്ല കെൽപുണ്ട്. ഈ പ്രായത്തിൽ ബോംബേക്കു പോകുന്നുവെന്നു കേട്ടിട്ടു കണ്ണുകടി തോന്നുന്നു ഹാജാരി! നിങ്ങളെപ്പോലുള്ള ബംഗാളികൾ ഉണർന്നാൽ ഉറക്കംകൊള്ളുന്ന ഒരു ജനത മുഴുവൻ ഉണരും. ഇവർ മുപ്പത്തിയഞ്ചു വയസ്സാകുമ്പോഴേക്ക് കഴുത്തിൽ തുളസിമാലയിട്ട് പരലോകയാത്രക്കു വട്ടം കൂട്ടുവാൻ തുടങ്ങുന്നു. കണ്ടില്ലേ ഗ്രാമത്തിൻെറയൊരു ഗതികേട്! ഇഹലോകത്തെ തിരിഞ്ഞുനോക്കാതെ, അവഗണിച്ച്, ആസ്വദിക്കാതിരുന്നാൽ നിങ്ങൾക്കു പരലോകത്തെന്തു പിണ്ണാക്കാണു കിട്ടുവാൻ പോകുന്നത്, ഹേ! അവിടെയും അതേ ഭൂതത്തെ ഭയന്നു കഴിഞ്ഞുകൂടും. പരകാലത്ത് നരകത്തിലെത്തും-ആകർമ്മണ്യനും അലസനും ഭീരുവുമായവന് സ്വർഗ്ഗത്തിൽ ഭഗവാൻ സ്ഥാനം നൽകുമെന്നു വിചാരിക്കുന്നുണ്ടോ?"

ഈ സമയം പഴയ നാളുകളിലെപ്പോലെ അതസി വന്ന് അവരുടെ ടേബിളിൽ പലഹാരപ്ലേറ്റുവെച്ചിട്ടു പറഞ്ഞു "തിന്നൂ, അമ്മാവാ! അച്ഛനും തിന്നണം കുറച്ച്, സന്ധ്യയാകാൻ ഇനിയുമുണ്ട് സമയം. ഞാൻ ചായ കൊണ്ടുവരട്ടെ."

കുറച്ചു നിമിഷങ്ങൾക്കകം അതസി ചായ എടുത്തുകൊണ്ടു വന്നു. പുറകെ ടേംപി. എല്ലാം പഴയപോലെ. എന്നാൽ എന്തൊരന്തരം! അതസിയു

ടെ മുഖത്തേക്കു നോക്കുമ്പോൾ ഹാജാരിയുടെ മനസ്സു വേവുകയാണ്. എന്നാലും അച്ഛനമ്മമാരുടെ മുമ്പിൽ അവൾ വിധവാവേഷം കഴിയുന്നതും മറച്ചാണു നടക്കുന്നത്. അവരുടെ മുമ്പിൽ വിധവാവേഷത്തിൽ നടക്ക വയ്യ. അതുകൊണ്ടു പാപമുണ്ടാവുകയാണെങ്കിൽ ഉണ്ടാകട്ടെ.

ഹരിചരണബാബു, സന്ധ്യാവന്ദനത്തിന് അകത്തേക്കു പോയി. അതസിയെ നോക്കി ഹാജാരി പറഞ്ഞു "നിന്റെ മോഹംപോലെയായല്ലേ മോളേ!"

"നിശ്ചയമായും. ടേംപിയെന്തു പറയുന്നു? വളരെ നാളായി നാട്ടിൽ ഒന്നു പോയി വരണമെന്ന് ആശ തുടങ്ങിയിട്ട്. പക്ഷേ അവിടെ ടേംപിയില്ല, അമ്മാവനില്ല, ആരുണ്ട് വല്ലതും രണ്ടു വർത്തമാനം പറയണമെന്നുണ്ടെങ്കിൽ?"

"നാളെ എന്റെയൊപ്പം റാണാഘാടിലേക്ക് മകളും വരണംട്ടോ"

"അതു കൊള്ളാം അതു ഞാൻ അച്ഛനോടും അമ്മയോടും നേരത്തേ പറഞ്ഞുവെച്ചിട്ടില്ല എന്നാണോ വിചാരം. അമ്മാവനെ യാത്രയാക്കാൻ വന്നില്ലെങ്കിലോ? ടേംപി കുറെനാൾ ഇവിടെ എന്റെയടുക്കൽ തന്നെ താമസിക്കട്ടെ അമ്മാവാ! സമ്മതമാണെങ്കിൽ അമ്മാവനെ വണ്ടിയിൽക്കയറ്റിയയച്ച് തിരിച്ചു പോരുമ്പോൾ ഒപ്പം പോരാമല്ലോ രണ്ടുപേർക്കും. നരേൻബാബു ഇടയ്ക്കിടക്ക് ഇങ്ങോട്ടു വന്നോട്ടെ."

നരേനിന്റെ കാര്യം പറഞ്ഞപ്പോൾ ടേംപി അച്ഛനെക്കാട്ടാതെ നല്ലൊരു 'പിച്ച്' അതസിക്കു വെച്ചുകൊടുത്തു.

"അമ്മാവൻ പൂജക്കാലത്തു വരണം ട്ടോ. ഇത്തവണ ഞങ്ങൾ വലിയ വിഗ്രഹം (ദുർഗ്ഗയുടെ) ഉണ്ടാക്കി പൂജ ഗംഭീരമാക്കും."

"പൂജയ്ക്ക് ഇനിയും എത്രയോ ദിവസങ്ങൾ കിടക്കണു. സാധിച്ചാൽ വരാതിരിക്കില്ല. നീ തന്നെ ഉത്സാഹിക്കുന്ന സ്ഥിതിക്കു വരാൻ നിവൃത്തിയുള്ളതും നോക്കും."

ടേംപി പറഞ്ഞു "വരാതിരിക്കരുത്. അച്ഛാ! അമ്മയും അതുതന്നെയാണു പറയുന്നത് - ഇത്തവണ പ്രതിമ നിർമ്മിച്ച് ആശ്വിന പൂർണ്ണിമക്ക് ലക്ഷ്മീ പൂജ നടത്തണമത്രേ. പൂജയ്ക്ക് ഇനിയുമുണ്ട് മൂന്നുനാലു മാസം. അച്ഛൻ അവധിയെടുത്തു വരണം."

രാധുമുഖുയ്യേയുടെ പുത്രവധു വിടാതെ കൂടിയിരിക്കയാണ്. രാത്രി അവളുടെ വീട്ടിൽ വേണം അത്താഴം. ടേംപിയുടെ അമ്മ സന്ധ്യക്കുതന്നെ അവിടെചെന്നു കൂടിയിരിക്കയാണ്-നാടൻ മത്തൻ, വാഴക്കായ മുതലായവ നുറുക്കാൻ സഹായിച്ചുകൊണ്ടങ്ങനെ. അവൾ വലിയ നാട്യക്കാരിയല്ലാത്ത ഗ്രാമീണ സ്ത്രീയാണ്. നഗര ജീവിതത്തെക്കാൾ നാട്ടിൻപുറത്തെ ഇതുപോലുള്ള ജീവിതമാണ് അവൾക്കിഷ്ടം. അവൾ പറഞ്ഞു "എന്റെ തോഴി, ഈ നഗരത്തിലും മറ്റും എനിക്കു പിടിക്കില്ല. ദാ നോക്കൂ, ഇത്രയും പോന്ന ഒരു കഷണം മത്തങ്ങക്കഷണത്തിന് അവിടെ ഒരു പൈസ! ഒരു

പൈസക്ക് ഇത്ര ചെറിയ ഒരു കഷണം വിൽക്കുന്നവൻെറ വിരൽ മുറിഞ്ഞു പോകുമല്ലോ ഇങ്ങനെ മുറിക്കണമെങ്കിൽ. ഞാൻ വിചാരിക്കണതെന്താണെന്നു കേൾക്കണോ? അദ്ദേഹം പോയിക്കഴിഞ്ഞാൽ മൂന്നുനാലു ദിവസത്തിനകം ഇങ്ങോട്ടു പോരിക-പിന്നെ പൂജ കഴിയുംവരെ ഇവിടെത്തന്നെ. മകളും ജാമാതാവും റാണാഘാടിലെ വീട്ടിൽ താമസിച്ച് എല്ലാം നോക്കിയെടുക്കട്ടെ, അവരുടെതന്നെ മുതൽ. എനിക്ക് അവിടം പറ്റില്ല."

ഹാജാരിയോട് ഈ വിവരം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു "നിൻെറ ഇഷ്ടംപോലെ ചെയ്യൂ. പക്ഷേ അതിനുമുമ്പ് വീടൊന്നു നന്നാക്കണം. വീടുചോർന്നൊലിച്ചാൽ എവിടെ താമസിക്കും?"

ടേംപിയുടെ അമ്മ പറഞ്ഞു "അതേപ്പറ്റി വിചാരം വേണ്ട. ഞാൻ അതസിയുടെയോ മുഖുയ്യേമാരുടെയോ വീട്ടിൽ താമസിച്ചുകൊണ്ട് പുര നന്നാക്കിച്ചെടുക്കും. അതിനുവേണ്ട പണം ഇങ്ങോട്ടു തന്നാൽമതി-പറഞ്ഞേക്കൂ ജാമാതാവിനോട്."

അത്താഴത്തിനു കേമമായി ഒരുക്കുകൂട്ടിയിരുന്നു-കിച്ചഡി, മെഴുക്കുപുരട്ടി, മീൻ, മൊട്ട, കൊണ്ടാട്ടം, കട്ടതയിർ, മാങ്ങ, സന്ദേശ്. അതസിയേയും ക്ഷണിച്ചതായിരുന്നു ഉണ്ണാൻ. അവൾ വന്നില്ല. ടേംപി അതസിയെ വിളിക്കാൻ ചെന്നു. അതസി പറഞ്ഞു "തല വല്ലാതെ വേദനിക്കുന്നു. വരാൻ തീരെ നിവൃത്തിയില്ല."

വെളുപ്പാൻ കാലത്ത് രണ്ടു കാളവണ്ടികളിൽ എല്ലാവരും വീണ്ടും റാണാഘാടിലെത്തി. ഉച്ചക്കുശേഷം ഹാജാരി ഒന്നു കിടന്നു മയങ്ങി. രാത്രിമുഴുവൻ വണ്ടിയിലിരിക്കണം. ഇത്ര ദൂരം ട്രയിനിൽ യാത്ര ചെയ്തിട്ടില്ല അയാൾ. ഉറക്കം വരില്ല, വണ്ടിയിൽ ഇരുന്നാൽ. പുറപ്പെട്ട സമയം ടേംപിയും അമ്മയും കരയാൻ തുടങ്ങി. കുസുമവും ഒപ്പംകൂടി.

അതസി എല്ലാവരേയും സമാധാനിപ്പിക്കാൻ പുറപ്പെട്ടു "ഛീ! ഈ സമയത്താരും കരയാറില്ല. എന്താണിത് ടേംപീടമ്മേ! വിദേശത്തേക്കു നല്ലൊരു കാര്യത്തിനു പോകയല്ലേ? ഛീ! ഛീ! ടേംപി, ഇങ്ങിനെ കണ്ണുനീർ ഒഴുക്കാതിരിക്കൂ, സഖീ!"

ഹാജാരി വീട്ടിൽനിന്നു പുറത്തേക്കിറങ്ങി. മുൻപിൽതന്നെ പത്മ.

പത്മ ചോദിച്ചു "ഇന്ന് ഈ വണ്ടിക്കുതന്നെ പുറപ്പെടുകയാണല്ലേ ഠാക്കൂർ മശായി!"

"അതേ പത്മയേടത്തി! രാവിലത്തെ നേരം എത്ര ഊണുകാർ?"

"നാല്പതിലേറെ-മിക്കവരും സെക്കൻറ് ക്ലാസ്സുകാർ."

"ഇലിശ് മീൻ വാങ്ങികൊണ്ടു വന്നില്ലേ?"

പത്മ ചിരിച്ചുകൊണ്ടു പറഞ്ഞു "ദൈവമേ! അതു ചോദിക്കാനുണ്ടോ? മാർക്കറ്റിൽ കിട്ടുന്നിടത്തോളം കാലം ഇലിശ് മീൻ വാങ്ങണമെന്നാണ് നിയമം വെച്ചിരിക്കുന്നത്. ആഷാഢംതൊട്ട് ആശ്വിനംവരെ കണ്ടിട്ടുള്ളതല്ലേ, ആ ഹോട്ടലിൽ?"

"അതെ, അതുകൊണ്ട് എനിക്ക് നിങ്ങളെ ഒന്നുംതന്നെ പറഞ്ഞു പഠിപ്പിക്കേണ്ടതായിട്ടില്ല. നിങ്ങൾ നല്ല തഴക്കം വന്ന ആൾ. നല്ലപോലെ നോക്കിക്കോളൂ പത്മയേടത്തി. നിങ്ങളുടെ സ്വന്തം ഹോട്ടലാണെന്നു വിചാരിച്ചാൽ മതി."

പത്മ അപ്രതീക്ഷിതമായ ഒരു കാര്യം ചെയ്തു. പെട്ടെന്നു താണുകുമ്പിട്ടു പറഞ്ഞു "നിൽക്കൂ, ഠാക്കൂർ മശായി! ലേശം കാൽപൊടിയെടുക്കട്ടെ."

ഹാജാരി അത്ഭുതസ്തബ്ധനായി. കണ്ണിനെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്താണീ സംഭവിച്ചത്! പത്മ കാൽക്കൽ സാഷ്ടംഗം നമസ്കാരം ചെയ്ത് കാൽപൊടിയെടുത്തു തലയിൽ വെക്കുന്നു. ഇങ്ങനെയൊന്ന് സങ്കല്പിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. ഇനി എന്തൊരു ഭാഗ്യമാണ് കിട്ടാൻ ബാക്കിയുള്ളത്, ഈ ജീവിതത്തിൽ?

വണ്ടിയിൽക്കയറ്റി യാത്രയാക്കാൻ രണ്ടു ഹോട്ടലിലേയും മിക്കവാറും എല്ലാ വേലക്കാരും ചെന്നു. അവരെക്കൂടാതെ അതസി, ടേംപി, നരേൻ പുറമേയുള്ളവരിൽ യദുബാഡുയ്യേ. യദുബാഡുയ്യേക്കു ഹാജാരിയെ ഈയിടെ വലിയ ബഹുമാനമായിരിക്കയാണ്. ഹോട്ടൽ ഇടപാടിൽ ഹാജാരി ഇനിയും വളരെയധികം ഉന്നതി പ്രാപിക്കും, ഇതു തുടക്കമേ ആയുള്ളൂ എന്നത്രേ യദുവിൻെറ ധാരണ.

അതസി കാൽതൊട്ടു തലയിൽ വെച്ചിട്ടു പറഞ്ഞു "പൂജയ്ക്കു വരൂ, അമ്മാവാ! ക്ഷണിച്ചിരിക്കുന്നു. മറക്കണ്ട."

ടേംപി കണ്ണുനീർ തുടച്ചുകൊണ്ടു പറഞ്ഞു "ഭക്ഷണം മുകൾതട്ടിൽനിന്ന് താഴെയെടുത്തു വെച്ചോളൂ അച്ഛാ! ഇല്ലെങ്കിൽ മറക്കും. ഒന്നും ഓർമ്മയിൽ നിൽക്കില്ല, അച്ഛന്. ഇന്നു രാത്രിതന്നെ ഭക്ഷിക്കണം, മറക്കണ്ട. നാളെക്കു പഴകും. വഴിക്കു വളിച്ചുപുളിച്ച സാധനങ്ങളൊന്നും വാങ്ങിത്തിന്നരുത്- സൂക്ഷിക്കണം. മറക്ക്വോ? അവിടെച്ചെന്ന ഉടൻ അച്ഛൻ കത്തയക്കണം. അതു കിട്ടിയാലുടൻ രാധാവല്ലഭത്തേവർക്ക് വഴിപാടു കഴിക്കാമെന്ന് അമ്മ നേർന്നിരിക്കയാണ്."

ഓടുന്ന വണ്ടിയുടെ ജനാലക്കരികിൽ ഇരുന്ന ഹാജാരിക്ക് പത്മ തൻെറ കാൽകളിൽ കുമ്പിട്ട ഒരേ ഒരു കാര്യമേ മനസ്സിൽ തോന്നിയിരുന്നുള്ളൂ. ഈ ഒരു സൗഭാഗ്യം ഹാജാരിയുടെ എല്ലാ സൗഭാഗ്യങ്ങളേയും പിറകിലാക്കിയിരിക്കുന്നു.

അതേ പത്മയേടത്തി!

ഭഗവാൻ രാധാവല്ലഭമൂർത്തി! നീ സദാ ഉണർന്നിരിക്കുന്ന ഈശ്വരനാണ്. നിൻെറ കാൽക്കൽ കോടി കോടി നമസ്കാരം. നീ തന്നെയേയുള്ളൂ തുണക്ക്. മറ്റാരുമില്ല.

ഉണ്ടെങ്കിൽതന്നെ അറിയില്ല, ഞാൻ.

* * *

printed at JJ Offset Printers, Printing Press Area, Wazirpur, Delhi-110035